ഭാഷാനൈഷധചമ്പു

Bhashanaishadha Champu

By

Mazhamangalam

Edited By

K. VASUDEVAN MOSSED

First Impression—1000 Copies.
August, 1957.

Publishers:
THE MANGALODAYAM PRIVATE LTD.,
TRICHUR.

PRICE: RS. 3

ഭാഷാനൈഷധചമ്പു

മഴമംഗലം

വ്യാഖ്യാതാവ്:

കെ. വാസുദേവൻ മൂസ്സത്

പ്രസാധകന്മാർ:

മംഗളോദയം പ്രൈവററ് ലിമിറ്റഡ്,

തൃശ്ശിവപേരൂർ.

[1957/1132] [വില: 8 ക.

ഒന്നാംപതിപ്പ്:
കോപ്പി 1000

തൃശ്ശിവപേരൂർ
ഗീതാ പ്രസ്സിൽ അച്ചടിച്ചതു്.

കവ
കൃഷ്ണാ &
തൃശ്ശൂ

അവതാരിക

മണിപ്രവാളത്തിന്റെ ഉത്ഭവം

'ദ്രാവിഡഹിമഗിരിഗളിത'യായ 'കേരളഭാഷാഗംഗ', വളരെ കാലം തനിയേ പ്രവഹിച്ചതിന്നുശേഷം, 'സംസ്കൃതഭാഷാകളിന്ദജ'യോടു മിളിതയായി മണിപ്രവാളം എന്നൊരു പുതിയ പ്രസ്ഥാനത്തിൽ എത്തിച്ചേർന്നു. ഭാഷാപദങ്ങളും സംസ്കൃതപദങ്ങളും ക്ഷീരനീരന്യായേന കൂടിക്കലർന്ന്, വേർതിരിച്ചറിവാൻ വയ്യാത്ത വിധത്തിൽ, ഭംഗിയായി മിന്നിത്തിളങ്ങുന്ന ഒരുതരം കവിതയാണ് മണിപ്രവാളം. മണിപ്രവാളം ആരംഭിക്കുന്നതുവരെ മലയാളഭാഷ ദ്രാവിഡഭാഷയുടെ സമ്പ്രദായത്തെ എല്ലാംകൊണ്ടും അനുസരിച്ചാണിരുന്നിരുന്നത്. പദങ്ങളും, പദപ്രയോഗങ്ങളും, വൃത്താലങ്കാരാദികളുമൊക്കെ ദ്രാവിഡഭാഷയുടേതുതന്നെയായിരുന്നു മലയാളത്തിനും. അക്കാലത്തും മലയാളത്തിൽ സംസ്കൃതഭാഷയിലെ പദങ്ങൾ തീരെ ഉണ്ടായിരുന്നില്ലെന്നു പറഞ്ഞുകൂടാ. എന്നാൽ, സംസ്കൃതഭാഷയിൽനിന്നെടുത്ത പദങ്ങൾ തത്സമമായിട്ടല്ലാ തദ്ഭവമായിട്ടാണ് ഭാഷയിൽ പ്രയോഗിച്ചിരുന്നത്. ആകയാൽ, ആവക സംസ്കൃതപദങ്ങൾ കൂടിയും, ദ്രാവിഡഭാഷയോടു ചേർന്നു തന്മയത്വം പ്രാപിച്ച്, തമിഴിൽനിന്നു വേർതിരിച്ചറിയുവാൻ വയ്യാത്ത വിധത്തിലാണിരുന്നിരുന്നത്. മണിപ്രവാളത്തിന്റെ ആവിർഭാവത്തോടുകൂടി ഈ മട്ടു തീരെ മാറി. സംസ്കൃതഭാഷയിൽനിന്നു പദങ്ങൾ ധാരാളമായി മലയാളത്തിലേയ്ക്കു പകർന്നു. മണിപ്രവാളരീതിക്കു പരിഷ്കാരം അധികമാകുന്തോറും ഭാഷയിൽ സംസ്കൃതപദങ്ങളും കൂടുതലായി വന്നു. എന്നു തന്നെയല്ല, 'ഭാഷാസംസ്കൃതയോഗ'മായ മണിപ്രവാളത്തിൽ പ്രയോഗിക്കുന്ന സംസ്കൃതപദങ്ങൾ അവയ്ക്കു സംസ്കൃതത്തിലുള്ള വിഭക്തി

പ്രത്യയങ്ങളോടുകൂടിത്തന്നെ എടുക്കേണമെന്ന നിർബ്ബന്ധവും ഉണ്ടായിത്തീൎന്നു. ചുരുക്കത്തിൽ മുമ്പുണ്ടായിരുന്ന ദ്രാവിഡഭാഷാപാരതന്ത്ര്യം, മണിപ്രവാളകാലത്തു്, സംസ്കൃതഭാഷാപാരതന്ത്ര്യമായി മാറി.

മണിപ്രവാളവും ചമ്പുക്കളും

മണിപ്രവാളപ്രസ്ഥാനത്തിൽ പല കവിതകളും ഭാഷയിൽ ആവിർഭവിച്ചിട്ടുണ്ടു്. ഉണ്ണുനീലിസന്ദേശംപോലെയുള്ള ഉയൎന്നതരം കാവ്യങ്ങളും, സരസങ്ങളായ നിരവധി മുക്തകങ്ങളും മണിപ്രവാളത്തിന്റെ ഈടുവെപ്പിലെ മഹാൎഘങ്ങളായ രത്നങ്ങളാണു്. ചമ്പുക്കൾ എന്നു പേരായ പ്രബന്ധങ്ങൾ മലയാളസാഹിത്യത്തിനു മണിപ്രവാളകാലത്തുണ്ടായ നേട്ടങ്ങളാകുന്നു. "ഗദ്യപദ്യമയം കാവ്യം ചമ്പുരിത്യഭിധീയതേ" എന്ന ലക്ഷണമനുസരിച്ചു്, ഗദ്യങ്ങളും പദ്യങ്ങളും ചേൎത്തു നിൎമ്മിക്കപ്പെട്ട കാവ്യങ്ങളത്രേ ചമ്പുക്കൾ. ഗദ്യാനുബന്ധത്തോടുകൂടിയ പദ്യപ്രബന്ധം, വാദ്യസമ്മിശ്രമായ സംഗീതംപോലെ, സഹൃദയഹൃദയത്തെ ആകൎഷിക്കുന്നതാകുന്നു. ഇക്കാരണത്താലാണു് സംസ്കൃതസാഹിത്യത്തിൽ ചമ്പൂകാവ്യങ്ങൾ ധാരാളമുണ്ടായതു്. മലയാളസാഹിത്യത്തിലും ചമ്പുക്കളുടെ പ്രാചുൎയ്യത്തിനു മറ്റൊന്നല്ലാ കാരണം. രാമായണം, ഭാരതം എന്നീ മഹാഗ്രന്ഥങ്ങളിലെ കഥകളെ സാമഗ്ര്യേണ വൎണ്ണിക്കുന്ന ചമ്പുക്കൾ മണിപ്രവാളകാലത്തു മലയാളത്തിനുണ്ടായ മഹിമ എത്ര മഹത്താണെന്നു സ്പഷ്ടമാക്കുന്നുണ്ടു്. രാമായണത്തിലും ഭാരതത്തിലും അന്തൎഭവിക്കാത്ത കഥകളും ഭാഷാചമ്പൂകാരന്മാരുടെ കവനചാതുൎയ്യത്തിനു വിഷയമാകായ്കയില്ല. രാജരത്നാവലീയം, നാരായണീയം, തെങ്കൈലനാഥോദയം, ചെല്ലൂർമാഹാത്മ്യം മുതലായ ചമ്പുക്കൾ ഈ സന്ദർഭത്തിൽ സ്മരണീയങ്ങളത്രേ. ഭാഷാചമ്പുക്കൾ ക്ഷേത്രങ്ങളിൽ 'പാഠകം' പറയുന്നതിനുപയോഗപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി നിൎമ്മിച്ചവയാകകൊണ്ടും, ഈശ്വരകഥാവിഷയകങ്ങളായ പ്രബ

ന്ധങ്ങാംമാത്രമേ പാഠകത്തിന്നുപയോഗിക്കാവൂ എന്നു നിബ്ബന്ധമുള്ളതുകൊണ്ടും, ചമ്പൂകർത്താക്കന്മാരിൽ അധികംപേരും രാമായണത്തിൻേറയും ഭാരതത്തിൻേറയും ഭാഗവതത്തിൻേറയും പരിധിയിൽനിന്നു പുറത്തു കാൽവെപ്പാൻ ഒരുങ്ങിയില്ല. ഈശപരവിഷയകമല്ലാത്ത ഒരിതിവൃത്തത്തെ അവലംബിച്ചു നിർമ്മിക്കപ്പെട്ട ചമ്പുക്കളിൽ അതിപ്രധാനമായ ഒന്നാകുന്നു പ്രസ്തുതമായിട്ടുള്ള ഭാഷാനൈഷധചമ്പു

ഭാഷാനൈഷധചമ്പു

നിഷധരാജാവായ നളൻെറ കഥയാണ് ഭാഷാനൈഷധചമ്പുവിലെ വർണ്ണ്യവിഷയമെന്നു ഗ്രന്ഥനാമംകൊണ്ടുതന്നെ വിശദമാകുന്നുണ്ട്. വാസനാശാലികളും വിദ്വാന്മാരുമായ കവികൾക്കു രാമായണഭാരതാദികഥകളെപ്പോലെതന്നെ — പക്ഷേ അവയെക്കാൾ കൂടുതലായും—ആകർഷിക്കുന്ന കഥയാകുന്നു നൈഷധീയചരിതം. യശസ്സ്, അർത്ഥം, വ്യവഹാരജ്ഞാനം, പാപക്ഷയം, പെട്ടെന്നുള്ള മനോനിർവൃതി, സരസമായ കൃത്യാകൃത്യോപദേശം എന്നിങ്ങനെ പ്രസിദ്ധമായി പറയപ്പെടുന്ന കാവ്യപ്രയോജനങ്ങൾക്കു പുറമെ, മഹത്തായ മറെറാരു പ്രയോജനംകൂടി നൈഷധചരിതത്തിൽനിന്നു സിദ്ധിപ്പാനുണ്ട്. കലിദോഷശമനത്തിന് ഒരു കൈകണ്ട സിദ്ധൌഷധമാണ് നളചരിതത്തിൻെറ പ്രകീർത്തനമെന്നു പരക്കെ എല്ലാവരും വിശ്വസിച്ചുവരുന്നു. നളനിൽ ആവേശിച്ചു കുറെക്കാലം അദ്ദേഹത്തെ എരിപൊരിക്കൊള്ളിച്ച കലി, അവസാനം ഒഴിഞ്ഞുപോയപ്പോൾ, ഇനിമേലിൽ അദ്ദേഹത്തെമാത്രമല്ലാ അദ്ദേഹത്തിൻെറ കഥ കീർത്തിക്കുന്നവരെക്കൂടിയും താൻ ഉപദ്രവിക്കുകയില്ലെന്നു സത്യം ചെയ്തിട്ടുണ്ട്.

"കാർക്കോടകസ്യ നാഗസ്യ
ദമയന്ത്യാ നളസ്യ ച
ഋതുപർണ്ണസ്യ രാജർഷേഃ
കീർത്തനം കലിനാശനം"

എന്നു് അഭിയുക്തവചനമുണ്ടു്. ഈവക കാരണങ്ങളാൽ, നൈഷധീയചരിതം പ്രതിഭാസമ്പന്നന്മാരായ കവികളെ അത്യധികം ആകർഷിച്ചുവെങ്കിൽ അതിൽ അത്ഭുതത്തിന്നവകാശമില്ല. സംസ്കൃതസാഹിത്യത്തിലെ അമൂല്യരത്നങ്ങളായ പഞ്ചമഹാകാവ്യങ്ങളിൽ വെച്ചു് അത്യുൽകൃഷ്ടവും അതിപ്രൌഢവുമായ ഒന്നാണു് ശ്രീഹർഷൻെറ നൈഷധീയചരിതം. ആ മഹാകാവ്യം ഇരുപത്തൊന്നു സർഗ്ഗങ്ങളടങ്ങിയതാണെങ്കിലും ദമയന്തീനളന്മാർ സ്വയംവരം കഴിഞ്ഞു സുഖിച്ചിരിക്കുന്നതുവരെയുള്ള കഥമാത്രമേ അതിൽ വർണ്ണിക്കപ്പെട്ടിട്ടുള്ളു. തുടർച്ചയുള്ള കഥ വർണ്ണിച്ചുകൊണ്ടു്, കേരളീയസംസ്കൃതകവികളിൽ പലതുകൊണ്ടും പ്രാധാന്യമർഹിക്കുന്ന ശ്രീ ആത്ത്രരട്ടീരി 'ഉത്തരനൈഷധം' എന്നൊരു മഹാകാവ്യം വിരചിച്ചിട്ടുണ്ടു്. ഇവയ്ക്കു പുറമെയും അനേകം കൃതികൾ നളചരിതവർണ്ണനാത്മകങ്ങളായി സംസ്കൃതസാഹിത്യത്തിൽ നിലകൊള്ളുന്നു. മലയാളസാഹിത്യത്തിലും, നൈഷധചരിതത്തിന്നു പ്രചാരം ഒട്ടും കുറവുല്ല. പ്രകൃതമായ ഭാഷാനൈഷധചമ്പുവിന്നു പുറമെ ഉണ്ണായിവാരിയരുടെ നളചരിതം നാലു ദിവസത്തെ ആട്ടക്കഥ, കുഞ്ചൻനമ്പ്യാരുടെ നളചരിതം തുള്ളൽ, ഇന്ന കവിയുടെ കൃതിയെന്നു തീർച്ചപ്പെടാത്തതും മലയാളത്തറവാടുകളിൽ ധാരാളം പ്രചാരമുള്ളതുമായ നളചരിതം കിളിപ്പാട്ടു്, ടി. സി. അച്യുതമേനവൻെറ സംഗീതനൈഷധം നാടകം മുതലായി മലയാളികൾ ആദരിച്ചും ബഹുമാനിച്ചും വരുന്ന നൈഷധീയകഥാഗ്രന്ഥങ്ങൾ ഒട്ടും വിരളമല്ല.

പ്രസ്തുതമായ ഭാഷാനൈഷധചമ്പു മലയാളസാഹിത്യത്തിലെ നൈഷധകഥാഗ്രന്ഥങ്ങളിൽവെച്ചു് ഒന്നുകൊണ്ടും അപ്രധാനമല്ലാത്ത ഒരു ചമ്പുപ്രബന്ധമാകുന്നു. മഹാഭാരതംതന്നെയാണു് ഈ ഗ്രന്ഥത്തിൻെറയും ആകരം. മഹാഭാരതം വനപർവ്വത്തിൽ സംഗ്രഹിച്ചിട്ടുള്ള നളോപാഖ്യാനം അനുസരിച്ചാണു് ഇതിലെ കഥ നിബന്ധിച്ചിരിക്കുന്നതു്. എന്നാൽ, ശ്രീഹർഷാദികളായ ഇതരകവികളെപ്പോലെ വളരെ അധികം വിസ്തരിച്ചു് ഈ ചമ്പുവിനെ ദീ

ഫലമാക്കിത്തീർക്കുവാൻ കവി ഉദ്യമിച്ചിട്ടില്ല. രസികജനങ്ങൾക്ക് രസംപിടിക്കുമെന്നു തോന്നിയ ഭാഗങ്ങൾമാത്രം — അതും അല്പമാത്രമായിട്ട് — വിസ്തരിച്ചും, ശേഷമുള്ള ഭാഗങ്ങൾ പ്രപഞ്ചനം ചെയ്യാതെ വെറുതെ കഥമാത്രം പറഞ്ഞുകൊണ്ടുമാണ് കവി ഈ ഗ്രന്ഥം നിർമ്മിച്ചിരിക്കുന്നത്. മൂലകഥയിൽനിന്നു സാരമായ വ്യതിയാനമൊന്നും ചമ്പൂകാരൻ വരുത്തിയിട്ടില്ല. ഈ ചമ്പു രണ്ടു ഭാഗമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ദമയന്തിയുടെ സ്വയംവരം കഴിഞ്ഞു നളൻ "പ്രത്യക്ഷസ്വർഗ്ഗസൌഖ്യം" അനുഭവിക്കുന്നതുവരെയുള്ള കഥ പൂർവ്വഭാഗത്തിലും ചൂതുകളി, രാജ്യഭ്രംശം, വേർപാടു മുതലായി വിദർഭരാജ്യത്തിൽവെച്ചു ദമയന്തിയോടു പുനസ്സമാഗമമുണ്ടാകുന്നതുവരെയുള്ള കഥകൾ രണ്ടാംഭാഗത്തിലും വർണ്ണിച്ചിരിക്കുന്നു. പൂർവ്വഭാഗത്തിൽ 159-ം ഉത്തരഭാഗത്തിൽ 134-ം ശ്ലോകങ്ങളാണുള്ളത്. രണ്ടു ഭാഗങ്ങളിലും കുറെ ഗദ്യങ്ങളും, ഏതാനും ദണ്ഡകങ്ങളുമുണ്ട്. ശ്ലോകങ്ങളും ഗദ്യങ്ങളും "ഭാഷാസംസ്കൃതയോഗ"ത്തോടുകൂടിയവയാണ്; എന്നാൽ അവയിൽ ചിലതു കേവലസംസ്കൃതമയങ്ങളായുമിരിക്കുന്നു.

മലയാളചമ്പുക്കളുടെ കൂട്ടത്തിൽ ഭാഷാനൈഷധചമ്പുവിന്ന് ഒന്നാംപന്തിയിൽ സ്ഥാനം കല്പിക്കുവാൻ സാഹിത്യനിരൂപകന്മാർ തെയ്യാറാകുമോ എന്നു സംശയമാണ്. രാമായണചമ്പു മുതലായി കവിതാഗുണംകൊണ്ട് ഈ ചമ്പുവിനെക്കാൾ മേന്മകൂടിയ ചമ്പുക്കൾ നമ്മുടെ സാഹിത്യത്തിൽ ഇല്ലായ്കയില്ല. നൈഷധചമ്പൂകാരൻറതന്നെ കൃതിയെന്നു വിശ്വസിക്കപ്പെടുന്ന 'കൊടിയവിരഹം' എന്ന ശൃംഗാരകാവ്യം കവിതാഗുണംകൊണ്ട് ഈ ചമ്പുവിനെക്കാൾ മേലെയാകുന്നു. അങ്ങിനെയാണെങ്കിൽ നൈഷധചമ്പുവും കൊടിയവിരഹവും ഏകകർത്തൃകങ്ങളല്ലെന്നു വിചാരിക്കുകയല്ലേ വേണ്ടത് എന്നൊരു ചോദ്യം വരാം. സൂക്ഷ്മമായി നോക്കുമ്പോൾ ആ ചോദ്യത്തിന്നു പ്രസക്തിയില്ലെന്നു ബോദ്ധ്യപ്പെടുന്നതാണ്. ഒരേ കവിയുടെതന്നെ രണ്ടു കൃതികളിൽ ഒന്നിന്നു ഉ

ണം കൂടിയും, മറേറതിന്നു ഗുണം കുറഞ്ഞുമിരിക്കുക എന്നതു് അസംഭാവ്യമല്ല. കവിതാശക്തിക്കു പരിപോഷം സിദ്ധിച്ചിട്ടില്ലാത്ത ആദ്യകാലത്തെ കൃതിയിൽ കവിതാഗുണം കുറഞ്ഞും, കവിതാശക്തി പരിപുഷ്ടമായിട്ടുള്ള കാലത്തെ കൃതിയിൽ കാവ്യഗുണം നിറഞ്ഞുമിരിക്കുക സ്വാഭാവികംമാത്രമാണ്. ഇത്രയും പറഞ്ഞതുകൊണ്ടു നൈഷധചമ്പുവിന്നു ഭാഷാചമ്പുക്കളിൽവെച്ചു് അപകൃഷ്ടമായ ഒരു സ്ഥാനമാണുള്ളതെന്നു് ആരും വിചാരിച്ചുപോകരുതു്. ഈ ചമ്പു മലയാളത്തിലെ ചമ്പൂപ്രബന്ധങ്ങളിൽ ഉന്നതമായ ഒരു സ്ഥാനത്തെ നിസ്സംശയം അർഹിക്കുന്നുണ്ടു്. കറകളഞ്ഞ പാണ്ഡിത്യവും, കരംനിറഞ്ഞ വാസനയുമുള്ള ഒരു മഹാകവിയിൽനിന്നുമാത്രം പ്രതീക്ഷിക്കാവുന്ന മധുരമനോഹരങ്ങളായ ഗദ്യപദ്യങ്ങൾ ഇതിൽ ധാരാളമുണ്ടു്. എന്നാൽ അവയുടെ ഇടയിൽത്തന്നെ 'വിടവടയ്ക്കുവാൻ'മാത്രമുപകരിക്കുന്ന ശ്ലോകങ്ങളും ഗദ്യങ്ങളും ഇല്ലായ്കയുമില്ല. അഥവാ, ശബ്ദാൎത്ഥഭംഗികൊണ്ടും ഭാവപുഷ്ടികൊണ്ടും അലങ്കാരമോടികൊണ്ടും ശോഭിക്കുന്ന പദ്യങ്ങളുടെ ഇടയിൽ അപ്രകാരമല്ലാത്ത ചില ശ്ലോകങ്ങൾ ഉണ്ടെങ്കിൽത്തന്നെ അവ, ചന്ദ്രനിൽ കളങ്കമെന്നപോലെ, ശോഭാതിശയത്തിന്നു ഹാനിയുളവാക്കുന്നതല്ല.

നൈഷധചമ്പുവിലെ കവിത

കവിയുടെ ഭാവനാനൈപുണ്യവും, വാസനാതിശയവും, മണിപ്രവാളരചനയിലുള്ള ചാതുൎയ്യവും ചില ഉദാഹരണങ്ങളെക്കൊണ്ടു വിശദമാക്കാം. ദമയന്തിയുടെ ശൈശവം, ശൈശവവും യൌവനവും തമ്മിലുള്ള സമ്മേളനം, യൌവനത്തിന്റെ പരിപൂൎത്തി എന്നിവയെ യഥാക്രമം വൎണ്ണിക്കുന്ന ശ്ലോകങ്ങളാണിവ:—

“ഭിന്നം പൊന്നോല കൎണ്ണേ മണിഗണലളിതം
മോതിരം കണ്ഠകാണ്ഡേ
പിന്നിൽച്ചിന്നിക്കവിഞ്ഞൊന്നണി ചികുരമകാ-
ണ്ഡോദയം മന്ദഹാസം

കന്നിപ്രായം കരുത്തൊന്നുരസി കുചയുഗം
ന്നൂനമപ്പൊങ്ങിടാവെ–
ത്തന്നേ തോന്നീടുമത്രേ സതതമൊരു ദിനം
കണ്ടവന്നിത്രിലോക്യാം.”

“ഗാത്രേ ഗാത്രേ തുടർന്നു മധുരിമതിരളും
മാർദ്ദവം നേത്രരംഗേ
ക്കൂത്താട്ടത്തിന്നു ലജ്ജായവനികയിൽ മറ–
ഞ്ഞംഗജന്മാ വിരേജേ

മുത്തേലും കൊങ്ക പങ്കേരുഹമുകുളസമം
ഹന്ത താരുണ്യവായ്പോ–
ടെത്തി കൈക്കൊണ്ടാർ പിടിച്ചു ഝടിതി വടിവെഴും
ശൈശവം പേശലാംഗ്യാഃ.”

“നർമ്മാലാപം പുരുങ്ങീ ജനസദസി മണം–
ചേർന്ന മന്ദാക്ഷവേഗാൽ
കമ്രം കാർക്കൂന്തലേന്തും പരിമളലളിതം
ചെന്നു കാലോടിടഞ്ഞു

തമ്മിൽത്തിക്കിത്തുടങ്ങീ കുളുർമുലയുഗളം
നന്നു നന്നെന്നു വേണ്ടാ
നിർമ്മായം യൌവനശ്രീഃ സ്വയമലമകരോ–
ദംഗനാമൌലിമാലാം.”

ദമയന്തീനളന്മാർക്കു പരസ്പരഗുണശ്രവണംഹേതുവായിട്ടു് അന്യോന്യാനുരാഗം ജനിച്ചതിനെ കവി വർണ്ണിക്കുന്നതിങ്ങനെയാണു്:—

“ശ്രോത്രദ്വാരപഥേന ചേർത്തു ഹൃദയേ
ഗാത്രങ്ങളെക്കേവലം
ചീർത്തീടുന്നനുരാഗഭാരവിവശാ–
വന്യോന്യമാസ്ഥാമുഷൌ

നേത്രപ്രീതിയെ നീക്കി മന്മഥദശാ–
സാദ്ര്യം തദീയേ പദേ
ശ്രോത്രപ്രീതിയെ വെച്ചു വാഴ്ക കഴിയി–
ച്ചാരനാചിതൌ ദംപതീ."

പദ്യംപോലെത്തന്നെ ഗദ്യങ്ങളും കവിയുടെ കവനചാതുര്യ്യത്തെ ധാരാളം വെളിപ്പെടുത്തുന്നവയാണ്:—

"അഥ നരനായകനമിതകൌതുഹലമവനീസീമന്ന്യസ്തലഘുപക്ഷികദംബകമവലോക്യാശു തൽഗ്രഹണത്തിലൊരാഗ്രഹമുൾക്കൊണ്ടഗ്രേ മന്ദം മന്ദമണഞ്ഞതിലഗ്രേസരനാം പത്രിമഹേന്ദ്രം ചിത്രാകാരം ജഗ്രാഹൈകം—" എന്നും,

"മഹിതമിതി തദാനീം വിദർഭരാജാത്മജാപാണിപീഡോത്സവം ചേർന്നെഴും കൌതുകം ക്ഷോണിപാലാവലീമാനനീയാം ഉലോം ചെന്നു കാണേണമെന്നെന്നുമേ നിർണ്ണയം—" എന്നും,

"അസ്തഗിരിശിഖരമസ്തകസീമനി ഭാസ്കരഭഗവാൻ മറയുന്നേരം ഗതവതി സവിതരി ഗുഹകളിൽനിന്നിത്തിമിരകരീശിഖരികളുന്നേരം ദിക്കു വിദിക്കു ച ദുഷ്കരമായ തരക്ഷുഗണങ്ങളും തിരക്കുന്നേരം കാട്ടിൻനടുവിൽ കാട്ടാളാവലി കൂട്ടംകൂടിപ്പാടുന്നേരം—" എന്നും ആരംഭിക്കുന്ന ഗദ്യങ്ങളുടെ അടക്കം ചിട്ടയും ഒഴുക്കം പഴക്കവും സഹൃദയലോകത്തെ ശിരഃകമ്പം ചെയ്യിക്കുന്നവയാകുന്നു.

ഗദ്യങ്ങളിൽ ശബ്ദാർത്ഥഭംഗികൊണ്ടും അലങ്കാരചാതുര്യ്യംകൊണ്ടും ആമൂലാഗ്രമുള്ള അഴകുകൊണ്ടും മുന്നിട്ടുനില്ക്കുന്നതു്, "ഹര ഹര ശിവ ശിവ ചിത്രം ചിത്രം" എന്നാരംഭിക്കുന്ന ആദ്യത്തെ ഗദ്യമാണ്. ഇതിൽ നായകനായ നളന്റെ സൌന്ദര്യ്യാതിശയം, യുദ്ധനൈപുണ്യം, ഭരണസാമർത്ഥ്യം മുതലായവയെപ്പറ്റി അതിചാതുര്യ്യത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു. സൌന്ദര്യ്യാതിശയത്തെ വർണ്ണിക്കുന്ന

"മട്ടമലർ ശരനൊട്ട പടപൊരുതീട്ടം മധുരതരാകൃതി കണ്ടു നിതാന്തം മനസി മുഴുത്തൊരു മദനേഷുരാൽ പൂണ്ടവനിയിൽമേവും തരുണീപാളികളയ്യോ പാപമൊരുന്നാളിവനെശ്ശയ്യാഗാരേ കണ്ടാവൂ ഞാൻ, പയ്യാകലധൃതി പരിചൊട്ട മെയ്യും കയ്യും ചേർത്തു പുണൎന്നാവൂ ഞാൻ, മധുരിമകൊണ്ടുടനധരിതമധുരസമധരാസ്വാദം ചെയ്താവൂ ഞാൻ, അമൃതിലുലമ്പിന വാക്കുകളൊരു നാളമിതാനന്ദം കേട്ടാവൂ ഞാൻ, പരിമളമിളകിന പുരികുഴൽനികരം പരിചൊടണഞ്ഞു മുകൎന്നാവൂ ഞാൻ—ഇത്ഥമനേകമനോരഥമുടംകൊണ്ടവശമമുദ്രേ രാഗസമുദ്രേ നീന്തീട്ടുന്നതിലെന്തൊരപൂൎവ്വം"

എന്ന ഗദ്യഭാഗം മലയാളസാഹിത്യത്തിൽ ഒന്നാംകിടയിൽ നില്ക്കുന്ന ഏതു ചമ്പുവിലെ ഗദ്യങ്ങളോടും കിടപിടിക്കുവാൻ മതിയായവയാണു്. ഇതിൽ രാഗസമുദ്രത്തിൽ നീന്തുന്ന സുന്ദരിമാരുടെ മനോവിചാരങ്ങളെ വൎണ്ണിച്ചിട്ടുള്ളതു് അത്യന്തം ഹൃദയാവൎജ്ജകമായിട്ടുണ്ടു്. പഞ്ചേന്ദ്രിയങ്ങൾക്കു സംതൃപ്തി വരുത്തുകയാണല്ലോ രതിയുടെ പരമമായ ഫലം. "കണ്ടാവൂ ഞാൻ" എന്നതു നേത്രേന്ദ്രിയത്തിന്നും, "പുണൎന്നാവൂ ഞാൻ" എന്നതു സ്പൎശനേന്ദ്രിയത്തിന്നും, "അധരാസ്വാദം ചെയ്താവൂ ഞാൻ" എന്നതു രസനേന്ദ്രിയത്തിന്നും, "കേട്ടാവൂ ഞാൻ" എന്നതു ശ്രോത്രേന്ദ്രിയത്തിന്നും, "മുകൎന്നാവൂ ഞാൻ" എന്നതു ഘ്രാണേന്ദ്രിയത്തിന്നും സംതൃപ്തി വരുത്തുന്നതിന്നുള്ള മനോരഥത്തെ വിശദമാക്കുന്നു. "ചൊൽപ്പെറുമോരോ വിപ്രവരന്മാരെപ്പൊഴുമോരോ കൎമ്മം" ചെയ്കയാൽ ദേവന്മാൎക്കു തൃപ്തിയും, അതുനിമിത്തം കാലവൎഷവും, കാലവൎഷംകൊണ്ടു സസ്യസമൃദ്ധിയും, അതിനാൽ ദാരിദ്ര്യനാശവും, അതുകാരണം രാജകീയഭണ്ഡാഗാരത്തിൽ ഐശ്വൎയ്യസമൃദ്ധിയും ഉണ്ടായതായി കാണിച്ചതിലുള്ള ക്രമം ഇലോം സ്വാരസികമായിരിക്കുന്നു. കൂടാതെ,

"ചിത്രമിതേക്കാളിന്നും പറയാം മിത്രാപായേ ഫിതാ കുമുദം ചിത്താനന്ദം വന്നലാക്കം, ദോഷാഗമനേ ശശധരനെന്യേ തോ

ഷം കണ്ടീലാക്കമൊരുന്നാറം, മിന്നം കടകളിലെന്ന്യെയൊരുന്നാറം പൊന്നുംരണ്ഡം കണ്ടീലെങ്ങും, ഭാരതചരിതം തന്നിലൊഴിഞ്ഞൊരു ദ്ദൂഷണചരിതംകേട്ടീലാരും, വൎണ്ണവിലോപം വ്യാകരണത്തിൽത്ത ന്നേ കേവലമുള്ള കേറംപ്പാൻ, ഹസ്തികദംബം ഹിതപാ ഭ്രമൈ മത്ത തപൂണ്ട നടന്നിലാരും, മേളംക്കോല്യം ചമരിമൃഗാണാം ബാലവിനാ ശം കേവലമാസീൽ, പൂരികഴൽനിരകളിലൊഴിയെ വധുനാം പത മൊരു കടിലത നൈവ ധരായാം, കളമൃദുമൊഴിമാർമിഴികളിലൊ ഴിയേ കളവുകളും ഭുവി കാണ്മാൻ നഹി നഹി, കഠിനതയും പുന രാസാമിതവിയ തടമുലയിണയിലൊഴിഞ്ഞില്ലെങ്ങും, പൃത്ഥ്വീച ക്രെ ദാരിദ്ര്യസ്ഥിതി മുദ്ധാക്ഷീണാം മദ്ധ്യേ കേവലം.''

എന്നിങ്ങനെ പരിസംഖ്യാലങ്കാരംകൊണ്ടു കളിച്ചിട്ടുള്ള കളി കവി താധൎമ്മമൎമ്മജ്ഞന്മാരായ സകലവിമൎശകന്മാരേയും അത്ഭുതപ്പെടു ത്തുവാൻ തക്കതാകുന്നു. പരിസംഖ്യയിൽ കവികാംക്ഷ മനസ്സിരു ത്തുവാനുള്ള അംശം ശ്ലിഷ്ടങ്ങളായ പദങ്ങളെ ക്ലിഷ്ടതകൂടാതെ പ്ര യോഗിപ്പാൻ സാധിക്കുക എന്നതാണ്. ഇതിൽ മിത്രാപായം, ദോഷാഗമനം, പൊന്നുംരണ്ഡം, കൎണ്ണച്ഛേദം, ദൂഷണചരിതം മുത ലായി പ്രയോഗിക്കപ്പെട്ടിട്ടുള്ള ശ്ലിഷ്ടപദങ്ങളുടെ ഈരണ്ടൎത്ഥവും അതിസ്പഷ്ടമാണെന്നു പറയേണ്ടതില്ലല്ലോ.

ഈ ചമ്പുവിലെ മണിപ്രവാളരൂപത്തിലുള്ള പദ്യങ്ങളും ഗദ്യ ങ്ങളും കേവലസംസ്കൃതമയങ്ങളായ പദ്യഗദ്യങ്ങളും സൂക്ഷ്മമായി വീ ക്ഷിക്കുന്നവൎക്ക കവിക്കു മണിപ്രവാളത്തിലുള്ളതിനേക്കാറം കൂടുതലാ യ നൈപുണ്യം സംസ്കൃതത്തിലല്ലയോ ഉള്ളതെന്നു ശങ്ക തോന്നുവാ നിടയുണ്ട്. അത്രത്തോളം മഹത്താണ് ഇദ്ദേഹത്തിൻെറ സംസ്കൃത കവിത. ഉദാഹരണത്തിന്നു ദമയന്തീനളന്മാരുടെ പരസ്പരാനുരാ ഗോദയത്തേയും മനോദശകളേയും കുറിച്ചുള്ള ചില ശ്ലോകങ്ങറം കാണിക്കാം:—

"സാ കാന്തിർവ്വചസാം ച സാ ചതുരതാ
ഗാത്രേഷു തന്മാൎദ്ദവം

സാ ബിംബാധരമാധുരീ സ സുരഭി–
ശ്വാസോ ഘനേ കൈശികേ
ഇത്ഥം തൌ കഥകേന സന്തതമുഭൌ
സഞ്ചിന്തയന്തൌ ഗുണാ–
നന്യോന്യസ്യ ഹൃദി സ്ഥിതാവഭവതാ–
മന്യൂനരാഗോദയൌ."

"ആദായൈവ ഹൃദന്തരാദഭിനവ–
പ്രേമാഭിരാമം ജനം
സംകല്പൈഃ പുരതോ നിധായ ഹൃദയേ
നിർദ്ധൂയ ചിന്താന്തരം
അഭ്യസ്താനി മുഹുർമ്മനോരഥശതാ–
ന്യാപൂരയന്തൌ മുദാ
മന്ദം മന്ദമഹോ മമജ്ജതുരമൂ–
വാനന്ദവാരാകരേ."

"സംകല്പസംഗമസുഖാനുഭവസ്യ നാഹം
ഭംഗം കരോമി സമയേ സമയേ സമേത്യ
സഞ്ചിന്ത്യ നൂനമിതി തൌ സദയം വിഹായ
നിദ്രാ ജഗാമ നിപുണേവ സഖീ സകാശാൽ."

"നിദ്രാം വിഹായ നയനേഷ്ടസഖീം പ്രയാന്തീം
ബാഷ്പാംബു താമനുസസാര ന തത്ര ചിത്രം
ഏതത്തു ചിത്രമപഹായ നിജം നിവാസം
യന്നിർഗ്ഗതാനി വലയാന്യപി ബാഹുമൂലാൽ."

ഹംസമുഖേന നളൻ ദമയന്തിക്കയയ്ക്കുന്ന സന്ദേശം, അതിനുള്ള ദമയന്തിയുടെ പ്രതിസന്ദേശം എന്നിവയെ പ്രതിപാദിക്കുന്ന അത്യഭിജാതങ്ങളായ സംസ്കൃതപദ്യങ്ങൾ സംസ്കൃതസാഹിത്യത്തിൽ ഒന്നാംകിടയിൽ സ്ഥിതിചെയ്യുന്ന മഹാകവികളുടെ കവിതകളോടു തികച്ചും സമശീഷ്കങ്ങളാകുന്നു,

സംസ്കൃതഗദ്യങ്ങളുടെ മഹിമാതിശയത്തിനും ധാരാളം ഉദാഹരണങ്ങൾ കാണിപ്പാനുണ്ട്:—

"അഥ സാ ലളിതതനുകാന്തിസമ്പദാ സുരസുന്ദരീരപി ജയന്തീ മന്മഥമഹാവീരവൈജയന്തീ നിഖിലയുവജനമനാംസി മദയന്തീ ദമയന്തീ..............................പാടലതരചിപദ്ധ്യേതയാവകരസസജ്ജമാനരംഗഭൂമിഃ കാഞ്ചനമയവേത്രലതാഞ്ചിതകരാഞ്ചലകാഞ്ചുകീയസംഘസരഭസസമുത്സാര്യമാണസകലലോകസന്ദീയമാനസരണിഃ മന്ദം മന്ദം മഹീപാലവൃന്ദതരംഗിതാം രംഗഭുവമലമകാർഷീൽ."

"തദനന്തരം നിരന്തരതയാ സ്വാന്തസമിന്ധാനദമയന്തീവിരഹോദന്തചിന്താസന്താനഗന്ധവാഹനസന്ധുക്ഷണസന്ധുക്ഷിതമന്മഥാവേശാതിതീക്ഷ്ണതരശോചിഷ്ണുശാവിഷ്ടരണനിർദ്ദഹ്യമാനാന്തരാത്മാ.............................പഞ്ചബാണപഞ്ചശരീസഞ്ചരിന്നശേമുഷീകോ മേദുരവിഷാദവാൻ നിഷധാധീശോ ഭൃശം വിലലാപ..............................ഇതി സങ്കല്പയൻ ദശദിനാനി സഞ്ചരന്നയോദ്ധ്യാധിപതിവിതീർണ്ണവേതനസ്ഥനികേതനഗതോ ദമയന്ത്യാഃ സ്മരന്നവാത്സീൽ."

കവിതയിലെ ഒരു പ്രത്യേകത

നൈഷധചമ്പുവിലെ കഥ നടക്കുന്ന സ്ഥലം നിഷധരാജ്യവും വിദർഭരാജ്യവും മററുമാണെങ്കിലും ചില സന്ദർഭങ്ങളിൽ അവിടങ്ങളിലേക്കു മലയാളികളായ ചില അപ്രധാനപാത്രങ്ങളെ ആകർഷിക്കുവാൻ കവി ശ്രമംചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഏതു രാജ്യത്തുവെച്ചു കഥ നടക്കുന്നതായാലും ആ രാജ്യത്തിനു കേരളത്തിന്റെയും അവിടെ പെരുമാറുന്ന കഥാപാത്രങ്ങൾക്കു കേരളീയരുടെയും ഒരു ഛായ വരുത്തുവാൻ ചില കേരളീയകവികൾ സ്വയമേവ പ്രേരിതരാകുന്നു. തങ്ങളുടെ ജന്മഭൂമിയായ കേരളത്തോടുള്ള സ്നേഹാതിശയത്തിന്റെയും അഭിമാനത്തിന്റെയും അടയാളമായി

ട്ടായിരിക്കാം ആവക കവികൾ ഇങ്ങനെ ചെയ്യുന്നതു്. ഈയൊ രു പ്രത്യേകത എല്ലാ കവികളെക്കാളുമധികം പ്രദർശിപ്പിച്ചിട്ടുള്ളതു സരസകവിശിരോമണിയും 'തുള്ളൽ'പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുമായ കുഞ്ചൻനമ്പ്യാരാണു്. എന്നാൽ അദ്ദേഹത്തിന്നു ഈ വിഷയത്തിൽ മാർഗ്ഗപ്രദർശനംചെയ്തതു ചമ്പൂകാരന്മാരായ കവികളാകുന്നു. നൈഷധചമ്പൂകാരനെ തീർച്ചയായും നമ്പ്യാർ ഇതുവിഷയത്തിൽ അനുകരിച്ചിട്ടുണ്ടു്.

വിദർഭരാജധാനിയിൽ ദമയന്തീസ്വയംവരത്തിന്റെ കോലാഹലം ഗംഭീരമായി നടക്കുന്നു. അതിന്നു നാനാദിക്കുകളിൽനിന്നും വന്നുചേർന്നിട്ടുള്ള 'പൃഥ്വീസുരശ്രേണി', 'മൌഹൂർത്തികശ്രേണി', 'മാന്ത്രികശ്രേണി' തുടങ്ങിയ ജനസമൂഹങ്ങളെ മലയാളികളുടെ ഛായയിലാണു് കവി അവതരിപ്പിച്ചിരിക്കുന്നതു്. മലയാളത്തിലെ രാജാക്കന്മാരുടെ കോവിലകങ്ങളിൽ 'പള്ളിക്കെട്ടു'ണ്ടാകുമ്പോൾ സദ്യയുണ്ണാനും പ്രതിഗ്രഹം വാങ്ങുവാനും കൊതിച്ചു വന്നുകൂടുന്ന നമ്പൂതിരിമാരുടെ സമൂഹമാണു് ഇതിലെ 'പൃഥ്വീസുരശ്രേണി.' നോക്കുക:—

"വാസരവൈപ്പോൾ വടക്കുനിന്നു വന്നു മഹാനെത്രനാളുണ്ടു കാണ്മാൻ കൊതിക്കുന്നു ഞാൻ...ഇട്ടിനാറാണനില്ലത്തിരിക്കുന്നേ നാളൊട്ടു ദണ്ഡിച്ചു ദേഹം മരിച്ചീടുമോ."

"എന്തറിഞ്ഞാനവൻ ചിന്തയില്ലേതുമേ ഹന്ത ഞാനോ വലഞ്ഞീടിനേനിങ്ങിനെ സന്തതിയ്ക്കേത്രയും സങ്കടം പാരമെന്നോർത്തുവാൻ പേരവന്നുക്കണിശ്ശൻ ഗിരാ. കാലമേ ഹന്ത ഞാൻ നാലു വേട്ടീടിനേൻ നാലിലുംകൂടിയിന്നോർത്തുകാണുംവിധൌ പത്തുപെണ്ണുങ്ങളുണ്ടുണ്ണിയില്ലൊന്നുമേ. രണ്ടുകേത്തു തിരണ്ടിരിക്കുന്നതും രണ്ടതിന്നായൊരുമ്പെട്ടിരിക്കുന്നതും സാമ്പ്രതം രണ്ടു ചൌളം കഴിഞ്ഞിട്ടുമുണ്ടിന്നലെക്കന്നികൊണ്ടൊന്നിനന്നം കൊടുത്തീടിനേൻ പിന്നെ മൂന്നുണ്ടു മൂലം മുതൽക്കാൻ പിറന്നിട്ടുവററിന്നു പേരിട്ടതി

ല്ലിങ്ങിനെ. ബുദ്ധി ചെല്ലേണമേ പത്തുമൊത്തീലയോ. ചാത്തമൂട്ടുന്ന നാളച്ഛനേരത്തൊഴിഞ്ഞിട്ടിനാറാണനെക്കാണ്മതിന്നില്ലഹോ. കയ്യിലില്ലേതുമയ്യായിരത്തിന്നുപോരും കടക്കാര''രെന്നിത്തരം ചാപലം നീളവേ തൂകിയും.

ആണ് വിദർഭരാജധാനിയിൽ ബ്രാഹ്മണർ നടക്കുന്നത്. കവി ജീവിച്ചിരുന്ന കാലത്തു നമ്പൂരിമാരുടെ ഇടയിലുണ്ടായിരുന്ന സാമുദായികമായ ദുരവസ്ഥയുടെ ഒരു തന്മയചിത്രമാണ് നാം ഇതിൽ കാണുന്നത്. ഊണിന്നു "കോണകംകൊണ്ടിടംവെച്ചു സൂക്ഷിച്ചുപോയ് കാലമേ ചെന്നുപസ്ഥാനവും ചെയ്തുകൊണ്ട്'' വരുന്നതും, "ഇൗറൻവിഴപ്പും ചുവപ്പും ചെരിപ്പും മുളംബണ്ഡുമാച്ഛത്രവും പേറി'' വരുന്നതും നമ്പൂരിമാരല്ലെന്നു് എങ്ങനെ പറയാം?

"മൌഹൂർത്തികശ്രേണി''യുടെ ഇടയിൽ നടക്കുന്ന നേരംപോക്കു നോക്കുക:—

"മാലയിട്ടീടുവാൻ രാശികൊള്ളുന്നതിന്നെന്തു''
"മീനമെന്നേഷ ഞാൻ മുന്നമേ ചൊല്ലിനേൻ''
"മീനമെന്നാകിലുണ്ടൂനമോത്തീലയോ
ചന്ദ്രനുണ്ടഷ്ടമേ ചോതിനാളയ്യടാ.''

എന്നു മുതലായി രണ്ടു മൌഹൂർത്തികന്മാർ തങ്ങളിൽ സംസാരിക്കുന്നതും, "ശത്രുവും മിത്രവും ശക്രനും ശുക്രനും തുല്യമെന്നിത്തരം'' ഉറക്കെ പറയുന്നതും, "ഛായ കണ്ടീടുവാനേത്തമിടുന്നതും,'' "ശംകു വെച്ചുംഗുലംകൊണ്ടളക്കുന്നതും'' മററും മലയാളത്തിലെ മൌഹൂർത്തികന്മാരായ ജ്യോതിഷക്കാരുടെ സമ്പ്രദായമാണെന്നു സ്പഷ്ടമാകുന്നു.

ഇതുപോലെതന്നെയാണ് മാന്ത്രികന്മാരുടേയും അവസ്ഥ. "മല്ലനേർകണ്ണിമാർമാനസം കൊള്ളുവാൻ നല്ലനല്ലൌഷധം വേണ്ടുകിൽ ചൊല്ലുവൻ'' എന്നു തുടങ്ങി, "സപ്തമത്തെ ഭ്രമിപ്പിച്ചുകൊണ്ടീടുവാനെത്രയുണ്ടിത്തരം നല്ല ദിവ്യൌഷധം.'' എന്നതുവരെ

ശ്രോതാക്കളുടെ നെററി ചുളിപ്പിക്കുന്ന ജുഗുപ്സാവാഹങ്ങളായ അനേകം ഔഷധങ്ങളെ പറയുന്ന അത്തരം മാന്ത്രികന്മാർ ഈ പരിഷ്കൃതകാലത്തും കേരളത്തിൽ ദുർല്ലഭമല്ല. ഇവരുടെ എല്ലാം ചിത്രങ്ങൾ വരച്ചു വിദർഭരാജധാനിയിൽ പ്രദർശിപ്പിച്ചതിനു നൈഷധചമ്പുവിൻെറ കർത്താവു് ഒന്നാംസമ്മാനമർഹിക്കുന്നുണ്ടു്. ഫലിതരസികനായ കുഞ്ചൻനമ്പ്യാർ തൻെറ നളചരിതം തുള്ളൽക്കഥയിൽ, നളൻെറ അടുക്കൽനിന്നു കുണ്ഡിനരാജധാനിയിലേയ്ക്കു പറന്നുപോകുന്ന ഹംസത്തിനു്,

“നായർ വിശന്നു വലഞ്ഞു വരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ലാ
ആയതു കേട്ടു കലമ്പിച്ചെന്ന-
ങ്ങായുധമുടനേ തോട്ടിലെറിഞ്ഞു
അമ്മിയെടുത്തു കിണററിലെറിഞ്ഞു
ചിരവയെടുത്തു വളപ്പിലെറിഞ്ഞു
കെട്ടിയ പെണ്ണിനെ മടിക്കുടാതെ
കിട്ടിയ വടികൊണ്ടൊന്നു കമച്ചു
അതുകൊണ്ടരിശം തീരാഞ്ഞിട്ടവ-
നപ്പുരച്ചുററം പാഞ്ഞുനടന്നു.”

എന്നിങ്ങനെ ഒരു ശുണ്ഠിക്കാരൻ നായരെ കാണിച്ചുകൊടുക്കുവാൻ വഴി തുറന്നുവെച്ചതു ഭാഷാനൈഷധചമ്പൂകാരനാണെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

നൈഷധചമ്പുവിലെ ഗദ്യം

ഭാഷാചമ്പുക്കളിലെ ഗദ്യങ്ങൾ ഭാഷാഗദ്യങ്ങളെന്നും സംസ്കൃതഗദ്യങ്ങളെന്നും രണ്ടുവിധമായി വിഭജിക്കപ്പെടുന്നു. ഇവയിൽ സംസ്കൃതഗദ്യങ്ങൾ ‘കാദംബരി’ മുതലായ സംസ്കൃതഗദ്യകാവ്യങ്ങളി

ലെ ഗദ്യങ്ങളിൽനിന്നു് ഒന്നുകൊണ്ടും വ്യത്യസ്തങ്ങളല്ല. എന്നാൽ ഭാഷാഗദ്യങ്ങൾ രചനാവിഷയത്തിൽ ഗദ്യസംജ്ഞയ്ക്കു അൎഹത തന്നെയില്ലാത്തവിധം ചിലപ്പോൾ വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം. മിക്ക ഭാഷാഗദ്യങ്ങളും വൃത്തഗന്ധികളാകുന്നു. ഏതെങ്കിലും ഒരു വൃത്തത്തിന്റെ ഛായ അവയിൽ നിഴലാടിയിരിക്കും. മുകളിൽ ഉദ്ധരിച്ചു കാണിക്കപ്പെട്ട ഗദ്യഭാഗങ്ങൾ ഇതിനുദാഹരണമാകുന്നു. അവ തുള്ളൽപ്പാട്ടുകളിലെ ഈരടികൾപോലെ വായിപ്പാൻ പററിയവയാണു്. 'വൃത്തഗന്ധിത്വം' എന്ന ഈയൊരു വിശേഷം നൈഷധചമ്പുവിൽമാത്രമല്ല, മററുള്ള ഭാഷാചമ്പുക്കളിലും പ്രായേണ ഭാഷാഗദ്യങ്ങൾക്കു കാണപ്പെടുന്നുണ്ടു്. തുള്ളൽക്കാരുടെ കുലകൂടസ്ഥനായ കുഞ്ചൻനമ്പ്യാൎക്കു തന്റെ പാട്ടുകളുടെ വൃത്തനിൎണ്ണയം ചെയ്യുന്ന കാൎയ്യത്തിൽ ചമ്പൂകാരന്മാരാണു് വഴി കാണിച്ചുകൊടുത്തതെന്നു വിചാരിക്കുന്നതിൽ തെററില്ല. ചമ്പൂകൎത്താക്കന്മാരുടെ കാഴ്ചപ്പാട്ടിൽ നിന്നുകൊണ്ടത്രേ നമ്പ്യാർ തന്റെ ഗാനങ്ങളെ പാട്ടിലാക്കിയതു്.

കവി—മഴമംഗലത്തു നമ്പൂതിരി

ഭാഷാനൈഷധചമ്പു മഴമംഗലത്തു നമ്പൂതിരിയുടെ കൃതിയാണെന്നു പ്രബലമായ ഐതിഹ്യമുണ്ടു്. മഴമംഗലത്തില്ലം പെരുമനംഗ്രാമത്തിൽ പെട്ടതാണു്. ആ ഇല്ലത്തേയ്ക്കു് ഊരകത്തമ്മയാണു് പരദേവതയെന്നു പ്രസിദ്ധമത്രെ. ഈ ചമ്പുവിൽ ഇഷ്ടദേവതാനമസ്കാരരൂപമായ ആദ്യപദ്യത്തിൽ "കുമ്പിടുന്നേൻ കഴലിണ വലയാധീശ്വരീ വിശ്വനാഥേ" എന്നിങ്ങനെ വലയാധീശ്വരിയെ നമസ്കരിച്ചിട്ടുണ്ടല്ലോ. വലയാധീശ്വരി എന്നു പറയുന്നതു്, തൃശ്ശിവപേരൂർനിന്നു എട്ടു നാഴിക തെക്കു് ഇന്നും ഉൽക്കൎഷത്തോടുകൂടി സ്ഥിതിചെയ്യുന്ന ഊരകത്തു ക്ഷേത്രത്തിലെ അമ്മ തിരുവടിയെയാണു്. ഊരകത്തമ്പലത്തിന്റെ സമീപത്തായിരുന്നു മഴമംഗലത്തില്ലം. കാലാന്തരത്തിൽ ആ ഇല്ലം സന്തതിയില്ലായ്കയാൽ അ

ന്യംനിന്നുപോയി. പെരുമനംഗ്രാമത്തിൽതന്നെയുള്ള തരണനെല്ലൂർനമ്പൂതിരിയുടെ ഇല്ലത്തേയ്ക്കാണ് മഴമംഗലം ലയിച്ചതു്. ഈ തരണനെല്ലൂർ എന്ന ഇല്ലം പ്രസിദ്ധമായ തിരുവെള്ളക്കാവു് അയ്യപ്പൻകാവിന്റെ ഏതാണ്ടൊരുനാഴിക കിഴക്കാകുന്നു. ഇന്നും ആ ഇല്ലം നിലനിന്നുവരുന്നുണ്ടു്. ഇപ്പോഠം തൃശ്ശിവപേരൂർ ആസ്പത്രിനില്ക്കുന്ന സ്ഥലത്തായിരുന്നു മഴമംഗലത്തില്ലമെന്നു പ്രസിദ്ധഗവേഷകനും മഹാകവിയുമായ ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ആ അഭിപ്രായത്തിലേയ്ക്കു സാധകമായ തെളിവുകളൊന്നും കാണുന്നില്ല.

വലയത്തു ഭട്ടതിരി എന്നൊരു ഭക്തോത്തമൻ പ്രതിഷ്ഠിച്ച ദേവതയാകയാലാണ് ഊരകത്തമ്മ 'വലയാധീശ്വരി' ആയതെന്നു ചിലക്കു പക്ഷമുണ്ടു്. ഊരകത്തമ്പലത്തെ വലയാലയമെന്നും അമ്മതിരുവടിയെ വലയാധീശ്വരി എന്നും പുരാതനകാലംമുതൽക്കുതന്നെ പരക്കെ എല്ലാവരും പറഞ്ഞുവരുന്നു. അവിടത്തെ ഭഗവതി കാഞ്ചീപുരത്തെ കാമകോടിപീഠാധിദേവതയും ശിവകാമസുന്ദരിയുമായ ശ്രീകാമാക്ഷിയാണെന്നു് ഐതിഹ്യംകൊണ്ടുമാത്രമല്ലാ ഗ്രന്ഥാരൂഢങ്ങളായ പ്രമാണങ്ങളെക്കൊണ്ടും തെളിയുന്നുണ്ടു്; അതിൽ ആക്കും വിപ്രതിപത്തിയുമില്ല. എന്നാൽ കാമാക്ഷീദേവിയെ ഭജിച്ചു പ്രത്യക്ഷമാക്കി ഊരകത്തു കൊണ്ടുവന്നു പ്രതിഷ്ഠിച്ചതു വലയത്തു ഭട്ടതിരിയാണെന്നുള്ള ഐതിഹ്യത്തിന്നു പ്രത്യക്ഷവിരുദ്ധമായി വേറെ ഒരു ഐതിഹ്യം കാണുന്നുണ്ടു്. പൂമുള്ളിമന എന്നു പ്രസിദ്ധമായ ആഢ്യഗൃഹത്തിലെ ഒരു പഴയ കാരണവരാണ് കാഞ്ചീപുരത്തു പോയി ഭജിച്ചു കാമാക്ഷീദേവിയെ പ്രത്യക്ഷമാക്കി ഊരകത്തു കൊണ്ടുവന്നു പ്രതിഷ്ഠിച്ചതു്. പൂമുള്ളിമനയിലേയ്ക്കു് ഇന്നും അമ്മതിരുവടിയാണ് പരദേവത. ഈ മന പണ്ടു് ഊരകത്തായിരുന്നു. ഊരകത്തുണ്ടായിരുന്ന ഇല്ലത്താണ് ഇപ്പോഠം അമ്മതിരുവടിയുടെ അമ്പലം സ്ഥിതിചെയ്യുന്നതു്. ശ്രീകാഞ്ചീകാമാക്ഷിയെ പ്രത്യക്ഷമാക്കിയ ത്രിപുരസുന്ദരീഭക്തനായ നമ്പൂതിരിപ്പാടു ദേവിയോടു തന്റെ കുലപരദേവതയായിരിക്കുവാൻ അപേക്ഷിച്ചുവെ

ന്നും, ആ അപേക്ഷയെ സ്വീകരിച്ച് അദ്ദേഹത്തിന്റെ ഓലക്കുടയിന്മേൽ സാന്നിദ്ധ്യംചെയ്ത ദേവി ഊരകത്തെഴുന്നള്ളിയെന്നും പൂമുള്ളിമനയ്ക്കലെ ഗ്രന്ഥവരികളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഓലക്കുടയിൽ സാന്നിദ്ധ്യംചെയ്തിട്ടാണ് അമ്മതിരുവടി ഊരകത്തേയ്ക്കു എഴുന്നള്ളിയതെന്ന ഐതിഹ്യം ശരിയാണെന്നുള്ളതിലേയ്ക്കു വിശ്വാസയോഗ്യമായ തെളിവും കാണുന്നുണ്ട്. പെരുമനത്തു പൂരത്തിന്ന് ഊരകത്തമ്മതിരുവടിയെ എഴുന്നള്ളിക്കുമ്പോൾ ആനപ്പുറത്തു പിടിക്കുന്ന കുടയുടെ അന്തർഭാഗം ഓലകൊണ്ടു പൊതിഞ്ഞതായിരിക്കണമെന്നു സനിബ്ബന്ധമായ ഒരു വ്യവസ്ഥ ഇന്നും നടപ്പിലുണ്ട്. ഇപ്പോഴത്തെ അമ്പലത്തിന്റെ കിഴക്കുവശത്തുള്ള ശ്രീമൂലസ്ഥാനം എന്ന തറയുടെ സ്ഥാനത്ത് അമ്മതിരുവടിയെ പ്രത്യക്ഷമാക്കിക്കൊണ്ടുവന്ന നമ്പൂതിരിപ്പാടു തന്റെ കുട വെച്ചു. അതവിടെനിന്ന് എടുത്തിട്ടു കിട്ടായ്കയാൽ ആ സ്ഥലത്തു ദേവിയുടെ സാന്നിദ്ധ്യമുണ്ടെന്നു തീർച്ചപ്പെടുത്തി. ഇല്ലത്തു പതിവുപ്രകാരം അന്തിത്തിരി വെക്കാറുള്ള പെൺകിടാവു മേൽപ്പറഞ്ഞ സ്ഥലത്തു സന്ധ്യയ്ക്കു കൊളുത്തിവെച്ച തിരി വലയാകാരമായ പ്രഭാമണ്ഡലത്തോടുകൂടി കത്തിയെന്നും, അതാണ് 'വലയാലയം'—'വലയാധീശ്വരി' എന്ന പേരുകൾ വന്നതിന്നു കാരണമെന്നും പറയപ്പെടുന്നു.

ശ്രീവിദ്യാദേവിയുടെ അധിഷ്ഠാനം

"ചതുർഭിഃ ശ്രീകണ്ഠൈഃ ശിവയുവതിഭിഃ
പഞ്ചഭിരപി
പ്രഭിന്നാഭിഃ ശംഭോർന്നവഭിരപി മൂ-
ലപ്രകൃതിഭിഃ
ചതുശ്ചത്വാരിംശദ്വസുദലകലാ-
ശ്രത്രിവലയ-
ത്രിരേഖാഭിഃ സാർദ്ധം തവ ശരണകോ-
ണാഃ പരിണതാഃ"

എന്നു ശ്രീസൌന്ദര്യലഹരിയിൽ വർണ്ണിതമായ ശ്രീചക്രമാണല്ലോ. മൂന്നു വലയങ്ങളോടുകൂടിയതായ ശ്രീചക്രത്തെ 'ത്രിവലയം' എന്നും പറയാറുണ്ട്. അമ്മതിരുവടി അനുഗ്രഹബുദ്ധിയോടുകൂടി പ്രത്യക്ഷീഭവിക്കുന്നതിനുള്ള ഉപാസന ശ്രീചക്രത്തിങ്കലുള്ള പൂജയാകുന്നു. ഇക്കാരണത്താലാണ് വലയാധീശ്വരി എന്നു പേരുണ്ടായതെന്നു വിചാരിക്കുന്നതിൽ കൂടുതലായ യുക്തി തോന്നുന്നുണ്ട്. പൂമുള്ളിമനയ്ക്കൽ നടത്തിയ അന്വേഷണത്തിൽനിന്നു മനസ്സിലായതും ഇങ്ങനെയാണ്. നൈഷധചമ്പുവിന്ന് അതിവിശിഷ്ടവും അത്യന്തവിസ്തൃതവുമായ 'പ്രാഞ്ജലി' എന്ന വ്യാഖ്യാനമെഴുതിയ ശ്രീ. പാട്ടത്തിൽ പത്മനാഭമേനോൻ "ഇങ്ങനെ ഒരു വിദ്വൽപക്ഷമുണ്ട്" എന്ന് ഈ പക്ഷത്തെ സൂചിപ്പിച്ചു പ്രസ്താവിച്ചിട്ടുള്ളതും ഈ സന്ദർഭത്തിൽ സ്മരണീയമാകുന്നു.

കാമാക്ഷീദേവിയെ ഭജിച്ചു സ്വാധീനയാക്കി കൊണ്ടുവന്നു നമ്പൂതിരിപ്പാട് തന്റെ ഇല്ലത്തുതന്നെ ഒരു ക്ഷേത്രം പണിചെയ്ത് അതിൽ ദേവിയെ പ്രതിഷ്ഠിക്കുകയും, ക്ഷേത്രത്തിന്നു തൊട്ട ഒരു സ്ഥലത്തേയ്ക്കു കുടുംബത്തെ മാററിത്താമസിപ്പിക്കുകയും ചെയ്തുവത്രേ. കാലാന്തരത്തിൽ നമ്പൂതിരിപ്പാട്ടിലെ കുടുംബം ആ സ്ഥലംവിട്ടു പൊന്നാനിതാലൂക്കിലുള്ള പെരിഞ്ഞോട്ടേയ്ക്കു പോന്ന് അവിടെ ഇല്ലം പണിയിച്ചു താമസമാക്കി. അതാണ് ഇപ്പോഴം കാണപ്പെടുന്ന പൂമുള്ളിമന. ഊരകത്ത് ഈ ഇല്ലപ്പേർ പൂമുള്ളിമന എന്നായിരുന്നില്ല. പെരിഞ്ഞോട്ടെ ഇല്ലം പണിയുമ്പോഴ ശിലാസ്ഥാപനാവസരത്തിൽ ഉപയോഗിച്ചതു മുല്ലപ്പൂവായിരുന്നുവെന്നും, അതിനാൽ 'പൂമുല്ല' എന്ന പേരുണ്ടായെന്നും, അതു പിന്നെ 'പൂമുള്ളി' എന്നായി രൂപാന്തരപ്പെടുകയാണ് ചെയ്തതെന്നും ഐതിഹ്യക്കാർ പറയുന്നു. വലയത്തു ഭട്ടതിരിയും ഈ പൂമുള്ളിനമ്പൂതിരിപ്പാടും ഒന്നാണെന്നു വിചാരിക്കുന്നതായാൽ അതു യുക്തിക്കു വിരുദ്ധമാകും. പൂമുള്ളിമനക്കാർ ഭട്ടതിരിപ്പാടന്മാരല്ല, നമ്പൂതിരിപ്പാടന്മാരാണ്. വലയത്തു ഭട്ടതിരി എന്നൊരാളെ കേട്ടുകേൾവിയില്ലെന്നു പൂമുള്ളിമ

നയിൽ ചെന്നു നടത്തിയ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഈ സ്ഥിതിക്ക് ഊരകത്തമ്മതിരുവടിയേയും വലയത്തു ഭട്ടതിരി എന്നൊരു ഭക്തനേയും തമ്മിൽ സംബന്ധിപ്പിച്ച് ഒരൈതിഹ്യമുണ്ടായി നിലനിന്നുപോരുന്നതിനു വേറെ വല്ല കാരണവും ഉണ്ടായിരിക്കണമെന്നു തീർച്ചയാണ്.

ഭക്താഭീഷ്ടദായിനിയായ ശ്രീകാമാക്ഷീദേവി, തന്നെ സേവിച്ചു സ്വാധീനയാക്കിയ നമ്പൂതിരിപ്പാട്ടിലെ കുലപരദേവതയായി ഊരകത്തുക്ഷേത്രത്തിൽ സാന്നിദ്ധ്യംചെയ്തുതുടങ്ങിയതോടുകൂടി ആ നമ്പൂതിരിപ്പാട്ടിലെ കുടുംബത്തിലും ഊരകം ക്ഷേത്രത്തിലും ഉത്തരോത്തരം ഐശ്വര്യം ഉണ്ടായിത്തുടങ്ങി. ക്ഷേത്രത്തിൽ എന്നു മാത്രമല്ല ഊരകം ദേശത്തു മുഴുവനുംതന്നെ ഒരു പുതിയ ചൈതന്യം ഉളവായി. അക്കാലത്തു കൊച്ചിരാജ്യം വാണിരുന്ന മഹാരാജാവിനു നമ്പൂതിരിപ്പാട്ടിലെ ഈ ഐശ്വര്യസമൃദ്ധി അസൂയാവഹമായിത്തീർന്നു. "രത്നഹാരീ തു പാർത്ഥിവഃ" (രത്നങ്ങൾക്കെല്ലാം അവകാശി രാജാവാണ്) എന്നു വിശ്വസിച്ച്, അവിടുന്നു രത്നഭൂതമായ ഊരകം ക്ഷേത്രം കയ്യേറി സർക്കാർവക ക്ഷേത്രമാക്കിത്തീർത്തു. തദവസരത്തിൽ സന്താപസമുദ്രത്തിൽ നിപതിച്ച നമ്പൂതിരിപ്പാട്ടിലേയ്ക്കു ഊരകത്തുനിന്നു വല്ല സ്ഥലത്തേയ്ക്കും പോകയല്ലാതെ ഗതിയില്ലെന്നായി. അപ്പോൾ, വടക്കോട്ടു പോയാൽ ഗുണം വരുമെന്നും ഏതു സ്ഥലത്തു താമസം തുടങ്ങുന്നുവോ അവിടെ താൻ സാന്നിധാനം ചെയ്തുകൊള്ളാമെന്നും ദേവി സ്വപ്നത്തിൽ ആജ്ഞാപിച്ചപ്രകാരം അദ്ദേഹം കുടുംബസമേതം വടക്കോട്ടു പോയി ചെറിങ്ങോട്ടുദേശത്തു പാർപ്പുറപ്പിക്കുകയാണുണ്ടായത്. ഊരകത്തുനിന്നു പോരുമ്പോൾ അമ്മതിരുവടി അദ്ദേഹത്തിന്റെ കുടയിൽ ഗൌളിയുടെ രൂപത്തിൽ പോന്നുവെന്നും, പൂമുള്ളിമനയ്ക്കൽ അമ്മതിരുവടി ഊരകത്തുണ്ടായിരുന്നതുപോലെ കുലപരദേവതയായി ഇരുന്നരുളി എന്നും പറയപ്പെടുന്നു. ഊരകം ദേശത്തു മുമ്പുംകയ്യുമുള്ള ആളാകയാൽ ഊരകത്തുനമ്പൂതിരിപ്പാട് എന്നായിരുന്നു പൂമുള്ളിനമ്പൂതിരിപ്പാട്ടി

ലേയ്ക്കു മുമ്പുണ്ടായിരുന്ന കുലനാമധേയം. അത്തിരുവടിയുടെ ക്ഷേത്രം അദ്ദേഹത്തിന്റെ ഇല്ലംതന്നെയാകയാൽ അതിന്നും ഊരക മെന്നുതന്നെ പേർവന്നു. സർക്കാരിലേയ്ക്കെടുത്ത പഴയ ക്ഷേത്രവും അതുസംബന്ധിച്ച സ്വത്തുക്കളും പിന്നീടൊരിക്കൽ നാടുവാണിരുന്ന ഒരു കൊച്ചിമഹാരാജാവു പൂമുള്ളിനമ്പൂതിരിപ്പാട്ടിലേയ്ക്കുതന്നെ വിട്ടുകൊടുക്കുകയും, കുറെക്കാലം അദ്ദേഹം ഊരകത്തെ ക്ഷേത്രഭരണം നടത്തുകയും ഉണ്ടായിട്ടുണ്ട്. ഊരകത്ത് ഇപ്പോഴുള്ള അമ്പലം അന്നു പൂമുള്ളിമനക്കാർ പണിയിച്ചതാണ്. അമ്പലത്തിന്റെ മരാമത്തുസംബന്ധിച്ചുള്ള കണക്കുകൾ പൂമുള്ളിമനയ്ക്കലെ ഗ്രന്ഥവരികളിൽ ഇന്നും കാണപ്പെടുന്നുണ്ട്. കാലാന്തരത്തിൽ ശക്തനായ ഒരു മഹാരാജാവു രണ്ടാമതും ഊരകത്തമ്പലം സ്വാധീനപ്പെടുത്തി. ആ വഴിക്കാണ് ഇപ്പോൾ ആ ക്ഷേത്രം കൊച്ചിസർക്കാർവകയായി സ്ഥിതിചെയ്യുന്നത്. ക്ഷേത്രം സർക്കാരിലേയ്ക്കൊഴുങ്ങിയതിന്നുശേഷം, രാജഭക്തന്മാരും രാജകുടുംബത്തോടു പ്രത്യേകം കൂറുള്ളവരുമായ ചില വിദ്വാന്മാർ, പൂമുള്ളിമനക്കാർക്ക് ഊരകം ക്ഷേത്രവുമായി യാതൊരു ബന്ധവുമില്ലെന്നു സ്ഥാപിക്കുവാൻവേണ്ടി, മനഃപൂർവ്വം കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു കഥയായിരിക്കണം വലയത്തു ഭട്ടതിരിയെ സംബന്ധിച്ച നിലവിലുള്ള ഐതിഹ്യം. ക്ഷേത്രസ്ഥാപകനായ നമ്പൂതിരിപ്പാട്ടിലെ കുടുംബം പെരിഞ്ഞൊട്ടു ദേശത്തേയ്ക്കു മാറിയതു് ഉദ്ദേശം ആയിരം സംവത്സരത്തിന്നുമുമ്പാണെന്നാണ് കേരളവി.

മഴമംഗലത്തിന്റെ കാലം

മഴമംഗലത്തു നമ്പൂതിരിയുടെ കൃതികളേയും അദ്ദേഹം ജീവിച്ചിരുന്ന കാലത്തേയും പററി മഹാകവി ഉള്ളൂരിന്റെ ഗവേഷണഫലമായി ഏതാണ്ടു പരിപൂർണ്ണമായ വിവരങ്ങൾ പലതും ലഭിച്ചിട്ടുണ്ട്. മഴമംഗലത്തില്ലത്തു ശങ്കരൻനമ്പൂതിരി, നാരായണൻനമ്പൂതിരി, പരമേശ്വരൻനമ്പൂതിരി എന്നിങ്ങനെ വിദ്വാന്മാരായ മൂന്നു

നമ്പൂതിരിമാർ ഉണ്ടായിരുന്നു. അവർ മൂന്നുപേരും ജ്യോതിശ്ശാസ്ത്രത്തിൽ തികഞ്ഞ പാണ്ഡിത്യവും ദൈവജ്ഞതയും സിദ്ധിച്ചവരായിരുന്നു. ശങ്കരൻനമ്പൂതിരിയും പരമേശ്വരൻനമ്പൂതിരിയും ജ്യോതിർവിത്തുകൾമാത്രമാണ്; സാഹിത്യത്തിൽ അവൎക്ക പറയത്തക്ക യോഗ്യതയൊന്നുമില്ല. ശങ്കരൻനമ്പൂതിരിയുടെ പുത്രനായ നാരായണൻനമ്പൂതിരിയാണ് ഭാഷാനൈഷധചമ്പു തുടങ്ങിയ കൃതികളുടെ കൎത്താവ്. ഭാഷാനൈഷധചമ്പുവിൽനിന്നു കവി ജീവിച്ചിരുന്ന കാലത്തേയോ കവിയുടെ ജീവിതേതിവൃത്തത്തേയോ സംബന്ധിച്ച വല്ലതും ഊഹിക്കുന്നതിനുള്ള ആഭ്യന്തരലക്ഷ്യങ്ങൾ കിട്ടുന്നില്ല; വലയാധീശ്വരിയെ പരദേവതയായി കവി സ്മരിക്കുന്നു എന്നുമാത്രമേ അതിൽനിന്ന് അറിവാൻ സാധിക്കുന്നുള്ളു. എന്നാൽ നാരായണൻനമ്പൂതിരിയുടെതന്നെ മറെറാരു കൃതിയും, "മഹിഷമംഗലഭാണം" എന്ന പേരിൽ പ്രസിദ്ധിയുള്ളതും, സാഹിത്യത്തിൽ ഉല്ലോം മികച്ചുനില്ക്കുന്നതുമായ സംസ്കൃതഭാണത്തിൽ 'രാജരാജൻ' എന്ന കൊച്ചിരാജാവിൻെറ കല്പനപ്രകാരം വലയാധീശ്വരിയായ ശ്രീകാമാക്ഷിയുടെ കടാക്ഷത്തെ ശരണീകരിച്ചാണ് താൻ ആ ഭാണം നിൎമ്മിക്കുന്നതെന്നു സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട്. ഈ ഭാണത്തിനു ഭാഷയിൽ വിസ്തൃതമായ ഒരു വ്യാഖ്യാനമെഴുതിയിട്ടുള്ള മഹാവിദ്വാൻ കൈക്കുളങ്ങര രാമവാരിയർ അതിൻെറ കൎത്താവ് പെരുവനം ഗ്രാമക്കാരനും ബൃഹസ്പതിയുടെ അംശഭൂതനുമാണെന്ന് ഒരു ശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ സംഗതി ഉള്ളൂർ എടുത്തു പറഞ്ഞിട്ടുമുണ്ട്. പക്ഷെ മഹിഷമംഗലഭാണത്തിന് എൻെറ ഗുരുനാഥനായ ശ്രീ. പുന്നശ്ശേരിനമ്പി നീലകണ്ഠശൎമ്മാ അവർകൾ ഒരഞ്ചു വ്യാഴവട്ടകാലംമുമ്പു സംസ്കൃതഭാഷയിൽ അതിമനോഹരമായ ഒരു വ്യാഖ്യാനം നിൎമ്മിച്ചിട്ടുള്ള കാൎയ്യം മഹാകവിയുടെ ദൃഷ്ടിയിൽ പെട്ടിട്ടില്ലെന്നു തോന്നുന്നു. അദ്ദേഹവും മഴമംഗലത്തു നമ്പൂതിരിയാണ് ഭാണത്തിൻെറ കൎത്താവെന്നു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. സംസ്കൃതത്തിൽ മഴമംഗലഭാണവും രാസക്രീഡാകാവ്യ

വും അഷ്ടമംഗലപ്രശ്നവും, ഭാഷയിൽ നൈഷധചമ്പു, രാജരത്നാവലീയം, കൊടിയവിരഹം, ബാണയുദ്ധം എന്നീ നാലു ചമ്പുക്കളും, ദാരികവധം ബ്രാഹ്മണിപ്പാട്ടും മഴമംഗലത്തിൻെറ കൃതികളാണെന്നു് ഉള്ളൂർ സയുക്തികം ഉപപാദിച്ചിട്ടുണ്ടു്.

മഴമംഗലത്തിൻെറ പുരസ്കർത്താവായ രാജരാജൻ എന്ന കൊച്ചിമഹാരാജാവിൻെറ കാലമേതെന്നറിഞ്ഞാൽ മഴമംഗലത്തിൻെറ കാലവും അതാണെന്നു തെളിവാകും. ക്രി. പി. 1537_ൽ (കൊല്ലവർഷം 712_ൽ) കൊച്ചിയിൽ ഒരു രാമവർമ്മ മഹാരാജാവു് മുപ്പത്തേഴു സംവത്സരം നാടുവാണു തീപ്പെട്ടതായും, 1537 മുതൽ 1561 വരെ വീരകേരളവർമ്മതമ്പുരാൻ നാടുവാണതായും, അദ്ദേഹത്തെ പിൻതുടർന്ന ഗോദവർമ്മാവിൻെറയും മററും ചരിത്രം നിശ്ചയമില്ലാത്തതായും, 1605 മുതൽ 1635 വരെ മറെറാരു വീരകേരളവർമ്മതമ്പുരാൻ രാജ്യം ഭരിച്ചതായും കൊച്ചിസ്റ്റേറ്റുമാനുവലിൽ പ്രസ്താവിച്ചിട്ടുണ്ടു്. പിന്നീടു നാടുവാണ ചില രാജാക്കന്മാരുടെ പേരുകളും പ്രസിദ്ധചമ്പൂകർത്താവായ നീലകണ്ഠൻനമ്പൂതിരി എന്ന കവി തൻെറ ചില ചമ്പുക്കളിൽ പറഞ്ഞിരിക്കുന്നു. കൊല്ലവർഷം 740_ൽ സിംഹാസനാരോഹണം ചെയ്ത ഒരു രാമവർമ്മരാജാവു വൈദുഷ്യത്തിനും ക്ഷമയ്ക്കും കീർത്തിപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ അനുജനായി ഗോദവർമ്മാവു് എന്നൊരു രാജാവും ഉണ്ടായിരുന്നു. ആ രാമവർമ്മരാജാവു് കാശിയിലെത്തി തീപ്പെട്ടുവെന്നും, കാശിയിൽവെച്ചു തീപ്പെട്ട തമ്പുരാൻ എന്നാണു് അദ്ദേഹം അറിയപ്പെടുന്നതെന്നും കാണുന്നു. അവിടന്നു കൊല്ലം 776 കന്നി 27_ാം തിയ്യതി തുലാഭാരം നടത്തിയതായി തൃപ്പൂണിത്തുറ ഗ്രന്ഥവരിയിൽ പറഞ്ഞിട്ടുണ്ടു്. രാജരത്നാവലീയംചമ്പുവിലെ നായകൻ ഈ മഹാരാജാവാണു്. ഈവക വസ്തുതകളെ ഉപപാദിക്കുന്നതിനു രാജരത്നാവലീയം തുടങ്ങിയ ചമ്പുക്കളിൽനിന്നു പല ഉദാഹരണങ്ങളും എടുത്തുകാണിച്ചതിനുശേഷം കൊല്ലം 737_ൽ തീപ്പെട്ട വീരകേരളവർമ്മ(രാജരാജ)മഹാരാജാവിൻെറ കാലത്തു മഴമംഗലത്തു

നമ്പൂതിരി മഹിഷമംഗലമാണെന്നും, 740 മുതൽ 776 വരെ നാടു വാണ രാജവൎമ്മമഹാരാജാവിന്റെ കാലത്തു രാജരത്നാവലീയവും നിൎമ്മിച്ചുവെന്നും ഉള്ളൂർ ഊഹിക്കുന്നു. ആകയാൽ ഏതാണ്ടു് അതിന്നടുത്ത ഒരു കാലത്തുതന്നെയായിരിക്കണം ഭാഷാനൈഷധചമ്പൂവും നിൎമ്മിതമായതു്. കൊല്ലം 710 മുതൽ 770 വരെയാണു് മഴമംഗലത്തു നമ്പൂതിരിയുടെ ജീവിതകാലമെന്നു് ഉള്ളൂർ വിചാരിക്കുന്നു.

ഈ ഊഹത്തിന്നു സാധകമായി വേറെയും ചില സംഗതികൾ ഉണ്ടെന്നു് ഉള്ളൂർ കാണിച്ചിരിക്കുന്നു. മഴമംഗലത്തിന്റെ കൃതിയെന്നു വിശ്വസിക്കപ്പെടുന്ന 'കൊടിയവിരഹ'ത്തെ അനുകരിച്ചുകൊണ്ടു നാരായണീയകൎത്താവായ സാക്ഷാൽ മേപ്പത്തൂർ ഭട്ടതിരി 'കോടിവിരഹം' എന്ന രമണീയമായ ഒരു സംസ്കൃതകാവ്യം നിൎമ്മിച്ചതായിട്ടാണു് മഹാകവിയുടെ ഊഹം. കൊടിയവിരഹത്തിലെയും കോടിവിരഹത്തിലെയും ഇതിവൃത്തത്തിന്നു സാരമായ വ്യത്യാസമില്ല. കൊടിയവിരഹം നായികാപരമായ ഒരു പദ്യംകൊണ്ടും കോടിവിരഹം നായകപരമായ ഒരു ശ്ലോകംകൊണ്ടുമാണു് ആരംഭിക്കുന്നതു്. രണ്ടിലെയും നായകൻ സംഗീതകേളുവാകുന്നു. കൊടിയവിരഹത്തിലെ നായിക ശൃംഗാരചന്ദ്രിക; കോടിവിരഹത്തിലെ നായിക ശൃംഗാരലീലയും. കൊടിയവിരഹത്തിൽ നായകൻ ഒരു രാജാവും കോടിവിരഹത്തിൽ നായകൻ ഒരു നമ്പൂതിരിയുമാണെന്നുള്ള വ്യത്യാസമുണ്ടു്. നായികാനായകന്മാൎക്കു പരസ്പരം അനുരാഗം ജനിക്കുന്നതു് ഒരു പാൎവ്വതീക്ഷേത്രത്തിൽവെച്ചാണു് രണ്ടു കാവ്യത്തിലും. കൊടിയവിരഹത്തിൽ നായിക നായകനെ ബഹിഷ്കരിക്കുന്നതുപോലെ കോടിവിരഹത്തിലും നായിക നായകനുമായി വേർപെടുന്നു. കൊടിയവിരഹത്തിലെ നായകബഹിഷ്കരണത്തിന്നു കാരണം [illegible]ളുടെ വാക്കാണു്; കോടിവിരഹത്തിലാകട്ടെ നായിക സ്വപ്നത്തിൽ നായകന്റെ പരനാരീഗമം കണ്ടു കുപിതയായിട്ടാണു് വേർപെടുന്നതു്. കഥാവസ്തുവിൽ ഇതുമാത്രമേ

പറയത്തക്ക വ്യത്യാസമുള്ളു. പല പദ്യങ്ങളുടേയും ആശയം രണ്ടു കാവ്യങ്ങളിലും ഒരുപോലെ ഇരിക്കുകയും ചെയ്യുന്നു—ഈവക കാരണങ്ങളാൽ മഴമംഗലത്തിന്റെ കോടിയവിരഹത്തെ അനുകരിച്ചും പരിഷ്കരിച്ചും മേല്പത്തൂർ ഭട്ടതിരി നിർമ്മിച്ചതാകണം സംസ്കൃതത്തിലുള്ള കോടിവിരഹമെന്നാണ് മഹാകവിയുടെ നിഗമനം. ഉള്ളൂരിന്റെ ഗുരുനാഥനായ ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ രവിവർമ്മതമ്പുരാൻ അങ്ങിനെ പറഞ്ഞിട്ടുള്ളതായും അദ്ദേഹം എടുത്തുകാണിച്ചിരിക്കുന്നു. മേല്പത്തൂർ ഭട്ടതിരിയുടെ ജനനം കൊല്ലം 735-ാമാണ്ടിലാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. അപ്പോൾ 710 മുതൽ 770 വരെ ജീവിച്ചിരുന്ന മഴമംഗലത്തിന്റെ കൃതിയെ ഭട്ടതിരി അനുകരിക്കുകയും പരിഷ്കരിക്കുകയും ചെയ്തു എന്നതിനു യുക്തിഭംഗമില്ലതാനും.

എന്നാൽ വേറെ ചിലർക്കു മേല്പത്തൂർ ഭട്ടതിരി മഴമംഗലത്തിന്റെ കൃതിയെ പരിഷ്കരിച്ചെഴുതി എന്നുള്ളതു വിശ്വാസ്യമായി തോന്നുന്നില്ല. മഹാപണ്ഡിതനും, നാരായണീയത്തിന്റെ നിർമ്മാതാവും, നിരവധി ചമ്പൂഗ്രന്ഥങ്ങളുടെ കർത്താവും, പ്രക്രിയാസർവ്വസ്വം, ധാതുകാവ്യം എന്നിവയുടെ പ്രണേതാവുമായ മേല്പത്തൂർ ഭട്ടതിരി തന്റെ സമകാലികനായ മറെറാരു കവിയുടെ ഒരു ഭാഷാകൃതിയെ അനുകരിക്കുകയോ പരിഷ്കരിക്കുകയോ ചെയ്യാൻ കാരണമില്ല. അചുംബിതങ്ങളായ ആശയങ്ങളോടുകൂടിത്തന്നെ രസികരസായനങ്ങളായ കൃതികൾ വിരചിക്കുവാൻ കഴിവുള്ളവനാണ് മേല്പത്തൂർ. അദ്ദേഹത്തിനു ഭാഷാകവിതകളോടു വലിയ പ്രതിപത്തിയുണ്ടായിരുന്നില്ലെന്നു കേൾവിയുമുണ്ട്. ഭക്താഗ്രേസരനായ പൂന്താനത്തിന്റെ ഭാഷാകർണ്ണാമൃതം വായിച്ചുനോക്കി തെററു തിരുത്തിക്കൊടുക്കുവാൻ പോലും ആ സംസ്കൃതപക്ഷപാതി സന്നദ്ധനായില്ലെന്നുള്ള ഐതിഹ്യം സുപ്രസിദ്ധമാണല്ലോ. എന്നാൽ പിന്നെ കൊടിയവിരഹവും കോടിവിരഹവും ഒരേ കരുവിൽ വാർത്തതായി കാണപ്പെടുവാൻ കാരണമെന്തെന്ന് ഒരു ചോദ്യം വരാം. അതു് എളുപ്പത്തിൽ

ഉത്തരം പറയാവുന്ന ചോദ്യമാണ്: മേപ്പത്തൂർ ഭട്ടതിരി കോടിവിരഹം എന്ന സംസ്കൃതകാവ്യം നിർമ്മിച്ചു; മഴമംഗലം അതിനെ അനുകരിച്ച് അല്ലാല്ലം വ്യത്യാസങ്ങളോടുകൂടി കൊടിയവിരഹവും വിരചിച്ചു—എന്നായാൽ വിരോധമെന്തു? ഭാഷാചമ്പുക്കളിൽ ഇതരകവികളുടെ ആശയങ്ങളും അപഹരണങ്ങളും ധാരാളമുള്ളതുകൊണ്ട്, ഒരു ഭാഷാചമ്പൂകർത്താവിനെ സംബന്ധിച്ചിടത്തോളം ഇതിൽ അസാംഗത്യവുമില്ല. അപ്പോഴം സംശയം വേറെ ഒന്നായി: ഭട്ടതിരിയുടെ കാലവും മഴമംഗലത്തിന്റെ കാലവും ഏതാണ്ട് ഒന്നായ സ്ഥിതിക്കു മഴമംഗലം ഭട്ടതിരിയുടെ കൃതിയെ അനുകരിച്ചിരിക്കുമോ? ഈ സംശയം എതിർപക്ഷക്കാരുടെ വിഷയത്തിലും സംഭാവ്യമാകുന്നു അതിരിക്കട്ടെ. മഴമംഗലത്തിന്റെ കാലംതന്നെ ഭട്ടതിരിയുടെ കാലത്തിനുശേഷമാണെന്നു വന്നാൽ ഇതിൽ യുക്തിഭംഗമില്ലല്ലോ.

അങ്ങിനെയും ഒരഭിപ്രായമുണ്ട്. ഭാഷാനൈഷധചമ്പുവിൽ "പ്രത്യക്ഷസ്വർഗ്ഗസൗഖ്യം ചിരമനുബുഭുജേ നൈഷധോ നീതിശാലീ" എന്നു കാണുന്നുണ്ട്. ഇതിൽ 'പ്രത്യക്ഷസ്വർഗ്ഗസൗഖ്യം' എന്നതു നൈഷധചമ്പു നിർമ്മിച്ചതിന്റെ കലിദിനത്തെ കാണിക്കുന്നു. ഈ കലിദിനം കൊല്ലവർഷമാക്കി മാററി കല്യബ്ദവും കൊല്ലവർഷവും തുല്യമാക്കുന്നതിനുള്ള പ്രക്രിയ ചെയ്താൽ കൊല്ലം 826-ാമാണ്ടടുത്താണ് നൈഷധചമ്പുവിന്റെ നിർമ്മാണമെന്നു സിദ്ധിക്കും. അപ്പോഴം രണ്ടു കവികളുടേയും കാലത്തിന്നു കുറെ അന്തരം നേരിടുകയും ചെയ്യും.

മേൽക്കാണിച്ച അഭിപ്രായത്തിന്നു വലിയ കഴമ്പുണ്ടെന്നു തോന്നുന്നില്ല. 'പ്രത്യക്ഷസ്വർഗ്ഗസൗഖ്യം' എന്നതു കലിദിനസംഖ്യയെ കാണിക്കുന്നതല്ല; അതു മഴമംഗലത്തിന്റെ കൃതികളിൽ സാധാരണമായുള്ള ഒരു പൊതുപ്രയോഗംമാത്രമാണ്. നൈഷധചമ്പുവിലെന്നപോലെ "പ്രത്യക്ഷസ്വർഗ്ഗസൗഖ്യശ്രിയമനുബുഭുജേ ഭൂമി

ണം ഭൂപതീനാം" എന്നു രാജരത്നാവലീയത്തിലും, "പ്രത്യക്ഷസാങ്ഗസൌഖ്യശ്രിയമനുബുഭുജേ തത്ര സംഗീതകേളൗ" എന്നു കൊടിയവിരഹത്തിലും പ്രയോഗമുണ്ടു്. നൈഷധചമ്പുവും രാജരത്നാവലീയവും കൊടിയവിരഹവും ഒരേ കലിദിനത്തിൽ നിർമ്മിക്കപ്പെട്ടുവെന്നു വിചാരിക്കുന്നതു് ഒരു വിധത്തിലും യുക്തമാകയില്ല. ഈ 'പ്രത്യക്ഷസാങ്ഗസൌഖ്യം' മഴമംഗലത്തിന്റെ കാവ്യമുദ്രയാണെന്നും, ആ പ്രയോഗം കാണുന്ന കൃതികൾ മഴമംഗലവിരചിതങ്ങളാണെന്നു മാത്രമേ ഇതു തെളിയിക്കുന്നുള്ളുവെന്നും വിചാരിക്കണം. ആകയാൽ മഹാകവി ഉള്ളൂർ കാണിച്ചിട്ടുള്ള കാലംതന്നെയായിരിക്കാം മഴമംഗലത്തിന്റെ കാലമെന്നു് ഊഹിക്കുന്നതാണ് യുക്തമായി തോന്നുന്നതു്.

ഭാഷാസാഹിത്യനഭോമണ്ഡലത്തിലെ ഒരു സമുജ്ജ്വലതാരമായ മഴമംഗലത്തു നമ്പൂതിരിയുടെ ഈ കൃതി എന്നെന്നും അനശ്വരതേജസ്സോടുകൂടി പ്രകാശിക്കുമെന്നുള്ളതിൽ ആർക്കും രണ്ടഭിപ്രായമുണ്ടാകുവാൻ വഴിയില്ല

—കെ. വി. എം.

ഹരിഃ ശ്രീ ഗണപതയേ നമഃ

അവിഘ്നമസ്തു.

ഭാഷാനൈഷധചമ്പു

(പൂർവ്വഭാഗം)

അയ്മ്പത്തൊന്നക്ഷരാളീകലിതതനുലതേ
വേദമാകുന്ന ശാഖി-
ക്കൊമ്പത്തന്പോടു പൂക്കും കുസുമതതിയിലേ-
ന്തുന്ന പൂന്തേൻകുഴമ്പേ,
ചെമ്പൊൽത്താർബാണഡംഭപ്രശമനസുകൃതോ
പാത്തസൌഭാഗ്യലക്ഷ്മീ-
സമ്പത്തേ കുമ്പിടുന്നേൻ കഴലിണ വലയാ-
ധീശപത്നീ വിശ്വനാഥേ. ൧

വ്യാഖ്യാനം

പണ്ഡിതവരേണ്യനും മഹാകവിയുമായ് മഴമംഗലത്തു നമ്പൂതിരി കാവ്യപ്രയോജനങ്ങളായ യശസ്സ്—അർത്ഥം—ലോകവ്യവഹാരജ്ഞാനം—അശുഭപരിഹാരം—പെട്ടെന്നുള്ള പരമനിർവൃതി—കൃത്യാകൃത്യവിവേകം എന്നിവയെ മുൻനിർത്തി, അവയിൽവെച്ചു പ്രധാനമായ അശുഭപരിഹാരത്തിന്നുവേണ്ടി "കാർക്കോടകസ്യ നാഗസ്യ ദമയന്ത്യാ നളസ്യ ച । ഋതുപർണ്ണസ്യ രാജർഷേഃ കീർത്തനം കലിനാശനം" എന്ന വചനപ്രകാരം കലിദോഷനാശനമായ നളചരിതത്തെ മധുരകോമളങ്ങളായ പദ്യഗദ്യങ്ങളടങ്ങി ഹൃദ്യമായിരിക്കുന്ന മണിപ്രവാളചമ്പുപ്രബന്ധംകൊണ്ടു വർണ്ണിപ്പാനുദ്ദേശിച്ചി

ട്ട്, കാവ്യാരംഭത്തിങ്കൽ ഇഷ്ടദേവതാനമസ്കാരരൂപമായ മംഗളം ആചരിക്കുന്നു—

അമ്പത്തൊന്ന............തനുലത=അമ്പത്തൊന്നക്ഷരങ്ങളുടെ ആളി (സമൂഹം)കൊണ്ടു കലിതം (ഘടിതം) ആയ തനുലതയോടു് (ലതപോലെ മാർദ്ദവാദികളുള്ള ശരീരത്തോടു്) കൂടിയവരും, അതായതു മാതൃകാവർണ്ണരൂപിണിയായവരും. വേദമാകുന്ന........പൂന്തേൻകുഴമ്പു്=വേദമാകുന്ന ശാഖിയുടെ (മരത്തിന്റെ) കൊമ്പത്തു ഭംഗിയായി പൂക്കുന്ന കുസുമതതിയിൽ (പുഷ്പസമൂഹത്തിൽ) ഏറ്റുന്ന (നിറഞ്ഞുവഴിയുന്ന) പൂന്തേൻകുഴമ്പു് (വേദശിരസ്സായ ഉപനിഷത്തിന്റെ സാരം) ആയിട്ടുള്ളവരും. ചെമ്പൊൽത്താർ..........ലക്ഷ്മീസമ്പത്തു്=ചുവന്ന പൊൻതാമരപ്പൂവു് ബാണമായിട്ടുള്ളവന്റെ (കാമദേവന്റെ) ഡംഭത്തെ പ്രശമിപ്പിച്ചവന്റെ, അതായതു പരമശിവന്റെ, സുകൃതങ്ങളാൽ ഉപാത്തമായ (സമ്പാദിക്കപ്പെട്ട) സൌഭാഗ്യലക്ഷ്മിയുടെ (മനോഹരമായ പ്രേമാതിശയത്തിന്റെ അഥവാ ഐശ്വര്യം—വീര്യം—യശസ്സ്—ശ്രീ—ജ്ഞാനം—വൈരാഗ്യം എന്നിങ്ങനെ ഭഗശബ്ദംകൊണ്ടു പറയപ്പെടുന്ന ഐശ്വര്യാദിഷഡ്ഗുണസാമഗ്ര്യത്തിന്റെ) സമ്പത്തായിട്ടുള്ളവരും. വലയാധീശ്വരി=ഊരകത്തമ്മതിരുവടി. വിശ്വനാഥ=ലോകനായിക [എല്ലാററിന്റേയും സംബോധന] കുമ്പിടുന്നേൻ കഴലിണ=ഞാൻ ഇരുതൃക്കാലടികളേയും നമസ്കരിക്കുന്നു.

ഇതിൽ അമ്മതിരുവടിയെ വർണ്ണാത്മികയായ വാഗീശ്വരിയും ഉപനിഷത്തിന്റെ പൊരുളും സൌഭാഗ്യദേവതയുമായി അനുസന്ധാനം ചെയ്തിരിക്കുന്നു. സൌഭാഗ്യശബ്ദത്തിന്നു പ്രകൃതത്തിൽ പ്രേമാതിശയമെന്നും, ഐശ്വര്യാദിഷഡ്ഗുണപരിപൂർത്തിയെന്നുമുള്ള രണ്ടർത്ഥവും വിവക്ഷിക്കപ്പെട്ടിട്ടുണ്ടു്. കാമാക്ഷീദേവിയായ അമ്മതിരുവടി സൌമംഗല്യാധിദേവതയും ശിവശക്തിസ്വരൂപിണിയുമാകുന്നു. "ശിവശ്ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭ

വിളം'' എന്ന വചനപ്രകാരം ശിവന്ന് ശക്തിയുടെ സംയോഗത്താലാണ് ഐശ്വൎയ്യാദികൾ സിദ്ധിക്കുന്നത്. പരമശിവൻ ചെയ്ത നിരവധി സുകൃതങ്ങളുടെ പരിപാകത്താൽ അവിടേക്കു ലഭിക്കപ്പെട്ടവളാണ് ഐശ്വൎയ്യാദിഗുണങ്ങളുടെ മൂൎത്തിഭാവമായ ഭഗവതി എന്നു കവിഹൃദയം. മാതൃകാവൎണ്ണങ്ങൾ അയ്മ്പതുമാത്രമേയുള്ളു. ''പഞ്ചാശദ്വൎണ്ണഭേദൈഃ'' ഇത്യാദി സ്തോത്രങ്ങളിൽ അയ്മ്പതെന്നു സംഖ്യാനിൎണ്ണയം ചെയ്തിട്ടുമുണ്ട്. ഇവിടെ അയ്മ്പത്തൊന്നക്ഷരങ്ങളെന്നു പറഞ്ഞതു് ക-ഷ എന്നിവയുടെ സംയോഗമായ ക്ഷകാരത്തെ വേറിട്ടു ഗ്രഹിച്ചിട്ടാകുന്നു. മലയാളഭാഷയിലെ വൎണ്ണമാലയിൽ ക്ഷകാരത്തോടുകൂടി അക്ഷരങ്ങൾ അയ്മ്പത്തൊന്ന് ഉണ്ടല്ലോ. ''വേദമാകുന്ന ശാഖി'' എന്നിടത്തു രൂപകം അലങ്കാരം. അതിന്റെ ''കൊമ്പത്തു പൂക്കും കുസുമതതി'', അതിലെ ''പൂന്തേൻകുഴമ്പു'' എന്നിവയിൽ വിഷയം അൎത്ഥസിദ്ധമാകയാൽ ഈ രൂപകം ഏകദേശവിവൎത്തിയാകുന്നു. ''ചെമ്പൊൽത്താർബാണ'' ഇത്യാദിയിൽ അലങ്കാരം ഹേത്വതിശയോക്തി. മ. ര. ഭ. ന. യ. യ. യ എന്നീ ഗണങ്ങളും ഏഴേഴക്ഷരം കൂടുമ്പോൾ യതിയും വരികയാൽ വൃത്തം സ്രഗ്ദ്ധര.

പാലംഭോരാശിമദ്ധ്യേ ശശധരധവളേ
ശേഷഭോഗേ ശയാനം
മേളംകോലും കളായദ്യുതിയൊടു പടത-
ല്ലുന്ന കാന്തിപ്രവാഹം
നാളന്നേറിത്തുളമ്പും നിരുപമകരുണാ-
ഭാരതിമ്യൽകടാക്ഷം
നാളീകത്താരിൽമാതിൻ കുളുർമുലയുഗളീ-
ഭാഗധേയം ഭജേഥാഃ. ൨

അനന്തരം കവി വിഷ്ണുഭഗവാനെ വന്ദിക്കുന്നു:— പാലംഭോരാശിമദ്ധ്യേ=ശ്രീപാല്ക്കടലിന്റെ നടുവിൽ. ശശധരധവളേ=ചന്ദ്ര

നെയ്പ്പോലെ വെളുത്ത. ശേഷഭോഗേ=അനന്തന്റെ ശരീരത്തിൽ. ശയാനം=കിടക്കുന്നതായും. മേളംകോലും........കാന്തിപ്രവാഹം= മേളംകോലുന്ന (ഭംഗികലർന്ന) കളായദ്യുതിയൊടു (കായാമ്പൂനിറത്തോടു) പടതല്ലുന്ന (പോരിടുന്ന—അതിനോടു തുല്യമായ) കാന്തിപ്രവാഹത്തോടുകൂടിയതായും. നാളന്നേറി........കടാക്ഷം=നാളന്നു് (നാൾതോറും) ഏറിത്തുളുമ്പുന്ന (നിറഞ്ഞുതുളുമ്പുന്ന) നിരുപമമായ (അതുല്യമായ) കരുണാഭാരത്താൽ (കൃപാതിരേകത്താൽ) തിമ്യത്തുകളായ (അലിഞ്ഞുകൊണ്ടിരിക്കുന്ന) കടാക്ഷങ്ങളോടുകൂടിയതായും ഇരിക്കുന്ന. നാളീക........ഭാഗധേയം=നാളീകത്താരിൽമാതിന്റെ (താമരപ്പൂവിൽ കുടികൊള്ളുന്ന ദേവിയുടെ—ലക്ഷ്മീഭഗവതിയുടെ) കുളുർമുലയുഗളിയുടെ (കുളുർകൊങ്കകളുടെ) ഭാഗധേയത്തെ (ഭാഗ്യത്തെ) ഭജേഥാഃ=നീ ഭജിച്ചാലും.

ഇതിൽ വിഷ്ണുഭഗവാനെ കമലാലയയായ മഹാലക്ഷ്മിയുടെ സ്തനതടങ്ങളുടെ ഭാഗ്യമായി കല്പിച്ചിരിക്കുന്നു. ആ ഭാഗ്യം സ്തനതടങ്ങൾക്ക വിഷ്ണുവിനെ ലഭിക്കുന്നതിനുള്ള ഹേതുവാകുന്നു. ഹേതുമത്തായ മഹാവിഷ്ണുവിനെ വാക്കുകൊണ്ടു പറയാതെ ഹേതുവിനെ മാത്രം പറകയാൽ അലങ്കാരം ഹേത്വതിശയോക്തി. "ശശധരധവളേ", "കളായദ്യുതിയൊടു പടതല്ലുന്ന" എന്നിവയിൽ ഉപമയുണ്ടു്. കരുണാഭാരംകൊണ്ടു കടാക്ഷങ്ങൾക്കു് അലിവുണ്ടായതായി പറഞ്ഞിരിക്കയാൽ കരുണാഭാരത്തിന്നു് അമൃതസാദൃശ്യം തോന്നുന്നതുകൊണ്ടു് അവിടെ ഉപമാലങ്കാരം ധ്വനിക്കുകയും ചെയ്യുന്നു.

വിദ്യാസാരസ്യരാശേ സഭയിലിഹ ഭവ-
ന്തം സഖേ കണ്ടനേരം
ചിത്തേ പൊന്നിങ്ങുദിച്ചു പുതിയൊരു പരമാ-
നന്ദപീയൂഷധാരാ
ഹസ്തേകൃത്യാനുകൂലാമഴകുടയ വിദ-
ർഭക്ഷമാപാലപുത്രീ-

മത്യാനന്ദേന മേവുന്നളവു നളമഹീ-
നായകന്നെന്നപോലെ. ൩.

പ്രബന്ധം പറയുന്നതിലെ സമ്പ്രദായമനുസരിച്ച് ആരംഭിക്കുവാൻപോകുന്ന കഥയെ സൂചിപ്പിക്കുന്നു:—വിദ്യാസാരസ്യരാശേ=വിദ്യയുടെ സാരസ്യത്തിൻെറ രാശി (സഞ്ചയം) ആയവനേ, സഖേ=തോഴരേ. [രണ്ടും സംബോധന] ഇഹ=ഇവിടെ. സഭയിൽ, ഭവന്തം=അങ്ങയെ. കണ്ടനേരം, ചിത്തേ=മനസ്സിൽ. പുതിയൊരു=അപൂർവ്വമായ. പരമാനന്ദപീയൂഷധാരാ=മഹത്തായ ആനന്ദാമൃതത്തിൻെറ പ്രവാഹം. പൊന്നിങ്ങുദിച്ചു=ഉണ്ടായിവന്നു. അങ്ങയെ സഭയിൽ കണ്ടപ്പോൾ എൻെറ മനസ്സിൽ അമൃതംപോലെ ആസ്വാദ്യവും അപൂർവ്വവുമായ പരമാനന്ദമുളവായി. ഉത്തരാൎദ്ധത്തിൽ ആ ആനന്ദോദയത്തെ ഉപമിക്കുന്നു:—അനുകൂലാം=മനസ്സിന്നിണങ്ങിയ. അഴകുടയ=സൌന്ദൎയ്യമുള്ള. വിദൎഭക്ഷമാപാലപുത്രീം =വിദൎഭരാജാവിൻെറ മകളെ (ദമയന്തിയെ). ഹസ്തേകൃത്യ=പാണിഗ്രഹണം ചെയ്തിട്ട്. അത്യാനന്ദേന മേവുന്നളവു=അതിസന്തോഷത്തോടെ വസിക്കുമ്പോൾ. നളമഹീനായകന്നെന്നപോലെ=നിഷധരാജനായ നളന്ന് എന്നപോലെ. ദമയന്തിയെ വിവാഹം ചെയ്തു സന്തോഷിച്ചു വസിക്കുമ്പോൾ നളന്നുണ്ടായ ആനന്ദംപോലൊരാനന്ദം എനിക്കങ്ങയെക്കണ്ടപ്പോൾ ഉളവായി.

മുൻപിലത്തെ രണ്ടു പദ്യങ്ങളും കവിവാക്യമായ മംഗളശ്ലോകങ്ങളാകുന്നു. മൂന്നാംശ്ലോകംമുതൽക്കു മേല്പോട്ടുള്ള ഭാഗം അഭിനയത്തോടുകൂടി കഥ പറയുന്ന നടൻെറ വചനമാണ്. നാടകത്തിലെ പ്രസ്താവനയിലെന്നപോലെ പ്രബന്ധത്തിലും നടൻ കഥാസൂചന ചെയ്യുന്നതു സാമ്പ്രദായികമാണ്. "തവാസ്മി ഗീതരാഗേണ ഹാരിണാ പ്രസഭം ഹൃതഃ | ഏഷ രാജേവ ദുഷ്യന്തഃ സാരംഗേണാതിരംഹസാ" എന്നു ശാകുന്തളത്തിലെ കഥാസൂചന നോക്കുക. ഇങ്ങിനെ നടൻെറ വാക്യമായിട്ടുള്ള കഥാസൂചനത്തിന്നു പ്രയോഗം

തിശയം എന്നാണ് നാടകത്തിൽ പേർ. പ്രകൃതത്തിൽ പാംപുല ബന്ധകഥ പറയുന്ന നടൻ സഭയിൽ ഒരു തോഴരെ കണ്ടതായി നടിച്ച് പറയുന്നതാണ് ഈ ശ്ലോകം. 'ഹസ്തേകൃത്യ' എന്നതു് ഒററ പ്പദമാകുന്നു. രണ്ടു പദമാണെങ്കിൽ 'ഹസ്തേ കൃത്വാ' എന്നാകേണ്ടി വരും. അലങ്കാരം ഉപമ.

തണ്ടാർമാതിൻ കടാക്ഷാഞ്ചലകുവലയക-
ല്യാണദാമാഞ്ചിതാത്മാ
വണ്ടാർപൂവേണിമാർതന്മനസിനഴൽകൊടു-
ക്കുന്ന മംഗല്യധാമാ
ഉണ്ടായി പണ്ടുദഞ്ചൽഗ്ഗുണഗണഗരിമാ-
ഭോഗവാൻ ഭൂതധാത്രീ-
കണ്ഠാലംകാരരത്നം നിഷധപതി നളോ
നാമ രാജാ മഹാത്മാ. ൮

ആധികാരികമായ നൈഷധചരിതം ആരംഭിക്കുന്നു:— തണ്ടാർമാതിൻ........താത്മാ=തണ്ടാർമാതിന്റെ (പത്മാലയയായ ലക്ഷ്മീദേവിയുടെ) കടാക്ഷാഞ്ചലം (കടക്കൺനോട്ടത്തിന്റെ അഗ്രം) ആകുന്ന കുവലയകല്യാണദാമം (മംഗളമായ കരിംകുവളപ്പൂമാല) കൊണ്ടു് അഞ്ചിതം (മനോഹരം) ആയ ശരീരത്തോടുകൂടിയവനും വണ്ടാർപൂവേണി........മംഗല്യധാമാ=വണ്ടുപോലെ മനോഹരവും പൂവുചൂടിയതുമായ തലമുടിയുള്ളവരുടെ (സുന്ദരിമാരുടെ) മനസ്സിന്നു്, അഴൽകൊടുക്കുന്ന (താപം നൽകുന്ന) മംഗല്യമായ ധാമം (തേജസ്സ്) ഉള്ളവനും. ഉദഞ്ചൽ........ഭോഗവാൻ=ഉദഞ്ചത്തുകളായ (വർദ്ധിച്ചുകൊണ്ടിരിക്കുന്ന) ഗുണഗണങ്ങളുടെ ഗരിമാഭോഗത്തോടു (ഗൌരവാതിശയത്തോടു) കൂടിയവനും. ഭൂതധാത്രീ........രത്നം=ഭൂമീദേവി കണ്ഠത്തിലണിയുന്ന രത്നമായവനും. നിഷധപതി=നിഷധരാജ്യത്തിന്റെ അധിപതിയുമായിരിക്കുന്ന. നളഃ നാമ=നളൻ

എന്നു പ്രസിദ്ധനായ. മഹാത്മാ രാജാ=മഹാത്മാവായ രാജാവു്. പണ്ടു് ഉണ്ടായി.

വിശേഷണങ്ങളെക്കൊണ്ടു നളന്റെ ധനസമൃദ്ധിയേയും, സൌന്ദയ്യാധിക്യത്തേയും, ദയാദാക്ഷിണ്യാദികളും വീയ്യശൌയ്യാദികളുമായ ഗുണങ്ങളേയും, ഇതരരാജാക്കന്മാരെക്കാൾ കൂടുതലായ രാജശക്തിയേയും, മനോഗുണത്തേയും സൂചിപ്പിച്ചിരിക്കുന്നു. ലക്ഷ്മീദേവിയുടെ കടാക്ഷത്തെ കുവലയമാലയാക്കി രൂപണം ചെയ്തിരിക്കയാൽ അലങ്കാരം രൂപകം.

ആത്താനാമാശ്രിതാനാമഭിമതമഖിലം
ചേത്തു നിത്യം പ്രജാനാ-
മാത്താടോപാനരാതിക്ഷിതിഭടനിവഹാ-
നാഹവേ വെന്നശേഷാൻ
കീത്ത്യാ പാൽപ്രായമാക്കിപ്പുനരുലക പതി-
നാലുമന്യൂനരാഗാം
ധാത്രീമേകാതപത്രാമനുദിവസമസൌ
പാലയാമാസ ധീമാൻ. ൬

ആത്താനാം ആശ്രിതാനാം പ്രജാനാം=ദുഃഖമുള്ളവരും ആശ്രയിച്ചവരുമായ പ്രജകളുടെ. അഖിലം അഭിമതം=എല്ലാ അഭീഷ്ടത്തെയും. നിത്യം ചേത്തു്=എല്ലായ്പോഴും നിറവേററി. ആത്താടോപാൻ= ഉള്ളിൽ അഹങ്കാരമുള്ളവരായ. അരാതിക്ഷിതിഭടനിവഹാൻ അശേഷാൻ=ശത്രുഭൂമികളിലുള്ള ഭടസമൂഹങ്ങളെ മുഴുവനും. ആഹവേ വെന്നു്=യുദ്ധത്തിൽ ജയിച്ചു്. പുനഃ=പിന്നെ. ഉലക പതിന്നാലും കീത്ത്യാ പാൽപ്രായമാക്കി=പതിന്നാലു ലോകങ്ങളേയും കീത്തികൊണ്ടു പാലോടു തുല്യമാക്കി. അന്യൂനരാഗാം=കുറവില്ലാത്ത രാഗത്തോടു(അനുരാഗത്തോടു)കൂടിയ. ധാത്രീം=ഭൂമിയെ. ഏകാതപത്രാം=ഒററവെൺകൊററക്കുടക്കീഴിൽ വത്തിക്കുന്നതാക്കിയിട്ടു്. ധീ

മാൻ അസൌ=ബുദ്ധിമാനായ ആ നളൻ. അനുദിവസം പാലയാ മാസ=ദിവസംതോറം സംരക്ഷിച്ചു.

നളൻെറ ദാനശീലം, ആശ്രിതവാത്സല്യം, ശത്രുസംഹാരചാടവം, സൽകീൎത്തി എന്നിവയെ ഇതിൽ വൎണ്ണിച്ചിരിക്കുന്നു. രാഗശബ്ദത്തിന്നു് അനുരാഗമെന്നും ശോഭയെന്നും അൎത്ഥമുണ്ടു്. ഈ രണ്ടൎത്ഥവും ധാത്രിയുടെ വിശേഷണത്തിൽ യോജിച്ചിരിക്കുന്നു. കീൎത്തി ധവളമാണെന്നു കവിസങ്കേതപ്രസിദ്ധിയുണ്ടു്. 'അന്യൂനരാഗാം' എന്ന വിശേഷണത്തിൻെറ സാമൎത്ഥ്യത്താൽ ഭൂമിക്കു കാന്താസാമ്യം വ്യഞ്ജിക്കുന്നു. 'കീൎത്ത്യാ പാൽപ്രായമാക്കി' എന്നേടത്തു് അലങ്കാരം ഉപമ.

ഗദ്യം

ഹര ഹര ശിവ ശിവ ചിത്രം ചിത്രം നിഷധനൃപാന്വയമകുടീരത്നം ധാത്രീചക്രം കാത്ത ദശായാം സപ്തപയോനിധിഭൂധരകാനനപത്തനജാലപരിസ്തൃതമാകിന പൃഥ്വീഭാരമിവങ്കലിറക്കിട്ടിക്കരിപാളിയുമദ്രിപ്രവരരുമഹികുലനാഥനുമാദിമകമഠവുമത്തോളിത്തുതോളിത്തുമാറിത്ഥം ശ്ലനാളങ്ങളെ തിരിച്ചു തിരുമ്മിയുമെത്ര കൊതിച്ചോരു വിശ്രമസൌഖ്യം വിശപാസേന ചിരായ ഭജന്തേ—ഉത്തരളദ്യുതിമെത്തിടുന്നണിപുകഠംനിറവെന്നും പുത്തൻചന്ദ്രിക നിത്യം തട്ടിക്കുമ്പിട്ടുന്നൊരു നാഭീനളിനഗൃഹോദരമദ്ധ്യേ നീരജഭവനാം നീരസക്ലമണി നിയതമകപ്പെട്ടതു കണ്ടേററം സന്തോഷത്തൊടു ചെന്താർമങ്കയുമംബുജലോചനപരിരംഭാമൃതമായ സുഖാംബുധിമദ്ധ്യേ മുങ്ങിത്തിങ്ങിന മോദം മങ്ങീടാതണികീൎത്തി വിളങ്ങിന നിഷധനൃപാന്വയമകുടമഹാമണി വാണീടേണം ക്ഷോണിയിലിന്നും കല്പാന്തത്തോളമെന്നു നിതാന്തം നേൎന്നുതുട

ങ്ങി—മട്ടമലർശരനൊട്ട പടപൊരുതീട്ടും മധുരതരാകൃതി കണ്ടു നിതാന്തം മനസി മുഴുത്തൊരു മദനതുരാൽ പൂണ്ടവനിയിൽ മേവും തരുണീപാളികളയ്യോ പാപമൊരുനാളിവനെശ്ശയ്യാഗാരേ കണ്ടാവൂ ഞാൻ, പയ്യാകലധ്വനി പരിചൊട്ടു മെയ്യും കയ്യും ചേർത്തു പുണന്നാവൂ ഞാൻ, മധുരിമകൊണ്ടടനധരിതമധുരസമധരാസ്വാദം ചെയ്താവൂ ഞാൻ, അമൃതിലുലമ്പിന വാക്കുകളൊരുനാളമിതാനന്ദം കേട്ടാവൂ ഞാൻ, പരിമളമിളകിന പുരികുഴൽനികരം പരിചൊടണഞ്ഞു മുകഴ്ന്നാവൂ ഞാൻ ഇത്ഥമനേകമനോരഥമുൾക്കൊണ്ടവശമമുദ്രേ രാഗസമുദ്രേ നീന്തീട്ടുന്നതിലെന്തൊരപൂവ്വം, ദിനമനു സതതം ദേവസഭായാം ചെന്നു തദീയം ചരിതവിലാസം ചാരണപാളികൾ വാഴ്ത്തുന്നതു കേട്ടയ്ന്താർശരമാലന്തർഭാഗേ ഹന്ത മുഴുത്തുടനന്ധതകൈക്കൊണ്ടുവ്വശി മേനക രംഭ തിലോത്തമ മുമ്പായുള്ള നിലിംപപുരസ്ത്രീകൾ തേടും പാട്ടുകളോക്കും നേരം— അധിസമരാങ്കണമധികഭയങ്കരമപരമിവാന്തകമാലോക്യാമും നാട്ടും വീട്ടും നിഖിലമുപേക്ഷിച്ചാടൽപ്പാടേ റോടിച്ചാടിശ്ശ്ശുദ്ധം കഹചന കാട്ടുകൾതോറും പുക്കുവസിക്കും വൈരിനൃപാലകവാമാക്ഷീജനമകമേ പെരിയൊരു ശോകം കൈക്കൊണ്ടംഗജകേളിക്കുദകം നല്കുന്നാശ്രുജലം കൊണ്ടംബുധിസലിലവുമാവിലമാസീൽ — പാലനകൌശലമെത്ര വിചിത്രം! കാലം പോരാ സകലം പറവാൻ— ആപത്തെന്നുള്ളക്ഷരവും പുനരവനീലങ്ങു പറഞ്ഞില്ലാരും—ചൊല്ലെറുമോരോ വിപ്രവരന്മാരെപ്പൊഴുമോരോ കമ്മം ചെയ്താലാഹുതിഭാഗാനാഹാരിച്ചിട്ടമരവരാണാം തൃപ്തി കലൻ്റു മേലേ മേലേ പൌലോമീപതി കാലേ കാ

ലേ മഴ ചൊരിയിച്ചു. വർഷഗുണംകൊണ്ടഭിമതസസ്യം വസുധാചക്രേ നിളെ നിറഞ്ഞു. അഭിമതലാഭാദ്ദാരിദ്ര്യം പുനരപഗതമാസീദഖിലജനാനാം. അവരവർ നല്ലിന ഷൾഭാഗംകൊണ്ടവനീപാലനമുദധി വളൎന്തു — ചിത്രമി തേക്കാളിന്നും പറയാം മിത്രാപായേ ഹിതാ കുമുദം ചി ത്താനന്ദം വന്നീലാക്കും—ദോഷാഗമനേ ശശധരനെന്ന്യേ തോഷം കണ്ടീലാക്കുമൊരുനാൾ—മിന്നും കുടകളിലെന്ന്യേ യൊരുനാൾ പൊന്നുംദണ്ഡം കണ്ടീലെങ്ങും—ഭാരതചരി തംതന്നിലൊഴിഞ്ഞൊരു കൎണ്ണച്ഛേദം കേട്ടീലെങ്ങും—രാമ കഥായാമെന്നിതൊഴിഞ്ഞൊരു ദൂഷണചരിതം കേട്ടീലാ രും വൎണ്ണവിലോപം വ്യാകരണത്തിൽത്തന്നേ കേവലമു ളളു കേൾപ്പാൻ—ഹസ്തികദംബം ഹിതാ ഭ്രമൈ മത്തത പൂണ്ടു നടന്നിലാരും—മേളം കോലും ചമരിമൃഗാണാം ബാ ലവിനാശം കേവലമാസീൽ—പുരികുഴൽനിരകളിലൊഴി കെ വധൂനാം പരമൊരു കുടിലത നൈവ ധരായാം—കള മൃദുമൊഴിമാർമിഴികളിലൊഴിയേ കളവുകളും ഭുവി കാ ണ്മാൻ നഹി നഹി—കഠിനതയും പുനരാസാമിതവിയ ത ടമുലയിണയിലൊഴിഞ്ഞില്ലെങ്ങും — പൃഥ്വീചക്രേ ദാരി ദ്ര്യസ്ഥിതി മുദ്ധാക്ഷീണാം മദ്ധ്യേ കേവലമിത്ഥം വാൎത്ത കിലെത്ര സഹസ്രം പൃഥ്വീനാഥചരിത്രവിശേഷം—

ഈ ഗദ്യംകൊണ്ടു നായകനായ നളന്റെ ഭരണസാമൎത്ഥ്യം മു തലായവയെ വൎണ്ണിക്കുകയാണു ചെയ്യുന്നത്. ഒന്നാമതായി ഭരണ സാമൎത്ഥ്യത്തെ വിവരിക്കുന്നു:—"ഹരഹരശിവശിവ" എന്നതു ആശ്ചൎയ്യമൂലമായിട്ടുള്ള മനസ്സിന്റെ വ്യാക്ഷേപത്തെ ദ്യോതിപ്പിക്കു ന്നു. മനസ്സിന്നു പ്രബലമായ വ്യാക്ഷേപം വരുമ്പോൾ ഭഗവന്നാ മങ്ങളെ ഉച്ചരിക്കുന്നതു ആസ്തികന്മാരായ കേരളീയരുടെ ഇടയിൽ

നടപ്പുണ്ട്. ' ചിത്രം ചിത്രം=ആശ്ചയ്യമാശ്ചയ്യം. നിഷധ........ര ത്നം=നിഷധരാജവംശത്തിൽ കിരീടമണിയായിട്ടുള്ളവൻ (നളൻ). ധാത്രീചക്രം=ഭൂമണ്ഡലം കാത്ത ദശായാം=കാത്ത സമയത്തിങ്കൽ. സപ്തപയോനിധി........പൃഥ്വീഭാരം=ഏഴു സമുദ്രങ്ങളാലും ഏഴു പ വ്വതങ്ങളാലും കാനനങ്ങളാലും പട്ടണസമൂഹങ്ങളാലും ചുററപ്പെ ട്ടിരിക്കുന്ന ഭൂമിയുടെ ഭാരം. ലവണം, ഇക്ഷുരസം, മദ്യം, നെയ്യ്, തൈരു്, പാല്, വെള്ളം എന്നിവ നിറഞ്ഞ സമുദ്രങ്ങളാണ് ഏഴു സമുദ്രങ്ങളെന്നും മഹേന്ദ്രം, മലയം, സഹ്യം, ശുക്തിമാൻ, ഋക്ഷം, വിന്ധ്യം, പാരിയാത്രം എന്നിവയാണ് ഏഴു പവ്വതങ്ങളെന്നും പു രാണപ്രസിദ്ധിയുണ്ട്. ഇവങ്കൽ=ഇൗ നളങ്കൽ. ദിക്കരിപാളി= ദിഗ്ഗജങ്ങളുടെ കൂട്ടം. ദിഗ്ഗജങ്ങൾ=ഐരാവതൻ, പുണ്ഡരീകൻ, വാമനൻ, കുമുദൻ, അഞ്ജനൻ, പുഷ്പദന്തൻ, സാവ്വഭൗമൻ, സുപ്രതീ കൻ എന്നീ എട്ടു ഗജങ്ങൾ. അദ്രിപ്രവരർ=മഹേന്ദ്രാദികളായ കു ലപവ്വതങ്ങൾ. അഹികലനാഥൻ=സപ്പരാജനായ അനന്തൻ. ആദിമകമഠം=ആദികൂമ്മം. അത്തോളിത്തോളിതുമാറിത്ഥം=അ തോൾ, ഇൗ തോൾ, ഇൗ മാറ് എന്ന മട്ടിൽ. അതായതു് ഇരുചുമലു കളും മാറും കാണിച്ച് എന്നത്ഥം. ഗളനാളങ്ങൾ=കണ്ഠദേശങ്ങൾ. തിരിച്ച്=വളച്ച്. വിശ്രമസൌഖ്യം=വിശ്രമസുഖം. വിശ്വാസേ ന=വിശ്വാസത്തോടുകൂടി. ചിരായ=വളരെക്കാലമായി. ഭജന്തേ =സേവിക്കുന്നു. ദിക്കരിപാളിതുടങ്ങിയവ 'ഭജന്തേ' എന്ന ക്രിയ യുടെ കത്താക്കളാകുന്നു. നളൻ ഭൂമിയെ ഭരിക്കുന്ന കാലത്തു ഭാരം ചുമന്നുകൊണ്ടിരിക്കുന്ന ദിഗ്ഗജങ്ങളും പവ്വതങ്ങളും അനന്തനും ആദി കൂമ്മവും തങ്ങളുടെ ഭാരം ഒഴിയുകയാൽ വിശ്വാസത്തോടുകൂടി വി ശ്രമസുഖമനുഭവിക്കുന്നുവെന്നു സാരം. ദിഗ്ഗജാദികൾ ലോകങ്ങളെ ചുമന്നുകൊണ്ടിരിക്കുന്നവരാണെന്നു പുരാണപ്രസിദ്ധിയുണ്ട്. മുമ്പു തോളുകളിലും മാറിലുമായി മാറിമാറി ഭൂഭാരമപ്പിച്ചുകൊണ്ടും കഴുത്തു കൾ തിരിച്ചു തിരുമ്മിക്കൊണ്ടും കുറച്ചിട വിശ്രമിപ്പാൻ വഴിയെ ന്തെന്നു വിചാരിച്ചു കൊതിച്ചുകൊണ്ടിരുന്നവരാണ് അവർ. നള

ന്റെ മരണപാടവംകൊണ്ടു യഥാർത്ഥത്തിൽ ദിഗ്ഗജാദികൾക്കു വിഭ്രമമുണ്ടായിട്ടില്ലെങ്കിലും ഉണ്ടായതായി കല്പിച്ചിരിക്കയാൽ സംബന്ധാതിശയോക്തി അലങ്കാരം.

കീർത്തിയെ വർണ്ണിക്കുന്നു:—ഉത്തരളദ്യുതിഃ=അതിചഞ്ചലമായ തിളക്കം. മെത്തീടുന്ന=വർദ്ധിച്ചിരിക്കുന്ന. അണിപുകൾനിറവെന്നും=മനോഹരമായ കീർത്തിയുടെ നിറവാകുന്ന. പുത്തൻചന്ദ്രിക=പുതുനിലാവ്. നാഭീനളിനഗൃഹോദരമധ്യേ=നാഭിയിലുള്ള താമരപ്പൂവാകുന്ന ഗൃഹത്തിന്റെ ഉള്ളിൽ. നീരജഭവൻ=ബ്രഹ്മാവ്. നീരസകലമണി=രസജ്ഞരല്ലാത്തവരുടെ കൂലത്തിൽ രത്നമായവൻ. നിയതം=നിശ്ചയമായും. ചെന്താർമങ്ക=ലക്ഷ്മീഭഗവതി. അംബുജലോചന.......മധ്യേ=വിഷ്ണുഭഗവാന്റെ ആലിംഗനമാകുന്ന അമൃതമയ സുഖമാകുന്ന സമുദ്രത്തിന്റെ നടുവിൽ. തിങ്ങിന മോദം മഞ്ഞീടാതെ=വർദ്ധിച്ച സന്തോഷം കുറയാതെ അണികീർത്തിവിളങ്ങിന=സൽക്കീർത്തി തിളങ്ങിയ. നിഷധനൃപാന്വയമകുടമഹാമണി=നിഷധരാജവംശത്തിൽ കിരീടരത്നമായിട്ടുള്ളവൻ (നളൻ). ക്ഷോണിയിൽ=ഭൂമിയിൽ ഇന്നും=ഇനിയും. കല്പാന്തത്തോളം=പ്രളയകാലത്തിങ്കലോളം. നിതാന്തം=ഏറ്റവും. നേർന്നുതുടങ്ങി=പ്രാർത്ഥിച്ചുതുടങ്ങി. നളന്റെ കീർത്തിയാകുന്ന പൂനിലാവു നിത്യവുമേല്ക്കയാൽ കൂമ്പുന്ന വിഷ്ണുഭഗവാന്റെ നാഭിപത്മത്തിൻനടുവിൽ ബ്രഹ്മാവാകുന്ന അരസികശിരോമണി അകപ്പെട്ടതു കണ്ടിട്ടു ലക്ഷ്മീഭഗവതിക്കു അത്യന്തം സന്തോഷമുളവായി. ഭഗവാന്റെ തിരുമാറിൽ വസിക്കുന്ന തനിക്കു നാഭിപത്മത്തിലിരിക്കുന്ന നാന്മുഖൻ കാണുന്നതിനാലുള്ള നാണംകൊണ്ടു ഭഗവാനെ വിസ്രബ്ധമായി ആലിംഗനംചെയ്യാൻ സാധിക്കാറില്ല. നളകീർത്തിചന്ദ്രികയേററു നാഭിപത്മം കൂമ്പിയപ്പോൾ ബ്രഹ്മാവിനെ ക്കൂസാതെ ആലിംഗനസുഖം അനുഭവിപ്പാൻ സാധിച്ചു. അതിനാൽ ശ്രീഭഗവതി മഹാരാജാവായ നളൻ പ്രളയകാലത്തോളം വാഴട്ടെയെന്നു പ്രാർത്ഥിച്ചുതുടങ്ങി എന്നു സാരം. നാഭിപത്മം കൂ

ന്നുക, അതിൽ ബ്രഹ്മാവു് അകപ്പെടുക, ശ്രീഭഗവതി നളന്നു ദീർഘായുസ്സു നേരുക എന്നിവ യഥാർത്ഥത്തിലില്ലെങ്കിലും ഉള്ളതായി കല്പിച്ചിരിക്കയാൽ അലങ്കാരം സംബന്ധാതിശയോക്തിതന്നെ. കീർത്തിയെ ചന്ദ്രികയാക്കി രൂപണംചെയ്തിട്ടുള്ള രൂപകവും ഉണ്ടു്.

രൂപലാവണ്യത്തെ വർണ്ണിക്കുന്നു:—മട്ടമലർശരൻ=പൂവമ്പൻ, കാമദേവൻ. മധുരതരാകൃതി=ഏററവും മധുരമായ ആകൃതി. മനസി=മനസ്സിൽ. മുഴുത്തൊരു=നിറഞ്ഞ. മദനജ്വരാൽ=കാമതാപം. അവനി=ഭൂമി. തരുണീപാളികൾ=യുവതിസമൂഹങ്ങൾ. അയ്യോ പാപം=അയ്യോ കഷ്ടം. ശയ്യാഗാരേ=കിടപ്പറയിൽ. കണ്ടാവൂ ഞാൻ=എനിക്കു കാണ്മാൻ കഴിയേണമേ. പര്യാകുലധൃതി=ഇളകിയ ധൈര്യത്തോടുകൂടി (ക്രിയാവിശേഷണം) പരിചൊടു=വഴിപോലെ. കയ്യും മെയ്യും ചേർത്തു്=കൈകളും ഉടലും അമർത്തു്, മുറുകെ. പുണർന്നാവൂ=പുണരുവാൻ കഴിയേണമേ. മധുരിമ=മാധുര്യം. അധരിതമധുരസം=മധുരസത്തെ (തേനിന്റെ രസത്തെ) അധഃകരിച്ചതു്. അധരാസ്വാദം=അധരത്തിന്റെ ആസ്വാദനം. അമൃതിലുലമ്പിന=അമൃതിൽ മുക്കിയ. അമിതാനന്ദം=അനല്പമായ ആനന്ദത്തോടുകൂടി (ക്രി. വി). പരിമളമിളകിന=തൂമണം പൊഴിഞ്ഞ. പുരികുഴൽനികരം=കേശഭാരം. മുകർന്നാവൂ=മണക്കുവാൻ കഴിയേണമേ. ഇത്ഥം=ഇപ്രകാരം. അനേകമനോരഥം=അനേകം മനോരാജ്യം. അവശം=വശമല്ലാതെ (ക്രി. വി.). അമുദ്രേ=മുദ്ര (അതിര്) ഇല്ലാത്തതായ. രാഗസമുദ്രേ=അനുരാഗമാകുന്ന കടലിൽ. നീന്തീടുന്നതിൽ=നീന്തുന്ന വിഷയത്തിൽ. എന്തൊരപൂർവ്വം=എന്താണാശ്ചര്യം. ദിനമനു=ദിവസംതോറും. സതതം=എല്ലായ്പോഴും. ദേവസഭായാം=ദേവന്മാരുടെ സഭയായ സുധർമ്മയിൽ. തദീയം=അദ്ദേഹത്തെസ്സംബന്ധിച്ച. ചരിതവിലാസം=കഥാവിലാസം. ചാരണപാളികൾ=ചാരണന്മാരുടെ കൂട്ടങ്ങൾ. ചാരണന്മാർ=നാനാസ്ഥലങ്ങളിലുമുള്ള വിശേഷസംഭവങ്ങളെ അവിടങ്ങളിൽ സഞ്ചരിച്ചറിഞ്ഞു ദേവസഭയിൽ വന്നു വർണ്ണിക്കുക തൊഴിലായിട്ടുള്ള ഒരുതരം ഉപദേവന്മാർ. ഐന്ദ്രാർശ

രമാൽ=അഞ്ചമ്പനെക്കൊണ്ടുള്ള സന്താപം. അന്തർഭാഗേ=ഉള്ളിൽ. 'ഹന്ത' എന്നതു ഹർഷദ്യോതകം. അന്ധത=കണ്ണുകാണായ്ക (വിവേകമില്ലായ്ക). നിലിമ്പപുരന്ധ്രികൾ=സ്വർഗ്ഗലോകത്തിലെ വേശ്യമാർ. തേടും പാടുകൾ=അനുഭവിക്കുന്ന കഷ്ടപ്പാടുകൾ. നളന്റെ കാമകോമളമായ രൂപഭംഗി കണ്ടു കാമതാപം പെരുകുകയാൽ ഭൂമിയിലുള്ള തരുണിമാർ അദ്ദേഹത്തെ ശയ്യാഗൃഹത്തിൽ കാണുവാനും, ഗാഢമായി പുണരുവാനും അധരം നുകരുവാനും മധുരഭാഷിതങ്ങൾ കേൾക്കുവാനും കേശപാശം മണക്കുവാനും മററുമുള്ള നാനാമനോരാജ്യങ്ങളിൽ പെട്ട് അതിരില്ലാത്ത അനുരാഗസമുദ്രത്തിൽ നീന്തുന്നതിൽ ആശ്ചര്യമില്ല. എന്തുകൊണ്ടെന്നാൽ, ചാരണന്മാർ ദേവസഭയിൽച്ചെന്നു നളചരിതം വർണ്ണിക്കുന്നതു കേട്ടു കാമതാപം മുഴുക്കുകയാൽ ഉർവ്വശി, മേനക തുടങ്ങിയുള്ള സ്വർലോകസുന്ദരിമാർ തന്നെ പാടില്ലാതെ സങ്കടപ്പെടുന്നു. ഉർവ്വശ്യാദികളുടെ കഷ്ടപ്പാടു വിചാരിക്കുമ്പോൾ ഭൂലോകസുന്ദരിമാർ രാഗസമുദ്രത്തിൽ നീന്തുന്നതിൽ ആശ്ചര്യമില്ലെന്നർത്ഥം. 'മടുമലർശരനൊടു പടപൊരുതീട്ടും' എന്നേടത്തു ലക്ഷിതോപമ.

യുദ്ധപരാക്രമത്തെ വർണ്ണിക്കുന്നു:—അധിസമരാങ്കണം=യുദ്ധരംഗത്തിൽ (അവ്യയീഭാവം). അധികഭയങ്കരം=അധികം ഭയങ്കരനായ. അമും=ഈ നളനെ. അപരം അന്തകം ഇവ ആലോക്യ=മററൊരന്തകൻതന്നെയോ എന്നു തോന്നുമാറു കണ്ടിട്ട്. ആടൽപ്പാട്=കഷ്ടപ്പാട്. ഗൂഢം=ഒളിവായിട്ട് (ക്രി. വി.). കുഹചന=എവിടെയോ ഒരിടത്ത്. വൈരിനൃപാലകവാമാക്ഷീജനം=ശത്രുരാജാക്കന്മാരുടെ സുന്ദരീജനം. ശോകം=ദുഃഖം. അംഗജകേളിക്കുദകം നല്കുന്ന=കാമക്രീഡയ്ക്കു തിലോദകം നല്കുകയോ എന്നു തോന്നുമാറിരിക്കുന്നു. അശ്രുജലം=കണ്ണീർ. അംബുധിസലിലം=കടൽവെള്ളം. ആവിലമാസീൽ=കലങ്ങിയതായി ഭവിച്ചു. പടക്കളത്തിൽ അന്തകതുല്യനായ നളനെ കണ്ടിട്ടു പേടിച്ചൊളിച്ചോടി കാടുകയറിയ ശത്രുനൃപന്മാരുടെ കാന്തമാർ ഭർത്തൃവിരഹത്താൽ പീഡിതമാരായി, കാമക്രീഡയ്ക്കു

കം നല്കുകയോ എന്നു തോന്നുമാറു് ഒഴുകിയ കണ്ണുനീർകൊണ്ടു സമുദ്രത്തിലെ വെള്ളംകൂടിയും കലങ്ങിവശായി. സമുദ്രജലത്തിനു കലക്കമുണ്ടായില്ലെങ്കിലും ഉണ്ടായതായി പറഞ്ഞിരിക്കയാൽ സംബന്ധാതിശയോക്തി അലങ്കാരം. മരിച്ചുപോയ ആളെ സ്മരിച്ചു ചെയ്യുന്ന തിലോദകക്രിയയാണു് ഉദകംനല്കൽ. വിരഹിണികളായ ശത്രുസ്ത്രീകൾ തങ്ങളെ പിരിഞ്ഞ കാന്തന്മാരെ സ്മരിച്ചു കണ്ണീരൊഴുക്കുന്നതു കണ്ടാൽ അവരുമായുള്ള കാമക്രീഡയ്ക്കു ഉദകം നല്കുകയാണോ എന്നു തോന്നുമെന്നു പറഞ്ഞിരിക്കയാൽ ഉൽപ്രേക്ഷാലങ്കാരം ധ്വനിക്കുന്നു.

രക്ഷാസാമർത്ഥ്യത്തെ വർണ്ണിക്കുന്നു:—പാലനകൗശലം=രക്ഷാസാമർത്ഥ്യം. എന്തു വിചിത്രം=എന്തു ആശ്ചര്യം. ആപത്തു്=അനർത്ഥം. അവനീൽ=ഭൂമിയിൽ (അവനിയിൽ എന്നതിന്റെ ലുപ്തരൂപം). ചൊല്ലെഴും=പ്രസിദ്ധിയുള്ള. വിപ്രവരന്മാർ=ബ്രാഹ്മണശ്രേഷ്ഠന്മാർ. കർമ്മം=യാഗാദികർമ്മം. ആഹുതിഭാഗാൻ=ആഹുതിയുടെ (ഹോമിക്കപ്പെടുന്ന ദ്രവ്യത്തിന്റെ) അംശങ്ങളെ. ആഹാരിച്ചിട്ടും=ഭുജിക്കുന്നേ. അമരവരാണാം=ദേവശ്രേഷ്ഠന്മാർക്കു്. തൃപ്തി=സംതൃപ്തി. മേലേ മേലേ=മേൽക്കുമേൽ. പൗലോമീപതി=ശചീദേവിയുടെ പതി (ഇന്ദ്രൻ). കാലേ കാലേ=കാലംതോറും. ചൊരിയിക്കുക=പെയ്യിക്കുക. വർഷഗണം=വർഷത്തിന്റെ ഗണം. അഭിമതസസ്യം=ഇഷ്ടപ്പെട്ട നെല്ലു മുതലായ സസ്യം. വസുധാചക്രേ=ഭൂമണ്ഡലത്തിൽ. നിഖിലം=എങ്ങും. അഭിമതലാഭാൽ=ഇഷ്ടലാഭംഹേതുവായിട്ടു്. അപഗതം ആസീൽ=അകന്നുപോയതായി ഭവിച്ചു. അഖിലജനാനാം=എല്ലാ ജനങ്ങൾക്കും. ഷൾഭാഗം=ആറിലൊരു ഭാഗം, രാജാവിന്നുള്ള കരം. അവനീപാലൻ=രാജാവു്. ഋദ്ധി=ഐശ്വര്യസമൃദ്ധി.

നളൻ രാജ്യംഭരിക്കുന്ന കാലത്തു ഭൂമിയിൽ ആരും ആപത്തു് എന്ന അക്ഷരംപോലും പറഞ്ഞില്ല. ബ്രാഹ്മണർ യാഗാദികർമ്മങ്ങളെ അനുഷ്ഠിക്കുമ്പോൾ ചെയ്യുന്ന ആഹുതിയുടെ അംശങ്ങൾ ഭു

ജിച്ചിട്ട ദേവകൾക്ക സംതൃപ്തിയുണ്ടായി. അതുനിമിത്തം ഇന്ദ്രൻ കാലം തെറ്റാതെ വഷം ചെയ്തു. വഷഗുണത്താൽ ഭൂമിയിൽ സസ്യസമൃദ്ധിയുണ്ടായി. അഭീഷ്ടസിദ്ധികാരണം ആക്കംതന്നെ ദാരിദ്ര്യമില്ലെന്നായി. ജനങ്ങൾ നല്കിയ കരംകൊണ്ടു രാജാവിന്റെ ഭണ്ഡാരവും നിറഞ്ഞു. "ദേവാൻ ഭാവയതാനേന തേ ദേവാ ഭാവയന്തു വഃ പരസ്പരം ഭാവയന്തഃ ശ്രേയഃ പരമവാപ്സ്യഥ" എന്ന ഗീതാവചനം ഈ ഗദ്യഭാഗത്തിൽ അനുസന്ധേയമാകുന്നു. യാഗം ദേവന്മാരുടെ തൃപ്തിക്ക കാരണം, ദേവതൃപ്തി കാലവഷത്തിന്നു കാരണം, കാലവഷം സസ്യസമൃദ്ധിക്ക കാരണം, സസ്യസമൃദ്ധി ദാരിദ്ര്യഹാനിക്ക കാരണം—ഇങ്ങനെ കാര്യകാരണങ്ങളെ തുടൎന്നു ചങ്ങലപോലെ പറഞ്ഞിരിക്കയാൽ അലങ്കാരം കാരണമാല.

ഭരണഗുണംഹേതുവായിട്ടു പ്രജകളുടെ ഇടയിൽ മര്യാദയും സദാചാരവും വദ്ധിച്ചതായി പറയുന്നു:— ചിത്രമിതേക്കാളിന്നും പറയാം=ഇനിയും ഇതിലധികമായ ഒരാശ്ചര്യം പറയാം. മിത്രാപായേ=സൂര്യാസ്തമയത്തിൽ (ബന്ധുനാശത്തിലെന്നും). കുമുദം ഹിത്വാ=ആമ്പലിനെ ഒഴിച്ച്. ചിത്താനന്ദം വന്നിലാക്കും=ആക്കും മനസ്സിൽ ആനന്ദമുണ്ടായില്ല. ദോഷാഗമനേ=രാത്രിയുടെ വരവിൽ (ദോഷത്തിന്റെ വരവിൽ എന്നും). ശശധരനെന്ന്യേ=ചന്ദ്രനല്ലാതെ. തോഷം=സന്തോഷം. ഒരുനാളും=ഒരു ദിവസവും. മീനം കടകളിലെന്ന്യേ=ശോഭിക്കുന്ന കടകളിലൊഴിച്ച്. പൊന്നുബന്ധം=പൊന്നുപിഴകല്ലിക്കൽ (പൊൻകടക്കാലെന്നും). ഭാരതചരിതംതന്നിലൊഴിഞ്ഞു്=മഹാഭാരതകഥയിലല്ലാതെ കണ്ണുച്ഛേദം=കണ്ണനെ കൊല്ലൽ (ചെവിചെത്തുക എന്നും). രാമകഥായാമെന്നിയെ ഒഴിഞ്ഞു്=ശ്രീരാമന്റെ കഥയിലൊഴികെ. ദൂഷണചരിതം=ദൂഷണനെന്ന രാക്ഷസന്റെ കഥ (പരദൂഷണം പറയലെന്നും). വൎണ്ണവിലോപം=അക്ഷരത്തിന്റെ ലോപം (ബ്രാഹ്മണാദിജാതികളുടെ ലോപമെന്നും). വ്യാകരണത്തിൽ..........കേവലമുള്ളൂ=വ്യാകരണത്തിൽമാത്രമേ ഉള്ളൂ. ഹസ്തികദംബം ഹിത്വാ=ആനക്കൂട്ടത്തെ

ഒഴിച്ച്. ഭൂമൌ=ഭൂമിയിൽ. മത്തത=മദത്തോടുകൂടിയവനെന്ന അവസ്ഥ (ഗർവ്വിഷ്ഠത എന്നും). മേളം കോലും ചമരിമൃഗാണാം കേവലം=ഭംഗിയുള്ള ചമരിമൃഗങ്ങൾക്കുമാത്രം. ബാലവിനാശഃ=ബാലത്തിന്റെ അതായതു വാൽരോമത്തിന്റെ നാശം (ശിശുമരണമെന്നും). ആസീത്=ഭവിച്ചു. പരികഴൽ........വധൂനാം=സ്ത്രീകളുടെ തലമുടിയിലൊഴികെ. കുടിലത=വക്രത (കപടം എന്നും). നൈവ ധരായാം=ഭൂമിയിൽ ഇല്ലതന്നെ. കളമൃദു........ലൊഴിയെ=സുന്ദരിമാരുടെ കണ്ണുകളിലൊഴിച്ച്. കളവുകൾ=കാപട്യങ്ങൾ (ചോരണങ്ങൾ എന്നും) ഭുവി=ഭൂമിയിൽ. നഹി നഹി=ഇല്ലവേയില്ല. കഠിനത=കാർക്കശ്യം (മനസ്സിന്റെ കാഠിന്യം എന്നും). ആസാം=ഇവരുടെ. ഇതവിയ=പ്രസിദ്ധമായ (കഠിനമെന്നു ലോകപ്രസിദ്ധിയുള്ള). തടമുല........ല്ലെങ്ങും=മുലയിണയിലൊഴിച്ച് എവിടെയും ഇല്ല. പൃഥ്വീചക്രേ=ഭൂമണ്ഡലത്തിൽ. ദാരിദ്ര്യസ്ഥിതി=ഒന്നുമില്ലെന്നുള്ള അവസ്ഥയുടെ സ്ഥിതി (അത്യന്തകൃശസ്ഥിതി എന്നും) മുഗ്ദ്ധാക്ഷീണാം=മോഹനമിഴിമാരുടെ. മദ്ധ്യേ കേവലം=മദ്ധ്യദേശത്തിങ്കൽ മാത്രം. വാഴ്ത്തുകിൽ=പുകഴ്ത്തുന്നതായാൽ. എത്ര സഹസ്രം=എത്ര ആയിരം. പൃഥ്വീനാഥചരിത്രവിശേഷം=രാജാവിന്റെ കഥാവിശേഷം. ഇതിലധികം ആശ്ചര്യകരമായ സംഗതി ഇനിയും പറയാം. മിത്രാപായത്തിൽ ആമ്പലിന്നല്ലാതെ ആർക്കും ആനന്ദമുണ്ടായില്ല; ദോഷാഗമനത്തിൽ ചന്ദ്രനല്ലാതെ ഒരാൾക്കും സന്തോഷംഭവിച്ചില്ല; പൊന്നുംഭണ്ഡം കുടകളിലൊഴിച്ച് എങ്ങുമുണ്ടായില്ല; കണ്ണുച്ചേദം ഭാരതകഥയിലല്ലാതെ എവിടെയും കേട്ടില്ല; ദൂഷണചരിതം രാമായണത്തിലൊഴിച്ച് ഒരിടത്തുമില്ല; വർണ്ണലോപം വ്യാകരണശാസ്ത്രത്തിൽമാത്രമേ ഉള്ളൂ; മത്തത ആനക്കൂട്ടത്തിലല്ലാതെ ആളുകളിലുണ്ടായില്ല; ബാലനാശം ചമരിമൃഗങ്ങളിൽമാത്രം; കുടിലത സ്ത്രീകളുടെ മുടികളിൽമാത്രം; കളവുകൾ അവരുടെ കണ്ണുകളിലും കാഠിന്യം അവരുടെ സ്തനതടത്തിലും ദാരിദ്ര്യം അവരുടെ മദ്ധ്യപ്രദേശത്തിലും മാത്രം. 'മിത്രാപായേ' ഇത്യാദികളായ എല്ലാ വാക്യങ്ങളിലും

അലങ്കാരം പരിസംഖ്യ. ഒരു വസ്തു ഒന്നിലില്ല എന്നു നിഷേധിച്ചു മറ്റൊന്നിൽ ഉണ്ടെന്നു സ്ഥാപിക്കുകയാണ് പരിസംഖ്യാലങ്കാരത്തിന്റെ സ്വരൂപം. ഒരിടത്ത് ഒന്നിനെ നിഷേധിച്ചുകൊണ്ടുള്ള ഈ വസ്തുവർണ്ണനം ശ്ലേഷാനുപ്രാണിതമായാൽ കൂടുതൽ ചമൽക്കാരമുള്ളതാകുന്നു. പ്രകൃതത്തിൽ എല്ലാ വാക്യങ്ങളിലും പരിസംഖ്യാലങ്കാരം ശ്ലേഷാനുപ്രാണിതമാണ്. മിത്രാപായം, ദോഷാഗമനം, പൊന്നുംദണ്ഡം, കർണ്ണച്ഛേദം, ദൂഷണചരിതം, വർണ്ണവിലോപം, മത്തത, ബാലവിനാശം, കുടിലത, കളവുകൾ, കഠിനത, ദാരിദ്ര്യസ്ഥിതി എന്നിങ്ങനെ ഓരോ വാക്യത്തിലുമുള്ള പദങ്ങൾക്ക് ശ്ലേഷംകൊണ്ട് ഈരണ്ടർത്ഥമുണ്ടല്ലോ. മിത്രാപായത്തിൽ കുമുദത്തിനുല്ലാതെ ആർക്കും ആനന്ദമുണ്ടായില്ല എന്നു തുടങ്ങി കുമുദാദികളിൽ മാത്രമായി മിത്രാപായത്തിലുള്ള ആനന്ദം തുടങ്ങിയവയെ ഉറപ്പിച്ചിരിക്കയാൽ ജനങ്ങളിൽ അപ്രകാരമുള്ള ആനന്ദം ഒരിക്കലും സംഭാവ്യമാനംകൂടിയല്ലെന്നു സിദ്ധിക്കുന്നു.

ഈ ഗദ്യം വൃത്തഗന്ധിയാകുന്നു. ഒരുതരം വൃത്തത്തിന്റെ ഛായ ഇതിൽ നിഴലിച്ചുകാണാം. "നളിനദളായതലോചനനാകിയ നരകഹരൻതൻ കഥകൾ കഥിപ്പാൻ" എന്ന രീതിയിൽ ഓട്ടൻതുള്ളലുകളിൽ പ്രചുരമായി കാണപ്പെടുന്ന വൃത്തത്തിന്റെ ഛായയാണ് ഈ ഗദ്യത്തിലുള്ളത്. മലയാളഭാഷാചമ്പുക്കളിൽ പലതിലും തുള്ളൽവൃത്തങ്ങളുടെ നിഴലാട്ടം ധാരാളമായി കാണപ്പെടുന്നുണ്ട്. തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കുഞ്ചൻനമ്പ്യാർക്ക് വൃത്തശില്പത്തിൽ ചമ്പൂകാരന്മാരുടെ കാൽനഖേന്ദുമരീചികളായിരിക്കാം മാർഗ്ഗപ്രദർശനംചെയ്തത്.

ഇത്ഥം പ്രത്യഗ്രകീർത്തിപ്രചുരിമ വിളയി-
പ്പിച്ചു ദിക്ചക്രവാളേ
ചിത്താനന്ദേന മേവുന്നളവു നളമഹീ-
നായകേന്ദ്രാജധാന്യാം

മെത്തീടും പുണ്യശാലീ വടിവുടയ വിദ-
ർഭേഷു കശ്ചിന്മഹാത്മാ
പൃത്ഥ്വീപാലശ്ചകാശേ ഭുജബലജിതഭൂ-
മണ്ഡലോ ഭീമനാമാ. ൩

നായികയുടെ കഥ പറയുന്നതിന്നു പ്രാരംഭമായിട്ടു വിദർഭാധിപതിയായ ഭീമരാജാവിനെ ഉപക്ഷേപിക്കുന്നു:—ഇത്ഥം=ഇപ്രകാരം. പ്രത്യഗ്രകീർത്തിപ്രചുരിമ=പുതിയ കീർത്തിയുടെ പ്രാചുര്യം. ദിക്ചക്രവാളേ വിളയിപ്പിച്ച്=ദിക്കുകളുടെ വലയത്തിൽ വർദ്ധിപ്പിച്ച്. നളമഹീനായകേ രാജധാന്യാം ചിത്താനന്ദേന മേവുന്നളവ്=നളരാജാവു രാജധാനിയിൽ മനസ്സന്തോഷത്തോടുകൂടി വസിക്കുന്ന കാലത്തു്. വടിവുടയ വിദർഭേഷു=അഴകുള്ള വിദർഭരാജ്യത്തിൽ [രാജ്യനാമങ്ങളായ പദങ്ങൾ ബഹുവചനാന്തമായിട്ടാണ് പ്രയോഗിക്കാറുള്ളതു്]. മെത്തീടും പുണ്യശാലീ=പ്രവൃദ്ധമായ പുണ്യംകൊണ്ടു ശോഭിക്കുന്നവൻ. മഹാത്മാ=മനസ്സിന്നു മഹത്വമുള്ളവൻ ഭുജബലജിതഭൂമണ്ഡലഃ=കയ്യൂക്കുകൊണ്ടു ഭൂമണ്ഡലത്തെ ജയിച്ചവൻ. ഭീമനാമാ=ഭീമൻ എന്നു പേരുള്ളവൻ [എല്ലാം പൃത്ഥ്വീപാലവിശേഷണം]. കശ്ചിൽ പൃത്ഥ്വീപാലഃ=ഒരു രാജാവു്. ചകാശേ=ശോഭിച്ചു. നളൻ കീർത്തിയോടുകൂടി തന്റെ രാജധാനിയിൽ വസിക്കുന്ന കാലത്തു വിദർഭരാജ്യത്തിങ്കൽ ഭീമൻ എന്നു പ്രസിദ്ധനായി മഹാത്മാവായ ഒരു രാജാവു വാണിരുന്നു.

ആകാംക്ഷാമാശ്രിതാനാമനുദിവസമസൌ
പൂരയൻ വൈരിവീരാ-
നാകെത്തന്നായുധാനാമുരപെറുമിരയാ-
ക്കിച്ചമച്ചാത്തധൈര്യം
ആക്രാമൻ കീർത്തിലക്ഷ്മീമവനിയിൽ മുഴുവൻ
ചേർത്തമന്ദാനുരാഗൈഃ
സാകം ദാരൈരുദാരൈരരമത നഗരേ
കുണ്ഡിനേ ചണ്ഡധാമാ. ൪

ഭീമരാജാവിന്റെ ഗുണങ്ങളെ പ്രശംസിക്കുന്നു:— ചണ്ഡധാമം=തീവ്രമായ തേജസ്സോടുകൂടിയ. അസൌ=ആ ഭീമരാജാവു്. ആശ്രിതാനാം ആകാംക്ഷാം=ആശ്രിതന്മാരുടെ അഭീഷ്ടത്തെ. അനുദിവസം പൂരയൻ=ദിവസംതോറും നിറവേററിക്കൊണ്ടു്. വൈരിവീരാൻ=വീരന്മാരായ ശത്രുക്കളെ. ആകെ=മുഴുവൻ. തന്നായുധാനാം=തന്റെ ആയുധങ്ങൾക്കു്. ഉരപെറ........ച്ചമച്ചു്=ശ്രുതിപ്പെട്ട ഇരയാക്കിത്തീർത്തു്. ആത്തധൈര്യം=ആദാനം ചെയ്യപ്പെട്ടതായ ധൈര്യത്തോടുകൂടി (ക്രി. വി.). ആകമ്രാം കീർത്തിലക്ഷ്മീം=മനോഹരമായ യശഃശ്രീയെ. അവനിയിൽ........ചെത്തു്=ഭൂമിയിൽ മുഴുവനും ചെത്തു്'. അമന്ദാനുരാഗൈഃ ഉദാരൈഃ ദാരൈഃ സാകം=ഏററവും അനുരാഗമുള്ളവരും ഔദാര്യമുള്ളവരുമായ ദാരങ്ങളോടു (ഭാര്യയോടു)കൂടെ [ദാരശബ്ദം പുല്ലിംഗത്തിലും ബഹുവചനാന്തമായും മാത്രമേ വരികയുള്ളു]. കണ്ഡിനേ നഗരേ=കണ്ഡിനമെന്ന നഗരത്തിൽ. അരമത=രമിച്ചു. ആ ഭീമരാജാവു് ആശ്രിതന്മാക്കു് അഭീഷ്ടദാനം ചെയ്തു്, ശത്രുക്കളെയെല്ലാം സംഹരിച്ചു്, അനുരാഗവതിയായ ഭാര്യയോടുകൂടി കണ്ഡിനനഗരത്തിൽ വസിച്ചു.

സപ്താംഭോരാശി ചൂഴും ധരണിയെ മുഴുവൻ
കാത്തു സാമ്രാജ്യലക്ഷ്മീ-
മത്ത്യാനന്ദേന പൂരിച്ചനുദിവസമിരി-
ക്കും ധരാപാലമൌലേഃ
ചിത്രം പുത്രാഭിധാനം നിറമുടയ പദാ-
ത്ഥാന്തരം ഹന്ത കാണാ-
ഞ്ഞുദ്വേലാ കാപി ചിന്താ ഹൃദി പദമകരോ-
ദാർത്തിമാപാദയന്തീ. സ്ര

ഭീമരാജാവിനു യഥാകാലം സന്തതിയുണ്ടായില്ലെന്നു പറയുന്നു:— സപ്താംഭോരാശി........കാത്തു=ഏഴാഴികളും ചൂഴുമൂഴിമുഴുവനും

രക്ഷിച്ച്. സാമ്രാജ്യലക്ഷ്മീം=സാമ്രാജ്യശ്രീയെ (ചക്രവർത്തിത്വമാകുന്ന ശ്രീയെ). അത്യാനന്ദേന=അതിസന്തോഷത്തോടെ. പൂരിച്ച്=നിറച്ച്. അനുദിവസമിരിക്കും=ദിവസംതോറും ഇരിക്കുന്ന. ധരാപാലമൌലേഃ=രാജകിരീടത്തിന്ന് (രാജശ്രേഷ്ഠന്ന്). പുത്രാഭിധാനം=പുത്രൻ എന്നു പേരോടുകൂടിയ. നിറമുടയ=കാന്തിയേന്തിയ. പദാർത്ഥാന്തരം=പദാർത്ഥവിശേഷം. കാണാഞ്ഞു്=കാണായ്കയാൽ. ഉദ്വേലാ=കരകവിഞ്ഞതായ. കാപി ചിന്താ=എന്തോ ഒരു വിചാരം. ആർത്തിം ആപാദയന്തീ=ദുഃഖം ഉളവാക്കിക്കൊണ്ട്. ഹൃദി=ഹൃദയത്തിൽ. പദം അകരോൽ=സ്ഥാനം പിടിച്ചു. ചിത്രം=ആശ്ചര്യം. 'ഹന്ത' എന്നതു് അനുകമ്പാദ്യോതകം. ഏഴു സമുദ്രങ്ങളാൽ ചുററപ്പെട്ട ഭൂമി മുഴുവനും കാത്തു ചക്രവർത്തിപദവിയോടുകൂടി വാണരുളുന്ന ആ രാജശ്രേഷ്ഠന്നു പുത്രൻ എന്നു പേരോടുകൂടിയ ഒരു പദാർത്ഥവിശേഷം കാണാഞ്ഞിട്ടു കരകവിഞ്ഞതായ എന്തോ ഒരു വിചാരം ഹൃദയം കരണ്ടുകൊണ്ട് അതിങ്കൽ സ്ഥാനം പിടിച്ചു. സകലപദാർത്ഥങ്ങളും തികഞ്ഞ രാജാവിന്നു പുത്രനെന്ന പദാർത്ഥംമാത്രം ഉണ്ടാകാതിരുന്നതു് ആശ്ചര്യവും ദയനീയവുമാണെന്നു ചിത്രം, ഹന്ത എന്നീ പദങ്ങൾ വ്യക്തമാക്കുന്നു.

അപുത്രഃ പുത്രീയന്നഥ നൃപതി-
രാരാധ്യ ദമനം
തപോരാശിം തസ്യ പ്രചുരകരു-
ണാഭാരവിഭവാൽ
മഹീയോഷാഭൂഷാം സപദി ദമ-
യന്തീമിതി സുതാം
ദമം ദാന്തം ലേഭേ തദനു ദമ-
നം ചാപി തനയാൻ. ൻ

ദമയന്തിയുടേയും സോദരന്മാരുടേയും ജനനത്തെ പറയുന്നു:—

അഥ അപുത്രഃ നൃപതിഃ=അനന്തരം പുത്രനില്ലാത്തവനായ രാജാ

വ്. പുത്രീയൻ=തനിക്കു പുത്രനുണ്ടാകേണമെന്നിച്ഛിച്ചുകൊണ്ട്. തപോരാശിം ദമനം ആരാധ്യ=തപസ്സിന്റെ രാശി (പുഞ്ജം, കൂമ്പാരം) ആയ ദമനമുനിയെ ആരാധിച്ചിട്ട്. തസ്യ പ്രചുര........വിഭവാൽ=അദ്ദേഹത്തിന്റെ പ്രവൃദ്ധമായ കാരുണ്യാതിശയത്തിന്റെ മാഹാത്മ്യത്താൽ. സപദി=വേഗത്തിൽ. മഹീയോഷാഭൂഷാം=ഭൂമിയിലുള്ള സുന്ദരിമാൎക്കലങ്കാരമായിരിക്കുന്ന. ദമയന്തീം ഇതി സുതാം=ദമയന്തി എന്ന പുത്രിയേയും. തദനു=അതിൽ പിന്നെ. ദമം ദാന്തം ദമനം ച=ദമനും ദാന്തനും ദമനനുമായ. തനയാൻ അപി=പുത്രന്മാരേയും. ലേഭേ=ലഭിച്ചു. ഭീമരാജാവു ദമനമഹൎഷിയെ ആരാധിച്ചു പ്രസാദിപ്പിച്ച് അദ്ദേഹത്തിന്റെ കരുണയാൽ നാരീശിരോമണിയായ ദമയന്തി എന്ന മകളേയും ദമൻ തുടങ്ങിയുള്ള മൂന്നു പുത്രന്മാരേയും ലഭിച്ചു. 'പുത്രീയൻ' എന്നതിന്നു തനിക്കു പുത്രനുണ്ടാകേണമെന്നിച്ഛിക്കുന്നവനെന്നൎത്ഥം. "പുത്രമാത്മന ഇച്ഛതീതി പുത്രീയൻ" എന്നു വിഗ്രഹം. 'തപോരാശി' എന്നതിന്നു രാശീഭൂതമായ തപസ്സോ എന്നു തോന്നുമാറിരിക്കുന്നവൻ എന്നൎത്ഥം. യ, മ, ന, സ, ഭ എന്നീ ഗണങ്ങളും ഒടുവിൽ ഓരോ ലഘുവും ഗുരുവും വരികയാൽ വൃത്തം ശിഖരിണി. ഇതിന്നു ആറിലും പതിനൊന്നിലും യതിയുമുണ്ട്.

അകസ്മാദുന്മീലന്മൃദുഹസിത-
മാധുൎയ്യസുഭഗാ-
ന്യപത്യാനാം പശ്യന്നനുദിവസ-
മാസ്യാനി നിതരാം
അപാരേ ഹൎഷാബ്ധൌ ഹരിഹയസ
മോ ഭൂപതിരസാ-
വപാരേ മജ്ജന്നനയദന-
ഘോ ഹന്ത ദിവസാൻ.

ഹരിഹയസമഃ അനഘഃ അസൌ ഭൂപതിഃ=ദേവേന്ദ്രതുല്യനായി പാപരഹിതനായ ആ രാജാവു്. അകസ്മാ......സുഭഗാന്മിതഅകാരണമായി ഉന്മിലനംചെയ്യുന്ന (പുറപ്പെടുന്ന). ചെറുപുഞ്ചിരിയുടെ മാധുര്യംകൊണ്ടു മനോഹരങ്ങളായ അപത്യാനനം ആസ്യാനി=മക്കളുടെ മുഖങ്ങളെ. അനുദിവസം നിതരാം പശ്യൻ=ദിവസംതോറും ഏററവും കണ്ടുകൊണ്ടും. അപാരേ ഹഷാബ്ധൌ അപാരേ മജ്ജൻ=മറുകരയില്ലാത്ത ഹഷമെന്ന പേരോടുകൂടിയ സമുദ്രത്തിൽ മുങ്ങിക്കൊണ്ടും. ദിവസാൻ അനയൽ=ദിവസങ്ങളെ നയിച്ചു. 'ഹന്ത' എന്നതു ഹഷദ്യോതകം. "അകസ്മാദുന്മിലന്മൃദു—"ഇത്യാദിയിൽ പിഞ്ചുപൈതങ്ങളുടെ സൂക്ഷ്മസ്വഭാവമായ അകാരണമായുള്ള മന്ദസ്മിതത്തെ വർണ്ണിച്ചിരിക്കയാൽ സ്വഭാവോക്തി അലങ്കാരം. ഹഷമാകുന്ന സമുദ്രം എന്നു പറഞ്ഞിരിക്കയാൽ രൂപകവും ഉണ്ടു്.

പുത്രീമത്യന്തരമ്യാമരമണിയുമണി—
ഞ്ഞന്തികേ സഞ്ചരന്തീം
പുത്രാനപ്യാത്തമോദം മടിയിലുടനുടൻ
ചേർത്തു ചേർത്തും പുണന്നും
മെത്തും പുത്തൻമരന്ദം തടവിന മുഖപ—
ത്മങ്ങളെപ്പാർത്തുപാർത്തും
ചിത്തേ കൊള്ളാഞ്ഞു മോദപ്രചുരിമ ധരണീ—
പാലനേററം വലഞ്ഞാൻ.

അത്യന്തരമ്യാം......സഞ്ചരന്തീം പുത്രീം=അതിമനോഹാരിണിയായി അരമണിയുമണിഞ്ഞു് അരികത്തു സഞ്ചരിക്കുന്ന പുത്രിയെയും. പുത്രാൻ അപി=പുത്രന്മാരേയും. മടിയിലുടനുടൻ ചേർത്തു്=കുട്ടികളുടെ മടിയിലെടുത്തുവെച്ചു്. ചേർത്തും പുണന്നും=വീണ്ടും വീണ്ടും പുല്കിയും. മെത്തും പുത്തൻ.........പത്മങ്ങളെ=നിറഞ്ഞ പുതുപൂന്തേൻ കലന്ന മുഖങ്ങളാകുന്ന താമരപ്പൂക്കളെ. പാർത്തുപാ

ത്തും=പിന്നെയും പിന്നെയും കണ്ടുകൊണ്ടും. മോദപ്രചുരിമ=സ ന്തോഷാധിക്യം... ചിത്തേ കൊള്ളാഞ്ഞു'=മനസ്സിൽ ഒതുങ്ങാഞ്ഞി ട്ട്... ധരണീ.........വലഞ്ഞാൻ=രാജാവു വളരെ വലഞ്ഞു. പുത്രി യേയും പുത്രന്മാരേയും മടിയിൽവെച്ചോമനിച്ചും അവരുടെ മുഖാ രവിന്ദങ്ങളെ കണ്ടുമുണ്ടായ സന്തോഷാധിക്യം മനസ്സിലൊതുങ്ങാ യ്കയാൽ ഭീമരാജാവു വിഷമിച്ചു. അച്ഛൻ മക്കളെ ലാളിക്കുന്ന സ്വ ഭാവം വർണ്ണിച്ചിരിക്കയാൽ സ്വഭാവോക്തി അലങ്കാരം. സന്തോ ഷാധിക്യം മനസ്സിൽ ഒതുങ്ങിയില്ല എന്നു' ആധേയത്തിന്നു' ആധി ക്യം പറകയാൽ അധികാലങ്കാരവുമുണ്ടു'. 'പുത്തൻമരന്ദം തടവിന മുഖപത്മങ്ങളം' എന്നതിൽ മുഖങ്ങളാകുന്ന പത്മത്വം കല്പിക്കയാൽ രൂപകാലങ്കാരം. ഇവയെല്ലാംകൂടി സങ്കരവും.

ചാതുര്യം പൂണ്ടു കിഞ്ചിച്ചപലത തിരളും
　　　　ശൈശവാചേഷ്ടിതംകൊ-
ണ്ടാതന്വാനാ നിതാന്തം ജനയിതുരമിതാ-
　　　　നന്ദമിന്ദീവരാക്ഷീ
ജാതോല്ലാസം ജനാനാമപി നയനഫലം
　　　　ചേർത്തു തസ്യാം നഗര്യാം
വൈദർഭീ സാ വളർന്നാൾ മിഥിലയിലവനീ-
　　　　പുത്രി പണ്ടെന്നപോലെ. ൧൧

ചാതുര്യം പൂണ്ടു........ചേഷ്ടിതംകൊണ്ടു'=ചതുരത കലർന്ന തെ ല്ലൊരു ചാപല്യത്തോടുകൂടിയ ബാല്യലീലകൊണ്ടു'. ജനയിതുഃ= അച്ഛന്നു'. നിതാന്തം അമിതാനന്ദം ആതന്വാനാ=ഏററവും അള വില്ലാത്ത ആനന്ദത്തെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന. ഇന്ദീവരാക്ഷീ സാ വൈദർഭീ=സുന്ദരിയായ ആ ദമയന്തി. ജാതോല്ലാസം=ഉണ്ടായ ഉല്ലാസത്തോടുകൂടി (ക്രി. വി.) ജനാനാം അപി=ജനങ്ങൾക്കും, നയ നഫലം ചേർത്തു'=കണ്ണുകളുടെ സാഫല്യമുളവാക്കി. മിഥിലയി.... ....എന്നപോലെ=പണ്ടു മിഥിലാപുരിയിൽ സീതയെന്നപോലെ

തസ്യാം നഗര്യാം വളൎന്നാൾ=ആ കുണ്ഡിനനഗരിയിൽ വളൎന്നു. ദമയന്തി പിതാവിന്ന് ആനന്ദമരുളിക്കൊണ്ടും കാണികളായ ജനങ്ങളുടെ കണ്ണുകൾക്കു സാഫല്യമേകിക്കൊണ്ടും, പണ്ടു മിഥിലയിൽ സീതയെന്നപോലെ, കുണ്ഡിനപുരിയിൽ വളൎന്നു. അലങ്കാരം ഉപമ.

ഉരു പെരുകിന പുത്രന്മാരിലേറ്റം തദാനീം
നരപതി ദമയന്തീം ലാളയാമാസ ബാലാം
ജഗതി തനയഭാജാം പ്രായശോ മാനവാനാം
മകളരിൽ മുകളേറും പക്ഷപാതാതിരേകം. ൧൬

ഉരു പെരുകിന=പ്രസിദ്ധിയേറിയ. പുത്രന്മാരിലേറ്റം=പുത്രന്മാരെക്കാളധികം. തദാനീം=അപ്പോൾ. നരപതി=രാജാവ്. ബാലാം ദമയന്തീം=ബാലികയായ ദമയന്തിയെ. ലാളയാമാസ=ലാളിച്ചു. ജഗതി=ലോകത്തിൽ. പ്രായശഃ=മിക്കവാറും. തനയഭാജാം മാനവാനാം=പെൺമക്കളും ആൺമക്കളുമുള്ളവരായ മനുഷ്യൎക്ക്. മകളരിൽ=പെൺമക്കളിൽ. പക്ഷപാതാതിരേകം=പക്ഷപാതത്തിന്റെ (സ്നേഹാതിശയത്തിന്റെ) ആധിക്യം. മുകളേറും=വൎദ്ധിക്കും. ഭീമരാജാവ് ആൺമക്കളെക്കാൾ കൂടുതലായി ദമയന്തിയെ ലാളിച്ചു. ആൺമക്കളും പെൺമക്കളുമുള്ള ആളുകൾക്കു പെൺമക്കളിൽ കൂടുതൽ സ്നേഹം ഉണ്ടാവുക ലോകത്തിൽ സാധാരണമാകുന്നു. 'തനയഭാജാം' എന്നതിനെ "തനയാ ച തനയശ്ച തനയൌ, തൌ ഭജന്തി ഇതി തനയഭാജഃ, തേഷാം" എന്നു വിഗ്രഹിക്കണം. 'മകളർ' 'മകൾ'ടെ ബഹുവചനരൂപമാണ്. രാജാവു ദമയന്തിയെ കൂടുതൽ ലാളിച്ചു എന്ന വിശേഷത്തെ ഉത്തരാൎദ്ധത്തിലെ സാമാന്യം കൊണ്ടു സമൎത്ഥിച്ചിരിക്കയാൽ സാമാന്യേന വിശേഷസമൎത്ഥനമെന്ന അൎത്ഥാന്തരന്യാസം അലങ്കാരം. 'ന ന മ യ യ' എന്ന ഗണങ്ങളും എട്ടിൽ യതിയും വരികയാൽ വൃത്തം മാലിനി.

മിന്നും പൊന്നോല കർണ്ണേ മണിഗണലളിതം
മോതിരം കണ്ഠകാണ്ഡേ
പിന്നിൽ പിന്നിക്കവിഞ്ഞൊന്നണിചികുരമകാ-
ണ്ഡോദയം മന്ദഹാസം
കന്നിപ്രായം കരുത്തൊന്നുരസി കുചയുഗം
ത്തനമപ്പെൺകിടാവെ-
ത്തന്നേ തോന്നീട്ടുമത്രേ സതതമൊരു ദിനം
കണ്ടവന്നിത്രിലോക്യാം.

ബാലികയായ ദമയന്തിയുടെ രൂപം; അന്വയചിത്രം:—മിന്നും പൊന്നോല കർണ്ണേ=കാതിൽ തിളങ്ങുന്ന പൊന്നുകൊണ്ടുള്ള ഓല. മണിഗണ......കാണ്ഡേ=കണ്ഠകാണ്ഡത്തിൽ=(ഭംഗിയേറിയ കഴുത്തിൽ) മണിഗണങ്ങളെക്കൊണ്ടു മനോഹരമായ മോതിരം. പിന്നിൽ......ചികരേ=പിൻഭാഗത്തു പിന്നിക്കവിഞ്ഞു വിളങ്ങുന്ന കമനീയമായ തലമുടി. അകാണ്ഡോദയം മന്ദഹാസം=അകാണ്ഡത്തിൽ (അനവസരത്തിൽ) ഉദിക്കുന്ന പുഞ്ചിരി. കന്നിപ്രായം......യുഗം=ഉരസ്സിൽ (മാറിൽ) കന്നിക്കരുവോളം പൊന്തു[illegible] മുലയിണ; [ഇങ്ങനെ] ത്രിലോക്യാം=ഈ ത്രൈലോക്യത്തിൽ. ഒരു ദിനം കണ്ടവന്ന്=ഒരു ദിവസം കണ്ടവന്ന്. അപ്പെൺകിടാവെത്തന്നെ=പെൺകിടാവായ ആ ദമയന്തിയെത്തന്നെ. സതതം തോന്നീടുമത്രേ=എല്ലായ്പോഴും കാണുന്നതായി തോന്നും. കാതിൽ പൊന്നോലയും കഴുത്തിൽ മണിമോതിരവുമണിഞ്ഞു, പിന്നിൽ തിങ്ങിച്ചിന്നിയ പുരികുഴലേന്തി, അനവസരത്തിൽ ഉദിക്കുന്ന പുഞ്ചിരിയും മാറിൽ കന്നിക്കരുവോളം കരുത്ത കുചങ്ങളുമായി ശോഭിക്കുന്ന ദമയന്തിയെ ഒരിക്കൽ കണ്ടവൻ ഒരിക്കലും മറക്കുകയില്ല. കവിഞ്ഞൊന്ന്, കരുത്തൊന്ന് ഇവയിലെ "ഒന്ന്" എന്നതിന്ന് "ആയ" എന്നാണർത്ഥം. പെൺകിടാങ്ങൾ കാതിലോലയും കഴുത്തിൽ മോതിരവും അണിയുന്നതു പഴയ മലയാളത്തറവാടുകളിലെ സമ്പ്രദായ

മാണ്. മറനാട്ടുകളിലെ, ആളുകളെയും കഥകളെയും വർണ്ണിക്കുമ്പോഴും മലയാളിച്ഛായ വരുത്തുന്നതു ചില ചമ്പുപ്രബന്ധങ്ങളിൽ കാണാവുന്നതാണ്. ഒരു പെൺകിടാവിന്റെ സ്വാഭാവികമായ അകാണ്ഡമന്ദഹാസാദികളെ വർണ്ണിച്ചിരിക്കയാൽ അലങ്കാരം സ്വഭാവോക്തിതന്നെ.

നാനാവർണ്ണവിലേഖനേ നവരസാ-
സിക്തേ ച കാവ്യാദികേ
സംഗീതാമൃതസാഗരേ ച വചസാം
ഭേദേഷു വാത്സ്യായനേ
ദ്യൂതേ കന്ദുകഖേലനേ ഭ്രമണക-
ക്ഷേപാദിലീലാന്തരേ
സാ ബാലാ ന ചിരാദവാപ വിശദ-
പ്രജ്ഞാ പരം കൗശലം. ൧൭

ദമയന്തി നാനാവിദ്യകളിൽ നൈപുണ്യം നേടിയതായി പറയുന്നു:—വിശദപ്രജ്ഞാ സാ ബാലാ=തെളിഞ്ഞ ബുദ്ധിയോടുകൂടിയ ആ പെൺകിടാവ്, നാനാവർണ്ണവിലേഖനേ=നാനാവർണ്ണങ്ങൾ (പലനിറത്തിലുമുള്ള ചായങ്ങൾ) കൊണ്ടുള്ള ചിത്രമെഴുത്തിലും, നവരസാസിക്തേ=ശൃംഗാരാദികളായ നവരസങ്ങളെക്കൊണ്ട് ആർദ്രമായിട്ടുള്ള, കാവ്യാദികേ ച=കാവ്യം മുതലായതിലും, സംഗീതാമൃതസാഗരേ ച=സംഗീതമാകുന്ന അമൃതസമുദ്രത്തിലും, വചസാം ഭേദേഷു=വചസ്സുകളുടെ (ഭാഷകളുടെ) ഭേദങ്ങളിലും, വാത്സ്യായനേ=വാത്സ്യായനപ്രണീതമായ കാമശാസ്ത്രത്തിലും, ദ്യൂതേ=ചൂതുകളിയിലും, കന്ദുകഖേലനേ=പന്താട്ടത്തിലും, ഭ്രമണകക്ഷേപാദിലീലാന്തരേ ച=ഭ്രമണക്ഷേപം (ചക്കിണിയെറിയൽ) തുടങ്ങിയ മറ്റു കളിയിലും, ന ചിരാൽ=താമസംകൂടാതെ, പരം കൗശലം അവാപ=പരമമായ സാമർത്ഥ്യത്തെ പ്രാപിച്ചു. തെളിഞ്ഞ ബുദ്ധിയോടുകൂടിയ ദമയന്തി ചിത്രമെഴുത്ത്, കാവ്യം, സംഗീതം, പലതരം ഭാഷകൾ, വാ

ത്സ്യായനശാസ്ത്രം, ചൂതുകളി, പന്താട്ടം, ചുക്കിണിക്കളി മുതലായ വിഷയങ്ങളിൽ താമസമെന്ന്യേ നൈപുണ്യം നേടി. കാവ്യസംബന്ധിയായ നവരസങ്ങൾ ശൃംഗാരം, വീരം, കരുണം, അൽഭുതം, ഹാസ്യം, ഭയാനകം, ബീഭത്സം, രൌദ്രം, ശാന്തം എന്നിവയത്രെ. സംഗീതത്തെ അമൃതസാഗരമായി കല്പിച്ചേടത്തു രൂപകം അലങ്കാരം. മ സ ജ സ ത ത എന്നീ ഗണങ്ങളും ഒടുവിൽ ഗുരുവും പന്ത്രണ്ടിൽ യതിയും വരികയാൽ വൃത്തം ശാർദ്ദൂലവിക്രീഡിതം.

ഗാത്രേ ഗാത്രേ തുടർന്നു മധുരിമ തിരളും
മാർദ്ദവം, നേത്രരംഗേ
കൂത്താട്ടത്തിന്നു ലജ്ജായവനികയിൽ മറ-
ഞ്ഞംഗജന്മാ വിരേജേ
മുത്തേലും കൊങ്ക പങ്കേരുഹമുകുളസമം
ഹന്ത താരുണ്യവാഗ്ലോ-
ടെത്തിക്കൈത്താർ പിടിച്ചു ഝടിതി വടിവെഴും
ശൈശവം പേശലാംഗ്യാഃ. ഹന്ത

ദമയന്തിയുടെ യൌവനാരംഭം:—ഗാത്രേ ഗാത്രേ=ഓരോ അവയവത്തിലും (ഗാത്രം=അവയവം). മധുരിമ തിരളും മാർദ്ദവം തുടർന്നു=മാധുര്യം പെരുകിയ മാർദ്ദവഗുണം ഉദിച്ചു. അംഗജന്മാ=കാമദേവൻ. നേത്രരംഗേ=നേത്രമാകുന്ന അരങ്ങത്തു്. കൂത്താട്ടത്തിന്നു്=കൂത്താടുന്നതിന്നു്. ലജ്ജായവനികയിൽ മറഞ്ഞു്=ലജ്ജയാകുന്ന തിരശ്ശീലയിൽ മറഞ്ഞു്. വിരേജേ=വിശേഷേണ ശോഭിച്ചു. മുത്തേലും കൊങ്ക=മുത്തുമണിയണിഞ്ഞ കൊങ്ക. പങ്കേരുഹമുകുളസമം=താമരമൊട്ടിനോടു സമമായി ഭവിച്ചു. ഹന്ത=അമ്പോ. ഝടിതി=വേഗത്തിൽ. പേശലാംഗ്യാഃ=സുകുമാരാംഗിയായ ദമയന്തിക്കു്. വടിവെഴും ശൈശവം=അഴകൊഴുകിയ ശൈശവം. താരുണ്യവാഗ്ലോടെത്തിക്കൈത്താർ പിടിച്ചു=യൌവനത്തോടെത്തിച്ചേർന്നു കൈപിടിച്ചു. സുകുമാരാംഗിയായ ദമയന്തിക്കു ശൈശ

വം യൌവനത്തോടടുത്തു കൈപിടിച്ചു; ശൈശവമകന്നു യൌവനമാരംഭിച്ചുമുള്ള ആ അവസ്ഥയെ 'ഗാത്രേ ഗാത്രേ' എന്നു തുടങ്ങിയ വാക്യങ്ങളെക്കൊണ്ടു കാണിച്ചിരിക്കുന്നു. കരചരണാദികളായ അവയവങ്ങളിൽ മാറ്റവുമുണ്ടാകുന്നതും, ലജ്ജയോടുകൂടിയ അപാംഗവീക്ഷണങ്ങൾ തോന്നിത്തുടങ്ങുന്നതും, കുന്നിപ്രായമായിരുന്ന കൊങ്ക താമരമൊട്ടുപോലെ വളരുന്നതും യൌവനാരംഭത്തിന്റെ ചിഹ്നങ്ങളാണ്. 'നേത്രരംഗേ.......വിരേജേ' എന്ന വാക്യത്തിൽ കാമദേവനെ കണ്ണാകുന്ന അരങ്ങത്തു കൂടിയാട്ടത്തിനു ലജ്ജയാകുന്ന തിരശ്ശീലയിൽ മറഞ്ഞു ശോഭിക്കുന്ന നടനോടു സാമ്യപ്പെടുത്തിയിരിക്കുന്നു. നേത്രത്തെ രംഗമായും ലജ്ജയെ യവനികയായും കല്പിച്ചിരിക്കയാൽ അലങ്കാരം രൂപകം. അംഗജന്മാവിനെ നടനായിട്ടു വാക്കാലെ രൂപണംചെയ്യായ്കയാൽ ഈ രൂപകം ഏകദേശവിവൎത്തിയാകുന്നു.

നൎമ്മാലാപം ചുരുങ്ങീ ജനസദസി മണം-
ചേൎന്ന മന്ദാക്ഷവേഗാൽ
കമ്രം കാർകുന്തലേന്തും പരിമളലളിതം
ചെന്നു കാലോടിടഞ്ഞു
തമ്മിത്തിക്കിത്തുടങ്ങീ കുളുർമുലയുഗളം
നന്നു നന്നെന്നുവേണ്ടാ
നിൎമ്മായം യൌവനശ്രീഃ സ്വയമലമകരോ-
ദംഗനാമൌലിമാലാം. ൧൭

ആരബ്ധമായ യൌവനം വൎണ്ണിക്കുന്നു:—നൎമ്മാലാപം=നേരം പോക്കു പറയൽ. ജനസദസി=ജനങ്ങൾ കൂടിയ സഭയിൽ. മണം=സൌരഭ്യം. മന്ദാക്ഷവേഗം=ലജ്ജയുടെ അതിശയം. കമ്രം=മനോഹരം. കാർകുന്തൽ=കാറുപോലെ കറുത്ത പുരികുഴൽ. ഏന്തും പരിമളലളിതം=ഏന്തുന്ന പരിമളത്താൽ മോഹനം. കാലോടിടയുക=കാലിന്മേൽ മുട്ടുക. തമ്മിത്തിക്കിത്തുടങ്ങി=തമ്മിൽ തിരക്കിത്തുട

ങ്ങി. നന്നുനന്ന്=ആശ്ചര്യം. എന്നുവേണ്ടാ=എന്നുതന്നെയല്ല. നിർമ്മായം=വ്യാജംകൂടാതെ, സ്പഷ്ടമായിട്ട്. യൌവനശ്രീഃ=യൌവനശോഭ. അംഗനാമൌലിമാലാം=സുന്ദരീശിരോമാല്യമായ ദമയന്തിയെ. സ്വയം=തന്നത്താൻ. അലമകരോൽ=അലങ്കരിച്ചു. ജനങ്ങൾ കൂടുന്ന സഭയിൽവെച്ചു നേരംപോക്കു പറയുന്ന സ്വഭാവം ലജ്ജാകാരണം പതുങ്ങി. മനോഹരവും പരിമളധോരണി പൊഴിയുന്നതുമായ കറുത്ത കേശപാശം ഇഴഞ്ഞു കാലടിയോളം തൂങ്ങി. സ്തനങ്ങൾ രണ്ടും ഞാൻ മേലെ ഞാൻ മേലെ എന്നു പരസ്പരം സ്പർദ്ധിച്ചു തിരക്കിത്തുടങ്ങി. എന്തിനധികം പറയുന്നു? യൌവനലക്ഷ്മി നാരിമാർക്കു മുടിമാലയായ ദമയന്തിയെ സ്പഷ്ടമായി അലങ്കരിച്ചു. മന്ദാക്ഷത്തിനുള്ള 'മണംചെന്ന' എന്ന വിശേഷണം ദമയന്തിയുടെ ലജ്ജയ്ക്കു പ്രത്യേകം ഒരാസ്വാദ്യതയുള്ളതായി കാണിക്കുന്നു. യൌവനലക്ഷ്മി അലങ്കരിച്ചു എന്നതിനു സ്വതേ സുന്ദരിയായ ദമയന്തിക്കു യൌവനം വന്നപ്പോൾ കൂടുതൽ ശോഭയുണ്ടായി എന്നു സാരം.

നളിനവിശിഖവീരപ്രാഭവപ്രൌഢി തേടും
കളലളിതവിലാസശ്രേണികൊണ്ടൂഢമാനം
നളിനമിഴി കവർന്നാൾ മാനസം മാനവാനാം
നളനഖിലവധൂനാം ചിത്തതാരെന്നപോലെ. ൧൪

നളിനവിശിഖവീരപ്രാഭവപ്രൌഢി=നളിനവിശിഖൻ (താമരപ്പൂവാകുന്ന അസ്ത്രമുള്ളവൻ, കാമൻ) എന്ന വീരന്റെ പ്രാഭവത്തിന്റെ പ്രൌഢി (അതിശയം) തേടും=കലരുന്ന. കളലളിതവിലാസശ്രേണി=മധുരങ്ങളും മനോഹരങ്ങളുമായ വിലാസങ്ങളുടെ (കാമചേഷ്ടകളുടെ) സമൂഹം. ഊഢമാനം=ഊഢമായ (വഹിക്കപ്പെട്ട) മാനത്തോടു കൂടുംവണ്ണം (ക്രി. വി.). നളിനമിഴി=താമരക്കണ്ണി. മാനസം=മനസ്സ്. മാനവാനാം=പുരുഷന്മാരുടെ. അഖിലവധൂനാം=എല്ലാ സ്ത്രീകളുടെയും. ചിത്തതാര്=പുഷ്പംപോലെയുള്ള

വായ മനസ്സ്. സുന്ദരിയായ ദമയന്തി പുരുഷന്മാരുടെ മനസ്സിനെ ആകർഷിച്ചു. എന്തുപോലെയെന്നാൽ, നളൻ എല്ലാ സ്ത്രീകളുടേയും ഹൃദയത്തെ ആകർഷിച്ചതുപോലെ. പൂർവ്വാർദ്ധം മുഴുവനും 'കവന്നാറം' എന്ന ക്രിയയുടെ വിശേഷണം. ദമയന്തി പുരുഷന്മാരുടെ ഹൃദയമാകർഷിച്ചതിനെ നളൻ സ്ത്രീകളുടെ ഹൃദയം ആകർഷിച്ചതിനോടു സാമ്യപ്പെടുത്തിയതിനാൽ ദമയന്തീനളന്മാർക്കു പരസ്പരമുള്ള ആനുരൂപ്യം വ്യഞ്ജിക്കുന്നു. അലങ്കാരം ഉപമ. രണ്ടുപേരുടേയും ഹൃദയാകർഷണത്തിനു സഹഭാവം തോന്നുകയാൽ സഹോക്ത്യലങ്കാരം ധ്വനിക്കുന്നുമുണ്ട്. വൃത്തം മാലിനി.

ഓരോരോ ജനമാസ്ഥയാ നളഗുണാൻ
വാഴ്ത്തുന്നതാകർണ്ണ്യ സാ
പാരിക്കും കുതുകം കലന്നു സതതം
കേൾപ്പാൻ കൊതിച്ചീടിനാൾ
നാരീമഞ്ജരിതൻ ഗുണങ്ങളും നിഷധ-
ക്ഷ്മാപാലനും കേട്ടുകേ-
ട്ടാരൂഢാദരമാഴ്വേ മുഴുകിനാ-
നാനന്ദപാഥോനിധൌ. ൧൬

ദമയന്തിയുടേയും നളൻ്റെയും ഗുണഗണങ്ങളെ ജനങ്ങൾ പറയുന്നതു കേട്ട് അവർക്കിരുവർക്കും ആനന്ദാതിശയമുളവായതായി വിവരിക്കുന്നു:— ആസ്ഥയാ=ആദരവോടുകൂടി. നളഗുണാൻ=നളൻ്റെ ഗുണങ്ങളെ. ആകർണ്ണ്യ=കേട്ടിട്ട്. സാ=അവൾ, ദമയന്തി. പാരിക്കും=വർദ്ധിക്കുന്ന. കുതുകം=കൌതുകം. സതതം=എല്ലായ്പോഴും. നാരീമഞ്ജരി=ശ്രേഷ്ഠയായ സ്ത്രീ, ദമയന്തി. നിഷധക്ഷ്മാപാലൻ =നിഷധരാജാവ്, നളൻ. ആരൂഢാദരം=വർദ്ധിച്ച ആദരവോടുകൂടി (ക്രി. വി.). ആഴ്വേ=ആഴമായ്, ആഴത്തിൽ. ആനന്ദപാഥോനിധൌ=ആനന്ദമാകുന്ന സമുദ്രത്തിൽ. രാജധാനിയിൽ വന്നുകൊ

ണ്ടും പോയ്ക്കൊണ്ടുമിരിക്കുന്ന ആളുകൾ നളന്റെ ഗുണങ്ങളെ വാഴ്ത്തി പറയുന്നതു കേട്ട് ഏററവും കൌതുകം പൂണ്ടു ദമയന്തി അതിനെ എല്ലായ്പ്പോഴും കേൾക്കുവാൻ കൊതിച്ചു. ദമയന്തിയുടെ ഗുണങ്ങളെ ആളുകൾ പറയുന്നതു കേട്ടിട്ടു നളനും ആദരംപൂണ്ട് ആനന്ദസമുദ്രത്തിൽ മുഴുകി. ഗുണങ്ങളെ കണ്ടറിഞ്ഞു് അവയിൽ അസാധാരണമായ ബഹുമാനം തോന്നുകയാലാണ്, വേറെ കാരണമൊന്നുമുണ്ടായിട്ടല്ല, ജനങ്ങൾ അവയെ വാഴ്ത്തിയതു്. അകാരണമായ ഈ പ്രശംസ അകൃത്രിമമാകയാൽ ദമയന്തിക്കും നളനും അതു കേട്ട് അവാച്യമായ ആനന്ദമുളവായെന്നു സാരം. അഗാധതയും അപാരതയും കാരണം ആനന്ദത്തെ സമുദ്രമായി രൂപണംചെയ്കയാൽ രൂപകം അലങ്കാരം.

ശ്രോത്രദ്വാരപഥേന ചേത്ത്യ ഹൃദയേ
ഗാത്രങ്ങളെക്കേവലം
ചിത്തീടുന്നനുരാഗഭാരവിവശാ-
വന്യോന്യമാസ്താമുഭൌ
നേത്രപ്രീതിയെ നീക്കി മന്മഥദശാ-
സ്വാദ്യാം തദീയേ പദേ
ശ്രോത്രപ്രീതിയെ വെച്ചു വാഴ്ചകഴിയി-
ച്ചാരനാദിതൌ ദംപതീ. ൨൦

ദമയന്തീനളന്മാർക്കു പരസ്പരം ഗുണശ്രവണത്താലുള്ള ആനന്ദം അനുരാഗമായി പരിണമിച്ചു; അനുരാഗോദയത്തിൽ ഉണ്ടാകുന്ന മന്മഥദശകൾ ഓരോന്നായി ആവിർഭവിക്കുകയും ചെയ്തു; അതിൽ വെച്ച് ആദ്യത്തേതായ നയനപ്രീതിയെ വർണ്ണിക്കുന്നു:—ശ്രോത്രദ്വാരപഥേന=കർണ്ണദ്വാരമാകുന്ന മാർഗ്ഗത്തിലൂടെ. ഹൃദയേ=ഹൃദയത്തിൽ. ഗാത്രങ്ങൾ=അവയവങ്ങൾ. ചിത്തീടുന്നനുരാഗഭാരവിവശൌ=വളരുന്ന അനുരാഗഭാരം(പ്രേമഭാരം)കൊണ്ടു് പരവശരായിട്ട്. അന്യോന്യം=പരസ്പരം. ഉഭൌ ആസ്താം=രണ്ടുപേരും ഭവിച്ചു. നേ

ത്രപ്രീതി=നേത്രങ്ങളെക്കൊണ്ടു കണ്ടിട്ടുണ്ടാകുന്ന പ്രീതി മന്മഥദശാസു=കാമദശകളിൽ. ആദ്യാം=ആദ്യത്തേതായ (നേത്രപ്രീതിയുടെ വിശേഷണം). തദീയേ പദേ=അതിന്റെ സ്ഥാനത്തു്. ശ്രോത്രപ്രീതി=കാതുകളെക്കൊണ്ടു കേട്ടിട്ടുണ്ടാകുന്ന പ്രീതി. വാഴ്ച കഴിയിച്ചാർ=പട്ടാഭിഷേകംചെയ്തു. അനുചിതൌ=അനുരൂപന്മാരായ. ദമ്പതീ=ജായാപതിമാർ. ആ ദമയന്തീനളന്മാർ രണ്ടുപേരും ശ്രോത്രദ്വാരമാൎഗ്ഗത്തിലൂടെ പരസ്പരം അവയവങ്ങളെ ഹൃദയത്തിൽ ചേൎത്തു വൎദ്ധിച്ചുവശായ അനുരാഗത്തിന്റെ ഭാരംകൊണ്ടു പൎയ്യാകുലരായി ഭവിച്ചു. അനുരൂപദമ്പതിമാരായ അവർ മദനദശകളിൽ ആദ്യത്തേതായ നേത്രപ്രീതിയെ നീക്കി അതിന്റെ സ്ഥാനത്തു ശ്രോത്രപ്രീതിയെ കയററിവെച്ചു പട്ടാഭിഷേകം ചെയ്തു. പരസ്പരഗുണശ്രവണംകൊണ്ടു രണ്ടുപേൎക്കും തികഞ്ഞ അനുരാഗം ഉളവായെന്നു സാരം. "നയനപ്രീതിഃ പ്രഥമം ചിത്താസംഗസ്തതോഥ സങ്കല്പഃ | നിദ്രാച്ഛേദസ്തനുതാ വിഷയനിവൃത്തിസ്ത്രപാനാശഃ | ഉന്മാദോ മൂൎച്ഛാ മൃതിരിത്യേതാഃ സ്മരദശാ ദശൈവ സ്യുഃ" എന്ന വചനപ്രകാരം നേത്രപ്രീതി, ചിത്താസംഗം, സങ്കല്പം, നിദ്രാനാശം, കാൎശ്യം, വിഷയനിവൃത്തി, ലജ്ജാനാശം, ഉന്മാദം, മൂൎച്ഛ, മൃതി എന്നിങ്ങിനെ പത്തു മദനദശകളാണുള്ളതു്. പരസ്പരദൎശനത്താലുണ്ടാകുന്ന മനസ്സിന്റെ പ്രീതിയത്രേ നേത്രപ്രീതി. ഈ അവസ്ഥ ദമയന്തീനളന്മാൎക്കു് ഉണ്ടായില്ല. അതിനാൽ അവർ അതിന്റെ സ്ഥാനത്തു ശ്രോത്രപ്രീതിയെ വാഴിച്ചു. "ജായാ ച പതിശ്ച ദമ്പതീ" എന്ന വിഗ്രഹമനുസരിച്ചു വിവാഹം കഴിഞ്ഞു ഭാൎയ്യാഭൎത്താക്കന്മാരായവരെയാണു് ദമ്പതിമാരെന്നു പറയുന്നതു്. ദമയന്തീനളന്മാരാകട്ടെ ഇപ്പോഴും പൂൎവ്വാനുരാഗവിപ്രലംഭാവസ്ഥയിൽ വൎത്തിക്കുന്നതേയുള്ളു. ഈ സ്ഥിതിയിൽ അവരെ ദമ്പതിമാരെന്നു പറഞ്ഞതുകൊണ്ടു് അന്യോന്യാനുരക്തരായ അവർ ഹൃദയംകൊണ്ടു ഭാൎയ്യാഭൎത്താക്കന്മാരായിച്ചമഞ്ഞു കഴിഞ്ഞു എന്നു സിദ്ധിക്കുന്നു.

സാ കാന്തിർവ്വചസാം ച സാ ചതുരതാ
ഗാത്രേഷു തന്മാർദ്ദവം
സാ ബിംബാധരമാധുരീ സ സുരഭി-
ർഗ്ഗന്ധോ ഘനേ കൈശികേ
ഇത്ഥം തൌ കുതുകേന സന്തതമുഭൌ
സഞ്ചിന്തയന്തൌ ഗുണാ-
നന്യോന്യസ്യ ഹൃദി സ്ഥിതാവഭവതാ-
മന്യൂനരാഗോദയൌ. ൨൧

രണ്ടാമത്തെ മദനദശയായ ചിന്താസംഗത്തെ വർണ്ണിക്കുന്നു:— കാന്തിഃ സാ=രാഗോദയത്താൽ വർദ്ധിച്ചതായ ശരീരശോഭ അത്. വചസാം ചതുരതാ ച സാ=വാക്കുകളുടെ ചാതുര്യ്യവും അത്. ഗാത്രേഷു മാർദ്ദവം തൽ=അവയവങ്ങളിലുള്ള മാർദ്ദവം അത്. ബിംബാധരമാധുരീ സാ=തൊണ്ടിപ്പഴത്തോടൊത്ത അധരത്തിന്റെ മാധുര്യ്യം അത്. ഘനേ കൈശികേ സുരഭിഃ ഗന്ധഃ സഃ=ഘനമായ കേശഭാരത്തിലുള്ള സുരഭിയായ (ഘ്രാണേന്ദ്രിയത്തെ തൃപ്തിപ്പെടുത്തുന്ന) ഗന്ധവും അത്. ഇത്ഥം=ഇപ്രകാരം കുതുകേന=കൌതുകത്തോടുകൂടി. ഗുണാൻ സന്തതം സഞ്ചിന്തയന്തൌ=ഗുണങ്ങളെ എപ്പോഴും വഴിപോലെ ചിന്തിക്കുന്നവരായി. അന്യൂനരാഗോദയൌ=തികഞ്ഞ അനുരാഗോദയത്തോടുകൂടിയവരായിട്ട്. തൌ ഉഭൌ=അവർ രണ്ടുപേരും. അന്യോന്യസ്യ ഹൃദി സ്ഥിതൌ അഭവതാം=പരസ്പരം ഹൃദയത്തിങ്കൽ സ്ഥിതിചെയ്യുന്നവരായി ഭവിച്ചു. ആ ദമയന്തിനളന്മാർ പരസ്പരമുള്ള ശരീരകാന്തി, വചനചാതുര്യ്യം, അവയവമാർദ്ദവം, അധരമാധുര്യ്യം, കേശഭാരസൌരഭ്യം എന്നീ അനിർവ്വചനീയങ്ങളായ ഗുണങ്ങളെ കൌതുകത്തോടുകൂടി എപ്പോഴും ചിന്തിച്ചുകൊണ്ടു തികഞ്ഞ അനുരാഗത്തോടുകൂടിയവരായി അന്യോന്യം ഹൃദയത്തിങ്കൽ സ്ഥിതിചെയ്തു. ദമയന്തി നളന്റെയും നളൻ ദമയന്തിയുടേയും ഹൃദയത്തിൽ ഗുണഗണങ്ങളെ സ്മരിച്ചുംകൊണ്ടു

സ്ഥാനംപിടിച്ചുവെന്നൎത്ഥം. 'സാ കാന്തിഃ' ഇത്യാദികളിലെ തച്ഛബ്ദങ്ങൾക്ക് അനിൎവ്വാച്യമായ, ഇന്നവിധമെന്നു പറയുവാൻ വെയ്യാത്ത, എന്നൎത്ഥം. ഇതിൽ ചിത്താസംഗത്തെ പരിപൂൎണ്ണമായി കാണിച്ചിരിക്കുന്നു.

ആദായേവ ഹൃദന്തരാദഭിനവ-
 പ്രേമാഭിരാമം ജനം
സംകല്പൈഃ പുരതോ നിധായ ഹൃദയേ
 നിൎദ്ധൂയ ചിന്താന്തരം
അഭ്യസ്താനി മുഹുൎമ്മനോരഥശതാ-
 ന്യാപൂരയന്തൌ മുദാ
മന്ദം മന്ദമഥോ മമജ്ജതുരഭാ-
 വാനന്ദവാരാകരേ. ൨൨

സങ്കല്പത്തെ വൎണ്ണിക്കുന്നു:—അഭിനവപ്രേമാഭിരാമം ജനം=അഭിനവമായ പ്രേമത്താൽ മനോഹരമായ ജനത്തെ. ഹൃദന്തരാൽ ആദായ ഇവ=ഹൃദയത്തിന്റെ അന്തൎഭാഗത്തിൽനിന്ന് എടുത്തിട്ടോ എന്നു തോന്നുമാറ്. സങ്കല്പൈഃ ഹൃദയേ പുരതഃ നിധായ=സങ്കല്പങ്ങളെക്കൊണ്ടു ഹൃദയത്തിൽ പുരോഭാഗത്തിങ്കൽ വെച്ചിട്ട്. ചിന്താന്തരം നിൎദ്ധൂയ=അന്യചിന്തയെ നീക്കിക്കളഞ്ഞു്. അഭ്യസ്താനി മനോരഥശതാനി=അഭ്യസിക്കപ്പെട്ടവയായ അനേകം അഭിലാഷങ്ങളെ. മുഹുഃ ആപൂരയന്തൌ=വീണ്ടും വീണ്ടും നിറവേററിക്കൊണ്ട്. അഥോ ഉഭൌ=അനന്തരം രണ്ടുപേരും. മുദാ=മോദത്തോടുകൂടി. മന്ദം മന്ദം=മെല്ലെ മെല്ലെ ആനന്ദവാരാകരേ മമജ്ജതുഃ=ആനന്ദസമുദ്രത്തിൽ മുഴുകി: അനന്തരം ആ ദമയന്തീനളന്മാർ രണ്ടുപേരും പുതുതായ അനുരാഗംകൊണ്ടു മനോഹരത പൂണ്ട ആളെ (ദമയന്തി നളനേയും നളൻ ദമയന്തിയേയും) ഹൃദയത്തിന്നകത്തുനിന്ന് എടുത്തിട്ടോ എന്നു തോന്നുമാറു സങ്കല്പങ്ങളെക്കൊണ്ടു ഹൃദയത്തിൽ മുൻഭാഗത്തായി വെച്ച്, അന്യചിന്തകളെ നീക്കി, മുൻപ

നിരന്തരമായി അഭ്യസിച്ച നിരവധി അഭിലാഷങ്ങളെ നിറവേററിക്കൊണ്ട മെല്ലെ മെല്ലെ പരമാനന്ദസമുദ്രത്തിൽ മുഴുകി. സങ്കല്പശബ്ദത്തിന്ന മനോവ്യാപാരം, ധ്യാനം, എന്നൎത്ഥം. 'അഭ്യസ്തങ്ങളം' എന്നതിന്ന കാമശാസ്ത്രം മുതലായവയിൽനിന്ന് അഭ്യസിക്കപ്പെട്ടവ എന്ന താല്പൎയ്യം. 'ആദായേവ' എന്നേടത്ത് ഉൽപ്രേക്ഷ അലങ്കാരം. ഉള്ളിൽനിന്ന' എടുത്തുവെച്ചാൽ എങ്ങിനെയോ അങ്ങിനെ അതിസ്പഷ്ടമാകുംവണ്ണം എന്ന താല്പൎയ്യം. ആനന്ദത്തെ സമുദ്രമായി രൂപണം ചെയ്തിരിക്കയാൽ രൂപകാലങ്കാരവും ഉണ്ട്.

സങ്കല്പസംഗമസുഖാനുഭവസ്യ നാഹം
ഭംഗം കരോമി സമയേ സമയേ സമേത്യ
സഞ്ചിന്ത്യ നൂനമിതി തൌ സദയം വിഹായ
നിദ്രാ ജഗാമ നിപുണേവ സഖീ സകാശാൽ.

നിദ്രാനാശത്തെ പറയുന്നു:—അഹം സമയേ സമയേ സമേത്യ=ഞാൻ സമയംതോറം ചെന്നിട്ട്. സങ്കല്പസംഗമസുഖാനുഭവസ്യ ഭംഗം ന കരോമി=സങ്കല്പത്താലുള്ള സംയോഗസുഖത്തിന്ന ഭംഗത്തെ (വിഘ്നത്തെ) ചെയ്യുന്നില്ല. ഇതി സദയം സഞ്ചിന്ത്യ നൂനം=എന്നിങ്ങിനെ ദയയോടുകൂടി വഴിപോലെ ചിന്തിച്ചിട്ടോ എന്ന തോന്നമാറ്. നിപുണാ സഖീ ഇവ=നൈപുണ്യമുള്ളവളായ തോഴി എന്നപോലെ. നിദ്രാ=ഉറക്കം. തൌ വിഹായ=അവരിരുവരേയും വിട്ട്. സകാശാൽ ജഗാമ=സമീപത്തിങ്കൽനിന്ന പോയി. ദമയന്തിനളന്മാരുടെ സങ്കല്പത്താലുള്ള സംയോഗസുഖാനുഭവത്തിന്ന ഞാൻ ഇടയിലിടയിൽ ചെന്ന വിഘ്നം വരുത്തുന്നില്ല എന്ന ദയയോടെ ചിന്തിച്ചിട്ടോ എന്ന തോന്നുംവണ്ണം, ചതുരയായ തോഴിയെന്നപോലെ, നിദ്ര അവരെ വിട്ട സമീപത്തിങ്കൽനിന്ന പോയി. തോഴി ഇല്ലെങ്കിലും ഉള്ളേടത്തു സമീപത്തു ചെല്ലുന്നതു ദമ്പതിമാരുടെ പരസ്പരസംയോഗത്തിന്ന വിഘ്നമാകും. അവർ സംയോഗോന്മുഖരായിരിക്കുമ്പോൾ നിപുണയായ തോഴി അവരെ ശല്യപ്പെടുത്താതെ അകന്നുപോവുക

സാധാരണമാണ്. നിദ്ര വിട്ടുപോയതു നിരന്തരമായ സങ്കല്പംനിമിത്തമാണ്; സങ്കല്പത്തിലുള്ള സംയോഗസുഖത്തിനു ഭംഗം വരരുതു് എന്നു വിചാരിച്ചിട്ടല്ല. എന്നിരിക്കെ അങ്ങിനെ വിചാരിച്ചിട്ടാണോ എന്നു ശങ്കിക്കുകയാൽ ഉൽപ്രേക്ഷയും, നിദ്രയെ സഖിയോടു സാമ്യപ്പെടുത്തുകയാൽ ഉപമയും അലങ്കാരങ്ങളാം. ഇവ രണ്ടും പാലും വെള്ളവുമെന്നപോലെ ചേർന്നിരിക്കയാൽ സങ്കരവുമുണ്ടു്. സങ്കല്പാധിക്യത്താൽ രണ്ടുപേർക്കും ഉറക്കമില്ലാതായി എന്നു ഭാവം. നൂനം എന്നതു് ഉൽപ്രേക്ഷാദ്യോതകം. ത ഭ ജ ജ എന്നീ ഗണങ്ങളും ഒടുവിൽ രണ്ടു ഗുരുക്കളും വരികയാൽ വൃത്തം വസന്തതിലകം.

> നിദ്രാം വിഹായ നയനേഷ്ടസഖീം പ്രയാന്തീം
> ബാഷ്പാംബു താമനുസസാര ന തത്ര ചിത്രം
> ഏതത്തു ചിത്രമപഹായ നിജം നിവാസം
> യന്നിർഗ്ഗതാനി വലയാന്യപി ബാഹുമൂലാൽ. ൨൮

കാർശ്യത്തെ വർണ്ണിക്കുന്നു:—വിഹായ പ്രയാന്തീം=വിട്ടുപോകുന്നവളായിരിക്കുന്ന. നയനേഷ്ടസഖീം=കണ്ണുകളുടെ ഇഷ്ടതോഴിയായ, താം നിദ്രാം=ആ നിദ്രയെ. ബാഷ്പാംബു അനുസസാര=കണ്ണുനീർ പിൻതുടൎന്നു പോയി. തത്ര ന ചിത്രം=അതിൽ ആശ്ചര്യമില്ല. വലയാനി അപി=വളകളുംകൂടിയും. നിജം നിവാസം അപഹായ=സ്വന്തമായ വാസസ്ഥാനത്തെ വെടിഞ്ഞിട്ടു്. ബാഹുമൂലാൽ നിർഗ്ഗതാനി യൽ ഏതൽ തു ചിത്രം=ബാഹുമൂലത്തിൽ(കൈകളുടെ കടയ്ക്കൽ)നിന്നു നിർഗ്ഗമിച്ചു എന്നതു യാതൊന്നോ ഇതാകട്ടെ ആശ്ചര്യമാകുന്നു. കണ്ണുകളുടെ ഇഷ്ടതോഴിയായ നിദ്ര വിട്ടുപോകുമ്പോൾ കണ്ണുനീർ പിൻതുടൎന്നു പോയി. ഇതിൽ ആശ്ചര്യമില്ല. വളകളുംകൂടിയും സ്വന്തം വാസസ്ഥാനം ഉപേക്ഷിച്ചു കൈകളുടെ കടയ്ക്കൽനിന്നു പോയി എന്നുള്ളതാകട്ടെ ആശ്ചര്യമാകുന്നു. നിദ്ര പോയതിനെ പിൻതുടൎന്നു കണ്ണുനീർ പ്രവഹിക്കുകയും ദേഹം കൃശമായിത്തീ

ങ്കയും ചെയ്തുവെന്നു സാരം. വലയശബ്ദത്തിന്നു കൈവള എന്നാണൎത്ഥം. തോൾവളയെന്നല്ല. കൈകളിൽ വള ധരിക്കുന്നതു ബാഹുമൂലത്തിങ്കലല്ല. പ്രകൃതത്തിൽ കൈവളകൾ 'ബാഹുമൂലത്തിൽനിന്നു നിൎഗ്ഗമിച്ചതായി പറഞ്ഞതുകൊണ്ടു കാൎയ്യം കാരണം വളകൾ ശരിയായ സ്ഥാനത്തുനിന്നു മുമ്പുതന്നെ ഊരിപ്പോകുവാൻ തുടങ്ങിയെന്നും അപ്പോൾ അവയെ കൈകളുടെ കടയ്ക്കലേയ്ക്കു കയററി എന്നും ക്ഷണാന്തരത്തിൽ അവിടേയും ഉറയ്ക്കാതെ അവ ഊരിപ്പോയെന്നും ധ്വനിക്കുന്നു. 'മുഹുൎമ്മന്നിബന്ധനാൽ കനകവലയം സ്രസ്തം സ്രസ്തം മയാ പ്രതിസാൎയ്യതേ' എന്നു ശാകുന്തളത്തിൽ ദുഷ്യന്തൻ തന്റെ കാൎയ്യത്തെ പറഞ്ഞിട്ടുള്ളതു് ഇവിടെ അനുസന്ധേയമാണു്.

ഇത്ഥം മേവുന്ന കാലത്തൊരു ദിനമവനീ-
കാന്തനാതങ്കശാന്ത്യൈ
പുത്തൻപൂങ്കാവിലുദ്യൽപരിമളലളിതേ
ഹന്ത പോവാൻ തുനിഞ്ഞു
മെത്തീടും താപശാന്ത്യൈ തരണികിരണജാ-
ലോഷ്മളേ ഗ്രീഷ്മകാലേ
കത്തീടും വഹ്നിമദ്ധ്യേ ശിവ ശിവ സഹസാ
ചാടുവാനെന്നപോലെ. ൨൭

പൂൎവ്വാൻരാഗവിപ്രലംഭത്തിലുണ്ടായ സന്താപത്തിന്റെ ശമനത്തിന്നുവേണ്ടി നളൻ ഉദ്യാനത്തിലേയ്ക്കു പോയതായി പറയുന്നു:— ഇത്ഥം മേവുന്ന കാലത്തു്=മദനാവസ്ഥ ശരീരകാൎശ്യത്തിങ്കലോളം എത്തിയിരിക്കുന്ന കാലത്തു്. അവനീകാന്തൻ=രാജാവു്. ആതങ്കശാന്ത്യൈ=സന്താപത്തിന്റെ ശാന്തിക്കായിക്കൊണ്ടു്. ഉദ്യൽപരിമളലളിതേ പുത്തൻപൂങ്കാവിൽ=പൊങ്ങിപ്പരക്കുന്ന പരിമളത്താൽ മനോഹരമായ പുതിയ ഉദ്യാനത്തിൽ. 'ഹന്ത' എന്നതു്

അനുകമ്പാദ്യോതകം: തരണികിരണജാലോഷ്മളേ ഗ്രീഷ്മകാലേ മെത്തീടും താപശാന്ത്യൈ=സൂൎയ്യരശ്മിസമൂഹങ്ങളാൽ ചൂടുള്ളവേനൽക്കാലത്തു വൎദ്ധിക്കുന്ന സന്താപത്തിന്റെ ശമനത്തിന്നായിക്കൊണ്ട്. കത്തീടും വഹ്നിമധ്യേ=കത്തുന്ന തീയ്യിന്റെ നടുവിൽ. സഹസാ=ആലോചനകൂടാതെ. 'ശിവ ശിവ' എന്നു ദയനീയതയെ ദ്യോതിപ്പിക്കുന്നു. നളൻ മദനദശകളാൽ ആകുലനായിരിക്കുന്ന കാലത്തു സന്താപശാന്തിക്കുവേണ്ടി പരിമളം പൊഴിയുന്ന പുതിയ പൂങ്കാവിലേയ്ക്കു പോകുവാൻ ശ്രമിച്ചു; വേനൽക്കാലത്തെ ചൂട് ശമിപ്പിക്കുന്നതിനുവേണ്ടി കത്തുന്ന തീയ്യിൽ ചാടുന്നതുപോലെ. അലങ്കാരം ഉപമ.

കൃത്വാ വിഭാതേ വിബുധാൎച്ചനാദ്യം
ഭുക്ത്വാ ച കിഞ്ചിദ്വിമനാ ഇവാസൌ
നിദ്രാപദേശേന വിസൃജ്യ ഭൃത്യാ-
നുദ്യാനമാഢൌകത ഗൂഢമേകഃ. ഉപ

വിഭാതേ=പ്രഭാതത്തിൽ. വിബുധാൎച്ചനാദ്യം കൃത്വാ=ദേവപൂജ മുതലായവ ചെയ്തിട്ട്. ഭുക്ത്വാ ച=ഭോജനവും കഴിച്ചിട്ട്. കിഞ്ചിൽ വിമനാഃ ഇവ=അല്പം മനസ്സുഖമില്ലാത്തവനെന്നപോലെ. അസൌ= അദ്ദേഹം. നിദ്രാപദേശേന=ഉറക്കം എന്ന വ്യാജത്താൽ. ഭൃത്യാൻ വിസൃജ്യ=ഭൃത്യന്മാരെ വിട്ടയച്ചിട്ട്. ഏകഃ=ഏകനായിട്ട്. ഗൂഢം= ഗൂഢമാകുംവണ്ണം. ഉദ്യാനം ആഢൌകത=ഉദ്യാനത്തെ പ്രാപിച്ചു. രാവിലെ ദേവകാൎയ്യവും ഊണും കഴിച്ചു മനസ്സിന്നു തെല്ലൊരു സുഖക്കേടുള്ളവനെന്നപോലെ നളൻ ഉറങ്ങുവാൻ പോകയാണെന്നു വ്യാജം പറഞ്ഞു ഭൃത്യന്മാരെ വിട്ടയച്ചു താനൊറ്റയ്ക്കു് ആരുമറിയാതെ, ഉദ്യാനത്തിൽ പ്രവേശിച്ചു.

താമേവാലോലനേത്രാമനുസമയമസൌ
ചിന്തയന്നന്തരാത്മ-
ന്യാമൂലാഗ്രം പിടിച്ചീടിന രണരണികാം
ചൊററു നേതും പ്രശാന്തിം

വാമേ ബിഭ്രൽ പ്രകോഷ്ഠേ പരമൊരു വലയം
ദീർഘനിശ്വാസശാലീ
കാമീ ഭൂമീവലാരിർവ്യചരദുപവനേ
നിസ്സഹായോ നിഗൂഢം. ൨൭

കാമീ അസൌ ഭൂമീവലാരിഃ=കാമിയായിരിക്കുന്ന ഈ മഹാരാജാവു്. ആലോലനേത്രാം താം ഏവ=ചഞ്ചലാക്ഷിയായ അവളെ(ദമയന്തിയെ)ത്തന്നെ. അനുസമയം അന്തരാത്മനി ചിന്തയൻ=ക്ഷണംതോറും മനസ്സിൽ ചിന്തിച്ചുകൊണ്ടു്. ആമൂലാഗ്രം പിടിച്ചീടിന രണരണികാം=കടമുതൽ തലവരെ പിടിച്ച രണരണികയെ (ഉൽക്കണ്ഠയെ). ചെറവ പ്രശാന്തിം നേതും=തെല്ലു ശമനത്തെ പ്രാപിപ്പിക്കുന്നതിന്നായിട്ടു്. വാമേ പ്രകോഷ്ഠേ ഒരു വലയം പരം ബിഭ്രൽ=ഇടത്തെ കൈത്തണ്ടമേൽ ഒരു വളമാത്രം ധരിച്ചുകൊണ്ടു്. ദീർഘനിശ്വാസശാലീ=നെടുവീർപ്പുകളോടുകൂടിയവനായിട്ടു്. നിസ്സഹായഃ=ആരും തുണക്കൂടാത്തവനായി. നിഗൂഢം=ഗൂഢമാംവണ്ണം (ക്രി. വി) ഉപവനേ വ്യചരൽ=ഉദ്യാനത്തിൽ സഞ്ചരിച്ചു. ചഞ്ചലാക്ഷിയായ ദമയന്തിയെത്തന്നെ എല്ലാ സമയവും മനസ്സിൽ ചിന്തിച്ചുകൊണ്ടു്, കടമുതൽ തലവരെ പിടിച്ച ഉൽക്കണ്ഠയെ തെല്ലൊന്നു ശമിപ്പിക്കുവാൻവേണ്ടി, ഇടത്തുകൈത്തണ്ടമേൽ ഒരു വളമാത്രം ധരിച്ചുകൊണ്ടും നെടുവീർപ്പിട്ടുകൊണ്ടും ആരും കാണാതെ നിസ്സഹായനായിട്ടു നളൻ ഉദ്യാനത്തിൽ സഞ്ചരിച്ചു. 'രണരണിക' എന്നതിന്നു ഉൽക്കണ്ഠ, അതായതു് അസഹ്യമായ കാമതാപം, എന്നൎത്ഥം. 'കാമീ' എന്നതിന്നു കാമയമാനാവസ്ഥയിലിരിക്കുന്നവൻ എന്നാണു് സാരം. ഇടത്തുകൈത്തണ്ടമേൽ ഒററവളമാത്രം ധരിക്കുന്നതു വിരഹസൂചകമായ ചിഹ്നമാകുന്നു. 'ബിഭ്രൽകാഞ്ചന മേകമേവ വലയം', 'കനകവലയഭ്രംശരിക്തപ്രകോഷ്ഠഃ' എന്നു തുടങ്ങിയ കാളിദാസപ്രയോഗങ്ങളും നോക്കുക.

ആരൂഢാഭോഗമഗ്രേ മധുരിമ ചൊരിയും
മഞ്ജരീഭാരജാലം
പേറിക്കൂടാഞ്ഞു ചാഞ്ഞീടിന ശിഖരശതാ-
പൂരിതാരാമദേശാൻ
ഓരോരോ ദിക്കിലോരോവക തരുനികരാൻ
ഹന്ത കാണും ദശായാം
മാരാർത്തിർമ്മാനസാന്തേ തികതിക പിടിപെ-
ട്ടൂ മഹാരാജമൌലേഃ. ൨൨

സന്താപശാന്തിക്കുവേണ്ടിയുള്ള ഉദ്യാനപ്രവേശം സന്താപാധിക്യമാണുളവാക്കിയതെന്നു പറയുന്നു:—ആരൂഢാഭോഗം=ആരൂഢമായ (വളർന്ന) ആഭോഗത്തോടു (വിശാലതയോടു) കൂടുംവണ്ണം (ക്രി. വി). അഗ്രേ=മുകളിൽ മധുരിമ=മാധുര്യം. മഞ്ജരീഭാരജാലം=മഞ്ജരീഭാരങ്ങളുടെ (കനമേറിയ പൂങ്കുലകളുടെ) സമൂഹം. പേറിക്കൂടാഞ്ഞു=പേറുവാൻ വയ്യാതെ. ചാഞ്ഞീടിന ശിഖരശതാപൂരിതാരാമദേശാൻ=ചാഞ്ഞുനില്ക്കുന്ന ശിഖരശതങ്ങളെ(നൂറുകണക്കായ ശിഖരങ്ങളെ)കൊണ്ടു് ഉദ്യാനപ്രദേശത്തെ നിറച്ചവ. [തരുനികരങ്ങളുടെ വിശേഷണം] തരുനികരാൻ=വൃക്ഷസമൂഹങ്ങളെ. കാണും ദശായാം=കാണുന്ന നേരത്തു്. മഹാരാജമൌലേഃ=ശ്രേഷ്ഠനായ മഹാരാജാവിന്റെ. മാനസാന്തേ=മനസ്സിനുള്ളിൽ. മാരാർത്തിഃ=കാമതാപം. തികതിക പിടിപെട്ടു=തികഞ്ഞു വഴിയുമാറു പിടിപെട്ടു. അഗ്രത്തിൽ പരന്നു മാധുര്യം പൊഴിയുന്ന പൂങ്കുലകളുടെ ഭാരം താങ്ങാൻ വയ്യാഞ്ഞു ചാഞ്ഞുകിടക്കുന്ന നിരവധി ചില്ലകളെക്കൊണ്ടു് ആരാമദേശം മുഴുവനും നിറഞ്ഞിരിക്കുന്ന ഓരോവക വൃക്ഷസമൂഹങ്ങളെ ഓരോ ദിക്കിൽ കാണുന്ന സമയത്തു മഹാരാജാവായ നളന്റെ മനസ്സിൽ കാമസന്താപം തിളച്ചുമറിഞ്ഞു തികഞ്ഞുവശായി. 'തികതിക' എന്നതിനു തികഞ്ഞുവഴിയുമാറു് എന്നർത്ഥം. 'തികനില' എന്നും പാഠം കാണുന്നുണ്ടു്. ആ പക്ഷത്തിൽ പരിപൂർണ്ണാവ

സ്ഥ എന്നു് അൎത്ഥമാക്കാം. ചിലർ 'തകതില' എന്നൊരു പാഠം സ്വീകരിച്ചു തിളച്ചുമറിയുന്നവിധം എന്നു് അൎത്ഥം പറയുന്നുണ്ടു്. 'ഹന്ത' എന്നതു രാജാവിൻെറ ദയനീയാവസ്ഥയിലുള്ള അനുകമ്പയെ ദ്യോതിപ്പിക്കുന്നു.

പുത്തൻപരാഗനികരങ്ങളെ വാരി മേന്മേ-
ലൂതീടിനാരുടനുടൻ പവമാനപോതാഃ
ചിത്രം തദീയഹൃദയേ മദനാഗ്നിമേറെ-
ക്കത്തിപ്പതിന്നൊരു പയിൻപൊടിയെന്നപോലെ.

ഇതുമുതൽ വസന്തതിലകവൃത്തത്തിലുള്ള ആറു ശ്ലോകങ്ങളെക്കൊണ്ടു നളൻെറ വിരഹാഗ്നിയെ ജ്വലിപ്പിക്കുന്ന ഉദ്ദീപനവസ്തുക്കളെ വിവരിക്കുന്നു:—പവമാനപോതാഃ=ഇളംകാററുകൾ. പുത്തൻ പരാഗനികരങ്ങൾ=പുതിയ പൂമ്പൊടിയുടെ സമൂഹങ്ങൾ. ഊതീടിനാർ=വീശി. ചിത്രം=ആശ്ചൎയ്യം. തദീയഹൃദയേ=അദ്ദേഹത്തിൻെറ ഹൃദയത്തിൽ. മദനാഗ്നിം=കാമാഗ്നിയെ. പയിൻപൊടി=പയിൻ എന്ന മരത്തിൻെറ പൊടി. ഇളംകാററുകൾ പുതിയ പൂമ്പൊടിയുടെ കൂട്ടങ്ങൾ മേൽക്കുമേൽ വാരിയെറിഞ്ഞു് ഉടനുടൻ വീശി. ഇതു കണ്ടാൽ നളൻെറ ഹൃദയത്തിൽ നീറിപ്പിടിച്ചിരിക്കുന്ന കാമാഗ്നിയെ അധികമായി കത്തിക്കുന്നതിനു പയിൻപൊടി വാരിയിട്ടു് ഊതുകയാണോ എന്നു തോന്നും. 'പവമാനപോതാഃ' എന്നതിലെ 'പോത'ശബ്ദത്തിനു ചെറുകുട്ടികൾ എന്നാണൎത്ഥം. 'പയിൻപൊടി' ഈൎച്ചപ്പൊടിപോലെ നനുത്ത ഒരുതരം പൊടി. 'ഊതീടിനാർ' എന്നതിനു വീശി എന്നും മുഖവായുവിനെ വിട്ടു എന്നും അൎത്ഥം. കത്താതെ കിടക്കുന്ന അഗ്നിയെ പയിൻപൊടിയിട്ടു് ഊതിക്കത്തിക്കുന്നതു കുട്ടികൾക്കു' ഒരു നേരംപോക്കാണെന്നു 'ചിത്രം' എന്ന ശബ്ദം സൂചിപ്പിക്കുന്നു. ഉദ്യാനത്തിൽ മന്ദവാതങ്ങൾ പൂമ്പൊടികൾ പറപ്പിച്ചുകൊണ്ടു ധാരാളമായി വീശിയെന്നും അതിനാൽ നളൻെറ ഹൃദയത്തിലുള്ള മദനാഗ്നി പൂൎവ്വാധികം

ആളിക്കത്തിയെന്നും സാരം. മന്ദാനിലൻ ഉദ്ദീപനവിഭാവങ്ങളിൽ പ്രധാനമായ ഒന്നാകുന്നു. അലങ്കാരം ഉൽപ്രേക്ഷ.

ആരാമസീമനി ചിരാദമുമാത്തവൈര-
മാരാന്നിരീക്ഷ്യ പരപുഷ്ടമുഖാസ്തദാനീം,
പോരാടുവാനിനിയയയ്ക്കരുതെന്നു കല്പി-
ച്ചാരേഭിരേ മദനഭൂപതിവാഹിനീന്ദ്രാഃ. ൩൦

ചിരാൽ ആത്തവൈരം അമും=വളരെക്കാലമായി ആത്തവൈരൻ (വൈരത്തെ ധരിച്ചിരിക്കുന്നവൻ) ആയ ആ നളനെ. തദാനീം=അപ്പോൾ. ആരാമസീമനി=ഉദ്യാനപ്രദേശത്തിങ്കൽ. ആരാൽ നിരീക്ഷ്യ=അടുത്തായി കണ്ടിട്ട്. ഇനിയയയ്ക്കരുതെന്നു കല്പിച്ച്= ഇനി ഇവനെ വിട്ടയയ്ക്കുവാൻ പാടില്ലെന്നു സങ്കല്പിച്ച്. പരപുഷ്ടമുഖാഃ=പരപുഷ്ടങ്ങൾ (കുയിലുകൾ) മുതലായ. മദനഭൂപതിവാഹിനീന്ദ്രാഃ=മദനനാകുന്ന രാജാവിന്റെ സേനാപതിമാർ (വാഹിനീന്ദ്രന്മാർ=സൈന്യത്തലവന്മാർ). പോരാടുവാൻ ആരേഭിരേ=യുദ്ധംചെയ്യാൻ തുടങ്ങി. മദനരാജാവിനോടു വളരെക്കാലമായി വിരോധത്തോടുകൂടി വർത്തിക്കുന്ന നളനെ ഉദ്യാനത്തിൽ അടുത്തു കണ്ടിട്ട് ഇനിയിവനെ വിട്ടയയ്ക്കയില്ല എന്നു കരുതി കുയിലുകളുടങ്ങിയ മദനസേനാപതിമാർ പടവെട്ടുവാൻ ആരംഭിച്ചു. കുയിലുകളുടെ ഗാനം മുതലായവ മദനോദ്ദീപകങ്ങളാകയാൽ പരപുഷ്ടാദികളെ കാമസേനാപതികളായി കല്പിച്ചിരിക്കുന്നു. വിരഹിയായ നളന്റെ മദനതാപം വർദ്ധിപ്പിക്കുമാറു കുയിലുകൾ കൂകുവാനും മറ്റും തുടങ്ങി എന്നു ഭാവം. "പരപുഷ്ടമുഖാഃ" എന്നതിലെ 'മുഖ' ശബ്ദംകൊണ്ടു കുയിലുകളെപ്പോലെ മദനോദ്ദീപകങ്ങളായ ഇതര പദാർത്ഥങ്ങളെക്കൂടി ഗ്രഹിക്കണം. പരപുഷ്ടാദികളെ വാഹിനീന്ദ്രന്മാരായി കല്പിച്ചിരിക്കയാൽ രൂപകം അലങ്കാരം. ഉദ്യാനത്തിൽ സ്വാഭാവികമായ കോകിലഗാനാദികൾ മദനസേനാപതികളുടെ പോരാട്ടമാണോ എന്നു തോന്നുമെന്നു പറഞ്ഞിരിക്കയാൽ ഉൽപ്രേ

ക്ഷയും ഉണ്ട്. ഈ ഉൽപ്രേക്ഷ വാചകശബ്ദമില്ലായ്കയാൽ ഗമ്യമാകുന്നു. അടുത്ത ശ്ലോകത്തിലും കോകിലഗാനത്തെത്തന്നെ പ്രകാരാന്തരേണ പറയുന്നുണ്ട്.

ചാരുസ്വനങ്ങൾ ചെവി രണ്ടിലുമാവതെല്ലാം
കോരിക്കനം കുയിലിനങ്ങൾ തദാ ചൊരിഞ്ഞാർ
വൈരേണ മാരനിഹ ചുട്ടുപഴുത്തെടുത്ത
നാരാചബാണനികരം തിരുകുന്നപോലെ. ൩൫

ചാരുസ്വനങ്ങൾ=മനോഹരശബ്ദങ്ങൾ. ആവതെല്ലാം=ആവുന്നേടത്തോളം മുഴവനും. കനം=കനക്കെ (ഘനമാംവണ്ണം). കുയിലിനങ്ങൾ=കുയിൽക്കൂട്ടങ്ങൾ. വൈരേണ=വൈരത്താൽ. മാരൻ=കാമദേവൻ. നാരാചബാണനികരം=നാരാചങ്ങളെന്ന ബാണങ്ങളുടെ സമൂഹം (നാരാചങ്ങൾ=ലോഹനിർമ്മിതങ്ങളായ ശരവിശേഷങ്ങൾ) കുയിൽക്കൂട്ടങ്ങൾ മനോഹരങ്ങളായ ശബ്ദങ്ങളെ ധാരാളമായി നളന്റെ ചെവിയിൽ ചൊരിഞ്ഞു. അതു കണ്ടാൽ കാമദേവൻ ചുട്ടുപഴുപ്പിച്ചെടുത്ത ഇരിമ്പുശരങ്ങൾ കാതുകളിൽ തിരുകുകയാണോ എന്നു തോന്നും. വിരഹിയായ നളനു കണ്ണുകരാറമാംവണ്ണം കുയിലുകൾ കൂകി എന്നു ഭാവം. കുയിലുകൾ മനോഹരശബ്ദങ്ങളെ ചെവിയിൽ പ്രവേശിപ്പിച്ചതിനെ നാരാചബാണങ്ങൾ തിരുകുകയാണോ എന്നു ശങ്കിക്കയാൽ അലങ്കാരം ഉൽപ്രേക്ഷ.

കണ്ണിന്നു ഹന്ത പരിതാപഭരം വളർത്തു
മിന്നുന്ന പല്ലവകുലം സഹസാ തരൂണാം
കൊന്നീടുവാൻ മദനഭൂപനെടുത്തു മെല്ലെ-
ന്നന്യൂനകൌതുകമിളക്കിന വാളുപോലെ. ൩൬

പരിതാപഭരം=സന്താപാധിക്യം. പല്ലവകുലം=തളിർക്കൂട്ടം. സഹസാ=പെട്ടെന്നു്. തരൂണാം=വൃക്ഷങ്ങളുടെ. മദനഭൂപൻ=കാ

മരാജാവ്. മെല്ലെന്ന്=പതുക്കെ. അന്യൂനകൌതുകം=അന്യൂനമായ കൌതുകത്തോടുകൂടി (ക്രി. വി.). മിന്നിത്തിളങ്ങുന്ന വൃക്ഷങ്ങളുടെ തളിരുകൾ, മദനമഹാരാജാവു തന്നെ വധിക്കുന്നതിന്നായി കൌതുകത്തോടുകൂടി കയ്യിലെടുത്തു് ഇളക്കിയ വാളോ എന്നു തോന്നുമാറ്, നളന്റെ കണ്ണിന്നു് അത്യധികമായ സന്താപം വദ്ധിപ്പിച്ചു. പല പല മരങ്ങളിൽ കുലകുലയായി നില്ക്കുന്ന തളിരുകൾ കണ്ടപ്പോൾ മദനപരിതാപം പെരുകിവശായി എന്നു സാരം. അലങ്കാരം ഉൽപ്രേക്ഷ.

ഉൽപന്നകൌതുകഭരം തരുപാളി പെയ്തു
നൽപ്പാൽ തൊഴും നവമരന്ദരസം തദാനീം
ഇപ്പാരിലുള്ളഖിലകാമുകനാശഹേതോ–
രുൽപാതവൃഷ്ടി സഹസാ ചൊരിയുന്നപോലെ.൩൩

ഉൽപന്നകൌതുകഭരം=ഉണ്ടായ കൌതുകാതിശയത്തോടുകൂടി (ക്രി. വി.). തരുപാളി=വൃക്ഷസമൂഹം. പെയ്തു=പൊഴിച്ചു. നൽപ്പാൽ തൊഴും നവമരന്ദരസം=നല്ല പാൽ തൊഴുന്ന (പാലിനേക്കാൾ മധുരമായ) പുതിയ പൂന്തേൻകുഴമ്പു്. തദാനീം=അപ്പോൾ. ഇപ്പാരിലുള്ളഖിലകാമുകനാശഹേതോഃ=ഈ ഭൂമിയിലുള്ള എല്ലാ കാമുകന്മാരുടേയും നാശത്തിന്നു ഹേതുവായിട്ടു്. ഉൽപാതവൃഷ്ടി=അശുഭസൂചകമായ അതിവൃഷ്ടി. വൃക്ഷസമൂഹങ്ങൾ കൌതുകാധിക്യത്തോടുകൂടി പൈമ്പാലിനേക്കാൾ മധുരമായ പുതുതേൻകുഴമ്പു വഷിച്ചു. ഇതു കണ്ടാൽ ഭൂമിയിലുള്ള എല്ലാ കാമുകന്മാരുടേയും നാശത്തിന്നു ഹേതുവായിട്ടു് അകാലത്തിങ്കൽ അശുഭസൂചകമായ അതിവൃഷ്ടി പൊഴിക്കുകയാണോ എന്നു തോന്നും. 'ഉൽപാത'ശബ്ദത്തിന്നു നാട്ടടക്കം വരുവാൻപോകുന്ന നാശത്തെ സൂചിപ്പിക്കുന്ന ദുർലക്ഷണം എന്നത്ഥമാകുന്നു. 'പാൽതൊഴുംനവമരന്ദരസം' എന്നേടത്തു ലക്ഷിതോപമ. പ്രധാനമായ അലങ്കാരം ഉൽപ്രേക്ഷതന്നെ.

ഉദ്യാനസീമനി നിറഞ്ഞുകവിഞ്ഞു പൊങ്ങീ
മെത്തുന്ന നൽപരിമളം കുസുമാവലീനാം
നിത്യം പുളച്ചു വിളയാടിന ചിത്തയോനി-
മത്തദ്വിപേന്ദ്രമദസൌരഭമെന്നപോലെ. ൩൮

ഉദ്യാനസീമനി=ഉദ്യാനപ്രദേശത്തിൽ. മെത്തുന്ന=വൎദ്ധിക്കുന്ന. കുസുമാവലീനാം=പുഷ്പസമൂഹങ്ങളുടെ. ചിത്തയോനിമത്തദ്വിപേന്ദ്രമദസൌരഭം=ചിത്തയോനി (കാമൻ) ആകുന്ന മത്തദ്വിപേന്ദ്രന്റെ (മദിച്ച ആനത്തലവന്റെ) മദജലമണം. പൂനിരകളുടെ മോഹനമായ പരിമളം ഉദ്യാനത്തിലെങ്ങും നിറഞ്ഞുകവിഞ്ഞു പൊങ്ങി. അതിനെ മദംപൂണ്ടു പുളച്ചുകളിക്കുന്ന കാമനാകുന്ന ആനത്തലവന്റെ മദഗന്ധമാണോ എന്നു തോന്നുമെന്നു് ഉൽപ്രേക്ഷിച്ചിരിക്കുന്നു. 'പരപുഷ്ടമുഖാഃ' (ശ്ലോ: ൩൦) എന്നതിലെ മുഖശബ്ദംകൊണ്ടു പറയപ്പെട്ടവയാണു് പല്ലവാകുലം, നവമരന്ദരസം, കുസുമപരിമളം എന്നിവ എന്നു കാണുക.

ഇത്ഥമേഷ സഹിയാത വസ്തു സഹ-
സാനുഭൂയ ഹൃദയാന്തരേ
കത്തി മെത്തിന മനോഭവാഗ്നി മുക-
ളേറി നീളവിളയും വിധൌ
അത്ര വന്നതു പിഴച്ചുപോയിതതി-
കഷ്ടമെന്നു കരുതീടിനാൻ
ഹൃദ്യവസ്തുഷു വിരക്തി പൂണ്ടു ഹൃത-
മാനസോ നൃപതനൂജയാ. ൩൯

വിഷയനിവൃത്തി എന്ന മനോവസ്ഥയെ വൎണ്ണിക്കുന്നു:—നൃപതനൂജയാ ഹൃതമാനസഃ ഏഷഃ=രാജപുത്രിയാൽ (ദമയന്തിയാൽ) മനസ്സപഹരിക്കപ്പെട്ട ഈ നളൻ. ഇത്ഥം=ഇപ്രകാരം. സഹിയാത വസ്തു=അസഹ്യമായ വസ്തുവിനെ. സഹസാ അനുഭൂയ=പെട്ടെ

ന്ന് അനുഭവിച്ചിട്ട്. ഹൃദയാന്തരേ=ഹൃദയത്തിനുള്ളിൽ. കത്തി മെത്തിന=കത്തിജ്വലിച്ച. മനോഭവാഗ്നി=കാമാഗ്നി. മൂകളേറി= മൂദ്ധന്യദശയിലെത്തി. നീളവിളയും വിധൌ=അധികമായി വദ്ധി ക്കുന്ന സമയത്തു്. ഹൃദ്യവസ്തുഷു വിരക്തിപൂണ്ട്=ഹൃദ്യങ്ങളായ വസ്തുക്കളിൽ വൈരാഗ്യം കലന്ന്. അതികഷ്ടം=വലിയ കഷ്ടം. അത്ര വന്നതു പിഴച്ചുപോയിതെന്നു കരുതീടിനാൻ=ഈ ഉദ്യാന ത്തിൽ വന്നതു പിഴച്ചുപോയി എന്നു വിചാരിച്ചു. ദമയന്തിയാൽ അപഹൃതമാനസനായ നളൻ ഉദ്യാനത്തിൽ കാമോദ്ദീപകങ്ങളായ വസ്തുക്കളെ കാണുകയാൽ മനസ്സിൽ കത്തിയുയന്ന കാമാഗ്നി മൂദ്ധന്യാവസ്ഥയിലെത്തി വദ്ധിച്ചുവശായപ്പോൾ സ്വതേ തന്നി ക്ക ഹൃദ്യങ്ങളായ വസ്തുക്കളിൽ വൈരാഗ്യംപൂണ്ട് ഉദ്യാനത്തിൽ വന്നതു തെററായിപ്പോയി എന്നു വിചാരിച്ചു. ഹൃദ്യവസ്തുക്കളിൽ വിരക്തി തോന്നുകയാണ് വിഷയനിവൃത്തി എന്ന മനോവസ്ഥ. ര–ന–ര–ന–ര–ന–ര എന്നീ ഗണങ്ങൾ നിരന്നുവരികയാൽ വൃ ത്തം കസുമമഞ്ജരി. ഇനിയുള്ള ഏഴു ശ്ലോകങ്ങളിലും ഇതേ വൃത്തം തന്നെ.

മാരവീരവിപുലപ്രതാപമൊരു
 കമ്പു പൊങ്ങിയഥ ഭ്രമിപൻ
ഘോരമായ ഹൃദയജ്വരേണ വിര–
 സേന ചീത്ത പരിതാപവാൻ
കോരിയമ്പൊടു വിലാപവാക്കുകൾ ക–
 ടന്നുകൊണ്ടു ബത തൂകിനാൻ
ദൂരവേ ബത പരിത്യജിച്ചു സഹ
 ലജ്ജയാ ച നിജധീരതാം. ൩൩

വിഷയനിവൃത്തിയുടെ ഫലമായ വിലാപവും ത്രപാനാശമെ ന്ന മനോവസ്ഥയും വണ്ണിക്കുന്നു:—മാരവീരവിപുലപ്രതാപം=കാമ നെന്ന വീരൻെറ വിശാലമായ പ്രതാപം. ഒരു കമ്പു പൊങ്ങി=

ഒരു കമ്പുകൂടി പൊങ്ങി. അഥ=പിന്നെ. ഭൂമിപൻ=രാജാവു്. വിരസേന=വിരസമായിരിക്കുന്ന. ഘോരമായ ഹൃദയജ്വരേണ=മനസ്സിലുണ്ടായ ഭയങ്കരമായ സന്താപംകൊണ്ടു്. ചിത്ത പരിതാപവാൻ=വർദ്ധിച്ച പരിതാപത്തോടുകൂടിയവനായിട്ടു്. സഹ ലജ്ജയാ നിജധീരതാം ച ദൂരവേ പരിത്യജിച്ച്=ലജ്ജയോടുകൂടി തനിക്കു സ്വതേയുള്ള ധൈര്യത്തേയും അകലെ ത്യജിച്ചു്. വിലാപവാക്കുകൾ=വിലാപവചനങ്ങൾ. കോരിയമ്പൊടു=ധാരാളമായി കോരിയെടുത്തു്. കടന്നുകൊണ്ടു തുകിനാൻ=അതിർകടന്ന നിലയിൽ ചൊരിഞ്ഞു. കാമതാപം ഒരു പടികൂടി പൊങ്ങിയപ്പോൾ ഭയങ്കരവും വിരസവുമായ ഹൃദയജ്വരത്താൽ മനസ്താപം വർദ്ധിച്ചു്, ലജ്ജയും സഹജമായ ധൈര്യവും അകലെ വെടിഞ്ഞു്, നളൻ അതിർകവിഞ്ഞ നിലയിൽ വിലാപവചനങ്ങൾ അതിധാരാളമായി പറഞ്ഞു. ലജ്ജയും ധൈര്യവും വിട്ടു വിലപിച്ചുതുടങ്ങിയെന്നു സാരം. 'ബത' എന്നതു ഖേദത്തെ ദ്യോതിപ്പിക്കുന്നു. ലജ്ജയോടുകൂടി ധീരതയേയും പരിത്യജിച്ചു എന്നു പറഞ്ഞതുകൊണ്ടു സഹോക്തി അലങ്കാരം.

നീറി നീറി വളരുന്നിതുള്ളിലുട-
നേറിയേറി മുകളേറുമ-
മ്മാരവഹ്നി മരണം തുലോമെളുതി-
വണ്ണമെങ്കിലിനി മേലിലും
ആരു നല്ലിതധുനാ നമുക്കു മേ-
യന്തിയെന്നിനിയ മന്ത്രമെ-
ന്നാരു തൊട്ടു മധുരം ജപിച്ചു മദ-
നാർത്തി ചെററു ചെറുതാക്കുവാൻ. ന-

വിലാപത്തിലുള്ള ചിന്തയെയാണ് ഈ ശ്ലോകത്തിൽ വർണ്ണിക്കുന്നതു്:—നീറി നീറി വളരുന്നിതു=നീറിപ്പിടിച്ചുകൊണ്ടു വർദ്ധിച്ചുവരുന്നു. ഏറിയേറി മുകളേറുമമ്മാരവഹ്നി=കയറിക്കയറി മുക

ളിലെത്തുന്ന കാമാഗ്നി മരണം ഇലോമെളളത്=മരണം ഏററവും എളുപ്പമാണ്. ഇവണ്ണമെങ്കിൽ=ഇങ്ങനെതന്നെയാണെങ്കിൽ. ആരു നല്ലിഇ=ആരാണ' നല്ലത്. അധുനാ=ഇപ്പോഠ. ഇനിയ മന്ത്രം=മധുരമായ മന്ത്രം. ജപിച്ച്=ചൊല്ലി മദനാൎത്തി ചെററ ചെററതാക്കവാൻ=കാമതാപത്തെ കറഞ്ഞൊന്നു കറയ്ക്കുവാൻ. ഉള്ളിൽ തെരുതെരെ കയറിക്കയറിവരുന്ന കാമാഗ്നി നീറിനീറി വളൎന്നുകൊണ്ടിരിക്കുന്നു. മേലിലും ഇങ്ങനെതന്നെയാണെങ്കിൽ മരണം വരുവാൻ വളരെയെളുപ്പം. ഈ ദുരവസ്ഥയിൽ ദമയന്തി എന്ന മധുരനാമം മധുരമാംവണ്ണം എന്റെ മാറ തൊട്ടു ജപിച്ചു മദനാൎത്തിയെ കറഞ്ഞൊന്നു ശമിപ്പിക്കുവാൻ തക്കൊരു മാന്ത്രികൻ ആരാണുള്ളത്? ദമയന്തിയുടെ നാമാമൃതംകൊണ്ടുമാത്രമേ മേലിൽ എനിക്കു ജീവിച്ചിരിപ്പാൻ സാധിക്കയുളളൂ.

എന്തുവാനിതിനുപായമാരു ബത
ബന്ധുവാവതിഹ സങ്കടേ
ചിന്തയന്നിതി ദിവാനിശം മനസി-
ഹന്ത ഹന്ത വിധുരോസ്മി ഞാൻ.
ബന്ധുരാംഗിയൊടു ചെന്നവസ്ഥ സക-
ലം പറഞ്ഞു മമ സാദരം
തന്നിയോഗവുമറിഞ്ഞുകൊണ്ടിഹ വ-
രുന്നതാരു മമ സന്നിധൌ. ൩൨

നളന്റെ ചിന്ത തുടരുന്നു:—എന്തുവാനിതിനുപായം=എന്താണിതിന്നൊരുപായം. ആരു ബത ബന്ധുവാവതിഹ സങ്കടേ= ഈ സങ്കടത്തിൽ ആരാണെനിക്കു ബന്ധുവാകുക. ഇതി ദിവാനിശം മനസി ചിന്തയൻ=ഇങ്ങനെ രാവും പകലും മനസ്സിൽ ചിന്തിച്ചുകൊണ്ട്. ഹന്ത ഹന്ത വിധുരോസ്മി ഞാൻ=അയ്യോ കഷ്ടം, ഞാൻ പരവശനായി ഭവിക്കുന്നു. ബന്ധുരാംഗിയൊടു ചെന്നവസ്ഥ സകലം പറഞ്ഞു മമ സാദരം=സുന്ദരാംഗിയായ ദമയന്തിയോട്' എ

ൻെറ അവസ്ഥയെല്ലാം ആദരവോടെ ചെന്നു പറഞ്ഞു. തന്നിദേയാഗവുമറിഞ്ഞുകൊണ്ടു=അവളുടെ കല്പനയും അറിഞ്ഞു. ഇഹ മമ സന്നിധൌ വരുന്നതാര്=ഇവിടെ എൻെറ സമീപത്തിൽ വരുവാൻ ആരുണ്ട്. ഈ സങ്കടാവസ്ഥയിൽ എനിക്കു ബന്ധുവായി ദമയന്തിയുടെ അടുക്കൽ ചെന്ന് എൻെറ അവസ്ഥ അറിയിച്ച് അവൾ പറഞ്ഞയയ്ക്കുന്ന സന്ദേശമറിഞ്ഞ് എന്നെ വന്നു ധരിപ്പിക്കുവാൻ ആരാണുള്ളത്? ഈ രണ്ടു ശ്ലോകങ്ങളിൽ നളൻെറ ലജ്ജയും ധൈര്യവും വിട്ടുള്ള വിലാപം ഉൽക്കടാവസ്ഥയിലെത്തിയതായി പറഞ്ഞിരിക്കുന്നു.

പേശലാംഗ പവമാനപോത കുശ–
ലം ഭവാനു ബത വർത്തതേ
നാശകാലമധുനാ നമുക്കിനിയൊ–
രാശയുണ്ടു പറയാമതും
ആശു ചെന്നിനിയ കുണ്ഡിനാഖ്യനഗ–
രേ സുഖേന ദമയന്തിതൻ
കൈശികേ ബത വിരുന്നുമുണ്ടു വരി–
കല്ലയോ സരസ സാമ്പ്രതം. ൨൫

ചിന്താധിക്യത്താലുണ്ടായ ഉന്മാദമെന്ന മനോവസ്ഥയെ വർണ്ണിക്കുന്നു:—ഹേ പേശലാംഗ പവമാനപോത=അല്ലയോ മനോഹരാംഗനായ കൊച്ചുകാറേ കുശലം ഭവാനു ബത വർത്തതേ=അങ്ങേയ്ക്കു കുശലംതന്നെയല്ലേ? നാശകാലമധുനാ നമുക്ക്=നമുക്കിപ്പോൾ നാശത്തിന്നുള്ള കാലമാണ്. ഇനിയൊരാശയുണ്ടു പറയാമതും=ഇനി ഒരാഗ്രഹമുണ്ട്, അതു ഞാൻ പറയാം. ഹേ സരസ=അല്ലയോ രസികനായവനേ. ആശു ഇനിയ കുണ്ഡിനാഖ്യനഗരേ ചെന്ന്=വേഗത്തിൽ മനോഹരമായ കുണ്ഡിനമെന്നു പേരുള്ള നഗരത്തിൽ ചെന്ന്. സുഖേന=സുഖത്തോടുകൂടി. ദമയന്തിതൻ കൈശികേ=ദമയന്തിയുടെ കേശഭാരത്തിൽ. വിരുന്നുമുണ്ടു വരിക=വി

രുന്നുണ്ണ കഴിച്ചു തിരിച്ചുവന്നാലും. അല്ലയോ മനോഹരാംഗനായ കൊച്ചിളംകാററേ, അങ്ങേയ്ക്കു കുശലംതന്നെയല്ലേ? നമുക്കാണെങ്കിൽ ഇപ്പോൾ നാശകാലമാണ്. ഇനി ഒരാശയേയുള്ളു. അതും പറയാം. അങ്ങ് അതിവേഗത്തിൽ കുണ്ഡിനപുരിയിൽ ചെന്നു ദമയന്തിയുടെ തലമുടിക്കെട്ടിൽ വിരുന്നുണ്ണ കഴിച്ചു വന്നാൽ കൊള്ളാം. അതാണ് എനിക്കുള്ള ആശ. പരിമളം പൊഴിയുന്ന ദമയന്തിയുടെ തലമുടിക്കെട്ടിലെ മധുരഗന്ധം അനുഭവിക്കുകയാണ് സൌരഭ്യവാഹിയായ കാററിനുള്ള വിരുന്നൂണ്. സ്പർശേന്ദ്രിയത്താൽ മാത്രം ഗ്രാഹ്യമായ കാററിന്നു നേത്രേന്ദ്രിയഗ്രാഹ്യമായ അംഗം ഇല്ലാതിരിക്കെ അതിനെ 'പേശലാംഗ' എന്നു സംബോധനചെയ്തതും ചേതനാചേതനങ്ങളെ തിരിച്ചറിയാതെ കാററിനോടു തന്റെ സന്ദേശഹരനായി ദമയന്തീസവിധത്തിൽ ചെല്ലുവാൻ പറയുന്നതും നളന്റെ ഉന്മാദാവസ്ഥയെ കാണിക്കുന്നു. ഇതിൽ അധുനാ, അദ്യ, സാമ്പ്രതം എന്നിങ്ങനെ ഒരേ അർത്ഥത്തിലുള്ള അനേകം പദങ്ങൾ സന്ദേശഹരണത്തിൽ ഒട്ടും താമസം വരുത്തരുതെന്നു സൂചിപ്പിക്കുന്നു.

എത്ര കഷ്ടമിതത്രപിയായ പവ-
മാനനോടു പറയുന്നതെ-
ന്നത്തലാരുമിതു കേട്ടതില്ലതു പു-
റത്തതിന്നു കരുതും വിധൌ
ഇത്തരം ഭ്രമമകപ്പെടും വചസി
ചിത്തയോനിഭുജവിക്രമം
ചിത്തകാമ്പിൽ വളരുന്ന കാലമിതു
കേൾപ്പതുണ്ടഖിലകാമിനാം. ൪൦

ഇളംകാററിനെ സംബോധനചെയ്തു പറഞ്ഞതു പെട്ടെന്നുണ്ടായ ബുദ്ധിഭ്രമംകൊണ്ടാണെന്നു നളൻ സ്വയം സമാധാനിക്കുന്നു:—അത്രപി=ത്രപമില്ലാത്തവൻ. പവമാനൻ=കാററ്. അത്തൽ=

സങ്കടം. കരുതും വിധൌ=കരുതുമ്പോൾ. ഭ്രമം=ബുദ്ധിഭ്രമം. അക പ്പെട്ടും=വന്നുപോകും. വചസി=വാക്കിൽ. ചിത്തയോനിഭുജവി ക്രമം=കാമന്റെ ബാഹുപരാക്രമം. ഇതു കേൾപ്പതുണ്ട്=ഇതു പറ ഞ്ഞുകേൾക്കുന്നുണ്ട്; അഖിലകാമിനാം=എല്ലാ കാമികൾക്കും. സ്വ രൂപമില്ലാത്ത കാററിനോട്ട് എന്റെ സങ്കടത്തെപ്പററി സംസാരി ക്കുന്നതു് എത്ര കഷ്ടമാണ്! ഒന്നാണൊരു സമാധാനം: ഞാനിപ്പറ ഞ്ഞതു പുറമെ ആരും കേട്ടിട്ടില്ല. മനസ്സിൽ കാമന്റെ ബാഹുപ രാക്രമം പെരുകിവരുന്ന കാലത്തു കാമികൾ പറയുന്ന വാക്കിൽ ഇ പ്രകാരമുള്ള ഭ്രമം വന്നുപോകുമെന്നു ധാരാളം പറഞ്ഞുകേൾക്കുന്നു ണ്ട്. പൂർവ്വശ്ലോകംകൊണ്ടു പറഞ്ഞ ഉന്മാദാവസ്ഥയിൽനിന്നു ക്ഷ ണാന്തരത്തിലുണ്ടായ സ്വബോധത്തെ ഈ ശ്ലോകത്തിൽ കാണിച്ചി രിക്കുന്നു. ഇടയ്ക്കു ബുദ്ധി ഭ്രമിക്കുകയും അടുത്തുതന്നെ സ്വബോധം വരികയുമാണ് ഉന്മാദാവസ്ഥയുടെ സ്വഭാവം.

പല്ലവാഭരണഭൂഷിതാംഗ ബത
ചൂതപാദപ സഖേ ഭവാ-
നുള്ളിലുള്ള മമ സങ്കടങ്ങൾ പറ-
യാതകണ്ടുമറിയും ദൃഢം
വല്ലിയോടു തവ യാത്ര ചൊല്ലി വിര-
വോടു ചെന്നു ദമയന്തിയോ-
ടല്ലലൊക്കയറിയിച്ചവസ്ഥകള-
റിഞ്ഞുകൊണ്ടു വരികല്ലയോ. ൪൧

ബുദ്ധി വീണ്ടും ഭ്രമിക്കുന്നു:—അല്ലയോ പല്ലവാഭരണഭൂഷിതാം ഗ സഖേ ചൂതപാദപ=അല്ലയോ പല്ലവങ്ങൾ (തളിരുകൾ) ആകു ന്ന ആഭരണങ്ങളെക്കൊണ്ടു ഭൂഷിക്കപ്പെട്ട അംഗത്തോടുകൂടിയവ നേ, സഖിയായവനേ, തേന്മാവേ. ഭവാൻ മമ ഉള്ളിലുള്ള സങ്കട ങ്ങൾ പറയാതകണ്ടും അറിയും=അങ്ങ് എന്റെ ഉള്ളിലെ സങ്കട ങ്ങൾ ഞാൻ പറയാതെതന്നെ അറിയും. ദൃഢം=നിശ്ചയം. തവ വ

ല്ലിയോടു യാത്ര ചൊല്ലി വിരവോടു ചെന്നു്=അങ്ങയുടെ വല്ലിയോടു യാത്ര പറഞ്ഞു വേഗം ചെന്നു്. ദമയന്തിയോടല്ലലൊക്കെയറിച്ചവസ്ഥകളറിഞ്ഞുകൊണ്ടു വരിക=ദമയന്തിയോടു് എന്റെ അല്ലൽ (സങ്കടം) എല്ലാം അറിയിച്ചു് അവളുടെ അവസ്ഥകളറിഞ്ഞു വന്നാലും. 'ബത' എന്നതു് അനുകമ്പാദ്യോതകം. 'വല്ലി'യെ ചൂതപാദപത്തിന്റെ കാന്തയായിട്ടാണ് സങ്കല്പിച്ചിരിക്കുന്നതു്. സഖിയായ എന്റെ കാര്യത്തിന്നുവേണ്ടി പോകുന്നതു് അങ്ങയുടെ പ്രിയതമയോടു യാത്ര പറഞ്ഞിട്ടു വേണമെന്നു കാണിച്ചതു് ഉചിതമാകുന്നു. ചൂതപാദപം കാമദേവന്റെ കൂരമ്പുകളായ മാമ്പൂക്കളുടെ ഉത്ഭവസ്ഥാനമാകയാലായിരിക്കാം 'ഉള്ളിലുള്ള മമ സങ്കടങ്ങൾ പറയാതെകണ്ടുമറിയും' എന്നു പറഞ്ഞതു്. പൂർവ്വശ്ലോകത്തിൽ അരൂപിയായ കാററിനെ സംബോധനചെയ്തു പറഞ്ഞതു ശരിയായില്ലെന്നു സമ്മതിച്ചിട്ടുകൂടി ഈ ശ്ലോകത്തിൽ അചേതനമായ ചൂതപാദപത്തെ സംബോധനചെയ്തു പറഞ്ഞതു വർദ്ധമാനമായ ഉന്മാദാവസ്ഥയെ വിശദമാക്കുന്നു.

സ്ഥാവരത്തോടു പറഞ്ഞതെന്തിതറി-
യാതകണ്ടു വെറുതേ കിട-
ന്നാവതില്ല മറുകീടിനാലതിൻ
മാരപീഡ മുറുകീടിലും
ഭാവിയായതു ഭവിക്കുമെന്ന നില
നല്ലതെന്നറിക ചിത്തമേ.
ദൈവമേ മമ വലത്തു നില്ക്കു വല-
യിക്കൊലാ വിരഹവാരിധൌ. ൪൨

ക്ഷണാന്തരത്തിൽ വീണ്ടും സ്വബോധമുദിക്കുന്നു:— സ്ഥാവരം=നില്ക്കുന്നിടത്തുനിന്നു മറെറാരിടത്തേയ്ക്കു പോകാൻ കഴിവില്ലാത്തതും അചേതനവുമായ വസ്തു. അറിയാതകണ്ടു പറഞ്ഞതെന്തിതു്=ഇതറിയാതെ എന്താണ് ഈ പറഞ്ഞതു്. മറുകീടിനാൽ=കഴ

ങ്ങിയതിനാൽ. ആവതില്ല=പ്രയോജനമില്ല മുറുകീടിലും=വദ്ധിച്ചുവരികിലും. മാരപീഡ=കാമവ്യഥ. മാറിയായത്=വരുവാനിരിക്കുന്നത്. ഭവിക്കം=സംഭവിക്കം. ചിത്തമേ=മനസ്സേ. ദൈവമേ=ഈശ്വരാ. മമ വലത്തു നില്ലു=എന്റെ വലത്തുഭാഗത്തു (എനിക്ക അനുകൂലതയോടുകൂടി) നില്ക്കുക. വിരഹവാരിധൌ വലയിക്കൊലാ=വിരഹമാകുന്ന സമുദ്രത്തിൽ തള്ളി കഴക്കരുതേ. ഞാൻ അചരമായ വസ്തുവിനോട് ആവലാതി പറഞ്ഞതു' അറിയാതെകണ്ടാണ്'. കാമപീഡ എത്ര വദ്ധിച്ചാലും ഇങ്ങനെ കഴഞ്ഞിയതുകൊണ്ടു പ്രയോജനമില്ല. വരുവാൻപോകുന്നതു തീച്ചയായും വരുമെന്നുള്ള നിലയാണ്, എന്റെ മനസ്സേ, നിനക്ക നല്ലതു'. ദൈവമേ, എനിക്ക തുണയായി എന്റെ വലത്തുഭാഗത്തു നില്ക്കണമേ. വിരഹമാകുന്ന കടലിൽ തള്ളി വലയിക്കാതിരിക്കേണമേ. ഇതിൽ ഉൽക്കടമായ ഉന്മാദാവസ്ഥയുടെ നടുവിൽക്കൂടിയും ചിലപ്പോറം തത്വബോധവും വിവേകവും തലകാട്ടുന്നതായി വൎണ്ണിച്ചിരിക്കുന്നു.

ഇത്ഥം ചിത്താരവിന്ദേ വടിവിലുടനുടൻ
മന്മഥോന്മാദവേഗം
വന്നും പോയും കളിച്ചീടിന നിഷധമഹീ-
പാലനഗ്രേ തദാനീം
ചിത്രം ദൈവാനുകൂല്യാദധിധരണി മുദാ
വന്നു സംക്രീഡമാനാ-
നദ്രാക്ഷീൽ പക്ഷകാന്ത്യാ പരിഹസിതലസ-
ന്മല്ലികാൻ മല്ലികാക്ഷാൻ. ൪൩

വിരഹാതുരനായി വലയുന്ന സമയത്തു നളൻ ദൈവഗത്യാ ചില ഹംസങ്ങളെ കണ്ടതായി പറയുന്നു:—ഇത്ഥം=ഇപ്രകാരം. ചിത്താരവിന്ദേ=താമരപ്പൂപോലെ മൃദുവായ മനസ്സിൽ. മന്മഥോന്മാദവേഗം=കാമബാധയാലുള്ള ഉന്മാദത്തിന്റെ മൂർച്ഛ വന്നും പോയും കളിച്ചീടിന=ഇടയ്ക്കു വന്നും ഇടയ്ക്കു പോയും കളിക്കുന്ന. 'ഇത്ഥം'

എന്നു തുടങ്ങി 'കളിച്ചീടിന' എന്നുവരെ നിഷധമഹീപാലന്റെ വിശേഷണം. നിഷധമഹീപാലൻ=നളൻ. അഗ്രേ=മുന്നിൽ. തദാനീം=അപ്പോൾ ചിത്രം=ആശ്ചൎയ്യം ദൈവാനുകൂല്യാൽ=ഈശ്വരന്റെ ആനുകൂല്യംഹേതുവായിട്ട്. അധിധരണി മുദാ വന്നു സംക്രീഡമാനാൻ=ഭൂമിയിൽ സന്തോഷത്തോടേ വന്നു കളിച്ചുകൊണ്ടിരിക്കുന്ന [അധിധരണി=ധരണിയിൽ. അവ്യയീഭാവം]. പക്ഷകാന്ത്യാപരിഹസിതലസന്മല്ലികാൻ=ചിറകുകളുടെ കാന്തികൊണ്ടു പരിലസിക്കുന്നവയായ മല്ലികപ്പൂക്കളെ പരിഹസിച്ച (മല്ലികാക്ഷവിശേഷണം). മല്ലികാക്ഷാൻ=ഹംസങ്ങളെ. അദ്രാക്ഷീൽ=ദശിച്ചു. കാമോന്മാദത്തിന്റെ മൂർച്ഛ ഇടയ്ക്കിടയ്ക്കു വന്നുകൊണ്ടും പോയ്ക്കൊണ്ടും കളിക്കുന്ന നിഷധമഹാരാജാവായ നളൻ ദൈവാനുകൂല്യംനിമിത്തം തന്റെ മുമ്പിൽ ഭൂമിയിൽ വന്നു കളിച്ചുകൊണ്ടിരിക്കുന്നവയും മല്ലികപ്പൂക്കളെക്കാൾ വെളുത്ത ചിറകുകളോടുകൂടിയവയുമായ ചില ഹംസങ്ങളെ കണ്ടു. 'മല്ലികാക്ഷങ്ങൾ' എന്നു പറയുന്നതു തൊക്കും കാലുകളും കറുത്തും ചിറകുകൾ വെളുത്തുമുള്ള ഒരുതരം ഹംസങ്ങളാകുന്നു 'രാജഹംസാസ്തു തേ ചഞ്ചുചരണൈർല്ലോഹിതൈഃ സിതാഃ | മലിനൈൎമ്മല്ലികാക്ഷാഃ സ്യുഃ' എന്നമരം.

ഗദ്യം

അഥ നരനായകനമിതകുതൂഹലമവനീസീമന്യസുലഭപക്ഷികദംബകമവലോക്യാമും തൽഗ്രഹണത്തിലൊരാഗ്രഹമുൾക്കൊണ്ടഗ്രേ മന്ദം മന്ദമണഞ്ഞതിലഗ്രേസരനാം പത്രിമഹേന്ദ്രം ചിത്രാകാരം ജഗ്രാഹൈകം—പത്രിപ്രവരനുമദ്ദശതന്നിൽ ചിത്തേ മെത്തിന ഭീത്യാ കിഞ്ചിൽ പത്രപുടങ്ങൾ കുടഞ്ഞു കരഞ്ഞു പൃഥ്വീപാലകമിത്ഥമവാദീൽ—"കാമസമാന വലച്ചീടുന്നു കാമഗമം മാമെന്തിനു നൃപതേ കരുണാമന്ദിരമായ ഭവാനിക്കരുമന

കരുതുകിലനുചിതമെന്നും. കാംക്ഷിതമായതു മാംസം ഭേത്തവ മാംസളമല്ല മദീയം ഗാത്രം. കാമമിരിക്ക വസിച്ചീടാമിഹ കരകമലേ തവ കരുണാരാമേ. കാണാഞ്ഞെന്നെക്കളഹംസീ മമ കേണുതുടങ്ങും നൂനമിദാനീം". കരുണതരാമിതി ഖഗപതിവാണീം ധരണീനാഥൻ കേട്ടുതദാനീം വിസ്മയശാലീ വിസസർജ്ജാമും—സോപി മഹാത്മാ കാമക്ഷാമം ഭൂമീനായകമേവമവാദീൽ—"എന്തൊരു സങ്കടമായതു ഹൃദയേ ഹന്ത ഭവാനു ധരത്രീബന്ധോ. തണ്ടാർശരതുയിരുണ്ടെന്നുള്ളതു കണ്ടേടംകൊണ്ടൂഹിക്കുന്നേൻ. ധരണീലേതൊരു തരുണീമഞ്ജരി പെരിയൊരു സുകൃതം തേടീടുന്നു. സുരപുരനാരികളെങ്കിലുമവരെക്കരഗതമാരെന്നറിക മഹാത്മൻ. ഒരിടത്തില്ല നടക്കരുതാതിപ്പരിഷയ്ക്കെന്നു ധരിച്ചീടേണം. ചരിതമൊരോന്നേ ചെന്നു പുകഴ്ത്തി സ്മരശരവിവശത ചേർത്തു ഹൃദന്തേ തരുണീതരുണൌഘടയിതുമേററം വിരുതു നമുക്കതറിഞ്ഞീടേണം. ത്യജ ഹൃദി ഖേദം ഭജ പരിതോഷം വദ ച നിദാനം മദനരുജായാം" കളലളിതാമിതി കളഹംസോക്തിം നളിനശരജ്വരപരവശിതാത്മാ നളനരനായകനാകർണ്ണ്യാമും മിളിതാനന്ദം വചനമവാദീൽ—"പത്രരഥാധിപ ഭദ്ര ഭവാനോടത്തലശേഷവുമധുനാ ചൊല്ലാം. പൃഥ്വീമണ്ഡലമണ്ഡനമാകിന കുണ്ഡിനനഗരിയിലധുനാ രാജാ ഭീമോ നാമ ചകാസ്തി മഹാത്മാ. ദമയന്തീ നിജകാന്ത്യാ രതിമപി ദമയന്തീതി പ്രഥിതാ ലോകേ കന്യാ തസ്യ വിരാജതി ധന്യാ. തൽഗുണരീതികൾ സതതം കേട്ടിട്ടുൽകലികാ മമ നിത്യമിദാനീം. പഞ്ചത ചേപ്പാൻ പരിവാദൈസ്സഹ പഞ്ചായുധനിഹ വസതി സമീപേ. സത്യം ഭ

ന്ന ഭവാനൊടു സഖ്യം ഭാഗ്യംകൊണ്ടു നമുക്കിങ്ങെത്തീ. ആശ്ചൎയ്യം പുനരോക്കം നേരമതീശപരകല്പനയാക്കറിയാവൂ തത്സവിധേ പുനരസ്മദ്ഭാത്താമഖിലാമറിയിച്ചംബുജമുഖിതാൻ ചൊല്ലീടുന്നതു മെല്ലേ വന്നിട്ടെന്നൊടു ചൊല്ലുക കല്യാണാത്മൻ. വിധുരത്രാണംകൊണ്ടു ഭവാനതിമധുരാകീൎത്തിജ്ജയതു ധരായാം. അറിയിക്കേണ്ടും വാചികവും പുനരധുനാ നിന്നെക്കേൾപ്പിച്ചീടാം. മുഗ്ദ്ധാപാംഗിയൊടിത്ഥംകാരം മത്സന്ദേശം ചെന്നു പറഞ്ഞഥ തത്സന്ദേശം മത്സവിധേ വന്നുത്തമബന്ധോ ഹന്ത പറഞ്ഞാൽ. കാണിനിമേഷം വൈകിക്കേണ്ടാ യാനത്തിന്നും ദീനദയാലോ. കാണാഞ്ഞയ്യൊടു ഹന്ത ഭവന്തം കേണീടുന്നു സഖേ കളഹംസീ" നരപതിവാണീം മധുരാമിതി കേട്ടമിതാനന്ദം കളഹംസാധിപനഭിമതബന്ധുവിനുപകൃതി ചെയ്യാനപരൈരസ്സാകം നിജപരിവാരൈരംബരമാഗ്ഗേണാശു പറന്നഥ വിവിധമഹാമണിവിരചിതശിഖരേ ചെന്നു വിദൎഭക്ഷിതിപതിനഗരേ ധന്യാകാരേ കന്യാഗാരേ. മണിമയമുററത്തഴകിലിറങ്ങീ—കനകവിഭൂഷണഝണഝണിതോപമമധുരനിനാദംകൊണ്ടു വധൂനാം ചെവികളിലമൃതു ചൊരിഞ്ഞു ചൊരിഞ്ഞും മദകളതരുണീയാനമനോജ്ഞം മൃദുമൃദുപാദതളിർ വെച്ചു നടന്നും വിദ്രുമശകലം ബീജാപൂരകവിത്തെന്നോൎത്തു കൊത്തിയുടച്ചും മദ്ധ്യേ മദ്ധ്യേ വെളുവെള വിലസും പത്രപുടങ്ങൾ കടഞ്ഞു കടഞ്ഞും വിവലിതവദനം നോക്കിയുമിത്ഥം വിഭ്രമരീതി വളൎത്തു നടന്നു—തദനു വിദൎഭക്ഷിതിപതിതനയാസഹ നിജസഖ്യാ നിയതമിവററാലൊന്നിനെയെത്തിപ്പിടിപെട്ടീടണമെന്നു പറഞ്ഞു പുറത്തു പുറപ്പെട്ടതനുകളു

ഹലമകമേ കൈക്കൊണ്ടരയന്നങ്ങളും കളിക്കുന്നോടത്തു
ക്കൊട്ടു ചെന്നവരറിയാതെകണ്ടവനീസീമനി മന്ദം മന്ദം
പദത്തിൽ വെച്ചു തദീയഗതിക്കൊരു ശിക്ഷ പഠിപ്പാനെ
ന്നു കണക്കെ പിന്നാലേ ബത കൂട്ടത്തോരരയന്നങ്ങളി
ലധിപതിയായവനണയുമിദാനീമണയുമിദാനീമണികര
ന്നളിനം നീട്ടുകിലധുനാ മണിമയപക്ഷം തൊട്ടീടാമെന്നി
ത്ഥം നിനവുകളും മനസി മുളപ്പിച്ചനുപമകുതുകാന്മാ
ഞ്ഞ്യന്നാം വിജനേ കുഹചന നീതാ ബാലാം വിമലമധു
ളീമാധുരി ചൊരിയും ഗിരമിതി സരസാമവദദ്ദാരാം—
"പരിമൃദുഗമനേ പരിചൊടിദാനീം നരപതിതനയേ ശൃ
ണു മമ വാണീം. നിരതിശയസ്മരപരവശതാം പൂണ്ടേരി
ച്ചെരി സഹിയാഞ്ഞുടലുരുകീടും നരപതി നൈഷധ
നൊളിവിലയച്ചിഹ കളമൃദുവചനേ നിന്നെക്കാണ്മാൻ വ
ന്നൊരു ദൂതൻ ഞാനാകുന്നതു തന്വീമൌലി ധരിച്ചീടേ
ണം. ധന്യാത്മാവാം ധരണീനാഥൻ നിന്നോടുത്തന്നോ
പറയും വാചികമൊന്നിടയിട്ടിഹ മന്മുഖഗളിതം മന്മഥ
ന്മരവരജയവിരുതേ നീ സമ്പ്രതി സകലം കേട്ടരുളേണം."

നളൻ ആ ഹംസങ്ങളിൽ തലവനായവനെ പിടിക്കുകയും, ആ ഹംസത്തെ ദമയന്തിയുടെ അടുക്കലേയ്ക്കു ദൂതനായി അയയ്ക്കുകയും ചെയ്യുന്നു:— അഥ=അനന്തരം. നരനായകൻ=രാജാവു്. അമിതകുതൂഹലം=അളവറ്റ കൌതുകത്തോടുകൂടി (ക്രി. വി.). അമും അവനീസീമനി അനല്പപക്ഷികദംബകം അവലോക്യ=ഈ ഭൂമിയിൽ ധാരാളമായിരിക്കുന്ന പക്ഷിസമൂഹത്തെ കണ്ടിട്ടു്. തൽഗ്രഹണമതിലോലാഗ്രഹമുൾക്കൊണ്ടു്=അവയെ പിടിക്കുന്നതിൽ അഭിലാഷംപൂണ്ടു്. അഗ്രേ=മുമ്പിൽ. മന്ദംമന്ദം=പതുക്കെപ്പതുക്കെ. അതിലഗ്രസരനാം ചിത്രാകാരം ഏകം പത്രിമഹേന്ദ്രം ജഗ്രാഹ=ആ പക്ഷിസ

മുഹൂർത്തത്തിൽ സ്വൎണ്ണം ചിത്രമായ (നാനാവൎണ്ണങ്ങളോടുകൂടിയ) ആകൃതിയുള്ളവനുമായ, ഒരു പക്ഷിശ്രേഷ്ഠനെ പിടിച്ചു.

പത്രിപ്രവരൻ=പക്ഷിശ്രേഷ്ഠൻ. അദൃശ=ആ; അവസ്ഥ. ചിത്തേ=മനസ്സിൽ. കിഞ്ചിൽ മെത്തിന ഭീത്യാ=അല്പം വർദ്ധിച്ച ഭയം ഹേതുവായിട്ട്. പത്രപുടങ്ങൾ=പത്രങ്ങളാകുന്ന പുടങ്ങൾ. പത്രങ്ങൾ=ചിറകുകൾ. പുടങ്ങൾ=മറകൾ. (ദേഹത്തെ മറച്ചുകൊണ്ടിരിക്കുന്ന ചിറകുകൾ) പൃഥ്വീപാലകം=രാജാവിനോട്. ഇത്ഥം അവാദീൽ=ഇങ്ങിനെ പറഞ്ഞു. ചിറക കുടയുന്നതും കരയുന്നതും ഭയമുണ്ടാകുമ്പോൾ പക്ഷികൾക്കു സ്വാഭാവികമാകുന്നു. 'കാമസമാന' എന്നു മുതൽക്കു ഹംസത്തിന്റെ വചനം. കാമസമാന=കാമദേവനോടു തുല്യനായവനേ. നൃപതേ=രാജാവേ. കാമഗമം മാം എന്തിനു വലച്ചീടുന്നു=സ്വച്ഛന്ദമായി സഞ്ചരിക്കുന്ന എന്നെ അങ്ങെന്തിനുപദ്രവിക്കുന്നു. കരുണാമന്ദിരം=ദയയുടെ ഇരിപ്പിടം. ഭവാൻ=അങ്ങ്. കദനം=കഷ്ടകൃത്യം. അനുചിതം=അയോഗ്യം. ദയാലുവായ അങ്ങു കാണിക്കുന്ന ഈ കഷ്ടകൃത്യം അങ്ങേക്കു ചേൎന്നതല്ല. കാംക്ഷിതം=ആഗ്രഹിക്കപ്പെട്ടത്. ചേൽ=എങ്കിൽ. തവ=അങ്ങേക്ക്. മാംസളം=ധാരാളം മാംസമുള്ളത്. മദീയം ഗാത്രം=എന്റെ ശരീരം. അങ്ങേക്കു മാംസത്തിലാണ് ആഗ്രഹമെങ്കിൽ എന്റെ ശരീരം ധാരാളം മാംസമുള്ളതല്ല. കാമമിരിക്കിൽ=ആഗ്രഹമുണ്ടെങ്കിൽ. തവ ഇഹ കരകമലേ വസിച്ചീടാം=അങ്ങയുടെ ഈ കരമാകുന്ന താമരപ്പൂവിൽ ഞാൻ വസിക്കാം. കരത്തെ കമലമായി രൂപണം ചെയ്തത് അതിൽ ഹംസനിവാസത്തിനുള്ള ഔചിത്യത്തെ കാണിക്കുന്നു. കരുണാരസശേ=ധാരാളം കരുണയുള്ളവനേ. കാണാഞ്ഞു=കാണായ്കയാൽ. കളഹംസീ=ഹംസപ്പേട. കേണുതുടങ്ങും=വ്യസനിച്ചുതുടങ്ങും. നൂനം=നിശ്ചയം. ഇദാനീം=ഇപ്പോൾ. എന്നെ കാണായ്കയാൽ ഇപ്പോൾ എന്റെ സഹധൎമ്മിണിയായ ഹംസപ്പേട നിശ്ചയമായും കരഞ്ഞുതുടങ്ങും.

കരുണതരം=ഏററവും ദയനീയമായ. ഇതി ഖഗപതിവാണീം=ഇപ്രകാരമുള്ള പക്ഷീന്ദ്രന്റെ വാക്കിനെ. ധരണീനാഥൻ കേ

ട്ട് =രാജാവു് കേട്ടിട്ട്. തദാനീം=അപ്പോൾ. വിസ്മയശാലീ=വിസ്മയംകൊണ്ടു ശോഭിക്കുന്നവനായിട്ട്. അമും വിസസർജ്ജ=അവനെ വിട്ടു. മഹാത്മാ സഃ അപി=മഹാശയനായ അവനാകട്ടെ. കാമക്ഷാമം ഭൂമീനായകം=കാമനെക്കൊണ്ടു കൃശനായിരിക്കുന്ന രാജാവിനോട്. ഏവം അവാദീൽ=ഇപ്രകാരം പറഞ്ഞു. 'എന്തൊരു സങ്കടം' എന്നുമുതൽക്ക ഹംസത്തിന്റെ വചനം. ഹേ ധരിത്രീബന്ധോ ഭവാന്ന് ഏദയേ എന്തൊരു സങ്കടമായല്ലൂ=അല്ലയോ ഭൂമിയുടെ ബന്ധുവായവനേ, അങ്ങയ്ക്കു ഹൃദയത്തിൽ എന്തൊരു സങ്കടമാണുള്ളത്'. 'ഹാ ന്ത്' എന്ന പദം നളന്റെ പാരവശ്യം കണ്ടിട്ടുണ്ടായ അനുകമ്പയെ ദ്യോതിപ്പിക്കുന്നു. തന്ദാർശരജ്വയിർ=കാമസന്താപം. (ജ്വയിർ=സന്താപം). കണ്ടേടംകൊണ്ട്=കണ്ണാലേ കണ്ട ലക്ഷണംകൊണ്ട്. ഊഹിക്കുന്നേൻ=ഞാൻ ഊഹിക്കുന്നു. കാഴ്ചയിലുള്ള ലക്ഷണംകൊണ്ട് അങ്ങയ്ക്കു കാമസന്താപമുണ്ടെന്നു ഞാൻ ഊഹിക്കുന്നു. ധരണീൽ=ഭൂമിയിൽ (ധരണിയൽ എന്നതിന്റെ ലുപ്തരൂപം) തരുണീമഞ്ജരി=സുന്ദരിയായ സ്ത്രീ. (മഞ്ജരീശബ്ദത്തിന്നു പൂങ്കുലയെന്നാണർത്ഥം. പൂങ്കുല മുടിയിൽ ചൂടുന്നതുപോലെ തരുണിമാർ ശിരസാ ബഹുമാനിക്കുന്നവൾ എന്നു സാരം) സുകൃതം=പുണ്യം. ഭൂമിയിൽ എന്തൊരു തരുണീരത്നമാണ് വലിയ സുകൃതശാലിനിയായിരിക്കുന്നത്? കാമസമാനനായ അങ്ങയ്ക്കു് ഒരു തരുണിനിമിത്തമായി ഇത്രത്തോളം സങ്കടം ബാധിച്ച സ്ഥിതിയ്ക്കു് അവൾ വളരെ സുകൃതം ചെയ്തവളായിരിക്കണം. ആരാണ് അങ്ങിനെയൊരു സുന്ദരി? സുരപുരനാരികൾ =സ്വർഗ്ഗലോകത്തിലെ സ്ത്രീകൾ. കരഗതമാർ=കരത്തെ പ്രാപിച്ചവർ. 'മഹാത്മൻ' എന്നതു സംബോധന. അങ്ങയ്ക്കു് അനുരാഗമുള്ളവർ സ്വർല്ലോകസുന്ദരിമാരാണെന്നിരിക്കിൽക്കൂടിയും അവർ കൈവശത്തിൽ വന്നതായി അറിഞ്ഞുകൊൾക. ഒരിടത്തില്ല നടക്കരുതാതിപ്പരിഷയ്ക്കു്=ഈ പരിഷയ്ക്കു് (ഈ ഹംസജാതിക്ക്) നടക്കുവാൻ പാടില്ലാതെ ഒരു സ്ഥലവുമില്ലെന്നു മനസ്സിലാക്കണം. ചരിതം=ചരിത്രം. ഒരോന്നേ=ഓരോന്നായിട്ട്. പുകഴ്ത്തി=ശ്ലാഘിച്ചു പറഞ്ഞ്

ട്ടു്. ഹൃദന്തേ സ്മരശരവിവശത ചേത്തു്=ഹൃദയത്തിനുള്ളിൽ കാമബാണങ്ങളെക്കൊണ്ടുള്ള പാരവശ്യം ഉളവാക്കിത്തീൎത്തു്. തരുണിതരുണന്മാ (യുവതിയുവാക്കന്മാരെ) ഘടയിതും=ഇണക്കിച്ചേൎക്കുവാൻ വിരുതു്=സാമൎത്ഥ്യം. യുവതീയുവാക്കന്മാരുടെ അടുക്കൽ ചെന്നു. അവരുടെ ചരിതം വൎണ്ണിച്ചു പരസ്പരാനുരാഗമുളവാക്കി അവരെ തമ്മിൽ കൂട്ടിച്ചേൎക്കുവാൻ നമുക്കു വിശേഷാൽ ഒരു സാമൎത്ഥ്യമുണ്ടെന്നു് അങ്ങു മനസ്സിലാക്കണം. ഹൃദി ഖേദം ത്യജ=ഹൃദയത്തിലുള്ള ഖേദത്തെ ത്യജിച്ചാലും. പരിതോഷം ഭജ=സന്തോഷത്തെ പ്രാപിച്ചാലും. മദനരുജായാഃ നിദാനം വദ ച=കാമഖേദത്തിലുള്ള കാരണത്തെ പറയുകയും ചെയ്താലും.

കളലളിതാം=മധുരവും മനോഹരവുമായ. ഇതി കളഹംസോക്തിം=ഇപ്രകാരമുള്ള കളഹംസത്തിന്റെ വചനത്തെ. നളിനശരജ്വരപരവശിതാത്മാ=കാമജ്വരത്താൽ പരവശമാക്കപ്പെട്ട മനസ്സോടുകൂടിയവനായ. നളനരനായകൻ=നളമഹാരാജാവു് ആകൎണ്ണ്യ=കേട്ടിട്ടു്. അമും=അവനോടു്. മിളിതാനന്ദം=മിളിതമായ ആനന്ദത്തോടുകൂടിയ. വചനം അവാദീൽ=വചനത്തെപ്പറഞ്ഞു. നളൻ ഹംസവാക്യം കേട്ടു് ആനന്ദംപൂണ്ടു് അവനോടു പറഞ്ഞു. 'ചത്രരഥാധിപ' എന്നതു മുതൽ നളന്റെ വചനം. ഹേ പത്രരഥാധിപ=അല്ലയോ പക്ഷിശ്രേഷ്ഠ. ഹേ ഭദ്ര=അല്ലയോ മംഗളസ്വരൂപനായവനേ. ആൎത്തൽ=ദുഃഖം. അധുനാ=ഇപ്പോൾ. അല്ലയോ പക്ഷീന്ദ്ര, എന്റെ വ്യസനം മുഴുവൻ അങ്ങയോടു പറയാം. ഹംസം മംഗലദൎശനമായ പക്ഷിയാകയാലാണു് 'ഭദ്ര' എന്നു സംബോധന ചെയ്തതു്. പൃഥ്വീമണ്ഡലമണ്ഡനമാകിന=ഭൂമണ്ഡലത്തിന്നലങ്കാരമായ. കുണ്ഡിനനഗരിയിൽ=കുണ്ഡിനരാജധാനിയിൽ. ഭീമോ നാമ രാജാ=ഭീമനെന്നു പ്രസിദ്ധനായ രാജാവു്. ഭാകാസ്തി=ശോഭിക്കുന്നു. മഹാത്മാ എന്നതു രാജാവിന്റെ വിശേഷണം. നിജകാന്ത്യാ രതിം അപി ദമയന്തീ=തന്റെ ശരീരകാന്തികൊണ്ടു രതിദേവിയെക്കൂടിയും ദമനം ചെയ്യുന്നവൾ (അടക്കി നിറുത്തുന്നവൾ)

ആയി. ദമയന്തീ ഇതി ലോകേ പ്രഥിതാ=ദമയന്തി എന്നു ലോകത്തിൽ പ്രസിദ്ധയായിരിക്കുന്നു. ധന്യാ തസ്യ കന്യാ വിരാജതി=ഭാഗ്യശാലിനിയായ അദ്ദേഹത്തിന്റെ മകൾ വിശേഷേണ ശോഭിക്കുന്നു. സൌന്ദര്യംകൊണ്ടു രതിദേവിയെപ്പോലും ദമനംചെയ്യുന്നവളാകയാൽ ഭീമരാജപുത്രിക്കു ദമയന്തി എന്ന നാമധേയം അന്വർത്ഥമാണെന്നു സാരം. തൽഗുണരീതികൾ=ആ ദമയന്തിയുടെ ഗുണമേന്മകൾ. സതതം കേട്ടിട്ട്=എപ്പോഴും കേട്ടിട്ട്. മമ ഇദാനീം നിത്യം ഉൽകലികാ=എനിക്കു ഇപ്പോൾ ഉൽകലിക (ഉൽകണ്ഠ) നിത്യവും ഉളവായിക്കൊണ്ടിരിക്കുന്നു. പഞ്ചത=മരണം. പരിവാരൈഃ സഹ=പരിവാരങ്ങളോടുകൂടി. പഞ്ചായുധൻ=അഞ്ചമ്പനായ കാമദേവൻ. ഇഹ സമീപേ വസതി=ഇവിടെ സമീപത്തിങ്കൽ വസിക്കുന്നു. ദമയന്തിയിൽ അനുരക്തനായ എനിക്കു മരണമണയ്ക്കുവാൻ കാമൻ വസന്താദികളായ തന്റെ പരിവാരങ്ങളോടുകൂടി സമീപത്തിങ്കൽ വസിക്കുന്നുണ്ട്. സത്യം=പരമാർത്ഥമായും. സഖ്യം=സഖിത്വം. നമുക്കിങ്ങെത്തി=നമുക്കിവിടെയുണ്ടായി. അങ്ങയോട്ടിവിടെവെച്ചു സഖ്യമുണ്ടായതു സത്യമായും എന്റെ ഭാഗ്യത്താലാണ്. 'ഹന്ത' എന്നതു ഹർഷദ്യോതകം. ആക്കറിയാവൂ=ആരാലും അറിവാൻ സാധിക്കയില്ല. തത്സവിധേ=അവളുടെ സമീപത്തിൽ. അഖിലാം അസ്മദ്വാർത്താം അറിയിച്ച്=നമ്മുടെ വൃത്താന്തം മുഴുവനും ധരിപ്പിച്ച്. അംബുജമുഖി=താമരപ്പൂപോലെ ഭംഗിയുള്ള മുഖമുള്ളവൾ (ദമയന്തി). കല്യാണാത്മൻ=മംഗളസ്വരൂപിയായവനേ, എന്റെ വൃത്താന്തം ദമയന്തിയെ ധരിപ്പിച്ച് അവൾ പറയുന്നത് എന്നോടു വന്നു പറയുമാറാകണം. വിധുരത്രാണം=ദീനരക്ഷണം. ഭവാനു ധൈര്യം അതിമധുരാ കീർത്തിഃ ജയതു=അങ്ങയുടെ ഭൂമിയിൽ അതിമനോഹരമായ കീർത്തി സർവ്വോൽക്കർഷത്തോടുകൂടി വർത്തിക്കട്ടെ. ദീനരക്ഷണത്തെക്കാൾ കീർത്തികരമായി മറ്റൊന്നില്ലെന്നു സാരം. വാചികം=സന്ദേശം. മഞ്ജ്വപാംഗി=മനോഹരമായ അപാംഗത്തോടുകൂടിയവൾ. ഇത്ഥംകാരം=ഇപ്രകാരം. മത്സന്ദേശം=എ

ന്റെ സന്ദേശം. തത്സന്ദേശം=അവളുടെ സന്ദേശം. മത്സവിധേ=എന്റെ അടുക്കൽ. ഉത്തമബന്ധോ=ഉത്തമനായ ബന്ധുവായിട്ടുള്ളവനേ. കാണിനിമേഷം=അല്പനിമിഷം. യാനം=യാത്ര. ദീനദയാലോ=ദീനന്മാരിൽ ദയയുള്ളവനേ. എന്റെ സന്ദേശം ദമയന്തിയെ ധരിപ്പിച്ച് അവളുടെ സന്ദേശം എന്നെയും അറിയിച്ചാൽ ഒട്ടും താമസിക്കാതെ അങ്ങേയ്ക്കു പോകാം. ഭവന്തം=അങ്ങയെ. സഖേ=സ്നേഹിതാ. അങ്ങയെ കാണാഞ്ഞിട്ടു കളഹംസി വ്യസനിക്കരുത്.

മധുരാം ഇതി നരപതിവാണീം കേട്ട്=മധുരമായ ഈ രാജവചനം കേട്ടിട്ട്. അമിതാനന്ദം=അനല്പമായ ആനന്ദത്തോടുകൂടി (ക്രി. വി). കളഹംസാധിപൻ=അരയന്നശ്രേഷ്ഠൻ. അഭിനവബന്ധു=പുതിയ ബന്ധു. ഉപകൃതി=ഉപകാരം. അപരൈഃ നിജപരിവാരൈഃ സാകം=മറ്റുള്ള തന്റെ പരിജനങ്ങളോടൊപ്പം. അംബരമാർഗ്ഗേണ=ആകാശമാർഗ്ഗത്തൂടെ ആശു=വേഗത്തിൽ. വിവിധമഹാമണിവിരചിതശിഖരേ=പലവിധമുള്ള വലിയ രത്നങ്ങളെക്കൊണ്ടു നിർമ്മിക്കപ്പെട്ട ശിഖരത്തോടു (താഴികക്കുടത്തോടു)കൂടിയ. വിദർഭക്ഷിതിപതിനഗരേ=വിദർഭരാജാവിന്റെ നഗരത്തിൽ. ധന്യാകാരേ കന്യാഗാരേ=ഭംഗിയേറിയ ആകൃതിയോടുകൂടിയ കന്യകാഗൃഹത്തിൽ നളന്റെ വാക്കു കേട്ട് അരയന്നം മറ്റു പരിവാരങ്ങളോടുകൂടി പറന്നു വിദർഭരാജധാനിയിലെ കന്യകാഗൃഹത്തിൽ ചെന്നിറങ്ങി. കനകവിഭൂഷണ ഝണഝണിതോപമമധുരനിനാദം=സ്വർണ്ണാഭരണങ്ങളുടെ 'ഝണഝണ' എന്ന കിലുക്കത്തോടു തുല്യമായ മനോഹരനാദം. വധൂനാം=സ്ത്രീകളുടെ. മദകലതരുണീയാനമനോജ്ഞം=മദത്താൽ മധുരമായ യുവതിയുടെ നടത്തംപോലെ മനോഹരമാകുംവണ്ണം (ക്രി. വി). മൃദുമൃദു=അതിമാർദ്ദവത്തോടുകൂടിയ. പദതളിർ=തളിരുപോലെ ഭംഗിയുള്ള കാലടി. വിദ്രുമശകലം=പവിഴത്തിന്റെ ഖണ്ഡം. ബീജാപൂരകവിത്ത്=ബീജാപൂരകത്തിന്റെ (നാരങ്ങയുടെ) വിത്ത്. മദ്ധ്യേമദ്ധ്യേ=ഇടയിലിടയിൽ. വെള്ളവെള്ള വിലസും=

ഏററവും വെളുത്തു മിന്നുന്ന. പത്രപുടങ്ങൾ=ചിറകുകൾ. വിവലിതവദനം=വിവലിതമായ (തിരിക്കപ്പെട്ട) മുഖത്തോടുകൂടി (ക്രി. വി). ഇത്ഥം=ഇപ്രകാരം. വിഭ്രമരീതി=വിലാസരീതി. കനകാഭരണങ്ങളുടെ കിലുക്കത്തോടൊത്ത നാദംകൊണ്ടു സ്ത്രീകളുടെ ചെവികളിൽ അമൃത ചൊരിഞ്ഞുകൊണ്ടും, സുന്ദരിമാരുടെ നടത്തംപോലെ മനോഹരമാകുമാറു കാൽത്തളിർ ഊന്നി നടന്നുകൊണ്ടും, പവിഴമണികളുടെ ശകലം കണ്ടു നാരങ്ങവിത്താണെന്നു ഭ്രമിച്ച് അതു കൊത്തിയുടച്ചുകൊണ്ടും, ഇടയ്ക്കിടയ്ക്കു വെളുത്ത ചിറകുകൾ കുടഞ്ഞുകൊണ്ടും, മുഖം തിരിച്ചുകൊണ്ടും ലീലാവിലാസത്തോടുകൂടി ഹംസം നടകൊണ്ടു. ഈ ലീലാവിലാസങ്ങൾ ഹംസത്തിന്റെ ജാതിസിദ്ധമായ സ്വഭാവമാകയാൽ സ്വഭാവോക്തി അലങ്കാരം. ഹംസനാദത്തെ ആഭരണധ്വനിയോടും ഹംസയാനത്തെ തരുണീയാനത്തോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഉപമാനങ്ങളെ ഉപമേയങ്ങളോട് ഉപമിച്ചിരിക്കുകയാൽ 'പ്രതീപം' അലങ്കാരം. വിദ്രുമശകലത്തെ നാരങ്ങവിത്തെന്നു ഭ്രമിച്ചതായി പറഞ്ഞതടുത്തു ഭ്രാന്തിമദലങ്കാരം.

തദനു=അതിനുശേഷം. വിദർഭക്ഷിതിപതിതനയാ=ദമയന്തി. നിജസഖ്യാ സഹ=തന്റെ തോഴിയോടുകൂടി. നിയതം=നിശ്ചയമായും. ഇവററിലൊന്നിനെ=ഇവയിലൊന്നിനെ. അതനുകുതൂഹലം=അനല്പമായ കൌതുകം. അവനീസീമനി=ഭൂതലത്തിൽ. മന്ദം മന്ദ = മെല്ലെ മെല്ലെ. തദീയഗതി=ആ ഹംസങ്ങളുടെ നടത്തം. ശിക്ഷ പഠിപ്പാനെന്നകണക്കെ=അഭ്യാസം പഠിപ്പിക്കുവാനോ എന്നു തോന്നുമാറ്, പിന്നാലെ ബത കൂടുന്നേരത്ത്=പിന്നാലെതന്നെ നടക്കുന്ന സമയത്ത്. 'ബത' എന്നതു ഹർഷദ്യോതകം. അധിപതിയായവൻ തലവൻ. അണയുമിദാനീമണയുമിദാനീം=ഇപ്പോൾ കയ്യിലെത്തും. അണികരനളിനം=ഭംഗിയുള്ളതും താമരപ്പൂവോടു തുല്യവുമായ കയ്യ്. മണിമയപക്ഷം=രത്നമയമായ ചിറക്. വിനവുകൾ=വിചാരങ്ങൾ മനസി മുളപ്പിച്ച്=മനസ്സിൽ ജനിപ്പിച്ച്. അനുപമകൌതുകം ഏനാം ബാലാം ആകൃഷ്യ വിജനേ കഥ ചന നീതവാ

=അതികൌതുകത്തോടുകൂടിയ ബാലികയായ ഈ ദമയന്തിയെ ആകർഷിച്ച് ഒരു വിജനപ്രദേശത്തിലേയ്ക്കു കൊണ്ടുപോയിട്ട്. വിമലമധുളീമാധുരി മൊരിയും=നിർമ്മലമായ പൂന്തേനിൻെറ മാധുര്യം പൊഴിയുന്ന. ഇതി സരസാം ഉദാരാം ഗിരം അവദൽ=ഇപ്രകാരം സരസവും മനോഹരവുമായ വാക്കിനെ പറഞ്ഞു. വിദർഭരാജപുത്രി തൻെറ സഖിയോടുകൂടി ആ ഹംസങ്ങളിലൊന്നിനെ പിടിക്കേണമെന്നു കരുതി കൌതുകത്തോടുകൂടി പുറപ്പെട്ട് അവ കളിക്കുന്ന സ്ഥലത്തു ചെന്നു മെല്ലെ മെല്ലെ നടന്നുകൊണ്ടു പിന്നാലെ കൂടി. അപ്പോൾ ഹംസത്തലവൻ, 'ഇതാ ഇപ്പോൾ പിടിക്കാൻ കിട്ടും, കയ്യൊന്നു നീട്ടിയാൽ ചിറകു തൊടാറാകും' എന്നിങ്ങനെയുള്ള വികാരങ്ങൾ ജനിപ്പിച്ചുകൊണ്ടു ബാലികയായ ദമയന്തിയെ ആകർഷിച്ച് ഒരു വിജനസ്ഥലത്തിലേയ്ക്കു കൊണ്ടുപോയി സരസമായ വാക്കിനെ പറഞ്ഞു. 'തദീയഗതിക്കൊരു ശിക്ഷ പഠിപ്പാനെന്നു കണക്കെ' എന്ന സ്ഥലത്ത് ഉൽപ്രേക്ഷ. ഇതു് ഉപമേയത്തിനു് ഉപമാനത്തേക്കാൾ വൈശിഷ്ട്യം തോന്നിക്കുന്നതാകകൊണ്ടു പ്രതിപഗർഭമാകുന്നു. ദമയന്തിയെ ആകർഷിച്ചുകൊണ്ടുള്ള ഹംസത്തിൻെറ ഗമനം വർണ്ണിച്ചിട്ടുള്ളതു്,

"പദേ പദേ ഭാവിനി ഭാവിനീതം
യഥാ കരപ്രാപ്യമവൈതി നൂനം |
തഥാ സഖേലം ചലതാ ലതാസു
പ്രതാര്യ്യ തേനാചകൃഷേ കൃശാംഗീ ||

എന്ന നൈഷധീയചരിതശ്ലോകത്തെ അനുസ്മരിപ്പിക്കുന്നു. 'പരിമൃദുഗമനേ' എന്നതുമുതൽ ഹംസവചനം. പരിമൃദുഗമനേ=മൃദുവായ നടത്തത്തോടുകൂടിയവളേ. നരപതിതനയേ=രാജപുത്രി. മമ വാണീം ശൃണു=എൻെറ വാക്കിനെ കേട്ടാലും. നിരതിശയസ്മരപരവശതാം പൂണ്ട്=എതിരില്ലാത്ത കാമപാരവശ്യം കലന്ന്. എരിപൊരി സഹിയാഞ്ഞു്=സന്താപം സഹിക്കാതെ. ഉടലുരുകി

ട്ടും=ശരീരമുരുകിക്കൊണ്ടിരിക്കുന്ന. നൈഷധൻ=നിഷധരാജാവു്. ഒളിവിൽ=ഗൂഢമായിട്ടു്. കളമൃദുവചനേ=മധുരവും മൃദുവുമായ വചനത്തോടുകൂടിയവളേ. തന്വീമൌലി=സുന്ദരീശിരോരത്നമേ. കാമപാരവശ്യം സഹിക്കാതെ നിഷധരാജാവു നിന്നെക്കാണ്മാൻ ഗൂഢമായി പറഞ്ഞയച്ച ദൂതനാണ് ഞാനെന്നു ധരിച്ചാലും. ധന്യാത്മാവു്=സുന്ദരാകാരൻ. ധരണീനാഥൻ=രാജാവു്. ഒന്നിടയിട്ടു്=ഇടയിൽ ഒരുവനെ നിറുത്തിയിട്ടു്. മന്മുഖഗളിതം=എന്റെ മുഖത്തിൽനിന്നു പുറപ്പെട്ടതു്. മന്മഥനരവരജയശ്രീലതേ=മദനമഹാരാജാവിന്റെ വിജയലക്ഷ്മിയായവളേ. സമ്പ്രതി=ഇപ്പോൾ. സുന്ദരനായ നളൻ പറയുന്നതാണ് എന്റെ മുഖത്തു നിർഗ്ഗളിക്കുന്ന സന്ദേശം അതു നീ മുഴുവനും ശ്രദ്ധിച്ചു കേൾക്കണം.

വേണീനിർജ്ജിതനിർജ്ജരേന്ദ്രമണയോ
വാണീതൃണീസൽസുധാ-
വേണികാഃ കചകുംഭനിർജ്ജിതകല-
ക്ഷോണീധരാഡംബരാഃ
ശ്രോണീമണ്ഡലഭാരമന്ദഗമനാഃ
മന്ദാക്ഷനമ്രാനനാഃ
പ്രാണാ മേ ശ്രവണാതിഥീകൃതഗുണാഃ
ശൃണ്വന്തു വാണീമിമാം. ൪൮

ഇനി നാലുശ്ലോകങ്ങളെക്കൊണ്ടു നളന്റെ സന്ദേശവാക്യം പറയുന്നു:— വേണീനിർജ്ജിതനിർജ്ജരേന്ദ്രമണയഃ=വേണി(തലമുടി) കൊണ്ടു നിർജ്ജരേന്ദ്രമണിയെ (ഇന്ദ്രനീലരത്നത്തെ) നിശ്ശേഷം ജയിച്ചവയായും. വാണീതൃണീസൽസുധാവേണികാഃ=വാണി (വാക്കു്) കൊണ്ടു തൃണീസതിയായ (തൃണമായി ഭവിക്കുന്ന) സുധാവേണിയോടു(അമൃതപ്രവാഹത്തോടു) കൂടിയവയായും. കചകുംഭനിർജ്ജിതകലക്ഷോണീധരാഡംബരാഃ=കചകുംഭങ്ങളെക്കൊണ്ടു കലക്ഷോണീധരങ്ങളുടെ (കുലപർവ്വതങ്ങളുടെ) ആഡംബരത്തെ (അഹങ്കാരത്തെ)

ജയിച്ചവരായും. ശ്രോണീമണ്ഡലഭാരമന്ദഗമനാഃ=ശ്രോണീമണ്ഡലത്തിന്റെ (അരക്കെട്ടിന്റെ) ഭാരംകൊണ്ടു മന്ദമായ നടത്തത്തോടുകൂടിയവരായും. മന്ദാക്ഷനമ്രാനനാഃ=ലജ്ജകൊണ്ടു നമ്രമായ (താഴ്ന്നിരിക്കുന്ന) മുഖത്തോടുകൂടിയവരായും. ശ്രുവണാതിഥീകൃതഗുണാഃ=ശ്രുവണങ്ങളുടെ (ചെവികളുടെ) അതിഥികളാക്കി ചെയ്യപ്പെട്ട ഗുണങ്ങളോടുകൂടിയവരായുമിരിക്കുന്ന. മേ പ്രാണാഃ=എന്റെ പ്രാണങ്ങൾ. ഇമാം വാണീം=ഈ വാക്കിനെ. ശൃണ്വന്തു=കേൾക്കണം. ഇന്ദ്രനീലരത്നത്തെക്കാൾ നീലിമ കലൎന്ന വാർകുഴൽക്കെട്ടും അമൃതത്തെ അതിശയിക്കുന്ന മധുരമൊഴിയും കലപൂൎവ്വത്തിളെ കവച്ചുവെയ്ക്കുന്ന കുചകുംഭങ്ങളും നിതംബഭാരത്താൽ മന്ദമായ നടത്തവും ലജ്ജാനമ്രമായ മുഖവുമുള്ളവരായും ആദരപൂൎവ്വം ശ്രുവിക്കപ്പെട്ട ഗുണങ്ങളോടുകൂടിയവയായുമിരിക്കുന്ന എന്റെ പ്രാണങ്ങൾ; അതായതു പ്രാണതുല്യയായ ദമയന്തി, ഈ വാക്കിനെ കേൾക്കുമാറാകണം. പ്രാണസമാനയായ ദമയന്തിയെ പ്രാണങ്ങളായിത്തന്നെ കല്പിച്ചിരിക്കുന്നു. പ്രാണശബ്ദം ജീവൻ എന്ന അൎത്ഥത്തിൽ നിത്യബഹുവചനമാകുന്നു. സന്ദേശത്തെക്കുറിച്ച് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുവേണ്ടി ആരംഭത്തിൽ ചെയ്യുന്ന പ്രരോചനയാണു് ഇതു്.

അജ്ഞാതേ ഹൃദയേ മിഥസ്തരുണയോ-
രഭ്യൎത്ഥനാ നോചിതാ
സത്യം വാക്യമിദം മയാ തു വിദിതം
തത്തേഽന തേ മാനസം
യത്ത്വം നിത്യമവസ്ഥിതാസി ഹൃദയേ
തത്തദ്വിധേയാന്തരേ-
ഷ്വാസക്തം ച ന മുഞ്ചസി ക്ഷണമതി-
സ്നിഗ്ദ്ധേന മാം ചേതസാ. ൪൫

മിഥഃ ഹൃദയേ അജ്ഞാതേ സതി=അന്യോന്യം മനസ്സ് അറിയപ്പെടാതിരിക്കുമ്പോൾ. തരുണയോഃ=തരുണീതരുണന്മാരുടെ. അ

ഭ്യർത്ഥനാ=പ്രണയപ്രാർത്ഥന. ന ഉചിതാ=ഉചിതമായിട്ടുള്ളതല്ല. ഇദം വാക്യം സത്യം=ഈ വാക്യം സത്യമാകുന്നു. മയാ തു=എന്നാലക ട്ടെ. തേ മാനസം=നിന്റെ മനസ്സ്. തത്വേന വിദിതം=പാരമാർത്ഥ്യത്തോടുകൂടി അറിയപ്പെട്ടിരിക്കുന്നു. യൽ=യാതൊന്നുഹേതുവായിട്ട്, എന്തുകൊണ്ടെന്നാൽ. ത്വം നിത്യം ഹൃദയേ അവസ്ഥിതാ അസി=നീ എപ്പോഴും ഹൃദയത്തിൽ സ്ഥിതയായി ഭവിക്കുന്നു. തത്തൽകാര്യാന്തരേഷു ആസക്തം ച മാം=ഓരോ കൃത്യാന്തരങ്ങളിൽ ആസക്തനായിരിക്കുന്ന എന്നേയും. അതിസ്നിഗ്ദ്ധേന ചേതസാ=അതിസ്നേഹമുള്ള മനസ്സുകൊണ്ട്. ത്വം ക്ഷണം ന മുഞ്ചസി=നീ ക്ഷണനേരംപോലും മോചിക്കുന്നില്ല. പരസ്പരം അന്തർഗ്ഗതമറിയാതിരിക്കുമ്പോൾ തരുണീതരുണന്മാർ ചെയ്യുന്ന പ്രണയപ്രാർത്ഥന ഉചിതമല്ല. ഈ വചനം സത്യംതന്നെ. പക്ഷേ ഞാൻ നിന്റെ ഹൃദയത്തെ പരമാർത്ഥമായിത്തന്നെ അറിഞ്ഞിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, നീ എപ്പോഴും എന്റെ ഹൃദയത്തിൽ ഇരുന്നരുളുന്നു. ഞാൻ ഓരോ കൃത്യാന്തരങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾക്കൂടിയും നീ അതിസ്നിഗ്ദ്ധമായ മനസ്സുകൊണ്ട് എന്നെ വിട്ടുപിരിയുന്നില്ല. ഇങ്ങനെ നിന്റെ ഹൃദയത്തെ ഞാൻ ശരിക്കു മനസ്സിലാക്കിയിട്ടുള്ളതിനാൽ എന്റെ പ്രണയപ്രാർത്ഥന ഉചിതമാകാതിരിക്കയില്ല, നിശ്ചയം.

ത്വാം ശ്രോത്രാഞ്ജലിനാ നിപീയ മനസാ
ധ്യായൻ പുരഃ കല്പയൻ
നിദ്രാച്ഛേദനിതാന്തരക്തനയനഃ
സംജാതകാർശ്യോന്വഹം
നിന്ദാമിന്ദുമരന്ദചന്ദനസരോ-
മന്ദാനിലാദൗ വഹ-
ന്നന്മാദേ പതിതോസ്മി സാംപ്രതമനേ-
നാനേഹസാല്പീയസാ.

അഹം=ഞാൻ. ത്വാം ശ്രോത്രാഞ്ജലിനാ നിപീയ=നിന്നെ ശ്രോത്രമാകുന്ന അഞ്ജലി(കൈക്കുടന്ന)കൊണ്ടു പാനം ചെയ്തിട്ട്. മനസാ ധ്യായൻ=മനസ്സിനാൽ ധ്യാനിച്ചുകൊണ്ട്. പുരഃ കല്പയൻ =പുരോഭാഗത്തിങ്കൽ കല്പിച്ചുകൊണ്ടും. നിദ്രാച്ഛേദനിതാന്തരക്തനയനഃ=നിദ്രാനാശത്താൽ ഏററവും രക്തവർണ്ണങ്ങളായ കണ്ണുകളോടു കൂടിയവനായി. അനുദിനം സംജാതകാർശ്യഃ=ദിവസംതോറും ധാരാളമായുണ്ടായ കൃശതയോടുകൂടിയവനായി. ഇന്ദുമരന്ദചന്ദനസരോമന്ദാനിലാദൌ നിന്ദാം വഹൻ=ചന്ദ്രൻ, പൂന്തേൻ, ചന്ദനം, പൊയ്ക, ഇളംകാററ് മുതലായവയിൽ വെറുപ്പിനെ വഹിക്കുന്നവനായിട്ട്. അല്പീയസാ അനേന അഹസാ=അത്യല്പമായ ഈ കാലംകൊണ്ട്. സാംപ്രതം=ഇപ്പോൾ ഉന്മാദേ പതിതഃ അസ്മി= ഉന്മാദത്തിൽ പതിച്ചവനായി ഭവിക്കുന്നു. കൈക്കുടന്നകൊണ്ടു മുക്കിക്കുടിക്കുന്നതുപോലെ അത്ര തൃഷ്ണയോടുകൂടി ഭവതിയെ ശ്രവിക്കുകയാൽ ഭവതിയുടെ സ്വരൂപത്തെ മനസ്സുകൊണ്ടു ധ്യാനിക്കുകയും പുരോഭാഗത്തിങ്കൽ സങ്കല്പിക്കുകയും ചെയ്ത്, ഉറക്കമില്ലായ്കയാൽ കണ്ണുകൾ കലങ്ങി, നാൾതോറും ശരീരം ചടച്ച്, ഹൃദയാനന്ദജനകങ്ങളായ ചന്ദ്രചന്ദനമകരന്ദസരോവരമന്ദവാതാദികളിൽ വെറുപ്പു തോന്നി, ഈ അല്പകാലത്തിനുള്ളിൽ ഞാൻ കേവലം ഉന്മാദത്തിൽ പതിച്ചിരിക്കുന്നു. മദനദശകളിൽ ഉന്മാദംവരെയും ഞാൻ എത്തിക്കഴിഞ്ഞുവെന്നു സാരം. ഇതിൽ 'ശ്രോത്രാഞ്ജലിനാ നിപീയ' എന്നു തുടങ്ങി പറഞ്ഞിരിക്കുന്ന അവസ്ഥകൾ ശ്രോത്രപ്രീതി, മനഃസംഗം, സങ്കല്പം, നിദ്രാച്ഛേദം, കാർശ്യം, വിഷയനിവൃത്തി, ഉന്മാദം എന്നീ മദനദശകളെ യഥാക്രമം കാണിക്കുന്നവയാണ്.

മുഗ്ദ്ധാപാംഗി ദശാമമേയമധുനാ;
യൽ പ്രാപ്തകാലം തു ത-
ന്നാഹം വച്മി ദയാസ്തി ചേന്മയി തവൈ-
വോദേതി തന്മാനസേ

ലോകേ ഭാമിനി താവദേവ ഹി ഭരഃ
കാമാതുരാണാം നൃണാം
യാവൽ പ്രേമപദം ജനഃ സ്വഹൃദയാ-
തങ്കം ന വിജ്ഞാപ്യതേ. ൪൭

ഹേ മുഗ്ദ്ധാപാംഗി=അല്ലയോ സുന്ദരി. അധുനാ മമ ഇയം ദശാ=ഇപ്പോഠം എന്റെ അവസ്ഥ ഇതാണ്. യൽ പ്രാപ്തകാലം തൽ ഇ=യാതൊന്നു പ്രാപ്തകാലം (ചെയ്യാൻ കാലമായതു്) ആകുന്നുവോ അതിനെയാകട്ടെ. അഹം ന വച്മി=ഞാൻ പറയുന്നില്ല മയി ദയാ അസ്തി ചേൽ=എന്നിൽ ദയയുണ്ടെങ്കിൽ തൽ=അതു് തവ മാനസേ ഏവ ഉദേതി=നിന്റെ മനസ്സിൽത്തന്നെ ഉദിക്കുന്നു്. ഹേ ഭാമിനി=അല്ലയോ കാമിനി. ലോകേ താവൽ ഏവ ഹി കാമാതുരാണാം നൃണാം ഭരഃ=ലോകത്തിൽ ആ കാലത്തോളംമാത്രമേ കാമപരവശരായ ആളുകഠംക്കു ഭാരമുള്ളു. യാവൽ=എത്ര കാലത്തോളം. പ്രേമപദം ജനഃ=പ്രേമപാത്രമായ ആഠം. സ്വഹൃദയാതങ്കം ന വിജ്ഞാപ്യതേ=തന്റെ ഹൃദയത്തിലുള്ള സങ്കടത്തെ അറിയിക്കപ്പെടുന്നില്ല. അല്ലയോ സുന്ദരി, ഇതാണ് ഇപ്പോഠം എന്റെ അവസ്ഥ. ഇവിടെ ചെയ്യേണ്ടതെന്തോ അതു ഞാൻ പറയുന്നില്ല; എന്നെക്കുറിച്ചു ദയയുണ്ടെങ്കിൽ നിന്റെ മനസ്സിൽത്തന്നെ അതു് ഉദിക്കുന്നതാണ്. ഹേ കാമിനി, തന്റെ മനസ്സിലുള്ള സങ്കടത്തെ പ്രേമപാത്രമായ ആളുടെ അടുക്കൽ അറിയിക്കുന്നതുവരെമാത്രമേ കാമപരവശരായ ജനങ്ങഠംക്കു ഭാരമുള്ളുവല്ലോ. പിന്നെ ചെയ്യേണ്ടതു പ്രേമപാത്രമായ ജനത്തിന്റെ ഭാരമാണെന്നു താല്പര്യം. 'ദശാ മമേയമധുനാ' എന്നതുകൊണ്ടു് ഈ അവസ്ഥയിൽ ചെയ്യേണ്ടതു ചെയ്യാതിരുന്നാൽ മരണംവരെയുള്ള ദശാന്തരങ്ങളിൽ ചെന്നു ചേരുമെന്നു സൂചിപ്പിക്കുന്നു. എന്റെ ഭാരം തീൎന്നു; ഇനി വേണ്ടതു നിന്റെ ഭാരമാണ് എന്നു സാരം.

ദണ്ഡകം

ഉത്തുംഗരാഗരുചിചിത്താധിനാഥഗിരമിത്ഥം നിശമ്യ നൃപകന്യാ ഉൾത്തളിരിലിളകുമൊരു ചിത്തഭവശരനികരനിൎദ്ദളിതധൃതിരഭവദന്യാ— ഉടലോടു ഭേദലവമിയലാത തോഴി പുനരവലോക്യ താമധികധന്യാ ഉചിതമിഹ മമ വചനമിതി കരുതി വിരവിനൊടു പതഗവരമുപകൃതിനമവദദിതി വാണീം— പൃഥ്വീതലാസുലഭഭദ്രാകൃതേ നിഷധപൃഥ്വീന്ദ്രഭൂത ഗുണരാശേ,പത്രരഥകുലതിലക ഭദ്രമിഹ തവ ഭവതു;വക്തി പുനരിതി ബത സഖീ മേ— പരമാൎത്ഥമായതിതു പരിതാപമററു ബത പരിതോഷമേതി ഹൃദയം മേ. പതഗകുലവലമഥന ചതുരതരചടുവചനസരസവര സഫലയസി ചെവികൾ മമ ചെമ്മേ— കാരോ ജനം നിഷധഭൂപാലവീരഗുണമോരോന്നു വന്നിഹ പറഞ്ഞും കേട്ടതിഹ മമ നിയതമിത്തരുണനിതി കരുതിയത്തലിയമഗതി സഹിയാഞ്ഞും— ഒരു നേരവും കരുണയറിയാത പാപി പുനരലർബാണനമ്പുകൾ ചൊരിഞ്ഞും ഒരു രഹസി നിഷധനരപതിയൊടിതി വളരുമൊരു പരവശത പറവതിനുമൊരുവനുതകാഞ്ഞും— മുഗ്ദ്ധാരവിന്ദമുഖി മുക്താവലംബമിതി നിത്യം വിഷീദതി സുഘോരം മത്തകരിമധുരഗതി ചിത്തതുയിർ പെരുകി മുഹുരിത്ര കൃശതരമിതു ശരീരം— മദനാൎത്തി ചീൎത്തു നിജഹൃദയസ്ഥിതം കിമപി ഗദിതും സഖീ പതഗ നാലം മമ വദനഗളിതമിതു സഖി പറയുമൊരു വചനമതിനിപുണ രഹസി വദ നിഷധനരപാലം.

നളൻെറ സന്ദേശം കേട്ടപ്പോൾ ദമയന്തി കാമാവേശത്താൽ അവശയായിത്തീരുകയും സ്വാമിനിയുടെ ഇംഗിതമറിഞ്ഞു സഖി

ഉത്തരമരുളുകയും ചെയ്തതായി പറയുന്നു:— ഉത്തുംഗരാഗരുചിചിത്താധിനാഥഗിരം=ഉത്തുംഗം (ഉന്നതം) ആയ രാഗത്തിന്റെ രുചിയോടു (കാന്തിയോടു)കൂടിയ ചിത്താധിനാഥന്റെ (പ്രാണനാഥന്റെ) വാക്കിനെ. ഇത്ഥം നിശമ്യ=ഇപ്രകാരം കേട്ടിട്ടു്. നൃപകന്യാ=രാജപുത്രി. ചിത്തഭവശരനികരനിർദ്ദളിതധൃതിഃ=കാമന്റെ ശരസമൂഹംകൊണ്ടു നിർദ്ദളനംചെയ്യപ്പെട്ട (തകർക്കപ്പെട്ട) ധൈര്യത്തോടുകൂടിയവളായിട്ടു്. അന്യാ അഭവൽ=അന്യയായി (പൂർവ്വസ്ഥിതിയിൽനിന്നു ഭേദം വരികയാൽ വേറെ ഒരാളെപ്പോലെയായി) ഭവിച്ചു. ഉടലോടു ഭേദലവമിയലാത തോഴി=ദേഹത്തോടു് ഒട്ടും ഭേദമില്ലാത്ത (ദേഹംകൂടി ദമയന്തിയുടേതായ) തോഴി. പുനഃ=പിന്നെ. താം അവലോക്യ=അവളെ കണ്ടിട്ടു്. അധികധന്യാ=ഏററവും കൃതാർത്ഥയായിട്ടു്. ഉചിതമിഹ മമ വചനമിതി കരുതി=ഇവിടെ ഞാൻ പറയുന്നതാണു് ഉചിതമായിരിക്കുകയെന്നു വിചാരിച്ചു്. ഉപകൃതിനം പതഗവരം=ഉപകാരം ചെയ്തവനായ പക്ഷീന്ദ്രനോടു്. ഇതി വാണീം അവദൽ=ഇപ്രകാരമുള്ള വാക്കിനെ പറഞ്ഞു. അനുരാഗാതിശയം പ്രകടിക്കുന്ന പ്രാണനാഥന്റെ വചനം കേട്ടു കാമശരങ്ങളാൽ ധൈര്യംകെട്ടു ദമയന്തി ആളൊന്നു മാറിയതുപോലെയായിച്ചമഞ്ഞു. അപ്പോഴം ആ രാജപുത്രിയുടെ ഇഷ്ടതോഴി കൃതാർത്ഥയായിട്ടു് ഈ സന്ദേശത്തിന്നു താൻ മറുപടി പറയുകയാണു് ഉചിതമാവുക എന്നു കരുതി ഉപകാരിയായ ഹംസത്തോടു് ഇങ്ങനെ പറഞ്ഞു. 'പൃഥ്വീതലാസുലഭ' എന്നതുമുതൽ സഖിയുടെ വചനം. പൃഥ്വീതലാസുലഭമംഗളാകൃതേ=ഭൂതലത്തിങ്കൽ ദുർല്ലഭമായതും മംഗളവുമായ ആകൃതിയോടുകൂടിയവനേ. നിഷധപൃഥ്വീന്ദ്രദൂത=നിഷധരാജാവിന്റെ ദൂതനായവനേ. ഗുണരാശേ=ഗുണങ്ങളുടെ സമൂഹമായവനേ. പത്രരഥകുലതിലക=പക്ഷികുലത്തിന്നു തൊടുകുറിയായവനേ. ഇഹ തവ ഭദ്രം ഭവതു=ഇവിടെ അങ്ങേയ്ക്കു നന്മ വരട്ടെ. മേ സഖീ പുനഃ=എന്റെ സഖിയാകട്ടെ ഇതി വക്തി=ഇങ്ങനെ പറയുന്നു. 'ബത' എന്നതു ദമയന്തിയുടെ ദയനീ

യസ്ഥിതിയെ കാണിക്കുന്നു. പരമാത്ഥമായതിതു=സത്യമായിട്ടുള്ളതു് ഇതാണ്. മേ ഹൃദയം പരിതാപമററ പരിതോഷം ഏതി=എന്റെ മനസ്സു പരിതാപം തീൻ സന്തോഷത്തെ പ്രാപിക്കുന്നു. പതഗകലവലമഥന=പക്ഷികുലേന്ദ്ര. ചതുരതരചടുവചന=അതിചതുരവും ഹിതവുമായ വചനം പറയുന്നവനേ. സരസവര=അതിസരസനായവനേ. ത്വം ചെയ്തേ മമ ചെവികൾ സഫലയസി=അങ്ങു വഴിപോലെ എന്റെ ചെവികളെ സഫലങ്ങളാക്കിച്ചെയ്യുന്നു. അങ്ങയുടെ വാക്കുകൊണ്ടു് എന്റെ ചെവികൾക്കു ജന്മസാഫല്യം വന്നു എന്നു സാരം. ഓരോ ജനം=ഓരോ ആളുകൾ. നിഷധഭൂപാലവീരഗുണമോരോന്നു്=വീരനായ നിഷധരാജാവിന്റെ ഓരോ ഗുണത്തെ. വന്നിഹ പറഞ്ഞും=ഇവിടെ വന്നു പറകയാലും. ഒത്തതിഹ മമ നിയതമിത്തരുണനിതി കരുതി=എനിക്കു യോജിച്ചവൻ ഈ യുവാവു്(നളൻ) ആണ് നിശ്ചയം എന്നു വിചാരിച്ചു്. ഇയം അഗതി=അശരണയായ ഇവൾ. അത്തൽ സഹിയാഞ്ഞും=സങ്കടം സഹിക്കാതെയായും. കരുണയറിയാത=ദയയെന്നാൽ എന്തെന്നറിയാത്ത. അലർബാണൻ=താരമ്പൻ. ഒരു രഹസി=ഒരു വിജനസ്ഥലത്തിൽവെച്ചു്. ഇതി വളരുമൊരു പാരവശത പറവതിന്നു്=ഇപ്രകാരം വദ്ധിച്ചുവരുന്ന പാരവശ്യം പറയുന്നതിന്നു്. ഒരുവനുതകാഞ്ഞും=ഒരാൾ സഹായമില്ലാതെയായും. മുഗ്ദ്ധാരവിന്ദമുഖീ=മനോഹരമായ താമരപ്പൂപോലെയുള്ള മുഖത്തോടുകൂടിയവൾ. മുക്താവലംബം=ആശ്രയമില്ലാതെ (ക്രി. വി.). നിത്യം വിഷീദതി=എപ്പോഴും വിഷാദിച്ചുകൊണ്ടിരിക്കുന്നു. 'സുഘോരം' എന്നതു 'വിഷീദതി' എന്ന ക്രിയയുടെ വിശേഷണം. മത്തകരിമധുരഗതി=മദിച്ച ആനയുടേതുപോലെ മനോഹരമായ നടത്തമുള്ളവൾ. മുഹുഃ ചിത്തതുയിർ പെരുകി=വീണ്ടും വീണ്ടും മനോവ്യഥ വദ്ധിച്ചു്. ഇതു കൃശമിതു ശരീരം=ഈ ശരീരം ഇതു കൃശമായി ഭവിച്ചു. മദനാത്തി ചീർത്തു്=കാമതാപം വദ്ധിച്ചു്. നിജഹൃദയസ്ഥിതം കിമപി=തന്റെ ഹൃദയത്തിലുള്ളതൊന്നും. ഗദിതും=പറയുവാൻ. ഭേ

പതഗ സഖീന അലം=അല്ലയോ ഹംസമേ, എന്റെ സഖി ശക്തയാകുന്നില്ല. മമ വദനഗളിതമിതു=എന്റെ മുഖത്തുനിന്നു നിർഗ്ഗളിച്ച ഈ വചനം. സഖി പറയുമൊരു വചനം=സഖിതന്നെ പറയുന്ന വാക്കാകുന്നു. അതിനിപുണ=ഏററവും നൈപുണ്യമുള്ളവനേ. നിഷധനരപാലം രഹസി വദ=നിഷധരാജാവിനോടു വിജനത്തിൽവെച്ചു ഈ വചനത്തെ പറഞ്ഞാലും. അല്ലയോ നല്ലതനായ പക്ഷീന്ദ്ര, അങ്ങേക്കു നന്മ വരട്ടെ എന്റെ തോഴി ഒന്നുംതന്നെ പറയുവാൻ ഇപ്പോഠം ശക്തയല്ല. ഇതു പരമാൎത്ഥമാണ്; മനസ്സിലെ സന്താപം തീൎന്നു സന്തോഷമായി. അങ്ങു ചെവികഠംക്കു സാഫല്യം വരുത്തിത്തന്നു. ഓരോരോ ജനങ്ങഠം ഇവിടെ വന്നു നളന്റെ ഗുണത്തെ വാഴ്ത്തുന്നതു കേട്ടു എന്റെ സഖി അദ്ദേഹമാണു തനിക്കു യോജിച്ചവനെന്നു കരുതി അനുരക്തയായി. അനുരാഗം സഫലമാക്കുവാൻ സാധിക്കാതെ സങ്കടം പെരുകിവശായി. നിൎദ്ദയനായ കാമൻ അമ്പുകഠം പൊഴിപ്പാൻ തുടങ്ങി. സഖിയുടെ സങ്കടം നളനോടു ചെന്നു പറയുവാൻ ഒരാളും ഉണ്ടായില്ല. അതുകാരണം ആരും ആശ്രയമില്ലാതെ സഖി നിത്യവും വിഷാദിക്കുന്നു. അതുകൊണ്ടാണ് അവളുടെ ശരീരം ഇത്ര കൃശമായതു്. കാമപീഡ പെരുകുകയാൽ തന്റെ ഉള്ളിലുള്ളതൊന്നും പറയുവാൻ എന്റെ തോഴി ശക്തയല്ല. എന്റെ മുഖത്തിൽനിന്നു പുറപ്പെട്ട വാക്കു തോഴിയുടെ വചനമാണ്. ഇതു നളസവിധത്തിൽ ചെന്നു സാകാംക്ഷമായി പറയുക.

യഥാകഥംചിദ്വക്ഷ്യാമി
ബാലായാ മമ വാഞ്ഛിതം
പ്രൌഢാനാമേവ നാരീണാം
പ്രതിസന്ദേശകൌശലം. ൪൬

ദമയന്തിയുടെ പ്രതിസന്ദേശം:—ബാലായാഃ മമ വാഞ്ഛിതം=ബാലികയായ എന്റെ അഭീഷ്ടത്തെ. യഥാകഥംചിൽ=വ

ല്ലതുമൊരുപ്രകാരത്തിൽ. അഹം വക്ഷ്യാമി=ഞാൻ പറയുന്നുണ്ട്. പ്രതിസന്ദേശകൌശലം=പ്രതിസന്ദേശത്തിലുള്ള സാമൎത്ഥ്യം. പ്രൌഢാനാം നാരീണാം ഏവ=പ്രൌഢമാരായ നാരിമാൎക്കുമാത്രമേ ഉള്ളു. കാമുകന്റെ സന്ദേശത്തിന്നു പ്രതിസന്ദേശം പറഞ്ഞയയ്ക്കുന്നതിന്നുള്ള സാമൎത്ഥ്യം പ്രൌഢസ്ത്രീകൾക്കു മാത്രമേ ഉള്ളു. ഞാനൊരു ബാലികയാകയാൽ എന്റെ മനസ്സിലുള്ള ആഗ്രഹം വല്ല പ്രകാരത്തിലും പറയുന്നുണ്ട് ഇതിൽ വല്ല പാകപ്പിഴയും കാണുന്നതായാൽ ക്ഷമിക്കേണമെന്നു ഹൃദയം. വൃത്തം അനുഷ്ടുപ്പ്.

വാച്യം മേ ശൃണു വല്ലഭേതി വചനേ
വൈയാത്യമാപദ്യതേ
ഹേ രാജന്നിതി ചേദിഹാപി ച പൃഥ-
ഗ്ഭാവോ മഹാനാപതേൽ
മൽപ്രാണാ ഇതി യുക്തമേതദധുനാ
കീരോക്തിവൽ ഭാസതേ
കഷ്ടം കാതരചേതനാ കഥമഹം
സന്ദേഷ്ടുമദ്യാരഭേ. ൪൯

ഹേ വല്ലഭ മേ വാച്യം ശൃണു ഇതി വചനേ=അല്ലയോ വല്ലഭ എന്റെ വാക്കിനെ കേട്ടാലും എന്നു പറയുന്നതിൽ. വൈയാത്യം ആപദ്യതേ=ധാൎഷ്ട്യം വന്നുകൂടുന്നു. (വൈയാത്യം=ധാൎഷ്ട്യം) ഹേ രാജൻ ഇതി ചേൽ=അല്ലയോ രാജാവേ എന്നാണെങ്കിൽ. ഇഹ അപി=ഇതിലും. മഹാൻ പൃഥഗ്ഭാവഃ ആപതേൽ ച=വലിയ പാൎത്ഥക്യം (പൃഥഗ്ഭാവം=പാൎത്ഥക്യം, തന്നിൽനിന്നു ഭിന്നനായ ഒരാൾ എന്ന സ്ഥിതി) വന്നുചേരും. അധുനാ കിരോക്തിവൽ മൽപ്രാണാഃ ഇതി ഏതൽ യുക്തം ഭാസതേ=ഇപ്പോൾ തത്ത പറയുന്നതുപോലെ എന്റെ പ്രാണങ്ങളേ എന്നുള്ള വചനമാണ് യുക്തമായി തോന്നുന്നത്. കഷ്ടം=അയ്യോ കഷ്ടം. കാതരചേതനാ അഹം=ചഞ്ചലമാനസയായ ഞാൻ. അദ്യ കഥം സന്ദേഷ്ടും

ആരഭേ=ഇപ്പോൾ എങ്ങനെയാണ് സന്ദേശിപ്പാൻ ആരംഭിക്കുന്നത്. അല്ലയോ വല്ലഭ, എന്റെ വാക്ക കേട്ടാലും, എന്ന പറഞ്ഞാൽ അതിൽ ധാർഷ്ട്യം അതായത് ഒരുതരം നിർല്ലജ്ജത വന്നുവശാവും. ഹേ രാജാവേ എന്ന സംബോധന ചെയ്താൽ അങ്ങേയ്ക്കും എനിക്കും തമ്മിൽ വലിയ ഭിന്നത വന്നുചേരും. അതിനാൽ എന്റെ പ്രാണങ്ങളേ എന്ന് അങ്ങുന്നു പറഞ്ഞതുതന്നെ, തത്തയുടെ വചനംപോലെ, ഏററുപറയുന്നതാണ് യുക്തമായി തോന്നുന്നത്. ഹാ കഷ്ടം, ചഞ്ചലമാനസയായി ചമഞ്ഞ ഞാൻ എങ്ങനെയാണിപ്പോൾ സന്ദേശിപ്പാൻ തുടങ്ങേണ്ടത്?

ദൂരസ്ഥസ്യ ജനസ്യ വേത്തി ഹൃദയം
യുക്ത്യാ ജനഃ പണ്ഡിതഃ
ശ്രുത്വാ ചിത്തഗതസ്യ ചാപി വചനം
ജാനാതി നൈവാപരഃ
യൽ ജ്ഞാതം ഭവതാ മദീയഹൃദയം
ത്വയ്യേവ സക്തം സദാ
ശ്രുത്വാ ചാദ്യ വചോ മയാ ന തു പുന-
ശ്ചിത്തം തവ ജ്ഞായതേ. ൧൦

'അജ്ഞാതേ ഹൃദയേ' എന്നാദിയായി പറഞ്ഞതിന്നു പ്രതിവചനം:—ദൂരസ്ഥസ്യ ജനസ്യ ഹൃദയം=അകലത്തിരിക്കുന്ന ആളുടെ ഹൃദയത്തെ. പണ്ഡിതഃ ജനഃ=പണ്ഡിതനായ ആൾ. യുക്ത്യാ വേത്തി=യുക്തി(ഊഹാപോഹവ്യാപാരം)കൊണ്ട് അറിയുന്നു. അപരഃ=മററുള്ള ആൾ (അപണ്ഡിതൻ). ചിത്തഗതസ്യ വചനം ശ്രുത്വാ അപി=മനസ്സിനെ പ്രാപിച്ചവന്റെ വചനത്തെ കേട്ടിട്ടുകൂടിയും. ന ഏവ ജാനാതി ച=അറിയുന്നതുമില്ല. യൽ=എന്തുകൊണ്ടെന്നാൽ. ഭവതാ=അങ്ങയാൽ. സദാ ത്വയി ഏവ സക്തം മദീയഹൃദയം=എപ്പോഴും അങ്ങയിൽത്തന്നെ സക്തമായ എന്റെ ഹൃദയം. ജ്ഞാതം=അറിയപ്പെട്ടു. മയാ തു=എന്നാലാകട്ടെ. അദ്യ വചഃ

ശ്രുത്വാ ച=ഇന്ന വചനത്തെ കേട്ടിട്ടും. തവ ചിത്തം പുനഃ=അങ്ങയുടെ മനസ്സാകട്ടെ. ന ജ്ഞായതേ=അറിയപ്പെടുന്നില്ല. പണ്ഡിതനായ ആറം ദൂരസ്ഥനായ ആളുടെ അന്തർഗ്ഗതത്തെ യുക്തി കൊണ്ടൂഹിച്ചെടുത്തു മനസ്സിലാക്കുന്നു. പാണ്ഡിത്യമില്ലാത്ത ആളാകട്ടെ തന്റെ മനസ്സിലിരിക്കുന്ന ആളുടെ ഹൃദയത്തെ പറഞ്ഞു കേട്ടിട്ടുകൂടിയും അറിയുന്നതുമില്ല. എന്തെന്നാൽ, എല്ലാ സമയത്തും അങ്ങയിൽത്തന്നെ പററിയിരിക്കുന്ന എന്റെ ഹൃദയത്തെ അങ്ങു മനസ്സിലാക്കി; ഞാനാകട്ടെ വാക്കു കേട്ടിട്ടും അങ്ങയുടെ മനസ്സിനെ അറിയുന്നതുമില്ല. ദൂതന്റെ വചനത്തിൽനിന്ന് അങ്ങയ്ക്കെന്നിൽ അനുരാഗമുണ്ടെന്നു സിദ്ധിച്ചുവെങ്കിലും എനിക്കതിൽ തികച്ചും വിശ്വാസം വരുന്നില്ലെന്നു സാരം.

ഉന്മാദേ പതിതോ ഭവാനുപചിത-
പ്രേമാ ക്രമേണാധുനാ
സന്നാഹോയമഹോ മമാപി പതിതും
തസ്മിൻ മഹാസങ്കടേ
ലജ്ജാ മാമപഹായ ശൂന്യഹൃദയാം
കുത്രാപി ച പ്രസ്ഥിതാ
പ്രൌഢേവ പ്രതിസന്ദിശാമി യദഹം
ഹിത്വാ കുമാരീപഥം. ൭൦

'ത്വാം ശ്രോത്രാഞ്ജലിനാ' ഇത്യാദിയായി പറഞ്ഞതിന്നു സമാധാനം:—ഉപചിതപ്രേമാ ഭവാൻ=ഉപചിതമായ (വർദ്ധിച്ച) പ്രേമത്തോടുകൂടിയ അങ്ങ്. ക്രമേണ=ക്രമത്താൽ. അധുനാ ഉന്മാദേ പതിതഃ=ഇപ്പോൾ ഉന്മാദത്തിൽ പതിച്ചിരിക്കുന്നു. അഹോ=കഷ്ടം. മമ അപി അയം സന്നാഹഃ തസ്മിൻ മഹാസങ്കടേ പതിതും=എന്റെയും ഈ ഒരുക്കം ആ വലിയ സങ്കടത്തിൽ പതിക്കുവാനാണ്. ലജ്ജാ ച ശൂന്യഹൃദയാം മാം അപഹായ കുത്രാപി പ്രസ്ഥിതാ= ലജ്ജയും ഹൃദയവിചാരമില്ലാത്തവളായ എന്നെ വെടിഞ്ഞു' എ

ങ്ങോട്ടോ പുറപ്പെട്ടു. യൽ=എന്തുകൊണ്ടെന്നാൽ. അഹം കുമാരീ പഥം ഹിത്വാ=ഞാൻ കന്യകമാരുടെ മാൎഗ്ഗത്തെ ഉപേക്ഷിച്ച്. പ്രൌഢാ ഇവ പ്രതിസന്ദിശാമി=പ്രൌഢയെന്നപോലെ പ്രതിസന്ദേശിക്കുന്നു. അങ്ങ് എന്നിൽ പ്രേമം വൎദ്ധിച്ച മദനദശകളുടെ ക്രമത്തിൽ ഇപ്പോഴം ഉന്മാദത്തിൽ പതിച്ചിരിക്കുന്നുവല്ലോ. എന്റെ യും ഈ പുറപ്പാട് ആ മഹാസങ്കടത്തിൽ പതിക്കുന്നതിനുതന്നെയാണ്. സ്ത്രീസഹജമായ ലജ്ജ വിചാരശൂന്യയായ എന്നെ വെടിഞ്ഞ് എങ്ങോട്ടോ പുറപ്പെട്ടുപോയി. എന്തുകൊണ്ടെന്നാൽ, ഞാൻ കന്യകാജനങ്ങളുടെ മൎയ്യാദയെ വെടിഞ്ഞ് ഒരു പ്രൌഢസ്ത്രീയെപ്പോലെ അങ്ങയുടെ സന്ദേശത്തിനു പ്രതിസന്ദേശം പറയുന്നുവല്ലോ. ലജ്ജാനാശം എന്ന മദനദശ തനിക്കു വന്നുകഴിഞ്ഞുവെന്നും ഇനി ഉന്മാദത്തിൽ പതിപ്പാനാണ് പോകുന്നതെന്നും താല്പൎയ്യം.

മാരാതങ്കവശംവദേന മനസാ
പ്രാപ്താമവസ്ഥാമിമാം
ബാലാം പാലയ ദീനവത്സല ഹൃദാ
നത്വേതി വിജ്ഞാപ്യതേ
കിം ചാരോപ്യ ഭരം ത്വയൈവ ഭരണീ-
യേസ്മിൻ ജനേ സാംപ്രതം
നൌദാസീന്യമുപാശ്രിതാത്തിരുപതാ-
പായ പ്രബുണാം ഭവേൽ. ൭൨

'മുഗ്ദ്ധാപാംഗി ദശാ മമേയം' ഇത്യാദിയായി പറഞ്ഞതിനു സമാധാനം:—ഹേ ദീനവത്സല=അല്ലയോ ദീനന്മാരിൽ വാത്സല്യമുള്ളവനേ. മയാ=എന്നാൽ. ഹൃദാ നത്വാ=ഹൃദയംകൊണ്ടു നമസ്കരിച്ചിട്ട്. ഇതി വിജ്ഞാപ്യതേ=ഇപ്രകാരം അറിയിക്കപ്പെടുന്നു. മാരാതങ്കവശംവദേന മനസാ ഇമാം അവസ്ഥാം പ്രാപ്താം ബാലാം മാം=മാരാതങ്കത്തിനു (കാമതാപത്തിനു)അടിമപ്പെട്ട മനസ്സുകൊണ്ട് ഈ അവസ്ഥയെ പ്രാപിച്ച ബാലയായ എന്നെ. പാല

യ=പാലിക്കേണമേ. കിം ച=എന്നുതന്നെയല്ല. ത്വയാ ഏവ ഭരണീയേ അസ്മിൻ ജനേ ഭരം ആരോപ്യ ഔദാസീന്യം ന സാംപ്രതം=അങ്ങയാൽത്തന്നെ ഭരിക്കപ്പെടേണ്ട ഈ ജനത്തിങ്കൽ ഭാരത്തെ ആരോപിച്ചിട്ട് അങ്ങ് ഔദാസീന്യമവലംബിക്കുന്നതു യുക്തമല്ല. ഉപാശ്രിതാർത്തിഃ പ്രഭൂണാം ഉപതാപായ ഭവേൽ=തന്റെ അടുക്കൽ ആശ്രയിച്ച ആളുകളുടെ സങ്കടം പ്രഭുക്കന്മാർക്കു പശ്ചാത്താപത്തിന്നു കാരണമായി ഭവിക്കും. ഞാൻ ഹൃദയംകൊണ്ടു നമസ്കരിച്ച് ഇങ്ങനെ ഉണർത്തിച്ചുകൊള്ളുന്നു. എങ്ങനെയെന്നാൽ— കാമപീഡയ്ക്കടിമപ്പെട്ട മനസ്സോടുകൂടി ഈ അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്ന ബാലയായ എന്നെ പാലിക്കേണമേ. ['ദീനവത്സല' എന്ന സംബോധന പാലനയോഗ്യതയെ കുറിക്കുന്നു.] എന്നുതന്നെയല്ല, അങ്ങ്, തന്നാൽ ഭരിക്കപ്പെടേണ്ടുന്ന ഈ ജനത്തിൽ ഭാരമാരോപിച്ചു സ്വയം ഉദാസീനനായിരിക്കുന്നതു യുക്തമല്ല. ['സാംപ്രതം' എന്നതിന്നു യുക്തമെന്നർത്ഥം.] എന്തുകൊണ്ടെന്നാൽ തന്റെ അടുക്കൽ ആശ്രയിച്ച ആളുടെ സങ്കടം പ്രഭുക്കന്മാർക്കു പശ്ചാത്താപമുണ്ടാകുവാൻ കാരണമാകും. കാമാതുരന്മാരുടെ ഭാരം തങ്ങളുടെ പ്രേമഭാജനത്തോടു ഹൃദയസന്താപം അറിയിക്കുന്നതുവരെമാത്രമേ ഉള്ളവെന്നു പറഞ്ഞതു ശരിയായില്ലെന്നാണ് ഇതിലെ ഉത്തരാർദ്ധംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നത്.

ഇത്ഥം തദ്വാക്യകർണ്ണാമൃതമതിസരസം
 കേട്ടു ഭൂപാലപുത്രീം
മുഗ്ദ്ധാമാപൃച്ഛ്യ ഗത്വാ നളസവിധമസൌ
 രാജഹംസോ മഹാത്മാ
തത്സന്ദേശാഖ്യചിന്താമണിമുദിതരസം
 കാഴ്ചവെച്ചാനുപാന്തേ
പൃത്ഥ്വീപുത്രീവിശേഷം പവനജനി പുരാ
 രാഘവന്നെന്നപോലെ. ൫൨

ഇത്ഥം=ഇപ്രകാരം. തദ്വാക്യകണ്ണാമൃതം=അവളുടെ വാക്യമാകുന്ന കണ്ണാമൃതത്തെ. അതിസരസം കേട്ട്=ഏററവും രസത്തോടുകൂടി കേട്ട്. മുഗ്ദ്ധാം ഭൂപാലപുത്രീം ആപൃച്ഛ്യ=മുഗ്ദ്ധയായ രാജപുത്രിയോടു യാത്ര ചോദിച്ച്. നളസവിധം ഗത്വാ=നളന്റെ സമീപത്തിലേയ്ക്കു ഗമിച്ചിട്ട്. മഹാത്മാ അസൌ രാജഹംസഃ=മഹാത്മാവായ ആ രാജഹംസം. തത്സന്ദേശാഖ്യചിന്താമണിം=അവളുടെ സന്ദേശമെന്ന പേരോടുകൂടിയ ചിന്താമണിയെ. ഉദിതരസം=ഉദിതമായ (ഉയൻ) രസത്തോടുകൂടി. ഉപാന്തേ കാഴ്ചവെച്ചാൻ=സമീപത്തിങ്കൽ കാഴ്ചയായി വെച്ചു. പൃഥ്വീപുത്രീവിശേഷം=ഭൂമിപുത്രിയുടെ (സീതയുടെ) വിശേഷത്തെ. പവനജനി=വായുപുത്രൻ (ഹനുമാൻ). പുരാ രാഘവന്ന് എന്നപോലെ=പണ്ടു ശ്രീരാമന്നു കാഴ്ച വെച്ചതുപോലെ. സാരം സ്പഷ്ടം. ദമയന്തിയുടെ സന്ദേശത്തെ ചിന്താമണിയായി രൂപണംചെയ്തേടത്ത് അലങ്കാരം രൂപകം. ഇതു കാഴ്ചവെയ്ക്കുന്നതിന്നുള്ള ഔചിത്യത്തെ കാണിക്കുന്നു. 'പവനജനി പുരാ' ഇത്യാദിയിൽ ഉപമയുമുണ്ട്.

എന്നീവണ്ണം തദാനീം കനിവൊടു കളഹം-
സോദിതാം കേട്ടു വാണീ-
മന്യൂനപ്രേമരമ്യാമനവധി മുമുദേ
നൈഷധാനാം വിനേതാ
അന്യോക്ത്യാ കാമുകാനാമഭിമതദയിതാ-
വാക്കു കേൾക്കും ദശായാ-
മുന്നിക്കും സംഗമാൽപ്രാസനപദവി കല-
ർന്നോരു സൌഖ്യാതിരേകം. ഇ

കളഹംസോദിതാം വാണീം=കളഹംസത്താൽ പറയപ്പെട്ട വാക്കിനെ. അന്യൂനരമ്യാം=ഏററവും രമണീയമായിരിക്കുന്ന (വാണിയുടെ വിശേഷണം). അനവധി=അവധികൂടാതെ (ക്രി. വി

നൈഷധാനാം വിനേതാ മുമുദേ=നൈഷധന്മാരുടെ (നിഷധരാജാക്കന്മാരുടെ) നേതാവു മോദിച്ചു. കാമുകാനാം=കാമുകന്മാൎക്ക്. അന്യോക്ത്യാ=മററൊരാളുടെ വാക്കുമൂലേന. അഭിമതദയിതാവാക്ക്= ഇഷ്ടയായ ദയിതയുടെ വാക്ക്. കേൾക്കും ദശായാം=കേൾക്കു മ്പോഴം. സംഗമാദ്ധ്യാസനപദവി കലൎന്നോരു സൌഖ്യാതിരേകം =സംഗമത്തിന്റെ അദ്ധ്യാസനസ്ഥാനമുള്ള സുഖാതിശയം. ഉന്നിക്കും=ഉണ്ടാകും. തനിക്കുള്ളതിനേക്കാൾ ഒട്ടും കുറയാത്ത അനുരാഗത്തെ പ്രകടമാക്കുന്ന ദമയന്തിയുടെ വാക്കു കളഹംസം പറഞ്ഞതു കേട്ടിട്ടു നളൻ അതീവ സന്തോഷിച്ചു. കാമുകന്മാൎക്കു തങ്ങളുടെ ഇഷ്ടപ്രാണേശ്വരിയുടെ വാക്കു മററൊരുവൻ പറഞ്ഞുകേൾക്കുമ്പോൾ യഥാൎത്ഥസംഗമത്തിന്റെ അദ്ധ്യാസനസ്ഥാനമുള്ള സുഖാതിശയം ഉണ്ടാകുന്നതാണ്. ഉത്തരാൎദ്ധത്തിലെ സാമാന്യംകൊണ്ടു പൂൎവ്വാൎദ്ധത്തിലെ വിശേഷത്തെ സമൎത്ഥിച്ചിരിക്കയാൽ അൎത്ഥാന്തരന്യാസം അലങ്കാരം. ഇതിലെ ഉത്തരാൎദ്ധം 'സൌമ്യ സീമന്തിനിനാം കാന്തോദന്തഃ സുഹൃദുപനതഃ സംഗമാൽ കിംചിദൂനഃ' എന്ന മേഘസന്ദേശശ്ലോകഭാഗത്തെ അനുസ്മരിപ്പിക്കുന്നു.

കൈത്താർകൊണ്ടങ്ങെടുത്താൻ കനിവൊടു ഹൃദയേ
ചേൎത്തു മെല്ലെപ്പുണൎന്നാൻ
മുഗ്ദ്ധേ പത്രേ മുകൎന്നാൻ മുകളിതനയനം
വീൎത്തു പാൎത്താൻ തദംഗം
ഇത്ഥം പൃഥ്വീന്ദ്രചൂഡാമണി നൃപതിസുതാ-
പ്രേഷിതം പത്രിരാജം
മിത്രം കൌതൂഹലംകൊണ്ടിളകിന മനസാ
മാനയാമാസ മേന്മേൽ. ൫൭

പ്രിയാസന്ദേശഹരനായ ഹംസരാജനെ നളൻ സല്ക്കരിക്കുന്നു:—കൈത്താർ=പുഷ്പംപോലെ മാൎദ്ദവമുള്ള കയ്യ്. ഹൃദയേ=ഹൃദയത്തിൽ. മുഗ്ദ്ധേ പത്രേ=മനോഹരമായ ചിറകിൽ. മുകൎന്നാൻ=മ

ണത്തു. മുകളിതനയനം=കണ്ണു ചിമ്പിക്കൊണ്ട് (ക്രി വി.). വിത്ത്യ =വിപ്പിട്ട് തദംഗം=അവന്റെ ശരീരം. പൃഥ്വീന്ദ്രചൂഡാമണി= രാജാക്കന്മാക്ക ശിരോലങ്കാരമായവൻ. നൃപതിസുതാപ്രേഷിതം മി ത്രം പത്രിരാജം=രാജപുത്രിയാൽ അയയ്ക്കപ്പെട്ട സുഹൃത്തായ പക്ഷി ശ്രേഷ്ഠനെ. കൌതുഹലം=കൌതുകം. ഉളകിന മനസാ=ഉളകിയ മനസ്സോടുകൂടി. മേന്മേൽ മാനയാമാസ=മേല്ക്കുമേൽ ബഹുമാനി ച്ചു സാരം സ്പഷ്ടം. കൈകൊണ്ടെടുക്കുക, ഹൃദയത്തിൽ വെച്ചു പുണരുക, ചിറകിൽ മണക്കുക, ശരീരം നോക്കിക്കൊണ്ടിരിക്കുക എന്നിങ്ങനെ ഉത്തരോത്തരമുള്ള ലാളനം വർണ്ണിച്ചതുകൊണ്ട 'മേ ന്മേൽ' എന്നതു യുക്തമായിരിക്കുന്നു.

രരാജ രുചിരാകാരം
രാജഹംസദ്വയം തദാ
സതാം സംഭാവനീയം ഹി
സംഗതം സമയോർദ്വയോഃ. ൭൫

തദാ=അപ്പോഠം. രുചിരാകാരം=മോഹനമായ ആകൃതിയോ ടുകൂടിയ. രാജഹംസദ്വയം=രണ്ടു രാജഹംസങ്ങഠം. രരാജ=ശോ ഭിച്ചു. സമയോഃ ദ്വയോഃ സംഗതം=സമന്മാരായ രണ്ടുപേരുടെ സമാഗമം. സതാം സംഭാവനീയം ഹി=സജ്ജനങ്ങഠംക്ക മാനിക്കു വാൻ യോഗ്യമാണല്ലോ. അപ്പോഠം മനോഹരമായ ആകൃതിയോ ടുകൂടിയ രണ്ടു രാജഹംസങ്ങഠം, അതായതു് അരയന്നവും ന ളനും, ശോഭിച്ചു. ഒരുപോലെയിരിക്കുന്ന രണ്ടുപേരുടെ സംഗമം സജ്ജനങ്ങഠംക്കു ശ്ലാഘനീയമാണല്ലോ. രാജഹംസശബ്ദത്തിന്നു രാജശ്രേഷ്ഠനെന്നും കളഹംസമെന്നും അത്ഥം. സമന്മാരുടെ ചേ ച്ചയെ വണ്ണിച്ചിരിക്കയാൽ സമം അലങ്കാരം.

പുത്തൻപൂന്തേൻ പൊഴിഞ്ഞീടിന മധുരവചോ-
ഭംഗിഭിമ്മാനയിത്വാ
പ്രസ്ഥാപ്യാപന്നമിത്രം പ്രചുരതരദയാ-
വാരിധിം പത്രിരാജം

തദ്വാചാ സാതിരേകപ്രണയസരസയാ
ദത്തഹസ്താവലംബം
ചിത്തേ ധൈര്യം ദധാനോ ധരണിപതിരസാ-
വാത്മപുര്യാമവാത്സീൽ. ൩൭

മധുരവചോഭംഗിഭിഃ മാനയിത്വാ=മധുരവചനങ്ങളുടെ ഭംഗികളെക്കൊണ്ടു മാനിച്ചിട്ട്. ആപന്നമിത്രം പ്രചുരതരദയാംവാരിധിം പത്രിരാജം പ്രസ്ഥാപ്യ=ആപത്തിൽപ്പെട്ടവൎക്കു ബന്ധുവായും പ്രവൃദ്ധമായ ദയയുടെ സമുദ്രമായുമിരിക്കുന്ന പക്ഷീന്ദ്രനെ യാത്ര പുറപ്പെടുവിച്ചിട്ട്. സാതിരേകപ്രണയസരസയാ തദ്വാചാ ദത്തഹസ്താവലംബം ധൈര്യം ചിത്തേ ദധാനഃ=അതിരേകത്തോടുകൂടിയ പ്രണയംകൊണ്ടു സരസമായ ആ ഹംസത്തിൻെറ വാക്കിനാൽ ഹസ്താവലംബം (കൈകൊണ്ടു താങ്ങുകൊടുക്കൽ) നല്കപ്പെട്ട ധൈര്യത്തെ മനസ്സിൽ വഹിച്ചുകൊണ്ട്. അസൌ ധരണിപതിഃ=ആ രാജാവ്. ആത്മപുര്യാം അവാത്സീൽ=തൻെറ പുരിയിൽ വസിച്ചു. മധുരവചനം പറഞ്ഞു കളഹംസത്തെ അയച്ചതിന്നുശേഷം പ്രണയാതിരേകത്താൽ സരസമായ ഹംസത്തിൻെറ വാക്കുകൊണ്ടു താങ്ങുകൊടുക്കപ്പെട്ട ധൈര്യത്തെ മനസ്സിൽ വഹിച്ചുകൊണ്ടു നളൻ തൻെറ പുരിയിൽ വസിച്ചു. വീഴുവാൻപോകുന്ന വസ്തു ഹസ്താവലംബത്തിൻെറ സഹായത്താൽ വീഴാതിരിക്കുന്നതുപോലെ നളൻെറ ധൈര്യം ഹംസവചനത്താൽ മനസ്സിൽനിന്നു വീണുപോകാതിരുന്നുവെന്നു സാരം.

കാലേ തസ്മിൻ കദാചിൽ കനിവിനൊടു വിദ-
ൎഭക്ഷമാപാലനാരാൽ
ബാലാമാലോക്യ നാളൊന്നിളകിന നവതാ-
രുണ്യലക്ഷ്മീമനോജ്ഞാം

കാലം വൈകാതെ വേണം പരിണയനമഹാ-
ഘോഷകല്യാണമെന്ന-
ങ്ങാലോലാത്മാ കുറിക്കൊണ്ടഭിമതസചിവൈ-
ർമ്മന്ത്രയാമാസ ഗൂഢം. ൩൭

വിദർഭരാജാവു ദമയന്തിയുടെ വിവാഹത്തിന്ന് ആലോചന തുടങ്ങിയതായി പറയുന്നു:—തസ്മിൻ കാലേ=അക്കാലത്തു്. കദാചിൽ=ഒരിക്കൽ. വിദർഭക്ഷമാപാലൻ=വിദർഭരാജാവു്. നാളൊന്നിളകിന നവതാരുണ്യലക്ഷ്മീമനോജ്ഞാം ബാലാം ആരാൽ ആലോക്യ=നാൾതോറും ഇളകിയ പുതുയൌവനശോഭകൊണ്ടു മനോഹരയായിരിക്കുന്ന ബാലയെ അടുത്തു കണ്ടിട്ടു്. പരിണയനമഹാഘോഷകല്യാണം=വിവാഹമംഗളാഘോഷം. കുറിക്കൊണ്ടു്=മനസാ നിശ്ചയിച്ചു്. ആലോലാത്മാ=ചഞ്ചലമനസനായിട്ടു്. അഭിമതസചിവൈഃ ഗൂഢം മന്ത്രയാമാസ=അഭിമതന്മാരായ മന്ത്രിമാരോടു ഗൂഢമായി മന്ത്രിച്ചു. അക്കാലത്തൊരിക്കൽ വിദർഭരാജാവു നാൾതോറും ഇളകിവളരുന്ന പുതുയൌവനലക്ഷ്മിയെക്കൊണ്ടു മനോഹരാംഗിയായ മകളെ അടുത്തു കണ്ടിട്ടു ഇനിയൊട്ടും താമസിക്കാതെ ഇവളുടെ വിവാഹമഹോത്സവം നടത്തണമെന്നു മനസ്സിലുറച്ചു് എങ്ങിനെയെല്ലാമാണ് അതു വേണ്ടതെന്നു മനശ്ചാഞ്ചല്യത്തോടുകൂടി മന്ത്രിമാരുമായി ഗൂഢമാംവണ്ണം മന്ത്രണംചെയ്തു.

ചാപം തീർക്കേണമെന്നാനൊരുവനതു കണ-
ക്കല്ല യന്ത്രം മുറിപ്പാ-
നാപാതിക്കേണമെന്നാനപരനറിവതി-
ന്നത്ര വീര്യം നൃപാണാം
ബീഭത്സാകാരനെത്തും ദ്ഢമൊരു പണയം
വെയ്ക്കിലന്നേരമിഷ്ടം
ഭൂപാലം രാജപുത്രീ വരയതു മതിമാ-
നിത്ഥമന്യോ ബഭാഷേ. ൩൮

മന്ത്രിമാർ ഭിന്നഭിന്നങ്ങളായ അഭിപ്രായങ്ങളെ പറയുന്നു:—ചാപം തിക്ഷേണമെന്നാനൊരുവൻ=ഒരു വില്ലുണ്ടാക്കണമെന്നൊരു മന്ത്രി. അതു കണക്കല്ല=അതു ശരിയല്ല. അത്ര നൃപാണാം വീര്യം അറിവതിന്ന്=ഇവിടെ രാജാക്കന്മാരുടെ വീര്യത്തെ പരീക്ഷിച്ചറിയുന്നതിന്ന്. മുറിപ്പാൻ യന്ത്രം ആപാതിക്ഷേണം=അമ്പെയ്തു ഖണ്ഡിക്കാൻ ഒരു യന്ത്രം വെയ്ക്കണം. എന്നാൻ അപരൻ=എന്നു മറെറാരുവൻ. ഒരു പണയം വെയ്ക്കിൽ അന്നേരം ബീഭത്സാകാരനെത്തും ദൃഢം=അങ്ങനെ ഒരു പണയംവെയ്ക്കുന്നതായാൽ വിരൂപനായ ഒരുവൻ എത്തും നിശ്ചയം. രാജപുത്രി ഇഷ്ടം ഭൂപാലം വരയതു=രാജപുത്രി ഇഷ്ടനായ രാജാവിനെ വരിച്ചുകൊള്ളട്ടെ. മതിമാൻ അന്യഃ ഇത്ഥം ബഭാഷേ=ബുദ്ധിമാനായ മറെറാരുവൻ ഇങ്ങനെ പറഞ്ഞു. വിവാഹത്തിന്നു രാജാക്കന്മാരുടെ വീര്യം പരീക്ഷിപ്പാൻ ഒരു വില്ലുണ്ടാക്കിക്കണമെന്നു ഒരുവൻ പറഞ്ഞു. സീതാസ്വയംവരത്തിലുണ്ടായപോലെ വില്ലു കുലയ്ക്കുകയെന്ന വീര്യപരീക്ഷ ഏൎപ്പെടുത്തണമെന്നു ആശയം. അതു ശരിയല്ല, അമ്പെയ്തു മുറിക്കുന്നതിന്നായി ലക്ഷ്യമായ ഒരു യന്ത്രം വെയ്ക്കുകയാണു വേണ്ടതെന്നു മറെറാരുവൻ അഭിപ്രായപ്പെട്ടു. പാഞ്ചാലീസ്വയംവരത്തിലേതുപോലെ വിചിത്രമായ ഒരു യന്ത്രം മുറിക്കുന്നവന്നു കന്യകയെ കൊടുക്കുമെന്നു നിശ്ചയിക്കേണമെന്നു ആയാളുടെ ആശയം. അപ്പോൾ ബുദ്ധിമാനായ ഒരുവൻ അഭിപ്രായപ്പെട്ടു—"അങ്ങനെ ഒരു പണയംവെച്ചാൽ വിരൂപനായ ഒരാൾ എത്തിച്ചേരും നിശ്ചയം. അതൊന്നും വേണ്ട. രാജപുത്രി തനിക്കിഷ്ടനായ രാജാവിനെ വരിച്ചുകൊള്ളട്ടെ." സ്വയംവരത്തിന്നു ഏൎപ്പാടു ചെയ്യുകയാണു വേണ്ടതെന്നാണു ആ മന്ത്രിയുടെ അഭിപ്രായം.

നാനാവിധേഷു വചനേഷു തദീയവാക്യം
ക്ഷോണീമഹേന്ദ്രന തദാ ഹൃദയേ തെളിഞ്ഞു
താനേ നിനച്ചതൊരുവൻ പറയും ദശായാ-
മാനന്ദമെന്നുമിളകും ഹൃദി മാനവാനാം.

സ്വയംവരം വേണമെന്ന അഭിപ്രായത്തോടു രാജാവു യോജി ക്കുന്നു:—നാനാവിധേഷു വചനേഷു=പലവിധമുള്ള വചനങ്ങളിൽവെച്ച്. തദീയവാക്യം=അവന്റെ (ബുദ്ധിമാനായ മന്ത്രിയുടെ) വാക്യം. ക്ഷോണീമഹേന്ദ്രന്റെ ഹൃദയേ തെളിഞ്ഞു=രാജാവിന്നപ്പോൾ മനസ്സിൽ ബോധിച്ചു. താനേ നിനച്ചതു=താൻ തന്നെ വിചാരിച്ചതു്. ഒരുവൻ പറയും ദശായാം=ഒരാൾ പറയുന്ന സമയത്തു്. മാനവാനാം ഹൃദി ആനന്ദം ഉളവാം=മനുഷ്യരുടെ ഹൃദയത്തിൽ ആനന്ദമുളവാകും. സാരം സ്പഷ്ടം. സ്വയംവരം വേണമെന്ന അഭിപ്രായം രാജാവിന്നു ബോദ്ധ്യമായി എന്ന വിശേഷത്തെ ഉത്തരാർദ്ധത്തിലെ സാമാന്യംകൊണ്ടു സമർത്ഥിച്ചിരിക്കയാൽ അർത്ഥാന്തരന്യാസം അലങ്കാരം.

മുല്പാടു ദൈവജ്ഞവരം വരുത്തി-
ക്കല്പിച്ചു കല്യാണദിനം തദാനീം
ഉൽപാദിതും രംഗമനല്പശില്പാ-
കല്പാഭിരാമം പണിയും തുടങ്ങീ. ൩൮

സ്വയംവരത്തിന്നുള്ള ഏർപ്പാടുകൾ തുടങ്ങിയതായി പറയുന്നു:—മുല്പാടു്=ആദ്യമായി. ദൈവജ്ഞവരം വരുത്തി=ദൈവജ്ഞവരനെ (ശ്രേഷ്ഠനായ ഒരു ജ്യോത്സ്യനെ) വരുത്തി. കല്യാണദിനം കല്പിച്ചു=കല്യാണമുഹൂർത്തം നിശ്ചയിച്ചു. അനല്പശില്പാകല്പാഭിരാമം രംഗം ഉൽപാദിതും=അനല്പങ്ങളായ ശില്പാകല്പങ്ങൾ(ശില്പപ്പണികൾ)കൊണ്ടു മനോഹരമായ രംഗത്തെ ഉണ്ടാക്കിക്കുവാൻ. പണിയും തുടങ്ങീ=പ്രവൃത്തിയും ആരംഭിച്ചു. ഒന്നാമതു വിശിഷ്ടനായ ഒരു ജ്യോത്സ്യനെ വരുത്തി സ്വയംവരത്തിന്നു മുഹൂർത്തം നിശ്ചയിച്ചു. തുടർന്നുകൊണ്ടു വിചിത്രശില്പവേലകളോടുകൂടിയ സ്വയംവരമണ്ഡപം നിർമ്മിക്കുന്നതിന്നുള്ള പ്രവൃത്തിയും ആരംഭിച്ചു.

നൽപ്പൊന്നുകൊണ്ടു പണിതീർത്തു നടേ നിറുത്തീ
ശില്പജ്ഞലോകമണിത്തൂണു ശുഭേ മുഹൂർത്തേ
മുപ്പാർ ജയിച്ച മകരധ്വജവീരനയ്യാ
മുല്പാടു നാട്ടിന ജയധ്വജമെന്നപോലെ. ൩൯

സ്വയംവരരംഗത്തിന്റെ ഓരോ വിശേഷങ്ങളെ വർണ്ണിക്കുന്നു:—നടേ=നടാടെ, ആദ്യമായിട്ട്. ശില്പജ്ഞലോകം=ശില്പപ്പണിയറിയുന്ന ആളുകൾ. അണിത്തൂൺ=ഭംഗിയുള്ള തൂൺ. ശുഭേ മുഹൂർത്തേ=ശുഭമായ മുഹൂർത്തത്തിൽ. മൂപ്പാർ=മൂന്നുലോകം. മകരധ്വജവീരൻ=കാമൻ എന്ന വീരൻ. 'അയ്യാ' എന്നതു് ആശ്ചര്യദ്യോതകം. മുപ്പാട്ട=മുമ്പിൽ. ജയധ്വജം=വിജയക്കൊടിമരം. ആദ്യമായി ശില്പികൾ തനിപ്പൊന്നുകൊണ്ട ഭംഗിയുള്ള തൂണുണ്ടാക്കി ശുഭമായ മുഹൂർത്തത്തിൽ നാട്ടി. അതു കണ്ടാൽ വീരനായ കാമദേവൻ ത്രൈലോക്യം ജയിച്ചു നാട്ടിയ വെന്നിക്കൊടിമരമാണോ എന്നു തോന്നും. അലങ്കാരം ഉൽപ്രേക്ഷ.

കണ്ടിച്ചു കോമളതരം നവപട്ടസൂത്രം—
കൊണ്ടിത്തുലാങ്ങൾ പണിചെയ്തവയെന്തു ചൊൽവൂ
കണ്ടാൽ വിചിത്രതരമെന്നതൊഴിഞ്ഞിദാനിം
കണ്ടീല മററുപമ ചൊല്ലുവതിന്നു ഭൂമൌ. നൗ

കണ്ടിച്ചു=കഷണങ്ങളായി മുറിച്ചു. കോമളതരം നവപട്ടസൂത്രംകൊണ്ട്=അതികോമളമായ പുതിയ പട്ടുനൂൽകൊണ്ട്. തുലാങ്ങൾ=തട്ടിറക്കുന്നതിന്നുള്ള മരങ്ങൾ. എന്തു ചൊൽവൂ=എന്തു പറയാം. വിചിത്രതരം=അതിമനോഹരം. മററുപമ=വേറെ ഉപമ. ഭൂമൌ=ഭൂമിയിൽ. അതികോമളമായ പുതിയ പട്ടുനൂൽ മുറിച്ച് അതുകൊണ്ട പണിചെയ്ത തുലാങ്ങളെ എങ്ങനെ വർണ്ണിക്കേണ്ടു? കണ്ടാൽ അതിമനോഹരമെന്നല്ലാതെ അതിന്നൊരുപമ പറയുവാൻ ഞാൻ കണ്ടില്ല.

പുഷ്പാനുഭാവമുരപൊങ്ങിന വീരവാളി—
പ്പട്ടാംബരേണ രചിതം രുചിരം വിമാനം
ദൃഷ്ടാന്തമില്ലതിനിതോ പറയേണമെന്നു
മുട്ടീടുകിൽ പുനരതിന്നു തദേവ നൂനം. നൎ

പുഷ്ടാനുഭാവം=പോഷിച്ച അനുഭാവത്തോടു(തേജോവിശേഷത്തോടു)കൂടി. (ക്രി. വി). ഉരപൊങ്ങിന=കേറിപ്പെട്ട. വീരവാളിപ്പട്ടാംബരേണ=വീരാളിപ്പട്ടുകൊണ്ടു്. രചിതം വിമാനം രചിതം=ഭംഗിയുള്ള വിമാനം നിമ്മിക്കപ്പെട്ടു. ദൃഷ്ടാന്തം=സദൃശവസ്തു. മുട്ടീടുകിൽ=നിർബ്ബന്ധിക്കുന്നതായാൽ. തദേവ ന്യായം=അതുതന്നെയാണ് നിശ്ചയം. ഉയന്നതരം വീരാളിപ്പട്ടുകൊണ്ടു വിമാനം നിമ്മിക്കപ്പെട്ടു. അതിന്നു തുല്യമായി മറെറാരു വസ്തുവിനെ പറയുവാനില്ല. പറഞ്ഞേ കഴിയൂ എന്നു നിർബ്ബന്ധിക്കുന്നതായാൽ അതു് അതിനോടുതന്നെ സദൃശം എന്നേ പറയാവൂ. ഇതിൽ ദൃഷ്ടാന്തശബ്ദത്തിന്നു സദൃശവസ്തു എന്നാണത്ഥം. ഒന്നിനു സദൃശമായിട്ടു് അതുതന്നെയേ ഉള്ളു എന്നു പറകയാൽ അലങ്കാരം അനന്വയം. വിമാനം എന്ന ശബ്ദത്തിന്നു് ഏഴു നിലയുള്ള മാളിക എന്നാണത്ഥം. "വിമാനം വ്യോമയാനേ ച സപ്തഭൂമിഗൃഹേപി ച" എന്നു മേദിനീനിഘണ്ടു.

ആതുംഗകാന്തി വളവാമടയെന്നിതെല്ലാം
മാതംഗദന്തമയമെന്തിതു വാഴ്ത്തവല്ലേൻ
ആകല്പമല്പ പണി കാണ്കിലതീവ ചിത്രം
ലോകത്രയീനയനകൌതുകമെന്നപോലെ. ൩൭

ആതുംഗകാന്തി=ആതുംഗമായ (ഉയന്ന) കാന്തിയോടുകൂടിയ. മാതംഗദന്തമയം=ആനക്കൊമ്പുകൊണ്ടുള്ളതു്. വാഴ്ത്തവല്ലേൻ=വാഴ്ത്തുവാൻ ഞാൻ ശക്തനല്ല. അതീവ ചിത്രം=ഏററവും ആശ്ചര്യം. ലോകത്രയീനയനകൌതുകം=മൂന്നു ലോകങ്ങൾക്കും കണ്ണിന്നു കൌതുകമുളവാക്കുന്ന വസ്തു. അത്യന്തം കാന്തി പൊഴിയുന്ന വാള, വാ[illegible]ട എന്നിവ ആനക്കൊമ്പുകൊണ്ടു ചമച്ചതാണ്. അതിൻെറ അ[illegible]ക വണ്ണിപ്പാൻ ഞാൻ ആളല്ല. ആകപ്പാടെയുള്ള പണിത്തരം [illegible]ണ്ടാൽ അത്യാശ്ചര്യമെന്നു പറയാം. മൂന്നു ലോകങ്ങളിലുമുള്ള ജ[illegible]ങ്ങളുടെ കണ്ണിന്നു കൌതുകകരമായ ഒരു വസ്തുവാണോ അതെന്നു തോന്നും. ഉൽപ്രേക്ഷ അലങ്കാരം.

മിന്നുന്ന കാന്തി പരിചോടു പതിച്ചു പൊന്നും-
കിണ്ണങ്ങൾ കണ്ണിനമൃതം ചൊരിയും നരാണാം
മുന്നൂറുലക്ഷമമൃതദ്യുതിബിംബമൊന്നൊ-
ത്തന്യൂനമംബരതലേ വിലസുന്നപോലെ. ൬൬

മിന്നുന്ന കാന്തി പരിചോടു പതിച്ചു=തിളങ്ങുന്ന ശോഭയെ വഴിപോലെ വഷിച്ചു. പൊന്നുംകിണ്ണങ്ങൾ=പൊന്നുകൊണ്ടുള്ള തളികകൾ. അമൃതം=അമൃത്. നരാണാം=മനുഷ്യൎക്ക്. അമൃതദ്യുതിബിംബം=ചന്ദ്രബിംബം. ഒന്നൊത്ത്=ഒന്നിച്ചുചേൎന്ന്. അന്യൂനം=ന്യൂനതകൂടാതെ. അംബരതലേ=ആകാശത്തിൽ. ആളുകളുടെ കണ്ണിൽ ആനന്ദം ചൊരിയുന്ന പൊൻകിണ്ണങ്ങൾ അസാധാരണമായ ശോഭാവിശേഷം ഉളവാക്കി. അതു കണ്ടാൽ അനേകലക്ഷം ചന്ദ്രബിംബങ്ങൾ ഒന്നിച്ചുചേൎന്ന് ആകാശത്തിൽ വിലസുകയാണോ എന്നു തോന്നും. 'പൊന്നുംകിണ്ണങ്ങൾ' എന്നതിന്നു തളികകളുടെ ആകൃതിയിൽ തുലാങ്ങളുടെ സന്ധികളിൽ അലങ്കാരമായിട്ടുള്ള വസ്തുക്കളെന്നൎത്ഥം. അലങ്കാരം ഉൽപ്രേക്ഷ.

സംജാതകൌശലമൊരോതരമേ ചമച്ചു
മഞ്ചങ്ങൾ മഞ്ജുളതരങ്ങൾ മഹീപതീനാം
അഞ്ചമ്പനമ്പൊടു കളിപ്പതിനഞ്ചിതശ്രീ
തഞ്ചീടുമദ്രിനികരം പുനരെന്നപോലെ. ൬൭

സംജാതകൌശലം=ഉണ്ടായ കൌശലത്തോടുകൂടി (ക്രി. വി). ഒരോതരമേ=ഒരേതരത്തിൽത്തന്നെ. മഞ്ചങ്ങൾ=പൎയ്യങ്കങ്ങൾ. മഞ്ജുളതരങ്ങൾ=ഏററവും മനോഹരങ്ങൾ. മഹീപതീനാം=രാജാക്കന്മാൎക്ക്. അഞ്ചമ്പൻ=കാമന്ന്. അഞ്ചിതശ്രീ തഞ്ചീടും=മനോഹരമായ കാന്തി കലൎന്ന. അദ്രിനികരം=കുന്നുകളുടെ കൂട്ടം. രാജാക്കന്മാൎക്കിരിപ്പാൻ അതിമനോഹരങ്ങളായ മഞ്ചങ്ങൾ അത്യന്തകൌശലത്തോടുകൂടിയും ഒരേതരത്തിലായും നിൎമ്മിച്ചു. അവ കണ്ടാൽ കാമദേവന്നു ക്രീഡിപ്പാനുണ്ടാക്കിയ രമ്യങ്ങളായ കളിക്കുന്നുകളാണോ എന്നു തോന്നും. ഉൽപ്രേക്ഷ അലങ്കാരം.

മേളിച്ച നല്ല മൃഗനാഭി തുഷാരതോയൈ-
ന്നീളെത്തളിച്ച ലളിതം മണിരംഗഭൂമൌ
നാളീകലോലമിഴിമാർ മെഴുകീടിനാർ വ-
ന്നാലോലകുണ്ഡലഝണൽകരണാഭിരാമം. ൬൫

മൃഗനാഭി=കസ്തൂരി. തുഷാരതോയൈഃ=തണുത്ത ജലങ്ങളോ ട്. മേളിച്ച്=കലർത്തി. നീളെ=എല്ലാടവും. ലളിതം=ഭംഗിയായി ട്ടുകൂടി (ക്രി. വി). മണിരംഗഭൂമൌ=മണിമയമായ രംഗത്തിലെ നില ത്തു്. നാളീകലോലമിഴിമാർ=സുന്ദരിമാർ. ആലോലകുണ്ഡലഝ ണൽകരണാഭിരാമം=ആലോലങ്ങളായ (ചാഞ്ചാടുന്ന) കുണ്ഡലങ്ങ ളുടെ ഝണൽകാരംകൊണ്ടു് അഭിരാമമാകുംവണ്ണം. സുന്ദരീജനങ്ങൾ തണുത്ത വെള്ളത്തിൽ കസ്തൂരി ചേൎത്തു സ്വയംവരമണ്ഡപത്തി ന്റെ നിലത്തെല്ലാം തളിച്ച്, ചാഞ്ചാടുന്ന കൎണ്ണാഭരണങ്ങളുടെ കി ലുക്കത്തോടുകൂടി ഭംഗിയായി മെഴുകി.

രഥ്യാസു ചത്വരപഥേഷു സുരാലയാദൌ
മുഗ്ദ്ധാംഗനാനിലയനേഷു ച മുക്തഖേദം
ഉത്തുംഗകാന്തിരുചിരം നിരവേ ചമച്ചു
പുത്തൻമണിത്തറകളും പന്തലുമെന്തു ചൊൽവൂ. ൬൬

രഥ്യാസു=രാജവീഥികളിലും. ചത്വരപഥേഷു=അങ്കണപ്രദേ ശങ്ങളിലും. സുരാലയാദൌ=ദേവാലയം മുതലായവയിലും. മു ഗ്ദ്ധാംഗനാനിലയനേഷു ച=സുന്ദരിമാരായ സ്ത്രീകളുടെ ഗൃഹങ്ങ ളിലും. മുക്തഖേദം=ഖേദംകൂടാതെ (ക്രി. വി). ഉത്തുംഗകാന്തിരു ചിരം=ഉന്നതമായ കാന്തികൊണ്ടു കമനീയമായിട്ടു്. നിരവേ ചമ ച്ചു=നിരക്കെ നിൎമ്മിച്ചു. പുത്തൻമണിത്തറകൾ=പുതിയ മണിത്ത റകൾ. രാജവീഥികൾ, ഗൃഹങ്ങളുടെ മുററങ്ങൾ, ദേവാലയങ്ങൾ, സുന്ദരീജനങ്ങളുടെ വീടുകൾ എന്നിവയിലെല്ലാം അതികാന്തിയേ ന്തിയ പുതിയ മണിത്തറകളും പന്തലും നിരക്കെ നിൎമ്മിച്ചു. അവ യെ വൎണ്ണിപ്പാൻ പ്രയാസംതന്നെ.

നിന്നിദ്രകാന്തി നിരവേ പണിചെയ്തു തീർന്ന
മുന്നൂറുകോടി നിലയങ്ങൾ മഹീപതീനാം
അന്യൂനമോദമമരാവതി പെററ പുത്തൻ-
പെണ്ണുങ്ങളാവതു ചമഞ്ഞിഹ വന്നപോലെ. ൧൦

നിന്നിദ്രകാന്തി=തെളിഞ്ഞ കാന്തിയോടുകൂടി. നിലയങ്ങൾ=ഗൃഹങ്ങൾ. മഹീപതീനാം=രാജാക്കന്മാൎക്ക്. അന്യൂനമോദം=തികഞ്ഞ മോദത്തോടുകൂടി. അമരാവതി=ഇന്ദ്രരാജധാനി. പുത്തൻപെണ്ണുങ്ങൾ=പുതിയ പെൺകിടാങ്ങൾ. ആവതു=കഴിയുന്നിടത്തോളം. ചമഞ്ഞ്=അലങ്കരിച്ച്. ഇഹ=ഭൂമിയിൽ. രാജാക്കന്മാൎക്ക താമസിപ്പാൻ കാന്തിയേന്തിയ നിരവധി ഗൃഹങ്ങൾ നിരക്കെ പണിചെയ്തു. അവ കണ്ടാൽ ഇന്ദ്രരാജധാനിയായ അമരാവതി പെററ പെൺകിടാങ്ങൾ അലങ്കാരമണിഞ്ഞു ഭൂമിയിൽ വന്നിരിക്കയാണോ എന്നു തോന്നും.

മുന്നം ചമച്ച തളതാലികൾ മോതിരങ്ങ-
ളെന്നിത്തരങ്ങളെ വിളക്കുകയും വിശേഷാൽ
ഉന്നിദ്രമാട പിഴിയിക്കയുമെന്നുവേണ്ടാ
തന്വംഗിമാർനിലയനങ്ങളിലെത്ര ഘോഷം. ൧൧

വിളക്കുക=പുതുക്കുക. വിശേഷാൽ=വിശേഷിച്ച്. ഉന്നിദ്രം=നിദ്രകൂടാതെ, ഉന്മേഷത്തോടുകൂടി. ആട പിഴിയിക്കുക=വസ്ത്രമലക്കിക്കുക. തന്വംഗിമാർനിലയനങ്ങൾ=സുന്ദരിമാരുടെ ഗൃഹങ്ങൾ. രാജാവിന്റെ കൊട്ടാരത്തിൽ ഉണ്ടാകുവാൻപോകുന്ന സ്വയംവരം പ്രമാണിച്ചു സ്ത്രീജനങ്ങളുടെ ഗൃഹങ്ങളിൽ പഴയ തള, താലി, മോതിരം മുതലായവ പുതുക്കി വിളക്കുകയും വിശേഷിച്ച് ഉടുപുടവകൾ അലക്കിക്കുകയും എന്നുവേണ്ട പലതരം ഘോഷങ്ങൾ കൂട്ടുകയും ഉണ്ടായി.

ഒരുവനം നിജവിഭൂഷാജാലമെല്ലാമണിഞ്ഞാ-
ളൊരുവനം. പണിയൊട്ടങ്ങാഞ്ഞെത്രയെല്ലാം പിട
ഞ്ഞാനം
തരുണനൊടൊരു തന്വീ ചെന്നുറങ്ങാൻ പറഞ്ഞാനം
ചരിതമിതി മനോജ്ഞം വാരനാരീജനാനാം. വൈ

നിജവിഭൂഷാജാലം=തന്റെ ആഭരണങ്ങളുടെ കൂട്ടം. പണിയൊട്ടങ്ങാഞ്ഞു്=പണി മുഴുമിക്കാതെ. പിടഞ്ഞാനം=ബദ്ധപ്പെട്ടു. തരുണനൊട്=യുവാവായ പുരുഷനോട്. തന്വീ=സുന്ദരി. ചരിതം=ചെയ്തി. അതിമനോജ്ഞം=അതിമനോഹരം. വാരനാരീജനാനാം=വേശ്യാസ്ത്രീജനങ്ങളുടെ. ഒരുത്തി തനിക്കുള്ള ആഭരണങ്ങളെല്ലാം എടുത്തണിഞ്ഞു. മറെറാരുത്തി ഒരുക്കമൊനങ്ങളൊക്കെയും മുഴുമിക്കാഞ്ഞു കിടന്നു പിടഞ്ഞു. വേറെ ഒരുവനം തന്റെ കാമുകനോടു ചെന്നു് ഉറങ്ങുവാൻ പറഞ്ഞു—ഇങ്ങനെ വേശ്യാസ്ത്രീകളുടെ ചെയ്തി അതിമനോഹരമെന്നേ പറയാവൂ.

പുടവ വടിവുപോരാഞ്ഞിട്ടു കോപിച്ചു കാചിൽ
ഝടിതി രമണവക്ത്രേ കൊണ്ടുപോകെന്നെറിഞ്ഞാനം
തടിയനതുമെടുത്തുംകൊണ്ടു താനേ നിരൂപി-
ച്ചവിടെ നിലയൊടിക്കും കോപ്പു കണ്ടാൽ വിനോദം.

വടിവുപോരാഞ്ഞിട്ടു്=ഭംഗിയില്ലാഞ്ഞിട്ടു്. കാചിൽ=ഒരുവനം. ഝടിതി=വേഗത്തിൽ. രമണവക്ത്രേ=ഭർത്താവിന്റെ മുഖത്തു്. തടിയൻ=പൊണ്ണൻ. നിലയൊടിക്കും കോപ്പു്=നില്ക്കുന്ന മട്ടു്. വിനോദം=നേരംപോക്കു്. കാന്തൻ കൊണ്ടുവന്നു നല്കിയ പുടവയ്ക്കു ഭംഗിപോരാഞ്ഞു കോപിച്ചു് ഒരുവനം "ഇതു കൊണ്ടുപോയ്ക്കോളൂ" എന്നു പറഞ്ഞു് ആയാളുടെ മുഖത്തേയ്ക്കെറിഞ്ഞു. പൊണ്ണനായ ഭർത്താവു് അതുമെടുത്തുകൊണ്ടു തന്നത്താൻ ഓരോന്നു വിചാരിച്ചു് അവിടെ നിന്നു നില്പു കണ്ടാൽ നല്ല നേരംപോക്കു തോന്നും.

ഓരോ തരത്തിലിളകീടിന ഘോഷമെല്ലാം
നാരായണാ പെരിക വിസ്മയമോൎത്തുകണ്ടാൽ
പൂരിപ്പതിന്നു നിതരാമിതിനോടു സാമ്യം
ഗൌരീസ്വയംവരമഹോത്സവമേവ നൂനം. ൪൮

'നാരായണാ' എന്നതു് ആശ്ചൎയ്യദ്യോതകം. പെരിക വിസ്മയം=വലിയ ആശ്ചൎയ്യം. ഇതിനോടു സാമ്യം പൂരിപ്പതിന്നു്=ഇതിനോടു തുല്യത തികച്ചു പറയുന്നതിന്നു്. ഗൌരീസ്വയംവരമഹോത്സവം ഏവ നൂനം=ശ്രീപാൎവ്വതിയുടെ സ്വയംവരമഹോത്സവം മാത്രമേ ഉളളു നിശ്ചയം. ഓരോ തരത്തിൽ ഉണ്ടായ ഘോഷം വിചാരിച്ചാൽ വലിയ ആശ്ചൎയ്യമെന്നേ പറയാവൂ. ഈ ദമയന്തീസ്വയംവരഘോഷത്തോടു തുല്യമായി പറയുവാൻ പാൎവ്വതീസ്വയംവരംമാത്രമേ ഉളളൂ, നിശ്ചയം.

കല്യാണക്കോപ്പിവണ്ണം കനിവിനൊടു വിദ-
ൎഭക്ഷ്മാപാലരത്നം
കല്യാത്മാ തീൎത്തു *പൃത്ഥ്വീരമണപരിവൃഢാൻ
പ്രൌഢമാനേതുമാരാൽ
ഉല്ലാസം ചേൎന്നമാത്യൈസ്സഹ സദസി നിരൂ-
പിച്ചു നീട്ടും കൊടുത്തി-
ട്ടെല്ലാ നാട്ടിന്നുമയ്ക്കാ ജവജിതപവനാൻ
പ്രേഷയാമാസ ദൂതാൻ. ൪൯

വിദൎഭക്ഷ്മാപാലരത്നം=ശ്രേഷ്ഠനായ വിദൎഭരാജാവു്. കല്യാത്മാ=കല്യം (നിപുണം) ആയ മനസ്സോടുകൂടിയവൻ. പൃത്ഥ്വീരമണപരിവൃഢാൻ=രാജശ്രേഷ്ഠന്മാരെ. പ്രൌഢം=പ്രൌഢിയോടുകൂടി (ക്രി. വി.). ആനേതും=വരുത്തുവാൻ. ആരാൽ ദൂരത്തെയ്ക്കു്. ഉല്ലാ

* "പൃത്ഥ്വീതിലകപരിവൃഢപ്രൌഢിമാനേതുമാരാൽ" എന്നു പാഠാന്തരം.

സം=ഉന്മേഷം. അമാത്യൈസ്സഹ=മന്ത്രിമാരോടുകൂടി. സദസി=സദസ്സിൽ. നീട്ട്=എഴുത്ത് (ക്ഷണപത്രം). എല്ലാം നാട്ടിന്നും=എല്ലാ നാട്ടിലേയ്ക്കും. ജവജിതപവനാൻ ദൂതാൻ പ്രേഷയാമാസ=ജവം (വേഗം)കൊണ്ടു കാററിനെജ്ജയിച്ച ദൂതന്മാരെ അയച്ചു. ഉദാരമാനസനായ വിദർഭരാജാവു കല്യാണത്തിന്നുള്ള ഏപ്പാടുകൾ ഒരുക്കിയതിനുശേഷം രാജശ്രേഷ്ഠന്മാരെ വരുത്തുവാൻവേണ്ടി മന്ത്രിമാരോടു സഭയിൽവെച്ച് ആലോചിച്ചു നീട്ടും കൊടുത്ത് എല്ലാ നാടുകളിലേയ്ക്കും വേഗവാന്മാരായ ദൂതന്മാരെ അയച്ചു.

ശ്രുത്വാ വൈദർഭകന്യാപരിണയനമഹാ-
ഡംബരം ദൂതവാചാ
സദ്യോ നിർധൂയ കൃത്യാന്തരമഴകൊടു യു-
ദ്ധാദികം ബദ്ധകാമാഃ
ഇത്രൈലോക്യത്തിൽ ഞാൻ ഞാനുചിതവരനിവൾ-
ക്കെന്നു ചിത്തേ കുറിക്കൊ-
ണ്ടുദ്യുക്താ ഗന്തുമുർവ്വീമമിതബലഭരൈ-
ശ്ചാലയന്തോ നരേന്ദ്രാഃ. ൧൬

നരേന്ദ്രാഃ=രാജാക്കന്മാർ. ദൂതവാചാ വൈദർഭകന്യാപരിണയനമഹാഡംബരം ശ്രുത്വാ=ദൂതന്മാരുടെ വാക്കുകൊണ്ടു വിദർഭരാജപുത്രിയുടെ വിവാഹോത്സവഘോഷത്തെ കേട്ടിട്ട്. സദ്യഃ യുദ്ധാദികം കൃത്യാന്തരം നിർധൂയ=പെട്ടന്നനെ യുദ്ധം മുതലായ മററു കൃത്യങ്ങളെ ഉപേക്ഷിച്ച്. ബദ്ധകാമാഃ=ബദ്ധമായ (ദൃഢമായ) കാമത്തോടുകൂടിയവരായി. ഉചിതവരൻ=യോജിച്ച ഭർത്താവ്. ചിത്തേ കുറിക്കൊണ്ട്=മനസ്സിലുറച്ച്. അമിതബലഭരൈഃ ഉർവ്വീം ചാലയന്തഃ=അനല്പങ്ങളായ സൈന്യങ്ങളുടെ ഭാരങ്ങളാൽ ഭൂമിയെ ഇളക്കിക്കൊണ്ട്. ഗന്തും ഉദ്യുക്താഃ=പോകുവാൻ ഒരുങ്ങി. നാനാനാടുകളിലുമുള്ള രാജാക്കന്മാർ വിദർഭരാജപുത്രിയുടെ വിവാഹോത്സവത്തെ ദൂതന്മാരുടെ വാക്കുകൊണ്ടു കേട്ടറിഞ്ഞു, യുദ്ധം

തലായ കാൎയ്യാന്തരത്തെ ഉടൻ നിറുത്തിവെച്ച്, ദൃഢമായ കാമത്തോടുകൂടി വിദൎഭരാജപുത്രിക്ക ത്രൈലോക്യത്തിങ്കൽ ഞാനാണ് ഞാനാണ് ഞാനാണ് യോജിച്ച വരൻ എന്നു മനസ്സിലുറച്ചു സൈന്യസമൂഹങ്ങളാൽ ഭൂമി കലുക്കിക്കൊണ്ടു പോകുവാനൊരുങ്ങി.

മഹേന തേനോപരതാഹവേഷു
മഹീമഹേന്ദ്രേഷു മുനിൎമഹാത്മാ
സുപൎവ്വലോകം തരസാ പ്രപേദേ.
സപൎവ്വതോ വൈണികസാൎവ്വഭൌമഃ. ൨൭

ഇന്ദ്രാദികളുടെ പുറപ്പാടിന്നു ഹേതുവായി ദേവലോകത്തിൽ നാരദൻ ചെന്നതിനെ പറയുന്നു:—തേന മഹേന=ആ ഉത്സവം ഹേതുവായിട്ട്. മഹീമഹേന്ദ്രേഷു ഉപരതാഹവേഷു സത്സു=രാജശ്രേഷ്ഠന്മാർ യുദ്ധം മതിയാക്കിയവരായിരിക്കും സമയത്തിങ്കൽ. മഹാത്മാ വൈണികസാൎവ്വഭൌമഃ മുനിഃ=മഹാത്മാവും വീണവായനക്കാരിൽവെച്ചു ചക്രവൎത്തിയായിട്ടുള്ളവനുമായ മഹൎഷി (നാരദൻ). സപൎവ്വതഃ=പൎവ്വതൻ എന്ന മുനിയോടുകൂടി. തരസാ സുപൎവ്വലോകം പ്രപേദേ=വേഗത്തിൽ ദേവലോകത്തെ പ്രാപിച്ചു. ദമയന്തിയുടെ വിവാഹമഹോത്സവംകാരണമായി ഭൂമിയിലുള്ള രാജാക്കന്മാർ പരസ്പരമുള്ള യുദ്ധം മതിയാക്കിയിരിക്കുന്ന സമയത്തിങ്കൽ മഹാത്മാവായ നാരദമുനി പൎവ്വതമുനിയോടൊരുമിച്ചു സ്വൎഗ്ഗലോകത്തിലേയ്ക്കു ചെന്നു. കലഹപ്രിയനായ നാരദൻ ഭൂലോകത്തിലെങ്ങും യുദ്ധം കാണ്മാൻ വഴിയില്ലെന്നാകയാൽ സ്വൎഗ്ഗത്തിൽ പോയാൽ വല്ല ഉപായവുമുണ്ടാക്കാമെന്നു കരുതി ദേവലോകത്തേയ്ക്കു പോയെന്നു സാരം. ജ. ത. ജ. എന്ന ഗണങ്ങളും ഒടുവിൽ രണ്ടു ഗുരുക്കളും വരികയാൽ വൃത്തം ഉപേന്ദ്രവജ്ര.

ആകൎണ്ണ്യ നാരദഗിരാ സുരലോകനാഥാ
ഭൈമീസ്വയംവരമഹം മഹിതം ധരായാം

ആലോകിതും കുതുകിനോ യയുരാത്തലീലം
ധർമ്മേന്ദ്രവഹ്നിവരുണാ ധരണീം വിമാനൈഃ. ൭൨

സുരലോകനാഥാഃ=സ്വർഗ്ഗലോകത്തിലെ നായകന്മാരായ. ധർമ്മേന്ദ്രവഹ്നിവരുണാഃ=ധർമ്മരാജാവ്, ഇന്ദ്രൻ, അഗ്നി, വരുണൻ എന്നിവർ. നാരദഗിരാ ധരായാം മഹിതം ഭൈമീസ്വയംവരമഹം ആകർണ്ണ്യ=നാരദന്റെ വാക്കിനാൽ ഭൂമിയിങ്കൽ പൂജിതമായ (മഹിതം=പൂജിതം) ദമയന്തീസ്വയംവരമഹോത്സവത്തെ കേട്ടിട്ട്. ആലോകിതും കുതുകിനഃ=കാണ്മാൻ കൌതുകമുള്ളവരായിട്ട്. ആത്തലീലം=ആത്തമായ (സ്വീകരിക്കപ്പെട്ട) ലീലയോടുകൂടി(ക്രി.വി.) വിമാനൈഃ ധരണീം യയുഃ=വിമാനങ്ങളിലൂടെ ഭൂമിയിലേക്കു പോയി. നാരദന്റെ വാക്കുകൊണ്ടു ഭൂലോകത്തിങ്കൽ മഹത്തായ ദമയന്തീസ്വയംവരമഹോത്സവമുണ്ടെന്നു കേട്ട് അതു കാണ്മാൻ കൌതുകംപൂണ്ട ദേവലോകനായകന്മാരായ യമധർമ്മരാജാവും, ഇന്ദ്രനും, അഗ്നിയും, വരുണനും വിമാനങ്ങളിലൂടെ ഭൂമിയിലേക്കു പോയി.

അഥ നിഷധനരേന്ദ്രം വീക്ഷ്യ തത്രൈവ യാന്തം
പഥി സുരപുരുഹൂതാഃ പ്രാർത്ഥയാമാസുരേവം
ഗുണവതി വൃണു ദേവാനാഗതാൻ മാ മനുഷ്യാ-
നിതി വദ ദമയന്തീമേത്യ ദൌത്യേന രാജൻ. ൭൩

അഥ=അനന്തരം. പഥി=വഴിയിൽവെച്ച്. തത്ര ഏവ യാന്തം നിഷധനരേന്ദ്രം വീക്ഷ്യ=അവിടേക്കുതന്നെ പോകുന്ന നിഷധരാജനെ കണ്ടിട്ട്. സുരപുരുഹൂതാഃ ഏവം പ്രാർത്ഥയാമാസുഃ=ദേവശ്രേഷ്ഠന്മാർ ഇപ്രകാരം പ്രാർത്ഥിച്ചു. ഹേ രാജൻ!=അല്ലയോ രാജാവേ. ത്വം ദൌത്യേന ദമയന്തീം ഏത്യ=അങ്ങു ദൌത്യത്തോടുകൂടി ദമയന്തിയെ പ്രാപിച്ചിട്ട്. ഹേ ഗുണവതി ആഗതാൻ ദേവാൻ വൃണു=അല്ലയോ ഗുണശാലിനി നീ വന്നു ചേർന്നിരിക്കുന്ന ദേവന്മാരെ വരിച്ചാലും. മനുഷ്യാൻ മാ വൃണു=മനുഷ്യരെ വരിക്കരുത്.

തി വദ=എന്നു പറയണം. ആ ദേവശ്രേഷ്ഠന്മാർ വഴിയിൽവെച്ചു ദമയന്തീസ്വയംവരത്തിലേയ്ക്കുതന്നെ പോകുന്ന നളനെ കണ്ടിട്ട് അല്ലയോ രാജാവേ, അങ്ങു ഞങ്ങളുടെ ദൂതസ്ഥാനം വഹിച്ചു ദമയന്തിയുടെ സമീപത്തിൽ ചെന്ന് "ഹേ ഗുണവതി, ഇവിടെ വന്നു ചേർന്ന ദേവന്മാരെ വരിച്ചാലും, മനുഷ്യരെ വരിക്കരുത്." എന്നു പറയണം എന്നപേക്ഷിച്ചു.

വിദ്വാൻ വിപ്രതിഷേധേഥ
സംപ്രാപ്തേ ധർമ്മകാമയോഃ
വിചാര്യ ധാർമ്മികോ രാജാ
പൂർവ്വമംഗീചകാര സഃ. ൮൦

അഥ=അനന്തരം. വിദ്വാൻ ധാർമ്മികഃ സ രാജാ=വിദ്വാനും ധർമ്മശീലനുമായ ആ രാജാവ്. ധർമ്മകാമയോഃ വിപ്രതിഷേധേ സംപ്രാപ്തേ സതി=ധർമ്മം കാമം എന്നിവയ്ക്കു് അന്യോന്യവിരോധം വന്നിരിക്കും സമയത്തിൽ. വിചാര്യ=വിചാരംചെയ്തിട്ട്. പൂർവ്വം അംഗീചകാര=മുമ്പിലത്തേതിനെ (ധർമ്മത്തെ) അംഗീകരിച്ചു. ദേവന്മാരുടെ പ്രാർത്ഥന നിറവേററേണ്ടതു ധർമ്മവും, ദമയന്തിയെ പരിഗ്രഹിക്കേണ്ടതു കാമവുമാണ്. ഇവയിൽ ആദ്യത്തേതിനു പോയാൽ രണ്ടാമത്തേതും, രണ്ടാമത്തേതിനു പോയാൽ ആദ്യത്തേതും ഭഗ്നമാകും. അപ്പോൾ ധർമ്മത്തിനും കാമത്തിനും തമ്മിൽ വിരോധംവരും. ഈ പരസ്പരവിരോധത്തിൽ ഏതിനാണ് ഗൌരവം കൂടുക എന്നു നല്ലവണ്ണം വിചാരിച്ചുനോക്കിയിട്ട് ആദ്യത്തേതായ ധർമ്മത്തെ, അതായതു ദേവകാര്യത്തെ, നളൻ സ്വീകരിച്ചു. വിദ്വാൻ, ധാർമ്മികഃ എന്നീ രാജവിശേഷണങ്ങൾ ധർമ്മത്തെ സ്വീകരിച്ചതിലുള്ള ഔചിത്യത്തെ കാണിക്കുന്നു.

ചരന്നഃ പ്രഭാവേന സുരേശ്വരാണാം
കന്യാഗൃഹം പ്രാപ്യ വിലോക്യ ഭൈമീം
സന്ദേശമാചഷ്ട സുധാശനാനാം
സന്തഃ പ്രകൃത്യാ പരകൃത്യലോലാഃ. ൮൧

• സഃ=ആ നളൻ. സുരേശ്വരാണാം പ്രഭാവേന ഛന്നഃ=ദേവേന്ദ്രന്മാരുടെ വരപ്രഭാവംകൊണ്ടു ഛന്നൻ (മറഞ്ഞവൻ) ആയിട്ടു്. കന്യാഗൃഹം പ്രാപ്യ=കന്യാഗൃഹത്തെ പ്രാപിച്ചു്. ഭൈമീം വിലോക്യ=ദമയന്തിയെ കണ്ടിട്ടു്. സുധാശനാനാം സന്ദേശം ആചഷ്ട=ദേവന്മാരുടെ സന്ദേശത്തെ പറഞ്ഞു. സന്തഃ പ്രകൃത്യാ പരകൃത്യലോലാഃ=സജ്ജനങ്ങൾ പ്രകൃതിയാൽത്തന്നെ പരകൃത്യത്തിങ്കൽ ലോലന്മാർ (തൃഷ്ണയുള്ളവർ) ആകുന്നു. നളൻ ദേവന്മാരുടെ വരപ്രഭാവത്താൽ ദേഹം മറഞ്ഞവനായിട്ടു കന്യകാഗൃഹത്തിൽ ചെന്നു ദമയന്തിയെക്കണ്ടു ദേവന്മാർ പറഞ്ഞയച്ച സന്ദേശത്തെ വിശദമായി പറഞ്ഞു. സജ്ജനങ്ങൾ സ്വന്തം കാര്യത്തിനു ദോഷം വരുന്നതായാൽക്കൂടിയും പരകാര്യനിർവ്വഹണത്തിൽ പ്രകൃത്യാ തൃഷ്ണയുള്ളവരാണു്. ഉത്തരവാക്യംകൊണ്ടു പൂർവ്വവാക്യാർത്ഥത്തെ സമർത്ഥിച്ചിരിക്കുന്നു.

സാ ചാഹ സാചീകൃതവക്ത്രപദ്മാ
മനോഗതഃ കശ്ചന പാർത്ഥിവോ മേ
വിഹായ തം ഹന്ത വരപ്രസംഗോ
വിഗർഹണീയഃ പതിദേവതാനാം. വൃ-

സാ ച=അവളാകട്ടെ. സാചീകൃതവക്ത്രപദ്മാ=സാചീകൃതമായ (തിരിക്കപ്പെട്ട) മുഖപത്മത്തോടുകൂടിയവളായിട്ടു്. ആഹ=പറഞ്ഞു. കശ്ചന പാർത്ഥിവഃ=ഒരു രാജാവു്. മേ മനോഗതഃ=എന്റെ മനസ്സിനെ പ്രാപിച്ചവനായിട്ടുണ്ടു്. ഹന്ത=കഷ്ടം. തം വിഹായ=ആ രാജാവിനെ വെടിഞ്ഞു്. വരപ്രസംഗഃ=മറ്റൊരു വരന്റെ പ്രസംഗം. പതിദേവതാനാം വിഗർഹണീയഃ=പതിവ്രതമാർക്കു വിശേഷേണ നിന്ദനീയമാകുന്നു. ദേവന്മാരുടെ സന്ദേശം കേട്ടു ദമയന്തി താമരപ്പൂവുപോലുള്ള മുഖം തിരിച്ചു മറുപടി പറഞ്ഞു "ഒരു രാജാവിനെ ഞാൻ മനസ്സുകൊണ്ടു വരണംചെയ്തിട്ടുണ്ടു്. അദ്ദേഹത്തെ ഉപേക്ഷിച്ചു മറ്റൊരു വരനെക്കുറിച്ചുള്ള പ്രസംഗം പ-

തിവ്രതമാക്ക നിന്ദനീയമാകുന്നു." മുഖം തിരിച്ചുള്ള നിന്ദ്യമായ കൎമ്മത്തെക്കുറിച്ചു പറഞ്ഞതു കേട്ടപ്പോളുണ്ടായ വെറുപ്പിന്റെ സൂചകമാകുന്നു.

ഇതി തദ്വചനം നിശമ്യ രാജാ
മുദിതാത്മാ സ ച സന്നിധിം സുരാണാം
പരമാൎത്ഥമുപേത്യ സൎവ്വമൂചേ
പരിതുഷ്ടാശ്ച തിരോദധുഃ സുരേന്ദ്രാഃ. വൃന്ദ-

ഇതി തദ്വചനം നിശമ്യ=ഇപ്രകാരം അവളുടെ വചനത്തെ കേട്ട്. സഃ രാജാ ച=ആ രാജാവും. മുദിതാത്മാ=സന്തുഷ്ടമാനസനായിട്ട്. സുരാണാം സന്നിധിം ഉപേത്യ=ദേവന്മാരുടെ സന്നിധിയെ പ്രാപിച്ച്. പരമാൎത്ഥം സൎവ്വം ഊചേ=സത്യമായുണ്ടായതെല്ലാം പറഞ്ഞു. സുരേന്ദ്രാഃ ച=ദേവനായകന്മാരും. പരിതുഷ്ടാഃ തിരോദധുഃ=സന്തുഷ്ടന്മാരായിട്ടു മറഞ്ഞു. ദമയന്തിയുടെ വാക്കു കേട്ടു സന്തുഷ്ടമാനസനായ നളൻ ദേവന്മാരുടെ അടുത്തു ചെന്നു സത്യാവസ്ഥയെല്ലാം പറഞ്ഞു. അവർ സന്തോഷിച്ചു മറഞ്ഞുപോകയും ചെയ്തു. ~~ത-ത-ജ ഗണങ്ങളും രണ്ടു ഗുരുക്കളും ചേൎന്ന ഇന്ദ്രവജ്രയും, ജ-ത-ജ ഗണങ്ങളും രണ്ടു ഗുരുക്കളുമുള്ള ഉപേന്ദ്രവജ്രയും പാദങ്ങളിൽ ഇടകലൎന്നു പ്രയോഗിച്ചിരിക്കുമ്പോൾ വൃത്തം ഉപജാതി~~

നത്വാ താനാദിതേയാനഥ നിഷധമഹീ-
പാലരത്നം തദാനീം
ചിത്തേ ചിത്രീയമാണോ മുഹുരപി കലയൻ
നിൎജ്ജരാണാം പരീക്ഷാം
പൃത്ഥ്വീചക്രേ നിറഞ്ഞീടിന പടുപടഹ-
ധ്വാനയാ സേനയാ ചെ-
ന്നുദ്യന്മോദം വിരേജേ വിരവിനൊടു വിദ-
ൎഭാനദഭ്രാനുഭാവാൻ. വൃർ

താൻ ആദിതേയാൻ നത്വാ=ആ ദേവന്മാരെ നമസ്കരിച്ച്. നിര്ജ്ജരാണാം പരീക്ഷാം കലയൻ=ദേവന്മാരുടെ പരീക്ഷയെ വിചാരിച്ചുകൊണ്ട്. മുഹുഃ അപി ചിത്രതര ചിത്രീയമാണഃ=പിന്നെയും പിന്നെയും മനസ്സിൽ ആശ്ചര്യപ്പെട്ടുകൊണ്ട്. പൃത്ഥ്വീചക്രേ നിറഞ്ഞീടിന പടുപടഹധ്വാനയാ സേനയാ=ഭൂമണ്ഡലത്തിൽ നിറഞ്ഞ ഗംഭീരമായ പടഹവാദ്യത്തിന്റെ നാദത്തോടുകൂടിയ സേനയോടൊപ്പം. അഭ്രാന്തമാവാൻ വിദർഭാൻ ചെന്നു=അഭദ്രമായ (അനല്പമായ) അന്നമാവത്തോടുകൂടിയ വിദർഭരാജ്യത്തിൽ ചെന്നു. ഉദ്യന്മോദം വിരേജേ=ഉദിച്ചുയരുന്ന മോദത്തോടുകൂടി ശോഭിച്ചു. സാരം സ്പഷ്ടം.

തേഞ്ഞോരും വാണി നൂനം വരസദസി വരി–
ച്ചീടുമിമ്മാം വൃഥാന്യേ
വാഞ്ഛരാം കൈക്കൊണ്ടു പോകുന്നിതരനൃപതിമാ–
രെന്നു ചിത്തേ ദധാനാഃ
ചാഞ്ചാടിച്ചാത്മസൈന്യൈരവനിമഥിയയു–
സ്താം പുരീമാത്തലീലം
പാഞ്ചാലാനത്തമദ്രേശ്വരമഗധമഹാ–
രാഷ്ട്രമുഖ്യാ മഹീന്ദ്രാഃ. വൃ൭

വരസദസി=വരന്മാരുടെ (വരിക്കപ്പെടേണ്ട രാജാക്കന്മാരുടെ) സഭയിൽ. ഇമ്മാം=ഈ എന്നെ. അന്യേ വൃഥാ=മററുള്ളവർ വെറുതെയാണ്. വാഞ്ഛരാം കൈക്കൊണ്ടു=ആഗ്രഹം കൈക്കൊണ്ട്. പോകുന്നു+ഇതരനൃപതിമാർ. ഇതരനൃപതിമാർ=അന്യരാജാക്കന്മാർ. ചിത്തേ ദധാനാഃ=മനസ്സിൽ വെച്ചുകൊണ്ട്. ആത്മസൈന്യൈഃ=തങ്ങളുടെ സൈന്യങ്ങളെക്കൊണ്ട്. അവനിം ചാഞ്ചാടിച്ച്=ഭൂമിയെ കലുക്കി. താം പുരീം അഭിയയുഃ=ആ പുരിയിലേക്കു പോയി. പാഞ്ചാലാനത്തമദ്രേശ്വരമഗധമഹാരാഷ്ട്രമുഖ്യാഃ മഹീന്ദ്രാഃ=പാഞ്ചാലരാജാവ്, ആനർത്തരാജാവ്, മദ്രരാജാവ്, മഗധ

രാജാവു്, മഹാരാഷ്ട്രരാജാവു തുടങ്ങിയ രാജാക്കന്മാർ. "സുന്ദരിയായ ദമയന്തി വരസദസ്സിൽവെച്ച് എന്നെത്തന്നെ വരിക്കും, നിശ്ചയം. മററുള്ളവർ വെറുതെയാണ്. അന്യരാജാക്കന്മാർ കൊതി വിചാരിച്ചുപോകയാണ്" എന്നിങ്ങനെ കരുതിക്കൊണ്ടു്, തങ്ങളുടെ പടകളാൽ ഭൂമി കലുക്കി ലീലാവിലാസത്തോടുകൂടി പാഞ്ചാലാദികളായ രാജാക്കന്മാർ വിദർഭരാജധാനിയിലേക്കു പോയി.

ഉന്നിദ്രപ്രൌഢി മിന്നിപ്പരിചകളുമണി–
ഞ്ഞീടുമാകല്പജാലൈ–
ർമ്മിന്നീടും ചാരുനാനാവിധമണികിരണ–
ശ്രേണിയും പാടുപാടേ
ധന്യം കൌസുംഭരാഗം തടവിന തലയി–
ക്കെട്ടുമോരോ ഭടാനാ–
മൊന്നൊത്തന്തിച്ചുവപ്പോടനവധി ശുശുഭേ
സൈന്യവൃന്ദം നൃപാണാം. വൃന്ദ

ഉന്നിദ്രപ്രൌഢി=ഉന്നിദ്രമായ (ഉല്ലസിച്ച) പ്രൌഢി. ആകല്പജാലൈഃ=വേഷഭേദങ്ങളെക്കൊണ്ടു്. ചാരുനാനാവിധമണികിരണശ്രേണി=മനോഹരങ്ങളായ പലതരം മണികളുടെ രശ്മിസമൂഹം. പാടുപാടേ=അതിധാരാളമായി. ധന്യം=ശ്രേഷ്ഠം. കൌസുംഭരാഗം=കയുമ്പിന്റെ ചായം. ഭടാനാം=പടയാളികളുടെ. അനവധി ശുശുഭേ=അവധിയില്ലാതെ ശോഭിച്ചു. നൃപാണാം സൈന്യവൃന്ദം=രാജാക്കന്മാരുടെ സേനാസമൂഹം. പടയാളികളുടെ വലിയ പ്രൌഢികലൻ പരിചകരം ധരിച്ചുകൊണ്ടുള്ള വേഷങ്ങളും, നാനാപ്രകാരത്തിലുള്ള രത്നസമൂഹങ്ങളുടെ കിരണങ്ങളും, ഉയൎന്നതരം ചായം കലൎന്ന തലയിൽക്കെട്ടും എല്ലാം അന്തിച്ചുവപ്പോടൊത്തുചേൎന്ന രാജാക്കന്മാരുടെ സൈന്യസമൂഹങ്ങരം ഏററവുമധികം ശോഭിച്ചു.

കടകം തഴകളോരോന്നൊക്കെ നീളെപ്പിടിപ്പി-
ച്ചിടയിലിടയിൽ വീയിപ്പിച്ചു വെഞ്ചാമരൌഘം
ഉടനുടനുപയാതാസ്താം പുരീം രാജസിംഹാഃ
പടുപടഹനിനാദൈഃ പൂരയന്തോ ദിഗന്താൻ. വൃ

വെഞ്ചാമരൌഘം=വെഞ്ചാമരങ്ങളുടെ കൂട്ടം. ഉപയാതാഃ=യാനംചെയ്തു. താം പുരീം=ആ പുരിയിലേയ്ക്കു് രാജസിംഹാഃ=രാജശ്രേഷ്ഠന്മാർ. പടുപടഹനിനാദൈഃ ദിഗന്താൻ പൂരയന്തഃ=മുഴങ്ങുന്ന പടഹവാദ്യങ്ങളുടെ ധ്വനികളാൽ ദിക്കുകളെ നിറച്ചുകൊണ്ടു്. രാജശ്രേഷ്ഠന്മാർ കടകളും തഴകളും പിടിപ്പിച്ചു് ഇടയ്ക്കിടയ്ക്കു വെഞ്ചാമരങ്ങളും വീയിച്ചു പടഹധ്വനികളാൽ ദിഗന്തരാളങ്ങളെ മുഴക്കിക്കൊണ്ടു് ആ വിദർഭരാജധാനിയിലേയ്ക്കു തെരുതെരെ യാത്ര ചെയ്തു.

ഓരോ ദിക്കീന്നു വന്നീടിന നൃപനിവഹാൻ
ഭീമനാമോദമുൾക്കൊ-
ണ്ടാരാദഭ്യേത്യ മാനിച്ചവരവരെ നിയോ-
ഗിച്ചിതോരോ നികേതേ
ഓരോ കൃത്യാന്തരംകൊണ്ടുഴറി വിവശതാം
പൂണ്ടു താനെ നടന്നാ-
നോരോരോ ദിക്കുതോറും പരിജനധൃതദീ-
പാവലീദർശിതാധ്വാ. വൃവ്വ

ഓരോ ദിക്കിന്നു=ഓരോ ദിക്കിൽനിന്നു്. നൃപനിവഹാൻ=രാജസമൂഹങ്ങളെ. ആരാൽ അഭ്യേത്യ=അടുത്തു ചെന്നെതിരേററു്. മാനിച്ചു്=ബഹുമാനിച്ചു്. നിയോഗിച്ചിതു=കല്പിച്ചു. ഓരോ നികേതേ=ഓരോ ഗൃഹത്തിൽ. വിവശതാം പൂണ്ടു=വൈവശ്യം കലന്നു. പരിജനധൃതദീപാവലീദർശിതാധ്വാ=പരിജനങ്ങളാൽ ധരിക്കപ്പെട്ട ദീപസമൂഹങ്ങളെക്കൊണ്ടു വഴി കാണിക്കപ്പെട്ടവനായി

ട്ട്. ഭീമരാജാവ്, ഓരോ ദിക്കിൽനിന്നു വന്ന രാജാക്കന്മാരെ സ സന്തോഷം എതിരേററ ബഹുമാനിച്ച് ഓരോ ഗൃഹങ്ങളിൽ താമ സിക്കാനേല്പിച്ചു. കൃത്യാന്തരങ്ങളെക്കൊണ്ടു വൈവശ്യം കലൎന്ന്, പരിജനങ്ങളാൽ വിളക്കുകളുമേന്തി വഴി കാണിക്കപ്പെട്ടവനായിട്ട് ഓരോരോ സ്ഥലങ്ങളിൽ നടക്കുകയും ചെയ്തു.

ചുട്ടററീടുന്ന രംഗേ മണിമയഭവന-
ന്തോറുമോരോ സഭായാം
പുഷ്ടാനന്ദം കൊളുത്തിപ്പരിചിനൊടെരിയും
ദീപജാലം വിരേജേ
പെട്ടെന്നാഭ്യേത്യ രാവും പകലുമപഭയം
തമ്മിൽ മുട്ടും ദശായാം
പൊട്ടിച്ചീടുന്ന സന്ധ്യാകണമഴകിലൊരോ-
രോന്നു കാണുന്നപോലെ. വൃൻ

ചുട്ടററീടുന്ന=കേടൊന്നുമില്ലാത്ത. രംഗേ=രംഗത്തിൽ. മണി മയഭവനന്തോറും=രത്നമയമായ ഗൃഹംതോറും. ഓരോ സഭായാം= ഓരോ സഭയിലും (സഭ=അധികം ജനങ്ങൾ കൂടിയ സ്ഥലം). പു ഷ്ടാനന്ദം=വളൎന്ന ആനന്ദത്തോടുകൂടി (ക്രി. വി.). എരിയും=കത്തു ന്ന. ദീപജാലം=ദീപസമൂഹം. വിരേജേ=ശോഭിച്ചു. അഭ്യേത്യ= നേക്കുനേരെ ചെന്നിട്ട്. അപഭയം=ഭയംകൂടാതെ (ക്രി. വി). സ ന്ധ്യാകണം=സന്ധ്യയുടെ ശകലം. ആളുകൾ കൂടുന്ന സ്ഥലങ്ങളി ലെല്ലാം രത്നമയമായ ഭവനങ്ങളുടെ മുമ്പിൽ കൊളുത്തിവെച്ച്, ഭംഗിയായി കത്തുന്ന അനേകം വിളക്കുകൾ ശോഭിച്ചു. അവ ക ണ്ടാൽ രാവും പകലും നേക്കുനേരെ വന്നു തമ്മിൽ കൂട്ടിമുട്ടമ്പോൾ അവയുടെ നടുവിൽപ്പെട്ടു തകൎന്നുപോയ സന്ധ്യയുടെ ശകലങ്ങ ളാണോ എന്നു തോന്നും. വിളക്കുകൾക്കു ശോഭാതിശയംകൊണ്ടു സന്ധ്യയോടു സാമ്യമുണ്ടെന്നു കാണ്ക.. അലങ്കാരം ഉൽപ്രേക്ഷ.

എത്തേണമെന്നുമെതിരേ പുനരെങ്കിലെന്തി-
ന്നത്താഴമൂണു പഴുതേ കളയുന്നതും നാം
ഇത്ഥം നിനച്ചവശമോടിയടുക്കുമോരോ
പൃത്ഥ്വീസുരൌഘനിബിഡം പുരമാബഭാസേ.

എതിരേ=കാലത്തു്. പഴുതേ=വെറുതേ. അവശം=വിവശതയോടുകൂടി (ക്രി. വി.). ഓരോ പൃത്ഥ്വീസുരൌഘനിബിഡം=ഓരോ ബ്രാഹ്മണസമൂഹത്തെക്കൊണ്ടു് ഇടതിങ്ങിയതായിട്ടു്. പുരം=രാജധാനി. ആബഭാസേ=ഏററവും ശോഭിച്ചു. സ്വയംവരത്തിന്നു രാജധാനിയിൽ കാലത്തുതന്നെ എത്തേണമെങ്കിൽ എന്തിനാണു് നാം വെറുതേ അത്താഴം ഊൺ്വമാക്കുന്നതു്? ഇങ്ങനെ വിചാരിച്ചു പരിഭ്രമിച്ചു് ഓടിയടുക്കുന്ന ബ്രാഹ്മണസമൂഹങ്ങളാൽ ഇടതിങ്ങിയതായിട്ടു വിദർഭരാജധാനി ഏററവും ശോഭിച്ചു.

നാളെക്കുഴപ്പമശനം നിയതം ധരിച്ചേൻ
കാലത്തുപോലിതു കരഗ്രഹണേ മുഹൂർത്തം
മേളത്തിലൂണു പുനരിന്നു കഴിക്കവേണം
ചാലപ്പറഞ്ഞിതി ചചാല കുലം ദ്വിജാനാം. ൯൭

കുഴപ്പമശനം=ഊണു ബഹളമാകും. നിയതം=നിശ്ചയം. കരഗ്രഹണേ=പാണിഗ്രഹണത്തിൽ. മുഹൂർത്തം=നല്ല സമയം. മേളത്തിൽ=മംഗിയിൽ. ചാലെ=വഴിപോലെ. ദ്വിജാനാം കുലം ചചാല=ബ്രാഹ്മണരുടെ കൂട്ടം സഞ്ചരിച്ചു. "നാളത്തെ ഊണു ബഹളമായിരിക്കും. കാലത്താണത്രേ പാണിഗ്രഹണമുഹൂർത്തം. ഊണ് ഇന്നു മംഗിയായി കഴിക്കണം." ഇങ്ങനെ പറഞ്ഞുകൊണ്ടു ബ്രാഹ്മണരുടെ കൂട്ടം നടന്നു.

ശാകംഭരീരമണമൌലിനികേതനേന
ശാതോദരീവദനപങ്കജബാന്ധവേന
ശ്യാമാവധൂഹൃദയപല്ലവവല്ലഭേന
ശീതാംശുനാഥ ശതമന്യുദിശാ ചകാശേ. ൯൮

ചന്ദ്രോദയവൎണ്ണനം:—അഥ=അനന്തരം. ശാകംഭരിരമണമൌലിനികേതനേന=ശാകംഭരീരമണന്റെ (പാൎവ്വതീകാന്തന്റെ) ശിരസ്സാകുന്ന നികേതനത്തോടു (വാസസ്ഥാനത്തോടു) കൂടിയവനായും. ശാതോദരീവദനപങ്കജബാന്ധവേന=ശാതോദരിമാരുടെ (സുന്ദരിമാരുടെ) മുഖങ്ങളാകുന്ന താമരപ്പൂക്കൾക്കു ബാന്ധവനായും. ശ്യാമാവധൂഹൃദയപല്ലവവല്ലഭേന=ശ്യാമ (രാത്രി) ആകുന്ന വധുവിന്റെ ഹൃദയപല്ലവത്തിന്നു (തളിരുപോലുള്ള ഹൃദയത്തിന്നു) പ്രിയനായുമിരിക്കുന്ന. ശീതാംശുനാ=ചന്ദ്രനെക്കൊണ്ടു്. ശതമന്യുദിശാ=ഇന്ദ്രന്റെ ദിക്കു് (കിഴക്കേദിക്കു്). ചകാശേ=പ്രകാശിച്ചു. അനന്തരം പരമശിവന്റെ മൌലിയിലിരിക്കുന്നവനും, സുന്ദരിമാരുടെ മുഖകമലങ്ങൾക്കു ബന്ധുവായവനും, രാത്രിയാകുന്ന വധുവിന്റെ പ്രാണപ്രിയനുമായിരിക്കുന്ന ചന്ദ്രനെക്കൊണ്ടു കിഴക്കേദിക്കു പ്രകാശിച്ചു. ശാകംഭരി എന്നതു ഭഗവതിയുടെ ഒരവതാരവിശേഷമാകുന്നു. പണ്ടൊരിക്കൽ ദീൎഘകാലം നിലനിന്ന അനാവൃഷ്ടിനിമിത്തം ലോകം സങ്കടപ്പെട്ടപ്പോൾ മഹൎഷിമാർ പ്രാൎത്ഥിക്കയാൽ ഭഗവതി തന്റെ ദേഹത്തിൽനിന്നുത്ഭവിച്ച ശാകംകൊണ്ടു ജനങ്ങളെ ഭരിച്ചുവെന്നും, അതുകാരണം ഭഗവതിക്കു ശാകംഭരീ എന്നു പേരുണ്ടായെന്നും ദേവീമാഹാത്മ്യത്തിൽ പറഞ്ഞിട്ടുണ്ടു്.

നീലോല്പലച്ഛവി കലൎന്ന നിലങ്ങൾതോറും
നിളപ്പരന്നു ശുശുഭേ ശശിപാദജാലം
മേളം തുടൎന്നു യമുനാനദിയോടു മന്മാ
മേളിച്ച ജഹ്നുതനയാജലമെന്നപോലെ. ൻ൩

നീലോല്പലച്ഛവി=നീലോല്പലപുഷ്പത്തിന്റെ നിറം. ശുശുഭേ=ശോഭിച്ചു. ശശിപാദജാലം=ചന്ദ്രപാദങ്ങളുടെ (ചന്ദ്രരശ്മികളുടെ) സമൂഹം. യമുനാനദിയോടു=കാളിന്ദീനദിയോടു. മേളിച്ചു=കൂടിച്ചേൎന്ന. ജഹ്നുതനയാജലം=ഗംഗാനദിയിലെ വെള്ളം. മന്മാ എന്നതു ഹൎഷാത്ഭുതങ്ങളെ ദ്യോതിപ്പിക്കുന്ന ഒരു നിപാതമത്രേ.

നീലോല്പലപുഷ്പത്തിന്റെ നിറമുള്ള നിർമ്മലങ്ങളായ നിലങ്ങളിലെല്ലാം ചന്ദ്രകിരണങ്ങൾ പരന്നു്, യമുനാനദിയോടു ചേന്ന ഗംഗാജലംപോലെ ശോഭിച്ചു. ചന്ദ്രരശ്മിയുടെ ധാവള്യവും, നിലത്തിന്റെ നീലിമയും കൂടിച്ചേന്നപ്പോൾ ധവളമായ ഗംഗാജലവും കൃഷ്ണവർണ്ണമായ യമുനാജലവും കലന്നാലെന്നപോലെ പ്രകാശിച്ചു എന്നു സാരം. അലങ്കാരം ഉപമ.

അംഭോജശത്രുമവലോക്യ മനം നൃപാണാം
ഗംഭീരമപ്യതിതരാമിളകിത്തുടങ്ങീ
വമ്പേറെയുള്ള തിരമാലകൾ തിങ്ങി മേന്മേ-
ലംഭോധി നാലുമൊരുമിച്ചിളകുന്നപോലെ. ൯൮

അംഭോജശത്രും=താമരപ്പൂവിന്റെ ശത്രുവിനെ (ചന്ദ്രനെ). അവലോക്യ=കണ്ടിട്ടു്. നൃപാണാം മനം=രാജാക്കന്മാരുടെ മനസ്സ്. ഗംഭീരം അപി=ഗാംഭീര്യമുള്ളതാണെങ്കിലും. അതിതരാം=ഏററവും. അംഭോധി നാലും=നാലു സമുദ്രങ്ങളും. രാജാക്കന്മാരുടെ മനസ്സു ഗാംഭീര്യമുള്ളതാണെന്നിരിക്കിലും, ചന്ദ്രനെക്കണ്ടപ്പോൾ ഏററവും ഇളകിത്തുടങ്ങി. ചന്ദ്രദർശനത്തിൽ തിരമാലകൾ പൊങ്ങിത്തിങ്ങി നാലു സമുദ്രങ്ങളും ഇളകുന്നതുപോലെ. രാജാക്കന്മാരുടെ മനസ്സു സമുദ്രംപോലെ ഗംഭീരമാണു്. ചന്ദ്രനെക്കണ്ടാൽ സമുദ്രം വേലിയേററമുണ്ടായി ഇളകുന്നതുപോലെ കാമുകന്മാരായ രാജാക്കന്മാരുടെ മനസ്സു ചന്ദ്രദശനത്തിൽ ഉദ്ദീപ്തമായിച്ചമഞ്ഞു ചഞ്ചലമായി ഭവിച്ചുവെന്നു സാരം.

ഇന്നത്തേടം പൊറുത്തീടുകിലിവിടെ ജയി-
ച്ചീടിനേൻ നാളെയെല്ലാ-
മെന്നെക്കാണും ദശായാമധിഗളമരുളും
മാല നൂനം കുമാരി

പിന്നത്തെക്കോപ്പു വേറേ ഇതി വിവിധമനോ-
രാജ്യഭേദാകുലാനാം
കണ്ണിൽത്തന്നേ പുലർന്നു യുഗശതസദൃശീ
രാത്രി ധാത്രീപതീനാം. ൻ൫

ഇന്നത്തെടം പൊറുത്തീടുകിൽ=ഇന്നത്തെ ദിവസം പൊറുത്തിരുന്നാൽ. ജയിച്ചീടിനേൻ=ഞാൻ ജയിച്ചു. നാളെയെല്ലാം=നാളെയായാൽ. അധിഗളം=കഴുത്തിൽ (അവ്യയീഭാവം). മാലയരുളും=മാല നല്കും നൂനം=നിശ്ചയം. കുമാരീ=കന്യക. പിന്നത്തെക്കോപ്പു വേറെ=പിന്നെത്തെ മട്ടു മറെറാരുവിധമാകും. ഇതി=ഇപ്രകാരം. വിവിധമനോരാജ്യഭേദാകുലാനാം ധാത്രീപതീനാം=പല പ്രകാരമുള്ള മനോരാജ്യഭേദങ്ങളെക്കൊണ്ടു ചഞ്ചലന്മാരായ രാജാക്കന്മാൎക്ക് യുഗശതസദൃശീ രാത്രി=നൂറു യുഗങ്ങളോടു തുല്യമായ രാത്രി. കണ്ണിൽത്തന്നേ പുലൻ=കണ്ണു മിഴിച്ചുകൊണ്ടിരിക്കെത്തന്നെ പുലൎന്നു. ഭൈമീകാമുകന്മാരായ രാജാക്കന്മാൎക്കു സ്വയംവരത്തിന്റെ തലേദിവസം രാത്രിയിൽ ഉറക്കം വന്നതേയില്ല. അവർ പല വിധത്തിലുള്ള മനോരാജ്യങ്ങളെക്കൊണ്ടു പരവശന്മാരായി. ഇങ്ങനെ പോയി അവരുടെ മനോരാജ്യം:—"ഹാവു, ഇന്നത്തെ ഒരു ദിവസം ഇവിടെ പൊറുത്താൽ ഞാൻ ജയിച്ചു. നാളെ സ്വയംവരസഭയിൽ എന്നെ കാണുമ്പോഠം കന്യക തീൎച്ചയായും എന്റെ കഴുത്തിൽ മാലയിടും. പിന്നത്തെ മട്ട് ഒന്നു വേറെ." ഈവക മനോരാജ്യങ്ങളാൽ ആ രാത്രി രാജാക്കന്മാൎക്കു നൂറു യുഗങ്ങളെന്നപോലെ ദീൎഘമായിപ്പോയി. ഉറക്കം കൂടാതെതന്നെ നേരം പുലൎന്നു. 'രാത്രി കണ്ണിൽത്തന്നെ പുലൎന്നു' എന്നതു മലയാളത്തിലെ ഒരു ശൈലിയാണ്. ഈ ശൈലി സംസ്കൃതത്തിലും ഉണ്ടു്. ശാകുന്തളത്തിലെ മാഢവ്യന്റെ വിചാരത്തിൽ 'അക്ഷ്ണ്വേവ പ്രഭാതം' എന്ന പ്രയോഗം നോക്കുക.

രാവേ കളിച്ചു കുറിയിട്ടുഴറിക്കഴിച്ചു
തേവാരവും തദനു ഭോജനവും വിശേഷാൽ
ആവോളമംഗജനെ നേൎന്നധിരംഗവാടം
പോവാൻ തുനിഞ്ഞഭിചചാല കുലം നൃപാണാം

രാജാക്കന്മാർ സ്വയംവരരംഗത്തിലേയ്ക്കു പോകുന്നു:—രാവേ=രാത്രിയിൽത്തന്നെ, നേരം പുലരുന്നതിന്നുമുമ്പ്. ഉഴറി=ബദ്ധപ്പെട്ടു്. അംഗജനെ=കാമനെ. അധിരംഗവാടം=രംഗപ്രദേശത്തിൽ (അവ്യയീഭാവം). അഭിചചാല=നടന്നു. പുലരുന്നതിന്നുമുമ്പുതന്നെ കുളികുറിതേവാരങ്ങളും ഊണും കഴിച്ചു രാജാക്കന്മാർ സ്വയംവരരംഗത്തിലേയ്ക്കു പുറപ്പെട്ടു.

തഞ്ചത്തിൽ ഭംഗി ഭാവിച്ചുദിതരുചി നട-
ക്കുന്ന നേരത്തിളക്കം
തഞ്ചീടും ചാരുകാഞ്ചീവലയഗണരണൽ-
ക്കാരവാചാലിതാശാഃ
അഞ്ചാതെ ചെന്നമാത്യൈസ്സഹ വടിവൊടലം-
ചക്രുരാത്താഭിമാനം
മഞ്ചാഗ്രേ വെച്ച മത്തദ്വിരദരിപുമഹാ-
വിഷ്ടരാൻ പുഷ്ടശോഭാൻ. ൻ്റെ

ഭംഗി ഭാവിച്ച്=ഭംഗി നടിച്ച്. ഉദിതരുചി=ഉയൎന്ന ശോഭയോടുകൂടി (ക്രി. വി). ചാരുകാഞ്ചീവലയഗണരണൽക്കാരവാചാലിതാശാഃ=മനോഹരങ്ങളായ കാഞ്ചികളുടേയും വളകളുടേയും നിരകളിൽനിന്നു പുറപ്പെടുന്ന രണരണധ്വനികൊണ്ടു ദിക്കുകളെ വാചാലങ്ങളാം (ശബ്ദായമാനങ്ങളാം) ആക്കിക്കൊണ്ടു്. അമാത്യൈഃ സഹ=മന്ത്രിമാരോടുകൂടി. അലംചക്രുഃ=അലങ്കരിച്ചു. ആത്താഭിമാനം=അഭിമാനത്തെ വഹിച്ചുകൊണ്ടു് (ക്രി. വി). മഞ്ചാഗ്രേ=മഞ്ചങ്ങളുടെ മുകളിൽ. വെച്ച=വിന്യസിക്കപ്പെട്ട. മത്തദ്വി

രദരിപുമഹാവിഷ്ടരാൻ=മദിച്ച ദ്വിരദങ്ങളുടെ (ഗജങ്ങളുടെ) രിപുക്കൾ (അതായതു സിംഹങ്ങൾ) ആകുന്ന മഹാസനങ്ങളെ (സിംഹാസനങ്ങളെ). പുഷ്ടശോഭാൻ=വദ്ധിച്ച ശോഭയോടുകൂടിയ (സിംഹാസനവിശേഷണം). രാജാക്കന്മാർ മന്ത്രിമാരോടുകൂടിച്ചെന്നു മഞ്ചാഗ്രത്തിങ്കലുള്ള കാന്തിയേന്തിയ സിംഹാസനങ്ങളെ അലങ്കരിച്ചു. പൂർവ്വാദ്ധം രാജാക്കന്മാരുടെ വിശേഷണം. അവർ ഭംഗി നടിച്ചു നടക്കുമ്പോൾ ഇളകിയ കാഞ്ചികളുടേയും വളകളുടേയും കിലുക്കംകൊണ്ടു ദിക്കുകളെ മുഖരങ്ങളാക്കിത്തീർത്തു.

കർപ്പൂരവത്തികളുമിട്ടു നിരക്കവെച്ചും
നൽപ്പൊൻവിളക്കിരുപുറത്തുമൊരോ നൃപാണാം
ഉൽപന്നകാന്തി ശുശുഭേ ഭുജവൈഭവശ്രീ
മുൽപ്പാടു നിന്നു നിതരാമെരിയുന്നപോലെ. ൯൨

കപ്പൂരവത്തികൾ=കപ്പൂരത്തിരികൾ. ഓരോ നൃപാണാം=ഓരോ രാജാക്കന്മാരുടെ. ഉൽപന്നകാന്തി=വദ്ധിച്ചുണ്ടായ കാന്തിയോടുകൂടിയതായിട്ട്. ഭുജവൈഭവശ്രീ=ഭുജങ്ങളുടെ വൈഭവം ആകുന്ന ശ്രീ. നിതരാം=ഏററവും മഞ്ചസ്ഥന്മാരായ രാജാക്കന്മാരോരോരുത്തരുടേയും ഇരുപുറങ്ങളിൽ പൊൻവിളക്കുകൾ കപ്പൂരത്തിരിയിട്ടു കത്തിച്ചുവെച്ചിരുന്നു. അവ അവരുടെ ഇരുകൈകളുടേയും ശക്തിയാകുന്ന ലക്ഷ്മിതന്നെ എരിയുകയാണോ എന്നു തോന്നുമാറ് അതികാന്തിയോടുകൂടി ശോഭിച്ചു. ഉൽപ്രേക്ഷ അലങ്കാരം.

തദനു നിഷധനാഥോ നിമ്മലശ്രീ കളിക്കും
മധുരവദനബിംബോ മഞ്ചമേകം ജഗാഹേ
അധികകതുകദായി പശ്യതാം വിശ്വഭാജാ-
മുദയശിഖരിശൃംഗം ചന്ദ്രമാവെന്നപോലെ. ൯൩

നളന്റെ മഞ്ചപ്രവേശം:—തദനു=അനന്തരം. നിഷധനാഥഃ=നളൻ. നിമ്മലശ്രീ കളിക്കും മധുരവദനബിംബഃ=നിമ്മലമായ കാന്തി കളിയാടുന്ന മനോഹരമായ മുഖബിംബത്തോടുകൂടിയ

യവൻ. മഞ്ചമേകം ജഗാഹേ=ഒരു മഞ്ചത്തെ പ്രാപിച്ചു. പശ്യതാം വിശാമാജാം അധികകുതുകദായീ=കാണുന്ന വിശ്വവാസികൾക്ക് അധികമായ കൌതുകം ദാനംചെയ്യുന്നവനായിട്ട്. ഉദയശിഖരിശൃംഗം=ഉദയപർവ്വതത്തിന്റെ കൊടുമുടി. ചന്ദ്രമാവ്=ചന്ദ്രൻ. തെളിഞ്ഞ കാന്തി കളിയാടുന്ന മനോഹരമുഖത്തോടുകൂടിയ നളൻ, ഉദയപർവ്വതശിഖരത്തെ ചന്ദ്രനെന്നപോലെ, കാണികളായ ജനങ്ങൾക്ക കൌതുകാതിശയമുളവാക്കിക്കൊണ്ട് ഒരു മഞ്ചത്തിൽ ഇരുന്നു. 'അധികകുതുകദായീ' എന്ന വിശേഷണം നളനിലും ചന്ദ്രനിലും സമാനം. 'ചന്ദ്രമസ്സ്' എന്ന സകാരാന്തശബ്ദത്തെ 'ചന്ദ്രമാവ്' എന്നു പ്രയോഗിച്ചിരിക്കുന്നു. 'ഉർവ്വസസ്സി'നെ 'ഉർവ്വാസാവെ'ന്നു പറയുന്നതുപോലെ. അലങ്കാരം ഉപമ.

അമ്ലാനഭാസാമവനീപതീനാം
രമ്യേ സമൂഹേ സ രരാജ രാജാ
ചെമ്മേറുമോരോ മണിമണ്ഡലീനാം
ഷാണ്മാസികം മൌക്തികമെന്നപോലെ. ൧൦൦

അമ്ലാനഭാസാം=വാട്ടമില്ലാത്ത ശോഭയോടുകൂടിയ. അവനീപതീനാം=രാജാക്കന്മാരുടെ. രമ്യേ സമൂഹേ=രമണീയമായ സമൂഹത്തിൽ. സഃ രാജാ രരാജ=ആ രാജാവു ശോഭിച്ചു. ചെമ്മേറുമോരോ മണിമണ്ഡലീനാം=ഭംഗിയേറിയ ഓരോ രത്നസമൂഹങ്ങളിൽവെച്ച്. ഷാണ്മാസികം മൌക്തികം=ആറു മാസംകൊണ്ടു വിളഞ്ഞ മുത്തുമണി. ആ രാജാക്കന്മാരുടെ കൂട്ടത്തിൽ രത്നസമൂഹത്തിൽ മുത്തുമണിയെന്നപോലെ നളൻ സവിശേഷം ശോഭിച്ചു. മുത്തിന്നു മൂപ്പെത്തുവാൻ ആറുമാസമാണത്രേ കാലം.

ഊഢാനുഭാവമവലോക്യ നളം തദാനീ-
മൂടേ തുടന്നിതൊരു പാടവനീപതീനാം
ആടോപവും ബത വെടിഞ്ഞുടനേ ചമഞ്ഞു
പാടേ കനം പകൽവിളക്കുകളെന്നപോലെ. ൧൦൧

ഊഢാനനമാവം നളം അവലോക്യ=അനനമാവത്തെ (തേജോവിശേഷത്തെ) വഹിച്ച നളനെ കണ്ടിട്ട്. ഊഢേ=ദീൎഘമായിട്ട്. ഒരു പാട്=ഒരു കഷ്ടപ്പാട്, പാരവശ്യം. ആടോപം=അഹങ്കാരം. പാടേ=നിശ്ശേഷമായി. 'ആടോപവും പാടേ വെടിഞ്ഞു" എന്നു പദയോജന. കനം=കനത്ത. അസാധാരണമായ തേജോവിശേഷത്തോടുകൂടിയ നളനെ കണ്ടിട്ടു രാജാക്കന്മാരുടെ മനസ്സിൽ വലിയ കഷ്ടപ്പാടുണ്ടായി. അവർ മുമ്പുണ്ടായിരുന്ന അഹങ്കാരമെല്ലാം തീരെ വെടിഞ്ഞു പകൽ കൊളുത്തിവെച്ച വിളക്കുകളെന്നപോലെ കാന്തിമങ്ങിയവരായിച്ചമഞ്ഞു. ഉപമ.

ധൎമ്മാദികാ തദനു ദേവചതുഷ്ടയീ സാ
ധൎമ്മം പരീക്ഷിതുമഥോ നൃപനന്ദനായാഃ
സമ്മോദിനീ നിഷധപുംഗവനോടു സാമ്യം
ചെമ്മേ കലൎന്നലമലംകുരുതേ സ്മ മഞ്ചം. ൧൦൨

യമൻ മുമ്പായ ദേവന്മാർ നാലുപേരും മഞ്ചസ്ഥന്മാരാകുന്നു: ധൎമ്മാദികാ ദേവചതുഷ്ടയീ=ധൎമ്മരാജാവു തുടങ്ങിയ ആ ദേവന്മാർ നാലുപേരും. അഥ=അനന്തരം. നൃപനന്ദനായാഃ ധൎമ്മം പരീക്ഷിതും=രാജപുത്രിയുടെ ധൎമ്മത്തെ പരീക്ഷിപ്പാനായിക്കൊണ്ട്. സമ്മോദിനീ=സമ്മോദം (സന്തോഷം) ഉള്ളവരായിട്ട്. (ദേവചതുഷ്ടയീവിശേഷണം) നിഷധപുംഗവനോടു സാമ്യം ചെമ്മേ കലൎന്ന്=നളനോടു വഴിപോലെ സാമ്യം കലൎന്ന്. മഞ്ചം അലം അലങ്കുരുതേ സ്മ=മഞ്ചത്തെ ഏററവും അലങ്കരിച്ചു. ധൎമ്മരാജാവു തുടങ്ങിയ ആ ദേവന്മാർ നാലുപേരും ദമയന്തിയുടെ ധൎമ്മത്തെ പരീക്ഷിപ്പാൻവേണ്ടി നളൻെറ രൂപം ധരിച്ചുകൊണ്ടു നളനോടൊപ്പം മഞ്ചങ്ങളിൽ വന്നിരുന്നു. ദേവചതുഷ്ടയിയെ 'സാ' എന്നു വിശേഷിപ്പിച്ചതു സാഭിപ്രായമായിട്ടാണ്. താൻ മനസ്സുകൊണ്ടു വരിച്ച രാജാവിനെ ഒഴിച്ചു മററൊരു വരനെ വിചാരിക്കുന്നതു പതിവ്രതാധൎമ്മത്തിന്നു വിരുദ്ധമാകുമെന്നു തങ്ങളുടെ ദൂതനോടു ദമയന്തി പറ

ഞ്ഞയച്ചപ്പോ൦ അവിളുടെ പാതിവ്രത്യധമ്മം കരുതി മടങ്ങിപ്പോയവർ എന്നാണ് 'സാ' എന്ന വിശേഷണംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നതു്. ദമയന്തിയുടെ ആ പാതിവ്രത്യധമ്മം പരീക്ഷിച്ചുനോക്കുന്നതിന്നാണ് അവർ നളസാമ്യം വഹിച്ചു മഞ്ചസ്ഥരായതു്.

അന്യൂനധൈര്യഹരമംബുജലോചനാനാ-
മൊന്നൊത്തു തത്ര നളപഞ്ചകമാബഭാസേ
അബ്ജോജസായകനെടുത്തു തൊടുത്തു വച്ചി-
ട്ടൊന്നിച്ചുവെച്ച ശരപഞ്ചകമെന്നപോലെ. ൧൦൩

അംബുജലോചനാനാം അന്യൂനധൈര്യഹരം=താമരക്കണ്ണിമാരായ സ്ത്രീകളുടെ അന്യൂനമായ (തികഞ്ഞ) ധൈര്യത്തെ കളയുന്ന. നളപഞ്ചകം=അഞ്ചു നളന്മാർ. തത്ര ഒന്നൊത്തു് ആബഭാസേ=അവിടെ ഒരുമിച്ച് ഏററവും ശോഭിച്ചു. അബ്ജോജസായകൻ=താമരപ്പൂവു ശരമായിട്ടുള്ളവൻ (കാമൻ). എടുത്തു തൊടുത്തു വച്ചിട്ട്=എടുത്തു തൊടുത്തു ശരിപ്പെടുത്തിട്ട്. ഒന്നിച്ചുവെച്ച=കൂട്ടിച്ചേർത്തുവെച്ച. ശരപഞ്ചകം=അഞ്ചുശരങ്ങൾ. സുന്ദരിമാരുടെ മനോധൈര്യത്തെ അപഹരിക്കുന്നവരായ അഞ്ചു നളന്മാർ അവിടെ ഒരുമിച്ചു ശോഭിച്ചു. അവരെ കണ്ടാൽ അഞ്ചമ്പനായ കാമദേവൻ എടുത്തു തൊടുത്തു തയ്യാറാക്കി ഒരുമിച്ചു ചേർത്തുവെച്ച അഞ്ചു ശരങ്ങളാണോ എന്നു തോന്നും. ഉൽപ്രേക്ഷ.

ഗദ്യം

മഹിതമിതി തദാനീം വിദർഭരാജാത്മജാപാണിപീഡോത്സവം ചേണെഴും കൌതുകം ക്ഷോണിപാലാവലീമാനനീയം തുലോം ചെന്നു കാണേണമെന്തെന്നുമേ നിർണ്ണയം കണ്ണിനെന്തന്യഥാ മററു സാഫല്യമെന്നുണ്മ ചിന്തിച്ചുടൻ വെണ്മയിൽ കോപ്പുമിട്ടെട്ടു ദിക്കിന്നുടൻ പുഷ്ടശോഭം സകൌതൂഹലം വന്നുകൂടുന്ന നാനാജനാനാമൊരോ

വാഴ്ചലാവും ചരിത്രാന്തരം വാഴ്ത്തുവാൻ വാക്കപതിക്കും വരാ വാക്കപട്ടതോപാദയം— എത്രയും കൌതുകം ചിത്തതാരിങ്കലന്നാസ്ഥശങ്കം നടന്നാങ്ങുമിങ്ങും മുദാ തങ്ങളിൽ കണ്ടൊരോരോ വാൎത്ത ചോദിക്കയും— വാസുവെപ്പോഠം വടക്കുന്നു വന്നു ഭവാനെത്ര നാളുണ്ടു കാണ്മാൻ കൊതിക്കുന്നു ഞാൻ പത്തു സംവത്സരം പൂൎണ്ണമായീ ദ്രഢം— കഷ്ടമോരോരു സംസാരമൂഠംകൊണ്ടസൌ മുട്ടുപാടാകകൊണ്ടിത്ര വൈകീടിനേൻ– ഇട്ടിനാറാണനില്ലത്തിരിക്കുന്നനാളൊട്ടു ദണ്ഡിച്ചു ഗേഹം ഭരിച്ചീടുമോ– എന്തറിഞ്ഞാനവൻ ചിന്തയില്ലേതുമേ ഹന്ത ഞാനോ വലഞ്ഞീടിനേനിങ്ങിനെ– സന്തതിക്കെത്രയും സങ്കടം പാരമെന്നോന്തുവാൻ പേരവന്നാക്കണിശ്ശൻഗിരാ കാലമേ ഹന്ത ഞാൻ നാലു വേട്ടീടിനേൻ നാലിലുംകൂടിയിന്നോൎത്തുകാണുംവിധൌ പത്തു പെണ്ണുങ്ങളുണ്ടൂണ്ണിയില്ലൊന്നുമേ– രണ്ടങ്ങകത്തു തിരണ്ടിരിക്കുന്നതും രണ്ടതിന്നായൊരുമ്പെട്ടിരിക്കുന്നതും സാമ്പ്രതം രണ്ടു ചൌളം കഴിഞ്ഞിട്ടുമുണ്ടിന്നലെക്കന്നികൊണ്ടോന്നിനന്നം കൊടുത്തീടിനേൻ പിന്നെ മൂന്നുണ്ടു മൂലംമുതൽക്കാൽ പിറന്നിട്ടവറ്റിന്നു പേരിട്ടതില്ലിങ്ങനെ ബുദ്ധി ചെലുത്തണേ പത്തുമൊത്തീലയോ– ചാത്തമൂട്ടുന്നനാളച്ഛനേരത്തൊഴിഞ്ഞിട്ടിനാറാണനെക്കാണ്മതിന്നില്ലഹോ കയ്യിലില്ലേതുമയ്യായിരത്തിന്നുപോരും കടക്കാരരെന്നിത്തരം ചാപലം നീളവേ തൂകിയും— നൂനമിന്നൂണുമുണ്ടോൎത്തുകൊള്ളേണമേ കോണകംകൊണ്ടിടംവെച്ചു സൂക്ഷിച്ചു പോയ് കാലമേ ചെന്നുപസ്ഥാനവും ചെയ്തുകൊണ്ടിങ്ങു വന്നിട്ടു വേണം വിശേഷങ്ങളോരോന്നുരച്ചീടുവാനെന്നുമിത്യാദി ഘോഷിച്ചുമിറൻവിഴപ്പും ചുവപ്പും ചെരിപ്പും മു

ളംബേന്ധുമാച്ഛത്രവും പേറിയൊക്കെപ്പിടിച്ചങ്ങുമിങ്ങും നട
ടക്കുന്ന പൃഥ്വീസുരശ്രേണി കുത്രാപി ഭാഗേ— മാലയിട്ടീ
ട്ടുവാൻ രാശി കൊള്ളുന്നതിന്നെന്തു ചിന്തിക്കതാൻ മീന
മെന്നോഷ ഞാൻ മുന്നമേ ചൊല്ലിനേൻ— മീനമെന്നാകി
ലുണ്ട്ടൂനമോത്തിലയോ ചന്ദ്രനുണ്ടഷ്ടമേ ചോതിനാളയ്യടാ—
പാട്ടുപാടൊക്കവേ. വന്നുകൂട്ടും വിധൌ മേഷമെന്നാകിലും
കേട്ടുവാരായെടോ— മേടമെന്നാകിലോ കാട്ടതന്നോ ദ്വന്ദ്വം—
ഘോഷിയാതിങ്ങിനേ ദോഷമുണ്ടെന്നുതാൻ— ഏഷ ഞാ
നും വൃഥാ ഭോഷനാകേണമോ— ഭീഷണിക്കിത്തരം ഭൂഷ
ണം ചൊല്ലിയും കോഴ കിട്ടും വിധാവീഷലായ് ലക്കിനം
ദോഷമില്ലെന്നുതാനപ്പൊഴേ ചൊല്ലിയും ശത്രുവും മിത്ര
വും ശക്രനും ശുക്രനും തുല്യമെന്നിത്തരം നല്ലവല്ലാ വില
ക്കിച്ചുമുച്ചൈസ്സരാം ഛായ കണ്ടീടുവാനേത്തമിട്ടും കനം
കാണുമന്നേരമേററം പരിഭ്രാന്തി കൈക്കൊണ്ടു ചെന്നങ്ങ
ണേ ശങ്കു വെച്ചംഗുലംകൊണ്ടളന്നും പിടഞ്ഞും വൃഥാ
വൈകിത്തുടങ്ങേണമെന്നേററവും സേവകന്മാരൊടുള്ളാവ
ലാതിത്തരം കോരിയൂത്തുത്തുമിത്ഥം നടക്കുന്ന മൌഹൂർത്തി
കശ്രേണി കുത്രാപി ഭാഗേ— ഊത്തുമാകിൽ പറന്നീടുമ
മ്മോതിരശ്രേണിയെപ്പൂണനൂൽതന്നിലേ തൂക്കിയുംകൊ
ണ്ടതും നോക്കി നോക്കിക്കനംകണ്ട മാലോകരോടിങ്ങിനെ
തണ്ടിയും മന്ത്രവാദത്തിനിന്നെന്തുപോൽ സംശയം ഹന്ത
ഞാനെന്നി മററാരു ഭൂമണ്ഡലേ മല്ലനേർകണ്ണിമാർമാന
സം കൊള്ളുവാൻ നല്ല നല്ലൌഷധം വേണ്ടുകിൽ ചൊല്ലു
വൻ കാകനെക്കൊന്നതിന്നുള്ളിലിട്ടഞ്ചു നാഥം വെന്തടങ്ങും
കൊട്ടത്തീടിലാജീവനാന്തം ഭ്രമിച്ചെന്നുമേ കന്നൽനേർ
കണ്ണിമാർ വേർപെടാ നിർണ്ണയം നിശ്ചയിച്ചിന്നിമറെറാ

ന്നു ചൊല്ലീടുവൻ പച്ചയോന്തിന്നകത്തുള്ള മാംസത്തൊ ളും വശ്യമായിട്ടു മററില്ല ഭൂമണ്ഡലേ സാരമായൊന്നിതിൽ ചേരവാലെന്നതോ പാരിലാരേ ധരിച്ചീലയായുന്നതും ക ഷ്ടമെന്നാകിലേ ദുഷ്ടമെന്നും വരും ചുട്ടുകൊണ്ടെട്ടയെബ്ഭ സ്മമാക്കിപ്പുരം നിത്യമായ് നെററിമേൽ തൊട്ടുകൊണ്ടീട്ടു കിൽ കററവാർകുന്തലാരുററുവന്നെത്രയും പററുമിങ്ങോട്ടി തിന്നില്ല കില്ലേതുമേ സപ്തമത്തെ ഭ്രമിപ്പിച്ചുകൊണ്ടീടുവാ നെത്രയുണ്ടിത്തരം നല്ല ദിവ്യൌഷധം- പത്തു നാളെ ത്തി ഞാനത്ര വന്നിട്ടെടോ വിഘ്നലേശം വിനാ വേളി യോഗം വരാൻ വിഘ്നഹോമം തുടങ്ങീടിനേനെന്നു ഞാൻ മണ്ഡലത്തിന്നതിങ്ങിന്നലെത്തീർന്നിതും ബന്ധമെല്ലാം മ റന്നിങ്ങിനെ സന്തതം ദന്തിയോളം വളൎന്നുള്ള ഭോഷ്ഠം പറഞ്ഞങ്ങുമിങ്ങും നടക്കും മഹാമാന്ത്രികശ്രേണി കുത്രാപി ഭാഗേ— കുത്രചിച്ചൊല്ലെഴും വൈദ്യരും പിള്ളരും- കുത്ര ചിന്നൎത്തകപ്രൌഢരും കൂട്ടവും— കുത്രചിദ്വൈണികശ്രേ ണിയും ഗാനവും- കുത്രചിൽക്കാമിനീജാലവും കാന്തരും- കുത്രചിച്ചേണെഴും ചേവകശ്രേണിയും- കുത്രചിൽക്കയ്യ രും തൻകളത്രങ്ങളും- കുത്രചിൽ തിക്കുകൊണ്ടൂഴിമേൽ വീഴ്ചയും- കുത്രചിച്ചിത്രമാരോഹണം തീക്ഷ്ണയും- കുത്രചി ത്തക്കമെത്തും വിധൌ കക്കയും- നന്നു നന്നെത്രയും നേ ത്രകൌതൂഹലം വാഴ്ത്തുവാനാവതല്ലോർത്തുകണ്ടോളവും.

സ്വയംവരംപ്രമാണിച്ച വിദർഭരാജധാനിയിൽ വന്നുചേൎന്ന നാനാതരക്കാരായ ആളുകളുടെ ചെയ്തികളെ വൎണ്ണിക്കുന്നു:—മഹി തം=പൂജിതം. വിദർഭരാജാത്മജാപാണിപീഡോത്സവം=ദമയന്തിയു ടെ വിവാഹോത്സവം. ചേണെഴും കൌതുകം=ഭംഗിയുള്ള കൌതു കം. ക്ഷോണിപാലാവലീമാനനീയം=രാജസമൂഹങ്ങളാൽ ബഹു

മാനിക്കപ്പെടത്തക്കതു്. അന്യഥാ=ഇല്ലെങ്കിൽ. സാഫല്യം=ഫലപ്രാപ്തി. വെണ്മയിൽ=മോടിയിൽ. കോപ്പുമിട്ടു്=കോപ്പുകൂട്ടി. പുഷ്ടശോഭം സകൗതൂഹലം=വർദ്ധിച്ച ശോഭയോടും കൌതുകത്തോടുംകൂടി (ക്രി. വി.). നാനാജനാനാം=നാനാജനങ്ങളുടെ. വാസ്യലാവം=വാസ്യമുള്ള. ചരിത്രാന്തരം=ചരിത്രവിശേഷം. വാക്പതി=ബൃഹസ്പതി. വാക്പടുതോദയം=വാക്സാമർത്ഥ്യത്തിന്റെ ഉദയം. വിദർഭരാജപുത്രിയുടെ വിവാഹമഹോത്സവം കണ്ടു കണ്ണിന്നു സാഫല്യം വരുത്തുവാൻവേണ്ടി രാജധാനിയിൽ വന്നുകൂടുന്ന നാനാജനങ്ങളുടെ ചെയ്തികളെ വാഴ്ത്തുവാൻ സാക്ഷാൽ ബൃഹസ്പതിക്കുംകൂടി വാക്സാമർത്ഥ്യമുണ്ടാകയില്ല.

ആദ്യമായി ബ്രാഹ്മണരുടെ ചെയ്തികളെ പറയുന്നു:—അസ്തശങ്കം=ശങ്കകൂടാതെ. മുദാ=മോദത്തോടുകൂടി. വാർത്ത=വൃത്താന്തം. ആരെയും ശങ്കയില്ലാതെ അങ്ങുമിങ്ങും നടന്നു തങ്ങളിൽ കണ്ടു് ഓരോ വിശേഷവൃത്താന്തം ചോദിക്കയാണവർ (ബ്രാഹ്മണക്കു് അന്നു് ഏതു കോവിലകത്തും ശങ്കകൂടാതെ പെരുമാറാമായിരുന്നു.) "വാസു വെപ്പോഴാം" എന്നുമുതൽക്കു രണ്ടു ബ്രാഹ്മണർ തമ്മിലുള്ള ചോദ്യോത്തരങ്ങളാണു്. വാസു=വാസുദേവൻ എന്ന പേരിന്റെ ചുരുക്കം. പൂർണ്ണമായി=തികഞ്ഞു. ഓരോരു സംസാരമുറംകൊണ്ടു്=സംസാരത്തിലുള്ള ഓരോ തിരക്കുകളിൽപ്പെട്ടു്. മുട്ടുപാടു്=കഷ്ടപ്പാടു്. ഇട്ടിനാരാണൻ=ഒരു ബ്രാഹ്മണന്റെ പേർ. [ഇട്ടി എന്നതു് ആഭിജാത്യസൂചകമായി പേരിന്നുമുമ്പിൽ ചേർക്കുന്ന പദം. ഇട്ടിവാസു, ഇട്ടിരവി, ഇട്ടിനങ്ങയ്യ, ഇട്ടിപ്പ്രാപ്തി എന്നു തുടങ്ങിയ പേരുകൾ നമ്പൂതിരിമാരുടെയിടയിൽ നടപ്പുണ്ടു്. ഈ ചോദ്യോത്തരം ചെയ്യുന്ന ബ്രാഹ്മണർ നമ്പൂതിരിമാരാണെന്നു തോന്നുന്നു.] ദണ്ഡിച്ചു്=അദ്ധ്വാനിച്ചു്. ഗേഹംഭരിക്കുക=ഗൃഹഭരണം നടത്തുക. ചിന്ത=വിചാരം. സന്തതിക്കെത്രയും സങ്കടം പാരമെന്നു്=സന്തതിയുണ്ടാവാൻ വളരെ പ്രയാസമുണ്ടെന്നു്. എന്തുവാൻ പേരവന്നു്=എന്താണവ

ന്നു പേർ. അക്കണിശ്ശൂൻഗിരാ=ആ കണിയാൻെറ വാക്കുകൊണ്ട്. കാലമേ=ആദ്യകാലത്തുതന്നെ. സാമ്പ്രതം=ഇപ്പോൾ. ചൌളം=തലമുടി കളയൽ എന്ന ക്രിയ. കന്നികൊണ്ട്=കന്നിരാശികൊണ്ട്. അന്നം കൊടുക്കുക=ചോറു കൊടുക്കുക. മൂലം മുതൽക്കാൽ പിറന്നിട്ട്=മൂലംനാളിലെ ഒന്നാംകാലിൽ പിറന്നിട്ട്. [ഗൃഹസ്ഥനായ മൂസ്സ നമ്പൂതിരിയുടെ വാക്കാണിത്. ഇട്ടിനാറാണൻ അദ്ദേഹത്തിൻെറ അനുജനും ഇല്ലത്തെ കാര്യം നോക്കുന്നവനുമായിരിക്കാം. മൂസ്സനമ്പൂതിരിയുടെ നാലു വേളിയും അതിലുണ്ടായ പത്തു പെൺകുട്ടികളുടെ കഥയും വലിയ തന്മയത്വത്തോടുകൂടി ഇതിൽ കാണിച്ചിരിക്കുന്നു. "സങ്കടം പാരമെന്നു", "അക്കണിശ്ശൂൻഗിരാ" എന്നിവയുടെ നടുവിൽ ഉള്ള "എന്തുവാൻ പോരവന്നു്" എന്ന അന്തർവാക്യം ചില ആളുകളുടെ സംഭാഷണത്തിൽ സാധാരണയാണ്. പ്രകൃതത്തിൽ ഇതു നാലു വേട്ടേ സന്തതിയുണ്ടാവു എന്നു പറഞ്ഞ കണിശ്ശനോടുള്ള വെറുപ്പിനെ സൂചിപ്പിക്കുന്നു.] കടക്കാരർ=കടക്കാർ. ചാപലം=ചാപല്യം. "ചാത്തമൂട്ടുന്നനാൾ" എന്നു മുതൽക്കു "പോരും കടക്കാരർ" എന്നുവരെ ഇട്ടിനാറാണനെക്കുറിച്ചുള്ള മുള്ളുവാക്കാണ്. നൂനമിന്നൂണമുണ്ണാത്തുകൊള്ളേണമേ=ഇങ്ങിനെ പറഞ്ഞുനിന്നാൽ പോരാ ഇന്നത്തെ ഊണിൻെറ കാര്യവും കൂടി ആലോചിക്കണം. ഉണ്ണാനിരിക്കേണ്ട സ്ഥലത്തു കോണകം കൊണ്ടുപോയി വെച്ചു സ്ഥലം പിടിക്കുന്നതു വലിയ വലിയ സദ്യകളിൽ പതിവായിരുന്നു. ഉപസ്ഥാനം ചെയ്യുക=മാദ്ധ്യാഹ്നികം ചെയ്യുക. മുളംദണ്ഡു്=മുളവടി. ഛത്രം=കുട. പൃത്ഥ്വീസുരശ്രേണി=ബ്രാഹ്മണരുടെ സമൂഹം. കുത്രാപി ഭാഗേ=ഒരു ഭാഗത്തു്. ഒരുഭാഗത്തു ബ്രാഹ്മണരുടെ കോലാഹലമായിരുന്നുവെന്നു സാരം. [മറുനാട്ടുകളിൽ നടന്ന കഥകളെ വർണ്ണിക്കുമ്പോൾക്കൂടിയും മലയാളച്ഛായ വരുത്തുന്നതു വാസനാശാലികളായ ചില മലയാളകവികളുടെ വിരുതാണ്. പ്രകൃതത്തിൽ പഴയ നമ്പൂതിരിസമുദായസമ്പ്രദായത്തിൻെറ ഒരു തന്മയചിത്രമാണ് കവി വരച്ചുകാണിച്ചിരിക്കുന്നതു്.]

മൌഹൂൎത്തികന്മാരായ ജ്യോത്സ്യന്മാരുടെ അവസ്ഥയെപ്പററി പറയുന്നു:—ഒരുവൻ പറയുന്നതു്—മാലയിട്ടീടുവാൻ രാശി കൊള്ളുന്നതിന്നെന്തു ചിന്തിക്കുന്താൻ=ഇന്നു സ്വയംവരത്തിന്നു പററിയ മുഹൂൎത്തരാശി ഏതാണെന്നാലോചിച്ചുനോക്കൂ. മററാളുടെ മറുപടി—മീനമെന്നേഷ ഞാൻ മുന്നമേ ചൊല്ലിനേൻ=മീനംരാശിയാണെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞു. മീനമെന്നാകിലുണ്ടൂനം=മീനംരാശിയാണെങ്കിൽ കേടുണ്ടു്. ചന്ദ്രനുണ്ടഷ്ടമേ ചോതിനാളയ്യടാ=ചോതിനാളാകയാൽ അഷ്ടമത്തിൽ ചന്ദ്രനുണ്ടു്. അഷ്ടമത്തിൽ ചന്ദ്രൻ നില്ക്കുന്ന രാശി സകലമുഹൂൎത്തങ്ങൾക്കും—വേളിക്കു വിശേഷിച്ചും—വൎജ്ജ്യമാണു്. "അയ്യടാ" എന്ന വ്യാക്ഷേപകനിപാതം ആലോചനക്കുറവുകൊണ്ടു പിണഞ്ഞ അമളിയെ സൂചിപ്പിക്കുന്നു. പാടുപാടോർക്കവേ വന്നുകൂടും വിധൌ=ആപൽഘട്ടത്തിങ്കൽ. മേഷമെന്നാകിലും കേടുവാരായെടോ=മേടംരാശിയായാലും കേടുവരില്ല. മേടമെന്നാകിലോ കാടുതന്നേ ദൃഢം=മേടംരാശിയായാൽ മോശംതന്നെയാണു്. 'കാടു്', എന്നതിന്നു മോശമായിട്ടുള്ളതെന്നൎത്ഥം. അഥവാ മേടംരാശിയായാൽ കാടുകയറുമെന്നൎത്ഥമാകാം. [നളൻ കാടുകയറിയതു ചോതിനാളിൽ മേടംരാശിയിൽ വിവാഹം കഴിച്ചതിന്റെ ഫലമായിരിക്കുമോ?] ഘോഷിയാതിങ്ങനെ ദോഷമുണ്ടെന്നു താൻ=രാശിക്കു ദോഷമുണ്ടെന്നു താൻ കൊട്ടിഘോഷിക്കാതിരിക്കണേ. ഏഷ ഞാനും വൃഥാ ഭോഷനാകേണമോ=എന്തു്, തന്നെപ്പോലെ ഞാനുമൊരു ഭോഷനാകേണമെന്നോ? ഭീഷണി=എതിരാളിയുടെ ഭയപ്പെടുത്തൽ. കോഴ=ദോഷം പറയാതിരിപ്പാൻവേണ്ടി നല്കുന്ന പ്രതിഫലം. ഈഷലായ്=സംശയമായി. ലക്കിനം=ലഗ്നം എന്നതിന്റെ തത്ഭവം. ശത്രുവും മിത്രവും ശക്രനും ശുക്രനും=ഇവ ജ്യോത്സ്യന്മാർ ഉപയോഗിക്കുന്ന സാങ്കേതികപദങ്ങളാണു്. വല്ലാ=വായാടിത്തം. വിലക്കിക്കുക=ധാരാളം കോരിച്ചൊരിയുക. ഉച്ചൈസ്തരാം=ഉറക്കെ. ജ്യോത്സ്യന്മാർ തമ്മിൽ ലഗ്നത്തെപ്പററി തൎക്കിച്ചു് ഒടുവിൽ സമാധാനത്തിലെത്തി. അവർ നല്ല വായാടിത്ത

കോരിച്ചൊരിഞ്ഞു. ഛായ കണ്ടീടുവാൻ=മുഹൂർത്തസമയം അറിയു ന്നതിന്നു നിഴൽ കാണുവാൻ. ഏറ്റമിട്ടുക=കുനിഞ്ഞുനോക്കുക. പരിഭ്രാന്തി=പരിഭ്രമം. അങ്കണേ=മുററത്തു്. ശങ്ക വെച്ചു്=കുററി നാ ട്ടിയിട്ടു്. അംഗുലം=വിരൽ. സേവകന്മാർ=അരമനയ്ക്കകത്തുള്ള സേ വക്കാർ. ആവലാതിത്തരം=പലതരത്തിലുള്ള ആവലാതി. കോരി യുത്തുത്തും=വാരിക്കോരിച്ചൊരിഞ്ഞും. മൌഹൂർത്തികശ്രേണി=മുഹൂ ർത്തം പറയുന്ന ജ്യോത്സ്യന്മാരുടെ സമൂഹം. കുത്രാപി ഭാഗേ=ഒരുഭാ ഗത്തു്. ജ്യോത്സ്യന്മാർ ലഗ്നരാശിയെപ്പററി തക്കിച്ചുകൊണ്ടുംതമ്മിൽ വഴക്കുകൂടിക്കൊണ്ടും മുഹൂർത്തസമയം നോക്കിക്കൊണ്ടും അവസ്ഥ പറഞ്ഞുകൊണ്ടും ഒരിടത്തു കൂടിയിരുന്നു.

മാന്ത്രികന്മാരുടെ ചെയ്തികളെ പറയുന്നു:—ഊത്തുമാകിൽ പറ ന്നിടും=ഊതിയാൽ പറക്കത്തക്കവിധം അത്ര ലോലമായ. മോതി രശ്രേണി=മോതിരങ്ങളുടെ കൂട്ടം. കനംകണ്ട മാലോകരോടു്=മേ ല്പെട്ട മഹാജനങ്ങളോടെല്ലാം. ഇങ്ങനെ തണ്ടിയും=ഇപ്രകാരം തണ്ടുപറഞ്ഞും. (തണ്ടുപറയുക=മേനിപറയുക). മാന്ത്രികന്മാർ ഇ ലോലം കനംകുറഞ്ഞ മോതിരങ്ങളും ധാരാളമായി പുണുൽത്തലപ്പ ത്തു തൂക്കിനടന്നുകൊണ്ടു മേല്പെട്ടവരെന്നു തോന്നിയ ആളുകളോടു തന്നത്താൻ മേനിപറഞ്ഞുകൊണ്ടു നടന്നിരുന്നു. 'മന്ത്രവാദത്തിനി ന്നു' എന്നുമുതൽ അവരുടെ തണ്ടുപറയിലിൻെറ മട്ടു കാണിച്ചിരിക്കു ന്നു. ഞാനെന്നി=ഞാനല്ലാതെ. ഭൂമണ്ഡലേ=ഭൂമിയിൽ. മല്ലനേർ കണ്ണിമാർമാനസം കൊള്ളുവാൻ=സുന്ദരിമാരുടെ മനസ്സു വശീകരി പ്പാൻ. ഔഷധം=വശ്യൌഷധം. കാകൻ=കാക്ക. വെന്തടയ്ക്ക=വെ ന്ത അടയ്ക്ക. ആജീവനാന്തം=മരിക്കുന്നതുവരെ. ഭ്രമിച്ചു്=ഭ്രമംപൂ ണ്ടു്. കന്നൽനേർകണ്ണിമാർ=സുന്ദരിമാർ. വേർപെടാ=വേർപെ ടുകയില്ല. കാകനെക്കൊന്നു് അതിനുള്ളിലാക്കി വേവിച്ച അ ടയ്ക്ക കൊടുത്താൽ സുന്ദരിമാർ ഭ്രമിച്ചുവശാകും. [മല്ലനേർകണ്ണി മാർ, കന്നൽനേർകണ്ണിമാർ ഇവയിലെ മല്ലം, കന്നൽ എന്നീ പദ ങ്ങളുടെ അത്ഥത്തെക്കുറിച്ചു പണ്ഡിതന്മാർ വ്യത്യസ്തങ്ങളായ അഭി

പ്രായങ്ങളും പറയുന്നു. മല്ലം മഷി അല്ലെങ്കിൽ അഞ്ജനം ആണെന്നൊരു പക്ഷം. താമരപ്പൂവ് എന്ന അർത്ഥത്തിൽ ധാരാളം പ്രയോഗമുണ്ട്. മല്ലം കണ്ണിന്റെ ഉപമാനമാകേണ്ട സ്ഥിതിക്ക് അതാണ് അധികം യുക്തമെന്നു തോന്നുന്നു. കന്നൽ എന്ന പദത്തിനു പഞ്ചസാര എന്നും കരിങ്കുവലയം എന്നും അർത്ഥം പറഞ്ഞുകാണുന്നു. പഞ്ചസാര കണ്ണിന്നുപമാനമാകാൻ പററിയതല്ല നിശ്ചയം. കരിങ്കുവലയംതന്നെയാണ് അധികം നല്ലത്. കന്നൽ ഭിത്തി തുരക്കുന്ന തുരപ്പൻകോലാണെന്നും ഒരു പക്ഷമുണ്ട്. നീളംകൊണ്ടും കാമുകന്മാരുടെ ഹൃദയം തുരക്കുന്നതുകൊണ്ടും സുന്ദരിമാരുടെ കണ്ണിന്നു തുരപ്പൻകോലിനോടു സാമ്യം പറയാം] പച്ചയോന്ത്=പച്ചനിറമായ ഓന്ത്. വശ്യം=വശപ്പെടുത്തുവാൻ പററിയത്. ചേരവാൽ=ചേരയുടെ വാൽ. പാരിലാരേ ധരിച്ചീലയായുന്നതും=ഭൂമിയിലാരുമറിയാത്തത്. കഷ്ടമെന്നാകിലേ ദൃഷ്ടമെന്നും വരും=വളരെ കഷ്ടപ്പെട്ടാലേ കണ്ടുകിട്ടിയുള്ളു എന്നു വരാം. കററവാർക്കുന്തലാർ=കനത്തുനീണ്ട കുന്തലുള്ളവർ, സുന്ദരിമാർ. ഉററവാന്ന്=സ്നേഹിച്ചുവന്ന്. പററമിങ്ങോട്ട്=ഇങ്ങോട്ട് ഇണങ്ങും. സപ്തമം=ഏഴാമെടം അതായതു ഭാര്യ. ഭ്രമിപ്പിക്കുക=വശീകരിക്കുക. പച്ചയോന്തിന്റെ മാംസം മുതലായതു നല്ല വശ്യൌഷധങ്ങളാണ് എന്നു സാരം. ഔഷധയോഗങ്ങളെ പറഞ്ഞതിന്നുശേഷം മന്ത്രപ്രയോഗസാമർത്ഥ്യത്തെപ്പററി മാന്ത്രികന്മാർ വമ്പു പറയുന്നു:—വിഘ്നലേശം വിനാ=ലേശംപോലും വിഘ്നംകൂടാതെ. വേളിയോഗം വരാൻ=വേളി നടക്കുവാൻ. വിഘ്നഹോമം=വിഘ്നശമനത്തെക്കുറിച്ചുള്ള ഹോമം. മണ്ഡലത്തിന്=ഒരു മണ്ഡലം കാലത്തേയ്ക്ക് (മണ്ഡലം=നാല്പത്തൊന്നു ദിവസം). ബന്ധമെല്ലാം മറന്ന്=അന്യോന്യബന്ധം മറന്ന്. ദന്തിയോളം വളർന്നുള്ള ഭോഷ്ക്ക്=ആനയോളം പോന്ന പൊളി അഥവാ ബഡായി. മഹാമാന്ത്രികശ്രേണി=വലിയ മന്ത്രവാദികളുടെ കൂട്ടം. കസ്യാപി ഭാഗേ=ഒരു ഭാഗത്ത്. വശ്യൌഷധങ്ങളെപ്പററിയും ഹോമത്തെപ്പററിയും ഭോഷ്ക്കു പറഞ്ഞു നടക്കുന്ന മാന്ത്രികന്മാരായിരുന്നു ഒരു ഭാഗത്ത്.

കത്രചിൽ=ഒരിടത്തു്. ചൊല്ലെഴും=ശ്രുതിപ്പെട്ട. ഒരിടത്തു ശ്രുതിപ്പെട്ട വൈദ്യന്മാരും ശിഷ്യന്മാരും. നൎത്തകപ്രൗഢർ=പ്രൌഢന്മാരായ ആട്ടക്കാർ. മറെറാരു ഭാഗത്തു് ആട്ടക്കാരും അവരുടെ കൂട്ടകാരും. വൈണികശ്രേണി=വീണവായനക്കാരുടെ സമൂഹം; ഗാനം=പാട്ടു്. ഒരു ഭാഗത്തു വീണവായനക്കാരും പാട്ടും. കാമിനീജാലം=കാമിനിമാരുടെ സമൂഹം. കാന്തർ=കാമുകന്മാർ. ഒരു ഭാഗത്തു കാമിനിമാരും കാന്തന്മാരും. ചേടകവശ്രേണി=ഭടന്മാരുടെ സമൂഹം. ഒരിടത്തു ഭടന്മാരും മററും. കയ്യർ=കയ്യാംകളി തൊഴിലായിട്ടുള്ള ഒരു ജാതിക്കാർ. തൻകളത്രങ്ങൾ=അവരുടെ ഭാൎയ്യമാർ. ഒരിടത്തു കയ്യാംകളിക്കാരും അവരുടെ പരിവാരങ്ങളും. തിക്കു്=തിരക്കു്. ആരോഹണം=കാഴ്ചകാണുന്നതിന്നുള്ള തറ. ഒരു ഭാഗത്തു് ആളുകൾ തിക്കിത്തിരക്കി നിലത്തു വീഴുന്നു, മറെറാരു ഭാഗത്തു കാഴ്ച കാണുവാൻ തറ പണിയുന്നു. തക്കമെത്തുംവിധൌ കക്കലും=തഞ്ചംവരുമ്പോൾ കളവു നടത്തുകയും. കൂട്ടത്തിൽ ചിലേടത്തു തഞ്ചംപോലെ കക്കുന്ന കള്ളന്മാരുടെ വിരുതുമുണ്ടായിരുന്നു. നേത്രകൌതൂഹലം=കണ്ണുകളുടെ കൌതുകം. ആവതല്ല=സാദ്ധ്യമല്ല. ഇങ്ങിനെ ഓരോ സ്ഥലത്തുള്ള ഓരോ കാഴ്ചകൾ വാഴ്ത്തുവാൻ സാദ്ധ്യമല്ല.

കാലേ തസ്മിൻ കലാനായകമധുരമുഖീ-
മോമലിച്ചന്തികേ ചെ-
ന്നാലോലാകല്പജാലൈരഴകൊടു ചമയി-
ച്ചിച്ചു ധന്യാം കുമാരീം
പൌലോമീപൂൎണ്ണപുഷ്പാഞ്ജലിമപി വിധിവൽ
സാദരം കാരയിത്വാ
കാലം പാൎത്തങ്ങിരുന്നു കലിതരുചി മുദാ
മംഗലസ്ത്രീകദംബം. ൧൦൪

തസ്മിൻ കാലേ=ആ കാലത്തു്. കലാനായകമധുരമുഖീം ധന്യാം കുമാരീം=ചന്ദ്രനെപ്പോലെ മനോഹരമായ മുഖത്തോടുകൂടിയ

വളും ഭാഗ്യവതിയുമായ കന്യകയെ. അന്തികേ ചെന്നോമലിച്ച്=അടുത്തു ചെന്നു ലാളിച്ച്. അനല്പാലംകല്പജാലൈഃ അഴകൊട്ടുചമയിപ്പിച്ച്=മനോഹരങ്ങളായ വേഷഭൂഷണജാലങ്ങളെക്കൊണ്ടു ഭംഗിയായി ചമയിപ്പിച്ച്. വിധിവൽ സാദരം പൌലോമീപൂർണ്ണപുഷ്പാഞ്ജലിം അചീകരയിതാം=വിധിക്കു തക്കവണ്ണം ആദരവോടുകൂടി പൌലോമിക്ക് (ശചീദേവിക്ക്) പൂർണ്ണപുഷ്പാഞ്ജലിയും ചെയ്യിച്ചിട്ട്. കാലംപാർത്ത്=സമയം നോക്കിക്കൊണ്ട്. കലിതരുചി=അങ്കിതരുചിയോടുകൂടി (ക്രി. വി.) മംഗലസ്ത്രീകദംബം മുദാ അങ്ങിരുന്നു=മംഗല്യസ്ത്രീകളുടെ കൂട്ടം സമോദത്തോടുകൂടി അവിടെ ഇരുന്നു. സാരം സ്പഷ്ടം. ശചീദേവിക്കു പുഷ്പാഞ്ജലി ചെയ്യുന്നതു സ്വയംവരം നിർവ്വിഘ്നമായും സ്വല്പവും ക്ലേശവും കൂടാതെയും നടക്കുന്നതിനുവേണ്ടിയാകുന്നു. സ്വയംവരമണ്ഡപത്തിൽ ശചീദേവിയുടെ സന്നിധാനം ഒഴിച്ചുകൂടാത്തതാണ്.

"സാന്നിദ്ധ്യയോഗാൽ കില തത്ര ശച്യാഃ
സ്വയംവരക്ഷോഭകൃതാമഭാവഃ"

എന്നു രഘുവംശത്തിൽ ഇന്ദുമതീസ്വയംവരവർണ്ണനത്തിൽ പറഞ്ഞതു നോക്കുക.

വിദർഭരാജോ വിധിവദ്വിജേഭ്യോ
വിതീര്യ വിത്തം വിമലാന്തരാത്മാ
പ്രാപ്തേ മുഹൂർത്തേ പ്രഥമാനതേജാഃ
പ്രാവേശയദ്രംഗഭുവം കുമാരീം ൧൦

വിമലാന്തരാത്മാ=നിർമ്മലമാനസനായും. പ്രഥമാനതേജാഃ=പരന്ന തേജസ്സോടുകൂടിയവനായുമിരിക്കുന്ന. വിദർഭരാജാ=വിദർഭയിലെ രാജാവ്. വിധിവൽ ദ്വിജേഭ്യഃ വിത്തം വിതീര്യ=വിധിപ്രകാരം ബ്രാഹ്മണർക്കു ധനം ദാനംചെയ്തിട്ട്. മുഹൂർത്തേ പ്രാപ്തേ സതി=മുഹൂർത്തം വന്നപ്പോഴേക്കും. കുമാരീം രംഗഭുവം പ്രാവേശയൽ=കന്യകയെ രംഗഭൂമിയിലേക്കു പ്രവേശിപ്പിച്ചു. സാരം സ്പഷ്ടം.

പൂൎവ്വാൎദ്ധം ഉപേന്ദ്രവജ്രയും ഉത്തരാൎദ്ധം ഇന്ദ്രവജ്രയും ചേൎന്ന ഉപജാതിവൃത്തം.

സംസ്കൃതഗദ്യം

അഥ സാ ലളിതതനുകാന്തിസമ്പദാ സുരസുന്ദരീരപി ജയന്തീ മന്മഥമഹാവീരവൈജയന്തീ നിഖിലയുവജനമനാംസി മദയന്തീ ദമയന്തീ അതിലളിതകാകപക്ഷവിരാജമാനപുരോഭാഗൈരതിനവകാണ്ഡകോദണ്ഡമണ്ഡിതകരാഞ്ചലൈഃ പരിവീതകക്ഷ്യപുത്രമാത്രപരിവാരൈർബാലൈരപ്യബാലാനുഭാവൈർവരജൈരലംകൃതപുരോഭാഗാ കരകലിതകേളീശുകാദിലീലാസാധനാഭിഃ സഖീഭിർമ്മഹിതമണിദർപ്പണാദിമംഗലപദാർത്ഥസാർത്ഥമധുരകരതലാഭിർമ്മംഗലവനിതാഭിശ്ച മഹീയമാനപാർശ്വഭാഗാ സജലജലദാഘനശ്യാമളേന കോമളേന ദുകൂലതല്ലജേനാവകുണ്ഠിതാംഗയഷ്ടിരപി ഉച്ചതയാ കാന്തിപൂരസ്യ പ്രച്ഛദസ്യ സൂക്ഷ്മതയാ ച സുവ്യക്തദൃശ്യമാനസകലഗാത്രസന്നിവേശാ അന്തരജനി സന്തന്യമാനൈരനിർവ്വാതനായാനാമമൃതഭാനുമധഃകുർവ്വാണൈർനാസാന്ധതമസേനേവ അന്തരാലക്ഷ്യബന്ധുരമാലതീസൂനജാലതയാ ഫേനിലയമുനാപ്രവാഹപ്രതിമല്ലേന ധമ്മില്ലേന ശോഭമാനാ അന്തർദ്ദുഷ്പ്രേക്ഷ്യമാണപഞ്ചായുധമഹാരാജപിഞ്ഛാതപത്രാഞ്ചിതേന അഞ്ചിതവദനകഞ്ജമഞ്ജുളമധുപാനസഞ്ചിതമദാടോപവഞ്ചിതഹൃദയതയാ ചഞ്ചലേതരയാ ചഞ്ചരീകപരമ്പരയേവ കുന്തളാഭോഗേന ബന്ധുരിതവദനാരവിന്ദാ ഫാലബാലചന്ദ്രകളങ്കാങ്കുരേണേവ മഹീപതിനിവഹമനോഭവാഗ്നിസന്ധുക്ഷണാനിലതാലവൃന്തേനേവ കചനിചയകുന്തളാഭോഗനീലിമനിർമ്മാണനിരന്തരായ സമാ

ഷ്ഠീസ്യാം കാം ക്ഷപചിത്തയോനിചിത്രകാരഹസ്തധൃതവർത്തി ക്ല്പിതകരിവദനാരാധനകജ്ജളബിന്ദുനേവ കസ്തൂരികാ കല്പിതേന തിലകാഭോഗേന ശോഭമാനനിടിലഭാഗാ. വദനമദനസദനമണിതോരണാഭ്യാം നയനശഫരപരിചലിതവദനലാവണ്യവാപീകല്ലോലഹല്ലോഹലാഭ്യാം ചില്ലീമതല്ലികാഭ്യാമുല്ലസിതകല്യാണകാന്തിഃ. അന്യൂനബലവനേചരാബദ്ധവാഗുരാപാതസമയസമാസന്നകുന്താഘാതസന്ത്രാസഭരസംഭ്രാന്തിവേഗബംഭ്രമ്യമാണഹരിണതരുണീവിലോചനാഞ്ചലവിലാസജാലവിമർദ്ദീകരണനൈപുണീധുരീണാഭ്യാം പവനാഹതിചലയമുനോല്പലദളകമനീയാഭ്യാം ചിത്തയോനിനർത്തകോത്തമനൃത്തരംഗാഭ്യാം ഉത്തരംഗാഭ്യാം വിലോചനാഭ്യാം വിശ്വമഹീപാലമനാംസി വിലോഭയന്തീ. വദനസുധാകരോഭയപാർശ്വസന്നിഹിതാഭ്യാം സുരാസുരപുരോഹിതാഭ്യാം പരിവേഷമണ്ഡലാഭ്യാമിവ നക്രകേതുചക്രവർത്തിചക്രാഭ്യാം കർണ്ണപാശലക്ഷ്യാഭ്യാം സുവർണ്ണതാടങ്കാഭ്യാം വർണ്ണനീയവദനശോഭാ. അതിബഹളകാന്തിപൂരതയാ പ്രതിഫലിതമണിതാടങ്കമണ്ഡലാഭ്യാം മുകുരവിഭ്രമഗ്രഹണശീലാഭ്യാം കപോലാഭ്യാമതിഭാസമാനാ. നയനാമൃതപ്രവാഹസേതുഭൂതയാ നിജസൌന്ദര്യനിർജ്ജിതകനകാരവിന്ദകർണ്ണികയാ നാസികയാ നിരതിശയാം കാന്തിമാവഹന്തീ. രാഗരത്നാകരോല്ഗീയമാനവിദ്രുമച്ഛേദപാടലിമപാടച്ചരേണ യൌവനസാർവ്വഭൌമസുന്ദരാങ്ഗോളികാസന്ദേഹദേന സകലകാമുകാനുരാഗസങ്കേതനികേതനേന പ്രസൂനശരമഹാവീരപ്രതാപോദയപ്രതിമേനാധരപല്ലവേന അധികൃതചാരുശോഭേദനാരവിന്ദാ. വദനകമലനാളോപമേന കമലനയ

നകന്ദമിവ കംബുരാജബിംബോകവിഡംബകേന അ ഭംഗുരമംഗലസൂത്രമിത്രലാഭപരിതോഷസവിശേഷരമ്യരേ ഖാത്രിതയരമണീയേന കണ്ഠകാണ്ഡേന കാമപി കമനീ യതാമാബിഭ്രാണാം പ്രതിനവകനകാംഗദകടകാവലിപ്ര ത്യുപ്തപ്രത്യഗ്രമണിപ്രവേകപ്രഭാപ്രഭാവമേദുരിതാഭ്യാം അല്പീകൃതകല്പലതാഭ്യാം ആഗൃഹീതവരണമാലികാമോദ കൌതുകോദ്രേകവിചലദളിപടലഗളവിഗളദതിബഹളക ളകളമിളിതപുരോഭാഗാഭ്യാം വദനലാവണ്യസുധാപ്രവാ ഹാഭ്യാം ഭുജലതാഭ്യാം വിഭാസമാനാം ഖചിതവിവിധ മണികിരണജാലബാലാതപപരിഷ്കൃതപുരസ്ഥലമുര സ്ഥലോല്ലസിതം സ്ഥാലീഭൂഷണം പൂഷണം മനസ്വിനീ ഭ്യാമനവരതമവിരഹിതാഭ്യാം ചക്രവാകാഭ്യാമിവ മദനമ ഹാരാജവിഹാരാചലാഭ്യാമിവ കന്ദർപ്പസുന്ദരീകന്ദുകാഭ്യാ മിവ ബഹളലാവണ്യദോഹളാപൂരിതനാഭീകഹരാലവാല നിർഗ്ഗച്ഛദുച്ചകാന്തിരോമരാജിമന്ദാരവല്ലീമഞ്ജരീഭ്യാമിവ പ്രതിക്ഷണവദ്ധമാനതാരുണ്യമത്തകുംഭികുംഭാഭ്യാമിവ കാ മുകജനഹൃദയാകർഷണൌഷധനിധാനപേടീഭ്യാമിവ മം ഗലദേവതാവാസപീഠാഭ്യാമിവ സരോജസായകസാമ്രാജ്യാ ഭിഷേകപൂർണ്ണകുംഭാഭ്യാമിവ വൃത്തോത്തുംഗനിസ്തലാഭ്യാമതി വിപുലാഭോഗസംക്ഷിപ്തവക്ഷസ്ഥലവിസ്താരാഭ്യാമുന്മുഖാ ഭ്യാമുരോജകുംഭാഭ്യാമുച്ചാടിതമഹീപാലജാലധൈര്യസാരാം അതിപ്രഭശതക്രതുപലകലിതകചസുധാകലശപിധാന സാധനാഭ്യാമിവ വിശദവിശ്രുതമദനമാന്ത്രികവശ്യഗുളികാ ഭ്യാമിവ മേചകാഭ്യാം ചൂചുകാഭ്യാമതിശോഭമാനാം കചശി ഖരികടകനിസ്സരദുദാരലാവണ്യസുധാസാരിണ്യാ പ്രപഞ്ച ജയാർജ്ജിതപഞ്ചസായകപ്രശസ്തിവർണ്ണാവല്യാ വിജിതത

ദീയശിഞ്ജിനീവല്ല്യാ രോമാവല്ല്യാ, ചലദലദലവിലാസഭി
ദുരേണോദരേണ ച ഉദാരതരാം കാന്തിമുദ്വഹന്തീ – നി
ജസലിലസമ്പൂർണ്ണസാരിണീ പരിക്ഷിപ്തസരസ്വതീ
സൈകതേനേവ, പാടലപരിവേഷപരിവീതപങ്കജാരാതി
മണ്ഡലേനേവ, ലളിതകളധൗതകലിതവിപുലസാലപരി
ക്ഷിപ്തനളിനശരനഗരോത്തമേനേവ അതിസുഭഗകാ
ഞ്ചിദാമാഞ്ചിതേന നിതംബബിംബേന നിഖിലനൃപമ
ണ്ഡലീമുന്മാദയന്തീ – മത്തവേതണ്ഡശുണ്ഡാകാണ്ഡദർപ്പ
ഖണ്ഡനപണ്ഡിതാഭ്യാമനഘകനകരംഭാസ്തംഭദംഭകമ്പന
ലമ്പടാഭ്യാമൂരുസ്തംഭാഭ്യാമൂരീകൃതശോഭാതിശയാ – അഖില
യുവമനോരത്നസംഗ്രഹണസമുന്മുഖാഭ്യാം അനുദ്ഗതാ
ഭ്യാം ജാനുഭ്യാം പങ്കജശരമഹാവീരപ്രതാപമംഗലമണി
നിഷംഗഭംഗീലംഘനജംഘാലാഭ്യാം ജംഘാഭ്യാം ച ജഗ
ന്നയനപീയൂഷമുദ്വഹന്തീ – മദകളമരാളമഹിളാമനോ
ഹരസഞ്ചാരസമയസഞ്ജായമാനമഞ്ജുശിഞ്ജിതാഭ്യാം മ
ണിമഞ്ജീരാഭ്യാം മാംഗലികാം മാന്മഥീം സ്തുതിമിവാമ്രേ
ഡയന്തീ – കച്ഛപച്ഛവിതുച്ഛീകരണശീലാഭ്യാമുജ്ജ്വലാഭ്യാം
പ്രപദാഭ്യാമാനനസരസിജാമർദ്ദദുർദ്ദശാജർജ്ജരിതശശാങ്കശക
ലൈരിവ ശരണാർത്ഥിഭിശ്ചരണാന്തമാശ്രിതൈർന്നഖമ
ണിഭിശ്ച നിഖിലഹൃദയമാലോളയന്തീ – ദിനകരോദയ
വേലേവ ഗൗരാംബരവിരാജിതാ – മദ്ധ്യാഹ്നലക്ഷ്മീരിവ
ബന്ധുജീവോല്ലാസദായിനീ – സന്ധ്യേവ സന്തപ്തഹാട
കച്ഛായാ – രജനീവ നക്ഷത്രമാലാലംകൃതാ – വസന്തല
ക്ഷ്മീരിവ ഉൽക്കലികാഭിരാമാ – ഗ്രീഷ്മവേലേവ ശിരീഷ
കുസുമസുകുമാരാ – പ്രാവൃഡിവ സജ്ജഘനാ – ശരദിവ
രാജഹംസസംദായിനീ – ഹേമന്ത ഇവ ഹിമജലാമോദമ

നോഹരാ– ശിശിരലക്ഷ്മീരിവ ശീതളീകൃതസമസ്തലോകാ– നളിനീവാളിനീപരിഗതാ– അൎണ്ണവതടീവ സ്ഫുരദൂൎമ്മിമാലാ– അചലമണ്ഡലീവ പ്രകടിതകടകശോഭാ– അരണ്യാനീവ അവലോക്യമാനവക്രാങ്കുരാ– സംഗീതവിദ്യേവ വിലസന്മദ്ധ്യമാ– സുകവിവാണീവ ലളിതപദവിന്യാസാ– സുയോധനസേനേവ കൎണ്ണവിശ്രാന്തലോചനാ– സുഗ്രീവസേനേവ താരാംഗദാലംകൃതാ– ഭാസുതാ ഭൂഷാഗണേനാമൃതമയേനാധരേണ, രക്തേന പാണിതലേന, സൌമ്യേന ശീലേന, ഗുരുണാ നിതംബേന, സിതേന ദശനേനാസിതേന കൈശികേന, ച ജ്യോതിൎമ്മയീവ, രാജമാനാ– പുഷ്പഭദ്രയാ വേണ്യാ നൎമ്മദയാ വാണ്യാ ശോണേനാധരേണ തുംഗഭദ്രയാ കുചദ്വയ്യാ കൃഷ്ണയാ രോമാവല്യാ ച നദനദീവ ശോഭമാനാ– വദനേനാരവിന്ദേന നയനേനോല്പലേന കേശേന നീപേന കേസരേണ നാളീചക്രേണ കുന്ദേന മന്ദഹാസേനാവലഗ്നേനാകാശസൂനേന ച കുസുമമയീവ വിഭാസമാനാ– സ്രഗ്വിണ്യാ വേണ്യാ, ചപലയാ ദൃഷ്ട്യാ, പരികലിതപഥ്യാ വക്ത്രയാ മംഗളസൂത്രഗ്രന്ഥ്യാ സ്രഗ്ദ്ധരയാ ഭുജാവല്യാ, സുപ്രതിഷ്ഠയാ പദതലദ്വയ്യാ ച ഛന്ദോമയീവ ഭാസമാനാ– അധികാവദാതാപ്യരുണകാന്തിസന്താനാ അഖിലാഹ്ലാദകാരിണ്യപി ഝടിതി വിതീൎയ്യമാണമദനസന്താപാ അനംഗീകൃതഭുജംഗിഭാവാപി നയനശ്രവണരമണീയാ– മൂൎത്തിരിവ സൌഭാഗ്യസ്യ, സ്ഫൂൎത്തിരിവ സൌന്ദൎയ്യസ്യ, കീൎത്തിരിവ മന്മഥസ്യ, സംഭവസ്ഥാനമിവ വിലാസാനാം, സങ്കേതഭൂമിരിവ സകലനാരീഗുണാനാം– പാടലരുചിപദധൃതയാവകരസസജ്ജമാനരംഗഭൂമിഃ, കാഞ്ചനമയവേത്രലതാഞ്ചിതകരാ

ഞ്ചലകാഞ്ചുകീയസംഘസരഭസസമുത്സാര്യമാണസകലലോകസംദീയമാനസരണിഃ— മന്ദം മന്ദം മഹീപാലവൃന്ദതരംഗിതാം രംഗഭുവമലമകാർഷീൽ.

രംഗഭൂമിയിലേയ്ക്കു വന്ന ദമയന്തിയെ സവിസ്തരം വർണ്ണിക്കുന്നു:— അഥ സാ ദമയന്തീ രംഗഭുവം അലമകാർഷീൽ എന്നന്വയം. ശേഷമുള്ളതെല്ലാം ദമയന്തിയുടെ വിശേഷണങ്ങൾ. അനന്തരം ആ ദമയന്തി രംഗഭൂമിയെ അലങ്കരിച്ചു. എങ്ങനെയിരിക്കുന്നവളെന്നു വിശേഷണങ്ങളെക്കൊണ്ടു പറയുന്നു:— ലളിതതനുകാന്തിസമ്പദാ സുരസുന്ദരീഃ അപി ജയന്തീ=ലളിതമായ ശരീരത്തിന്റെ കാന്തിസമൃദ്ധികൊണ്ടു ദേവസുന്ദരിമാരെക്കൂടിയും ജയിക്കുന്നവൾ. മന്മഥമഹാവീരവൈജയന്തീ=കാമദേവനെന്ന മഹാവീരന്റെ വിജയക്കൊടിയായുള്ളവൾ. നിഖിലയുവജനമനാംസി മദയന്തീ=എല്ലാ യുവജനങ്ങളുടേയും മനസ്സുകളെ മദിപ്പിച്ചുകൊണ്ടിരിക്കുന്നവൾ. ഇവയെല്ലാം ദമയന്തിയുടെ പൂർവ്വകാലവിശേഷണങ്ങളാണ്. 'അതിലളിത' ഇത്യാദികൊണ്ടു പറയുന്ന വിശേഷണങ്ങൾ തൽക്കാലവിശേഷണങ്ങളായി അന്വയിക്കേണ്ടതാണ്. അതിലളിതകാകപക്ഷവിരാജമാനപുരോഭാഗൈഃ = അതിമനോഹരങ്ങളായ കാകപക്ഷങ്ങൾ(കുട്ടിക്കുടുമകൾ)കൊണ്ടു വിശേഷേണ ശോഭിക്കുന്ന പുരോഭാഗത്തോടുകൂടിയവരും. അഭിനവകാണ്ഡകോദണ്ഡമണ്ഡിതകരാഗ്രൈഃ=അഭിനവകാണ്ഡമായ (പുതിയ തണ്ടോടുകൂടിയവ) കോദണ്ഡം(വില്ല്)കൊണ്ടു മണ്ഡനംചെയ്യപ്പെട്ട (അലങ്കരിക്കപ്പെട്ട) കരാഗ്രങ്ങളോടുകൂടിയവരും. പരിവീതകലപുത്രമാത്രപരിവാരൈഃ=പരിവീതന്മാരായ (ചുറ്റിനില്ക്കുന്ന) കലപുത്രന്മാർമാത്രമാകുന്ന പരിവാരങ്ങളോടുകൂടിയവരും. ബാലൈഃ അപി അബാലാനുഭാവൈഃ=ബാലന്മാരാണെങ്കിലും അബാലമായ (വർദ്ധിച്ച) അനുഭാവത്തോടു (തേജോവിശേഷത്തോടു) കൂടിയവരുമായിരിക്കുന്ന. അവരജൈഃ=അനുജന്മാരാൽ. അലംകൃതപുരോഭാഗാ=അലങ്കരിക്കപ്പെട്ട പുരോഭാഗത്തോടുകൂടിയവളായിട്ട് (മുമ്പിൽ ദമ

യന്തിയുടെ സഹോദരന്മാർ നടന്നിരുന്നു.) കരകലിതകേളീശുകാദിലീലാസാധനാഭിഃ സഖീഭിഃ=കരകലിതങ്ങളായ (കയ്യിലെടുക്കപ്പെട്ട) കളിത്തത്ത മുതലായ കളിസാധനങ്ങളോടുകൂടിയ സഖിമാരാലും. മഹിതമണിദർപ്പണാദി.......കരതലാഭിഃ മംഗലവനിതാഭിഃ ച=ശ്രേഷ്ഠമായ മണിദർപ്പണം (രത്നക്കണ്ണാടി) തുടങ്ങിയ മംഗലപദാർത്ഥസമൂഹങ്ങളെക്കൊണ്ടു മധുരം (മനോഹരം) ആയ കരതലത്തോടുകൂടിയ മംഗല്യസ്ത്രീകളാലും. മഹീയമാനപാർശ്വഭാഗാ=മഹീയമാനങ്ങളായ (ബഹുമാനിക്കപ്പെടുന്ന) പാർശ്വഭാഗങ്ങളോടുകൂടിയവളായിട്ട്. സജലഘനാഘനശ്യാമളേന=സജലമായ ഘനാഘനം (വർഷിക്കുന്ന മേഘം)പോലെ ശ്യാമളവർണ്ണത്തോടുകൂടിയ. കോമളേന ദുകൂലതല്ലജേന=കോമളമായ വിശേഷപ്പെട്ട പട്ടുകൊണ്ട്. അവകുണ്ഠിതാംഗയഷ്ടിഃ അപി=അവകുണ്ഠിതമായ (മൂടപ്പെട്ട) അംഗയഷ്ടിയോടു(പ്രശസ്തശരീരത്തോടു)കൂടിയവളെങ്കിലും. കാന്തിപൂരസ്യ ഉച്ചതയാ=കാന്തിപ്രവാഹത്തിന്റെ ഉച്ചത(ആധിക്യം)കൊണ്ടും. പ്രച്ഛദസ്യ സൂക്ഷ്മതയാ ച=പ്രച്ഛദത്തിന്റെ (മൂടുപുടവയുടെ) നേർമ്മകൊണ്ടും. സുവ്യക്തദൃശ്യമാനസകലഗാത്രസന്നിവേശാ=നല്ലപോലെ വ്യക്തമായി കാണപ്പെടുന്ന ഗാത്രസന്നിവേശത്തോടു (അവയവസംസ്ഥാനത്തോടു)കൂടിയവളായിട്ട്. അനുരജനി..........തനായ=രജനിതോറും സന്തന്യമാനമായ (ചെയ്യപ്പെടുന്ന) വൈരത്തിന്റെ നിര്യാതനത്തിനുവേണ്ടി (വൈരനിര്യാതനം=പകവീട്ടൽ). ആനനാമൃതഭാനും അധഃകുർവാണേന=മുഖമാകുന്ന ചന്ദ്രനെ അധഃകരിച്ചുകൊണ്ടിരിക്കുന്ന. അന്ധതമസേന ഇവ=കൂരിരുട്ടോ എന്നു തോന്നുംവണ്ണമിരിക്കുന്നതും. അന്തരാലക്ഷ്യ............തയാ=അന്തർഭാഗത്തിങ്കൽ ആലക്ഷ്യമായ (അല്പം കാണാവുന്ന) ബന്ധുരം (മനോഹരം) ആയിരിക്കുന്ന മാലതീസൂനജാലത്തോടു (പിച്ചകപ്പൂനിരയോടു)കൂടിയതാകയാൽ. ഫേനില..........മല്ലേന=ഫേനിലമായ (നുരകലർന്ന) യമുനാപ്രവാഹത്തിന്റെ പ്രതിമല്ലം (വിരോധി—അതിനോടു തുല്യം) ആയിട്ടുള്ളതുമായ. ധമ്മില്ലേന=

തലമുടിക്കെട്ടുകൊണ്ട്. ശോഭമാനാ=ശോഭിച്ചിരിക്കുന്നവളായിട്ട്. അന്തർജ്ജൃംഭമാണ……………പത്രാഞ്ചിതേന=അന്തർഭാഗത്തിങ്കൽ വിരിഞ്ഞുകൊണ്ടിരിക്കുന്ന പഞ്ചായുധമഹാരാജന്റെ (കാമദേവനാകുന്ന മഹാരാജാവിന്റെ) പിഞ്ഛാതപത്രം (മയിൽപ്പീലികൊണ്ടുള്ള കുട)പോലെ മനോഹരമായി. അഞ്ചിത…………ഹൃദയതയാ=സുന്ദരമായ വദനകഞ്ജത്തിലെ (മുഖപത്മത്തിലെ) മഞ്ജുളമായ മധുവിന്റെ പാനം ചെയ്കയാൽ സഞ്ചിതമായ (വർദ്ധിച്ച) മദാടോപം (മദാധിക്യം)കൊണ്ടു വഞ്ചിക്കപ്പെട്ട ഹൃദയത്തോടുകൂടിയതാകയാൽ. ചഞ്ചലേതരയാ=ഇളക്കം കൂടാതിരിക്കുന്ന ചഞ്ചരീകപരമ്പരയാ ഇവ=ചഞ്ചരീകങ്ങളുടെ (വണ്ടുകളുടെ) പരമ്പരയോ എന്നു തോന്നുമാറുള്ള. കുന്തളാഭോഗേന=കുറുനിരക്കൂട്ടംകൊണ്ട്. ബന്ധുരിതവദനാരവിന്ദാ=ബന്ധുരിതമായ (മനോഹരമാക്കപ്പെട്ട) മുഖാരവിന്ദത്തോടുകൂടിയവളായിട്ട്. ഫാലബാലചന്ദ്രകളങ്കാങ്കരേണ ഇവ=നെറ്റിയാകുന്ന ബാലചന്ദ്രന്റെ കളങ്കശകലംപോലെയും. മഹീപതി…………താലവൃന്തേന ഇവ=മഹീപതിനിവഹങ്ങളുടെ (സ്വയംവരത്തിനു വന്ന മഹാരാജസമൂഹങ്ങളുടെ) മനോഭവാഗ്നിയെ (കാമത്തീയിനെ) സന്ധുക്ഷണം ചെയ്യുന്നതിനുള്ള (വീശിക്കത്തിക്കുന്നതിനുള്ള) ആനീലമായ (ഇളന്നീലനിറമുള്ള) വിശറിയെപ്പോലെയും. കചനിചയ…………കജ്ജളബിന്ദുനാ. ഇവ=കചനിചയത്തിലും കുന്തളാഭോഗത്തിലും നീലിമനിർമ്മാണം (നീലനിറം കൊടുക്കൽ) നിരന്തരായമായി(വിഘ്നംകൂടാതെ സമാപിക്കുന്നതിൽ) സാകാംക്ഷനായ (ആഗ്രഹത്തോടുകൂടിയ) ചിത്തയോനി (കാമൻ) ആകുന്ന. ചിത്രകാരന്റെ ഹസ്തത്തിങ്കൽ ധൃതമായ (എടുക്കപ്പെട്ട) വർത്തി(തിരി)കൊണ്ടു കല്പിതമായ കരിവദനാരാധനത്തിങ്കൽ (ഗണപതിപൂജയിൽ) ഉള്ള കജ്ജളബിന്ദു (മഷിത്തുള്ളി) എന്നപോലെയുമിരിക്കുന്ന. കസ്തൂരികാകല്പിതേന=കസ്തൂരികൊണ്ടുണ്ടാക്കപ്പെട്ട തിലകാഭോഗേന=വിശാലമായ പൊട്ടുകൊണ്ട്. ശോഭമാനനിടലഭാഗാ=ശോഭിച്ചുകൊണ്ടിരിക്കുന്ന നിടിലഭാഗത്തോടു (നെറ്റിത്ത

ടത്തോടു) കൂടിയവളായിട്ട്. വദന.......തോരണാഭ്യാം=മുഖമാകുന്ന മണിഗൃഹത്തിന്റെ രത്നതോരണങ്ങളായും. നയനശഫര........ഹല്ലോഹലാഭ്യാം=നയനങ്ങളാകുന്ന ശഫരങ്ങളാൽ (കരിമീനുകളാൽ) ചലിതമായ (ഇളക്കപ്പെട്ട) വദനലാവണ്യവാപിയിലെ (മുഖസൌന്ദര്യമാകുന്ന പൊയ്കയിലെ) കല്ലോലഹല്ലോഹലങ്ങൾ (തിരമാലയടികൾ) ആയുമിരിക്കുന്നു. ചില്ലീമതല്ലികാഭ്യാം=ശ്രേഷ്ഠങ്ങളായ ചില്ലികൾ (പുരികക്കൊടികൾ) കൊണ്ട്. ഉല്ലസിതകല്യാണകാന്തിഃ=ഉല്ലസിച്ച കല്യാണകാന്തിയോടു (മോഹനകാന്തിയോടു) കൂടിയവളായിട്ട് അനൂനബല.......ധുരീണാഭ്യാം=അനൂനമായ (തികഞ്ഞ) ബലത്തോടുകൂടിയ വനേചരന്മാരാൽ (കാട്ടാളന്മാരാൽ) ആബദ്ധയായ (ബന്ധിക്കപ്പെട്ട) വാഗുരയിൽ (വലയിൽ) ഉള്ള പതനത്തിന്റെ സമയത്തിങ്കൽ സമാസന്നമായ (അടുത്തണഞ്ഞ) കുന്തഘാതത്തിൽ (കുന്തപ്രഹരത്തിൽ) നിന്നുള്ള സന്ത്രാസഭരത്തിന്റെയും (ഭയാധിക്യത്തിന്റെയും) സംഭ്രാന്തിയുടെയും വേഗംകൊണ്ടു ബംഭ്രമ്യമാണയായ (ഏററവും ഭ്രമിക്കുന്ന) ഹരിണതരുണിയുടെ (മാൻപേടയുടെ) വിലോചനാഞ്ചലവിലാസജാലത്തെ (കൺമിഴിത്തെല്ലിന്റെ കളിയെ) വിമതീകരിക്കുന്നതിൽ (ധിക്കരിക്കുന്നതിൽ) നൈപുണിയെ (നൈപുണ്യത്തെ) വഹിക്കുന്നവയായും [ബലവാന്മാരായ കാട്ടാളന്മാർ കെട്ടിയ വലയിൽ മാൻപേട ചെന്നു ചാടാററായി. ചാടുന്നതോടുകൂടി വേടന്മാർ കുന്തംകൊണ്ടു കുത്തുവാൻ ഒരുങ്ങിനില്ക്കുകയും ചെയ്യുന്നു. ആ സന്ദർഭത്തിൽ ഭയവും പരിഭ്രമവും വർദ്ധിച്ചു ഭ്രമിച്ചുപോകുന്ന മാൻപേടയുടെ കണ്ണുകളിലെ കളികളെ നിസ്സാരമാക്കുന്നവ എന്നർത്ഥം] പവനാഹതിചലയമുനോല്പലദളകമനീയാഭ്യാം=കാററടികൊണ്ടിളകിയ യമുനാനദിയിലെ നീലോല്പലദളങ്ങൾപോലെ കമനീയങ്ങൾ (സുന്ദരങ്ങൾ) ആയും. ചിത്തയോനിനർത്തകോത്തമനൃത്തരംഗാഭ്യാം=കാമനാകുന്ന നർത്തകോത്തമന്റെ (ശ്രേഷ്ഠനായ ആട്ടക്കാരന്റെ) നൃത്തരംഗങ്ങളായും. ഉത്തരംഗാഭ്യാം=തിരയടിക്കുന്നവ(തിരകൾപോലെ

വികാരസമൂഹങ്ങളും കളിച്ചുകൊണ്ടിരിക്കുന്ന)യായുമിരിക്കുന്നു. വിലോചനാഭ്യാം=കണ്ണുകളെക്കൊണ്ട്. വിശ്വമഹീപാലമനാംസി=സകലരാജാക്കന്മാരുടേയും മനസ്സുകളെ. വിലോഭയന്തീ=വിശേഷേണ മോഹിപ്പിക്കുന്നവളായിട്ട്. വദനസുധാകരോഭയപാർശ്വസന്നിഹിതാഭ്യാം=മുഖമാകുന്ന ചന്ദ്രന്റെ ഇരുപാർശ്വങ്ങളിലും വന്നുചേർന്ന. സുരാസുരപുരോഹിതാഭ്യാം ഇവ=സുരപുരോഹിതൻ (ബൃഹസ്പതി) അസുരപുരോഹിതൻ (ശുക്രൻ) എന്നിവരോ എന്നു തോന്നുമാറും. പരിവേഷമണ്ഡലാഭ്യാം ഇവ=വൃത്താകാരേണയുള്ള പരിവേഷങ്ങളോ എന്നു തോന്നുമാറുമിരിക്കുന്നവയും. നക്രകേതുചക്രവർത്തിചക്രാഭ്യാം=നക്രകേതു (മകരധ്വജനായ കാമൻ) ആകുന്ന ചക്രവർത്തിയുടെ ചക്രായുധങ്ങളും. കർണ്ണപാശലക്ഷ്യാഭ്യാം=കർണ്ണപാശങ്ങളിൽ (ഭംഗിയുള്ള കർണ്ണങ്ങളിൽ) കാണപ്പെടുന്നവയുമായ. സ്വർണ്ണതാടങ്കാഭ്യാം=സ്വർണ്ണകുണ്ഡലങ്ങളെക്കൊണ്ട്. വർണ്ണനീയവദനശോഭാ=വർണ്ണിക്കപ്പെടുവാൻ യോഗ്യമായ മുഖശോഭയോടുകൂടിയവളായിട്ട്. അതിബഹുളകാന്തിപൂരതയാ=അതിബഹുളമായ (ഏററവും വർദ്ധിച്ച) കാന്തിപൂരത്തോടുകൂടിയവയാകയാൽ. പ്രതിഫലിച്ചതായ മണിതാടങ്കങ്ങളുടെ (രത്നകുണ്ഡലങ്ങളുടെ) മണ്ഡലങ്ങളോടുകൂടിയവയും. മുകരചികുരഗ്രഹണശീലാഭ്യാം=മുകരത്തെ (കണ്ണാടിയെ) ചികുരഗ്രഹണം ചെയ്യുന്ന(തലയിൽ പിടിച്ചുതള്ളുന്ന) സ്വഭാവത്തോടുകൂടിയവയുമായ. കപോലാഭ്യാം=കവിൾത്തടങ്ങളെക്കൊണ്ട്. അതിഭാസമാനാ=ഏററവും ശോഭിക്കുന്നവളായിട്ട്. നയനാമൃതപ്രവാഹസേതുഭൂതയാ=നയനമാകുന്ന അമൃതപ്രവാഹത്തിനു സേതു (ചിറ) ആയിട്ടുള്ളതും. നിജസൌന്ദര്യനിന്ദിതകനകാരവിന്ദകർണ്ണികയാ=തന്റെ സൌന്ദര്യംകൊണ്ടു കനകാരവിന്ദത്തിന്റെ(പൊൻതാമരപ്പൂവിന്റെ)കർണ്ണികയെ നിന്ദിച്ചതുമായിരിക്കുന്ന (അതിനേക്കാളും അധികം ശോഭയുള്ള). നാസികയാ=മൂക്കുകൊണ്ട്. നിരതിശയാം കാന്തിം ആവഹന്തീ=എതിരില്ലാത്ത കാന്തിയെ ഒഴുക്കിക്കൊണ്ടിരിക്കുന്നവളായിട്ട്. രാഗരത്നാ...പാടച്ചരേണ=രാഗമാകുന്ന രത്നാകരത്തിൽ (സമു

ത്തിൽ) നിന്നുദിക്കുന്ന വിദ്രുമച്ഛേദത്തിന്റെ (പവിഴഖണ്ഡത്തിന്റെ) പാടലിമയുടെ (പാടലവൎണ്ണത്തിന്റെ) പാടച്ചരൻ (ചോരൻ) ആയിട്ടുള്ളതും. യൌവന.......സന്ദേഹാദനേ=യൌവനമാകുന്ന സാൎവ്വഭൌമന്റെ സുന്ദരമായ ആന്ദോളിക (പല്ലക്ക്) ആണോ എന്നു സന്ദേഹത്തെ നല്കുന്നതും. സകല.......നികേതനേന=സകലകാമുകന്മാരുടേയും അനുരാഗത്തിനു സങ്കേതനികേതനം (സങ്കേതസ്ഥാനം) ആയിരിക്കുന്നതും. പ്രസവശര.......പ്രതിമേന=പ്രസവശരൻ (കാമൻ) ആകുന്ന മഹാവീരന്റെ പ്രതാപോദയത്തോടു പ്രതിമ (സാദൃശ്യം) ഉള്ളതുമായിരിക്കുന്ന. അധരപല്ലവേന=തളിരുപോലുള്ള അധരംകൊണ്ട്. അധികൃതചാരുശോഭവദനാരവിന്ദാ=അധികൃതമായ (അധികമാക്കപ്പെട്ട) ചാരുശോഭയുള്ള മുഖാരവിന്ദത്തോടുകൂടിയവളായിട്ട് [വിദ്രുമഖണ്ഡത്തെക്കാൾ അധികം പാടലവൎണ്ണമായും, യൌവനസാൎവ്വഭൌമന്നു് ഇരിപ്പാനുള്ള പല്ലക്കാണോ എന്നു സന്ദേഹം തോന്നിക്കുന്നതായും, സകലകാമുകന്മാരുടേയും അനുരാഗത്തിനു സങ്കേതസ്ഥാനമായും, കാമദേവന്റെ പ്രതാപംതന്നെ ഉദിച്ചിരിക്കയാണോ എന്നു തോന്നിക്കുന്നതുമായ അധരം മുഖാരവിന്ദത്തിനു സ്വതേയുള്ള ശോഭയെ അധികമാക്കിയിരുന്നു എന്നു സാരം.] വദനകമലനാളോപമേന=മുഖമാകുന്ന താമരപ്പൂവിന്റെ തണ്ടുപോലെയിരിക്കുന്നതും. കമലനയനകന്ദോപമേന=കമലതുല്യമായ കണ്ണിന്റെ കന്ദം (കിഴങ്ങ്) പോലിരിക്കുന്നതും. കംബുരാജബിംബോകവിഡംബകേന=കംബുരാജന്റെ (ശ്രേഷ്ഠമായ ശംഖിന്റെ) ബിംബോകത്തെ (വിലാസവിശേഷത്തെ) പരിഹസിക്കുന്നതും. അഭംഗുര.......രമണീയേന=അഭംഗുരമായ (ഭംഗമില്ലാത്ത) മംഗലസൂത്രം (മംഗല്യച്ചരട്) ആകുന്ന മിത്രത്തിന്റെ ലാഭംകൊണ്ടുള്ള പരിതോഷംഹേതുവായിട്ടു സവിശേഷമാകുമാറു രമ്യമായ രേഖാത്രിതയം (മൂന്നു വരകൾ) കൊണ്ടു രമണീയമായിരിക്കുന്നതുമായ. കണ്ഠകാണ്ഡേന=പ്രശസ്തമായ കഴുത്തുകൊണ്ട്. കാമപി കമനീയതാം=ഏതോ ഒരു (ഇന്നവിധത്തിലുള്ളതെന്നു പറയുവാൻ വയ്യാത്ത) കമ

നീയതയെ. ആബിഭ്രാണാ=വഹിച്ചുകൊണ്ടിരിക്കുന്നവളായിട്ട്. [മു
ഖമാകുന്ന പത്മത്തിന്റെ തണ്ടുപോലെയും നേത്രപത്മത്തിന്റെ
കിഴങ്ങുപോലെയുമിരിക്കുന്നതും, ശംഖസമാനവും, മംഗല്യസൂത്രമാ
കുന്ന ചരടിനെ കിട്ടുന്നതുകൊണ്ടു സവിശേഷം ശോഭിക്കുന്ന രേ
ഖാത്രയത്തോടുകൂടിയതുമായ കഴുത്ത് അവാച്യമായ ഒരു കമനീയത
യെ ഉളവാക്കിക്കൊണ്ടിരുന്നു.] പ്രതിനവ......മേദുരിതാഭ്യാം=പ്ര
തിനവങ്ങളായ (പുതിയ) കനകംകൊണ്ടുള്ള അംഗദങ്ങൾ (തോൾ
വളകൾ) കടകങ്ങൾ (കൈവളകൾ) എന്നിവയുടെ ആവലികളിൽ
(സമൂഹങ്ങളിൽ) പ്രത്യുപ്തങ്ങളായ (പതിക്കപ്പെട്ട) പ്രത്യഗ്രമണിപ്ര
വേകങ്ങളുടെ (പുതിയ വിശേഷപ്പെട്ട രത്നങ്ങളുടെ) പ്രഭാപ്രഭാവം
കൊണ്ടു മേദുരിതങ്ങൾ (സാന്ദ്രങ്ങൾ) ആയിട്ടുള്ളവയും. അല്പീകൃതക
ല്പലതാഭ്യാം=കല്പകവള്ളികളെ അല്പീകരിച്ചവ (നിസ്സാരമാക്കിയവ)
ആയിരിക്കുന്നവയും. ആഗൃഹീത......പുരോഭാഗാഭ്യാം=ആഗൃഹീത
മായ (എടുക്കപ്പെട്ട) വരണമാലികയുടെ ആമോദത്തിൽ (സൌരഭ്യ
ത്തിൽ) ഉള്ള കൌതുകോദ്രേകം (കൌതുകാതിശയം) കാരണം വിച
ലത്തായ=ഇളകിപ്പറക്കുന്ന അളിപടലത്തിന്റെ (വണ്ടിൻകൂട്ടത്തി
ന്റെ) ഗളങ്ങളിൽനിന്നു വിഗളിക്കുന്ന (പുറപ്പെടുന്ന) അതിബഹുള
മായ (ഏറ്റവും വർദ്ധിച്ച) കളകളങ്ങളോടു മിളിതമായ പുരോഭാഗ
ത്തോടുകൂടിയവയും. വദനലാവണ്യസുധാപ്രവാഹാഭ്യാം=മുഖസൌ
ന്ദര്യമാകുന്ന സുധയുടെ പ്രവാഹങ്ങളായിട്ടുള്ളവയുമായ. ഭുജലതാ
ഭ്യാം=ലതാതുല്യങ്ങളായ കൈകളെക്കൊണ്ട്. വിഭാസമാനാ=വിശേ
ഷേണ ശോഭിച്ചുകൊണ്ടിരിക്കുന്നവളായിട്ട്. [സ്വർണ്ണംകൊണ്ടുള്ള
തോൾവളകളിലും കൈവളകളിലും പതിച്ച വിലയേറിയ രത്നങ്ങ
ളുടെ പ്രഭാതിശയംകൊണ്ട് അധികം ശോഭയുള്ളവായവയും, കല്പക
ലതകളെ നിസ്സാരമാക്കിയവയും, സ്വയംവരമാലയുടെ സൌരഭ്യ
ത്തിൽ ഭ്രമിച്ചു പറന്നുവന്ന വണ്ടുകളുടെ കളകളനാദംപൂണ്ട അഗ്ര
ഭാഗത്തോടുകൂടിയവയും, മുഖലാവണ്യമാകുന്ന അമൃതത്തിന്റെ ഒഴു
ക്കുകളോ എന്നു തോന്നുമാറിരിക്കുന്നവയുമായ ഭുജലതകൾ അനല്പമാ

യ ശോഭയുണ്ടാക്കിക്കൊണ്ടിരുന്നു] ഖചിതവിവിധ......പുരസ്ഥലം=ഖചിതങ്ങളായ (പതിക്കപ്പെട്ട) വിവിധമണികളുടെ കിരണജാലം (രശ്മിസമൂഹം) ആകുന്ന ബാലാതപം(ഇളവെയിൽ)കൊണ്ടു പരിഷ്കൃതമായ (അലംകൃതമായ) പുരോഭാഗത്തോടുകൂടിയതും. ഉരസ്ഥലോല്ലസിതം=മാറിടത്തിങ്കൽ ഉല്ലസിച്ചതുമായ. സ്ഥാലീഭൂഷണം=താലി എന്ന ആഭരണത്തെ. പൂഷണം മന്വാനാഭ്യാം=പൂഷാവ് (സൂര്യൻ) ആണെന്നു വിചാരിക്കുന്നവയും. അനവരതം അവിരഹിതാഭ്യാം=എപ്പോഴും വേർപിരിയാതിരിക്കുന്നവയുമായ. ചക്രവാകാഭ്യാം ഇവ=രണ്ടു ചക്രവാകപ്പക്ഷികളോ എന്നു തോന്നുമാറിരിക്കുന്നവയായും. മദനമഹാരാജവിഹാരാചലാഭ്യാമിവ=കാമമഹാരാജാവിന്റെ രണ്ടു കളിക്കുന്നുകളോ എന്നു തോന്നുംവണ്ണമിരിക്കുന്നവയും. കന്ദർപ്പസുന്ദരികന്ദുകാഭ്യാമിവ=കന്ദർപ്പസുന്ദരിയുടെ (രതിദേവിയുടെ) കന്ദുകങ്ങൾ (കളിപ്പന്തുകൾ) ആണോ എന്നു തോന്നുംവണ്ണമുള്ളവയും. ബഹളലാവണ്യ....മഞ്ജരീഭ്യാം ഇവ=ബഹളമായ (ധാരാളമായ) ലാവണ്യമാകുന്ന ദോഹളം (വളം)കൊണ്ടു പൂരിതമായ നാഭീകുഹരം (ഗുഹപോലെയുള്ള നാഭി) ആകുന്ന ആലവാലത്തിൽ (തടത്തിൽ)നിന്നു നിർഗ്ഗച്ഛന്തിയും (നിർഗ്ഗമിക്കുന്നതും) അതുച്ഛമായ കാന്തിയോടുകൂടിയതുമായ രോമരാജിയാകുന്ന മന്ദാരവല്ലിയുടെ (കല്പകലതയുടെ) രണ്ടു മഞ്ജരികളോ (പൂങ്കുലകളോ) എന്നു തോന്നുംവണ്ണമിരിക്കുന്നവയും. പ്രതിക്ഷണ.......കുംഭാഭ്യാം ഇവ=ക്ഷണംതോറും വളർന്നുവരുന്ന താരുണ്യം (യൌവനം) ആകുന്ന മത്തഗജത്തിന്റെ രണ്ടു കുംഭങ്ങൾ (മസ്തകത്തിന്മേലുള്ള മുഴകൾ) ആണോ എന്നു തോന്നുംവണ്ണമുള്ളവയും, കാമുക....പേടീഭ്യാം ഇവ=കാമുകജനത്തിന്റെ ഹൃദയം ആകർഷിപ്പാനുള്ള ഔഷധം ആക്കിവെക്കുന്നതിന്നായുള്ള രണ്ടു പേടികൾ (പെട്ടികൾ അഥവാ ചെപ്പുകൾ) ആണോ എന്നു തോന്നുംവണ്ണമുള്ളവയും, മംഗലദേവതാവാസപീഠാഭ്യാം ഇവ=മംഗലദേവതയ്ക്കു (ലക്ഷ്മീദേവിക്കു) വസിക്കുന്നതിനുള്ള രണ്ടു പീഠങ്ങളോ എന്നു തോന്നുംവണ്ണമുള്ളവയും. സരോജസായക......

കുംഭാഭ്യാം ഇവ=താമരപ്പൂവമ്പനായ കാമദേവന്റെ സാമ്രാജ്യപട്ടാഭിഷേകത്തിനുള്ള രണ്ടു പൂൎണ്ണകുംഭങ്ങളോ എന്നു തോന്നുംവണ്ണമുള്ളവയും. വൃത്തോത്തുംഗനിസ്തലാഭ്യാം=വൃത്തങ്ങളും ഉന്നതങ്ങളും നിസ്തലങ്ങളുമായവയും. അതിവിപുലാ.......വിസ്താരാഭ്യാം=അതിവിപുലമായ ആഭോഗം (വിശാലത)കൊണ്ടു വക്ഷസ്ഥലത്തിന്റെ വിസ്താരത്തെ ചുരുക്കിയവയും. ഉന്മുഖാഭ്യാം=ഉയൎന്ന മുഖത്തോടുകൂടിയവയുമായിരിക്കുന്ന. ഉരോജകുംഭാഭ്യാം=കൊങ്കക്കുടങ്ങളെക്കൊണ്ടു്. ഉച്ചാടിതമഹീപാലജാലധൈൎയ്യസാരാ = മഹീപാലജാലത്തിന്റെ (രാജസമൂഹത്തിന്റെ) ധൈൎയ്യസാരത്തെ ഉച്ചാടനം ചെയ്തവളായിട്ടു് [മാറിടത്തിൽ ശോഭിക്കുന്ന താലി കണ്ടിട്ടു സൂൎയ്യനാണെന്നു് അന്ധാളിച്ചു വന്നുചേൎന്ന ചക്രവാകമിഥുനങ്ങളാണോ എന്നും, മദനമഹാരാജാവിന്റെ കളിക്കുന്നുകളാണോ എന്നും, രതിദേവിയുടെ കളിപ്പന്തുകളാണോ എന്നും, ലാവണ്യമാകുന്ന വെള്ളം ചേൎത്ത നാഭീകുഹരമാകുന്ന തടത്തിൽനിന്നു മുളച്ചുപൊങ്ങിയ രോമരാജിയാകുന്ന മന്ദാരവല്ലിയുടെ രണ്ടു പൂങ്കുലകളാണോ എന്നും, ക്ഷണംതോറും വളരുന്ന യൌവനമാകുന്ന മത്തഗജത്തിന്റെ മസ്തകത്തിലുള്ള രണ്ടു മുഴകളാണോ എന്നും, കാമുകന്മാരുടെ ഹൃദയമാകൎഷിപ്പാനുള്ള സിദ്ധൌഷധമാക്കിവെച്ച രണ്ടു ചെപ്പുകളാണോ എന്നും, ലക്ഷ്മീദേവിക്കു് ഇരുന്നരുളുവാനുള്ള പീഠങ്ങളാണോ എന്നും, കാമദേവനു സാമ്രാജ്യപട്ടാഭിഷേകം ചെയ്വാനുള്ള രണ്ടു പൂൎണ്ണകുംഭങ്ങളാണോ എന്നും സ്തനങ്ങളെ ഉൽപ്രേക്ഷിച്ചിരിക്കുന്നു. അപ്രകാരമുള്ള സ്തനങ്ങളെക്കൊണ്ടു ദമയന്തി സ്വയംവരത്തിനെത്തിയ മഹാരാജാക്കന്മാരുടെ ധൈൎയ്യസാരത്തെ ഉച്ചാടനം ചെയ്തുകൊണ്ടിരുന്നു.] അതിപ്രഭ.... സാധനാഭ്യാം ഇവ=അതിയായ പ്രഭയുള്ള ശതക്രതുപലം (ഇന്ദ്രനീലരത്നം)കൊണ്ടുണ്ടാക്കിയ കുചസുധാകലശപിധാനസാധനങ്ങൾ (സ്തനങ്ങളാകുന്ന അമൃതകുംഭങ്ങളെ അടയ്ക്കുന്നതിനുള്ള അടപ്പുകൾ) എന്നു തോന്നുംവണ്ണവും. വിശദവിശ്രുത.......ഗുളികാഭ്യാം ഇവ=വിശദത്തിൽ കേൾവിപ്പെട്ട മദനനാകുന്ന മാന്ത്രികന്റെ രണ്ടു വ

ശൃംഗളികകളോ എന്നു തോന്നുംവണ്ണവുമിരിക്കുന്ന. മേചകാളൃാം= കറുത്ത. ചൂചുകാളൃാം=മുലക്കണ്ണുകളെക്കൊണ്ട്. അതിശോഭമാനാം= ഏറ്റവും ശോഭിക്കുന്നവളായിട്ട്. കുചശിഖരി........സാരിണ്യാ= കുചങ്ങളാകുന്ന ശിഖരികളുടെ (മലകളുടെ) കടകത്തിൽ (ചെരുവിൽ)നിന്നു നിസ്സരിക്കുന്ന (പുറപ്പെടുന്ന) ഉദാരലാവണ്യസുധയുടെ (മനോഹരമായ ലാവണ്യാമൃതത്തിൻെറ) സാരിണിയായും (ഒഴുക്കായും). പ്രപഞ്ച........വർണ്ണാവല്യാ=പ്രപഞ്ചങ്ങളുടെ ജയംകൊണ്ട് ആർജ്ജിക്കപ്പെട്ട പഞ്ചസായകൻെറ (കാമൻെറ) പ്രശസ്തിവർണ്ണാവലി (പ്രശസ്തിയെക്കുറിക്കുന്ന അക്ഷരക്കൂട്ടം) ആയുമിരിക്കുന്ന. രോമാവല്യാ=രോമാവലികൊണ്ടും. ചലദല........ഭിദുരേണ=ചലദലത്തിൻെറ (അരയാലിൻെറ) ദലങ്ങളുടെ (ഇലകളുടെ) വിലാസത്തെ ഭേദിക്കുന്നതായ. ഉദരേണ ച=വയറുകൊണ്ടും. ഉദാരതരാം കാന്തിം ഉദ്വഹന്തീ=അതിമനോഹരമായ കാന്തിയെ ചൊരിഞ്ഞുകൊണ്ടിരിക്കുന്നവളായിട്ട്. നിജസലില........സൈകതേന ഇവ=തൻെറ സലിലങ്ങളുടെ (ജലങ്ങളുടെ) സമ്പൂർണ്ണസാരിണിയാൽ (സമ്പൂർണ്ണമായ ഒഴുക്കിനാൽ) പരിക്ഷിപ്തമായ (ചുറ്റപ്പെട്ട) സരസ്വതീസൈകതം (സരസ്വതീനദിയുടെ മണൽത്തിട്ട്) ആണോ എന്നും പാടല........മണ്ഡലേന ഇവ=പാടലവർണ്ണമായ പരിവേഷത്താൽ ചുറ്റപ്പെട്ട പങ്കജാരാതിമണ്ഡലം (ചന്ദ്രബിംബം) ആണോ എന്നും. ലളിതകളധൌത........നഗരോത്തമേന ഇവ=ലളിതമായ കളധൌതത്താൽ (സ്വർണ്ണത്താൽ) കലിതവും വിപുലവുമായ സാലം (മതിൽ) കൊണ്ടു ചുറ്റപ്പെട്ട നളിനശരനഗരോത്തമം (കാമദേവൻെറ ശ്രേഷ്ഠരാജധാനി) ആണോ എന്നും തോന്നുമാറിരിക്കുന്നതും. അതിസുഭഗകാഞ്ചിദാമാഞ്ചിതേന=അതിസുന്ദരമായ കാഞ്ചിദാമം (അരഞ്ഞാൺ)കൊണ്ടലംകൃതവുമായ. നിതംബബിംബേന=അരക്കെട്ടുകൊണ്ട്. നിഖിലനൃപമണ്ഡലീം ഉന്മാദയന്തീ=എല്ലാം നൃപസമൂഹത്തേയും ഉന്മാദം പിടിപ്പിച്ചുകൊണ്ടിരിക്കുന്നവളായിട്ട്. [അരഞ്ഞാണുകൊണ്ടു ചുറ്റിയ അരക്കെട്ടിനെ ജലപ്രവാഹത്താൽ ചുറ്റപ്പെട്ട സര

സ്വാതീസൈകതത്തോടും, പരിവേഷത്താൽ വളയപ്പെട്ട ചന്ദ്രബിംബത്തോടും, പൊന്മതിലുകൊണ്ടു വലയംചെയ്യപ്പെട്ട കാമദേവനഗരത്തോടും ഉൽപ്രേക്ഷിച്ചിരിക്കുന്നു.] മത്തവേതണ്ഡ......പണ്ഡിതാഭ്യാം=മത്തവേതണ്ഡത്തിന്റെ (മദിച്ച ആനയുടെ) ശുണ്ഡാദണ്ഡത്തിന്ന് (തുമ്പിക്കയ്യിന്ന്) ഉള്ള ദർപ്പത്തെ (അഹങ്കാരത്തെ) ഖണ്ഡിക്കുന്നതിൽ പണ്ഡിതങ്ങൾ (വിദഗ്ദ്ധങ്ങൾ) ആയും. അനഘ...ലമ്പടാഭ്യാം=അനഘങ്ങളായ (നിർമ്മലങ്ങളായ)...കനകരംഭാസ്തംഭങ്ങളുടെ (പൊൻവാഴത്തണ്ടുകളുടെ) ദർപ്പത്തെ (ഗർവ്വത്തെ) കമ്പനം ചെയ്യുന്നതിൽ ലമ്പടങ്ങൾ (താല്പര്യമുള്ളവ) ആയുമിരിക്കുന്ന ഊരുസ്തംഭാഭ്യാം=സ്തംഭതുല്യങ്ങളായ തുടകളെക്കൊണ്ട്. ഊരീകൃതശോഭാതിശയം=ഊരീകൃതമായ (സ്വീകരിക്കപ്പെട്ട) ശോഭാധിക്യത്തോട് കൂടിയവളായിട്ട്. അഖിലയുവ......സമുന്മുഖാഭ്യാം=എല്ലാ യുവാക്കന്മാരുടേയും മനസ്സുകളാകുന്ന രത്നങ്ങളെ സംഗ്രഹിക്കുന്നതിന്ന് (വശീകരിക്കുന്നതിന്ന്) ഉന്മുഖങ്ങളായും. അന്തർഗതാഭ്യാം=പുറത്തേയ്ക്കു തുറിച്ചുനില്ക്കാത്തവയായുമുള്ള. ജാനുഭ്യാം=കാൽമുട്ടുകൾകൊണ്ടും. പങ്കജശര......ജംഘാലാഭ്യാം=പങ്കജശരനായ മഹാവീരന്റെ പ്രതാപത്തോടുകൂടിയ മംഗലങ്ങളായ മണിനിഷംഗങ്ങളുടെ (രത്നമയങ്ങളായ ആവനാഴികളുടെ) ഭംഗിയെ ലംഘനംചെയ്യുന്നതിൽ (അതിക്രമിക്കുന്നതിൽ) ജംഘാലങ്ങൾ (വേഗമേറിയവ) ആയിരിക്കുന്ന. ജംഘാഭ്യാം=കണങ്കാലുകളെക്കൊണ്ടും. ജഗന്നയനപീയൂഷം ഉദ്വമന്തീ=ലോകത്തിന്റെ കണ്ണുകളിൽ അമൃതത്തെ ചൊരിഞ്ഞുകൊണ്ടിരിക്കുന്നവളായിട്ട്. മദകള....ശിഞ്ജിതാഭ്യാം=മദത്താൽ മനോഹരയായ മരാളമഹിളയുടെ (അരയന്നപ്പിടയുടെ)പോലെ മനോഹരമായിരിക്കുന്ന സഞ്ചാരസമയത്തിങ്കൽ സംജായമാനമായ(ഉണ്ടാകുന്ന) മഞ്ജുവായ ശിഞ്ജിതത്തോടു (കിലുക്കത്തോടു) കൂടിയവയായ. മണിമഞ്ജീരാഭ്യാം=രത്നച്ചിലങ്കകളെക്കൊണ്ട്. മാംഗലികം=മംഗലാർത്ഥകമായ. മാന്മഥീം സ്തുതിം=മന്മഥനെസ്സംബന്ധിച്ചുള്ള സ്തുതിയെ. ആമ്രേഡയന്തീ ഇവ=ആമ്രേഡനം ചെയ്യുന്നവൾ (തുടരെത്തു

ടരെപ്പോട്ടന്നവരം) ആണോ എന്നു തോന്നുമാറിരിക്കുന്നവളായിട്ട് [രത്നമയങ്ങളായ കാൽച്ചിലങ്കകളുടെ കിലുക്കത്തെ കാമദേവനെക്കുറിച്ചുള്ള സ്തുതിഗാനമായി ഉൽപ്രേക്ഷിച്ചിരിക്കുന്നു.] കച്ഛപ.... ....ശീലാഭ്യാം=കച്ഛപങ്ങളുടെ (ആമകളുടെ) ഛവിയെ (ശോഭയെ) തുച്ഛമാക്കുന്ന ശീലത്തോടുകൂടിയ. ഉജ്ജ്വലാഭ്യാം=പ്രകാശമാനങ്ങളായ. പ്രപദാഭ്യാം=പുറവടികളെക്കൊണ്ടും. ആനനസരസി.... ....ശകലൈഃ ഇവ=ആനനസരസിജത്തിന്റെ (മുഖപത്മത്തിന്റെ) ആമർദ്ദം (മർദ്ദനം) ആകുന്ന ദർപ്പശയികൾ ജർജ്ജരിതനായ (ഛിന്നഭിന്നനായ) ശശാങ്കന്റെ ശകലങ്ങളോ എന്നു തോന്നുമാറിരിക്കുന്നവയും. ശരണാർത്ഥിഭിഃ ചരണാന്തം ആശ്രിതൈഃ=ശരണാർത്ഥികളും ചരണാന്തത്തെ (പാദമൂലത്തെ) ആശ്രയിച്ചവയുമായ. നഖമണിഭിഃ മ=മണികാരംപോലെയുള്ള നഖങ്ങളെക്കൊണ്ടും. നിഖിലഹൃദയം=എല്ലാവരുടേയും ഹൃദയത്തെ. ആലോളയന്തീ=ഇളക്കിമറിച്ചുകൊണ്ടിരിക്കുന്നവളായിട്ട് [ചന്ദ്രനും ദമയന്തിയുടെ മുഖാരവിന്ദവും തമ്മിൽ ഉണ്ടായ അങ്കംവെട്ടലിൽവെച്ച് ചന്ദ്രൻ തോററ് അനവധി ഖണ്ഡങ്ങളായി മുറിഞ്ഞു. ആ ഖണ്ഡങ്ങൾ പിന്നീടു ശരണം പ്രാർത്ഥിച്ചുകൊണ്ടു കാല്ക്കൽ വന്ന് ആശ്രയിച്ചു. അങ്ങിനെയുള്ള ചന്ദ്രഖണ്ഡങ്ങളാണോ എന്നു തോന്നും ദമയന്തിയുടെ നഖങ്ങളെക്കണ്ടാൽ എന്നുൽപ്രേക്ഷിച്ചിരിക്കുന്നു.]

ഇങ്ങിനെ ദമയന്തിയെ കേശംമുതൽ പാദംവരെ വർണ്ണിച്ചതിനുശേഷം മല്ലീഷദംഗിയെ അവലംബിച്ചു പ്രകാരാന്തരേണ വർണ്ണിക്കുന്നു:—ദിനകരോദയവേലാ ഇവ=സൂര്യോദയസമയമെന്നപോലെ. ഗൌരാംബരവിരാജിതാ=ഗൌരവർണ്ണമായ വസ്ത്രംകൊണ്ടു (ഉദയവേലാപക്ഷത്തിൽ ആകാശംകൊണ്ട്) വിശേഷേണ ശോഭിക്കുന്നവളായിട്ട്. മദ്ധ്യാഹ്നലക്ഷ്മീഃ ഇവ=മദ്ധ്യാഹ്നസമയത്തിന്റെ ശോഭയെന്നപോലെ. ബന്ധുജീവോല്ലാസദായിനീ=ബന്ധുക്കളുടെ ജീവന്ന് ഉല്ലാസം നല്കുന്നവൾ (മദ്ധ്യാഹ്നപക്ഷത്തിൽ ബന്ധുജീവങ്ങൾക്ക് ഉച്ചമലരിപ്പൂക്കൾക്ക് ഉല്ലാസം നല്കുന്നവൾ) ആയി

ട്ട്. സന്ധ്യാ ഇവ=സന്ധ്യയെന്നപോലെ. സന്തപ്തഹാടകച്ഛായാ=കനലിൽച്ചുട്ടെടുത്ത കനകത്തിൻെറ കാന്തിയേന്തിയവളായിട്ട്. രജനീ ഇവ=രാത്രിയെന്നപോലെ. നക്ഷത്രമാലാലംകൃതാ=നക്ഷത്രസമൂഹത്താൽ (പക്ഷാന്തരത്തിൽ ഇരുപത്തേഴിഴയുള്ള നക്ഷത്രമാല എന്ന കണ്ഠാഭരണത്താൽ) അലങ്കരിക്കപ്പെട്ടവളായിട്ട്. വസന്തലക്ഷ്മീഃ ഇവ=വസന്തശ്രീയെന്നപോലെ. ഉൽക്കലികാഭിരാമാ=ഉൽക്കലികയാൽ (ഉൽകണ്ഠയാൽ—വസന്തപക്ഷത്തിൽ ഉയന്നിച്ചുനില്ക്കുന്ന പൂമൊട്ടിനാൽ) അഭിരാമയായിട്ട്. ഗ്രീഷ്മവേലാ ഇവ=ഗ്രീഷ്മസമയമെന്നപോലെ. ശിരീഷകസുമസുകുമാരാ=നെന്മേനിവാകപ്പൂവിനൊത്ത മാർദ്ദവമുള്ളവരം (ഗ്രീഷ്മപക്ഷത്തിൽ ശിരീഷകസുമങ്ങളെക്കൊണ്ടു സുകുമാരയായവരം). പ്രാവൃഡ് ഇവ=വഷകാലമെന്നപോലെ. സജ്ജഘനാ=നല്ല ജഘനത്തോടു (വഷപക്ഷത്തിൽ സജ്ജങ്ങളായ—വഷിപ്പാൻ സന്നദ്ധങ്ങളായ—ഘനങ്ങളോടു)കൂടിയവളായിട്ട്. ശരൽ ഇവ=ശരൽക്കാലമെന്നപോലെ. രാജഹംസസന്ദായിനീ=രാജഹംസങ്ങളെ — രാജശ്രേഷ്ഠന്മാരെ — (ശരൽപക്ഷത്തിൽ അരയന്നങ്ങളെ) ബന്ധിക്കുന്നവരം ആയിട്ട്. ഹേമന്തഃ ഇവ=ഹേമന്തഋതു എന്നപോലെ. ഹിമജലാമോദമനോഹരാ=ഹിമജലത്തിൻെറ (ചന്ദനച്ചാറിൻെറ—മഞ്ഞുകൊണ്ടുതണുത്ത വെള്ളത്തിൻെറ എന്നു ഹേമന്തപക്ഷത്തിൽ) ആമോദം (സന്തോഷം—സൌരഭ്യം എന്നും) കൊണ്ടു മനോഹരയായിട്ട്. ശിശിരലക്ഷ്മീ ഇവ=ശിശിരത്തുവിൻെറ ശോഭപോലെ. ശീതളീകൃതസമസ്തലോകാ=സകലജനങ്ങളെയും തണുപ്പിക്കുന്നവളായിട്ട്. നളിനീ ഇവ=താമരപ്പൊയ്ക എന്നപോലെ. ആളിനീപരിഗതാ=ആളീസമൂഹങ്ങളാൽ (അളിനികളാൽ—പെൺവണ്ടുകളാൽ—എന്നു നളിനീപക്ഷത്തിൽ) ചുററപ്പെട്ടവളായിട്ട്. അണ്ണവതടീ ഇവ=സമുദ്രവേല=എന്നപോലെ. സ്ഫുരദൂമ്മിമാലാ=സ്ഫുരിക്കുന്ന ഊമ്മികളുടെ (പുടവഞെറികളുടെ—തിരമാലകളുടെ എന്നു സമുദ്രപക്ഷത്തിൽ) മാലയോടുകൂടിയവളായിട്ട്. അചലമണ്ഡലീ ഇവ=

പച്ചതനിരയെന്നപോലെ. പ്രകടിതകടകശോഭാ=വളകളുടെ (മ ലഞ്ചെരിവുകളുടെ എന്നു് അചലപക്ഷത്തിൽ) ശോഭയെ പ്രകടമാ ക്കുന്നവളായിട്ടു്. അരണ്യാനീ ഇവ=മഹാരണ്യമെന്നപോലെ. അ വലോക്യമാനവക്രാങ്കരാ=കാണപ്പെടുന്ന വളഞ്ഞ രോമങ്ങളോടു (അരണ്യപക്ഷത്തിൽ വളഞ്ഞ മുളകളോടു) കൂടിയവളായിട്ടു്. സം ഗീതവിദ്യാ ഇവ=സംഗീതവിദ്യയെന്നപോലെ. വിലസന്മദ്ധ്യമാ= വിലസിക്കുന്ന മദ്ധ്യപ്രദേശത്തോടു (സംഗീതപക്ഷത്തിൽ മദ്ധ്യമ സ്വരത്തോടു)കൂടിയവളായിട്ടു്. സുകവിവാണീ ഇവ=സൽക്കവി യുടെ വാക്കുപോലെ. ലളിതപദവിന്യാസാ=ലളിതങ്ങളായ കാൽ വെപ്പുകളോടു (കവിപക്ഷത്തിൽ പദരചനകളോടു)കൂടിയവളായി ട്ടു്. സുയോധനസേനാ ഇവ=ദുൎയ്യോധനന്റെ സേനപോലെ. കണ്ണു വിശ്രാന്തലോചനാ=കണ്ണുകളിൽ (സേനാപക്ഷത്തിൽ കൎണ്ണനിൽ) വിശ്രമിച്ച കണ്ണുകളോടുകൂടിയവളായിട്ടു്. സുഗ്രീവസേനാ ഇവ=സു ഗ്രീവന്റെ സൈന്യംപോലെ. താരാംഗദാലംകൃതാ=താരങ്ങളായ (മുഴുത്ത) അംഗദങ്ങളാൽ(തോൾവളകൾ)കൊണ്ടു് (സേനാപക്ഷ ത്തിൽ താരയാലും അംഗദനാലും) അലങ്കരിക്കപ്പെട്ടവളായിട്ടു്. ഭാസ്വതാ ഭൂഷണേന=ശോഭിച്ചുകൊണ്ടിരിക്കുന്ന (ജ്യോതിഃപക്ഷ ത്തിൽ ഭാസ്വാൻ—സൂൎയ്യൻ—ആകുന്ന) ഭൂഷണംകൊണ്ടും. അമൃതമ യേന അധരേണ=അമൃതംപോലെ മധുരമായ (ജ്യോതിഃപക്ഷത്തിൽ ചന്ദ്രൻ ആകുന്ന) അധരംകൊണ്ടും. രക്തേന പാണിതലേന=രക്ത വൎണ്ണമായ (അന്യപക്ഷത്തിൽ രക്തൻ—കുജൻ—ആകുന്ന) ഉള്ളം കൈകൊണ്ടും. സൌമ്യേന ശീലേന=ശാന്തമായ (പക്ഷാന്തരത്തിൽ സൌമ്യൻ—ബുധൻ—ആകുന്ന) ശീലംകൊണ്ടും. ഗുരുണാ നിതംബേ ന=ഗുരുത്വമുള്ള (പക്ഷാന്തരത്തിൽ ബൃഹസ്പതിയാകുന്ന) നിതംബം കൊണ്ടും. സിതേന ദശനേന=ധവളവൎണ്ണമായ (പക്ഷാന്തരത്തിൽ സിതൻ—ശുക്രൻ—ആകുന്ന) ദന്തംകൊണ്ടും. അസിതേന കൈശി കേന=കൃഷ്ണവൎണ്ണമായ(പക്ഷാന്തരത്തിൽ അസിതൻ—ശനി—ആകു ന്ന) കേശസമൂഹംകൊണ്ടും. ജ്യോതിൎമ്മയീ ഇവ രാജമാനാ=ജ്യോ

ത്തിർമ്മയിയോ, (ജ്യോതിസ്സുകളുടെ—ഗ്രഹങ്ങളുടെ—രൂപത്തോടുകൂടിയവളോ) എന്നു തോന്നുമാറു ശോഭിക്കുന്നവളായിട്ട്. പുഷ്പഭദ്രയാ വേണ്യാ=പുഷ്പങ്ങളെക്കൊണ്ടു മംഗളാകൃതിയായ (പുഷ്പഭദ്ര എന്ന നദിയാകുന്ന എന്നു നദനദീപക്ഷത്തിൽ) തലമുടികൊണ്ടും. നർമ്മദയാ വാണ്യാ=നർമ്മത്തെ (വിനോദത്തെ) ദാനംചെയ്യുന്ന (പക്ഷാന്തരത്തിൽ നർമ്മദാനദിയാകുന്ന) വാക്കുകൊണ്ടും. ശോണേന അധരേണ=ശോണവർണ്ണമായ (പക്ഷാന്തരത്തിൽ ശോണനദമാകുന്ന) അധരംകൊണ്ടും. തുംഗഭദ്രയാ കുചദ്വയ്യാ=ഉന്നതവും മംഗളവുമായ (പക്ഷാന്തരത്തിൽ തുംഗഭദ്രാനദിയാകുന്ന) കുചദ്വയംകൊണ്ടും. കൃഷ്ണയാ രോമാവല്യാ ച=കൃഷ്ണവർണ്ണമായ (പക്ഷാന്തരത്തിൽ കൃഷ്ണാനദിയാകുന്ന) രോമാവലികൊണ്ടും. നദന്നദീ ഇവ=നദന്നദി (ശബ്ദിച്ചുകൊണ്ടിരിക്കുന്ന നദി) എന്നപോലെ ശോഭിക്കുന്നവളായിട്ട്. അരവിന്ദേന വദനേന=താമരപ്പൂവായ മുഖംകൊണ്ടും. ഉല്പലേന നയനേന=ഉല്പലപുഷ്പമായ കണ്ണുകൊണ്ടും. നീലേന കേശേന=കടമ്പിൻപൂവായ തലമുടികൊണ്ടും കേസരേണ നാഭീചക്രേണ=ഇലഞ്ഞിപ്പൂവായ നാഭീചക്രംകൊണ്ടും. കുന്ദേന മന്ദഹാസേന=മുല്ലപ്പൂവായ പുഞ്ചിരികൊണ്ടും. ആകാശപുഷ്പേന അവലഗ്നേന ച=ആകാശപുഷ്പമായ (തീരെ ശൂന്യമായ) മദ്ധ്യപ്രദേശംകൊണ്ടും. കുസുമമയീ ഇവ വിലസമാനാ=പുഷ്പരൂപിണിയോ എന്നു തോന്നുമാറു ശോഭിക്കുന്നവളായിട്ട്. സ്രഗ്വിണ്യാ വേണ്യാ=ശോഭനമായ മാലയോടുകൂടിയ (പക്ഷാന്തരത്തിൽ സ്രഗ്വിണി ഒരു വൃത്തം) തലമുടികൊണ്ടും. ചപലയാ ദൃഷ്ട്യാ=ചഞ്ചലമായ (പക്ഷാന്തരത്തിൽ ചപല ഒരു വൃത്തം) കണ്ണുകൊണ്ടും. പരികലിതപഥ്യാവക്ത്രയാ മംഗളസൂത്രഗ്രന്ഥ്യാ=പഥ്യാവക്ത്രം അതായതു കടുക്കയുടെ ആകൃതിയിലുള്ള ഒരു മണി ബന്ധിച്ചതായ (പക്ഷാന്തരത്തിൽ പഥ്യാവക്ത്രം എന്ന വൃത്തത്തിൽ ബന്ധിക്കപ്പെട്ട) മംഗല്യസൂത്രംകൊണ്ടും. സ്രഗ്ദ്ധരയാ ഭുജാവല്യാ=സ്രക്കിനെ അതായതു സ്വയംവരമാലയെ ധരിച്ച (പക്ഷാന്തരത്തിൽ സ്രഗ്ദ്ധര ഒരു വൃത്തം) വല്ലീസദൃശമായ ഭുജംകൊ

ണ്ടും. സുപ്രതിഷ്ഠയാ പാദതലദ്വയശ്രിയാ പാ=നല്ല ഉറപ്പോടുകൂടിയ (പക്ഷാന്തരത്തിൽ സുപ്രതിഷ്ഠ ഒരു വൃത്തം) രണ്ടു കാലടികൾകൊണ്ടും. ഛന്ദോമയീ ഇവ ഭാസമാനാ=ഛന്ദസ്സ്വരൂപിണിയോ എന്നു തോന്നുമാറു ശോഭിക്കുന്നവളായിട്ട് ['ദിനകരോദയവേലേവ' എന്നിതുമുതല്ക്കു ദമയന്തിയെ സൂൎയ്യോദയസമയം മുതലായവയോടു സാദൃശ്യപ്പെടുത്തി ഉൽപ്രേക്ഷകൾ ചെയ്തിരിക്കുന്നു. ഇവയിലെല്ലാം ഉപമാനോപമേയങ്ങൾക്കുള്ള സാധാരണധൎമ്മം ശബ്ദംകൊണ്ടുമാത്രം കിട്ടുന്നതാകുന്നു. ശ്ലേഷത്തെ അവലംബിച്ച് ഒരേ ശബ്ദംകൊണ്ടു രണ്ടൎത്ഥങ്ങളെ പറയുമ്പോൾ ആ അൎത്ഥങ്ങൾക്കു തമ്മിൽ ഭേദമില്ലെന്ന് ആലങ്കാരികന്മാർ കരുതിവരുന്നു. ഇപ്രകാരം ഏകശബ്ദോപാത്തമായ അൎത്ഥദ്വയത്തിന്ന് അഭേദം കല്പിച്ചിട്ടുള്ള ഉപമോൽപ്രേക്ഷാദികൾ സംസ്കൃതസാഹിത്യത്തിൽ സുലഭമാണ്. പക്ഷേ ആ വക അലങ്കാരപ്രയോഗങ്ങൾ കവിയുടെ പാണ്ഡിത്യത്തെ കാണിക്കുന്നതുപോലെ രസികത്വത്തെ പ്രദൎശിപ്പിക്കുന്നില്ല എന്നുവേണം പറയുവാൻ. സഹൃദയഹൃദയം അവയെ വഴിപോലെ ആസ്വദിക്കുന്നുണ്ടെന്നു പറയുന്നതായാൽ അതു് അസത്യമായിരിക്കും.]

അധികാവദാതാ അപി=അധികം വെളുത്തവളാണെങ്കിലും. അരുണകാന്തിസന്താനാ=ചുവന്ന കാന്തിസമൂഹത്തോടുകൂടിയവളായിട്ട്.. [വെളുത്ത വൎണ്ണമുള്ളവൾ കറുപ്പു നിറമാവുക എന്നു വിരോധം; അവദാതാ എന്നതിന്നു പരിശുദ്ധ എന്നൎത്ഥമാക്കിയാൽ വിരോധപരിഹാരം] അഖിലാഹ്ലാദകാരിണീ അപി=സൎവ്വൎക്കും ആഹ്ലാദത്തെ ചെയ്യുന്നവളാണെങ്കിലും. ഝടിതി വിതീൎണ്ണമദനസന്താപാ=വേഗത്തിൽ നല്കപ്പെടുന്ന കാമസന്താപത്തോടുകൂടിയവളായിട്ട്. [ആഹ്ലാദം നല്കുന്നവൾ ചൂടുണ്ടാക്കുക എന്നതു വിരോധം; മനസ്സന്താപത്തിന്നു കാമപീഡ എന്നൎത്ഥമാക്കിയാൽ പരിഹാരം] അനംഗീകൃതഭുജംഗീഭാവാ അപി=ഭുജംഗീഭാവത്തെ (കുലടാവൃത്തിയെ) അംഗീകരിക്കാത്തവളാണെങ്കിലും നയനശ്രവണരമണീയാ=നയനങ്ങളെക്കൊണ്ടും ശ്രവണങ്ങളെക്കൊണ്ടും രമണീയയായവൾ,

[ഭുജംഗീത്വമില്ലാത്തവൾക്ക നയനശ്രവണരമണീയത്വം. അതായതു കണ്ണും കാതും ഒന്നായ സർപ്പജാതിയുടെ രമണീയത്വം ഉണ്ടാകുന്നതു വിരോധം; നയനശ്രവണശബ്ദത്തിന്നു നയനങ്ങളും ശ്രവണങ്ങളുമെന്നർത്ഥമാക്കിയാൽ വിരോധപരിഹാരം.] സൌഭാഗ്യസ്യ മൂർത്തിഃ ഇവ=സൌഭാഗ്യത്തിന്റെ മൂർത്തിയോ (ഉടലെടുത്ത സൌഭാഗ്യംതന്നെയോ) എന്നു തോന്നുമാറും. സൌന്ദര്യസ്യ സ്ഫൂർത്തിഃ ഇവ=സൌന്ദര്യത്തിന്റെ സ്ഫൂർത്തിയോ (പ്രത്യക്ഷീഭാവമോ) എന്നു തോന്നുമാറും. മന്മഥസ്യ കീർത്തിഃ ഇവ=കാമദേവന്റെ കീർത്തിയോ എന്നു തോന്നുമാറും. വിലാസാനാം സംഭവസ്ഥാനം ഇവ=ശൃംഗാരവിലാസങ്ങളുടെ ഉത്ഭവസ്ഥാനമോ എന്നു തോന്നുമാറും. സകലനാരീഗുണാനാം സങ്കേതഭൂമിഃ ഇവ=സ്ത്രീകൾക്ക വേണ്ട എല്ലാ ഗുണങ്ങളുടേയും സങ്കേതസ്ഥലമോ എന്നു തോന്നുമാറുമിരിക്കുന്നവളായിട്ട്. പാടലരുചിപദധൃതയാവകരസസജ്ജമാനരംഗഭൂമിഃ=പാടലരുചിയോടുകൂടിയ പദങ്ങളിൽ ധരിക്കപ്പെട്ട യാവകരസം (ചെമ്പഞ്ഞിച്ചാറ്) സജ്ജമാനമായ (പതിഞ്ഞിരിക്കുന്ന) രംഗഭൂമിയോടുകൂടിയവളായിട്ട്. കാഞ്ചനമയ.......സന്ദീയമാനസരണിഃ=സ്വർണ്ണമയമായ വേത്രലത (ചൂരൽവടി)കൊണ്ടു മനോഹരമായ കരാഞ്ചലത്തോടു (കരാഗ്രത്തോടു)കൂടിയ കാഞ്ചുകീയന്മാരുടെ (ശിപായിമാരുടെ) സംഘത്താൽ സരഭസമാകുംവണ്ണം (വേഗത്തോടുകൂടി) ഉത്സാരണം ചെയ്യപ്പെടുന്ന (അകററപ്പെടുന്ന) സകലജനങ്ങളാലും സന്ദീയമാനമായ (നല്കപ്പെടുന്ന) വഴിയോടുകൂടിയവളായിട്ട്. മന്ദം മന്ദം=പതുക്കെപ്പതുക്കെ. മഹീപാലവൃന്ദതരംഗിതാം=രാജസമൂഹങ്ങളെക്കൊണ്ടു തരംഗങ്ങളുണ്ടായ (സമുദ്രത്തിൽ തിരമാലകളെന്നപോലെ രാജസമൂഹങ്ങൾ ഇളകിക്കളിച്ച) രംഗഭുവം=രംഗഭൂമിയെ. അലമകിഷീൽ=അലങ്കരിച്ചു. ദമയന്തി മെല്ലെമെല്ലെ രംഗഭൂമിയിലെത്തായെന്നു സാരം.

കലയന്തീ കരേ മാലാം
തുലയന്തീ രതിം രുചാ

ദമയന്തീ ഗതാ രംഗം
നമയന്തീ മുഖാംബുജം. ൧൦൬

കരേ മാലാം കലയന്തീ=കയ്യിൽ മാലയെ ധരിക്കുന്നവളായും. രുചാ രതിം തുലയന്തീ=രുക്ക(ശോഭ)കൊണ്ടു രതിദേവിയെ തുലനം ചെയ്യുന്നവളായുമിരിക്കുന്ന. ദമയന്തീ=ദമയന്തി. മുഖാംബുജം നമയന്തീ=താമരപ്പൂപോലെയുള്ള മുഖത്തെ നമിപ്പിക്കുന്നവളായിട്ടു്. രംഗം ഗതാ=രംഗത്തെ ഗമിച്ചു. ദമയന്തി കയ്യിൽ വരണമാലയേന്തിക്കൊണ്ടും, കാന്തികൊണ്ടു രതിദേവിയെ തുലനംചെയ്തുകൊണ്ടും, മുഖാംബുജം താഴ്ത്തിക്കൊണ്ടും രംഗത്തിലേയ്ക്കു ചെന്നു. തുലനംചെയ്യുക എന്നതിന്നു തൂക്കിനോക്കുക എന്നാണൎത്ഥം. രതിദേവിയെ തൂക്കിനോക്കുക എന്നുവെച്ചാൽ സൌന്ദൎയ്യംകൊണ്ടു രതിക്കു് എത്ര തൂക്കമുണ്ടെന്നു നോക്കുക എന്നാണു് സാരം. അപ്പോൾ രതിയേക്കാൾ കൂടുതൽ സൌന്ദൎയ്യം പ്രകടിക്കുന്നവളാണു് ദമയന്തി എന്നു സിദ്ധിക്കുന്നു.

മന്ദാക്ഷോദയചാരുവിഭ്രമകലാ–
രമ്യൈരപാംഗാഞ്ചലൈഃ
പാഞ്ചേഷോർബഹുലക്ഷ്യതുല്യസമയ–
വ്യാപാരലോലാത്മനഃ
ആകാംക്ഷാമപരാങ്മുഖപ്രണയിനീ–
മാപൂരയന്തീമിമാം
പശ്യന്തോ വിഷയാന്തരം ന വിവിദു–
ൎവ്വിശേഷപി പൃഥ്വീശ്വരാഃ. ൧൦൭

മന്ദാക്ഷോദയചാരുവിഭ്രമകലാരമ്യൈഃ=മന്ദാക്ഷത്തിന്റെ (ലജ്ജയുടെ) ഉദയംകൊണ്ടു ചാരുവായ വിഭ്രമകല(വിലാസലീല)യാൽ രമ്യങ്ങളായിരിക്കുന്ന. അപാംഗാഞ്ചലൈഃ=അപാംഗങ്ങളുടെ

(കടക്കണ്ണുകളുടെ) അഗ്രങ്ങളെക്കൊണ്ട്. ബഹുലക്ഷ്യതുല്യസമയവ്യാപാരലോലാത്മനഃ=ബഹുലക്ഷ്യങ്ങളിൽ (വളരെ ലക്ഷ്യങ്ങളിൽ) തുല്യസമയത്തിങ്കലുള്ള വ്യാപാരത്തിങ്കൽ (പ്രയോഗത്തിങ്കൽ) ലോലമായ ആത്മാവോടു(മനസ്സോടു)കൂടിയ. പഞ്ചേഷോഃ=പഞ്ചബാണന്റെ. അപരാശുഗപ്രണയിനീം=അന്യശരങ്ങളിൽ പ്രണയം (ആഗ്രഹം) ഉള്ള. ആകാംക്ഷാം=അഭിലാഷത്തെ. ആപൂരയന്തീം=പൂരിപ്പിച്ചുകൊണ്ടിരിക്കുന്ന. ഇമാം=ഈ ദമയന്തിയെ. പശ്യന്തഃ പൃത്ഥ്വീശ്വരാഃ=കണ്ടുകൊണ്ടിരിക്കുന്ന രാജാക്കന്മാർ. വിശ്വേ അപി=എല്ലാവരും. വിഷയാന്തരം=അന്യവിഷയത്തെ. ന വിവിദുഃ=അറിഞ്ഞില്ല. അനേകലക്ഷ്യങ്ങളിൽ ഒരേ സമയത്തുതന്നെ ബാണം പ്രയോഗിക്കുവാൻ മനസ്സിൽ താല്പര്യമുള്ള അഞ്ചമ്പനു തനിക്കുള്ള അഞ്ചമ്പുകൾമാത്രം മതിയാകയില്ലെന്നും വേറെ ചില ശരങ്ങളുംകൂടി കിട്ടിയാൽ കൊള്ളാമെന്നും ആഗ്രഹമുണ്ടായി. ആ ആഗ്രഹത്തെ ലജ്ജാവിലാസങ്ങളാൽ രമണീയങ്ങളായ കടക്കണ്ണുകളുടെ അഗ്രങ്ങളെക്കൊണ്ടു ദമയന്തി നിറവേററിക്കൊണ്ടിരുന്നു. കടക്കണ്ണുകളുടെ അഗ്രങ്ങൾ അഞ്ചിൽ കവിഞ്ഞുള്ള ശരങ്ങളെപ്പോലെയായി എന്നത്ഥം. അപ്രകാരമുള്ള ദമയന്തിയെ കണ്ടപ്പോൾ രാജാക്കന്മാരെല്ലാവരും മററു വിഷയങ്ങളെപ്പററി അറിയാതെയായി. മറെറാന്നിലും മനസ്സു പോകാതെ ദമയന്തിയെത്തന്നെ നോക്കുവാൻ തുടങ്ങി എന്നു സാരം.

തദനു വിദിതവൃത്താ കാപി ധാത്രീ നൃപാണാ-
മതിസിതകചഭാസാ ഭാസയന്തീ ദിഗന്താൻ
അകഥയദിതി വാണീമാശ്രിതാ പാശ്വഭൂമിം
മധുരവചനദക്ഷാ മാനയിത്വാ കുമാരീം. ൧൦൪

സ്വയംവരസഭയിൽ മഞ്ചസ്ഥന്മാരായിരിക്കുന്ന രാജാക്കന്മാരുടെ നാമഗുണാദികളെ കന്യകയുടെ ധാത്രീസ്ഥാനം വഹിക്കുന്ന ഒരു സ്ത്രീ വർണ്ണിച്ചുപറയുക പതിവുണ്ട്. ദമയന്തിയുടെ ധാ

ത്രി ആ കൃത്യം നിർവ്വഹിക്കുവാൻ ആരംഭിക്കുന്നു:— തദനു=അതിനു ശേഷം. നൃപാണാം വിദിതവൃത്താ=രാജാക്കന്മാരുടെ വൃത്തം (ചരിത്രം) അറിഞ്ഞവളായും. അതിസിതകചഭാസാ=ഏററവും വെളുത്ത തലമുടിയുടെ ശോഭകൊണ്ട്. ദിഗന്താൻ ഭാസയന്തീ=ദിഗന്തങ്ങളെ പ്രകാശിപ്പിക്കുന്നവളായും. മധുരവചനദക്ഷാ=മധുരമായ സംഭാഷണത്തിങ്കൽ നിപുണയായുമിരിക്കുന്ന. കാപി ധാത്രീ=ഒരു ധാത്രി. പാർശ്വഭൂമിം ആശ്രിതാ=പാർശ്വപ്രദേശത്തെ ആശ്രയിച്ചവളായിട്ട്. കുമാരീം മാനയിത്വാ=കന്യകയെ ബഹുമാനിച്ചിട്ട്. ഇതി വാണീം അകഥയൽ=ഇപ്രകാരമുള്ള വാക്കിനെ പറഞ്ഞു. അതിനുശേഷം എല്ലാ രാജാക്കന്മാരുടേയും ചരിത്രമറിയുന്നവളും, നരച്ചുവെളുത്ത തലമുടിയുടെ കാന്തികൊണ്ടു ദിക്കുകളെ പ്രകാശിപ്പിക്കുന്നവളും, മധുരമായി സംസാരിക്കുന്നതിൽ നിപുണയുമായ ഒരു ധാത്രി (വളർത്തമ്മ) കുമാരിയുടെ പാർശ്വസ്ഥിതയായിട്ട് അവളെ മാനിച്ച് ഇപ്രകാരം പറഞ്ഞു.

"പരിമളമിളകീടും ചാരുസൌഭാഗ്യലക്ഷ്മീ-
സുരതരുകുസുമോദ്യന്മുഗ്ദ്ധമാധ്വീകധാരേ
അരുളു ധരണിപാലന്മാരിലെല്ലാരിലും നിൻ-
തിരുമിഴിമുനയെന്നും മാലികാം ബാലികേ നീ. ഛഠൻ

പരിമള............മാധ്വീകധാരേ=പരിമളമിളകുന്ന ചാരുവായ സൌഭാഗ്യശ്രീയാകുന്ന കല്പകവൃക്ഷത്തിന്റെ കുസുമത്തിൽനിന്നുദിക്കുന്ന മനോഹരമായ പൂന്തേൻകുഴമ്പായവളേ. ഹേ ബാലികേ=അല്ലയോ ബാലികേ. നീ ധരണിപാലന്മാരിലെല്ലാരിലും നിൻ തിരുമിഴിമുനയെന്നും മാലികാം അരുളു=നീ എല്ലാ രാജാക്കന്മാരിലും തിരുമിഴിമുനയാകുന്ന മാലയെ അരുളുക. എല്ലാ രാജാക്കന്മാരെയും കടക്കണ്ണുകൊണ്ടു നോക്കുക എന്നർത്ഥം. സാരം സ്പഷ്ടം. സൌഭാഗ്യലക്ഷ്മിയെ കല്പകവൃക്ഷപ്പൂവായും ദമയന്തിയെ ആ പുഷ്പത്തിലെ തേൻകുഴമ്പായും രൂപണംചെയ്തിരിക്കുന്നു. തിരുമിഴിമുനയെ മാലാ

യായും കല്പിച്ചിരിക്കുന്നു. രൂപകം അലങ്കാരം 'എന്നും' എന്നതിന്നു് എന്നു് എന്നൎത്ഥം.

നല്ലാർമഞ്ജരി മൽഗിരാ സഭയിലി-
ക്കാണുന്ന പൃത്ഥ്വീഭുജാ-
മുല്ലാസം കലരും കുലാദി നിഖിലം
വൎണ്ണിച്ചുകേൾക്കും വിധൌ
ചെല്ലുന്നു തവ ചിത്തമുത്തമഗുണേ
യസ്മിൻ മഹീനായകേ
കല്യാണാംഗി തദീയകണ്ഠഭുവി നീ
ചേൎത്തീടു മാലാമിമാം. ൧൧൦

നല്ലാർമഞ്ജരി=സ്ത്രീരത്നമേ. മൽഗിരാ=എന്റെ വാക്കുകൊണ്ടു്. പൃത്ഥ്വീഭുജാം=രാജാക്കന്മാരുടെ. കുലാദി=കുലം മുതലായതു് നിഖിലം=മുഴുവൻ. കേൾക്കും വിധൌ=കേൾക്കുമ്പോൾ. തവ ചിത്തം=നിന്റെ മനസ്സു്. ഉത്തമഗുണേ യസ്മിൻ മഹീനായകേ=ഉത്തമങ്ങളായ ഗുണങ്ങളോടുകൂടിയ യാതൊരു രാജാവിങ്കൽ. കല്യാണാംഗി=മോഹനാംഗി. തദീയകണ്ഠഭുവി=അദ്ദേഹത്തിന്റെ കഴുത്തിൽ. ഇമാം മാലാം=ഈ മാലയെ. അല്ലയോ സ്ത്രീരത്നവും മോഹനാംഗിയുമായ കുമാരീ! ഈ സഭയിൽ കാണപ്പെടുന്ന രാജാക്കന്മാരുടെ കുലം, ഗുണം മുതലായതെല്ലാം ഞാൻ വൎണ്ണിച്ചു പറയുന്നതു കേൾക്കുമ്പോൾ ഇവരിൽവെച്ചു ശ്രേഷ്ഠഗുണങ്ങളോടുകൂടിയ യാതൊരു രാജാവിൽ നിന്റെ മനസ്സു് ഔത്സുക്യംപൂണ്ടു ചെല്ലുന്നുവോ അദ്ദേഹത്തിന്റെ കഴുത്തിൽ ഈ വരണമാലയെ അൎപ്പിച്ചാലും.

അഗ്രേ കാണുമുഗ്രതേജോനിയമിതദഹന-
ജ്വാലമാലാവലേപം
ധിക്കൃത്യാശേഷഭൂപാൻ കരകമലധൃതം
കമ്പയന്തം കൃപാണം

വിഖ്യാതോയം മഹാത്മാ കുരുകുലപെരുമാ-
ളേതദീയാനുഭാവം
മുഖ്യം മുഗ്ദ്ധേ പറഞ്ഞാലഹിവരനുമൊടു-
ക്കംവരാതൊന്നു നൂനം. ൧൧൧

അഗ്രേ=മുൻഭാഗത്തു്. കാൺ=കണ്ടാലും. ഉഗ്രതേജോനിയമിതദഹനജ്വാലമാലാവലേപം=ഉഗ്രമായ തേജസ്സുകൊണ്ടു ദഹനന്റെ (അഗ്നിയുടെ) ജ്വാലാമാലകളുടെ അവലേപത്തെ (ഗൎവ്വത്തെ) അടക്കിയവനായും. അശേഷഭൂപാൻ ധിക്കൃത്യ=എല്ലാ രാജാക്കന്മാരേയും ധിക്കരിച്ചിട്ടു്. കരകമലധൃതം കൃപാണം കമ്പയന്തം=കമലതുല്യമായ കയ്യിൽ പിടിക്കപ്പെട്ട കൃപാണത്തെ (ഖഡ്ഗത്തെ) ഇളക്കിക്കൊണ്ടിരിക്കുന്നവനായുമുള്ള. (രാജാവിനെ എന്നു ചേൎക്കണം) മഹാത്മാ അയം=മഹാത്മാവായ ഇദ്ദേഹം. വിഖ്യാതഃ=പ്രസിദ്ധനായ. കുരുകുലപെരുമാൾ=കുരുവംശരാജാവാണു്. മുഖ്യം ഏതദീയാനുഭാവഃ=മുഖ്യമായ ഇദ്ദേഹത്തിന്റെ അനുഭാവം (പ്രഭാവം). അഹിവരനും=സൎപ്പരാജനായ അനന്തനും. ഒടുക്കംവരാതൊന്നു്=അവസാനം വരാത്തതാണു്. നൂനം=നിശ്ചയം. 'മുഗ്ദ്ധേ' എന്നു സംബോധന. ഹേ മുഗ്ദ്ധയായ കുമാരി, അതാ അഗ്രഭാഗത്തിങ്കൽ തന്റെ ഉഗ്രമായ തേജസ്സുകൊണ്ടു് അഗ്നിജ്വാലാമാലയുടെ അഹങ്കാരമകററിയവനും, സൎവ്വരാജാക്കന്മാരേയും നിസ്സാരമാക്കി കയ്യിലുള്ള വാൾ ഇളക്കിക്കൊണ്ടിരിക്കുന്നവനുമായ ഒരു രാജാവിനെ കണ്ടാലും. മഹാത്മാവായ ഇദ്ദേഹം പ്രസിദ്ധനായ കുരുവംശരാജാവാണു്. ഇദ്ദേഹത്തിന്റെ പ്രഭാവം സൎപ്പരാജനായ അനന്തൻ പറഞ്ഞാൽക്കൂടിയും അവസാനിക്കാത്തതാണു്.

ശൃംഗാരാദ്വൈതവിദ്യാവിതരണപരമാ-
ചാൎയ്യനേണേക്ഷണാനാം
മംഗല്യാംഭോധി ജന്മാ ജയതി കുരുതരോ-
രസ്യ മൂലം കലാവാൻ

ഗംഗായാം തോയകേളീപരിചയമമരേ-
ന്ദ്രാലയാനൂനശോഭാ-
ത്തുംഗാനാഗാഭിധാനാനഗരി, നൃപമമും
വർണ്ണയാമഃ കഥം വാ. ൧൧൨

ശൃംഗാ........ചാര്യൻ=ശൃംഗാരമെന്ന അദ്വൈതവിദ്യയുടെ (അദ്വിതീയമായ വിദ്യയുടെ) വിതരണത്തിങ്കൽ പരമഗുരുവായവൻ. ഏണേക്ഷണാനാം=മാൻകണ്ണിമാൎക്ക്. മംഗല്യാംബോധി=മംഗല്യത്തിന്നു സമുദ്രമായവൻ. മമ്മാ=ഐശ്വര്യദ്യോതകം. ജയതി=ജയിക്കുന്നു. അസ്യ കുരുതരോഃ=ഈ കുരുവംശമാകുന്ന വൃക്ഷത്തിൻെറ മൂലം=ആണിവേര്. കലാവാൻ=കലാവിദ്യകളിൽ നിപുണൻ. ഗംഗായാം=ഗംഗയിൽ. തോയകേളീപരിചയം=ജലക്രീഡയുടെ പരിചയം. അമരേന്ദ്രാലയാനൂനശോഭാത്തുംഗാനാഗാഭിധാനാനഗരി=ദേവേന്ദ്രഗൃഹത്തിനെക്കാൾ കുറയാത്ത ശോഭയോടുകൂടിയതും ഉന്നതവും നാഗത്തിൻെറ (ഗജത്തിൻെറ) പേരുള്ളതുമായ നഗരി. അമും നൃപം=ഈ രാജാവിനെ. കഥം വാ വർണ്ണയാമഃ=ഞങ്ങൾ എങ്ങിനെ വർണ്ണിക്കുന്നു—ഈ രാജാവു സുന്ദരീജനങ്ങൾക്കു ശൃംഗാരവിദ്യയെ ഉപദേശിക്കുന്നതിൽ ഗുരുവരനായവനും, സൎവ്വമംഗലങ്ങൾക്കും സമുദ്രമായവനും, ഈ കുരുവംശമാകുന്ന വൃക്ഷത്തിൻെറ ആണിവേരായിട്ടുള്ളവനും, കലാവിദ്യകളിൽ നിപുണനുമാകുന്നു. ഇദ്ദേഹത്തിന്നു ഗംഗാനദിയിലാണ് ജലക്രീഡ. ഇന്ദ്രപുരിയെക്കാൾ ഒട്ടും കുറയാത്തതും ഉന്നതവുമായ ഹസ്തിനാപുരിയാണ് നഗരി. ഇദ്ദേഹത്തെ എങ്ങിനെ വർണ്ണിക്കാം. "കുരുതരോരസ്യ മൂലം കലാവാൻ" എന്നതിന്നു ഈ കുരുവംശവൃക്ഷത്തിൻെറ മൂലം ചന്ദ്രനാണെന്നും അൎത്ഥമാക്കാം.

തൽപാൎശ്വേ തപനീയപീഠഭുവി കാ-
ണുന്ന്യം ജ്വലന്തം രുചാ
ബിഭ്രാണം നവപാരിജാതസുമനോ-
മാലാം മധുസ്യന്ദിനീം

കേൾപ്പീലേ കളവാണി കണ്ടിട്ടതുപ–
ണ്ണാഖ്യം മഹീനായകം
ചൊല്ലൊത്തും ഭുജവിക്രമം ഭുവി സ ഏ–
വായം സരോജാനനേ. ൧൧൨.

തൽപാൎശ്വേ=ആ കുരുരാജന്റെ പാൎശ്വത്തിങ്കൽ. തപനീയ പീഠഭുവി=സ്വൎണ്ണപീഠസ്ഥലത്ത്. രുചാ ജ്വലന്തം=കാന്തികൊണ്ടു ജ്വലിക്കുന്നവനും. മധുസ്യന്ദിനീം നവപാരിജാതസുമനോമാലാം ബിഭ്രാണം അന്യം കാൺ=തേനൊഴുകുന്ന പുതുപാരിജാതപ്പൂമാലയെ വഹിച്ചുംകൊണ്ടിരിക്കുന്നവനുമായ മററൊരുവനെ കണ്ടാലും. കളവാണി=മധുരവാണി. ചൊല്ലൊത്തും ഭുജവിക്രമം ഋതുപൎണ്ണാഖ്യം കണ്ടിൽ മഹീനായകം കേൾപ്പീലേ=കേൾവിപ്പെട്ട ഭുജവിക്രമമുള്ളവനും, ഋതുപൎണ്ണനെന്നു പേരോടുകൂടിയവനുമായ ഒരു രാജാവിനെ കേൾക്കന്നില്ലേ. ഹേ സരോജാനനേ സഃ ഏവ അയം=അല്ലയോ പത്മമുഖി! അദ്ദേഹംതന്നെയാണിദ്ദേഹം. കുരുരാജന്റെ പാൎശ്വത്തിങ്കൽ സ്വൎണ്ണസിംഹാസനത്തിൽ തേൻ ചോരുന്ന പാരിജാതപ്പൂമാല വഹിച്ചുംകൊണ്ടിരിക്കുന്ന ഒരുവനെ കണ്ടാലും. ഭൂമിയിൽ പുകഴ്ന്ന ഭുജപരാക്രമമുള്ള ഋതുപൎണ്ണൻ എന്ന് ഒരു രാജാവിനെ കേട്ടിട്ടില്ലേ, അദ്ദേഹമാണിതു്.

അനേനസാ ഭൂപതിനാ നിതാന്ത–
മനേന സാകം സരയൂജലാന്തേ
മനോജ്ഞശീലേ കളിതേടുവാൻ ചേ–
ന്മനോരസം മാനയ മാലയാമും. ൧൧൩

അനേനസാ=ഏനസ്സ് (പാപം) ഇല്ലാത്ത. അനേന ഭൂപതിനാ സാകം=ഈ രാജാവിനോടുകൂടി. സരയൂജലാന്തേ=സരയൂനദിയിലെ ജലത്തിൽ. മനോരസം ചേൽ=മനസ്സിന്നു രസമുണ്ടെങ്കിൽ. അമും മാലയാ മാനയ=ഇദ്ദേഹത്തെ മാലകൊണ്ടു മാനിച്ചാലും. ഈ

ഋതുപർണ്ണരാജാവിനോടുകൂടി സരയൂജലത്തിൽ ക്രീഡിപ്പാൻ രസം തോന്നുന്നുണ്ടെങ്കിൽ ഇദ്ദേഹത്തെ മാലയിട്ടാലും.

രണ്ടും ചിത്തേ നിരന്നീലിതു തവ വദന-
ച്ഛായയാ ഞാനറിഞ്ഞേൻ
വണ്ടാർപൂവേണി മൂന്നാമതു പുനരപരം
കാൺക കല്യാണശീലേ
തണ്ടാർബാണോപമാനം തരളമിഴി മുദാ
മാളവക്ഷോണിമാതിൻ
കണ്ഠാലങ്കാരരത്നം വരയ തവ നിര-
ന്നീടിലേനം നരേന്ദ്രം. ൧൧൫

നിരന്നീല=ബോധിച്ചില്ല. വദനച്ഛായയാ=മുഖച്ഛായകൊണ്ടു്. പുനരപരം=പിന്നെ മറെറാരുവനെ. കല്യാണശീലേ=സൌമ്യസ്വഭാവത്തോടുകൂടിയവളേ. തണ്ടാർബാണോപമാനം=കാമതുല്യനായി. മാളവക്ഷോണിമാതിൻ കണ്ഠാലങ്കാരരത്നം=മാളവഭൂമിയാകുന്ന സ്ത്രീയുടെ കണ്ഠാഭരണരത്നമായിരിക്കുന്ന. ഏനം നരേന്ദ്രം=ഈ രാജാവിനെ. തവ നിരന്നീടിൽ=നിനക്കു ബോധിക്കുന്നതായാൽ. വരയ=വരിച്ചാലും. കുരുരാജനേയും ഋതുപർണ്ണനേയും നിൻെറ മനസ്സിൽ ബോധിച്ചിട്ടില്ലെന്നു മുഖച്ഛായകൊണ്ടു ഞാൻ മനസ്സിലാക്കി. എന്നാൽ മൂന്നാമതായി മറെറാരു രാജാവിനെ കണ്ടാലും. മാളവഭൂമിയാകുന്ന സ്ത്രീയുടെ കഴുത്തിലണിയുന്ന രത്നവും കാമതുല്യനുമായ ഈ രാജാവിനെ നിനക്കു ബോധിക്കുന്നപക്ഷം വരിച്ചാലും.

ഏനം ചെമ്മേ നിരന്നീലയി സുമുഖി നിന-
ക്കെങ്കിലന്യം നരേന്ദ്രം
കാണേതൽപാർശ്വഭാഗേ കനകമയമഹാ-
പീഠികായാം നിഷണ്ണം

തേനഞ്ചുംവാണി കാഞ്ചീപതിരയമയി നിൻ-
ഭംഗി കേട്ടംഗജാൎത്ത്യാ
താനഞ്ചാറേഴ ദൂതാംസ്തവ ജനകനയ-
ച്ചീടിനാനേഷ രാജാ.   ൧൧൩

ഏനം=ഇദ്ദേഹത്തെ. അയി സുമുഖി=അല്ലയോ സുന്ദരി. അന്യം നരേന്ദ്രം=വേറൊരു രാജാവിനെ. ഏതൽപാൎശ്വഭാഗേ=ഇദ്ദേഹത്തിന്റെ (മാളവരാജാവിന്റെ) പാൎശ്വഭാഗത്തിൽ. കനകമയമഹാപീഠികായാം നിഷണ്ണം=പൊന്മയമായ വലിയ പീഠത്തിൽ ഇരിക്കുന്ന. അയം കാഞ്ചീപതിഃ=ഇദ്ദേഹം കാഞ്ചിരാജാവാണ്. അംഗജാൎത്ത്യാ=കാമതാപത്താൽ. അഞ്ചാറേഴ ദൂതാൻ=അഞ്ചോ ആറോ ഏഴോ ദൂതന്മാരെ. തവ ജനകന്=നിന്റെ അച്ഛന്. ഏഷഃ രാജാ=ഈ രാജാവു്. മാളവരാജന്റെ പാൎശ്വത്തിങ്കൽ സ്വൎണ്ണസിംഹാസനത്തിലിരിക്കുന്നതു കാഞ്ചിരാജാവാണ്. ഇദ്ദേഹം നിന്റെ സൌന്ദൎയ്യം കേട്ടു കാമതാപംനിമിത്തം നിന്റെ അച്ഛന്ന് അഞ്ചാറേഴ ദൂതന്മാരെ അയയ്ക്കുകയുണ്ടായി.

മുഗ്ദ്ധേ ചൊന്നീലമുഷ്മിന്നഭിരുചി ഭേതി-
ക്കൊക്കുമോ വക്ത്രബിംബം
ചൊല്ലീടുന്നു തവാന്തൎഗ്ഗതമയി സുഭഗേ *
പശ്യ പാൎശ്വേ തദീയേ
നേത്രാഭ്യാം നിശ്ചലാഭ്യാം തവ തനുസുഷമാ-
മാധുരീമാപിബന്തം
മദ്രാണാമേഷ നേതാ മനസി മനസിജാ-
തങ്കമായി വധൂനാം.   ൧൧൪

ഹേ മുഗ്ദ്ധേ സുഭഗേ=അല്ലയോ മുഗ്ദ്ധയായ സുന്ദരി. അമുഷ്മിൻ=ഇദ്ദേഹത്തിൽ. അഭിരുചി=ആഗ്രഹം. ഒക്കുമോ=യോജിക്കുമോ. വക്ത്രബിംബം=മുഖബിംബം. അന്തൎഗ്ഗതം=ഉള്ളിലുള്ള അഭിപ്രായം.

* "സുമുഖി" എന്നു പാഠാന്തരം.

പശ്യ=കണ്ടാലും. തദീയേ പാൎശ്വേ=അദ്ദേഹത്തിന്റെ പാൎശ്വത്തിൽ. നിശ്ചലാഭ്യാം നേത്രാഭ്യാം തവ തനുസുഷമാമാധുരീം ആപിബന്തം=നിശ്ചലങ്ങളായ കണ്ണുകളെക്കൊണ്ടു നിന്റെ ശരീരശോഭയുടെ മാധുൎയ്യത്തെ ഔത്സുക്യത്തോടുകൂടി പാനംചെയ്യുന്നവനെ (പശ്യ എന്ന ക്രിയയുടെ കൎമ്മം). വധൂനാം മനസി മനസിജാതങ്കദായീ ഏഷഃ=സ്ത്രീകളുടെ മനസ്സിൽ കാമപീഡയെദ്ദാനംചെയ്യുന്ന ഇദ്ദേഹം. മദ്രാണാം നേതാ=മദ്രദേശത്തിന്റെ നേതാവാണ്. ഹേ സുന്ദരി! കാഞ്ചീരാജാവിലും നിനക്കഭിരുചി തോന്നിയിട്ടില്ല. നിന്റെ മുഖംതന്നെ ഉള്ളിലുള്ള അഭിപ്രായത്തെ പറയുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ പാൎശ്വത്തിൽ ഇളക്കമില്ലാത്ത കണ്ണുകളെക്കൊണ്ടു നിന്റെ ശരീരശോഭയുടെ മാധുൎയ്യത്തെ പാനംചെയ്തുകൊണ്ടിരിക്കുന്ന ആ രാജാവിനെ നോക്കു. സ്ത്രീകളുടെ മനസ്സിൽ മദനപീഡയുളവാക്കുന്ന ഇദ്ദേഹം മദ്രരാജാവാണ്.

കാശാവദാതചമരവ്യജനാവധൂത-
കേശാഞ്ചലം കമനി കാണപരം നരേന്ദ്രം
ആശീവിഷോപമഭുജാപരിഘോ മഹാത്മാ
കാശീശനേഷ കമലായുധതുല്യധാമാ. ൧൧൨

കാശാവദാതചാമരവ്യജനാവധൂതകേശാഞ്ചലം അപരം നരേന്ദ്രം കാൺ=കാശപുഷ്പം (കതിരവാൽപ്പുല്ല്) പോലെ വെളുത്ത ചാമരങ്ങളാകുന്ന വ്യജനങ്ങൾ (താലവൃന്തങ്ങൾ) കൊണ്ട് അവധൂതമായ (ഇളക്കപ്പെട്ട) കേശാഗ്രത്തോടുകൂടിയ മറെറാരു രാജാവിനെ കണ്ടാലും. ആശീവിഷോപമഭുജാപരിഘഃ=ആശീവിഷോപമങ്ങൾ (സൎപ്പതുല്യങ്ങൾ) ആയ ഭുജാപരിഘങ്ങളോടു. (പരിഘങ്ങൾപോലുള്ള കൈകളോടു) കൂടിയവനും. മഹാത്മാ=മഹാത്മാവും. കമലായുധതുല്യധാമാ=കാമദേവനെപ്പോലെ ധാമം (തേജസ്സ്) ഉള്ളവനുമായ. ഏഷ കാശീശൻ=ഇദ്ദേഹം കാശിരാജാവാണ്. വെഞ്ചാമരം വീശുമ്പോൾ കേശാഗ്രം ഇളകിക്കൊണ്ടിരിക്കുന്ന വേറെ ഒരു

രാജാവിനെ നോക്കു. സൂൎയ്യതുല്യവും പരിഘാകൃതിയുള്ളവയുമായ കൈകളോടുകൂടിയവനും കാമകോമളനുമായ ഇദ്ദേഹം കാശിരാജാവാകുന്നു.

അസ്യോൎവ്വീജംഭശത്രോൎജ്ജിതവിബുധപുരീ
ജഹ്നുകന്യാതടാന്തേ
വിസ്തീൎണ്ണാ വിശ്രുതശ്രീൎജ്ജയതി ജഗതി വാ-
രാണസീ രാജധാനീ
മുഗ്ദ്ധാക്ഷീണാം കദംബം മുഹുരപി കളിതേ-
ട്ടന്നിതെന്നല്ല യസ്യാം
മുക്തിസ്ത്രീ ചാപി നിത്യം വിഹരതി ജഗദാ-
നന്ദമാപാദയന്തീ. ൧൧൫

അസ്യ ഉൎവ്വീജംഭശത്രോഃ=ഈ ഭൂമീന്ദ്രന്റെ(ജംഭശത്രു—ഇന്ദ്രൻ). ജിതവിബുധപുരീ=വിബുധപുരിയെ (അമരാവതിയെ) ജയിച്ച. വിസ്തീൎണ്ണാ=വിസ്താരമുള്ള. വിശ്രുതശ്രീഃ=കേൾവിപ്പെട്ട ശ്രീയോടുകൂടിയ. ജഗതി വാരാണസീ ഇതി രാജധാനീ=ലോകത്തിൽ വാരാണസീ എന്നു പ്രസിദ്ധമായ രാജധാനി. ജഹ്നുകന്യാതടാന്തേ ജയതി=ഗംഗാതീരപ്രദേശത്തിങ്കൽ സൎവ്വോൽകൎഷേണ വൎത്തിക്കുന്നു. യസ്യാം=യാതൊരു പുരിയിൽ. മുഗ്ദ്ധാക്ഷീണാം കദംബം=സുന്ദരിമാരുടെ സമൂഹം. മുഹുരപി കളിതേട്ടന്നിതു=വീണ്ടും വീണ്ടും കളിക്കുന്നു. ജഗദാനന്ദം ആപാദയന്തീ=ലോകത്തിന്നു ആനന്ദം ഉളവാക്കുന്ന. മുക്തിസ്ത്രീ ച അപി=മുക്തിയാകുന്ന സ്ത്രീയും. നിത്യം വിഹരതി=നിത്യവും ക്രീഡിക്കുന്നു. ദേവേന്ദ്രതുല്യനായ ഈ രാജാവിന്നു ഇന്ദ്രരാജധാനിയെജ്ജയിച്ചതും, ശ്രീയേറിയതുമായ വാരാണസി എന്ന രാജധാനി ഗംഗാതീരത്തിങ്കൽ ജയിക്കുന്നു. അവിടെ സുന്ദരിമാരായ സ്ത്രീകൾമാത്രമല്ലാ ലോകാനന്ദദായിനിയായ മുക്തിയാകുന്ന സ്ത്രീയും പതിവായി ക്രീഡിക്കുന്നു,

കന്നൽക്കണ്ണാർ കചാന്തേ കനിവിനൊടണിയും
മാലതീമാലികേ കാ-
ണന്യം ഭൂപാലമേതൽക്ഷിതിപപരിസരേ
തേജസാ ഭ്രാജമാനം
ധന്യാത്മാ ഹേഹയാനാമയമധിപതി മാ-
ഹിഷ്മതീനാഥനേനം
വർണ്ണിക്കുന്നാകിൽ വിണ്ണോർഗ്ഗുരുവിനുമെളുത-
ല്ലെന്നു വന്നീടുമിന്നു്. ൧൧൦

കന്നൽക്കണ്ണാർ......മാലികേ=സുന്ദരിമാർ മുടിയിലണിയുന്ന പിച്ചകമാലയായവളേ. തേജസാ ഭ്രാജമാനം അന്യം ഭൂപാലം= തേജസ്സുകൊണ്ടു ശോഭിക്കുന്ന മറെറാരു രാജാവിനെ. ഏതൽക്ഷിതിപപരിസരേ കാൺ=ഈ രാജാവിൻെറ സമീപത്തിൽ കണ്ടാലും. ധന്യാത്മാ=ഭാഗ്യശാലിയായ. അയം=ഇദ്ദേഹം. ഹേഹയാനാം അധിപതി=ഹേഹയരാജ്യത്തെ രാജാവായ. മാഹിഷ്മതീനാഥൻ= മാഹിഷ്മതീപുരിയിലെ നാഥനാകുന്നു. ഏനം വർണ്ണിക്കുന്നാകിൽ= ഇദ്ദേഹത്തെ വർണ്ണിക്കുന്നതായാൽ. വിണ്ണോർഗ്ഗുരുവിനും=ബൃഹസ്പതിക്കും. എളുതല്ല=എളുപ്പമല്ല. കാശിരാജാവിന്നു് അടുക്കൽ ഇരിക്കുന്ന മറെറാരു രാജാവിനെ നോക്കു. ഇദ്ദേഹം ഹേഹയരാജാവാണു്. ഈ രാജാവിനെ വർണ്ണിപ്പാൻ ബൃഹസ്പതിക്കുംകൂടി പ്രയാസമുണ്ടു്.

സംഭൂതിഃ സൂര്യവംശേ സ ഖലു കുലഗുരുർ-
ബ്രഹ്മനിഷ്ഠോ വസിഷ്ഠഃ
സംപന്നിർധൂതവിത്താധിപഗരിമഭരാ
രാജധാന്യപ്യയോദ്ധ്യാ
ജൃംഭദ്ദോസ്തംഭദംഭപ്രകടനപടിമാ-
ദൃപ്തദൈതേയസംഘേ
ജംഭാരാതേശ്ച യസ്യഃ കഥയ കഥമസൗ
കഥ്യതേ രാജസിംഹഃ. ൧൧൧

സംഭൂതിഃ സൂര്യവംശേ=ജനനം സൂര്യവംശത്തിൽ. കുലഗുരുഃ ബ്രഹ്മനിഷ്ഠഃ സഃ വസിഷ്ഠഃ=കുലഗുരു ബ്രഹ്മനിഷ്ഠനായ ആ വസിഷ്ഠൻതന്നെ. രാജധാനീ സംപന്നിദ്ധൃതവിത്താധിപനഗരമദാ അയോദ്ധ്യാ അപി=രാജധാനി സമ്പത്തുകൊണ്ട ധനാധിപന്റെ നഗരത്തിന്റെ മദമടക്കിയ അയോദ്ധ്യയും. സ്തംഭദോസ്തംഭദംഭപ്രകടനപടിമാദൃപ്തദൈതേയസംഘേ=ശോഭിക്കുന്നവയും സ്തംഭാകാരമുള്ളവയുമായ ദോസ്സുകളുടെ (കൈകളുടെ) ദംഭത്തെ പ്രകടിക്കുന്നതിലുള്ള പാടവം ദൃപ്തന്മാരായ ദൈത്യന്മാരുടെ കൂട്ടത്തിലും. ജംഭാരാതേഃ വയസ്യഃ അസൌ രാജസിംഹഃ കഥം കഥ്യതേ=ദേവേന്ദ്രന്റെ സ്നേഹിതനായ ഈ രാജസിംഹൻ എങ്ങിനെ വർണ്ണിക്കപ്പെടുന്നു. സൂര്യവംശത്തിൽ പിറന്നു്, വസിഷ്ഠമുനിയെ കുലഗുരുവാക്കി, സമ്പന്നമായ അയോദ്ധ്യാരാജധാനിയിലിരുന്നു്, ദൈത്യസംഘത്തിൽ ഭുജപരാക്രമത്തെ പ്രകടിപ്പിച്ചവനും, ദേവേന്ദ്രസുഹൃത്തുമായ ഈ മഹാരാജാവിനെ എങ്ങിനെ വർണ്ണിക്കുന്നു?

കാരാസംരുദ്ധലങ്കാധിപമുഖദശകോദ്-
 ഭൂതനിശ്വാസവാത-
പ്രോദ്ധൂതോത്തുംഗകീർത്തിപ്രസവപരിമളാ
 മോദിതാശാന്തരാളഃ
വീരശ്രീഃ കാർത്തവീര്യോ ജയതി ഭുവി യശോ-
 മൂർത്തിരദ്യാപി രാജാ
ധീരാത്മാ തസ്യ ഗോത്രം തിലകയതി നൃപഃ
 സോയമുദ്ദാമധാമാ". ൧൨൨

കാരാസംരുദ്ധ.........ന്തരാളഃ=കാരാഗൃഹത്തിലടയ്ക്കപ്പെട്ട ലങ്കാധിപന്റെ (രാവണന്റെ) പത്തു മുഖങ്ങളിൽനിന്നുത്ഭവിച്ച ശ്വാസവായുക്കളെക്കൊണ്ടു പ്രോദ്ധൂതമായ (ഇളക്കപ്പെട്ട) ഉന്നതമായ കീർത്തിയാകുന്ന പ്രസവ(പുഷ്പ)ത്തിന്റെ പരിമളംകൊണ്ടു് ആശാന്തരാളത്തെ (ദിഗന്തരാളത്തെ) സൌരഭ്യമുള്ളതാക്കിയവനും. വീര

ശ്രീഃ=ധീരലക്ഷ്മിയുള്ളവനുമായ. കാർത്തവീര്യഃ രാജാ=കാർത്തവീര്യ്യനെന്ന രാജാവ്. യശോമൂർത്തിഃ അദ്യ അപി ഭുവി ജയതി=യശശ്ശരീരനായി ഇന്നും ഭൂമിയിൽ ജയിക്കുന്നു. ധീരാത്മാ ഉദ്ദാമധാമാ സഃ അയം നൃപഃ=ധീരമാനസനും ഉന്നതതേജസ്വിയുമായ ഈ രാജാവ്. തസ്യ ഗോത്രം തിലകയതി=ആ കാർത്തവീര്യ്യന്റെ കുലത്തെ അലങ്കരിക്കുന്നു. ലങ്കാപതിയായ രാവണനെ ദീർഘകാലം കാരാഗൃഹത്തിലടച്ചു കീർത്തി സമ്പാദിച്ച കാർത്തവീര്യ്യനെന്ന രാജാവു് ഇന്നും യശശ്ശരീരനായി ഭൂമിയിൽ ജയിക്കുന്നു. അദ്ദേഹത്തിന്റെ ഗോത്രത്തെ ഈ രാജാവു തിലകംപോലെ അലങ്കരിക്കുന്നു.

ഓരോ ഭൂപാലവീരാന്നിതി സദസി തയാ
　　വർണ്ണ്യമാനാനുഭാവാൻ
ബാലാ നിർദ്ധൂയ മന്ദം മദതരളമരാ-
　　ളാംഗനാചാരുയാനാ
സൈ്വരം സൈ്വരം പ്രപേദേ നിഷധനൃപപുരോ-
　　ഭൂമിമാമോദമുൾക്കൊ-
ണ്ടാരാദുല്ലംഘ്യ പുഷ്പാന്തരമളിതരുണീ
　　പത്മിനീമെന്നപോലെ. ൧൦൩

സദസി തയാ ഇതി വർണ്ണ്യമാനാനുഭാവാൻ ഓരോ ഭൂപാലവീരാൻ നിർദ്ധൂയ=സദസ്സിൽ അവളാൽ ഇപ്രകാരം വർണ്ണിക്കപ്പെടുന്ന പ്രഭാവത്തോടുകൂടിയ ഓരോ രാജവീരന്മാരെ തിരസ്കരിച്ചിട്ട്. മദതരളമരാളാംഗനാചാരുയാനാ ബാലാ=മദംകൊണ്ടിളകിയ അരയന്നപ്പിടയുടെപോലെ ഭംഗിയുള്ള നടത്തത്തോടുകൂടിയ ബാലിക (ദമയന്തി). സൈ്വരം സൈ്വരം നിഷധനൃപപുരോഭൂമിം ആമോദമുൾക്കൊണ്ടു പ്രപേദേ=സ്വച്ഛന്ദമായിട്ടു നിഷധരാജാവിന്റെ പുരോഭാഗത്തേയ്ക്കു സന്തോഷത്തോടുകൂടി പ്രാപിച്ചു. അളിതരുണീ പുഷ്പാന്തരം ആരാൽ ഉല്ലംഘ്യ പത്മിനീം എന്നപോലെ=പെൺവണ്ടു മററുള്ള പുഷ്പങ്ങളെ അകലെ അതിക്രമിച്ചു താമരയെ എന്നപോ

ലെ. ദമയന്തി ഇതരരാജാക്കന്മാരെ തിരസ്കരിച്ചു നളന്റെ പുരോഭാഗത്തിലേയ്ക്കു ചെന്നു. പെൺവണ്ട് അന്യപുഷ്പങ്ങളെ അകലെ വെടിഞ്ഞു താമരപ്പൂവിലേയ്ക്കു ചെല്ലുന്നതുപോലെ. ഉപമ.

അഗ്രേ കണ്ടു സമാനകാന്തിവയസഃ
　　പഞ്ചാപി പഞ്ചായുധ-
പ്രഖ്യാൻ സാ നിഷധേശ്വരാൻ രമണി കേ-
　　ണന്നേരമോൎക്കം വിധൌ
ഉൾക്കാമ്പിങ്കലറിഞ്ഞു ഹന്ത വിദൎഭീ
　　താം ദേവമായാം പുനഃ
ശക്രാദീൻ ശരണം ജഗാമ മനസാ
　　താനേവ ദീനാനനാ. ൧൨൪

സമാനകാന്തിവയസഃ പഞ്ചായുധപ്രഖ്യാൻ പഞ്ച അപി നിഷധേശ്വരാൻ അഗ്രേ കണ്ടു=സമമായ കാന്തിയോടും വയസ്സോടും കൂടിയവരും പഞ്ചബാണനോടു തുല്യന്മാരുമായ അഞ്ചു നളന്മാരേയും അഗ്രഭാഗത്തിങ്കൽ കണ്ടിട്ട്. വിദൎഭീ സാ രമണി കേണ് അന്നേരം ഓൎക്കം വിധൌ=വിദൎഭിയായ ആ രമണി (ദമയന്തി) വ്യസനിച്ച് അപ്പോൾ ഓൎക്കുമ്പോൾ. ഉൾക്കാമ്പിങ്കൽ താം ദേവമായാം അറിഞ്ഞ്=മനസ്സിൽ അതു ദേവമായയാണെന്നു ഗ്രഹിച്ചിട്ട്. പുനഃ ദീനാനനാ താൻ ശക്രാദീൻ ഏവ മനസാ ശരണം ജഗാമ=പിന്നെ ദീനമായ മുഖത്തോടുകൂടിയവളായി ആ ഇന്ദ്രാദികളെത്തന്നെ മനസ്സുകൊണ്ടു ശരണം പ്രാപിച്ചു. കാന്തികൊണ്ടും പ്രായംകൊണ്ടും ഒരുപോലെയിരിക്കുന്നവരും കാമകോമളന്മാരുമായ അഞ്ചു നളന്മാരെ കണ്ടു ദമയന്തി വ്യസനിച്ച്, ഓൎമ്മവെച്ചു നോക്കിയപ്പോൾ ദേവന്മാരുടെ മായയാണതെന്നറിഞ്ഞു ദീനമുഖിയായിട്ട് ഇന്ദ്രാദികളായ ആ ദേവന്മാരെത്തന്നെ മനസ്സുകൊണ്ടു ശരണം പ്രാപിച്ചു. ഈ സങ്കടത്തിൽനിന്നു നിവൃത്തി നല്കേണമെന്നു പ്രാൎത്ഥിച്ചുവെന്നു സാരം. 'ഹന്ത' എന്നതു് അനുകമ്പാദ്യോതകം. 'വിദൎഭീ' എന്ന വിശേഷണം സാഭിപ്രായമാകുന്നു.

ദേവതാകൃതവിരോധശാന്തയേ
ദേവതാനമനമേവ യുജ്യതേ
മാതൃതാഡിതകുമാരരോദനം
മാതരേഹി പരിപാഹി മാമിതി: ൧൨൮

ദേവതാകൃതവിരോധശാന്തയേ=ദേവന്മാരാൽ ചെയ്യപ്പെട്ട വിരോധത്തിന്റെ ശാന്തിക്ക്. ദേവതാനമനം ഏവ യുജ്യതേ=ദേവന്മാരെ നമസ്കരിക്കുകതന്നെയാണ് യോജിക്കുന്നത്. മാതൃതാഡിതകുമാരരോദനം=അമ്മയാൽ അടിക്കപ്പെട്ട കുമാരന്റെ കരച്ചിൽ. മാതഃ ഏഹി മാം പരിപാഹി ഇതി=അമ്മേ വരൂ, എന്നെ രക്ഷിക്കൂ എന്നാകുന്നു. ദേവന്മാരുടെ വിരോധത്തിനു ദേവന്മാരെത്തന്നെ വണങ്ങുകയാണ് ഉപായം. അമ്മ മകനെ അടിച്ചാൽ അവൻ അമ്മയെത്തന്നെ വിളിച്ചു കരയുകയാണ് പതിവ്. ദൃഷ്ടാന്തം അലങ്കാരം.

അന്നേരം ധർമ്മലോപം നിയതമിഹ വരും
കഷ്ടമെന്നോർത്തു ചിത്തേ
ഖിന്നാമേനാം പ്രവാതപ്രതിഹതകദളീ-
ലോഭനീയാംഗവല്ലീം
തന്വീമാലോക്യ താനേ മനതളിരിലിയ-
ക്കും കൃപാവിഹ്വലാസ്തേ
ചിഹ്നം മദ്ധ്യേ നരാണാം വിരവൊടു വിബുധാ
ദർശയാമാസുരാരാൽ. ൧൨൯

ധർമ്മലോപം=പതിവ്രതാധർമ്മത്തിന്റെ ലോപം. നിയതം=നിശ്ചയമായും. ചിത്തേ=മനസ്സിൽ. ഖിന്നാം=ഖേദിച്ചു. പ്രവാതപ്രതിഹതകദളീലോഭനീയാംഗവല്ലീം=വലിയ കാററിനാൽ പ്രതിഹതമായ (അടിക്കപ്പെട്ട) വാഴപോലെ മനോഹരമായ അംഗവല്ലിയോടുകൂടിയ. ഏനാം തന്വീം ആലോക്യ=ഈ തന്വിയെ കണ്ടിട്ട്. മനതളിരിലിയക്കും കൃപാവിഹ്വലാഃ=മനസ്സിലുണ്ടായ കൃപ

യാൽ പരവശന്മാരായിട്ട്. തേ വിബുധാഃ=ആ ദേവന്മാർ. നരാണാം മദ്ധ്യേ=മനുഷ്യന്മാരുടെ മദ്ധ്യത്തിൽ. ആരാൽ ചിഹ്നം ശ്രേയാംസമാസു=സമീപത്തിങ്കൽ അടയാളത്തെ കാണിച്ചു. അഞ്ചു നളന്മാരെ കണ്ടപ്പോഠം അവരിൽവെച്ചു യഥാത്ഥനളനെയല്ലാതെ മറെറാരുവനെ വരിച്ചാൽ തന്റെ പതിവ്രതാധൎമ്മത്തിന്നു ഭംഗം വരുമെന്നു വിചാരിച്ചു ദമയന്തി ഖേദിച്ചു. കൊടുംകാററടിച്ച വാഴപോലെ അവളുടെ ശരീരം ഇളകി. അങ്ങിനെയുള്ള ആ കന്യകയെ കണ്ടപ്പോഠം ദേവന്മാരുടെ മനസ്സിൽ കനിവുണ്ടായി. ഉടനെ അവർ മനുഷ്യരിൽനിന്നു തങ്ങളെ തിരിച്ചറിയുന്നതിന്നുള്ള അടയാളം കാട്ടിക്കൊടുത്തു.

അസ്വേദഗാത്രാനനിമേഷനേത്രാ-
നസ്പൃഷ്ടഭൂമീനരജസ്കമൂൎത്തീൻ
അമ്ലാനമാല്യാനവഗമ്യ ദേവാ-
നന്യം നളം സാ ബുബുധേ നതാംഗീ. ൧൨൭

നതാംഗീ സാ=സുന്ദരാംഗിയായ അവഠം. അസ്വേദഗാത്രാൻ=സ്വേദമില്ലാത്ത ശരീരത്തോടുകൂടിയവരും. അനിമേഷനേത്രാൻ=എമച്ചിമിഴിയില്ലാത്ത കണ്ണുകളോടുകൂടിയവരും. അസ്പൃഷ്ടഭൂമീൻ=ഭൂമിയെ സ്പൎശിക്കാത്തവരും. അരജസ്കമൂൎത്തീൻ=അരജസ്കമായ (രജോഗുണപ്രാധാന്യമില്ലാത്ത) ശരീരത്തോടുകൂടിയവരും. അമ്ലാനമാല്യാൻ=വാടാത്ത മാലയോടുകൂടിയവരുമായവരെ. ദേവാൻ അവഗമ്യ=ദേവന്മാരെന്നറിഞ്ഞിട്ട്. അന്യം=അങ്ങിനെയല്ലാതിരിക്കുന്നവനെ. നളം ബുബുധേ=നളനെന്നു മനസ്സിലാക്കി. നളവേഷം ധരിച്ച നാലു ദേവന്മാരെ ദേഹത്തിൽ വിയൎപ്പില്ലാതേയും, കണ്ണുകളിൽ എമച്ചിമിഴിയില്ലാതേയും, നിലം തൊടാതേയും, രജോഗുണലക്ഷണമില്ലാത്ത ശരീരത്തോടുകൂടിയും, വാട്ടമില്ലാത്ത മാലയോടുകൂടിയും കണ്ടിട്ട് അവർ ദേവന്മാരാണെന്നറിഞ്ഞു് അങ്ങിനെയല്ലാതുള്ള ആളെ നളനെന്നു ദമയന്തി മനസ്സിലാക്കി.

വ്രീളാവൈയാത്യഭാവവ്യതികരമധുരാ
ചെന്നു മുമ്പിൽ തദാനീം
ബാലാ തൽകണ്ഠദേശേ പരിമളലളിതാ-
മർപ്പയാമാസ മാലാം
പൌലോമീകാന്തമുഖ്യാനഴകിനൊടപഹാ-
യാമരാനാത്തരാഗം
പാലാഴിത്തന്വി പങ്കേരുഹനയനഗളേ
ഹന്ത പണ്ടെന്നപോലെ. ൱൨൰

ബാലാ=ബാലയായ ദമയന്തി. പൌലോമീകാന്തമുഖ്യാൻ അമരാൻ അപഹായ=പൌലോമീകാന്തൻ (ഇന്ദ്രൻ) തുടങ്ങിയ ദേവന്മാരെ ഉപേക്ഷിച്ച്. ആത്തരാഗം=ആത്തമായ (സ്വീകരിക്കപ്പെട്ട) അനുരാഗത്തോടുകൂടുംവണ്ണം (ക്രി. വി.) വ്രീളാവൈയാത്യഭാവവ്യതികരമധുരാ=ലജ്ജ ധാർഷ്ട്യം എന്നീ മനോഭാവങ്ങളുടെ വ്യതികരം (ചേൎച്ച)കൊണ്ടു മനോഹരയായിട്ട്. മുമ്പിൽ ചെന്നു തദാനീം=മുമ്പിൽ ചെന്നിട്ട് അപ്പോഠം. തൽകണ്ഠദേശേ=ആ നളന്റെ കഴുത്തിൽ. പരിമളലളിതാം മാലാം അർപ്പയാമാസ=പരിമളംകൊണ്ടു ലളിതമായ മാലയെ അർപ്പിച്ചു. പണ്ടു പാലാഴിത്തന്വി പങ്കേരുഹനയനഗളേ എന്നപോലെ=പണ്ടു ശ്രീഭഗവതി വിഷ്ണുഭഗവാന്റെ കഴുത്തിൽ എന്നപോലെ. ദമയന്തി ഇന്ദ്രാദികളായ ദേവന്മാരെ വെടിഞ്ഞ് അനുരാഗത്തോടുകൂടി ലജ്ജയും ധാർഷ്ട്യവും കലൎന്ന ഭാവംപൂണ്ടു നളന്റെ മുമ്പിൽ ചെന്ന് അദ്ദേഹത്തിന്റെ കഴുത്തിൽ പരിമളം പൊഴിയുന്ന വരണമാലയെ അർപ്പിച്ചു. പണ്ടു ശ്രീഭഗവതി വിഷ്ണുവിന്റെ കഴുത്തിലെന്നപോലെ. "പൌലോമീകാന്തമുഖ്യാനഴകിനൊടപഹായ" എന്നതു ദമയന്തീപക്ഷത്തിലെന്നപോലെ "പാലാഴിത്തന്വി"യുടെ പക്ഷത്തിലും യോജിക്കുന്നു. ഉപമ.

മന്ദമേത്യ നിഷധാധിപേ വൃതേ
സുന്ദരീമകുടരത്നമാലയാ
ധിംധിമിന്നിതി തദാ ദിവൌകസാം
ദുന്ദുഭിധ്വനിരജൃംഭതാംബരേ. ൧൨൯

സുന്ദരീമകുടരത്നമാലയാ=സുന്ദരിമാർ കിരീടത്തിൽ ചാൎത്തുന്ന രത്നമാലയാൽ (ദമയന്തിയാൽ.) മന്ദം ഏത്യ=മെല്ലെ അടുത്തു ചെന്നു്. നിഷധാധിപേ വൃതേ സതി=നളൻ വരിക്കപ്പെട്ട സമയത്തിങ്കൽ. തദാ=അപ്പോൾ. അംബരേ=ആകാശത്തിൽ. ദിവൌകസാം ദുന്ദുഭിധ്വനിഃ=ദേവന്മാരുടെ ദുന്ദുഭിവാദ്യത്തിന്റെ ധ്വനി. ധിംധിമിൻ ഇതി=ധിംധിമിൻ എന്നു്. അജൃംഭത=ജൃംഭിച്ചു. സുന്ദരീമകുടമാലയായ ദമയന്തി നളനെ വരിച്ചപ്പോൾ ആകാശത്തിങ്കൽ ദേവന്മാരുടെ ദുന്ദുഭിവാദ്യം 'ധീംധീം' എന്നു മുഴങ്ങി. അനുരൂപവരലാഭത്തിൽ സന്തുഷ്ടരായ ദേവന്മാർ വാദ്യംമുഴക്കി എന്നു സാരം.

ആനന്ദംപൂണ്ടു വാഴ്ത്തും ദ്വിജവരപരിഷൽ-
സാധുവാദങ്ങൾകൊണ്ടും
തേനോലുംവാണിമാർതൻ വദനഗളദുലൂ-
ലുധ്വനിപ്രൌഢികൊണ്ടും
ചേണാൎന്നീടുന്ന ഭേരീപടഹമുഖമഹാ-
വാദ്യഘോഷങ്ങൾകൊണ്ടും
ക്ഷോണീവ്യോമാന്തരാളം ശിവ ശിവ ശിവനേ
പൂൎണ്ണമാസീത്തദാനീം. ൧൩൦

ദ്വിജവരപരിഷൽസാധുവാദങ്ങൾ=ബ്രാഹ്മണശ്രേഷ്ഠന്മാരുടെ പരിഷത്തിന്റെ (സമൂഹത്തിന്റെ) സാധുവാദങ്ങൾ (അഭിനന്ദനശബ്ദങ്ങൾ). തേനോലുംവാണിമാർ=സുന്ദരിമാർ. വദനഗളദുലൂലുധ്വനിപ്രൌഢി=മുഖങ്ങളിൽനിന്നു പുറപ്പെടുന്ന ഉലൂലുധ്വനിയുടെ (കുരവയുടെ) പ്രൌഢി. ഭേരീപടഹമുഖമഹാവാദ്യഘോഷങ്ങൾ=ഭേരി, പടഹം മുതലായ വലിയ വാദ്യങ്ങളുടെ ഘോഷ

ങ്ങൾ. ക്ഷോണീവ്യോമാന്തരാളം=ഭൂമിയുടേയും ആകാശത്തിൻേറയും മദ്ധ്യം. പൂൎണ്ണം ആസീൽ=നിറഞ്ഞു. 'ശിവ ശിവ ശിവനേ' എന്നതു് ആശ്ചൎയ്യദ്യോതകം. ബ്രാഹ്മണർ സന്തോഷിച്ചു് അഭിനന്ദിക്കുകയും, സ്ത്രീകൾ മംഗളസൂചകമായി കുരവയിടുകയും, വാദ്യക്കാർ ഭേരിമുതലായ വാദ്യങ്ങൾ മുഴക്കുകയും ചെയ്കയാൽ ദ്യാവാപൃഥിവികളുടെ മദ്ധ്യം മുഖരിതമായി.

മാലാമണിഞ്ഞധിഗളം നിഷധേശിതുഃ സാ
ബാലാ സമീപഭുവി തസ്യ തദാ വിരേജേ
ആലോലകാന്തിതടവീടിന പൂൎണ്ണചന്ദ്ര-
മാരാദനൂനരുചി രോഹിണിയെന്നപോലെ. ൧൩൧

മാലാം=മാലയെ. അധിഗളം=കഴുത്തിൽ (അവ്യയീഭാവം). നിഷധേശിതുഃ=നളൻെറ. സാ ബാലാ=ആ ബാല. സമീപഭുവി=സമീപഭൂമിയിൽ. വിരേജേ=വിശേഷേണ ശോഭിച്ചു. ആലോലകാന്തി=വെട്ടിത്തിളങ്ങുന്ന ശോഭ. പൂൎണ്ണചന്ദ്രം ആരാൽ=പൂൎണ്ണചന്ദ്രൻെറ സമീപത്തിൽ. അനൂനരുചി=പൂൎണ്ണകാന്തിയോടുകൂടി. നളൻെറ കഴുത്തിൽ മാലയിട്ടു സമീപത്തിങ്കൽ നില്ക്കുന്ന ദമയന്തിയെ പൂൎണ്ണചന്ദ്രൻെറ സവിധത്തിൽ സ്ഥിതിചെയ്യുന്ന രോഹിണിയോടു് ഉപമിച്ചിരിക്കുന്നു. ഉപമ.

പ്രസേദിവാംസോ വിബുധാഃ
പ്രശംസന്തസ്തയോൎഗ്ഗുണാൻ
വരവധ്വോൎയ്യഥാകാമം
വരം ദത്വാ തിരോഭവൻ. ൧൩൨

പ്രസേദിവാംസഃ വിബുധാഃ=പ്രസാദിച്ചവരായ് ദേവന്മാർ. തയോഃ വരവധ്വോഃ=ആ വധൂവരന്മാരുടെ. ഗുണാൻ പ്രശംസന്തഃ=ഗുണങ്ങളെ പ്രശംസിച്ചുകൊണ്ടു്. യഥാകാമം വരം ദത്വാ=ആഗ്രഹമനുസരിച്ചു വരത്തെ കൊടുത്തിട്ടു്. തിരോഭവൻ=മറഞ്ഞു.

ദേവന്മാർ പ്രസാദിച്ചു വധൂവരന്മാരെ പുകഴ്ത്തി വേണ്ട വരം കൊടുത്തു മറഞ്ഞു.

അന്യേ ഭൂപാസ്തദാനീം മനതളിരിൽ മുള-
ച്ചുന്ന മാത്സൎയ്യബീജം
നന്നായ് മൂടി പ്രസാദപ്രചുരിമ പുറമേ
ചേൎത്തു സാൎദ്ധം സഹായൈഃ
വൎണ്ണിച്ചുംകൊണ്ടോരോന്നേ നിജനിജനഗരം
നോക്കി നിൎജ്ജഗ്മുരുച്ചൈഃ
കന്യാം കൈക്കൊണ്ടു ഗൂഢം നിജഹൃദയവിധേ-
യാം ത്രപാനാമധേയാം.

അന്യേ ഭൂപാഃ=മററു രാജാക്കന്മാർ. മാത്സൎയ്യബീജം=മത്സരത്തിന്റെ വിത്തു്. പ്രസാദപ്രചുരിമ=സന്തോഷാധിക്യം. സഹായൈഃ സാൎദ്ധം=സഹായന്മാരോടുകൂടി. നിജനിജനഗരം=താന്താങ്ങളുടെ നഗരം. നിൎജ്ജഗ്മുഃ=പോയി. ഉച്ചൈഃ=ഏററവും. നിജഹൃദയവിധേയാം ത്രപാനാമധേയാം കന്യാം ഗൂഢം കൈക്കൊണ്ടു=തങ്ങളുടെ ഹൃദയത്തിന്നു വിധേയയായ ത്രപ (ലജ്ജ) എന്നു പേരായിരിക്കുന്ന കന്യകയെ ഗൂഢമായി ഗ്രഹിച്ചുകൊണ്ടു്. മററുള്ള രാജാക്കന്മാൎക്കു മനസ്സിൽ വലിയ മത്സരമുണ്ടായി. എങ്കിലും അവർ അതിനെ ഉള്ളിൽ മൂടി പുറമേയ്ക്കു സന്തോഷം നടിച്ചു കൂട്ടുകാരോടുകൂടി ഓരോന്നു പറഞ്ഞുകൊണ്ടു താന്താങ്ങളുടെ നഗരങ്ങളിലേയ്ക്കു പോയി. അവൎക്കും ഒരു കന്യകയെ കിട്ടാതിരുന്നില്ല. ആ കന്യകയ്ക്കു ലജ്ജ എന്നായിരുന്നു പേർ. ലജ്ജയോടുകൂടി മടങ്ങിപ്പോയി എന്നു സാരം.

ആമോദശാലീ തദനു ക്ഷിതീശോ
ഭീമോ വിദൎഭാനൃയപുണ്യഭൂമാ
ശ്രീമാനതന്ദ്രം ബഹു പാരിബൎഹം
പ്രേമാകുലാത്മാ പ്രദദൌ സുതായൈ.

തദനു=അനന്തരം. വിദർഭനായപുണ്യഭ്രമഃ=വിദർഭവംശത്തിന്റെ പുണ്യസഞ്ചയമായി. ശ്രീമാൻ=ശ്രീമാനായിരിക്കുന്ന. ഭീമക്ഷിതീശഃ=ഭീമൻ എന്ന രാജാവ്. പ്രേമാകുലാത്മാ=പ്രേമത്താൽ പരവശമായ മനസ്സോടുകൂടിയവനായി. ആമോദശാലീ=സന്തോഷംകൊണ്ടു ശോഭിക്കുന്നവനായിട്ട്. അതന്ദ്രം=മടികൂടാതെ. ബഹുപാരിബർഹം=വളരെ സമ്മാനത്തെ. സുതായൈ പ്രദദൌ=മകൾക്കായിക്കൊണ്ടു ദാനംചെയ്തു. അനന്തരം വിദർഭരാജാവു മകൾക്ക് അനവധി സമ്മാനങ്ങളെ മടികൂടാതെ കൊടുത്തു. 'വിദർഭനായപുണ്യഭ്രമം' എന്നതിന്നു വിദർഭവംശത്തിന്റെ പുണ്യം ഒന്നിച്ചു ചേന്നിരിക്കയോ എന്നു തോന്നുമാറിരിക്കുന്നവനെന്നു താല്പര്യം. 'ശ്രീമാൻ' എന്ന വിശേഷണം വിലയേറിയ സമ്മാനങ്ങൾ നല്കുന്നതിന്നു കഴിവുള്ളവനാണ് ഭീമനെന്നു കാണിക്കുന്നു.

ഉന്നിദ്രാഭോഗമുൾക്കൊണ്ടിളകിന സുഷമാ-
സമ്പദാ പഞ്ചബാണൻ-
തന്നെക്കാൽക്കീഴമക്കും നിഷധവസുമതീ-
പുണ്യഭ്രമാ തദാനീം
ധന്യാത്മാനം വിദർഭക്ഷിതിപരിവൃഢമാ-
പൃച്ഛ്യ മന്ദം നടന്നു
കന്യാരത്നേന സാകം കനകമയരഥേ
ചേർന്നു കല്യാണശാലീ. ഫനു൫

കല്യാണശാലീ നിഷധവസുമതീപുണ്യഭ്രമം=കല്യാണം (വിവാഹം) കൊണ്ടു ശാലനം ചെയ്യുന്ന (ശോഭിക്കുന്ന) നിഷധഭൂമിയുടെ പുണ്യസഞ്ചയം (നളൻ). "ഉന്നിദ്രാഭോഗ........കാൽക്കീഴമക്കും" എന്നതു നളന്റെ വിശേഷണം. ഉന്നിദ്രാഭോഗം=വലിയ വിശാലത. സുഷമാസമ്പദാ=സുഷമയുടെ (പരമശോഭയുടെ) സമ്പത്തികൊണ്ട്. കാൽക്കീഴമക്കുക=കാല്ക്കൽ കീഴിലാക്കുക (തോല്പിക്കുക). ധന്യാത്മാനം വിദർഭക്ഷിതിപരിവൃഢം ആപൃച്ഛ്യ=കൃതാത്മാ

മാനസനായ വിദർഭരാജാവിനോടു വിട ചോദിച്ച്. കന്യാരത്നേന സാകം=കന്യകാരത്നത്തോടുകൂടി. കനകമയരഥേ=സ്വർണ്ണമയമായ തേരിൽ. പരമമായ ശോഭയുടെ സമൃദ്ധികൊണ്ടു പഞ്ചബാണനെ തോല്പിക്കുന്നവനും കല്യാണം കഴിഞ്ഞു സവിശേഷം ശോഭിക്കുന്നവനുമായ നളൻ അനുരൂപജാമാതൃലാഭത്താൽ കൃതാർത്ഥനായ വിദർഭരാജാവിനോടു യാത്ര ചോദിച്ചു കന്യകാരത്നത്തോടുകൂടി സ്വർണ്ണത്തേരിൽ പതുക്കെ യാത്ര പുറപ്പെട്ടു.

മത്തവാരണരഥാശ്വപത്തികളു-
പേതസംഖ്യമരുളുന്നതു-
ന്നതംതെളിഞ്ഞഥ വിദർഭപുംഗവന-
ദഭ്രമോദ * മരുളുന്നതും
അസ്തശങ്കമുടനത്യുദാരനിഷ-
ധാധിരാജവരസേനയും
മുഗ്ദ്ധസിന്ധുവൊടമർത്ത്യലോകതടി-
നീവ ചേർന്നു ശുശുഭേ തദാ. ഥന്ന

നളന്റെ പ്രതിഗമനത്തെ വർണ്ണിക്കുന്നു:— മത്തവാരണരഥാശ്വപത്തികൾ=മദിച്ച ആനകളും തേരുകളും കുതിരകളും കാലാളുകളും. അപേതസംഖ്യം=സംഖ്യയില്ലാത്തതു. അരുളുന്നതു്=ഉള്ളതു്. വിദർഭപുംഗവൻ=വിദർഭരാജാവു്. അദഭ്രമോദം=അനല്പമായ സന്തോഷത്തോടുകൂടി (ക്രി. വി). അസ്തശങ്കം=ശങ്കയില്ലാതെ (ക്രി. വി). അത്യുദാരനിഷധാധിരാജവരസേന=അത്യുൽകൃഷ്ടമായ നളന്റെ ശ്രേഷ്ഠമായ സേന. ദുഗ്ദ്ധസിന്ധു=പാൽക്കടൽ. അമർത്ത്യലോകതടിനീ=സ്വർഗ്ഗംഗ. ശുശുഭേ=ശോഭിച്ചു. ചതുരംഗസൈന്യങ്ങളെ സംഖ്യയില്ലാത്തതു കൊടുക്കുവാൻ മനസ്സുതെളിഞ്ഞു വിദർഭരാജാവു കൊടുത്ത സൈന്യവും നളന്റെ ഒരുമിച്ചുള്ള സൈന്യവും

* 'അദഭ്രോദാഗം' എന്നു പാഠാന്തരം.

കൂടി പാൽക്കടലും ഗംഗാനദിയുമെന്നപോലെ രണ്ട് അസാധാരണമായി ശോഭിച്ചു.

പൊന്നു മുത്തു പണമിത്തരങ്ങൾ പറ-
യാവതല്ല പറകൊണ്ടള-
ന്നുന്നതേഷു വൃഷഗർദ്ദഭാദിഷു ക-
നം കരേററി മുദിതാശയാഃ
ഒന്നിനൊന്നു നിരവേ നടന്നു നട-
യും* വിളിച്ചു നിവിരെത്തദാ
മുന്നകമ്പടി നടന്നിതമ്പൊടു വി-
ദർഭരാജവരകിങ്കരാഃ. ൧൩൭

ഉന്നതേഷു വൃഷഗർദ്ദഭാദിഷു=ഉയരമുള്ള കാളകൾ, കഴുതകൾ മുതലായവയിൽ. കനം=കനക്കെ. മുദിതാശയാഃ=സന്തുഷ്ടമാനസരായിട്ട്. നിരവേ=നിരക്കെ. നടയും വിളിച്ച്=നടനടാ എന്നു വിളിച്ച്. വിദർഭരാജവരകിങ്കരാഃ=വിദർഭരാജഭൃത്യന്മാർ. പൊന്നും മുത്തും പണവും കാളപ്പുറത്തും കഴുതപ്പുറത്തും കയററി നടത്തു വിളിച്ചുകൊണ്ടു വിദർഭരാജഭൃത്യന്മാർ മുന്നിൽ അകമ്പടി നടന്നു.

തോടതാലിതളമോതിരങ്ങൾ കട-
കങ്ങളിത്തരമണിഞ്ഞുകൊ-
ാട നല്ലവ ഞെറിഞ്ഞുടുത്തു കുറി-
യും വരച്ചു കുതുകാകുലാഃ
ഈടെഴുന്ന മണിദർപ്പണാദികമെ-
ടുത്തുകൊണ്ടുദിതസംഭ്രമം
ചേടിമാരുമുടനൂഢമോദമനു-
ജഗ്മുരംബുജവിലോചനാം. ൧൩൮

* "നിലയും" എന്നു പാഠാന്തരം.

കടകങ്ങൾ=വളകൾ. കുതുകാകുലാഃ=കൌതുകപരവശമാർ. ഈട്=ഉറപ്പ്. മണിദർപ്പണാദികം=മണിക്കണ്ണാടി മുതലായത്. ഉദിതസംഭ്രമം=ഉണ്ടായ സംഭ്രമത്തോടുകൂടി (ക്രി. വി.). ചേടിമാർ=ദാസിമാർ. ഊഢമോദം=വഹിക്കപ്പെട്ട മോദത്തോടുകൂടി (ക്രി. വി). അനുജഗ്മുഃ=അനുഗമിച്ചു. അംബുജവിലോചനാം=സുന്ദരിയെ (ദമയന്തിയെ). ആഭരണങ്ങളണിഞ്ഞു ഞെറിഞ്ഞുടുത്തു വരച്ചുകുറിയുമിട്ടു കണ്ണാടി മുതലായവയുമെടുത്തു ദാസിമാർ ദമയന്തിയുടെ പിന്നാലെ നടന്നു.

മദ്ദളം മുരജ നക്ര നല്ല പണ-
വം പെരുമ്പറകൾ തപ്പു മ-
ററിത്തരം വിവിധവാദ്യഭേദമൊരു-
മിച്ചു താക്കിയുമനാകുലം
അത്യുദാരരുചി കൊമ്പു കാളമണി-
ശംഖു ചിന്നമിവ മേല്ക്കുമേ-
ലുദ്ധതദ്ധ്വനി വിളിച്ചുമാശു മുഖ-
രം ബഭൂവ ഭുവനോദരം. ഘനൻ

മുരജ=മുരജം (മൃദംഗം) നക്ര=നകാര. പണവം=എടയ്ക്ക. തപ്പ്=പടഹം. വിവിധവാദ്യഭേദം=പലതരം വാദ്യം. താക്കുക=കൊട്ടുക. അനാകുലം=ശങ്കകൂടാതെ (ക്രി. വി.) അത്യുദാരരുചി=അതിമനോഹരമായ — ശോഭയുള്ള. ചിന്നം=കുഴൽ. ഉദ്ധതദ്ധ്വനി=ഉയൎന്ന ധ്വനിയോടുകൂടി (ക്രി. വി) മുഖരം=ശബ്ദായമാനം. ഭുവനോദരം=ലോകത്തിന്നകം. മദ്ദളംമുതൽ തപ്പുവരെയുള്ളവ കൊട്ടാനുള്ളവയും കൊമ്പുമുതൽ ചിന്നംവരെപ്പറഞ്ഞവ ഊതാനുള്ളവയുമാണ്. നാനാവാദ്യഘോഷത്താൽ ജഗദന്തരാളം മുഖരിതമായി.

ചേച്ച കണ്ടു ചെറുതായ്ച്ചമച്ചു ചെറു-
തേർ കരേറി മഹിതാദരം
മൂച്ചയുള്ള കണയും കലൎന്നു കര-
പല്ലവേ ചെറിയ ചാപവും

വേഴ്ചകൊണ്ടു മിളിതാദരാതിശയ-
ഭാരമമ്പൊടു സഹോദരീം
വാച്ചു മോദമകമേ തുടൎന്നിതു ദ-
മാദയോ നൃപകുമാരകാഃ. ൧൪൦

മഹിതാദരം=വലിയ ആദരവോടെ (ക്രി. വി.). കണ=അമ്പ്. കരപല്ലവേ=തളിരുപോലുള്ള കയ്യിൽ. വേഴ്ച=സ്നേഹം. മിളിതാദരാതിശയഭാരം=മിളിതമായ (ഉണ്ടായ) ആദരാധിക്യത്തിന്റെ ഭാരത്തോടുകൂടി (ക്രി. വി.). സഹോദരീം=സഹോദരിയെ. വാച്ചു=വൎദ്ധിച്ച്. മോദയഃ=ദമൻ തുടങ്ങിയ. നൃപകുമാരകാഃ=രാജകുമാരന്മാർ. ദമൻ, ദാന്തൻ, ദമനൻ എന്നീ രാജകുമാരന്മാർ തങ്ങളുടെ പ്രായത്തിനു ചേൎന്നവിധമുണ്ടാക്കിയ ചെറുതേരുകളിലേറി, കയ്യിൽ വില്ലുമമ്പുമേന്തിക്കൊണ്ടു, സ്നേഹാദരാതിശയത്തോടുകൂടി സഹോദരിയായ ദമയന്തിയെ അനുഗമിച്ചു.

എന്തിനില്ലിതിനു സംശയം മനസി
പോക നാം കിമിഹ ചിന്തയാ
സാധുസാധു പണമിന്നുമുണ്ടിഹ ക-
ഴിഞ്ഞതില്ല കരപീഡനം
ജാതരാഗമൊരുമിച്ചിവണ്ണമനു-
ജശ്വരാത്തു നിവിരെത്തദാ
മോദഭാരമകമേ നിറഞ്ഞു വിധു-
രാശയാശ്ച വസുധാസുരാഃ. ൧൪൧

മനസി=മനസ്സിൽ. കിമിഹ ചിന്തയാ=ഇതിൽ ചിന്തകൊണ്ട് എന്ത്? സാധുസാധു=ഏററവും നല്ലതു്. ഇന്നും=ഇനിയും. കരപീഡനം=വിവാഹം. ജാതരാഗം=ഉണ്ടായ രാഗത്തോടു (പണത്തിലുള്ള തൃഷ്ണയോടു)കൂടി. ആൎത്തു=കൂടിയാൎത്തു്. മോദഭാരം=സന്തോഷാധിക്യം. വിധുരാശയാഃ=വിധുരം (സംഭ്രാന്തം) ആയ മന

ഗ്രസ്സോടുകൂടിയ. വസുധാസുരാഃ=ബ്രാഹ്മണർ. സംശയിക്കേണ്ട. പണം ഇനിയും കിട്ടും. വിവാഹക്രിയ കഴിഞ്ഞിട്ടില്ല. അതു മർത്ത്യഗൃഹത്തിൽവെച്ചായിരിക്കും എന്നു തമ്മിൽ പറഞ്ഞു് ആർത്തു കൊണ്ടു ബ്രാഹ്മണരും പിന്നാലെ പോയി.

വന്നു വന്നു വഴിയും നിറഞ്ഞു നിവി–
രെപ്പരന്നു നിലയും വിളി–
ച്ചുന്നതദ്യുതി പുറപ്പെട്ടുന്നളവ–
നല്പഘോഷമിതി കുണ്ഡിനാൽ
നന്നു നന്നരിയ കുന്നു കാടു നഗ–
രങ്ങളെന്നിവ കടന്നു പോയ്–
ച്ചെന്നകമ്പടി നിറഞ്ഞിതങ്ങു നിഷ–
ധാധിരാജനഗരാങ്കണേ. ഫർവ.

നിലയും വിളിച്ചു്=ആർപ്പു വിളിച്ചു്. ഉന്നതദ്യുതി=ഉയർന്ന ശോഭയോടെ. അനല്പഘോഷം=വലിയ ഘോഷത്തോടെ -(രണ്ടും ക്രി. വി.). കുണ്ഡിനാൽ=കുണ്ഡിനത്തിൽനിന്നു്. അകമ്പടി=മുമ്പിൽ നടക്കുന്നവർ. നിഷധാധിരാജനഗരാങ്കണേ=നിഷധരാജാവിന്റെ നഗരപുരോഭാഗത്തിൽ. വിവാഹഘോഷയാത്ര കുണ്ഡിനപുരിയിൽനിന്നു പുറപ്പെട്ടപ്പോഴേയ്ക്കും അകമ്പടിക്കാർ നിഷധപുരിയിലെത്തി. അലങ്കാരം സംബന്ധാതിശയോക്തി.

വാർത്ത കേട്ടു പുരവാസിനോപി പെരി–
കെത്തെളിഞ്ഞുദിതസംഭ്രമം
വാസ്തുചത്വരനരേന്ദ്രമാർഗ്ഗസുര–
മന്ദിരാപണസഭാദികേ
ആർത്തകൌതുകമണിഞ്ഞു നല്ല കുസു–
മം വിതച്ചു പറയും നിറ–
ച്ചാസ്ഥിതാസ്സപദി പാർത്തുകൊണ്ടു നിജ–
ഭർത്തൃരാഗമമഹോത്സവം. ഫർവ.

വാൎത്ത=വൎത്തമാനം. പുരവാസിനഃ അപി=പുരവാസികളും. ഉദിതസംഭ്രമം=ഉണ്ടായ സംഭ്രമത്തോടെ (ക്രി. വി). വാസ്തു........ സരണികേ=വാസ്തു ചത്വരം (ഗൃഹാങ്കണം) നരേന്ദ്രമാൎഗ്ഗം (രാജമാൎഗ്ഗം) സുരമന്ദിരം (ദേവാലയം) ആപണം (അങ്ങാടി) സഭ മുതലായതിൽ. ആത്തകൌതുകം=കൌതുകത്തോടെ (ക്രി. വി.). കസുമം=പുഷ്പം. ആസ്ഥിതാഃ=സ്ഥിതിചെയ്തു. നിജഭൎത്തുഃ ആഗമമഹോത്സവം=തങ്ങളുടെ രാജാവിന്റെ എഴുന്നള്ളത്ത്. പൌരന്മാർ വിവരം കേട്ടു ഗൃഹാങ്കണങ്ങൾ മുതലായവയിൽ അണിഞ്ഞു പൂവിട്ടു നിറപറവെച്ചു രാജാവിന്റെ വരവു കാത്തുകൊണ്ടു സ്ഥിതിചെയ്തു.

വന്നണഞ്ഞൊരു വരത്തു കേട്ടു വദ-
നം തെളിഞ്ഞു പെരികെപ്പിട-
ഞ്ഞന്യഥാധൃതവിഭൂഷണൌഘപരി-
ഭാസമാനമധുരാംഗകാഃ
പൊന്നുകൊണ്ടു പണിചെയ്ത തട്ടുകളി-
ലഷ്ടമംഗലമെടുത്തുകൊ-
ണ്ടുന്നതസ്തനികൾ വന്നു പാൎത്തിതെതി-
രേല്പതിന്നുദിതകൌതുകം. ൧൮൪

വരത്ത്=വരവ്. പിടഞ്ഞ്=ബദ്ധപ്പെട്ട്. അന്യഥാധൃത........രാംഗകാഃ=അന്യഥാധൃതങ്ങളായ (സ്ഥാനംമാറി ധരിക്കപ്പെട്ട) വിഭൂഷണൌഘങ്ങളെക്കൊണ്ടു പരിഭാസമാനങ്ങളായ (ശോഭിക്കുന്ന) മനോഹരാവയവങ്ങളോടുകൂടിയവർ. അഷ്ടമംഗലം=എട്ടു മംഗല്യദ്രവ്യങ്ങൾ. ഉന്നതസ്തനികൾ=സുന്ദരിമാർ. എഴുന്നള്ളത്തെത്തിയതായി കേട്ടു മംഗല്യസ്ത്രീകൾ ധൃതിപ്പെട്ട് ആഭരണങ്ങളെ സ്ഥാനം മാറിയണിഞ്ഞു പൊൻതട്ടുകളിൽ അഷ്ടമംഗല്യവുമെടുത്ത് എതിരേല്ക്കുവാൻ വന്നു. അഷ്ടമംഗല്യം="മണ്ണൂർപ്പൂനി മഷിക്കൂട്ടുക നിറമേറീടുന്ന കണ്ണാടിയും ചെപ്പും പുസ്തകവും മടക്കപ്പുടവാ ദീപം നിറപ്രസ്ഥവും."

ഇന്ദ്രനീലശകലങ്ങൾകൊണ്ടു ചതു-
രം ചമച്ച തറമേൽ നിര-
ന്നുന്നതധ്വജശിരോവിരാജതി-
ലോലചീനവസനാഞ്ചലൈഃ

സ്വൎണ്ണതോരണശതങ്ങൾകൊണ്ടുമതി-
മണ്ഡിതം കിമിഹ വൎണ്ണനൈ-
രന്യഥാഭവദരക്ഷണേന നിഷ-
ധാധിരാജനഗരോത്തമം. ൧൪൭

ഇന്ദ്രനീലശകലങ്ങൾ=ഇന്ദ്രനീലക്കല്ലുകളുടെ കഷണങ്ങൾ. ചതുരം=ചാതുൎയ്യത്തോടുകൂടി (ക്രി. വി). ഉന്നതധ്വജശിരോവിരാജതിലോലചീനവസനാഞ്ചലൈഃ=ഉന്നതങ്ങളായ ധ്വജങ്ങളുടെ ശിരസ്സുകളിൽ ശോഭിക്കുന്നവയും, ഇളകിക്കൊണ്ടിരിക്കുന്നവയുമായ ചീനപ്പട്ടിന്റെ അഗ്രങ്ങളെക്കൊണ്ടു്. സ്വൎണ്ണതോരണശതങ്ങൾ=അസംഖ്യം സ്വൎണ്ണതോരണങ്ങൾ. മണ്ഡിതം=അലംകൃതം. കിമിഹ വൎണ്ണനൈഃ=വൎണ്ണനങ്ങളെക്കൊണ്ടെന്തു ഫലം. അന്യഥാ അഭവൽ=മറെറാരു വിധമായി ഭവിച്ചു. അരക്ഷണേന=അരനിമിഷംകൊണ്ടു്. നിഷധാധിരാജനഗരോത്തമം=നളന്റെ ഉത്തമനഗരം. ഇന്ദ്രനീലഖണ്ഡങ്ങൾകൊണ്ടുണ്ടാക്കിയ തറമേൽ നാട്ടിയ ഉയൎന്ന കൊടിമരങ്ങളുടെ മുകളിൽ ആടിക്കളിക്കുന്ന കൊടിക്കൂറകളാലും അസംഖ്യം സ്വൎണ്ണതോരണങ്ങളാലും അലംകൃതമായ നിഷധരാജധാനി പൂൎവ്വസ്ഥിതിയിൽനിന്നു ഇച്ചോം വ്യത്യസ്തമായി ഭവിച്ചു. കണ്ടാൽ മുമ്പിലത്തെ നഗരമല്ലെന്നു തോന്നുമാറായി.

ആഗൃഹീതവിവിധോപദാനരികി-
ലാഗതാനഥ പുരൌകസോ
മോഹയന്നിവ മൃദുസ്മിതത്തിൽ മുഴു-
കുന്ന മുഗ്ദ്ധനയനാഞ്ചലൈഃ

ശ്ലാഘനീയസുഷമാകലാപസുഭ-
ഗാംഗയാ സപദി കാന്തയാ
സാകമമ്പൊടു നിജം വിവേശ നിഷ-
ധാധിപോപി പുടഭേദനം. ൧൪൩

ആഗൃഹീതവിവിധോപദാൻ=പലവിധം ഉപദകൾ (കാഴ്ചകൾ) എടുത്തവരും. ആഗതാൻ=വന്നവരുമായ. പൌരകസ്സ=പുരവാസികളെ. മുഗ്ദ്ധനയനാഞ്ചലൈഃ=മനോഹരങ്ങളായ കടക്കണ്ണുകളെക്കൊണ്ട്. മോഹയൻ ഇവ=മോഹിപ്പിക്കുന്നവനോ എന്നു തോന്നുംവണ്ണം. ശ്ലാഘനീയസുഷമാകലാപസുഭഗാംഗയാ=ശ്ലാഘിക്കത്തക്ക സുഷമാകലാപം (ശോഭാതിശയം) കൊണ്ടു സുഭഗമായ അംഗത്തോടുകൂടിയ. കാന്തയാ സാകം=കാന്തയോടുകൂടെ. വിവേശ=പ്രവേശിച്ചു. നിജം പുടഭേദനം=തന്റെ നഗരത്തിലേയ്ക്കു. പലതരം കാഴ്ചകളുമെടുത്ത് അരികിൽ അണഞ്ഞ പൌരന്മാരെ പുഞ്ചിരിയിട്ടു കടാക്ഷിച്ചുകൊണ്ടു സുന്ദരിയായ കാന്തയോടുകൂടി നളൻ തന്റെ നഗരത്തിൽ പ്രവേശിച്ചു.

പുക്കശേഷമഥ പുരോഹിതോക്തവിധി-
നാ ക്രമേണ പൃഥിവീസുര-
ന്മാൎക്കു വാരി വളരെക്കൊടുത്തു കന-
കാദികം കലിതകൌതുകം
സൽഗ്രഹോദയവിശിഷ്ടവിപ്രവച-
നാദിപുണ്യസമയേ തെളി-
ഞ്ഞഗ്നിസാക്ഷികമസൌ ചകാര നൃപ-
കന്യകാകരനിപീഡനം. ൧൪൪

പുരോഹിതോക്തവിധിനാ=പുരോഹിതനാൽ പറയപ്പെട്ട വിധിപ്രകാരം. പൃഥിവീസുരന്മാൎക്ക=ബ്രാഹ്മണൎക്ക്. കനകാദികം=സ്വൎണ്ണം മുതലായത്. കലിതകൌതുകം=കൌതുകത്തോടുകൂടി (ക്രി. വി).

സൽഗ്രഹോദയവിശിഷ്ടവിപ്രവചനാദിപുണ്യസമയേ = ശുഭഗ്രഹങ്ങളുടെ ഉദയം, വിശിഷ്ടന്മാരായ വിപ്രന്മാരുടെ വചനം മുതലായതുള്ള ശുഭമുഹൂർത്തത്തിൽ. അഗ്നിസാക്ഷികം=അഗ്നിയെ സാക്ഷിയാക്കിയിട്ട് (ക്രി. വി). അസൌ=അദ്ദേഹം. നൃപകന്യകാകരനിപീഡനം ചകാര=രാജപുത്രിയുടെ പാണിഗ്രഹണം ചെയ്തു. രാജധാനിയ്ക്കകത്തു പുക്ക പുരോഹിതവചനപ്രകാരം ബ്രാഹ്മണർക്കു സ്വർണ്ണം മുതലായവ ധാരാളം ദാനംചെയ്തു ശുഭഗ്രഹോദയവും വിശിഷ്ടവിപ്രവചനവുമുള്ള ശുഭമുഹൂർത്തത്തിൽ അഗ്നിസാക്ഷികമായി നളൻ ദമയന്തിയെ വിവാഹംചെയ്തു.

ലോഹിതദ്യുതി കലൎന്ന മേചിന കു-
ടന്നകൊണ്ടു ദമയന്തിയാ-
ലാഹുതീകൃതമനോജ്ഞലാജനിക-
രം രരാജ ഹുതഭോജനേ
സ്വാഹതൻ മുലയിണയ്ക്കണിഞ്ഞ നവ-
മുത്തുമാല സരസീരുഹാ-
സ്ത്രാഹവേ ബത മുറിഞ്ഞുവീണു ചിത-
റുന്ന മൌക്തികമനോഹരം. ൨൪൭

ലോഹിതദ്യുതി=രക്തവൎണ്ണം. ആഹുതീകൃതമനോജ്ഞലാജനികരം=ആഹുതീകൃതമായ (ഹോമിക്കപ്പെട്ട) മനോഹരമായ മലരിന്റെ കൂട്ടം. ഹുതഭോജനേ രരാജ=അഗ്നിയിൽ ശോഭിച്ചു. സ്വാഹ=അഗ്നിദേവന്റെ ഭാൎയ്യ. സരസീരുഹാസ്ത്രാഹവേ=കാമസമരത്തിൽ. മൌക്തികമനോഹരം=മുത്തുമണികൾപോലെ മനോഹരം. ചുവന്ന കുടന്നകൊണ്ടു ദമയന്തിയാൽ അഗ്നിയിൽ ഹോമിക്കപ്പെട്ട മലർ സ്വാഹാദേവിയുടെ മാറിൽ അണിഞ്ഞ മുത്തുമാല കാമക്രീഡാസമരത്തിൽ മുറിഞ്ഞു ചിതറുന്ന മുത്തുമണികളോ എന്നു തോന്നുമാറു മനോഹരമായി ശോഭിച്ചു. ഉൽപ്രേക്ഷ.

ഉത്തരാം ദിശമുപാശ്രിതാനഥ മ-
രീചിമുഖ്യമുനിപുംഗവാൻ
സധ്രുവാൻ തൊഴതരുന്ധതീം ച സഹ
ജായയാ സഹജരാഗയാ
കൃത്യശേഷമഖിലം കഴിച്ചു സര-
സൈസ്സമം സകലബാന്ധവൈ-
രത്യദാരമവസൽ സ്വകീയനഗ-
രേ നളോ മിളിതകൌതുകം. ൧൪൯

ഉത്തരാം ദിശാമുപാശ്രിതാൻ=വടക്കെ ദിക്കിനെ ആശ്രയിച്ചവരും. സധ്രുവാൻ=ധ്രുവനോടുകൂടിയവരുമായ. മരീചിമുഖ്യ മുനിപുംഗവാൻ=മരീചി മുതലായ മുനിശ്രേഷ്ഠന്മാരെ (മരീചി, അംഗിരസ്സ്, അത്രി, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ എന്ന സപ്തൎഷികളെ) അരുന്ധതീം ച=അരുന്ധതിയേയും. സഹജരാഗയാ ജായയാ സഹ=സഹജമായ അനുരാഗമുള്ള ഭാൎയ്യയോടുകൂടെ. കൃത്യശേഷം=ശേഷമുള്ള കൎത്തവ്യം. സരസൈഃ സകലബാന്ധവൈഃ സമം=സരസന്മാരായ എല്ലാ ബന്ധുക്കളോടും കൂടി. അത്യദാരം= ഏററവും ഔദാൎയ്യത്തോടെ. മിളിതകൌതുകം=മിളിതമായ കൌതുകത്തോടെ (രണ്ടും ക്രി. വി.). സ്വകീയനഗരേ അവസൽ=തന്റെ നഗരത്തിൽ വസിച്ചു. പിന്നെ നളൻ വടക്കേദിക്കിൽ വൎത്തിക്കുന്ന മരീചി മുതലായ സപ്തൎഷികളേയും ധ്രുവനേയും അരുന്ധതിയേയും തൊഴുതു്, അനുരാഗവതിയായ ഭാൎയ്യയോടുകൂടി ശേഷമുള്ള കൎത്തവ്യമെല്ലാം കഴിച്ചു ബന്ധുസമേതനായി തന്റെ നഗരത്തിൽ വസിച്ചു.

തതസ്സ താരുണ്യതരംഗിതാക്ഷ്യാ
തയാ സമം താമരസായതാക്ഷ്യാ
പ്രസന്നചേതാഃ പ്രസവായുധസ്യ
പ്രപഞ്ചയാമാസ പരാക്രമൌഘം. ൧൫൦

(മു ദ്രോഹം-൭.)

തതഃ=അനന്തരം. സഃ=ആ നളൻ. താരുണ്യതരംഗിതാക്ഷ്യാ=യൌവനംകൊണ്ട് അലയടിക്കുന്ന കണ്ണുകളോടുകൂടിയ. തയാ താമരസായതാക്ഷ്യാ സമം=ആ താമരക്കണ്ണിയാളോടുകൂടി. പ്രസന്നചേതാഃ=പ്രസന്നമാനസനായിട്ട്. പ്രസവായുധസ്യ=പുഷ്പബാണന്റെ (കാമന്റെ). പരാക്രമൌഘം=പരാക്രമസമൂഹത്തെ. പ്രപഞ്ചയാമാസ=വിസ്തരിച്ചു. സാരം സ്പഷ്ടം.

ചുംബന്നംസവിവൃത്തമാത്തകൌതുകം
  വക്ത്രാരവിന്ദം ബലാ-
ദാലിംഗൻ കരവല്ലരീകവചബ-
  ന്ധാച്ഛാദ്യമാനൌ സ്തനൌ
ശൃണ്വൻ കണ്ണസുഖം നിഷേധവചനം
  നീവീം കരേണാമൃശൻ
പ്രേയസ്യാ പ്രതികൂലയാപി നവയാ
  രേമേ സ കാമീ യുവാ. ൧൫൧

കാമീ സഃ യുവാ=കാമിയായ ആ യുവാവ്. അംസവിവൃത്തം=ചുമലിലേയ്ക്കു തിരിക്കപ്പെട്ട. വക്ത്രാരവിന്ദം=മുഖപത്മത്തെ. ആത്തകൌതുകം ചുംബൻ=കൌതുകത്തോടുകൂടി ചുംബിക്കുന്നവനും. കരവല്ലരീകവചബന്ധാച്ഛാദ്യമാനൌ=വള്ളികൾപോലെയുള്ള കൈകളാകുന്ന കവചത്തിന്റെ ബന്ധംകൊണ്ടു മറയ്ക്കപ്പെടുന്ന. സ്തനൌ=സ്തനങ്ങളെ. ബലാൽ ആലിംഗൻ=ബലമായി ആലിംഗനംചെയ്യുന്നവനും. കണ്ണസുഖം നിഷേധവചനം ശൃണ്വൻ=കണ്ണസുഖമായ നിഷേധവചനത്തെ (അരുത് എന്ന വാക്കിനെ) കേൾക്കുന്നവനും. നീവീം കരേണ ആമൃശൻ=മടിക്കുത്തിനെ കൈകൊണ്ടു സ്പർശിക്കുന്നവനുമായിട്ട്. പ്രതികൂലയാ അപി നവയാ പ്രേയസ്യാ=പ്രതികൂലയാണെങ്കിലും പുതിയവളായ പ്രേയസിയെക്കൊണ്ട്. രേമേ=രമിച്ചു. കാമിയായ ആ യുവാവ്, ചുമലിലേയ്ക്കു തിരിച്ച മുഖത്തെ കൌതുകത്തോടുകൂടി ചുംബിക്കയും, കരകവചംകൊണ്ടു മറ

ഷ്ണപ്പെട്ട സ്തനങ്ങളെ ബലമായി ആലിംഗനം ചെയ്കയും, കണ്ണാൎദ്രതമായ നിഷേധവചനത്തെ കേൾക്കുകയും, മടിക്കുത്തിനെ കൈകൊണ്ടു തൊടുകയും ചെയ്തുകൊണ്ടു്, പ്രതികൂലയാണെങ്കിലും നവയായ പ്രിയതമയോടുകൂടി രമിച്ചു. നവോഢയുടെ സൂക്ഷ്മസ്വഭാവം വൎണ്ണിച്ചിരിക്കയാൽ അലങ്കാരം സ്വഭാവോക്തി.

പൃഷ്ടാ ബഹ്വവദന്മിതം പ്രതിവചോ
ബിംബാധരാചുംബനേ
ചക്രേ ന പ്രതിചുംബനം ന ച പുനഃ
സാചീചകാരാനനം
വക്ഷോജന്മ ച നാവൃണോന്ന ച ദദാ
വാലിംഗനേ കേവലം
നീവീസ്പൃശ്വിധൌ നിഷേധമകരോ-
ദ്വാചൈവ വാമേക്ഷണാ. ൧൭൨

വാമേക്ഷണാ സാ=സുന്ദരിയായ അവൾ. ബഹു പൃഷ്ടാ മിതം പ്രതിവചഃ അവദൽ=വളരെ ചോദിക്കപ്പെട്ടവളായിട്ടു് അല്പമായ പ്രതിവചനത്തെ കൊടുത്തു. ബിംബാധരാചുംബനേ പ്രതിചുംബനം ന ചക്രേ=ബിംബാധരത്തിന്റെ ചുംബനത്തിൽ പ്രതിചുംബനത്തെ ചെയ്തില്ല. പുനഃ ആനനം ന സാചീചകാര ച=എന്നാൽ മുഖത്തെ തിരിച്ചതുമില്ല. ആലിംഗനേ വക്ഷോജന്മ ന ആവൃണോൽ ച=ആലിംഗനത്തിങ്കൽ സ്തനത്തെ ആവരണം ചെയ്തതുമില്ല. കേവലം ന ദദൌ ച=കേവലം ദാനം ചെയ്തതുമില്ല. നീവീസ്പൃശ്വിധൌ വാചാ ഏവ നിഷേധം അകരോൽ=നീവിയെ സ്പൎശിക്കുമ്പോൾ വാക്കുകൊണ്ടുമാത്രം നിഷേധത്തെ ചെയ്തു. വളരെ ചോദിച്ചാൽ അല്പംമാത്രം മറുപടി പറയുക, അധരം ചുംബിച്ചാൽ പ്രതിചുംബനം ചെയ്യാതിരിക്കുകയും എന്നാൽ മുഖം തിരിക്കാതിരിക്കയും ചെയ്യുക, ആലിംഗനത്തിങ്കൽ സ്തനത്തെ മറയ്ക്കാതിരിക്കുകയും താൻ തന്നെ കൊടുക്കാതിരിക്കുകയും ചെയ്യുക, മടിക്കുത്തിനെ സ്പൎശിക്കു

ബ്ബോധം വാക്കകൊണ്ടുമാത്രം നിഷേധിക്കുക—ഇങ്ങിനെ ചെയ്യു ദമയന്തി. പ്രിയന്റെ സംപ്രയോഗത്തിങ്കൽ അല്ലാല്ലം ഇണങ്ങിക്കൊ ടുക്കുന്ന സ്വഭാവത്തെ ഇതിൽ വൎണ്ണിച്ചിരിക്കുന്നു. സ്വഭാവോക്തി.

കരജദശനകേളീദത്തശസ്ത്രക്ഷതാനാം
കഠിനകുചവിമൎദ്ദച്ഛിന്നഹാരാവലീനാം
മധുരമധുരസീൽകാരോദ്ധതാലാപഭാജാ-
മഭവദഥ വിദഗ്ദ്ധാ മാന്മഥാനാം രണാനാം. ൧൩൬

അഥ സാ=അനന്തരം അവൾ. കരജദശനകേളീദത്തശസ്ത്രക്ഷതാനാം=കരജങ്ങൾ (നഖങ്ങൾ) ദശനങ്ങൾ (പല്ലുകൾ) ഇവ കൊണ്ടുള്ള കേളികളിൽ ശസ്ത്രക്ഷതത്തെ (ആയുധംകൊണ്ടുള്ളപോലെയുള്ള ക്ഷതത്തെ) നല്കിയവയായും. കഠിനകുചവിമൎദ്ദച്ഛിന്ന ഹാരാവലീനാം=കഠിനങ്ങളായ കുചങ്ങളുടെ വിമൎദ്ദനത്തിൽ ഹാരാവലികൾ (മുത്തുമാലകൾ) മുറിഞ്ഞവയായും. മധുരമധുരസീൽ കാരോദ്ധതാലാപഭാജാം=അതിമധുരങ്ങളായ സീൽക്കാരങ്ങളും ഔദ്ധത്യത്തോടുകൂടിയ വചനങ്ങളും ഉള്ളവയായുമിരിക്കുന്ന. മാന്മഥാനാം രണാനാം=കാമനെ സംബന്ധിച്ച രണങ്ങൾക്ക്. വിദഗ്ദ്ധാ അഭവൽ=നിപുണയായി ഭവിച്ചു. അനന്തരം ദമയന്തി മന്മഥയോധനങ്ങളിൽ സമൎത്ഥയായിത്തീൎന്നു. ആദ്യത്തെ മൂന്നു പാദങ്ങളും മന്മഥരണങ്ങളുടെ വിശേഷണങ്ങളാണ്. നഖങ്ങളെക്കൊണ്ടും ദന്തങ്ങളെക്കൊണ്ടുമുള്ള ക്രീഡകളിൽ ആയുധമേല്പിച്ചാലെന്നപോലെ ക്ഷതം വരുത്തുകയും, കുചസമ്മൎദ്ദത്തിൽ മുത്തുമാലകൾ മുറിഞ്ഞുപോകയും, സീൽക്കാരങ്ങളും നില്ലജ്ജമായ വചനങ്ങളും പുറപ്പെടുകയും ആ രണങ്ങളിൽ ഉണ്ടായി.

യഥാ യഥാ ചേതസി മാന്മഥാനാം
പദം ചകാര പ്രഥിമാ രസാനാം
മന്ദാക്ഷമുദ്രാ തനുതാം പ്രപേദേ
തഥാ തഥാ താമരസായതാക്ഷ്യാഃ. ൧൩൭

യഥാ യഥാ=ഏതേതു പ്രകാരം. മാന്മഥാനാം രസാനാം=കാമനെ സംബന്ധിച്ചുള്ള രസങ്ങളുടെ. പ്രഥിമാ=പരപ്പ്. ചേതസി പദം ചകാര=മനസ്സിൽ സ്ഥാനത്തെ ചെയ്തുവോ. തഥാ തഥാ=അതതുപ്രകാരം. താമരസായതാക്ഷ്യാഃ=സുന്ദരിയായ ദമയന്തിയുടെ. മന്ദാക്ഷമുദ്രാ=ലജ്ജയാകുന്ന മുദ്ര. തനുതാം പ്രപേദേ=തനുതയെ (കൃശതയെ) പ്രാപിച്ചു. കാമരസങ്ങളുടെ വൈപുല്യം മനസ്സിൽ സ്ഥാനം പിടിക്കുംതോറും ദമയന്തിയുടെ ലജ്ജ കുറഞ്ഞു കുറഞ്ഞു വന്നു.

നിത്യം പ്രത്യൂഷകാലേ മിളിതരുചി കുളി-
ച്ചാസ്ഥയാ ദേവകൃത്യം
കൃത്വാ നത്വാ ഗുരൂണാം കഴലിണ കലിതാ-
നന്ദമിന്ദീവരാക്ഷീ
ഭുക്ത്വാ സംചർവ്വ്യ താംബൂലവുമഴകൊടു വൃ-
ദ്ധാംഗനോക്തം പുരാണം
വൃത്താന്തം കേട്ടുമിത്ഥം മധുരമുഖി ദിവാ
യാപയാമാസ കാലം. ൧൫൪

ദാമ്പത്യത്തിൽ ഉറച്ചതിന്നുശേഷമുള്ള ദമയന്തിയുടെ ദിനചര്യ:—പ്രത്യൂഷകാലേ=പ്രഭാതസമയത്ത്. ആസ്ഥയാ=ആദരവോടെ. ദേവകൃത്യം=തേവാരം. കൃത്വാ=ചെയ്തിട്ട്. നത്വാ=നമസ്കരിച്ചിട്ട്. ഗുരൂണാം=ഗുരുക്കന്മാരുടെ. കലിതാനന്ദം=ആനന്ദത്തോടെ (ക്രി. വി.). ഭുക്ത്വാ=ഭുജിച്ചിട്ട്. താംബൂലം സംചർവ്വ്യ=താംബൂലചർവ്വണം ചെയ്തിട്ട്. വൃദ്ധാംഗനോക്തം പുരാണം വൃത്താന്തം=വയസ്സായ സ്ത്രീകളാൽ പറയപ്പെട്ട പുരാണകഥയെ. ദിവാ=പകൽ. കാലം യാപയാമാസ=കാലം കഴിച്ചു. പതിവായി പ്രഭാതത്തിൽ കുളിക്കും; ആദരവോടുകൂടി തേവാരം കഴിക്കും; പിന്നെ ഗുരുജനങ്ങളെ വന്ദിക്കും; അനന്തരം ഊണു കഴിച്ചു താംബൂലചർവ്വണം ചെയ്തു വൃദ്ധസ്ത്രീകളാൽ പറയപ്പെട്ട പുരാണകഥ കേട്ടുകൊണ്ടിരിക്കും.—ഇങ്ങിനെ ദമയന്തി പകൽസമയം കഴിച്ചുകൂട്ടി.

മന്ദം ഭാനൌ പരിഷ്ക്കവ്വതി ചരമഗിരിം
ചന്ദനച്ചാറരപ്പി-
ച്ചിന്ദുസ്മേരം നറുംപിച്ചകമലരുമറ-
പ്പിച്ചസംഖ്യാനി ശ്ലുഢം
ചന്തംചേർച്ചന്ദ്രശാലാമണിയറയിലണ-
ഞ്ഞന്തിയും പാത്തിരുന്നാ-
ളന്തമ്മോദേന ചെന്താർശരനടനകലാ-
കൌതുകാലോലചേതാഃ. ൧൭൩

മന്ദം=പതുക്കെ ഭാനൌ ചരമഗിരിം പരിഷ്ക്കവ്വതി സതി=സൂര്യ്യൻ അസ്തപവ്വതത്തെ അലങ്കരിക്കുന്ന സമയത്ത്. ഇന്ദുസ്മേരം=ചന്ദ്രനെപ്പോലെ വെളുത്ത. 'അസംഖ്യാനി' എന്നതു പിച്ചകമലരിന്റെ വിശേഷണം. ഗൂഢം=ഗൂഢമായിട്ട് (ക്രി. വി). ചന്തംചേർച്ചന്ദ്രശാലാമണിയറ=ഭംഗിയുള്ള നിലാമുറ്റത്തിലെ പള്ളിയറ. അന്തമ്മോദേന=ഉള്ളിൽ മോദത്തോടുകൂടി. ചെന്താർശരനടനകലാകൌതുകാലോലചേതാഃ=ചെന്താർശരന്റെ നടനകലയിൽ (നാട്യവിദ്യയിൽ) ഉള്ള കൌതുകത്താൽ ഇളകിയ മനസ്സോടുകൂടിയവളായിട്ട്. സൂര്യ്യൻ അസ്തമിച്ചുതുടങ്ങുമ്പോൾ ചന്ദനച്ചാറരപ്പിക്കുകയും പിച്ചകപ്പൂക്കൾ വളരെ അറപ്പിക്കുകയും ചെയ്തു ഗൂഢമായി നിലാമുറ്റത്തുള്ള മണിയറയിൽ ചെന്നു കാമകേളീകൌതുകത്തോടുകൂടി രാത്രിയാകുന്നതു ദമയന്തി പാത്തുകൊണ്ടിരുന്നു.

അസ്തം യാതേ കഥംചിത്തദനു ദിനകരേ
കൌതുകശ്രീ കളിക്കും
വക്ത്രാംഭോജാഭിരാമം സവിധമുപഗതം
കാന്തമാലിംഗ്യ ഗാഢം
ഉത്തുംഗേ മഞ്ചപൃഷ്ഠേ രമണനുമൊരുമി-
ച്ചുന്നതേ തല്പമദ്ധ്യേ
ബദ്ധൌത്സുക്യം കിടന്നാൾ മട്ടമലർശരവീ-
രോത്സവം കൈതുടന്നാൾ. ൧൭൪

തദനു ദിനകരേ കഥംചിൽ അസ്തം യാതേ സതി=പിന്നെ സൂൎയ്യൻ പണിപ്പെട്ടു് അസ്തമിച്ച സമയത്തു്. കൌതുകശ്രീ കളിക്കം വക്ത്രാംഭോജാഭിരാമഃ=കൌതുകകാന്തി കളിയാടുന്ന മുഖപത്മംകൊണ്ടു് അഭിരാമനായി. സവിധം ഉപാഗതഃ=സമീപത്തു വന്നു. കാന്തഃ=കാന്തനെ. ഗാഢം ആലിംഗ്യ=ഗാഢമായി ആലിംഗനം ചെയ്തു്. ഉത്തുംഗേ മഞ്ചപൃഷ്ഠേ=ഉന്നതമായ കട്ടിലിന്മേൽ. ഉന്നതേ തല്പമദ്ധ്യേ=ഉയൎന്ന കിടയ്ക്കയുടെ മദ്ധ്യത്തിൽ. ബദ്ധൌത്സുക്യം=ഉണ്ടായ ഔത്സുക്യത്തോടുകൂടി (ക്രി. വി). മടുമലർശരവീരോത്സവം=കാമക്രീഡോത്സവം. സൂൎയ്യൻ അസ്തമിച്ചാൽ കാന്തനായ നളൻ കൌതുകത്തോടുകൂടി സമീപത്തെത്തുകയായി. അപ്പോറം അദ്ദേഹത്തെ മുറുകെ പുണൎന്നു് ഉയരമുള്ള കട്ടിലിന്മേലെ ശയ്യയിൽ ഔത്സുക്യത്തോടുകൂടി കിടന്നു കാമലീലകറം തുടൎന്നു.

മനം കനിഞ്ഞുള്ള മറന്നു മമ്മാ
മണം നിറഞ്ഞെത്തുമനംഗതന്ത്രം
അനന്തഭേദം പുനരോൎത്തുകണ്ടാ–
ലനന്തനും ഹന്ത പറഞ്ഞുകൂടാ. ഉപേന്ദ്രവജ്ര

ഉള്ള മറന്നു്=മനം മറന്നു്. 'മമ്മാ' ആശ്ചൎയ്യദ്യോതകം. മണം നിറഞ്ഞു്=പരിമളം വൎദ്ധിച്ചു്. അനംഗതന്ത്രം=കാമകല. അനന്തഭേദം=അവസാനമില്ലാത്ത ഭേദങ്ങളോടുകൂടിയതു്. അനന്തൻ =സൎപ്പരാജൻ. മനം കനിഞ്ഞും ഹൃദയം മറന്നും മണം നിറഞ്ഞും അസംഖ്യം പ്രകാരത്തിൽ ചെയ്യുന്നതായ കാമകലയെ ആയിരം നാവുള്ള അനന്തനുംപോലും പറഞ്ഞുതീൎപ്പാൻ പ്രയാസം.

ദണ്ഡകം

മാരക്ഷമാരമണവീരൻ പുളച്ചരിയ നാരാചധാരകറം പൊഴിഞ്ഞും മനസി സഹിയാഞ്ഞും മദനരണമാഞ്ഞും മതിയിലതികൌതുകമെഴുമണിരമണകരകമലമരി

കിൽ വരുമതിനിടയിലണിതുകിലഴിഞ്ഞും—മന്ദേതരപ്രണയഭാരം പകന്ന ഹൃദി മന്ദാക്ഷമെന്നതു കളഞ്ഞും മദമേറു വിളഞ്ഞും മുഖമലർ തെളിഞ്ഞും മണമുടയ ചികുരഭരമിളകി മുഹുരതിലളിതമധിനയനമണിഭവനമലർനിരചൊരിഞ്ഞും—മമ്മാ ലലാടഭുവി ഘർമ്മാംബുനാ തിലകനിർമ്മാണകൌശലമുലഞ്ഞും മനതളിരഴിഞ്ഞും മണിതമൊഴി തോഞ്ഞും മണിവലയഝണഝണിതപരികഥിതമതിമഹിതമലർവിശിഖഭുജവിഭവമുലകിടെ നിറഞ്ഞും—വില്ലോട്ട ചെന്നുരസി മല്ലിട്ട വെല്ലുമണിചില്ലിക്കലാലതപിണഞ്ഞും വിവശത പൊറാഞ്ഞും വിഗതധൃതി ചാഞ്ഞും വിധുരതയൊടിളകിവരുമതിമധുരവചനശതമതിലളിതപരിഗളിതമധിഗളമടഞ്ഞും.

മുൻപദ്യത്തിൽ പറഞ്ഞ അനംഗതന്ത്രത്തെ ദിക്ക്മാത്രമായി വൎണ്ണിക്കുന്നു:—മാരക്ഷമാരമണവീരൻ=കാമനാകുന്ന രാജവീരൻ. നാരാചധാരകം=അസ്ത്രധാരകം. പൊഴിഞ്ഞും=വർഷിച്ചും. മനസി സഹിയാഞ്ഞും=മനസ്സിൽ സഹിക്കാതായും. മദനരണം=കാമസമരം. ആഞ്ഞും=മുറുകിയും. മതിയിൽ=മനസ്സിൽ. അതികുതുകം=അധികം കൌതുകം. അണിരമണകരകമലം=അഴകേറിയ രമണന്റെ കരപത്മം. അരികിൽ വരുമതിനിടയിൽ=അടുത്തെത്തുന്നതിന്നിടയിൽ. അണിതുകിൽ=ഉടുപുടവ. (കാമൻ കയൎത്ത് അമ്പുകൾ ധാരധാരയായി പൊഴിച്ചു. മനസ്സിൽ മോഹം സഹിക്കാതെയായി. കാമരണം മുറുകിവന്നു. കാന്തന്റെ കൈ അരികത്തെത്തുമ്പോഴെയ്ക്കും ഉടുപുടവ അഴിഞ്ഞു)—മന്ദേതരപ്രണയഭാരം=മന്ദേതരമായ (അനല്പമായ) പ്രേമാതിശയം. ഹൃദി=ഹൃദയത്തിൽ. മന്ദാക്ഷം=ലജ്ജ. മദം=മത്ത്. വിളഞ്ഞും=വൎദ്ധിച്ചും. മുഖമലർ=പുഷ്പം പോലെയുള്ള മുഖം. ചികുരഭരം=കേശപാശം. മുഹുഃ=പിന്നെയും പിന്നെയും. അതിലളിതം=അതിമനോഹരം. അധിനയനമണി

ഭവനം=നേത്രമാകുന്ന മണിഗൃഹത്തിൽ (അവ്യയീഭാവം). അലർനിര=പുഷ്പസമൂഹം. (ഹൃദയത്തിൽ അനല്പമായ പ്രേമാതിശയമുളവായി. ലജ്ജ തീരെ വിട്ടു. മനസ്സിൽ മത്തു വൎദ്ധിച്ചു. മുഖം തെളിഞ്ഞു. മണം കലൎന്ന തലമുടി ഇളകി കണ്ണുകളിൽ പുഷ്പം വൎഷിച്ചു.) ലലാടഭുവി=നെററിത്തടത്തിൽ. ഘൎമ്മാംബുനാ=വിയൎപ്പുവെള്ളംകൊണ്ടു്. തിലകനിൎമ്മാണകൌശലം=പൊട്ടുതൊട്ടതിൻെറ ചാതുൎയ്യം; അതായതു ഭംഗിയായി തൊട്ട പൊട്ടു്. ഉലഞ്ഞും=മാഞ്ഞും. മനതളിരഴിഞ്ഞും=മനസ്സു ശിഥിലമായും. മണിതമൊഴി=മണിതം (രതിയിങ്കലുള്ള ശബ്ദവിശേഷം) ആകുന്ന വാക്കു്. തോഞ്ഞും=അധികമായും. (നെററിയിൽ ഭംഗിയായി തൊട്ട പൊട്ടു വിയൎപ്പുവെള്ളംകൊണ്ടു മാഞ്ഞു. മനസ്സഴിഞ്ഞു. രതിക്രീഡയിലുള്ള കൂജിതങ്ങൾ വൎദ്ധിച്ചു.) മണിവലയഝണഝണിതപരികഥിതം=മണിവളകളുടെ ഝണഝണശബ്ദമാകുന്ന വചനം. അതിമഹിതം=ഏററവും മാന്യമായതു്. അലർവിശിഖഭുജവിഭവം=പുഷ്പാസ്ത്രനായ കാമൻെറ ഭുജപരാക്രമം. ഉലകിടെ=ലോകത്തിൽ മുഴുവൻ. (മണിമയങ്ങളായ വളകളുടെ 'ഝണഝണ' എന്ന കിലുക്കത്താൽ പറയപ്പെട്ട കാമദേവൻെറ ഭുജപരാക്രമം നിറഞ്ഞു)—വില്ലോടു്=വില്ലിനോടു്. ഉരസി=കിടപിടിച്ചു. വെല്ലും=ജയിക്കുന്ന. അണിചില്ലിക്കലോലത=ഭംഗിയുള്ള പുരികക്കൊടി. പിണഞ്ഞും=വളഞ്ഞും. വിവശത=പാരവശ്യം. പൊറാഞ്ഞും=പൊറുക്കാൻ വയ്യാതെയായും. വിഗതധൃതി=ധൈൎയ്യംകൂടാതെ (ക്രി. വി). ചാഞ്ഞും=ചരിഞ്ഞും. വിധുരത=വിവശത. അതിമധുരവചനശതം=അതിമധുരങ്ങളായ വാക്കുകളുടെ സമൂഹം. അതിലളിതപരിഗളിതം=അതിലളിതമാംവണ്ണം നിൎഗ്ഗളിച്ചതു്. അധിഗളം=കഴുത്തിൽ (അവ്യയീഭാവം). അടഞ്ഞും=തടയപ്പെട്ടും. (വില്ലിനോടങ്കംവെട്ടി ജയിക്കുന്ന പുരികങ്ങൾ വളഞ്ഞു. വിവശത സഹിക്കാതെയായി. ധൈൎയ്യം പോയി ചാഞ്ഞു. വൈവശ്യത്തോടുകൂടിയും അതിലളിതമായും പുറപ്പെട്ട മധുരതരങ്ങളായ വചനങ്ങൾ പുറത്തേയ്ക്കു പോരാതെ കണ്ഠത്തിൽത്ത

ന്ന തടഞ്ഞു.) [ഇപ്രകാരമുള്ള അനംഗതന്ത്രത്തെ പറയുവാൻ പ്രയാസം എന്ന പൂൎവ്വശ്ലോകത്തോടു ചേൎത്തു് അന്വയിക്കണം.]

ഇത്ഥം പൃത്ഥ്വീന്ദ്രപുത്രീകളലലളിതവിലാ-
സങ്ങൾകൊണ്ടാത്തലീലം
ചിത്തേ നിത്യം തഴപ്പിച്ചലർവിശിഖഭുജാ-
വിക്രമാഭോഗസാരം
പൃത്ഥ്വീമേകാതപത്രാം ജലനിധിപരിഖാം
പാലയൻ പ്രീതചേതാഃ
പ്രത്യക്ഷസ്വൎഗ്ഗസൌഖ്യം ചിരമനുബുഭുജേ
നൈഷധോ നീതിശാലീ. ൧൭൯

പൃത്ഥ്വീന്ദ്രപുത്രീകളലലളിതവിലാസങ്ങൾ=രാജപുത്രിയുടെ മധുരമനോഹരങ്ങളായ ശൃംഗാരചേഷ്ടകൾ. ആത്തലീലം=ലീലയോടുകൂടി (ക്രി. വി.). ചിത്തേ=മനസ്സിൽ. അലർവിശിഖഭുജാവിക്രമാഭോഗസാരം=അലർവിശിഖന്റെ (കാമന്റെ) ഭുജപരാക്രമാഭോഗത്തിന്റെ (വിപുലമായ കയ്യൂക്കിന്റെ) സാരം. ഏകാതപത്രാം ജലനിധിപരിഖാം പൃത്ഥ്വീം പാലയൻ=ഒററ വെൺകൊററക്കുടക്കീഴിലിരിക്കുന്നതും സമുദ്രങ്ങളാകുന്ന കിടങ്ങുകളോടുകൂടിയതുമായ ഭൂമിയെ പാലിച്ചുകൊണ്ടു്. പ്രീതചേതാഃ=സന്തുഷ്ടമാനസനായിട്ടു്. പ്രത്യക്ഷസ്വൎഗ്ഗസൌഖ്യം=പ്രത്യക്ഷമായ സ്വൎഗ്ഗസുഖത്തെ. ചിരം അനുബുഭുജേ=വളരെക്കാലം അനുഭവിച്ചു. നീതിശാലീ നൈഷധഃ=നീതിമാനായ നളൻ. നീതിമാനായ നളൻ മേൽപ്പറഞ്ഞപ്രകാരം ദമയന്തിയുടെ ശൃംഗാരചേഷ്ടകളെക്കൊണ്ടു കാമന്റെ ഭുജപരാക്രമത്തെ മനസ്സിൽ തഴപ്പിച്ചു് ഒററക്കുടക്കീഴിലുള്ളതും ആഴികൾ ചുഴന്നതുമായ ഭൂമിയെ പാലിച്ചുകൊണ്ടു സന്തുഷ്ടമാനസനായിട്ടു വളരെക്കാലം പ്രത്യക്ഷമായ സ്വൎഗ്ഗസുഖം അനുഭവിച്ചു.

ഉത്തരഭാഗം

ഭംഗ്യാ പിംഗേ ഭുജംഗാവലിരചിതവിമ-
    ർദ്ദേ കപർദ്ദേ ദധാനം
തുംഗാൻ ഗംഗാതരംഗാൻ നിടിലഹുതവഹ-
    ജ്വാലയാ ശോഭമാനം
ശൃംഗാരാദ്വൈതവിദ്യാപരിമളലഹരീം
    വാമഭാഗേ വഹന്തം
മംഗല്യം കൈവളപ്പാൻ ദിനമനു മനമേ
    ചന്ദ്രചൂഡം ഭജേഥാഃ. ൧

ഇഷ്ടദേവതാവന്ദനം:—ഭംഗ്യാ=ഭംഗിയോടുകൂടി. പിംഗേ=പിംഗളനിറമുള്ളതും (പിംഗളനിറം—ദീപനാളതുല്യമായ നിറം.) ഭുജംഗാവലിരചിതവിമർദ്ദേ=ഭുജംഗാവലിയാൽ (സർപ്പസമൂഹത്താൽ) വിമർദ്ദം (തിക്ക്) ഉണ്ടാക്കപ്പെട്ടതുമായ. കപർദ്ദേ=ജടക്കെട്ടിൽ. തുംഗാൻ ഗംഗാതരംഗാൻ ദധാനം=ഉയൎന്ന ഗംഗാതരംഗങ്ങളെ ധരിക്കുന്നവനായും. നിടിലഹുതവഹജ്വാലയാ ശോഭമാനം=നെററിത്തടത്തിലെ അഗ്നിജ്വാലകൊണ്ടു ശോഭിക്കുന്നവനായും. വാമഭാഗേ=ഇടത്തുഭാഗത്തു്. ശൃംഗാരാദ്വൈതവിദ്യാപരിമളലഹരീം വഹന്തം=ശൃംഗാരമാകുന്ന അദ്വൈതവിദ്യയുടെ പരിമളലഹരിയെ (ശൃംഗാരദേവതയായ പാർവ്വതിയെ) വഹിക്കുന്നവനായുമിരിക്കുന്ന. ചന്ദ്രചൂഡം=ശിവനെ. മംഗല്യം=മംഗളം. ദിനമനു=ദിനംതോറും. ഭജേഥാഃ=നീ ഭജിച്ചാലും. ജടയിൽ ഗംഗയേയും നെററിയിൽ അഗ്നിജ്വാലയേയും വാമാങ്കത്തിൽ ശ്രീപാർവ്വതിയേയും വഹിക്കുന്ന ചന്ദ്രചൂഡനെ, ഹേ മനസ്സേ, നീ ഭജിച്ചാലും.

പുണ്യാത്മൻ ഭാഗ്യവന്തം പരിചിനൊടു ഭവ-
    ന്തം മുദാ കണ്ടനേര-
ത്തിന്നാനന്ദാതിരേകം മമ മനസി സഖേ
    പേർത്തുമുണ്ടായ്ച്ചമഞ്ഞു
ഖിന്നായാ ഹന്ത കാന്തം നളനെ വടിവിലാ-
    രാഞ്ഞറിഞ്ഞമ്പിലെത്തി-
ട്ടന്നേരം പണ്ടു സൌഖ്യോദയമയി ദമയ-
    ന്തിക്കു കൈവന്നപോലെ. ൨

സഭയിൽ ഒരു തോഴനെ കണ്ടതായി നടിച്ചു പറയുന്നു:— പുണ്യാത്മൻ=പുണ്യസ്വരൂപനായവനേ. ഭാഗ്യവന്തം ഭവന്തം=ഭാഗ്യവാനായ അങ്ങയെ. ആനന്ദാതിരേകം=സന്തോഷാധിക്യം. സഖേ=സ്നേഹിത. ഹേ സ്നേഹിത! സഭയിൽ അങ്ങയെ കണ്ടപ്പോൾ എന്റെ മനസ്സിൽ വളരെ സന്തോഷമുണ്ടായിരിക്കുന്നു. ആക്ക് എപ്പോൾ എന്നപോലെ എന്നു് ഉത്തരാർദ്ധത്തിൽ പറയുന്നു:—ഖിന്നായാഃ ദമയന്തിക്ക്=ഖിന്നയായ ദമയന്തിക്ക്. കാന്തം നളനെ= കാന്തനായ നളനെ. ആരാഞ്ഞു്=തിരഞ്ഞു്. സൌഖ്യോദയം= സൌഖ്യത്തിന്റെ ഉദയം. ഖിന്നയായിരിക്കുന്ന ദമയന്തിക്കു പ്രിയനായ നളനെ തിരഞ്ഞു കണ്ടെത്തിയപ്പോൾ സൌഖ്യോദയം ഉണ്ടായപോലെ. ഉത്തരഭാഗത്തിൽ പ്രതിപാദിപ്പാൻപോകുന്ന കഥയെ ഇതിൽ സൂചിപ്പിച്ചിരിക്കുന്നു അലങ്കാരം ഉപമ.

ആപൂർണ്ണാഭം വിദർഭേശ്വരവരതനയാ-
    പാണിസംപീഡനാഖ്യ-
വ്യാപാരാനന്ദവാപീവിഹരണസമയാ-
    നന്തരം ബന്ധുരാത്മാ
ആപിയാനംഗലീലാരസമധു ദമയ-
    ന്ത്യാ സമേതോ നികേതേ
ഭൂപാലോത്തംസമുക്താമകുടമണി നളോ
    നാമ രാജാ ന്യവാത്സീൽ. ൩

ഭൂപാലോത്തംസമുക്താമകുടമണി=രാജാക്കന്മാർക്ക ശിരോലങ്കാരമായ മുത്തുമണിയായവൻ. നളോ നാമ രാജാ=നളനെന്ന പ്രസിദ്ധനായ രാജാവ്. ആപൂർണ്ണാമം=നിറഞ്ഞ ശോഭയോടെ (ക്രി. വി.). വിദർഭേശപര........നന്തരം=വിദർഭരാജാവിൻെറ ശ്രേഷ്ഠയായ മകളുടെ പാണിഗ്രഹണമെന്ന പേരായ വ്യാപാരമാകുന്ന ആനന്ദവാപിയിൽ വിഹരിച്ച സമയത്തിനുശേഷം. അനംഗലീലാരസമധു ആപീയ=കാമലീലാരസമാകുന്ന തേൻ നുകൎന്നിട്ട്. ദമയന്ത്യാ സമേതഃ=ദമയന്തിയോടു സഹിതനായിട്ട്. നികേതേ ന്യവാത്സീൽ=ഗൃഹത്തിൽ നിവസിച്ചു. ബന്ധുരാത്മാ എന്നതു നളവിശേഷണം. നളൻ പാണിഗ്രഹണമഹോത്സവാനന്തരം കാമരസമധുവിനെ ആസ്വദിച്ച ദമയന്തിയോടുകൂടി ഗൃഹത്തിൽ വസിച്ചു.

അനുഭൂയ കാംക്ഷിതമശേഷമമ്പിനോ-
ടനുനീതി ചേൎന്ന ദയിതാസഹായവാൻ
അനുകൂലയന്നഖിലബാന്ധവാൻ യശോ-
ധനവും ചുമന്നു വിജഹാര ഭൂപതിഃ. ൪

ഭൂപതിഃ=രാജാവ്. കാംക്ഷിതം അശേഷം അനുഭൂയ=ആഗ്രഹിച്ചതെല്ലാം അനുഭവിച്ചിട്ട്. അനുനീതി ചേൎന്ന ദയിതാസഹായവാൻ=അനുനീതി (അനുനയം) ചേൎന്ന ദയിതയാകുന്ന സഹായത്തോടുകൂടിയവനായിട്ട്. അഖിലബാന്ധവാൻ അനുകൂലയൻ=എല്ലാ ബന്ധുക്കളേയും അനുകൂലമാക്കിച്ചെയ്തുകൊണ്ട്. യശോധനം=യശസ്സാകുന്ന ധനം. വിജഹാര=വിഹരിച്ചു. നളൻ മനസ്സിൽ കാംക്ഷിച്ചതെല്ലാം അനുഭവിച്ച്, അനുനയവതിയായ പ്രിയയോടുകൂടി, എല്ലാ ബന്ധുക്കളേയും അനുകൂലന്മാരാക്കിച്ചെയ്തുകൊണ്ട്, കീൎത്തിമാനായി വിഹരിച്ചു. സ. ജ. സ. ജ. ഗണങ്ങളും ഒടുവിലൊരു ഗുരുവും വരികയാൽ വൃത്തം മഞ്ജുഭാഷിണി.

ആരു കല്പതരുവായ്ച്ചമഞ്ഞിതിഹ
തൽകരേണ സഹ മോഹനാ-
കാരമന്നു ശുശുഭേ തദീയവദ-
നേന രണ്ടു ശശിമണ്ഡലം

പാരിലന്നിലയനേന ചേൎന്നിതമ-
രാവതീയുഗളി ഹന്ത ശൃം-
ഗാരഭാജനമനംഗനസ്യ വപു-
ഷാ ബഭ്രുവ പുനരംഗവാൻ. ൭

തൽകരേണ സഹ=ആ നളന്റെ കയ്യിനോടുകൂടി. ആറ കല്പതരുവായ്ച്ചമഞ്ഞിതു=കല്പകവൃക്ഷം ആറായിച്ചമഞ്ഞു. തദീയവദനേന സഹ=അദ്ദേഹത്തിന്റെ മുഖത്തോടുകൂടി. മോഹനാകാരം രണ്ടു ശശിമണ്ഡലം ശുശ്രുഭേ=മനോഹരാകൃതിയോടുകൂടിയ രണ്ടു ചന്ദ്രബിംബം ശോഭിച്ചു. അന്നിലയനേന സഹ=ആ ഗൃഹത്തോടുകൂടി. അമരാവതീയുഗളി ചേൎന്നിതു=അമരാവതി രണ്ടെണ്ണം ചേൎന്നു. അസ്യ വപുഷാ=ഇദ്ദേഹത്തിന്റെ ശരീരത്തെക്കൊണ്ട്. ശൃംഗാരഭാജനം അനംഗൻ=ശൃംഗാരപാത്രമായ കാമദേവൻ. അംഗവാൻ ബഭ്രുവ=അംഗമുള്ളവനായി ഭവിച്ചു. നളന്റെ കയ്യോടുകൂടി കല്പകവൃക്ഷം ആറായിതീൎന്നു. [മനസ്സിൽ സങ്കല്പിച്ചതെല്ലാം നല്കുന്ന കല്പകവൃക്ഷങ്ങൾ മന്ദാരം, പാരിജാതം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം എന്നിങ്ങനെ അഞ്ചാണ്. നളന്റെ കൈ അൎത്ഥികൾക്ക സൎവ്വാഭീഷ്ടദാനം ചെയ്യുന്നതാകയാൽ അതോടുകൂടി കല്പവൃക്ഷങ്ങളുടെ എണ്ണം ആറായി.] അദ്ദേഹത്തിന്റെ മുഖത്തോടുകൂടി രണ്ടു ചന്ദ്രബിംബങ്ങൾ ശോഭിച്ചു. [മുഖത്തിന്നു ചന്ദ്രബിംബത്തേക്കാൾ ഒരു ഭേദവുമുണ്ടായില്ല] നളന്റെ പുരിയോടുകൂടി അമരാവതീനഗരി രണ്ടായി. [ഇന്ദ്രപുരിയായ അമരാവതിയും നളന്റെ നഗരിയും ഒരുപോലെയായി.] അംഗഹീനനായിരുന്ന കാമദേവൻ നളന്റെ ശരീരം ഹേതുവായിട്ടു അംഗവാനായി ഭവിച്ചു. [നളനും കാമദേവനും തമ്മിൽ ഒരു വ്യത്യാസവുമുണ്ടായില്ല.] കരത്തിന്നു കല്പകവൃക്ഷത്തോടും, മുഖത്തിന്നു ചന്ദ്രനോടും, രാജധാനിക്ക് അമരാവതിയോടും, അംഗത്തിന്നു കാമനോടും സാമ്യം പറഞ്ഞിരിക്കുന്നു.

ചന്ദ്രകാന്തമതിസുന്ദരം വദന–
മുൾക്കരുന്ന പുനരിന്ദിരാ–
നന്ദമായ മുരവൈരിതൻ ചരണ–
പദ്മരാഗപരിശോഭിതം
മന്നിൽ നീളെ വിളയും പ്രതാപമതു
സൂൎയ്യകാന്തമിഹ രത്നമാ–
കുന്ന വസ്തുപരിനിൎമ്മിതാകൃതിരി–
വാബഭൌ സ ധരണീതലേ. ൩

അതിസുന്ദരം വദനം ചന്ദ്രകാന്തം=അതിസുന്ദരമായ മുഖം ചന്ദ്രനെപ്പോലെ കാന്തിയുള്ളതു് (ചന്ദ്രകാന്തരത്നമെന്നും). ഉൾക്കരുന്ന പുനഃ=മനസ്സാകട്ടെ. ഇന്ദിരാനന്ദമായ മുരവൈരിതൻ ചരണപദ്മരാഗപരിശോഭിതം=ഇന്ദിരാദേവിക്കു് ആനന്ദം നല്കുന്ന മുരവൈരിയുടെ പാദപദ്മത്തിങ്കലുള്ള രാഗം(ഭക്തി)കൊണ്ടു ശോഭിച്ചതു്. [പദ്മരാഗമണിപോലെ ശോഭിച്ചതെന്നും.] പ്രതാപം, സൂൎയ്യകാന്തം=പ്രതാപം സൂൎയ്യനെപ്പോലെ കാന്തിയുള്ളതു്. [സൂൎയ്യകാന്തരത്നമെന്നും.] സഃ ധരണീതലേ രത്നമാകുന്ന വസ്തുപരിനിൎമ്മിതാകൃതിഃ ഇവ ആബഭൌ=ആ നളൻ ഭൂതലത്തിൽ രത്നമാകുന്ന വസ്തുക്കളെക്കൊണ്ടു നിൎമ്മിക്കപ്പെട്ട ആകൃതിയോടുകൂടിയവനോ എന്നു തോന്നുംവണ്ണം ഏററവും ശോഭിച്ചു. മുഖം ചന്ദ്രകാന്തവും, മനസ്സു പത്മരാഗവും, പ്രതാപം സൂൎയ്യകാന്തവും ആകയാൽ നളൻ രത്നങ്ങളെക്കൊണ്ടു നിൎമ്മിക്കപ്പെട്ട ശരീരത്തോടുകൂടിയവനോ എന്നു തോന്നുമാറായി.

രണ്ടാംമഹേന്ദ്രനു തദാ നളന്ന–
നുണ്ടായൊരാപത്തിനൊരററമുണ്ടോ
പണ്ടേ ലലാടേ ലിഖിതാക്ഷരാളീ–
മുണ്ടോ തടുക്കാവിതു ദേഹഭാജാം. ൧

നളൻ പ്രതാപത്തോടുകൂടി വാഴുന്ന കാലത്തു് അദ്ദേഹത്തിനു വലിയൊരാപത്തുണ്ടായതായിപ്പറയുന്നു:—രണ്ടാംമഹേന്ദ്രനു നളന്നു്=രണ്ടാമതൊരു ദേവേന്ദ്രനായ നളന്നു്. (വിശേഷണത്തിനു പഴയ സമ്പ്രദായത്തിൽ വിഭക്തിപ്രത്യയം ചേൎത്തിരിക്കുന്നു.) ആപത്തു്=അനൎത്ഥം. ലലാടേ ലിഖിതാക്ഷരാളീം=നെററിമേൽ എഴുതപ്പെട്ട അക്ഷരക്കൂട്ടത്തെ. ദേഹഭാജാം=ദേഹികൾക്കു്, അക്കാലത്തു നളനുണ്ടായ ആപത്തിന്നു് അറുതിയില്ല. പണ്ടുതന്നെ നെററിമേൽ എഴുതിയ എഴുത്തു ദേഹികൾക്കു തടുക്കാൻ സാധിക്കുമോ?

സ്വൎല്ലോകാദാപതന്തൗ ഗഗനഭുവി കലി-
ദ്വാപരൗ കേട്ടു് ഭൈമീ-
കല്യാണോല്ലാസമിന്ദ്രാദ്യമരനിഗദിതം
ദ്വാപരേ യാതുകാമേ
തുല്യാവേതൗ വിയോഗപ്ലൊരികനലിലെരി-
ച്ചേ പൊറുപ്പു നമുക്കെ-
ന്നുള്ളൂടേ ചേൎത്തു ഗത്വാ കലിരഥ നളനാം-
ഭൂപഗേഹേ ജഗാഹേ. വ്യ

സ്വൎല്ലോകാൽ ആപതന്തൗ=സ്വൎഗ്ഗലോകത്തിൽനിന്നിറങ്ങി വരുന്ന. കലിദ്വാപരൗ=കലിയും ദ്വാപരനും. ഗഗനഭുവി=ആകാശത്തിൽവെച്ചു്. ഇന്ദ്രാദ്യമരനിഗദിതം=ഇന്ദ്രാദിദേവന്മാരാൽ പറയപ്പെട്ട. ഭൈമീകല്യാണോല്ലാസം കേട്ടു=ദമയന്തീകല്യാണോത്സവം കേട്ടു. ദ്വാപരേ യാതുകാമേ സതി=ദ്വാപരൻ തിരിച്ചു പോകുവാനാഗ്രഹമുള്ളവനായ സമയത്തു്. തുല്യൗ ഏതൗ=പരസ്പരസദൃശന്മാരായ ഇവരെ (ദമയന്തീനളന്മാരെ). വിയോഗപ്ലൊരികനലിൽ=വിരഹമാകുന്ന തീക്കനലിൽ. ഉള്ളൂടേ ചേൎത്തു്=ഉള്ളിൽ കടത്തി. ഗത്വാ=പോയിട്ടു്. കലിഃ=കലി. നളനാംഭൂപഗേഹേ= നളനാകുന്ന രാജാവിന്റെ ഗൃഹത്തിൽ. ജഗാഹേ=പ്രവേശിച്ചു. കലിയും ദ്വാപരനുംകൂടി സ്വൎഗ്ഗലോകത്തിൽനിന്നിറങ്ങിവരു

ണ്ടോരം ഇന്ദ്രാദിദേവന്മാർ പറഞ്ഞു ദമയന്തീസ്വയംവരവൃത്താന്തം കേട്ടു. കല്യാണം കഴിഞ്ഞതിനാൽ മടങ്ങിപ്പോകാൻ ദ്വാപരൻ വിചാരിച്ചു. കലിയാകട്ടെ ദമയന്തി നളനെ വരിച്ച സ്ഥിതിക്ക് അവരെ വേർപിരിച്ചു വിരഹത്തീയിൽ എരിച്ചേ അടങ്ങുകയുള്ള എന്നു മനസ്സിലുറച്ചു നളന്റെ ഗൃഹത്തിൽ പ്രവേശിച്ചു.

ദുഷ്കരം നിയതിവൈപരീത്യസര–
ണിയ്ക്കെന്തിന്നു കലിനാ കൃതാ–
തിക്രമോ രഹിതവിക്രമോ നിഷധ–
രാജ ഏഷ കലുഷാത്മവാൻ
പുഷ്കരേക്ഷണ പറഞ്ഞ വാക്കുകൾ വെ–
ടിഞ്ഞു ചൂതു പൊരുതീടുവാൻ
പുഷ്കരം വിരവൊടാജുഹാവ നിജ–
വൈരിണം പ്രകൃതിദാരുണം. ൻ

നിയതിവൈപരീത്യസരണിക്ക് =വിധിവൈപരീത്യത്തിന്റെ മാർഗ്ഗത്തിന്ന്. എന്തിന്നു ദുഷ്കരം=എന്താണിന്നു ചെയ്യാൻ വയ്യാത്തത്. കലിനാ കൃതാതിക്രമഃ രഹിതവിക്രമഃ ഏഷഃ നിഷധരാജഃ =കലിയാൽ അതിക്രമിക്കപ്പെട്ട പരാക്രമമില്ലാതായ ഈ നളൻ. കലുഷാത്മവാൻ=കലുഷമായ (കലങ്ങിയ) മനസ്സോടുകൂടിയവനായിട്ട്. നിജവൈരിണം പ്രകൃതിദാരുണം പുഷ്കരം=തന്റെ ശത്രുവും പ്രകൃത്യാ ഭയങ്കരനുമായ പുഷ്കരനെ. ആജുഹാവ=വിളിച്ചു. ദൈവവിരോധത്തിന്നു ചെയ്യാൻ വയ്യാത്തതായി ഒന്നുമില്ല. കലി അതിക്രമിക്കകയാൽ പരാക്രമം കെട്ടുവശായ നളൻ മനസ്സു കലങ്ങി (കൃത്യാകൃത്യങ്ങളെ തിരിച്ചറിവാൻ വയ്യാതെയായി) സുന്ദരിയായ ദമയന്തി പറഞ്ഞ നിഷേധവാക്കുകളെ തട്ടിനീക്കി തന്റെ ശത്രുവും സ്വതേ ദാരുണനുമായ പുഷ്കരനെ ചൂതു പൊരുതുവാൻ വിളിച്ചു. സ്വതേ ചൂതുകളിയിൽ ഏർപ്പെടുവാൻ ന്യായമില്ലാത്ത നളൻ അതിൽ ഏർപ്പെട്ടു എന്ന വിശേഷത്തെ വിധിവൈപരീത്യത്തിന്നു ദൃഷ്ട

തമായിട്ടൊന്നുമില്ല എന്ന സാമാന്യംകൊണ്ടു സമൎത്ഥിച്ചിരിക്കയാൽ അൎത്ഥാന്തരന്യാസം അലങ്കാരം.

ഇച്ഛയാ ഭുവി നിരച്ചു ചൂതു പണ-
യങ്ങൾ വെച്ചു പൊരുതനാഹം
വെച്ചു വെച്ചു വര തോററു തോററുമട-
നേ നിരച്ചുമതിദൈന്യവാൻ
അശ്രമം കലിബലാൽച്ചതിച്ചു തര-
സാ ജയിച്ചുഞെളിയുന്നവ-
നുച്ചകൈൎന്നൃപതി പുഷ്കരന്നു വിസ-
സൎജ്ജ സൎവ്വമഥ വിവ്യഥേ. ൭൦

ഇച്ഛയാ=ഇച്ഛയാൽ. ഭുവി=നിലത്തു്. നിരച്ചു=നിരത്തി. പണയങ്ങൾ=പന്തയങ്ങൾ. അനാഹം=നാൾതോറും. അതിദൈന്യവാൻ=അതിയായ ദൈന്യത്തോടുകൂടിയവൻ. അശ്രമം=ശ്രമംകൂടാതെ (ക്രി: വി). തരസാ=വേഗത്തിൽ. ഉച്ചകൈഃ നൃപതി=ഉന്നതനായ രാജാവു്. സൎവ്വം വിസസൎജ്ജ=എല്ലാം വിട്ടുകൊടുത്തു. അഥ വിവ്യഥേ=പിന്നെ വ്യസനിച്ചു. ബുദ്ധി ഭ്രമിച്ചുപോയ നളൻ ചൂതു നിരത്തി പണയം പറഞ്ഞു് പൊരുതുവാൻ തുടങ്ങി. വെച്ച വര മുഴുവനും തോററു. പിന്നെയും ചൂതു നിരത്തി. കലി ബലമായി ചതിക്കകകാരണം പുഷ്കരൻ എല്ലാവരെയും ജയിച്ചു ഞെളിയുവാൻ തുടങ്ങി. നളൻ അവന്നു പണയംവെച്ച സാധനമെല്ലാം വിട്ടുകൊടുത്തു മനസ്സിൽ വ്യസനിച്ചു.

അന്നേരം വന്നു സൎവ്വേ നൃവരമഹിഷിയോ-
ട്ടുചു"രിക്കഷ്ടമുണ്ടായ്-
വന്നോരാപത്തു കണ്ടാലുമിതു പണയമായ്-
വെച്ചൊട്ടുങ്ങീ ധനൌഘം

എന്നാൽ മററാരു മാററിടുവതിതു ദമയ-
ന്തി സ്വയം ചെന്നുണത്താ-
യെന്നാകിൽ കണ്ട നാമിന്നടവിയിലുടനായ്
കൂട്ടമത്രേ മനോജ്ഞേ." ൧൧

സാവ്വേ=എല്ലാവരും. (മന്ത്രിമാരും പൌരന്മാരും മററും) നൃവരമഹിഷിയോട്=രാജപത്നിയോട്. ഇക്കഷ്ടം ഊചുഃ=ഈ കഷ്ടത്തെ പറഞ്ഞു. ധനൌഘം=ധനസമൂഹം. 'ദമയന്തി' എന്നു സംബോധന. സ്വയം=തന്നത്താൻ. ഉണത്തായെന്നാകിൽ=ഉണത്തിയില്ലെങ്കിൽ. അടവിയിൽ=കാട്ടിൽ. മനോജ്ഞേ=മനോഹരേ. കളി മുറകിവന്ന സമയത്തു് എല്ലാവരും രാജപത്നിയോടു കഷ്ടമായ അതിനെപ്പററി പറഞ്ഞു. "ഉണ്ടായ്‌വന്നോരാപത്തു" എന്നു മുതല്ക്കു് അവരുടെ വചനം. പണയംവെച്ചു ധനമെല്ലാം ഒടുങ്ങി. ഇനി രാജാവിനോടുണത്തിച്ചു് അദ്ദേഹത്തെ പിൻവലിപ്പിക്കാത്തപക്ഷം നമുക്കു കാടുതന്നെ ഗതി എന്നാകും.

അന്നേരം കേട്ടു തന്നൈഷധചരിതമൊരോ-
ന്നേ വിഷാദാംബുരാശൌ
ഖിന്നാ വീണ്ണെന്തു ഞാൻ ചെയ്യുതു പുനരിതി സ-
ഞ്ചിന്ത്യ ബാഷ്പം കിരന്തീ
ചെന്നാളും നിന്നാളുപാന്തേ രഹസി നിജതനൂ-
ജൌ കരാഭ്യാം നയന്തീ
തന്വീ തൻകാന്തനോടന്നുളനൊട്ടു പുനരേ-
ഷാ തദാനീം ബഭാഷേ. ൧൨

തന്നൈഷധചരിതം=ആ നളന്റെ പ്രവൃത്തി. വിഷാദാംബുരാശൌ=വ്യസനസമുദ്രത്തിൽ. ഖിന്നാ=ഖേദിച്ചവൾ. സഞ്ചിന്ത്യ=വിചാരിച്ചിട്ടു്. ബാഷ്പം കിരന്തീ=കണ്ണീരൊഴുക്കിക്കൊണ്ടു്. ഉപാന്തേ=സമീപത്തിങ്കൽ. നിജതനൂജൌ കരാഭ്യാം നയന്തീ=തന്റെ

രണ്ടു പുത്രന്മാരെ കൈകളിലെടുത്തുകൊണ്ടുപോയ്ക്കൊണ്ട്. തന്വീ=സുന്ദരി. ഏഷാ=ഈ ദമയന്തി. ബഭാഷേ=പറഞ്ഞു. ദമയന്തി നളൻെറ ഓരോ ചെയ്തിയും കേട്ടു വിഷാദക്കടലിൽ വീണു ഖേദിച്ച് ഇവിടെ ചെയ്യേണ്ടതെന്തെന്നു വിചാരിച്ചു കണ്ണീർ വാർത്തുകൊണ്ടു ഭർത്തൃസമീപത്തിൽ ചെല്ലുകയും, തൻെറ രണ്ടു പുത്രന്മാരെ എടുത്തുകൊണ്ടുപോയി കാണിക്കുകയും ചെയ്തിട്ടു ഭർത്താവിനോടു പറഞ്ഞു.

"മുന്നേപ്പോലെ ഭവാനെന്നിലുമിഹ തനയ-
ന്മാരിലും ചെററൊരാസ്ഥാ-
വിന്യാസം കൈവരായ്കിൽ ക്ഷിതിപരിവൃഢ കേ-
ളെന്തൊരാലംബനം മേ
ഖിന്നാംഗീമെന്നെയും നിൻതനയരെയുമഹോ
രാജ്യവും മററുമെല്ലാ-
മിന്നീ നാഥാ മറന്നോ കുലമുടിവിനു ചൂ-
തിന്നിദാനീം തുനിഞ്ഞു. ൧൩

ആസ്ഥാവിന്യാസം=താല്പര്യംവെയ്ക്കൽ. ക്ഷിതിപരിവൃഢ=മഹാരാജാവേ. ആലംബനം=ആശ്രയം. ഖിന്നാംഗീം=തളർന്ന അംഗങ്ങളോടുകൂടിയ. മറന്നോ=മറന്നിട്ടാണോ. കുലമുടിവിനു ചൂതിന്ന്=വംശനാശമായ ചൂതുകളിക്ക്. എൻെറയും പുത്രന്മാരുടേയും പേരിൽ അങ്ങു മുമ്പിലത്തെപ്പോലെ താല്പര്യം കാണിക്കാതിരുന്നാൽ എനിക്കെന്താണാശ്രയം? എന്നെയും മക്കളേയും രാജ്യത്തേയും മററും തീരെ മറന്നാണോ കുലനാശകരമായ ഈ ചൂതിന്നു തുനിഞ്ഞതു്? [ഇതു മുതല്ക്ക് അഞ്ചു ശ്ലോകം ദമയന്തിയുടെ വചനം.]

പുഷ്കരന്നധികദുഷ്കരം പുനരെ-
തിർപ്പതിന്നിഹ ഭവാനൊടീ
മുഷ്കരന്നു യുധി കൂത്തുമൂത്ത വിശി-
ഖങ്ങളേല്ക്കുമണയും വിധൌ

ഇക്ഷ്മാപതിഷു നിന്ദ്യനായൊരിവ-
നോടു തോല്പതിനു കമ്മമു-
ണ്ടുഗ്രശാസന ഭവാനമിന്നതിഹ
ഹേതു ചൂതുപൊരുതീടുവാൻ. ൧൪

അധികദുഷ്കരം=ചെയ്യാൻ വളരെ പ്രയാസമുള്ളതു്. എതിപ്പതിന്നു്=എതിരിടുന്നതിന്നു്. മുഷ്കരനു=കള്ളനു. യുധി=യുദ്ധത്തിൽ. വിശിഖങ്ങൾ=അസ്ത്രങ്ങൾ. ഇക്ഷ്മാപതിഷു=ഈ രാജാക്കന്മാരിൽവെച്ചു്. നിന്ദ്യൻ=നിന്ദിക്കപ്പെടേണ്ടവൻ. കമ്മം=യോഗം, വിധി. ഉഗ്രശാസന=ഉഗ്രമായ ആജ്ഞാശക്തിയുള്ളവനേ. ഹേതു=കാരണം. കള്ളനായ പുഷ്കരന്നു് അങ്ങയോടെതിക്കവാൻ വളരെ പ്രയാസമുണ്ടു്. യുദ്ധത്തിൽ ഏററുമുട്ടുമ്പോൾ അവനു കൂത്തുമൂത്ത ബാണങ്ങൾ ഏല്ക്കും. രാജാക്കന്മാരിൽവെച്ചു നിന്ദ്യനാണു് അവൻ. ഇങ്ങനെയെല്ലാമുള്ള പുഷ്കരനോടു തോല്ക്കുവാൻ അങ്ങേക്കു വിധിയുണ്ടായിരിക്കാം. അതാണു് ഈ ചൂതാട്ടത്തിന്നു ഹേതു. അങ്ങു പുഷ്കരനോടു യുദ്ധത്തിൽ തോല്ക്കണമെന്നു ദൈവവിധിയുണ്ടു്. നേരിട്ടു യുദ്ധം ചെയ്താൽ പുഷ്കരൻ തോല്ക്കും. അപ്പോൾ ദ്യൂതയുദ്ധം തന്നെ വേണം വിധി സഫലമാകുവാൻ എന്നു താല്പയ്യം.

പണ്ടേപ്പോലേ വരുന്നീലയി തവ ചരിതം
പേത്തുമിന്നാളിലിമ്മാം
കൊണ്ടാടിക്കൊണ്ടു ലാളിച്ചരുളുവൊരു ഭവാ-
നന്യമാസീദ്വിലാസം
തണ്ടാർമാതെന്നപോലേ സകലഭുവനസ-
മ്മാനിതാംഗിക്കിനിക്കി-
ന്നുണ്ടോ ഹാ രാജ്യനാശം വരുവതിനൊരു ക-
മ്മാന്തരം പുണ്യരാശേ. ൧൫

ഇമ്മാം=ഈ എന്നെ. വിലാസം അന്യം ആസീൽ=വിനോദം വേറൊന്നായി ഭവിച്ചു. തണ്ടാർമാതു്=മഹാലക്ഷ്മി. സകല

ഭുവനസമ്മാനിതാംഗികൾക്കിനിക്ക്=സൎവ്വരാലും ബഹുമാനിക്കപ്പെട്ട അംഗത്തോടുകൂടിയ എനിക്ക്. രാജ്യനാശം=രാജ്യഭ്രംശം. കൎമ്മാന്തരം=ഒരുതരം യോഗം. ഹേ പുണ്യരാശേ, അങ്ങയുടെ പ്രവൃത്തി മുമ്പത്തെപ്പോലെയാകുന്നില്ല. എന്നെ കൊണ്ടാടി ലാളിക്കുന്ന അങ്ങേയ്ക്കിപ്പോൾ മറെറാന്നായി വിനോദം. ലക്ഷ്മീദേവിയെപ്പോലെ സൎവ്വരാലും ബഹുമാനിക്കപ്പെട്ട എനിക്കു രാജ്യനാശം വരുവാൻ വേറൊരു യോഗം ഇല്ല.

ഈടേറും ധനധാന്യപൂരിതനികേ-
തേ സാദരം പ്രേയസാ
ക്രീഡാസൌഖ്യരസങ്ങൾ ചേൎന്നു തനയൌ
ലാളിച്ചിരുന്നോരു മേ
പാടേ നാടു വെടിഞ്ഞിണങ്ങരൊടക-
ന്നിങ്ങീ വനാന്തേ വസി-
ച്ചീടേണം പരമെന്നു മൂൎദ്ധ്നി വര-
ച്ചായോ വിധേ ദുൎമ്മതേ. ൧൩

ധനധാന്യപൂരിതനികേതേ=ധനധാന്യങ്ങൾകൊണ്ടു നിറഞ്ഞ ഗൃഹത്തിൽ. പ്രേയസാ=പ്രിയനോടുകൂടി. ക്രീഡാസൌഖ്യരസങ്ങൾ=ക്രീഡാസൌഖ്യംകൊണ്ടുള്ള രസങ്ങൾ. തനയൌ=പുത്രന്മാരെ. മേ=എനിക്ക്. ഇണങ്ങരൊട്=ബന്ധുക്കളോട്. വനാന്തേ=വനമദ്ധ്യത്തിൽ. മൂൎദ്ധ്നി=ശിരസ്സിൽ. വരച്ചായോ=നീ വരച്ചുവോ. "വിധേ ദുൎമ്മതേ" എന്നു സംബോധന. ധനധാന്യങ്ങൾ നിറഞ്ഞ ഗൃഹത്തിൽ ലീലാവിലാസങ്ങളനുഭവിച്ചും പുത്രന്മാരെ ലാളിച്ചും ഇരുന്ന എനിക്കു നാടു വെടിഞ്ഞു ഇണങ്ങരോടു വേർപെട്ടു വനമദ്ധ്യത്തിൽ വസിക്കുവാൻ, ദൈവമേ, നീ തലയിൽ വരച്ചുവോ?

നിൻപൈതങ്ങളെയും വിഹാരജനിതാ-
നന്ദത്തെയും നിൻകൃപാ-
ലംബാമെന്നെയുമമ്പിൽ നിന്നെയുമൊരോ
വസ്തുക്കൾ സഞ്ചിന്തയൻ

ഇമ്മോഹം തവ ചൂതുതൊട്ടു ജനിതം
കൈവിട്ടു കേളിന്നിനി-
സ്സന്മാർഗ്ഗേഷു നടപ്പതിന്നിത തൊഴു-
ന്നേൻ പുണ്യപാരാന്നിധേ." ൧൭

വിഹാരജനിതാനന്ദം=ക്രീഡയിൽനിന്നുണ്ടായ ആനന്ദം. നിൻ കൃപാലംബം എന്നെ=നിന്റെ കൃപമാത്രം ആശ്രയമായ എന്നെ. ഒരോ വസ്തൂനി=ഓരോ വസ്തുക്കളെ. സഞ്ചിന്തയൻ=നല്ലപോലെ ചിന്തിക്കുന്നവനായിട്ട്. ചൂതുതൊട്ടു ജനിതം=ചൂതിനെ സംബന്ധിച്ചുണ്ടായ. ഇമ്മോഹം=ഈ ബുദ്ധിഭ്രമം. സന്മാർഗ്ഗേഷു=നല്ല വഴികളിൽ. പുണ്യപാരാന്നിധേ=സുകൃതസമുദ്രമേ. പുത്രന്മാരേയും, ക്രീഡാനന്ദത്തേയും, അങ്ങുമാത്രം ആശ്രയമായ എന്നേയും, അങ്ങയെത്തന്നേയും, ഇങ്ങനെ ഓരോ വസ്തുക്കളെ നല്ലവണ്ണം ചിന്തിച്ചു ചൂതുസംബന്ധമായുണ്ടായ മനോമോഹം വിട്ടു നല്ല മാർഗ്ഗങ്ങളിൽ നടക്കുവാൻ ഞാൻ ഇതാ തൊഴുന്നു.

എന്നെല്ലാം പറയുന്ന തൻപ്രണയിനീം
മാനിച്ചു ലാളിക്കുമൊ-
ട്ടന്യൂനം കലിപീഡകൊണ്ടു ഹൃദയേ
സമ്പാദിതോന്മാദവാൻ
സന്നാഹേന പുറപ്പെട്ടും ജഡതയാ
നില്ക്കും നടക്കും മുതി-
ന്നേരം നിഷധാധിപോ നരപതിഃ
കിം നാകരോന്മന്ദധീഃ. ൧൮

പ്രണയിനീം=പ്രേമഭാജനത്തെ. അന്യൂനം=കുറവുകൂടാതെ. കലിപീഡ=കലിയുടെ പീഡനം. ഹൃദയേ=ഹൃദയത്തിൽ. സമ്പാദിതോന്മാദവാൻ=സമ്പാദിക്കപ്പെട്ട ഉന്മാദത്തോടുകൂടിയവൻ. സന്നാഹേന=ഒരുക്കത്തോടുകൂടി. ജഡതയാ=ജഡതയോടുകൂടി. മന്ദധീഃ നിഷധാധിപഃ നരപതിഃ=മന്ദബുദ്ധിയായ നിഷധരാജാവു്.

കിം ന അകരോൽ=എന്തു ചെയ്തില്ല. ഹിതോപദേശം ചെയ്യുന്ന പ്രിയതമയെ നളൻ അല്പനേരം ബഹുമാനിച്ചു ലാളിക്കും. അപ്പോഴുംതന്നെ കലിബാധകൊണ്ടു ഹൃദയത്തിൽ ഉന്മാദം വർദ്ധിക്കുകയാൽ ഒരുക്കത്തോടുകൂടി ചൂതിന്നുതന്നെ പുറപ്പെടും. ഉടനെ നില്ക്കും. പിന്നെ നടക്കും. ഇങ്ങനെ ബുദ്ധി ഭ്രമിച്ചുവശായ നളൻ എന്തുതന്നെ ചെയ്തില്ല? എന്തൊക്കെയോ ചെയ്തുവെന്നു സാരം. സ്വതെയുള്ള ബുദ്ധിയും കലിബാധകൊണ്ടുണ്ടായ ഉന്മാദവും തമ്മിൽ വലിയൊരു പോരാട്ടം നടന്നു എന്നു താല്പര്യം.

അഹോ കലിപരാക്രമം പെരികെ
വിസ്മയം ചന്ദ്രികാ-
സഹോദരമൃദുസ്മിതാം മധുര-
ഭാഷിണീം പ്രേയസീം
വിഹായ തദുദീരിതം വച-
നമാശു നിർഭർത്സയൻ
മുഹുഃ സ തു ചകാര ചൂതുപൊ-
രുതീടുവാൻ കൌതുകം. ൧൫

അഹോ=ആശ്ചര്യം. വിസ്മയം=അത്ഭുതം. ചന്ദ്രികാസഹോദരമൃദുസ്മിതാം=ചന്ദ്രികാസഹോദരമായ (നിലാവുപോലുള്ള) മൃദുമന്ദഹാസത്തോടുകൂടിയവളും. മധുരഭാഷിണീം=മധുരമായി പറയുന്നവളുമായ. പ്രേയസീം വിഹായ=പ്രിയതമയെ വെടിഞ്ഞു്. തദുദീരിതം വചനം=അവളാൽ പറയപ്പെട്ട വചനത്തെ. നിർഭർത്സയൻ=നിന്ദിച്ചുകൊണ്ടു്. മുഹുഃ=വീണ്ടും വീണ്ടും. സഃ തു=അദ്ദേഹമാകട്ടെ. കൌതുകം ചകാര=കൌതുകത്തെ ചെയ്തു. അമ്പോ കലിയുടെ പരാക്രമം! ഇളവെണ്ണിലാവൊളിപ്പുഞ്ചിരി തൂകുന്ന മധുരഭാഷിണിയായ പ്രിയതമയെ വെടിഞ്ഞു് അവളുടെ വചനത്തെ നിന്ദിച്ചുകൊണ്ടു നളൻ ചൂതു പൊരുതുവാൻതന്നെ കൌതുകം പൂണ്ടു.

കട്ടങ്ങുന്നേരം തൻനിഖിലധ–
നവും ദ്യൂതകൌതുകാ–
ലടങ്ങാതേ വന്നോരളവിഹ
നളേ കമ്മസു ജളേ
തുടങ്ങേണ്ടാ രോദ്ധും പുനരിതി
വിദർഭേഷു തനയാ–
വുടൻ നേതും കാംക്ഷാമകരുത
തദാ ഭീമതനയാ. ൧൦

നിഖിലധനം=എല്ലാ ധനവും. ദ്യൂതകൌതുകാൽ=ചൂതിങ്കലുള്ള കൌതുകത്താൽ. അടങ്ങാതെ വന്നോരളവ്=അടങ്ങിയിരിക്കാതായപ്പോഠം. നളേ കമ്മസു ജളേ സതി=നളൻ കമ്മങ്ങളിൽ ജളനായ സമയത്തു്. രോദ്ധും=തടുക്കുവാൻ. വിദർഭേഷു=വിദർഭദേശത്തിങ്കൽ. തനയൌ=പുത്രന്മാരെ രണ്ടുപേരേയും. നേതും=കൊണ്ടുപോകുവാൻ. കാംക്ഷാം അകരുത=അനുഗ്രഹത്തെ ചെയ്തു. ഭീമതനയാ=ദമയന്തി. തൻെറ എല്ലാ ധനവും ചൂതിൽ പണയംവെച്ചു് മടങ്ങിത്തുടങ്ങിയപ്പോഴും നളൻ ചൂതിലുള്ള കൌതുകത്താൽ, അതിൽനിന്നു പിന്തിരിക്കാതെ കമ്മങ്ങളിൽ ജളനായിത്തീൎന്ന സമയത്തു്, ഇനി തടുക്കുവാൻ തുടങ്ങേണ്ട എന്നു കരുതി ദമയന്തി പുത്രന്മാരെ രണ്ടുപേരേയും വിദർഭരാജ്യത്തേക്കു കൊണ്ടുപോകുവാൻ ആഗ്രഹിച്ചു.

ഖിന്നാ മെല്ലേ വിളിച്ചന്നിഷധനരപതേഃ
സൂതമേതദ്രഥേ ചേ–
ൎത്തന്യൂനാൻ വാജിവൎയ്യാൻ പുനരതിലുടനാ–
രോപ്യ ബാലൌ തനൂജൌ
ഇന്നും മേ കമ്മമുണ്ടാൎയ്യരികിലിവരെ ഞാ–
നങ്ങു ചെന്നന്നു കണ്ടീ–
ട്ടുന്നുണ്ടെന്നോൎത്തു താതാന്തികഭുവി സഹിതൌ
പ്രേഷയാമാസ ഭൈമീ. ൧൧

നിഷധനരപതേഃ സുതം=നളൻെറ സുതനെ. ഏതദ്രഥേ=ഇ ദ്ദേഹത്തിൻെറ തേരിൽ. അന്യൂനാൻ വാജിവര്യാൻ=കോട്ടമില്ലാത്ത ഉത്തമാശ്വങ്ങളെ. ആരോപ്യ=കയററിയിട്ട്. ബാലൌ തനൂജൌ =ബാലന്മാരായ പുത്രന്മാരെ. ഇന്ദ്രം=ഇന്ദ്രിയും. താതാന്തികഭുവി= അച്ഛൻെറ സമീപപ്രദേശത്തിങ്കൽ. സഹിതൌ=മരുമിച്ചവരാക്കി. പ്രേഷയാമാസ=അയച്ചു. ദമയന്തി നളൻെറ സുതരെ സ്വകാര്യമാ യി വിളിച്ച് അദ്ദേഹത്തിൻെറ തേരിൽ കോട്ടമില്ലാതെ കുതിരകളെ കെട്ടിച്ചു ബാലന്മാരെ രണ്ടുപേരേയും അതിൽ കയററി ഇനി എനി ക്ക യോഗമുണ്ടെങ്കിൽ അവിടെ ചെന്നു കാണാമെന്നു കരുതി അച്ഛ ൻെറ അടുക്കലേയ്ക്കു പറഞ്ഞയച്ചു.

ഗദ്യം

ഹര ഹര പാരം പെരുതതിഘോരം പറകിലപാരം ഗുണനിധിയാകിന നിഷധാധിപനാം നളനിഹ ജളത യിലാധിപെരുത്തും ദ്യൂതനിമിത്തം ചേതസി മെത്തും തിറവിയ ഖേദം വന്നതു കരുതുകിലധികവിഷാദം വരുമി തു പാർത്താലുദയതി സവിതരി ഝടിതി തുടങ്ങീട്ടിണയ ഞ്ചെന്നുമൊരീരഞ്ചെന്നും ഇരുനാലെന്നും പാടിക്കെന്നുമ ട്ടക്കരുതെന്നും പെട്ടപൊളിയ്ക്കിൽ കുത്തുവനെന്നും ഗളള വി കെട്ടുകിൽ വെട്ടുവനെന്നും തെരുതെരെയിത്ഥം മന്ത്ര മെരോന്നേ മടിയാതേകണ്ടുരുവിട്ടുരുവിട്ടഴകിയ ലക്ഷ്മീദേ വിയെ മുഹുരുടനാവാഹിച്ചു തദാനീമഖിലവിനാശോദ ന്തം നാടകമാട്ടുവതിന്നു തുനിഞ്ഞു നിതാന്തമണഞ്ഞുതുട ങ്ങീ ദിനകരതേജാ ഝടിതി സ രാജാ—ഭണ്ഡാരങ്ങളെട്ട ക്കരുതാകിൽ കൊണ്ടാ മഴവുകഠം വെട്ടുവിനാശു പൊളിച്ചു മെട്ടത്തിഹ കൊണ്ടന്നാലും—മാന്യത ചേരും ധാന്യവി ശേഷം തരിതമശേഷം ദുഷ്കരമാകിന വട്ടി നിറച്ചും പു

ഷ്ക്കരധാമനി ചേക്കേ വേണ്ടൂ—തിങ്കൾക്കൊത്തോരു വെൺ
കൊററക്കുട ശങ്കിക്കേണ്ടാ കൊണ്ടന്നാലും—തേരുതേരെ
വിരുതിനു കരുതിന ചൂതിനു പണയംവെച്ചതിനിക്കിനി
വേണ്ടാ—വടിവിലൊരോന്നേ കൊണ്ടരുവാനായപ്പോളു
പ്പോൾ മണ്ടിടേണ്ടാ—പൊന്നും പണവും മിന്നും മണി
യും തോൾവള കൈവള കാൽപ്പാടകവും കാഞ്ചനസഞ്ചി
തകാഞ്ചീഘടിയും വികടം ശകടം കടകം മകുടം ചുട്ടുകഴി
ച്ച പതക്കത്തട്ടും ചട്ടററീട്ടും മുടികൾപോലെ വട്ടത്തിൽ
ചില കട്ടപ്പൊന്നും നിർമ്മലശാടീധാടീമിട്ടുവാൻ പാടേ
ചേക്കും ചേടീശതവും പുനരിവയൊന്നും വെച്ചേയ്ക്കുണ്ടാ
മണ്ടിക്കൊണ്ടാ പണയംവെപ്പാൻ—ഇത്ഥം സ ഹി മുഹു
രാജ്ഞാപിച്ചു രാജ്ഞോ ഭൃത്യാൻ പ്രാജ്ഞതരധീഃ—ഝടി
തി മഹാത്മാ പണയംവെച്ചും ചൂതു നിരച്ചും ചീററം കൈ
ക്കൊണ്ടേററം തോററും വെച്ചതു നിഖിലമെടുത്തുകൊടു
ത്തും നാട്ടും വീട്ടുമതൊക്കെ മുടിച്ചും പണയംവെപ്പാനി
ല്ലാഞ്ഞേതും ബാഷ്പം തൂകി ക്ഷീണതരാത്മാ ഹന്ത രുരോ
ദ ക്ഷിതിപതിമകുടീഭൂഷണമണിയാം നളനാം പൃഥ്വീ
ലോകവിധൌജാഃ — ഝടിതി തദാനീം വടിവിലുദ
സ്ഥാൽ ദുഷ്കരകർമ്മാ പുഷ്കരനാമാ ജഗതി വരിഷ്ഠാൻ ചി
രതരമിഷ്ടാൻ ധൃതഭൃത്യാൻ ദ്രുതതരമാഹൂയേത്ഥമവാദീൽ —
പൃഥ്വീശാസ്താ ജളതാനിലയം നളനാമാനമിഹാസ്മദ്രാജ്യാ
ദുത്സാരയത ത്വരിതമിദാനീം—ബധ്നീതാസ്യ പ്രേ
ഷ്യാൻ ഭൃത്യാൻ ധീരാകാരാൻ കാരാഗാരേ—നളനെന്നവ
നൊരു ചൊല്ലും നൃണാം നാവു മുറിപ്പിൻ നൈവ വിചാ
ര്യം—ഭണ്ഡാരാലയമൊക്കെയടച്ചിഹ പൂട്ടിത്താക്കോൽ
കൊണ്ടന്നാലും—ദമയന്തീ പുനരിന്നേ നിലയാദാശു പുറ

പ്പെട്ടവനൊട്ട കൂടെപ്പോകേ വേണ്ടൂ—പേർത്തുമിവണ്ണം ചൊല്ലി ക്ഷിതിപതി നളനൃപസിംഹാസനഭുവി ചെന്നു ഞെളിഞ്ഞു നിതാന്തമിരുന്നൊരു നേരം ക്ഷീണാത്മാ സൌ നളനും പിന്നെയിരിക്കരുതാഞ്ഞിട്ടാത്മനികേതേ വട്ടം പോന്നിട്ടഞ്ചെട്ടു ദിനം തേഷാമമിതാൻ നിന്ദാലാപാൻ കേട്ടു പൊറാഞ്ഞിട്ടുടനേ വിപിനേ പോകേ വേണ്ടൂ മാമകനിലയേ ചെററു പൊറാമേ പുനരിതി കരുതി പ്രാതിഷ്ഠത നിജഗേഹാലുടനേ വിരഹിതതേജാ മഹിതോ രാജാ.

ചൂതുപോരിൻെറ കോലാഹലം വർണ്ണിക്കുന്നു:—ഹര ഹര=ആശ്ചര്യം. പാരം പെരുത്ത്=വളരെ വലിയത്. അതിഘോരം=അതിഭയങ്കരം. അപാരം=മറുകരയില്ലാത്തത്. ഗുണനിധി=ഗുണങ്ങൾക്കിരിപ്പിടം. നിഷധാധിപനാം നളൻ=നിഷധരാജാവായ നളൻ. ജളത=ജാള്യം. ആധി=മനോദുഃഖം. ദ്യൂതനിമിത്തം=ചൂതുകാരണമായി. ചേതസി മെത്തും തിറവിയ ഖേദം=മനസ്സിൽ വർദ്ധിച്ച കഠിനമായ ഖേദം. കരുതുകിലധികവിഷാദം വരും=അതു വിചാരിച്ചാൽത്തന്നെ വലിയ വ്യസനം വരും. പാർത്താൽ=കണ്ടാൽ. സവിതരി ഉദയതി സതി=സൂര്യൻ ഉദിക്കുമ്പോൾ. ഝടിതി തുടങ്ങിയിട്ട്=വേഗം തുടങ്ങിയിട്ട്. "ഇണയഞ്ചെന്നു" മുതല്ക്ക് "മന്ത്രം" എന്നതുവരെ ചൂതു കളിക്കുമ്പോൾ കളിക്കുന്നവർ പറയുന്ന വാക്കുകളാണ്. ഇണയഞ്ച്=ഈരഞ്ച് (രണ്ടു കരുക്കളിലും അഞ്ചായി വീഴുന്നത്.) ഈരഞ്ച്=അതുതന്നെ. ഇരുനാല്=രണ്ടു കരുക്കളിലും നാലു വീഴുന്നത്. പാടിക്കുക=ശരിക്കു വീഴാതെ തടഞ്ഞുനിന്ന കരുവിനെ ശരിപ്പെടുത്തുക. അടക്കരുത്=എതിരാളി അടുത്തുവരുവാൻ പാടില്ല, അല്ലെങ്കിൽ അടക്കിക്കളിക്കരുത്. പെട്ടപൊളിക്കിൽ കുത്തുവൻ=പെട്ട ഇളക്കിയാൽ വെട്ടും. ഗളഭുവി=കഴുത്തിൽ. കെട്ടുകിൽ വെട്ടുവൻ=കെട്ടിയാൽ ഞാൻ വെട്ടും. ഇത്ഥം മന്ത്രമൊ

രോന്നേ=ഇങ്ങനെയുള്ള ഓരോ മന്ത്രത്തെ. ഉരുവിട്ടുരുവിട്ട്=വള
രെ പ്രാവശ്യം ഉരുക്കഴിച്ച്. ലക്ഷ്മീദേവിയെ ആവാഹിച്ച്=ധന
മുള്ളതെല്ലാം കൊണ്ടുവന്ന്. അഖിലവിനാശാന്തം നാടകം=
സൎവ്വസ്വനാശമാകുന്ന കഥയോടുകൂടിയ നാടകം. നിതാന്തം=ഏ
റവും. ദിനകരതേജാഃ സഃ രാജാ=സൂൎയ്യനെപ്പോലെ തേജസ്സുള്ള
ആ രാജാവ്. ആ നളമഹാരാജാവു സൂൎയ്യോദയം മുതല്ക്ക് ഇണ
യഞ്ചേ് എന്നു തുടങ്ങിയ മന്ത്രം ഉരുക്കഴിച്ചു ലക്ഷ്മീദേവിയെ ആവാ
ഹിച്ച് അഖിലവിനാശാന്തമെന്ന നാടകം ആടുവാൻ ഒരുമ്പെട്ടു.
[“ഇണയഞ്ചേ്” എന്നു തുടങ്ങിയവ ചൂതുകളിയിലെ സാങ്കേതിക
പദങ്ങളാകുന്നു] ഭണ്ഡാരങ്ങൾ=ഭണ്ഡാരത്തിലുള്ള മുതലുകൾ. എ
ടുക്കരുതാകിൽ=എടുപ്പാൻ വയ്യെങ്കിൽ. മഴവുകൾ=മഴുക്കൾ. ഭ
ണ്ഡാരങ്ങൾ എടുക്കാൻ വയ്യെങ്കിൽ മഴുകൊണ്ടു വെട്ടിപ്പൊളിച്ച്
എടുത്തുകൊണ്ടുവരുവിൻ. മാന്ദ്യത=മാന്ദിക്കത്തക്ക സ്ഥിതി. ധാ
ന്യവിശേഷഃ=വിശേഷപ്പെട്ട ധാന്യം. ത്വരിതം=വേഗത്തിൽ. ദു
ഷ്കരമാകിന വട്ടി=എടുപ്പാൻ പ്രയാസമുള്ള വട്ടി. പുഷ്കരധാമനി=
പുഷ്കരന്റെ ഗൃഹത്തിൽ. വിശേഷപ്പെട്ട ധാന്യമെല്ലാം വലിയ
വട്ടികളിൽ നിറച്ചു പുഷ്കരന്റെ ഗൃഹത്തിൽ കൊണ്ടുപോയിവെയ്ക്കു
വിൻ. തിങ്കൾ=ചന്ദ്രൻ. ചന്ദ്രനെപ്പോലെ വെളുത്ത വെൺകൊ
റ്റക്കുട ശങ്കകൂടാതെ കൊണ്ടുവരുവിൻ. വിരുതിന്ന്=വീരവാദത്തി
ന്ന്. വീരവാദം പറഞ്ഞു ചൂതിൽ പണയം വെച്ചതു് എനിക്കിനി
വേണം. കൊണ്ടരുവാൻ=കൊണ്ടുവരുവാൻ. ഓരോ വസ്തുക്കൾ
കൊണ്ടുവരുവാൻ അപ്പോളപ്പോൾ ഓടിപ്പോകേണം. മിന്നും മണി=
തിളങ്ങുന്ന രത്നം. കാൽപ്പാദകം=കാലിന്മേലണിയുന്ന തള. കാ
ഞ്ചനസഞ്ചിതകാഞ്ചീഘടി = സ്വൎണ്ണംകൊണ്ടുണ്ടാക്കിയ അരഞ്ഞാ
ണ്. വികടം ശകടം=വികടമായ വണ്ടി. മകുടം=കിരീടം. ചു
ട്ടുകഴിച്ച പതക്കത്തട്ട്=ഊതിക്കഴിച്ച പൊന്നുകൊണ്ടുണ്ടാക്കിയ പത
ക്കത്തോടുകൂടിയ കണ്ഠാഭരണം. മുട്ടികൾപോലെ വട്ടത്തിൽ ചില
കട്ടപ്പൊന്ന്=മരമുട്ടികൾപോലെ ഉരുക്കി അടിച്ചു കട്ടയാക്കിയ

സ്വൎണ്ണം. നിൎമ്മലശാടീധാടീഃ=നിൎമ്മലങ്ങളായ ശാടികളുടെ (വസ്ത്രങ്ങളുടെ) ധാടിയെ. ഇടുവാൻ=ധരിപ്പിക്കുവാൻ. ചേടീശതം=ദാസീസമൂഹം. വെച്ചേച്ചുണ്ടാ=സൂക്ഷിച്ചു വെച്ചുണ്ടു. പൊന്നും പണവും മുതല്ക്കു ചേടീശതംവരെ പറഞ്ഞ സകലസാധനങ്ങളും ഒട്ടും ബാക്കിവെയ്ക്കാതെ പണയംവെപ്പാൻ കൊണ്ടുവരുവിൻ. ഇത്ഥം=ഇപ്രകാരം. പ്രാജ്ഞതരധീഃ സഃ=ബുദ്ധിക്കു തന്റെടമില്ലാതെ ആയിച്ചമഞ്ഞ ആ നളൻ. രാജ്ഞഃ ഭൃത്യാൻ=രാജാവിന്റെ ഭൃത്യന്മാരോട്. മുഹുഃ ആജ്ഞാപിച്ചു=വീണ്ടും വീണ്ടും കല്പിച്ചു. ചൂതു നിരച്ചും=ചൂതു നിരത്തിയും. ചീററം=കോപം. ഏതും=ഒന്നും. ബാഷ്പം മുകി=കണ്ണീർ വാൎത്ത്. ക്ഷീണതരാത്മാ=ഏററവും ക്ഷീണിച്ച മനസ്സോടുകൂടിയവനായി. ഹന്ത ഘോരം=കഷ്ടമേ കരഞ്ഞു. ക്ഷിതിപതിമകുടീഭൂഷണമണി=രാജാക്കന്മാൎക്കു കിരീടാലങ്കാരമായവൻ. പൃഥ്വീലോകവിബുധരാജഃ=ഭൂലോകത്തിലെ ദേവേന്ദ്രൻ. മഹാത്മാവും രാജശിരോമണിയും ഭൂലോകദേവേന്ദ്രനുമായ നളൻ ചൂതുകളിയിൽ നാടും വീടുമൊക്കെ പണയംവെച്ചു മുടിച്ചു പിന്നെ പണയത്തിന്നൊന്നുമില്ലാഞ്ഞു കണ്ണീർ വാൎത്തുകൊണ്ടു കരഞ്ഞു—തദാനീം=അപ്പോൾ. ഉദസ്ഥാൽ=ഉത്ഥാനം ചെയ്തു (എഴുനേററു.) ദുഷ്കൃതകൎമ്മാ=പാപകൎമ്മം ചെയ്യുന്നവനായ. പുഷ്കരനാമാ=പുഷ്കരനെന്നു പേരായവൻ. ജഗതി വരിഷ്ഠാൻ=ലോകത്തിൽവെച്ചു ശ്രേഷ്ഠന്മാരും. ചിരതരം ഇഷ്ടാൻ=വളരെക്കാലമായി ഇഷ്ടന്മാരുമായ. ഉദ്ധതഭൃത്യാൻ=ഗൎവ്വിഷ്ഠന്മാരായ ഭൃത്യന്മാരെ. ദ്രുതതരം ആഹൂയ=അതിവേഗത്തിൽ വിളിച്ച്. ഇത്ഥം അവാദീൽ=ഇങ്ങനെ പറഞ്ഞു: അപ്പോൾ പാപിയായ പുഷ്കരൻ എഴുനേററു ഭൃത്യന്മാരെ വിളിച്ച് ഇങ്ങനെ പറഞ്ഞു. പൃത്ഥ്വീശാസ്താ=ഭൂമിയെ ശാസിക്കുന്നവനും. ജളതാനിലയം=ജാള്യത്തിന്നിരിപ്പിടവുമായ. നളനാമാനം=നളനെന്നു പേരായവനെ. ത്വരിതം ഇദാനീം അസ്മദ്രാജ്യാൽ ഉത്സാരയത=വേഗത്തിലിപ്പോൾ നമ്മുടെ രാജ്യത്തുനിന്നു പുറത്താക്കുവിൻ. പ്രേഷ്ഠാൻ ധീരാകാരാൻ അസ്യ ഭൃത്യാൻ=ശ്രേഷ്ഠ

ന്മാരും കാഴ്ചയിൽ ധീരന്മാരുമായ ഈ നളന്റെ ഭൃത്യന്മാരെ. കാരാഗാരേ ബദ്ധ്നീത=കാരാഗൃഹത്തിൽ ബന്ധിക്കുവിൻ. നൃണാം= ആളുകളുടെ. നൈവ വിചാര്യം=വിചാരിക്കേണ്ടതേ ഇല്ല. ഭൂമിയിൽ നളൻ എന്നു പറയുന്ന ആളുകളുടെ നാവു നിശ്ശങ്കം അറിയുവിൻ, ഭണ്ഡാരപ്പുരയെല്ലാം അടച്ചുപൂട്ടി താക്കോൽ ഇങ്ങു കൊണ്ടുവരുവിൻ. ദമയന്തീ പുനഃ=ദമയന്തിയാകട്ടെ. ഇന്നേ=ഇന്നുതന്നെ. നിലയാൽ=ഗൃഹത്തിൽനിന്നു്. ദമയന്തി ഇന്നുതന്നെ ഗൃഹത്തിൽ നിന്നു പുറപ്പെട്ടു് അവന്റെ കൂടെ പോയ്ക്കൊള്ളട്ടെ. ക്ഷിതിപതി= രാജാവു്. നളനൃപസിംഹാസനഭുവി=നളമഹാരാജാവിന്റെ സിംഹാസനത്തിന്മേൽ. ക്ഷീണാത്മാ അസൌ=ക്ഷീണമാനസനായ അദ്ദേഹം. ആത്മനികേതേ=തന്റെ ഗൃഹത്തിൽ. വട്ടം പോന്നിട്ടു്= വട്ടം ചുററിയിട്ടു്. തേഷാം അമിതാൻ നിന്ദാലാപാൻ=അവരുടെ അനല്പങ്ങളായ നിന്ദാവചനങ്ങളെ. വിപിനേ=കാട്ടിൽ. മാമക നിലയേ=എന്റെ ഗൃഹത്തിൽ. പൊറാ=പൊറുക്കകയില്ല. പ്രതിഷ്ഠത=പുറപ്പെട്ടു. നിജഗേഹാൽ=തന്റെ ഗൃഹത്തിൽനിന്നു്. വിരഹിതതേജാഃ=തേജസ്സു വേർപെട്ട. മഹിതഃ രാജാ=പൂജിതനായ രാജാവു്. ഇങ്ങനെ പറഞ്ഞു പുഷ്കരൻ നളന്റെ സിംഹാസനത്തിൽ ചെന്നു ഞെളിഞ്ഞിരുന്നപ്പോഠം നളൻ ഇരിക്കപ്പൊറുതിയില്ലാതായി അഞ്ചെട്ടുദിവസം വട്ടത്തിൽ ചുററി. ചെന്നേടത്തെല്ലാം ആളുകഠം അദ്ദേഹത്തെ നിന്ദിപ്പാൻ തുടങ്ങി. അതു പൊറുപ്പാനാവാതെ അദ്ദേഹം ഗൃഹം വിട്ടു കാട്ടിലേയ്ക്കു പുറപ്പെട്ടു.

പൃഥ്വീചക്രൈകനാഥേ നിഷധനരപതൌ
　　നിർഗ്ഗതേ ചൂതുചൊല്ലി
ത്യക്ത്വാ നാടും നികേതങ്ങളുമഖിലധനൌ-
　　ഘങ്ങളും മററുമെല്ലാം
ശ്രുത്വാ തൻകാന്തവൃത്തം പരവശഹൃദയാ
　　മന്ദിരാന്മന്ദമന്ദം
മുഗ്ദ്ധാ സാപി പ്രതസ്ഥേ ശിവ ശിവ ദമയ-
　　ന്തീ വിഷാദം വഹന്തീ, ൧൧

പൃഥ്വീപൈകനാഥേ=ഭൂമണ്ഡലത്തിന്റെ ഏകാധിപതിയായ. നിഷധനരപതൌ=നിഷധരാജാവ്. നിർഗ്ഗതേ സതി=പുറപ്പെട്ടുപോയ സമയത്ത്. ത്യക്ത്വാ=ത്യജിച്ചിട്ട്. നികേതങ്ങളം=ഗൃഹങ്ങളും. അഖിലധനൌഘങ്ങളം=എല്ലാ ധനസമൂഹങ്ങളും. ശ്രുത്വാ=കേട്ടിട്ട്. തൻകാന്തവൃത്തം=തന്റെ ഭർത്താവിന്റെ വൃത്താന്തം. പരവശഹൃദയാ=വിവശമായ ഹൃദയത്തോടുകൂടിയവളായി. മന്ദിരാൽ=ഗൃഹത്തിൽനിന്ന്. മുഗ്ദ്ധാ സാ ദമയന്തീ അപി=മുഗ്ദ്ധയായ ആ ദമയന്തിയും. വിഷാദം വഹന്തീ=വിഷാദത്തെ വഹിച്ചുകൊണ്ട്. പ്രതസ്ഥേ=പുറപ്പെട്ടു. നളൻ ചൂതുകളിച്ച സർവ്വവും ഉപേക്ഷിച്ച പുറപ്പെട്ടുപോയ വൃത്താന്തം കേട്ട ദമയന്തിയും വിഷാദത്തോടുകൂടി ഗൃഹത്തിൽനിന്ന പുറപ്പെട്ടു.

ആളിമാരുമഥ ചേടിമാരുമ-
നാളിലാകലതയാ തദന്തികേ
നിളെ നിന്നു രുരുദുർവ്വിഷാദിനീ
വ്രീള പൂണ്ടവരൊടേവമാഹ സാ. ൨൩.

ആളിമാർ=തോഴിമാർ. ചേടിമാർ=ദാസിമാർ. ആകലതയാ=പരവശതയോടുകൂടി. തദന്തികേ=ആ ദമയന്തിയുടെ സമീപത്ത്. രുരുദുഃ=രോദനം ചെയ്തു. വിഷാദിനീ സാ=വിഷാദത്തോടുകൂടിയ അവൾ. വ്രീളപൂണ്ട്=ലജ്ജിച്ച്. ഏവം ആഹ=ഇങ്ങിനെ പറഞ്ഞു. തോഴിമാരും ദാസിമാരും ദമയന്തിയുടെ അടുക്കൽ ചെന്നു കരഞ്ഞു. ദമയന്തി വിഷാദവും ലജ്ജയും പൂണ്ട് അവരോടിങ്ങിനെ പറഞ്ഞു. ര. ന. ര. ഗണങ്ങളും ഒടുവിൽ ഓരോ ലഘുഗുരുക്കളുമാകയാൽ വൃത്തം രഥോദ്ധത.

"ഘോരേ ദൈവോപരോധാംബുധിയിൽ മുഴുകി മാ-
ഴ്കീടുമെന്നോടുകൂടെ-
പ്പോരേണ്ടാ നിങ്ങളാരും വ്രജത സഖികളേ
കർമ്മമേതാദൃശം മേ

സ്വൈരം കാന്തേന ചേൎന്നു നളനൊടു സുഖമേ
വാണ ഞാനിങ്ങിനേ കാ-
ന്താരേ പോകെന്നുവന്നു ശിരസി ലിഖിതമെ-
ന്തിന്നിയെന്നും ന ജാനേ. ൨൪

ദമയന്തിയുടെ വചനം—ഘോരേ ദൈവോപരോധാംബുധിയിൽ=ഭയങ്കരമായ ദൈവവിരോധമാകുന്ന സമുദ്രത്തിൽ. വ്രജത=നിങ്ങൾ പോകുവിൻ. കൎമ്മമേതാദൃശം മേ=യോഗം ഇങ്ങനെയാണെനിക്കു്. സ്വൈരം=സ്വേച്ഛപോലെ. കാന്തേന നളനൊടു=കാന്തനായ നളനോടു്. കാന്താരേ=കാട്ടിൽ. ശിരസി ലിഖിതം=തലയിലെഴുത്തു്. ഇന്നി=ഇനി. ന ജാനേ=ഞാൻ അറിയുന്നില്ല. ദൈവവിരോധമാകുന്ന വൻകടലിൽ മുങ്ങി വലയുന്ന എന്നോടുകൂടെ നിങ്ങളാരും പോരേണ്ട. തോഴിമാരേ, നിങ്ങൾ പോയ്ക്കൊൾവിൻ. എനിക്കിങ്ങനെയാണു് യോഗം. ഭൎത്താവിനോടുകൂടി സുഖിച്ചു വാണ ഞാൻ ഇങ്ങനെ കാട്ടിലേയ്ക്കു പോകണമെന്നുവന്നു. ഇനിയും എന്താണു് തലയിലെഴുതിയിട്ടുള്ളതെന്നു് അറിയുന്നില്ല.

ആചാരംകൊണ്ടുമായോധനനിപുണതകൊ-
ണ്ടും പ്രതാപപ്രഭാവ-
പ്രാചുൎയ്യംകൊണ്ടുമുദ്യൽഗുണഗണഗരിമാ
ഹന്ത കാന്തോ നളോ മേ
ക്ലേശാനേതാദൃശാൻ പൂണ്ടതിവിവശതയാ
ചൂതുപോരാം പിശാചാ-
വേശാലീവണ്ണമായ്വന്നതിനു സഖികളേ
ഹേതു ഞാനോ ന ജാനേ. ൨൫

ആചാരം = സദാചാരം. ആയോധനനിപുണത = യുദ്ധസാമൎത്ഥ്യം. പ്രതാപപ്രഭാവപ്രാചുൎയ്യം=പ്രതാപത്തിന്റേയും പ്രഭാവത്തിന്റേയും ആധിക്യം. ഉദ്യൽഗുണഗണഗരിമാ=ഉദിക്കുന്ന ഗുണഗണ

ങ്ങളുടെ ഗരിമ (ഗുരുത്വം) ഉള്ളവൻ. മേ കാന്തഃ നളഃ=എന്റെ കാന്തനായ നളൻ. ഏതാദൃശാൻ ക്ലേശാൻ=ഇപ്രകാരമുള്ള ക്ലേശങ്ങളെ. അതിവിവശതയാ=ഏററവും വൈവശ്യത്തോടെ. മൃത്യുപോരാം പിശാചാവേശാൽ=മൃത്യുപോരാകുന്ന പിശാച് ആവേശിച്ചതിനാൽ. ഹേതു=കാരണം. സദാചാരംകൊണ്ടും, യുദ്ധസാമർത്ഥ്യംകൊണ്ടും, പ്രതാപം പ്രഭാവം എന്നിവയുടെ അതിശയംകൊണ്ടും ഉയരുന്ന ഗുണഗണങ്ങളുടെ ഗൌരവത്തോടുകൂടിയ എന്റെ കാന്തനായ നളൻ, ഇപ്രകാരമുള്ള ക്ലേശങ്ങൾക്ക പാത്രമായി വിവശത കലർന്ന മൃത്യുപോരാകുന്ന പിശാചു പിടിപെട്ട് ഇപ്പോഴത്തെ അവസ്ഥയിൽ വന്നതിന്നു കാരണം ഞാൻ അറിയുന്നില്ല. [“ഹേതു ഞാനോ ന ജാനേ” എന്നതിന്നു ഞാനാണോ കാരണമെന്ന്. അറിയുന്നില്ല എന്നും അർത്ഥം വരാം. എന്റെ കർമ്മദോഷംകൊണ്ടാണോ ഭർത്താവിന്നു ഈ ആപത്തു വന്നത് എന്നു ദമയന്തി സ്വയം ശങ്കിക്കുന്നു. ഭർത്താവിന്നാപത്തു വരുമ്പോൾ തന്റെ ഭാഗ്യക്ഷയമാണോ അതിന്നു കാരണമെന്നു സംശയിക്കുക പതിവ്രതമാരുടെ സ്വഭാവമാണ്.]

നിങ്ങളോടണവതിന്നു കർമ്മമുട-
  നുണ്ടു മേലിലൊരു നാളിനി-
യ്യെങ്കിലോ വരുവനേഷ യാതുമിഹ
  ബംഭ്രമീതി ഹൃദി സംഭ്രമി
ഇങ്ങിനേ വരുമിനിയ്യിതെന്നുമട-
  വീഷു ചംക്രമണഖേദമി-
ന്നിങ്ങിനേ വരുമിതെന്നുമിദൃശക-
  ളെങ്ങിനേ ഹൃദി കരോമി ഞാൻ.” വന്നു

ഏഷഃ=ഇദ്ദേഹം (ഭർത്താവ്). ഹൃദി സംഭ്രമീ=ഹൃദയത്തിൽ സംഭ്രമത്തോടുകൂടിയവനായിട്ട്. യാതും=പോകുവാൻ. ബംഭ്രമീതി=

ഏററവും ഭ്രമിക്കുന്ന അടവീഷു=കാട്ടകളിൽ. ചാംക്രമണഖേദം= സഞ്ചാരംകൊണ്ടുള്ള ദുഃഖം. ഇദൃശകാം=ഈ അവസ്ഥകാം. ഏരി കരോമി=ഞാൻ ഏതുയത്തിൽ ചെയ്യുന്നു (വിചാരിക്കുന്നു). തോഴി മാരേ, നിങ്ങളോട്ട ചേരുന്നതിന്നു മേലിലൊരിക്കൽ എനിക്കു യോ ഗമുണ്ടെങ്കിൽ ഞാൻ തിരിച്ചുവരുന്നതാണ്. ഇതാ ഇദ്ദേഹം പോ കുവാൻ തിടുക്കം കൂട്ടുന്നു. എനിക്കിങ്ങനെ വരുമെന്നും കാട്ടകേ റി കഷ്ടപ്പെട്ടുവാൻ ഇടയാകുമെന്നുമുള്ള അവസ്ഥകാം എങ്ങനെ ഞാൻ വിചാരിക്കുന്നു? വിചാരിക്കുവാൻകൂടി വയ്യെന്നു സാരം.

തദാ കശ്ചിദ്ദൂതസ്സചരിതമ-
വദൽ പുഷ്കരഭട-
പ്രധാനോ യാസ്യന്ത്യാം ഝടിതി ദ-
മയന്ത്യാം പരിജനാൻ:
"ഹതാശാ മാ യാത പ്രസഭമി-
ഹ പോകുന്നവരെ മേ
ദ്വിധാ കത്തും നല്കീ നരപതി-
രിമാം ഹേതിലതികാം." ൨൭

തദാ=അപ്പോഠം. ദമയന്ത്യാം ഝടിതി യാസ്യന്ത്യാം സത്യാം =ദമയന്തി വേഗം പോവാൻ ഭാവിക്കുന്ന സമയത്തിങ്കൽ. പുഷ്കര ഭടപ്രധാനഃ കശ്ചിൽ ദൂതഃ=പുഷ്കരന്റെ ഭടന്മാരിൽ പ്രധാനിയാ യ ഒരു ദൂതൻ. പരിജനാൻ അവദൽ=പരിജനങ്ങളോട്ട പറ ഞ്ഞു. ഹതാശാഃ=ആശാഭംഗം വന്നവരേ. പ്രസഭം=വേഗത്തിൽ. മാ യാത=നിങ്ങഠം പോകരുത്. പോകുന്നവരെ ദ്വിധാ കത്തും= പോകുന്നവരെ രണ്ടായി മുറിക്കുവാൻ. നരപതിഃ=രാജാവ്. ഇമാം ഹേതിലതികാം=ഈ ആയുധത്തെ. മേ നല്കി=എനിക്കു തന്നു. ദമ യന്തി പോകുവാൻ പുറപ്പെട്ടപ്പോഠം പുഷ്കരന്റെ ഭടന്മാരിൽ പ്രധാ നിയായ ഒരു ദൂതൻ തോഴിമാർ മുതലായ പരിജനങ്ങളോട്ട പറ ഞ്ഞു. "ഇച്ഛാഭംഗം സംഭവിച്ചവരേ! നിങ്ങഠം സാഹസമായിട്ടു

ലോകത്തു്. പോകുന്നവരെ വെട്ടി രണ്ടു കഷണമാക്കുവാൻ രാജാവു പുഷ്കരൻ എനിക്കു് ഈ ആയുധം തന്നിരിക്കുന്നു."

ശ്രുത്വാ നതാംഗ്യോ ഗഭീരാം നൃപാജ്ഞാ-
മത്യന്തഭീതാ വിനാ താം പ്രയാതാഃ
മുഗ്ദ്ധാ ശ്വസന്തീ ശനൈരാഹ്വയന്തീ
ത്വദ്ധ്വാനുവവ്രാജ കാന്തം പ്രയാന്തം. ൨൭

നതാംഗ്യഃ=സ്ത്രീകൾ. ഗഭീരാം നൃപാജ്ഞാം ശ്രുത്വാ=ഗംഭീരമായ രാജകല്പനയെ കേട്ടിട്ടു്. അത്യന്തഭീതാഃ=ഏററവും ഭയപ്പെട്ടവരായിട്ടു്. താം വിനാ പ്രയാതാഃ=ആ ദമയന്തിയോടുകൂടാതെ പോയി. മുഗ്ദ്ധാ സാ=മുഗ്ദ്ധയായ അവൾ. ശ്വസന്തീ=വീർപ്പിട്ടുകൊണ്ടും. ശനൈഃ ആഹ്വയന്തീ=പതുക്കെ വിളിച്ചുകൊണ്ടും. ത്വദ്ധ്വാ=തടുത്തിട്ടു്. പ്രയാന്തം കാന്തം അനുവവ്രാജ=പ്രയാണംചെയ്യുന്ന കാന്തനെ അനുഗമിച്ചു. സഖിമാർ മുതലായ സ്ത്രീകൾ രാജാവിൻെറ ഗംഭീരമായ കല്പന കേട്ടു പേടിച്ചു ദമയന്തിയോടുകൂടാതെ പോയി. ദമയന്തി നെടുവീർപ്പിട്ടുകൊണ്ടു് അവരെ മെല്ലെ വിളിച്ചു നിങ്ങൾ വരേണ്ട എന്നു പറഞ്ഞു തടുത്തു ഭർത്താവിൻെറ പിന്നാലെ പോയി. ത. ത. ത. ഗണങ്ങളും ഒടുവിൽ രണ്ടു ഗുരുക്കളും എന്നിങ്ങനെ പാദത്തിൽ പതിനൊന്നു് അക്ഷരം വീതം വരികയാൽ കല്യാണിവൃത്തം. ഇതു ഭാഷാവൃത്തങ്ങളിലുൾപ്പെട്ടതും "ഇരുപത്തിനാലു വൃത്ത"ത്തിൽ എഴുത്തച്ഛൻ ഉപയോഗിച്ചിട്ടുള്ളതുമാണു്.

കാന്താരേ ഹന്ത കാന്താം മുഹുർമുഹു ദമയ-
ന്തീം തദാ സഞ്ചരന്തീ-
മേന്തും ഖേദേന കണ്ടിട്ടുപഗതകലിമോ-
ഹഃ ക്ഷണം ദൈന്യശാലീ
ക്ലാന്തോതീവ ക്ഷുധാ ച പ്രചുരതരതൃഷാ
ചാപി സംപീഡ്യമാനഃ
ശ്രാന്തോ വൈദർഭിതന്വോടയമഥ നിഷധാ-
ധീശ്വരോ വാചമൂചേ. ൨൮

കാന്താരേ=കാട്ടിൽ. മൃദുമൃദു സഞ്ചരന്തീം=മെല്ലെ മെല്ലെ നടക്കുന്നവളായ. കാന്താം=കാന്തയെ. ഏധന്തും ഖേദേന=അതിരുകവിഞ്ഞ ഖേദത്തോടുകൂടി. കണ്ടിട്ട്. ക്ഷണം അപഗതകലിമോഹഃ=ക്ഷണനേരം കലികാരണമായുള്ള മോഹം നീങ്ങിയവനായി. ദൈന്യശാലീ=ദീനതയുള്ളവനായി. ക്ഷുധാ ച=ക്ഷുത്തുകൊണ്ടും. പ്രചുരതരതൃഷാ ച അപി=അത്യധികമായ തൃട്ട് (തണ്ണീർദാഹം) കൊണ്ടും. സംപീഡ്യമാനഃ=പീഡിപ്പിക്കപ്പെടുന്നവനായി. ക്ലാന്തഃ=തളൎന്ന ഇന്ദ്രിയങ്ങളോടുകൂടിയവനായി. ശ്രാന്തഃ=ക്ഷീണിച്ചവനായിരിക്കുന്ന. നിഷധാധീശ്വരഃ=നളൻ. വാചമൂചേ=വാക്കിനെ പറഞ്ഞു. കാട്ടിൽ മെല്ലെ മെല്ലെ നടക്കുന്ന ദമയന്തിയെ അതിഖേദത്തോടുകൂടെ കണ്ടപ്പോൾ നളനു കലികാരണമായുള്ള ബുദ്ധിഭ്രമം ക്ഷണനേരം കഴിയുകയും ദൈന്യം വൎദ്ധിക്കുകയും ചെയ്തു. വിശപ്പും ദാഹവും കലശലായി ഉണ്ടാകയാൽ ദേഹവും ഇന്ദ്രിയങ്ങളും തളൎന്നുവശായ അദ്ദേഹം ദമയന്തിയോടു പറഞ്ഞു.

"രമ്യേ കേളാവയോരീദൃശസരണി വള-
ത്തീടുവാൻ മൂലമായോ-
രുന്മാദോല്ലാസമുണ്ടായതിനു നിരുപമേ
ഹേതു കണ്ടീലസൌ ഞാൻ
ഇമ്മേ ഗാത്രം വിയക്കുന്നിതു വിവശത മാ-
റീല നിന്നോടണഞ്ഞി-
ട്ടമ്പോൾ നൂറെറട്ടു കൊട്ടപ്പൊരികനൽ മയി തൂ-
കുന്നപോലേ വരുന്നു. ൩൦

ഇതുമുതൽ മൂന്നു ശ്ലോകം ദമയന്തിയോടുള്ള നളൻെറ വചനമാണ്. രമ്യേ=സുന്ദരി. ആവയോഃ=നമ്മൾ രണ്ടുപേൎക്കും. ഈദൃശസരണി=ഇങ്ങനെയുള്ള മാൎഗ്ഗം. മൂലം=കാരണം. ഉന്മാദോല്ലാസം=ചിത്തഭ്രമത്തിൻെറ ഉല്ലാസം. നിരുപമേ=അല്ലയോ നിസ്തുലയായവളേ. അസൌ ഞാൻ=ഈ ഞാൻ. ഇമ്മേ=ഈ എൻെറ

ഗാത്രം=ശരീരം. വിവശത=പാരവശ്യം. മയി=എന്നിൽ. ഹേ സുന്ദരി, നമ്മാംക്ക് ഈ അവസ്ഥ വരുത്തുവാൻ കാരണമായ ബുദ്ധിഭ്രമം പിടിപെട്ടതിന്നു് എന്താണു് ഹേതുവെന്നു ഞാൻ കണ്ടില്ല. എന്റെ ശരീരം വിയക്കുന്നു, വൈവശ്യം പെരുകുന്നു, നിന്റെ അടുത്തു വരുമ്പോഴും നൂറെറട്ടു കൊട്ടപ്പൊരികനൽ എന്റെമേൽ ചൊരിയുന്നതുപോലെ തോന്നുന്നു.

എന്നാൽ നീ കാട്ടിലാമ്മാറുഴറിയവശമോ-
ടീടുമെന്നോടുകൂടെ-
പ്പിന്നാലേ മണ്ടിമണ്ടിത്തിരുവുരുവു വിയ-
പ്പിക്കൊലാ ധന്യശീലേ
ഇന്നീയും ഞാനുമാത്താദരമുടനണവാ-
നേകദാ പുണ്യമുണ്ടായ്-
വന്നീടുന്നാകിലന്നാം പുനരിതതിനിടേ
ഖേദിയാതേ മനോജ്ഞേ. ൩൧

അവശം=പരവശമാകുംവണ്ണം (ക്രി. വി.). തിരുവുരുവ്=ശരീരം. ധന്യശീലേ=നല്ല സ്വഭാവമുള്ളവളേ. ആത്താദരം=ആദരവോടുകൂടി (ക്രി. വി.). ഏകദാ=ഒരിക്കൽ. ഖേദിയാതേ=ഖേദിക്കരുതു്. 'മനോജ്ഞേ' എന്നു സംബോധന. സൌമ്യസ്വഭാവത്തോടും സൌന്ദര്യത്തോടുംകൂടിയ പ്രിയേ, കാട്ടിൽ അലഞ്ഞുതിരിഞ്ഞു് ഓടിനടക്കുന്ന എന്റെ പിന്നാലെ പോന്നിട്ടു നീ ദേഹം വിയപ്പിക്കേണ്ട. എന്നെങ്കിലും ഒരിക്കൽ നമുക്കു വീണ്ടും ചേരുവാൻ സുകൃതമുണ്ടാകുമെങ്കിൽ അന്നു ചേരാം; അതിന്നിടയിൽ ഖേദിക്കാതിരിക്കണം.

വേണ്ടാ വേണ്ടാ വിഷാദവ്യസനമിതു വിടേ-
ഷ്ഷേ നീ ഹന്ത പോകേ
വേണ്ടു നിൻതാതനും നിൻജനനിയുമിവർ കാ-
ണാഞ്ഞു ഖിന്നൌ വ്യഥേതേ

വീണ്ടും മന്മാനസേ പോന്നുപചിതപരമോ–
ന്മാദവോഗ്ഘൊട്ടടക്കം
പൂണ്ടീടുന്നാദം വരുന്നുണ്ടയി തവ സവിധേ
പൂൎണ്ണചന്ദ്രാനനേ ഞാൻ.'' ൩൨

വിഷാദവ്യസനം=വിഷാദംകൊണ്ടുള്ള ദുഃഖം. വിദർഭേഷു= വിദർഭരാജ്യത്തിൽ. താതനും ജനനിയും=അച്ഛനുമമ്മയും. ഖിന്നൌ= ഖേദമുള്ളവരായി. വ്യഥേതേ=മനോവേദനയനുഭവിക്കുന്നു. മന്മാനസേ പോന്നുപചിതപരമോന്മാദവോഗ്ഘ്=എന്റെ മനസ്സിൽ വന്ന് ഉപചിതമായ (വൎദ്ധിച്ച) വലിയ ഉന്മാദത്തിന്റെ ഊക്ക്. തവ സവിധേ=നിന്റെ സമീപത്തിൽ. ഹേ പൂൎണ്ണചന്ദ്രമുഖി, നീ വ്യസനിക്കേണ്ട. വിദർഭരാജ്യത്തിൽ പോയാൽ മതി. നിന്റെ അച്ഛനുമമ്മയും നിന്നെ കാണാഞ്ഞു വ്യസനിച്ചുകൊണ്ടിരിക്കുന്നു. എന്റെ മനസ്സിൽ വന്നു വൎദ്ധിച്ച വലിയ ഉന്മാദത്തിന്റെ ശക്തിയൊന്നു കുറഞ്ഞാൽ അന്നു ഞാൻ നിന്റെ സവിധത്തിൽ വന്നുകൊള്ളാം.

എന്നിവണ്ണമുടനാത്മകാന്തനനു–
നീയ നിന്നു പറയുംവിധൌ
കണ്ണുനീർ തിടുതിടെന്നു വാൎത്തു തിരു–
മെയ് വിയൎത്തു മൃദുഭാഷിണീ
പുണ്യവാനൊടു വിഷാദിനീ നിഷധ–
രാജനോടു നളനോടു സൌ–
ജന്യശാലിനി തദാ മുതിൎന്നു നിജ–
ഗാദ ഭീമനൃപനന്ദനാ. ൩൩

അനുനീയ=ആശ്വസിപ്പിച്ച്. പറയുംവിധൌ=പറയുമ്പോഴം. തിടുതിടെന്ന്=ധാരധാരയായി. മൃദുഭാഷിണീ=മൃദുവായി സംസാരിക്കുന്ന സ്വഭാവമുള്ളവൾ. പുണ്യവാനൊടു നിഷധരാജനോടു നളനോടു=പുണ്യവാനും നിഷധരാജാവുമായ നളനോട് (വിശേഷ

ങ്ങളിൽ വിഭക്തിപ്രത്യയം) സൌജന്യശാലിനി=സൌജന്യമുള്ള വരം. മുതിൎന്ന=ഉത്സാഹിച്ച്. നിജഗാദ=പറഞ്ഞു. ഭീമനൃപനന്ദനാ=ദമയന്തി. ഭൎത്താവു തന്നെ ആശ്വാസിപ്പിച്ചുകൊണ്ടു ഇങ്ങനെ പറയുമ്പോഴും കണ്ണീർ വാൎത്തു ദേഹം വിയൎത്തു വിഷാദത്തോടു കൂടി സൌജന്യശാലിനിയായ ദമയന്തി സുകൃതിയായ നളനോടു പറഞ്ഞു.

"പുണ്യാബ്ധേ ഹന്ത മാമെന്തിന്നു നരവര യാ-
ത്രാക്കുവാനായ് മുതിൎന്നീ-
ടുന്നു പോകേണമെങ്കിൽ പുനരിരുവരുമായ്-
പ്പോക നാം താതഗേഹേ
എന്നാലത്താതനും മേ ജനനിയുമിവർ കൊ-
ണ്ടാടി ലാളിക്കുമല്ലോ
ഖിന്നാത്മാനം ഭവന്തം മതികലുഷത തേ
മാററുവാനും യതേ ഞാൻ. ൩൮

പുണ്യാബ്ധേ നരവര=പുണ്യസമുദ്രമായ രാജാവേ. മാം=എന്നെ. യാത്രാക്കുവാൻ=യാത്രയാക്കുവാൻ. പോകേണമെങ്കിൽ പുനഃ=പോകേണമെങ്കിലാകട്ടെ. താതഗേഹേ=അച്ഛന്റെ ഗൃഹത്തിൽ. കൊണ്ടാടി=അഭിനന്ദിച്ച്. ഖിന്നാത്മാനം ഭവന്തം=ദുഃഖിതമാനസനായ അങ്ങയെ. മതികലുഷത=ബുദ്ധിയുടെ കാലുഷ്യം. തേ=അങ്ങയുടെ. യതേ=ഞാൻ യത്നിക്കുന്നുണ്ട്. പുണ്യശാലിയായ രാജാവേ, എന്നെ യാത്രയയയ്ക്കുവാൻ എന്തിന്നു ശ്രമിക്കുന്നു? പോകേണമെങ്കിൽ നമ്മളിരുവരുംകൂടി അച്ഛന്റെ ഗൃഹത്തിലേയ്ക്കു പോകാം. എന്നാൽ അച്ഛനുമമ്മയും ദുഃഖിതമാനസനായ അങ്ങയെ ലാളിക്കും. അങ്ങയുടെ ബുദ്ധിക്കു വന്ന കാലുഷ്യം മാററുവാൻ ഞാൻ യത്നിക്കയും ചെയ്യാം.

ഭണ്ഡാരം മന്ദിരം മഞ്ജുളമണിശയനം
    പോയതെല്ലാം വരാഞ്ഞി-
ട്ടുണ്ടാകേണ്ടാ വിഷാദം തവ മതി തെളിവാ-
    നേ യതിക്കേണ്ടതുള്ളൂ
ചണ്ഡാത്മാ നിൻപ്രതാപോദയദിവസകരൻ
    പോന്നുദിച്ചീടിലന്നാ-
ളുണ്ടാമോ പുഷ്കരാവിഷ്കൃതദുരിതതമോ-
    മണ്ഡലീനാം പ്രഭാവം." ൩൭

മഞ്ജുളമണിശയനം=മനോഹരമായ കിടപ്പറ. മതി തെളിവാനേ=ബുദ്ധി തെളിയുന്നതിനുമാത്രമേ. യതിക്കേണ്ടതുള്ളൂ=യത്നിക്കേണ്ടതുള്ളൂ. ചണ്ഡാത്മാ=പ്രചണ്ഡമായ തേജസ്സോടുകൂടിയ. നിൻപ്രതാപോദയദിവസകരൻ=നിന്റെ പ്രതാപോദയമാകുന്ന സൂര്യൻ. ഉണ്ടാമോ=ഉണ്ടാകയില്ല. പുഷ്കരാവിഷ്കൃതദുരിതതമോമണ്ഡലീനാം പ്രഭാവം=പുഷ്കരനാൽ ഉണ്ടാക്കപ്പെട്ട (പുഷ്കരത്തിൽ—ആകാശത്തിൽ—ഉണ്ടാക്കപ്പെട്ട എന്നും) ദുരിതങ്ങളാകുന്ന തമോമണ്ഡലികളുടെ (ഇരുട്ടുകൂട്ടങ്ങളുടെ) ശക്തി. ഭണ്ഡാരം, ഗൃഹം, മണിയറ മുതലായി ചൂതിൽ പണയംവെച്ചുപോയതെല്ലാം തിരികെ കിട്ടാഞ്ഞിട്ടു വിഷാദം വേണ്ട. ബുദ്ധിയുടെ കാലുഷ്യം തീൎന്നു തെളിയുവാൻ മാത്രമേ ഇപ്പോൾ യത്നിക്കേണ്ടൂ. അത്യുഗ്രമായ അങ്ങയുടെ പ്രതാപമാകുന്ന സൂൎയ്യൻ വീണ്ടും ഉദിച്ചാൽ അന്നു പുഷ്കരൻ വരുത്തിക്കൂട്ടിയ ദുരിതങ്ങളാകുന്ന ഇരുട്ടുകൂട്ടങ്ങളുടെ ശക്തിയുണ്ടാകുമോ? സൂൎയ്യനുദിച്ചാൽ ആകാശത്തിൽ ഇരുട്ടുണ്ടാകുമോ? രൂപകം അലങ്കാരം.

പ്രാദുർഭവന്മോദമിത്ഥം തദാനീം
വൈദർഭി തന്നോടു ചൊല്ലും ദശായാം
ആധിപ്രഭാവം പൊറുക്കാഞ്ഞു ചിത്തേ
ജാതഭ്രമോ ഹന്ത രാജാ ബഭാഷേ. ൩൮

പ്രാദുർഭവന്മോദം=പ്രാദുർഭവിക്കുന്ന (ഉത്ഭവിക്കുന്ന) മോദത്തോടു കൂടി (ക്രി. വി). ആധിപ്രഭാവം=മനോവേദനയുടെ ശക്തി. ജാതഭ്രമഃ=ഭ്രമമുണ്ടായ. രാജാ ബഭാഷേ=രാജാവു പറഞ്ഞു. ദമയന്തി ഇങ്ങനെ ഓടിക്കൊണ്ടു പറയുമ്പോൾ നളന്നു മനോവേദന സഹിക്കായ്കയാൽ വലിയ സംഭ്രമമുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു.

"പൊറുക്കുന്നീലേതും ഹൃദയഗത-
സമ്മോഹമധുനാ
തറയ്ക്കുന്നു ചിത്തേ വ്യസനമയ-
കുരമ്പു ദയിതേ
മറക്കുന്നേനെല്ലാം വിപിനഗമ-
നാകാംക്ഷ ഹൃദി പോ-
ന്നുദിക്കുന്നു നാഥേ കിമിഹ മന-
വൈ കിന്നു കരവൈ." ൭൦

ഹൃദയഗതസമ്മോഹം=ഹൃദയത്തിലുണ്ടായ ഭ്രമം. വ്യസനമയകുരമ്പ്=വ്യസനമാകുന്ന കൂർത്ത ശരം. ദയിതേ=പ്രിയേ. വിപിനഗമനാകാംക്ഷ=കാട്ടിലേയ്ക്കു പോകുവാനുള്ള ആഗ്രഹം. ഉദിക്കുന്നു=ഉറപ്പുള്ളതായി വരികുന്നു. നാഥേ=പ്രാണനാഥേ. ഇഹ കിം മനവൈ=ഇതിൽ ഞാൻ എന്തു വിചാരിക്കട്ടെ. കിം നു കരവൈ=എന്തു ചെയ്യട്ടെ. പ്രിയേ, ഹൃദയത്തിൽ വന്നുകൂടിയ ഭ്രമം സഹിക്കുന്നില്ല. വ്യസനമാകുന്ന കുരമ്പു മനസ്സിൽ തറയ്ക്കുന്നു. എല്ലാ കാര്യങ്ങളും ഞാൻ മറക്കുന്നു. കാട്ടിലേയ്ക്കു പോകുവാനുള്ള ആഗ്രഹം മനസ്സിൽ ഉറച്ചുവശാകുന്നു. ഞാൻ എന്തു വിചാരിക്കട്ടെ; എന്തു ചെയ്യട്ടെ.

ഇത്ഥം വദന്തം തരസാ പ്രയാന്തം
ഭർത്താരമാലോക്യ വിഷാദഖിന്നാ
ശുഭാപാംഗയാന്തീ മൃദുലം ചരന്തീ
മുഗ്ദ്ധാനനാ വാക്യമിദം ബഭാഷേ. ൭൧

ഇത്ഥം വദന്തം തരസാ പ്രയാന്തം ഭർത്താരം ആലോക്യ=ഇങ്ങനെ പറഞ്ഞുകൊണ്ടു വേഗത്തിൽ പോയ്ക്കൊണ്ടിരിക്കുന്ന ഭർത്താവിനെ കണ്ട്. വിഷാദഖിന്നാ മുഗ്ദ്ധാനനാ=വിഷാദവും ഖേദവും പൂണ്ട മുഗ്ദ്ധമുഖിയായ ദമയന്തി. തദനു അനുയാന്തീ=തുടൎന്നു പിന്നാലെ പോയ്ക്കൊണ്ട്. മൃദുലം ചരന്തീ=മെല്ലെ നടന്നുകൊണ്ട്. ഇദം വാക്യം ബഭാഷേ=ഈ വാക്യത്തെ പറഞ്ഞു. ഇപ്രകാരം പറഞ്ഞുകൊണ്ടു നളൻ ക്ഷണത്തിൽ നടന്നുതുടങ്ങി. അതു കണ്ടു വിഷാദിച്ചു ദമയന്തി അദ്ദേഹത്തെ തുടൎന്നു പതുക്കെ പിന്നാലെ ചെന്നു് ഇങ്ങനെ പറഞ്ഞു. ത, ത, ജഗണങ്ങളും അന്തത്തിൽ രണ്ടു ഗുരുക്കളും വരികയാൽ വൃത്തം ഇന്ദ്രവജ്രാ.

"പോകേണ്ടാ പുണ്യരാശേ ത്വരിതമിഹ നട-
ക്കുന്ന നിന്നോടുകൂടെ-
സ്സാകൂതം യാതുകാമാം നരവര പുനരാ-
ലോകയൈകാകിനീം മാം
ആകമ്രാളിന്ദദേശേപ്യതിമൃദുലതലേ
ഹന്ത നാഥാ നടക്കിൽ
പോകാ മേ ദുർഗ്ഗമാർഗ്ഗേ കഥമിവ ചരണൌ
ന്യാസമേതൌ സഹേതേ. ന.ൻ

ത്വരിതം=വേഗത്തിൽ. സാകൂതം=ആകൂതത്തോടുകൂടി (ആകൂതം—ഹൃദയത്തിലുള്ള അഭിപ്രായം. ക്രി. വി). യാതുകാമാം ഏകാകിനീം മാം ആലോകയ=പോകുവാൻ ആഗ്രഹമുള്ള ഏകാകിനി (അസഹായ)യായ എന്നെ കണ്ടാലും. അതിമൃദുലതലേ ആകമ്രാളിന്ദദേശേ അപി=അതിമൃദുവായ നിലത്തോടുകൂടിയ ആകമ്രമായ (ഭംഗിയുള്ള) അളിന്ദദേശത്തിൽ (പുറത്തെ തിണ്ണയിൽ) കൂടിയും. മേ നടക്കിൽ പോകാ=എനിക്കു നടന്നാൽ നീങ്ങുകയില്ല. ഏതൌ ചരണൌ=ഈ കാലുകൾ ദുർഗ്ഗമാർഗ്ഗേ ന്യാസം=നടക്കാൻ പ്രയാസമുള്ള വഴിയിൽ വെയ്ക്കുന്നതിനെ. കഥം ഇവ സഹേതേ=

എങ്ങനെ സഹിക്കുന്നു. പുണ്യവാനായ കാന്താ, അങ്ങു ശോകങ്ങളിൽ ബന്ധപ്പെട്ടു നടക്കുന്ന അങ്ങയുടെകൂടെ വരുവാൻ മനസ്സിൽ അഭിപ്രായമുള്ള അസഹായയായ എന്നെ നോക്കേണമേ. മിനുത്ത നിലത്തോടുകൂടിയ പുറംതിണ്ണയിൽകൂടിയും എനിക്കു നടന്നാൽ നീങ്ങുകയില്ല. അങ്ങനെയുള്ള ഈ കാല്കൾ ദുർഗ്ഗമാർഗ്ഗങ്ങളിൽ വെയ്ക്കുന്നതിനെ എങ്ങനെ സഹിക്കും?

വ്യാഘ്രാഃ ശീഘ്രം വിദാര്യാനനപുടമനുധാ-
വന്തി മാം ദന്ദശൂകാ
മാർഗ്ഗേസ്മിൻ സംവലന്തേ ഖരരവമുഖരാഃ
സൂകരാ യാന്ത്യുപാന്തേ
ആഘ്രായാഘ്രായ കാന്താം നിജവരകരിണീ-
മത്ര ശുണ്ഡാകരേണ
ശ്ലാഘ്യോസൌ വാരണേന്ദ്രോ മുഹുരയമപി മാ-
മീക്ഷതേ രൂക്ഷചേതാഃ." ൪൦

വ്യാഘ്രാഃ=പുലികൾ. ആനനപുടം വിദാര്യ=വായ് പിളർന്നിട്ട്. ശീഘ്രം മാം അനുധാവന്തി=വേഗത്തിൽ എന്റെ പിന്നാലെ ഓടുന്നു. ദന്ദശൂകാഃ=സർപ്പങ്ങൾ. അസ്മിൻ മാർഗ്ഗേ സംവലന്തേ=ഈ വഴിയിൽ ഇഴഞ്ഞു നടക്കുന്നു. ഖരരവമുഖരാഃ=ഖരമായ (കഠിനമായ) ശബ്ദം പുറപ്പെടുവിക്കുന്ന. സൂകരാഃ=പന്നികൾ. ഉപാന്തേ യാന്തി=അരികിലൂടെ പോകുന്നു. ശ്ലാഘ്യഃ അയം അസൌ വാരണേന്ദ്രഃ അപി=ശ്ലാഘിക്കപ്പെടേണ്ടവനായ ഈ ആനത്തലവനും. കാന്താം നിജവരകരിണീം=കാന്തയായ തന്റെ പിടിയാനയെ. ശുണ്ഡാകരേണ=തുമ്പിക്കൈകൊണ്ട്, ആഘ്രായ ആഘ്രായ=മണത്തുമണത്ത്. രൂക്ഷചേതാഃ=രൂക്ഷമായ മനസ്സോടുകൂടിയവനായിട്ട്. മുഹുഃ മാം ഈക്ഷതേ=വീണ്ടും വീണ്ടും എന്നെ നോക്കുന്നു. പുലികൾ വായും പിളർന്നു പിന്നാലെ ഓടുന്നു; പാമ്പുകൾ വഴിനീളെ ഇഴഞ്ഞുനടക്കുന്നു; പന്നികൾ രൂക്ഷശബ്ദം പുറപ്പെടുവിച്ചുകൊ

ണ്ട് അരികിൽ നടക്കുന്നു; ഇതാ അഴകുള്ള കൊമ്പനാനയും തന്റെ പിടിയെ തുമ്പിക്കൈകൊണ്ടു മണത്തു മണത്തു രൂക്ഷമായ മനസ്സോടുകൂടി എന്നെ നോക്കുന്നു. കാണുന്നതെല്ലാം ഭയങ്കരമായി തോന്നുന്നു എന്നു സാരം.

ഇത്യേവം വ്യാഹരന്തീ മുഹുരപി ദമയ-
ന്തീ നിതാന്താദ്ധ്വഖേദം
മുഗ്ദ്ധാ ചിത്തേ പൊറാഞ്ഞിട്ടൊരിടമിഹ നിവേ-
ശാർത്ഥമാകാംക്ഷമാണാ
മദ്ധ്യേമാർഗ്ഗം നടക്കുമ്പൊഴുതു കലിബലാ-
ത്തത്ര സംജാതമേകം
വിസ്തീർണ്ണം മണ്ഡപം ശീതളതലമിയമാ-
ലോകയാമാസ ദീനാ. ൪൫

ഇത്യേവം വ്യാഹരന്തീ മുഹുരപി=ഇപ്രകാരം വീണ്ടും വീണ്ടും പറഞ്ഞുകൊണ്ട്. നിതാന്താദ്ധ്വഖേദം ചിത്തേ പൊറാഞ്ഞിട്ട്=കഠിനമായ മാർഗ്ഗശ്രമം മനസ്സിൽ സഹിക്കാഞ്ഞിട്ട്. മുഗ്ദ്ധാ ദമയന്തീ=മുഗ്ദ്ധയായ ദമയന്തി, നിവേശാർത്ഥം ഒരിടം ആകാംക്ഷമാണാ=നിവേശത്തിന്ന് (ഇരിക്കുന്നതിന്നു) ഒരു സ്ഥലം കാംക്ഷിച്ചുകൊണ്ട്. മദ്ധ്യേമാർഗ്ഗം നടക്കുമ്പൊഴുതു=മാർഗ്ഗമദ്ധ്യത്തിൽ നടക്കുമ്പോൾ. കലിബലാൽ തത്ര സംജാതം=കലിയുടെ ബലത്താൽ അവിടെ ഉണ്ടായതും. വിസ്തീർണ്ണം=വിസ്താരമുള്ളതും. ശീതളതലം=തണുത്ത നിലത്തോടുകൂടിയതുമായ. മണ്ഡപം=മണ്ഡപത്തെ (ശാലയെ). ദീനാ ഇയം ആലോകയാമാസ=ദീനയായ ഇവൾ കണ്ടു. മാർഗ്ഗശ്രമം സഹിക്കാതെ എവിടെയെങ്കിലുമൊരിടത്തു് ഇരിക്കാൻ തരം നോക്കിക്കൊണ്ടു ദമയന്തി നടക്കുമ്പോൾ വഴിമദ്ധ്യത്തിൽ കലിയുടെ മായാബലത്താൽ ഉണ്ടായ ഒരു മണ്ഡപം കാണുമാറായി.

ക്രാന്തപാ വനേസ്മിൻ പ്രചുരാദ്ധ്വഖേദ-
ക്ലാന്ത്യാം നളോസ്യാം നിഷസാദ ഭൂമൌ
ശ്രാന്ത്യാ തദുത്സംഗനിവേശിതാംഗീ
കാന്താഥ സുഷ്വാപ സുഖേന ഭൈമീ. ൪൨

വനേ അസ്മിൻ ക്രാന്ത്വാ=ഈ കാട്ടിൽ നടന്നിട്ട്. പ്രചുരാദ്ധ്വഖേദക്ലാന്ത്യാ=വലിച്ച അദ്ധ്വഖേദത്താൽ (മാർഗ്ഗശ്രമത്താൽ) ഉള്ള തളർച്ചകൊണ്ട്. നളഃ അസ്യാം ഭൂമൌ നിഷസാദ=നളൻ ഈ ഭൂമിയിൽ ഇരുന്നു. അഥ=അനന്തരം. ശ്രാന്താ ഭൈമീ കാന്താ=തളർന്നവളായ ഈ ഭൈമി. തദുത്സംഗനിവേശിതാംഗീ=അദ്ദേഹത്തിന്റെ ഉത്സംഗത്തിൽ (മടിയിൽ) അംഗത്തെ വെച്ചുകൊണ്ട്. സുഖേന സുഷ്വാപ=സുഖമായി ഉറങ്ങി. മാർഗ്ഗശ്രമംകൊണ്ടു തളർന്നു നളൻ കലികൃതമായ ആ മണ്ഡപത്തിൽ ഇരുന്നു. അപ്പോൾ ദമയന്തി അദ്ദേഹത്തിന്റെ മടിയിൽ കിടന്നു സുഖമായി ഉറങ്ങുവാൻ തുടങ്ങി.

ഉറങ്ങുംനേരം തൻപ്രണയിനിയെ
വെച്ചേച്ചു വിപിനാ-
ന്തരം യാതും കാംക്ഷാം ഗതവതി ത-
ദാ നൈഷധനൃപേ
കുരംഗാക്ഷ്യാ വസ്ത്രം നിജവസനമാ-
ശ്ലേഷയതു മുറി-
ച്ചൊരുംപാടുടഞ്ചേപ്പാൻ കലിരവന-
മാശ്ലേതിലതികാം. ൪൩

പ്രണയിനിയെ വെച്ചേച്ച്=പ്രിയയെ ഉപേക്ഷിച്ച്. വിപിനാന്തരം യാതും=മറെറാരു വനത്തിലേക്കു പോകുവാൻ. നൈഷധനൃപേ കാംക്ഷാം ഗതവതി സതി=നളൻ ആഗ്രഹത്തെ പ്രാപിച്ചപ്പോൾ. കുരംഗാക്ഷ്യാഃ വസ്ത്രം നിജവസനമശ്ലേഷയതു=സുന്ദരിയായ ദമയന്തിയുടെ വസ്ത്രം തന്റെ വസ്ത്രമായി ചേർത്തതു്. മുറി

ച്ച്=രണ്ടു ഖണ്ഡമാക്കി. ഒരുംപാടുറച്ചപ്പാൻ=ഒരുംപാട് (സാമ്യം) വരുത്തുവാനായിക്കൊണ്ടു്. കലിഃ അവന്നു ഹേതിലതികാം അദാൽ=കലി ആ നളന്നു് ഹേതിലതികയെ (ആയുധവിശേഷത്തെ) ദാനംചെയ്തു ഉറങ്ങുന്ന സമയത്തു ഭാര്യയെ ഉപേക്ഷിച്ചു വേറെ ഒരു കാട്ടിലേയ്ക്കു പോകുവാൻ നളൻ ആഗ്രഹിച്ചു. പക്ഷേ ഭാര്യയ്ക്കും തനിക്കുംകൂടി ഒരു വസ്ത്രമേ ഉണ്ടായിരുന്നുള്ളു. അതു രണ്ടായി മുറിച്ചു രണ്ടുപേൎക്കും ഒരുപോലെയാക്കുവാൻവേണ്ടി കലി അദ്ദേഹത്തിന്നു് ഒരായുധം കൊടുത്തു. കലിയുടെ മായയാൽ ഒരായുധം നളൻ കണ്ടെത്തി എന്നു സാരം ["കുരംഗാക്ഷ്യാ വസ്ത്രം നിജവസനമാച്ഛോദയതു" എന്നതുകൊണ്ടു് അല്പം മുമ്പു കഴിഞ്ഞ ഒരു സംഭവത്തെ സൂചിപ്പിച്ചിരിക്കുന്നു. വിശപ്പു സഹിക്കായ്കയാൽ നളൻ വിവശനായിത്തീൎന്നപ്പോൾ കലിദ്വാപരന്മാർ പക്ഷിവേഷംപൂണ്ടു് ആകാശത്തിൽ പറക്കുവാൻ തുടങ്ങി. ആ പക്ഷികളെ വലവെച്ചു പിടിച്ചു പാകംചെയ്തു ഭക്ഷിച്ചിട്ടെങ്കിലും വിശപ്പടക്കുവാൻ ഉറച്ചു നളൻ താൻ ധരിച്ചിരുന്ന ഏകവസ്ത്രംകൊണ്ടു വലവെച്ചു. അപ്പോൾ ആ പക്ഷികൾ ആ വസ്ത്രവും കൊത്തിക്കൊണ്ടു പറന്നു പോയി. ഏകവസ്ത്രധാരിയായി കാട്ടിലേയ്ക്കു പോയ നളനെ കലിദ്വാപരന്മാർ ഇപ്രകാരം നഗ്നനാക്കിത്തീൎത്തു. ഈ കഥാഭാഗം കവി കരുതിക്കൂട്ടി വിട്ടുകളഞ്ഞതോ അതോ ഈ ശ്ലോകത്തിന്നുമുമ്പു് ഒരു ശ്ലോകം വിട്ടുപോയതോ എന്നറിഞ്ഞുകൂടാ.]

അടുത്തേകം ഖഡ്ഗം നിപതിതമുടൻ
കണ്ടു കുതുകാ-
ലെടുത്താൻ ചിച്ഛേദ ത്വരിതമതുകൊ-
ണ്ടേല്ധവസനം
കിടത്തിത്തൻകാന്താമവനിയിലുറ-
ക്കീട്ടു സഹസാ
ത്രുടൽസ്നേഹഗ്രന്ഥിഃ ക്ഷിതിപതിരഗാൽ
ഘോരഗഹനേ. ൪൪

ഏകം ഖഡ്ഗം=ഒരു വാാൾ. അടുത്തു നിപതിതം കണ്ടു്=അടുത്തു വീണതായി കണ്ടു്. കതുകാൽ=കൌതുകത്തോടുകൂടി. തച്ഛരിതം അതുകൊണ്ടു് അർദ്ധവസനം ഛിച്ചേദ=വേഗം ആ, വാാൾകൊണ്ടു പാതി വസ്ത്രം മുറിച്ചു. അവനിയിൽ=ഭൂമിയിൽ. സഹസാ=പെട്ടെന്നു്. ത്രുടൽസ്നേഹഗ്രന്ഥിഃ=ത്രുടത്തായ (മുറിയുന്ന) സ്നേഹക്കെട്ടോടുകൂടിയവനായിട്ടു്. ക്ഷിതിപതിഃ ഘോരഗഹന്നേ അഗാൽ=രാജാവു ഘോരമായ കാട്ടിൽ പോയി. കലിയുടെ മായയാൽ തന്റെ അടുത്തു് ഒരു വാാൾ വീണതു കണ്ടെടുത്തു്, അതുകൊണ്ടു പ്രിയയുടെ വസ്ത്രത്തിൽ പാതിഭാഗം മുറിച്ചെടുത്തു് അവളെ ഭൂമിയിൽ കിടത്തി, സ്നേഹബന്ധം വെടിഞ്ഞു നളൻ ഘോരകാന്താരത്തിലേയ്ക്കു പോയി. വസ്ത്രം മുറിച്ചതുകൊണ്ടു സ്നേഹമാണു് മുറിഞ്ഞുപോയതു്.

അന്നേരം കലിവൈഭവേന വിപിനേ
പ്രാജ്ഞൻ കരഞ്ഞാനന്നേ-
ഞ്ഞന്യൂനം നയനാംബു വാൎത്തു വിവശാം
പശ്യൻ നിജപ്രേയസീം
ഖിന്നോ യാതി മുഹുൎവ്വിഹായ ദയിതാ-
മായാതി പോന്നന്തികേ
നിന്നീടും വദനം വിലോക്യ നിഷധാ-
ധീശോ വിഷണ്ണാത്മവാൻ. ൪൭

നളന്റെ വേർപാടു വൎണ്ണിക്കുന്നു:—കലിവൈഭവേന=കലിയുടെ ബലംകൊണ്ടു്. വിപിനേ=കാട്ടിൽ. പ്രാജ്ഞൻ=ബുദ്ധിമാൻ. നയനാംബു അന്യൂനം വാൎത്തു്=കണ്ണീർ ധാരാളമായി ഒഴുക്കി. വിവശാം നിജപ്രേയസീം പശ്യൻ=പരവശയായ തന്റെ പ്രിയതമയെ നോക്കിക്കൊണ്ടു്. ഖിന്നഃ=ദുഃഖിതനായി. മുഹുഃ ദയിതാം വിഹായ യാതി=പല പ്രാവശ്യം ദയിതയെ വിട്ടുപോകുന്നു. ആയാതി=മടങ്ങിവരികയും ചെയ്യുന്നു. അന്തികേ പോന്നു വദനം വിലോക്യ നിന്നീടും=അടുത്തു വന്നു മുഖം നോക്കി നില്ക്കുകയും ചെയ്യും. നിഷധാ

ധീശഃ=നളൻ. വിഷണ്ണാത്മവാൻ=വിഷാദിച്ച മനസ്സോടുകൂടിയവൻ. കലിബലംകൊണ്ടു ബുദ്ധിമാന്ദ്യമായ നളൻ ബുദ്ധിവിട്ടു കരഞ്ഞു കണ്ണീർ ധാരധാരയായി വാർത്തു പ്രിയയെ നോക്കി സങ്കടപ്പെട്ടു വീണ്ടും വീണ്ടും പോകയും പിന്നെയും പിന്നെയും വരികയും ചെയ്തു ദമയന്തിയുടെ മുഖത്തു നോക്കി വിഷാദിച്ചു.

ഉത്സാഹവും ബത കലേർനൃപതേഃ പ്രിയായാ-
മാ സ്നേഹവും പൊരുവതിന്നു തുനിഞ്ഞനേരം
ഉത്സാഹ ഏവ ഹി കലേർജ്ജയതി സ്മ ഹിത്വാ-
തത്സൌഹൃദം ദ്രുതമഗാദവനീവിനേതാ. ൪൬൯

കലേഃ ഉത്സാഹവും=കലിയുടെ ഉത്സാഹവും. നൃപതേഃ പ്രിയായാം ആ സ്നേഹവും=രാജാവിന്നു പ്രിയയിലുള്ള ആ സ്നേഹവും. പൊരുവതിന്നു തുനിഞ്ഞനേരം=പൊരുതുവാൻ തുടങ്ങിയപ്പോൾ. കലേഃ ഉത്സാഹഃ ഏവ ജയതി സ്മ=കലിയുടെ ഉത്സാഹംതന്നെ ജയിച്ചു. അവനീവിനേതാ=രാജാവു്. തത്സൌഹൃദം ഹിത്വാ=ആ ദമയന്തിയിലുള്ള സ്നേഹത്തെ ഉപേക്ഷിച്ചു്. ദ്രുതം അഗാൽ=വേഗത്തിൽ ഗമിച്ചു. കലിയുടെ ഉത്സാഹവും നളന്നു പ്രിയയിലുള്ള സ്നേഹവും തമ്മിൽ ഒരു പോരാട്ടമുണ്ടായി. അതിൽ കലിയുടെ ഉത്സാഹംതന്നെ ജയിച്ചു. നളൻ പ്രിയാസ്നേഹം വെടിഞ്ഞു കാട്ടിലേക്കു കടന്നു.

ഗദ്യം

തസ്മിൻ കാലേ ബലധാമഭോഗം മദ്ധ്യേഗഗനമിഹാധ്യാരൂഢേ മദ്ധ്യാഹ്നാർക്കേ ഖരതരദിനകരചിരതരപരിഗതഗുരുതരവരകരജാലേ വിയതി വിശാലേ ഹന്ത ദിഗന്തരസന്തതമേദുരതരുവരസന്തതിസങ്കരബന്ധുരിതാന്തരകാന്താരാലധ്വവിശൃംഖലചംക്രമസങ്കടസങ്കുലമംഗലഗാത്രീ ധാത്രീദേശേ ക്ലേശേന വിഷണ്ണാ ദമയന്തീ പുനരേണ്ണും ഖേദാൽ മാഴ്കി മയങ്ങിയടങ്ങിയുറങ്ങി നറുങ്ങി നട്ടങ്ങിയുണ

ന്നശോയാം കലികൃതമണ്ഡപമെങ്ങും കണ്ടീലതിന്നടെയുപചിതമംഗലഭംഗികളെങ്ങും പുനരിദമൊന്നും കണ്ടീലാത്തി തളർത്തു മടിയിൽ ചേർത്തിഹ തന്നെയുറക്കം കാന്തനെ നളനെയുമവിടെക്കണ്ടീലിരുവരുമായിട്ടൻപിലുടുത്തൊരു വസ്ത്രാദ്ധത്തെക്കൂടെക്കണ്ടീലെന്തൊരു വിവശത ഹന്ത തദാനീം—മൂഴം കേഴം കുറുനരിനിരയും മാട്ടം തണ്ണലും കാട്ടം പടലും ഒപ്പമെഴം ചില സർപ്പൌഘങ്ങളുമാട്ടം മയിലും പാട്ടം കുയിലും മൂട്ടം വഴിയും തോട്ടം പുഴയും വൃക്ഷാഗ്രങ്ങളിലക്ഷാന്ത്യാ ചെന്നൃക്ഷൌഘാനാം പ്രക്ഷോഭങ്ങളുമരിയൊരു വെയിലും പെരിയൊരു മുയലും കല്ലും മലയും കൊല്ലും പുലിയും മണ്ടും വണ്ടും ഞണ്ടിൻനിരയും പുഴവും കഴവും വഴിയും കുഴിയും പേർത്തുമിവണ്ണം ദുസ്ഥിതവസ്തുവിശേഷമൊഴിഞ്ഞിട്ടൊന്നും കാണ്മാനില്ലാഞ്ഞധികം വ്യാകുലചേതാ വജ്ജിതദോഷാ വ്യപഗതതോഷാ ഏമി കൃതരോഷാ വിലലാപൈഷാ.

തസ്മിൻ കാലേ=അക്കാലത്തു്. ബഹ്വാഭോഗം=ഉണ്ടായ ആഭോഗത്തോടെ (ആഭോഗം—വിശാലത) മദ്ധ്യേഗഗനം=ആകാശത്തിന്റെ മദ്ധ്യത്തിൽ. മദ്ധ്യാഹ്നാർക്കേ അദ്ധ്യാരൂഢേ സതി=ഉച്ചസ്സൂര്യൻ ആരോഹണം ചെയ്തപ്പോൾ. വിശാലേ വിയതി=പരപ്പുള്ള ആകാശം. ഖരതര........കരജാലേ സതി=ഖരതരൻ (അധികം ഉഗ്രൻ) ആയ ദിനകരന്റെ (സൂര്യന്റെ) ചിരതരപരിഗതം (അധികനേരം നിലനിന്നതു്) ആയും ഗുരുതരമായുമുള്ള വരകരജാലത്തോടു (ശ്രേഷ്ഠമായ രശ്മിസമൂഹത്തോടു) കൂടിയതായുമിരിക്കുന്ന സമയത്തു്. ഹന്ത=കഷ്ടം. ദിഗന്തര........മംഗലഗാത്രീ=ദിഗന്തരത്തിൽ സന്തതം (പരന്നതു്) ആയും മേദുരമായും (തിങ്ങിയതായും) ഇരിക്കുന്ന തരുവരസന്തതിയുടെ (വന്മരക്കൂട്ടത്തിന്റെ) സങ്ഗരം (സമ്പർക്കം) കൊണ്ടു ബന്ധുരിതമായ (നിമ്നോന്നതമായ) അന്തരത്തോടുകൂടി

യ കാന്താരാദ്ധ്വാവിലൂടെ (വനമാർഗ്ഗത്തൂടെ)യുള്ള വിശൃംഖലമായ (തടവില്ലാത്ത) സംക്രമത്താൽ (സഞ്ചാരത്താൽ) ഉള്ള സങ്കടംകൊണ്ടു സങ്കുലമായ (ക്ലേശിച്ച) മംഗലഗാത്രത്തോടുകൂടിയ. ദമയന്തീ=ദമയന്തി. ധാത്രീദേശേ വീണു വിഷണ്ണാ=ഭൂമിയിൽ വീണു ദുഃഖിതയായിട്ടു്. ഏറ്റും ഖേദാൽ=വർദ്ധിച്ച ഖേദം നിമിത്തം. മാഴ്കി........ദശായാം=ക്ഷീണിച്ചു മയങ്ങി അടങ്ങി ഉറങ്ങി കണ്ണിച്ചു ഞെട്ടി ഉണർന്ന സമയത്തു്. കലികൃതമണ്ഡപം=കലിയാൽ ഉണ്ടാക്കപ്പെട്ട മണ്ഡപം. അതിന്നുടെ=ആ മണ്ഡപത്തിന്റെ. ഉപചിതമംഗലഭംഗികൾ=വർദ്ധിച്ചവയും മനോഹരങ്ങളുമായ ഭംഗികൾ. ആർത്തി തളർത്തു്=ദുഃഖം തീർത്തു്. കാന്തനെ നളനെ=കാന്തനായ നളനെ. ഇരുവരുമായിട്ടു്=രണ്ടുപേരുംകൂടി. വസ്ത്രാർദ്ധം=വസ്ത്രത്തിന്റെ പാതി. വിവശത=വൈവശ്യം. തദാനീം=അപ്പോൾ. ഉച്ചസ്സൂര്യന്റെ രശ്മികൾ വിശാലമായ ആകാശത്തിൽ പരന്നപ്പോൾ ദമയന്തി നടക്കവാൻ പ്രയാസമുള്ള വനമാർഗ്ഗത്തിലൂടെയുള്ള സഞ്ചാരത്താൽ ക്ഷീണിച്ചു നിലത്തു വീണു വർദ്ധിച്ച ഖേദത്തോടുകൂടി ഉറങ്ങി ഉണർന്നു നോക്കി. അപ്പോൾ കലിയാൽ നിർമ്മിക്കപ്പെട്ട മണ്ഡപവും അതിന്നുണ്ടായിരുന്ന ഭംഗിയും കണ്ടില്ല. തന്റെ സങ്കടം തീർത്തു മടിയിൽ ചേർത്തു തന്നെ ഉറക്കിയിരുന്ന നളനേയും കണ്ടില്ല. താനുടുത്തിരുന്ന വസ്ത്രത്തിന്റെ അർദ്ധഭാഗവും കണ്ടില്ല. അപ്പോഴുണ്ടായ വിവശത പറയാവതല്ല. ചുഴും=ചുററും. കേഴും കരുനരിനിര=ഓരിയിടുന്ന കുറുക്കന്മാരുടെ കൂട്ടം. മാട്ടു്=കുന്നു്. പടൽ=പടപ്പു്. ദർപ്പമെഴും=ഗർവ്വുള്ള. സർപ്പൌഘങ്ങൾ=സർപ്പസമൂഹങ്ങൾ. മൂടും വഴി=തെളിയാത്ത വഴി. വൃക്ഷാഗ്രങ്ങൾ=മരങ്ങളുടെ അഗ്രങ്ങൾ. അക്ഷാന്ത്യാ=ക്ഷമകേടോടെ. ഋക്ഷൌഘാനാം=കരടിക്കൂട്ടങ്ങളുടെ. പ്രക്ഷോഭങ്ങൾ=ഇളക്കങ്ങൾ. കൊല്ലും പുലി=കൊല്ലുന്ന പുലി. പെരുത്തും=വീണ്ടും വീണ്ടും. ദുസ്ഥിതവസ്തുവിശേഷം=ദുസ്ഥിതങ്ങളായ (വികൃതങ്ങളായ) വസ്തുക്കളുടെ ഭേദം. വ്യാകുലചേതാഃ=പര്യാകുലമായ മനസ്സോടുകൂടിയവളായി. വഞ്ചിതദോഷാ=ദോഷമൊന്നുമി

ല്ലാത്തവളായി. വ്യപഗതസന്തോഷാ=സന്തോഷമററവളായി. എതി ക്രുദ്ധരോഷാ=ഹൃദയത്തിൽ കോപം പൂണ്ടവളായിട്ട്. ഏവം വിലലാപ=ഇപ്രകാരം ദമയന്തി വിലപിച്ചു. കരുനരിക്കൂട്ടങ്ങളും മററുമല്ലാതെ ഒന്നും അവിടെ കാണാഞ്ഞതിനാൽ പരവശയായും ഹൃദയത്തിൽ കോപം കലർന്നും ദമയന്തി വിലപിച്ചു. പ്രാണനാഥൻ കാന്താരമദ്ധ്യത്തിൽ തന്നെ ഉപേക്ഷിച്ചു പോയ്ക്കളഞ്ഞതുകൊണ്ടാണ് രോഷമുണ്ടായത്.

"കാന്താ രേ ഹന്ത മാം ബന്ധുരവിപുലമഹാ-
സിന്ധുരേന്ദ്രാതിഘോരേ
കാന്താരേ പേത്തുമിട്ടേച്ചിഹ സപദി ഭവാ-
നെങ്ങു പോയീ ഗുണാബ്ധേ!
താന്താനഞ്ഞൂറുവട്ടം നിജഗമനവിധൌ
യാത്രയും ചൊല്ലിയേച്ചേ
താന്താമെന്നെപ്പിരിഞ്ഞിട്ടൊരു പദമിളകു-
പണ്ടു നീ പുണ്യരാശേ! ൪൭

ദമയന്തീവിലാപം:—രേ കാന്താ=അല്ലേ ഭർത്താവേ! മാം=എന്നെ. ബന്ധുരവിപുലമഹാസിന്ധുരേന്ദ്രാതിഘോരേ=മനോഹരങ്ങളും വിപുലങ്ങളുമായ വലിയ സിന്ധുരേന്ദ്രന്മാരെക്കൊണ്ട് (ആനത്തലവന്മാരെക്കൊണ്ട്) അതിഭയങ്കരമായ. കാന്താരേ=കാട്ടിൽ. സപദി=വേഗത്തിൽ. ഗുണാബ്ധേ=ഗുണസമുദ്രമേ. നിജഗമനവിധൌ=തന്റെ യാത്രയിൽ. താന്താം എന്നെ=ക്ഷീണയായ എന്നെ. ഒരു പദം=ഒരടി. ഇളകു=ഇളകുകയുള്ളു. അല്ലേ ഭർത്താവേ, ആനത്തലവന്മാരെക്കൊണ്ട് അതിഘോരമായ കാട്ടിൽ എന്നെ വിട്ടുകളഞ്ഞ് അങ്ങ് എങ്ങോട്ടാണ് പോയത്. മുമ്പു വല്ല സ്ഥലത്തേക്കും പോകുമ്പോഴും അഞ്ഞൂറു തവണ യാത്ര പറഞ്ഞിട്ടേ അങ്ങ് ഒരടി ഇളകുക പതിവുള്ളു. [രേ കാന്താ എന്ന സംബോധനം ദമയന്തിയുടെ രോഷത്തെ സൂചിപ്പിക്കുന്നു. 'കാന്താ' എന്ന നീട്ടിവി

ളി അടുത്തെത്തുമ്പോൾ ഭർത്താവു മറഞ്ഞിരിപ്പുണ്ടെങ്കിൽ കേൾക്കട്ടെ എന്ന വിചാരത്തെ വ്യഞ്ജിപ്പിക്കുന്നു.]

ഖിന്നാ മേ രാജ്യവും ഭോജ്യവുമഖിലമുപേ-
ക്ഷിച്ചു നിന്നോടുകൂടെ-
പ്പിന്നാലേ ഹന്ത പോന്നൂ തിരുവുരു തവ കാ-
ണ്മാൻ കൊതിച്ചല്ലയോ ഞാൻ
എന്നാലിട്ടേച്ചു കാട്ടിൽ പുനരഗതിയെ മാം
നാഥ പൊയ്ക്കൊണ്ടതിന്നീ
മുന്നം കേളാവയോഃ സൌഹൃദസരണികളെ-
ല്ലാം മറന്നോ ഗുണാബ്ധേ! ര്വ

ഖിന്നാ ഞാൻ=ഖിന്നയായ ഞാൻ. രാജ്യം=നാട്. ഭോജ്യം=ഭക്ഷണപദാർത്ഥം. തിരുവുരു=തിരുമേനി. അഗതിയെ മാം=അശരണയായ എന്നെ. ആവയോഃ=നമ്മളിരുവരുടേയും. സൌഹൃദസരണികൾ=സ്നേഹമാർഗ്ഗങ്ങൾ. എപ്പോഴും അങ്ങയുടെ തിരുമേനി കാണ്മാൻ കൊതിച്ചിട്ടല്ലേ ഞാൻ രാജ്യവും ഭോജ്യവുമെല്ലാം വെടിഞ്ഞ് അങ്ങയുടെ പിന്നാലെ പോന്നത്. എന്നിട്ട് അങ്ങിങ്ങനെ അഗതിയായ എന്നെ കാട്ടിലിട്ടേച്ചു തനിയെ പോയതെന്താണ്? നമ്മൾക്ക തമ്മിലുള്ള സ്നേഹമാർഗ്ഗങ്ങളെല്ലാം അങ്ങു തീരെ മറന്നുവോ?

ഗദ്യം

കാട്ടിൽനടുവേ കൂട്ടത്തോടേ മണ്ടിവരും ചില ഭേരുണ്ഡപക്ഷി ബന്ധുരസിന്ധുരതതിതൻ ബൃംഹാരവമിത ഹാ ഹാ നാഥാ കേൾക്കാകുന്നു— നീഹാരാവൃതനാനാഗുഹയാം ഗേഹാന്നിർഗ്ഗതസിംഹാനാമതിഘോരാകാരാനാരാവൌഘാൻ കണ്ണേ കേട്ടു പൊറുക്കുന്നീല വിറയ്ക്കുന്നുള്ളം ചാട്ടവുമൊട്ടടി കൊണ്ടു തിരിഞ്ഞു മറിഞ്ഞുനടക്കുന്നൊട്ടടിമാനിൻ നിഷ്ക്ക

രവിരുതം കഷ്ടം കഷ്ടം കേട്ടു നിതാന്തം ഞെട്ടുന്നനവധി
പൊട്ടീടുന്നു കർണ്ണദ്വന്ദ്വം—ഭിക്ഷു പരക്കം വൃക്ഷൌഘാനാ
മഗ്രേ ചാടുമൊരുൽക്കടമർക്കടദുർഘടദുഷ്ടരഫിക്കാരവമിത
കേൾക്കാകുന്നു—ഘോരത തടവിന സൂകരപടലികളുററം
കോലും തേററകൾകൊണ്ടേ കുത്തിയടുത്തു തകർത്തു ചൊടി
ച്ചുവരുന്നതു കണ്ടാൽ കഥമിവ നാഥ പൊറുക്കാവൂ മേ—
പെണ്മാൻറുടലെച്ചീന്തിച്ചീന്തിക്കുന്തംപോലേ ദന്തം കാട്ടി
ട്ടിക്കു വലന്തേ മാർഗ്ഗവഹീനാശ്ശാർദ്ദൂലൌഘാഃ—വ്യാളീപാ
ളീശ്ശൂളീകേളീ കാളീടുന്നു കേൾക്കുന്നേരം

ദന്തുരബന്ധുരസിന്ധുരതതി=ദന്തുരങ്ങൾ (ദന്തങ്ങൾ ഉള്ളവ) ആയും, ബന്ധുരങ്ങളായുമുള്ള സിന്ധുരങ്ങളുടെ (ആനകളുടെ) സമൂഹം. ബൃംഹാരവം=ചിന്നംവിളിക്കുന്ന ശബ്ദം. ഹാ ഹാ=അയ്യോ അയ്യോ! നാഥാ=പ്രാണനാഥാ. വനമദ്ധ്യത്തിൽ കൂട്ടത്തോടുകൂടി മണ്ടിവരുന്ന ആനക്കൂട്ടങ്ങളുടെ ചിന്നംവിളി ഇതാ കേൾക്കുന്നു. നീഹാരാവൃതനാനാഗുഹയാം ഗേഹാൽ=നീഹാരാവൃതമായ (മഞ്ഞുമൂടിയ) നാനാഗുഹയാകുന്ന ഗൃഹത്തിൽനിന്നു്. നിർഗ്ഗതസിംഹാനാം=പുറത്തു വന്ന സിംഹങ്ങളുടെ. അതിഘോരാകാരാൻ ആരാവൌഘാൻ=അതിഭയങ്കരമായ ആകൃതിയോടുകൂടിയ ശബ്ദസമൂഹങ്ങളെ. കർണ്ണേ=കാതിൽ. വിറയ്ക്കുന്നുള്ളം=ഹൃദയം വിറയ്ക്കുന്നു. മഞ്ഞുമൂടിയ ഗുഹാഗൃഹത്തിൽനിന്നു നിർഗ്ഗമിച്ച സിംഹങ്ങളുടെ ഘോരാകൃതിയോടുകൂടിയ ശബ്ദസമൂഹങ്ങൾ കേട്ടിട്ടു് എനിക്കു സഹിക്കുന്നില്ല, ഹൃദയം വിറയ്ക്കുന്നു. [ശബ്ദം ആകൃതിയില്ലാത്തതാണു്. അതിന്നു ആകൃതിയുണ്ടെന്നു പറഞ്ഞതുകൊണ്ടു സിംഹനാദം കേൾക്കുമ്പോൾ സിംഹങ്ങൾതന്നെ മുമ്പിൽ വന്നു നില്ക്കുന്നതുപോലെ ഭയം തോന്നുന്നു എന്നു ദ്യോതിക്കുന്നു] ചട്ടറം=കേടില്ലാത്ത. എട്ടടിമാൻ=എട്ടു കാലടികളുള്ളതും സിംഹത്തെക്കാൾ അധികം ഭയങ്കരവുമായ ഒരു മൃഗം. നിഷ്ഠുരവിരുതം=ക്രൂരമായ ശബ്ദം. നിതാന്തം=ഏററവും.

ഞെട്ടുന്നനവധി=ഞെട്ടുന്നു + അനവധി. കർണ്ണദ്വന്ദ്വം=ചെവികൾ രണ്ടും. എട്ടടിമാനിന്റെ ക്രൂരമായ ശബ്ദം കേട്ടിട്ടു ഞാൻ അവധിയില്ലാതെ ഞെട്ടുന്നു, എന്റെ ചെവികൾ പൊട്ടുന്നു. [എട്ടടിമാൻ സിംഹങ്ങളെക്കൂടിയും കൊല്ലുവാൻ ശക്തിയുള്ള ഒരു വന്യമൃഗമാണ്.] ദിക്ഷു പരക്കം=ദിക്കുകളിൽ പരന്നുനില്ക്കുന്ന. വൃക്ഷൌഘാനാം=മരക്കൂട്ടങ്ങളുടെ. അഗ്രേ=അററത്തിൽ. ഉല്ലോകോൽക്കടഘോഷോൽക്കടഘൂത്കാരവം=കൂററൻ കരങ്ങന്മാരുടെ ഉച്ചത്തിലും ഉൽക്കടവുമായ ഘൂത്കാരവം (മുഴക്കം). കരങ്ങന്മാർ മരങ്ങളിന്മേലിരുന്ന് ഘോരമായി മുഴുന്ന ശബ്ദവും ഇതാ കേൾക്കുന്നു. ഘോരത=ഭയങ്കരത്വം. സൂകരപടലികൾ=പന്നിക്കൂട്ടങ്ങൾ. ഊററംകോലും തേററകൾ=ഊററമുള്ള തേററകൾ. കഥമിവ നാഥ പൊറുക്കാവൂ മേ=ഹേ നാഥ! എനിക്കെങ്ങിനെ പൊറുക്കാം. ഭയങ്കരങ്ങളായ പന്നിക്കൂട്ടങ്ങൾ ഊക്കൻതേററകൾകൊണ്ടു മുമ്പിലുള്ളതെല്ലാം കുത്തിയടർത്തു തകർത്തു പൊടിച്ചു വരുന്നതു കണ്ടാൽ എങ്ങിനെ പൊറുക്കാം? പെണ്മാനുടൽ=മാൻപേടകളുടെ ദേഹം. ചീന്തിച്ചീന്തി=ചീന്തിയെടുത്തു്. ദന്തം=പല്ല്. ദിക്ഷു=ദിക്കുകളിൽ. വലന്തേ=സഞ്ചരിക്കുന്നു. മാർദ്ദവഹീനാഃ=മാർദ്ദവമില്ലാത്ത. ശാർദ്ദൂലൌഘാഃ=പുലിക്കൂട്ടങ്ങൾ. ക്രൂരതയുള്ള പുലിക്കൂട്ടങ്ങൾ മാൻപേടകളുടെ ദേഹം ചീന്തിയെടുത്തു കുന്തംപോലുള്ള ദന്തങ്ങളും കാട്ടി എല്ലാ ദിക്കിലും നടക്കുന്നു. വ്യാളീപാളീശ്ശൂളീകേളീ=വ്യാളീപാളികളുടെ (പെൺപാമ്പിൻകൂട്ടങ്ങളുടെ) ശ്ശൂളീകേളി (ശ്ശൂൽക്കാരത്തോടുകൂടിയ കളി). കാളീടുന്നു=ഏറയും കാളുന്നു. പെൺപാമ്പുകൾ ചീററിക്കൊണ്ടു കളിക്കുന്നതു കേൾക്കുമ്പോൾ എന്റെ മനസ്സു കത്തിക്കാളുന്നു.

'നാഥേ നി ഖേദിയാതേ വരിക വരിക നിൻ–
ഉദ്ദ്ദശാം നീക്കി നിന്റേ
പാദൌ സംവാഹയാമി പ്രണയിനി നയനേ
മാ കൃഥാ ബാഷ്പപൂരം'

ചേതോരമ്യാമിവണ്ണം തവ വചനസുധാ-
മാധുരീമെന്നു കർണ്ണേ
ജാതാനന്ദേന കേൾക്കുന്നിതു ധരണിജ്ജുഷാം
പുണ്യമേ നൈവ ജാനേ." ർൻ

നാഥേ=പ്രിയേ. ഖേദിയാതേ=ഖേദിക്കേണ്ട. ദുർദ്ദശാം=ദുരവസ്ഥയെ. പാദൌ=കാലടികളെ. സംവാഹയാമി=ഞാൻ തലോടുന്നുണ്ട്. പ്രണയിനി=കാമിനി. നയനേ ബാഷ്പപൂരം മാ കൃഥാഃ=കണ്ണിൽ കണ്ണീരൊഴുക്കേണ്ട. ചേതോരമ്യാം=മനോഹരമായ. തവ വചനസുധാമാധുരീം=അങ്ങയുടെ വചനമാകുന്ന അമൃതത്തിന്റെ മാധുര്യത്തെ. കർണ്ണേ=കാതിൽ. ജാതാനന്ദേന=ഉണ്ടായ ആനന്ദത്തോടെ. ധരണിജ്ജുഷാം പുണ്യമേ=ഭൂമിയിൽ വസിക്കുന്നവരുടെ സുകൃതമേ. നൈവ ജാനേ=ഞാൻ അറിയുന്നില്ല. 'പ്രിയേ, നീ വ്യസനിക്കേണ്ട. ഞാൻ നിന്റെ കാലുകളെ തലോടാം, കരയാതിരിക്കൂ.' എന്നിങ്ങനെയുള്ള അങ്ങയുടെ വചനാമൃതത്തിന്റെ മാധുര്യം എന്നെനിക്കു കേൾക്കുവാൻ സാധിക്കും? [ഇത്രത്തോളം ദമയന്തിയുടെ വിലാപം]

ഗദ്യം

ചിത്തേ മെത്തുമൊരാശാവേശാലിത്ഥം കിമപി വിലപ്യ വിലപ്യ ക്ഷീണാ ഞാനടനിപ്പിടെത്തന്നേ ദീനാ ഹന്ത കരഞ്ഞു പറഞ്ഞാലിതുകൊണ്ടിഹ പുനരെന്തൊരു കാര്യം നാഥനെ നളനെഗ്ഗഹനേ വിപിനേ മടിയാതെ ചെന്നാരായ്‌വൂ ഞാൻ എന്നതു കരുതിപ്പേർത്തുമുദസ്ഥാൽ പേശലഗാത്രീ.

ചിത്തേ മെത്തുമൊരാശാവേശാൽ=മനസ്സിൽ വർദ്ധിക്കുന്ന ആശയുടെ ആവേശത്താൽ. ഇത്ഥം കിമപി വിലപ്യ വിലപ്യ=ഇങ്ങനെ കുറഞ്ഞൊന്നു വിലപിച്ചിട്ട്. ക്ഷീണാ=ക്ഷീണിച്ചവളായിട്ട്. ദീനാ=വിവശയായിട്ട്. ഇതുകൊണ്ടിഹ പുനരെന്തൊരു കാര്യം=

ഇതുകൊണ്ടിവിടെ എന്തു പ്രയോജനം. നാഥനെ നളനെ=നാഥനായ നളനെ. ഗഹനേ വിപിനേ=ദാരുണമായ കാട്ടിൽ. ആരായ്വൂ ഞാൻ=ഞാൻ അന്വേഷിക്കുകയാണ് വേണ്ടതു്. പേശലഗാത്രീ ഉദസ്ഥാൽ=സുന്ദരിയായ ദമയന്തി എഴുന്നേററു. ഇവിടെ കിടന്നു് ഇങ്ങനെ ഓരോന്നു പറഞ്ഞു കരഞ്ഞതുകൊണ്ടു പ്രയോജനമില്ലെന്നും, കാട്ടിൽ ചെന്നു നളനെ തിരയുകയാണ് വേണ്ടതെന്നും നിശ്ചയിച്ചു ദമയന്തി എഴുന്നേററു.

ഋക്ഷകലാകുലവൃക്ഷേ
പക്ഷിരുതശ്രവണദൃപ്തഹര്യക്ഷേ
ദിക്ഷു വിദിക്ഷു ച ഘോരേ
പക്ഷ്മളനയനാ ചചാര കാന്താരേ. ൯൦

പക്ഷ്മളനയനാ=പക്ഷ്മളങ്ങളായ (ധാരാളം കൺപീലിരോമങ്ങളുള്ള) നയനങ്ങളോടുകൂടിയവൾ, സുന്ദരി. ഋക്ഷകലാകുലവൃക്ഷേ=ഋക്ഷകലങ്ങൾ (കരടിക്കൂട്ടങ്ങൾ) നിറഞ്ഞ വൃക്ഷങ്ങളോടുകൂടിയതും. പക്ഷിരുതശ്രവണദൃപ്തഹര്യക്ഷേ=പക്ഷികളുടെ രുതം (ശബ്ദം) ശ്രവിക്കുകയാൽ ദൃപ്തന്മാരായ (ഗർവ്വിച്ച) ഹര്യക്ഷന്മാരോടു (സിംഹങ്ങളോടു)കൂടിയതുമായ. ഘോരേ കാന്താരേ=ഭയങ്കരമായ കാട്ടിൽ. ദിക്ഷു വിദിക്ഷു ച=ദിക്കുകളിലും വിദിക്കുകളിലും (നാലു ദിക്കുകളിലും നാലു കോണുകളിലും). ചചാര=സഞ്ചരിച്ചു. കരടിക്കൂട്ടങ്ങൾ നിറഞ്ഞ മരങ്ങളോടും പക്ഷികളുടെ ശബ്ദം കേട്ടു ശുണ്ഠിപിടിച്ച സിംഹങ്ങളോടുംകൂടിയ ഘോരകാന്താരത്തിൽ ദിക്കുകളിലും മൂക്കുകളിലുമൊക്കെയും ദമയന്തി സഞ്ചരിച്ചു. ഓജപാദങ്ങളിൽ പന്ത്രണ്ടും യുഗ്മപാദങ്ങളിൽ പതിനെട്ടും മാത്രകൾ വരികയാൽ വൃത്തം ഗീതി.

അലഘുജഘനഭാരം മന്ദമന്ദം വഹന്തീ
നളനെ വടിവിലാരാഞ്ഞങ്ങുമിങ്ങും ചരന്തീ
ചലധൃതി ദമയന്തീ ഹന്ത കാന്തം സ്മരന്തീ
വ്യലപദഥ കിരന്തീ ബാഷ്പധാരാം ശ്വസന്തീ. ൯൧

അഥ=അനന്തരം. അലംഘ്യജംഘനഭാരം=ലംഘ്യമല്ലാത്ത (ഗുരുവായ) ജംഘനത്തിന്റെ ഭാരത്തെ. മന്ദമന്ദം വഹന്തീ=മെല്ലെ മെല്ലെ വഹിക്കുന്നവളായും. അങ്ങുമിങ്ങും ചരന്തീ=അങ്ങുമിങ്ങും സഞ്ചരിക്കുന്നവളായും. ചലധൃതി=ഇളകിയ ധൈര്യത്തോടുകൂടിയവളായും കാന്തം സ്മരന്തീ=കാന്തനെ സ്മരിക്കുന്നവളായുമിരിക്കുന്ന. ദമയന്തീ=ദമയന്തി. ബാഷ്പധാരാം കിരന്തീ=അശ്രുധാരയെ പൊഴിച്ചുകൊണ്ടും. ശ്വസന്തീ=നെടുവീൎപ്പിട്ടുകൊണ്ടും. വ്യലപൽ=വിലപിച്ചു. ജംഘനഭാരത്താൽ പതുക്കെപ്പതുക്കെ നടന്നു തിരഞ്ഞുകൊണ്ടു് അങ്ങുമിങ്ങും നടക്കുകയും, ധൈര്യംകെട്ടു കാന്തനെത്തന്നെ സ്മരിക്കുകയും, കണ്ണീർ പൊഴിക്കുകയും, ദീൎഘമായി ശ്വസിക്കുകയും ചെയ്തുകൊണ്ടു ദമയന്തി വിലപിച്ചു.

വിജനഭുവി വിദാൎയ്യ സ്വാനനം ഭക്ഷയന്തം
ദ്വിജഗജമുഖജന്തൂനധ്വഭാഗേ ശയാനം
നിജവദനഗുഹായാമാക്രവാനുദ്യതം ക-
ണ്ടജഗരമുടനേഷാ ഹന്ത ഭീതാ ചുകമ്പേ. ൯൨

വിജനഭുവി=ജനങ്ങളില്ലാത്ത ഭൂമിയിൽ. സ്വാനനം വിദാൎയ്യ=തന്റെ വായ് പിളൎന്നു്. ദ്വിജഗജമുഖജന്തൂൻ ഭക്ഷയന്തം=ദ്വിജങ്ങളും (പക്ഷികളും) ഗജങ്ങളും മുതലായ ജന്തുക്കളെ ഭക്ഷിച്ചുകൊണ്ടു്. അധ്വഭാഗേ ശയാനം=അധ്വഭാഗത്തിൽ (മാൎഗ്ഗമദ്ധ്യത്തിൽ) കിടക്കുന്നതും. നിജവദനഗുഹായാം ആക്രവാൻ ഉദ്യതം=തന്റെ വായയാകുന്ന ഗുഹയിൽ ആക്കുവാൻ ഉദ്യമിക്കുന്നതുമായ. അജഗരം കണ്ടു്=അജഗരത്തെ (പെരുമ്പാമ്പിനെ) കണ്ടു്. ഭീതാ=ഭീതയായിട്ടു്. ഏഷാ ചുകമ്പേ=ഇവൾ വിറച്ചു. വിജനസ്ഥലത്തു വഴിമദ്ധ്യത്തിലായി വായും പിളൎന്നു്, പക്ഷികളും ആനകളും മുതലായ ജന്തുക്കളെ ഭക്ഷിച്ചുകൊണ്ടു കിടക്കുന്ന ഒരു പെരുമ്പാമ്പു്, തന്നേയും വിഴുങ്ങുവാൻ ഉദ്യമിക്കുന്നതായി കണ്ടു പേടിച്ചു ദമയന്തി വിറച്ചു.

പ്രാപുഃ കേചന ലുബ്ധാ-
സ്തത്ര ചരന്തോ മൃഗാവലീലുബ്ധാഃ
സഹിതവധൂശിശുവൃദ്ധാഃ
ഫണിനി ബഭ്രുവുശ്ച തേതിസംരബ്ധാഃ. ൭൩

മൃഗാവലീലുബ്ധാഃ=മൃഗസമൂഹങ്ങളിൽ ലുബ്ധന്മാർ (കൊതിയുള്ളവർ) ആയവരും. ചരന്തഃ=സഞ്ചരിക്കുന്നവരും. സഹിതവധൂശിശുവൃദ്ധാഃ=സ്ത്രീകളോടും കുട്ടികളോടും വൃദ്ധന്മാരോടും കൂടിയവരുമായ. കേചന ലുബ്ധാഃ=ചില ലുബ്ധന്മാർ (കാട്ടാളന്മാർ.) തത്ര പ്രാപുഃ=അവിടെ പ്രാപിച്ചു. തേ=അവർ. ഫണിനി=പാമ്പിൽ. അതിസംരബ്ധാഃ ബഭ്രുവുഃ ച=ഏററവും സംരബ്ധന്മാർ (കുപിതന്മാർ) ആയി ഭവിക്കയും ചെയ്തു. മൃഗങ്ങളെ വധിക്കുവാൻ കൊതിച്ച സ്ത്രീകളോടും കുട്ടികളോടും വൃദ്ധന്മാരോടുംകൂടി നായാട്ടിനടക്കുന്ന ചില കാട്ടാളന്മാർ അവിടെ വന്നുചേൎന്നു. അവർ ആ പെരുമ്പാമ്പിന്റെ മേൽ ഏററവും കോപിക്കുകയും ചെയ്തു.

തിമിരനികരപുഞ്ജാകാരമംഗം ദധാനാ
മൃതപൃഥുമൃഗയൂഥാന്നാദരാദാദദാനാഃ
ശബരയുവതികട്ടാലാഹതപ്രാണിവൃന്ദാഃ
ഫണിപരിവൃഢമേനം ജഘ്നുരേതേ പുളിന്ദാഃ. ൭൪

തിമിരനികരപുഞ്ജാകാരം=തിമിരനികരത്തിന്റെ (ഇരുട്ടുകൂട്ടത്തിന്റെ) പുഞ്ജമോ (കൂമ്പാരമോ) എന്നു തോന്നുംവണ്ണമുള്ള ആകൃതിയോടുകൂടിയ. അംഗം ദധാനാഃ=അംഗത്തെ ധരിക്കുന്നവരും. മൃതപൃഥുമൃഗയൂഥാൻ=മൃതങ്ങളും പൃഥുക്കളും (വലിയവയും) ആയ മൃഗങ്ങളുടെ കൂട്ടങ്ങളെ. ആദരാൽ ആദദാനാഃ=ആദരവോടെ എടുക്കുന്നവരും. ശബരയുവതികട്ടാലാഹതപ്രാണിവൃന്ദാഃ=ശബരയുവതികളുടെ (കാട്ടാളത്തികളുടെ) കട്ടാലങ്ങൾ (ശൂലാകൃതിയിലുള്ള ആയുധങ്ങൾ)കൊണ്ടു് ആഹതങ്ങളായ (കുത്തിത്തുളയ്ക്കപ്പെട്ട) പ്രാണിസമൂഹങ്ങളോടുകൂടിയവരുമായ. ഏതേ പുളിന്ദാഃ=ഈ കാട്ടാളന്മാർ.

ഏനം ഫണിപരിവൃഢം=ഈ സർപ്പത്തലവനെ. ജഘ്നുഃ=കൊന്നു. ക്കറിഞ്ചക്കുമ്പാരംപോലെ കറുത്ത ശരീരവും, കൈകളിൽ ചുള്ള ലേച്ച അനേകം മൃഗക്കൂട്ടങ്ങളും, കാട്ടാളസ്ത്രീകളുടെ ശൂലംകൊണ്ടു കുത്തിപ്പിളർത്തിയ പ്രാണികളുമായിവന്ന ആ കാട്ടാളന്മാർ ആ പെരുമ്പാമ്പിനെ കൊന്നു.

അന്നേരം കോപി വൃദ്ധഃ ശബരപരിവൃഢോ
 ഹന്ത താൻ ജാതനായീ-
ട്ടന്നാളേ ജാതരോമോൽഗമചികുരമുഖ-
 ശ്മശ്രുലോ ധൂസരാത്മാ
പിന്നാലേ മാംസഗന്ധാഗതവിപുലമഹാ-
 മക്ഷികാക്രാന്തവക്ത്രോ
ധന്യാമേനാം വധൂടീമകുടതടമണീം
 കാമയാമാസ കാമീ. ൩൭

അന്നേരം=ആ പെരുമ്പാമ്പിനെ കൊന്ന സമയത്തു്. വൃദ്ധഃ=വയസ്സനും. താൻ ജാതനായിട്ടന്നാളേ ജാതരോമോൽഗമചികുരമുഖശ്മശ്രുലഃ=താൻ ജനിച്ചപ്പോൾത്തന്നെ ജാതങ്ങളായ രോമോൽഗമങ്ങൾ (രോമസമൂഹങ്ങൾ) ചികുരങ്ങൾ (തലരോമങ്ങൾ) മുഖശ്മശ്രുക്കൾ (മീശകൾ) എന്നിവയോടുകൂടിയവനും. ധൂസരാത്മാ=ചെമ്പിച്ച ദേഹത്തോടുകൂടിയവനും. പിന്നാലേ മാംസഗന്ധാഗതവിപുലമഹാമക്ഷികാക്രാന്തവക്ത്രഃ=മാംസത്തിന്റെ ഗന്ധംകൊണ്ടു പിന്നാലെ വന്ന വിപുലങ്ങളായ (വലിയ) മക്ഷികകളാൽ (ഈച്ചകളാൽ) ആക്രമിക്കപ്പെട്ട മുഖത്തോടുകൂടിയവനുമായ. കോപി ശബരപരിവൃഢഃ=ഒരു കാട്ടാളത്തലവൻ. കാമീ=കാമിയായിട്ടു്. വധൂടീമകുടതടമണീം=സ്ത്രീകളുടെ മകുടതടത്തിലുള്ള മണിയായ. ധന്യാം ഏനാം=ധന്യയായ ഈ ദമയന്തിയെ. കാമയാമാസ=കാമിച്ചു. അപ്പോൾ ആ കാട്ടാളന്മാരിൽ തലവനായ ഒരു വൃദ്ധൻ സുന്ദരീമകുടത്തെമണിയായ ദമയന്തിയെ കാമിച്ചു. 'താൻ ജാതനായീട്ടന്നാളേ' എ

ന്നു തുടങ്ങിയവ ആ കാട്ടാളന്റെ വിശേഷണങ്ങളാകുന്നു. ജനിച്ചപ്പോൾതന്നെ ദേഹത്തിലും തലയിലും മുഖത്തും രോമങ്ങളുണ്ടായവനും പച്ചമാംസത്തിന്റെ ഗന്ധംകാരണം കാട്ടീച്ചകൾ വന്നു മുഖത്തെ ആക്രമിക്കുന്നവനും എന്നു വിശേഷണങ്ങൾക്കർത്ഥം.

പൂർണ്ണചന്ദ്രരമണീയമാനനം
തൂർണ്ണമേത്യ ചകമേ സ ചുംബിതും
ദൈന്യശാലിനി തദാ തദാനനോൽ-
ഗീർണ്ണഗന്ധവിവശാ ശശാപ തം. ൩൬

സഃ=ആ കാട്ടാളൻ. തൂർണ്ണം ഏത്യ=വേഗത്തിൽ അടുത്തു വന്നു്. പൂർണ്ണചന്ദ്രരമണീയം ആനനം=പൂർണ്ണചന്ദ്രനെപ്പോലെ മനോഹരമായ മുഖത്തെ. ചുംബിതും ചകമേ=ചുംബിപ്പാനായിക്കൊണ്ടു കാമിച്ചു. തദാ=അപ്പോൾ. തദാനനോൽഗീർണ്ണഗന്ധവിവശാ= അവന്റെ ആനനത്തിൽ(മുഖത്തിൽ)നിന്നു് ഉൽഗീർണ്ണമായ (പുറപ്പെട്ട) ഗന്ധംകൊണ്ടു വിവശയായി ദൈന്യശാലിനി=ദീനതയോടുകൂടിയവളായിട്ടു്. സാ തം ശശാപ=അവൾ അവനെ ശപിച്ചു. വൃദ്ധനായ ആ കാട്ടാളൻ പെട്ടെന്നണഞ്ഞു ചന്ദ്രസുന്ദരമായ മുഖത്തു ചുംബിക്കുവാൻ ഒരുമ്പെട്ടു. അപ്പോൾ അവന്റെ വായിൽനിന്നു വീശിയ ദുർഗ്ഗന്ധത്താൽ വിവശയായ ദമയന്തി ദീനതയോടുകൂടി അവനെ ശപിച്ചു.

ഭസ്മീഭൂതേ തസ്മിൻ വ്യാധേ
വിസ്മയവേഗാദന്യേ വ്യാധാഃ
നിസ്സന്ദേഹം മുക്ത്വാ മുഗ്ദ്ധാം
നിസ്സസൃപുസ്തേ തസ്മാദ്ദേശാൽ. ൩൭

തസ്മിൻ വ്യാധേ ഭസ്മീഭൂതേ സതി=ആ കാട്ടാളൻ ഭസ്മമായി ഭവിച്ചപ്പോൾ. വിസ്മയവേഗാൽ=ആശ്ചര്യത്തിന്റെ വേഗംകൊണ്ടു്. അന്യേ വ്യാധാഃ=മററുള്ള വ്യാധന്മാർ. നിസ്സന്ദേഹം മുഗ്ദ്ധാം താം മുക്ത്വാ=സന്ദേഹംകൂടാതെ മുഗ്ദ്ധയായ അവളെ വിട്ടു്. തസ്മാൽ

ദേശാൽ=ആ സ്ഥലത്തുനിന്നു്. നിസ്സസൃപുഃ=ദൂരത്തേക്കു പോയി. (നിസ്സൎപ്പിക്കുക—ദൂരെപ്പോകുക) ശാപശക്തിയാൽ കാട്ടാളത്തലവൻ ഭസ്മമായപ്പോൾ കൂട്ടത്തിലുള്ള മററു കാട്ടാളന്മാർ ആശ്ചൎയ്യപ്പെട്ടു് ഒട്ടും സംശയിക്കാതെ അവളെ വിട്ടു് അവിടെനിന്നു് ഓടിക്കളഞ്ഞു.

അന്നേരം കാനനാന്തേ പരമൊരു ശരണം
പേൎത്തുമില്ലാഞ്ഞു കാണാ-
ഞ്ഞത്യൂനം കാന്തനാമന്നളനെ മദനബാ-
ണാൎദ്ദിതോന്മാദലോലാ
ഖിന്നാ നാനാലതാഭൂരുഹമൃഗകുലപ-
ക്ഷീശ്വരാണാമുപാന്തേ
ചെന്നും ചോദിച്ചുമേഷാ ഹര ഹര വിജനേ
സഞ്ചചാരാഞ്ചിതാംഗീ. ഉ൨

കാനനാന്തേ=വനമദ്ധ്യത്തിൽ പരമൊരു ശരണം=മററാരു ശരണം. മദനബാണാൎദ്ദിതാ=കാമബാണങ്ങളാൽ പീഡിതയായ. ഉന്മാദലോലാ=ഉന്മാദംകൊണ്ടു ലോലയായ (ബുദ്ധിക്കു സ്ഥിരതയില്ലാതായ). അഞ്ചിതാംഗീ സാ=സുന്ദരാംഗിയായ, അവൾ. നാനാലതാഭൂരുഹമൃഗകുലപക്ഷീശ്വരാണാം ഉപാന്തേ=പലതരം ലതകൾ, ഭൂരുഹങ്ങൾ (വൃക്ഷങ്ങൾ), മൃഗകുലങ്ങൾ, പക്ഷീശ്വരന്മാർ എന്നിവരുടെ സമീപത്തിൽ. വിജനേ സഞ്ചചാര=വിജനത്തിൽ സഞ്ചരിച്ചു. കാട്ടിൻനടുവിൽ ഒരു ശരണവുമില്ലാതെയും കാന്തനായ നളനെ കാണാതെയും കാമബാണങ്ങളാൽ പീഡിതയായും ഉന്മാദംനിമിത്തം ബുദ്ധിക്കു സ്ഥിരതയില്ലാതെയായും വിവശയായിത്തീൎന്ന ദമയന്തി പല വള്ളികളുടേയും, മരങ്ങളുടേയും, മൃഗങ്ങളുടേയും, പക്ഷികളുടേയും അടുക്കൽ ചെന്നു നളനെ കണ്ടുവോ എന്നു ചോദിച്ചുകൊണ്ടു് അലഞ്ഞുതിരിഞ്ഞു. [മദനദശകളിൽ ഉന്മാദം എന്ന അവസ്ഥയെ ഇതിൽ വിവരിച്ചിരിക്കുന്നു.]

"ശോകമേ മമ വരൂ നൃലോകപു-
ണ്യൌഘമേ നളനെ നീയശോകമേ
വൈകൊലാ കഥയ കണ്ടിതോ ഭവാ-
നാകുലം തളിർ കൊതിച്ചുപാഗതം." ൯൯

ശോകമേ മമ വരൂ=എനിക്ക ദുഃഖം മാത്രമേ വരികയുള്ളു· നൃലോകപുണ്യൌഘമേ=മനുഷ്യലോകത്തിന്റെ പുണ്യങ്ങൾ ഒന്നിച്ചുകൂടി ഇരിക്കുന്നതുപോലെ വർത്തിക്കുന്നവനേ. അശോകമേ=അശോകവൃക്ഷമേ. ഭവാൻ=അങ്ങ്. തളിർ കൊതിച്ചുപാഗതം=തളിര കൊതിച്ചു വന്ന. ആകുലം നളനെ=പരവശനായ നളനെ. കണ്ടിതോ=കണ്ടുവോ. കഥയ=പറഞ്ഞാലും. അല്ലയോ മനുഷ്യലോകത്തിന്റെ പുണ്യസഞ്ചയം ഉടലെടുത്തതുപോലിരിക്കുന്ന അശോകമേ, അങ്ങു നളനെ കണ്ടുവോ? അശോകത്തളിർ അദ്ദേഹത്തിന്ന് അതിപ്രിയമാകയാൽ അതിലുള്ള കൊതികൊണ്ട് അങ്ങയുടെ അടുക്കൽ വരുവാൻ ന്യായമുണ്ട്. അങ്ങ് അശോകം (ശോകമില്ലാത്തത്) ആണ്. എനിക്കാണെങ്കിൽ ശോകമേ ഉള്ളുതാനും. ശോകമുള്ള ആളുടെ ശോകം തീർക്കേണ്ടത് അശോകത്തിന്റെ ധർമ്മമാണെന്ന് ആശയം.

മല്ലികേ നവലതാമതല്ലികേ
ചൊല്ലു നീ നളനെയിന്നു കണ്ടിതോ
വല്ലഭന്നു പുനരൊന്നു നിങ്കലുൽ-
ഫുല്ലഫുല്ലമൊഴികെപ്പൊരുന്നുമോ. ൱

നവലതാമതല്ലികേ=പുതിയതും ശ്രേഷ്ഠവുമായ വള്ളി. മല്ലികേ എന്നു സംബോധന. വല്ലഭന്നു=പ്രിയന്ന്. നിങ്കലുൽഫുല്ലഫുല്ലമൊഴികെ=നിങ്കൽ ഉൽഫുല്ലമായ (വിടൎന്ന) ഫുല്ലം (പുഷ്പം) ഒഴിച്ച്. പുനരൊന്ന്=വേറെ ഒന്ന്. പൊരുന്നുമോ=യോജിക്കുമോ. അല്ലയോ ശ്രേഷ്ഠലതയായ മല്ലികേ, നീ നളനെ കണ്ടുവോ? നിന്നിൽ വിരിഞ്ഞ പുഷ്പമല്ലാതെ മറെറാന്നും അദ്ദേഹത്തിന്നു യോജി

കയില്ല. അതിനാൽ നിന്റെ അടുക്കൽ വരുവാൻ കാരണമാണെന്നു ഹൃദയം.

പുഷ്പജാതിഷു നിനക്കു മേന്മ ഭുവി
ജാതി നീ കഥയ സാദരം
തൽപ്രസൂനമിതറുപ്പതിന്നു നള-
നാം നരേന്ദ്രനിഹ വന്നിതോ
തല്പസീമ്നി തവ മോഹനാനി കുസു-
മാന്യറുത്തു ധരണീതലാ-
കല്പമിന്നുടനഴിച്ചു കുന്തൽ മമ
ചൂടുമോ പെരുത്തു ചൂടു മേ. നൃഫ

ഹേ ജാതി=അല്ലയോ പിച്ചകമേ. ഭുവി പുഷ്പജാതിഷു നിനക്കു മേന്മ=ഭൂമിയിൽ പുഷ്പജാതികളിൽവെച്ചു നിനക്കു മേന്മയുണ്ടു്. നീ സാദരം കഥയ=നീ ആദരവോടുകൂടി പറഞ്ഞാലും. തൽപ്രസൂനം=നിന്റെ പുഷ്പം. തല്പസീമ്നി=ശയ്യയിൽ. മോഹനാനി കുസുമാനി=മനോഹരങ്ങളായ പുഷ്പങ്ങളെ. ധരണീതലാകല്പം=ഭൂതലത്തിന്നു ആകല്പം (ഭൂഷണം) ആയിട്ടുള്ളവൻ. കുന്തൽ=തലമുടി. അല്ലയോ പിച്ചകമേ, പുഷ്പജാതികളിൽവെച്ചു നിനക്കാണു് മേന്മ. അതിനാൽ പറയു നളമഹാരാജാവു നിന്റെ പൂവറുക്കാൻ വന്നുവോ? അദ്ദേഹം ഇന്നു നിന്റെ മോഹനകുസുമങ്ങളെ അറുത്തു് എന്റെ തലമുടി അഴിച്ചു് അതിൽ ചൂടുമോ? എനിക്കു ചൂടു വളരെ അധികമാണു്.

നളിനദളേക്ഷണനല്ലോ
നളനിതി നളിനങ്ങളേ സമേതാ ഞാൻ
നളിനശരായുധമാം നി-
ങ്ങളുമിഹ പൊള്ളുകം പ്രകാരമായീതോ. നൃഫ

നളിനങ്ങളേ=ഹേ താമരപ്പൂക്കളേ. നളിനദളേക്ഷണനല്ലോ നളൻ=താമരപ്പൂവിതളുകൾപോലെ കണ്ണുകളുള്ളവനാണല്ലോ നളൻ.

ഇതി ഞാൻ സമേതാ=എന്നു വിചാരിച്ചാണ്, ഞാൻ ആഗതയായത്. നളിനശരായുധമാം നിങ്ങളും=കാമദേവന്റെ ശരമായ നിങ്ങളും. പൊളളുകംപ്രകാരമായിതോ=പൊളളുംപ്രകാരം ആയിച്ചമഞ്ഞുവോ. താമരപ്പൂക്കളുടെ ഇതളുകൾക്കൊത്ത കണ്ണുകളുളളവനാണല്ലോ നളൻ എന്നു കരുതിയാണ് നളനെത്തിരഞ്ഞു നടക്കുന്ന ഞാൻ നിങ്ങളുടെ അടുക്കൽ വന്നത്, കാമദേവന്റെ ആയുധമായ നിങ്ങളും അടുത്തു വന്നവരെ പൊള്ളിക്കത്തക്കവിധം അത്ര ക്രൂരങ്ങളായിച്ചമഞ്ഞുവോ? നളിനങ്ങൾ അവയ്ക്കു ചേരാത്തവിധം "പൊള്ളുംപ്രകാര"മായി എന്നു പറഞ്ഞിരിക്കയാൽ അലങ്കാരം വിഷമം.

ചമ്പകമേ മന്മഥനെ-
യ്യമ്പുകൾകൊണ്ടെന്റെ ധൈര്യമുലയുന്നു
അമ്പകമേ തവ വരുവാൻ
നിമ്പദമേവാശ്രയാമി പുണ്യനിധേ. ന്നമ്പ

ചമ്പകമേ എന്നു സംബോധന. മന്മഥൻ=കാമൻ. എയ്യു=പ്രയോഗിച്ച. ധൈര്യം=ധീരത. അമ്പ്=സ്നേഹം, ദയ. നിമ്പദം=നിന്റെ കാൽ. ആശ്രയാമി=ഞാൻ ആശ്രയിക്കുന്നു. പുണ്യനിധേ എന്നു സംബോധന. ഹേ ചമ്പകമേ, മാരൻ വിട്ട ശരങ്ങൾകൊണ്ട് എന്റെ ധൈര്യം കെടുന്നു നിനക്കെന്നിൽ സ്നേഹമുണ്ടാവാൻ ഞാൻ നിന്റെ കാൽതന്നെ ആശ്രയിക്കുന്നു.

ആധി മേ മനസി ഹന്ത പാരമേ
കാതരാസ്മി വരടാസുഖൌഘമേ
ശംസ മേ രമണമിന്നു കണ്ടിതോ
ഹംസമേ ഖഗകലാവതംസമേ. ന്നര്

ആധി=മനോവ്യഥ. മേ മനസി=എന്റെ മനസ്സിൽ. പാരമേ=വളരെ ഉണ്ട്. അഹം കാതരാ അസ്മി=ഞാൻ ഭയത്താൽ ചകിതയായി ഭവിക്കുന്നു. ഹേ വരടാസുഖൌഘമേ=അല്ലയോ വരടയുടെ സുഖപുഞ്ജമായവനേ. ശംസ=പറഞ്ഞാലും. മേ രമണം=എ

ന്റെ കാന്തനെ. ഹംസമേ=അരയന്നമേ. ഖഗാകലാവതംസമേ= പക്ഷിസമൂഹത്തിന്നു് അവതംസം (ശിരോലങ്കാരം) ആയവനേ. അല്ലയോ ഹംസമേ, എനിക്ക മനസ്സിൽ വലിയ സങ്കടമുണ്ടു്. മ ന്നാവിനെ കാണായ്കയാൽ ഞാൻ മയചകിതയായിരിക്കുന്നു. എ ന്റെ കാന്തനെ നീ കണ്ടുവോ, പറഞ്ഞാലും.

ദുരാപമാശ്രു നിന്നെ ഞാൻ
പ്രിയാസഹായമന്തികേ
സരാഗമിന്നു കാണ്കയാൽ
നളാവലോകമേഷ്യമോ
കരോമി കിന്നു മന്മഥൻ
നിതാന്തദൃഷ്ടനൊട്ടുമേ
പൊറാതൊരാധി മാനസേ
ചകാര മേ ചകോരമേ. നള

ദുരാപം=കണ്ടെത്തുവാൻ പ്രയാസമായ. പ്രിയാസഹായം= പ്രിയയോടുകൂടിയ. അന്തികേ=അരികത്തു്. സരാഗം=രാഗത്തോ ടുകൂടിയ. നളാവലോകം=നളന്റെ ദർശനം. ഏഷ്യമോ=ലഭിക്ക മോ. അഹം കിന്നു കരോമി=ഞാൻ എന്തു ചെയ്യുന്നു. നിതാന്ത ദൃഷ്ടൻ=ഏററവും ദൃഷ്ടൻ. പൊറാതൊരാധി=പൊറുക്കാൻ വയ്യാ ത്ത ദുഃഖം. ചകാര=ചെയ്തു. ചകോരമേ എന്നു സംബോധന. (ചകോരം=ചെമ്പോത്തു്) അല്ലയോ ചകോരമേ, നിന്നെ പ്രിയ യോടുകൂടി അനുരാഗയുക്തനായി കണ്ടെത്തുവാൻ പ്രയാസമുണ്ടു്. ആ നിലയിൽ ഇപ്പോഠം നിന്നെ കാണുകയാൽ എനിക്ക നളദർശ നം ലഭിക്കുമോ? ഞാനെന്തു ചെയ്യുന്നു. ദൃഷ്ടതയേറിയ കാമൻ എ ന്റെ മനസ്സിൽ അസഹ്യമായ ആധി ഉണ്ടാക്കിത്തീൎത്തു [ഇണ ചേൎന്നിരിക്കുന്ന ചകോരത്തെ കാണുന്നതു ശുഭശകുനമാണെന്നു പറ യാറുണ്ടു്.] ജ. ര. ജ. ര. ജ. എന്നീ ഗണങ്ങളും ഒടുവിലൊരു ഗുരുവും വരികയാൽ വൃത്തം പഞ്ചചാമരം.

ഖഗങ്ങളേ മൃഗങ്ങളേ
വിശാലഭൂരുഹങ്ങളേ
ദൃഗഞ്ചലേന മഞ്ജു നോ-
ക്കമേണശാബകങ്ങളേ
നഗങ്ങളേ ഗജങ്ങളേ
മനോജ്ഞവണ്ടിനങ്ങളേ
സുഖേന നിങ്ങൾ കണ്ടിതോ
ഘനേ വനേ നളം നൃപം." എന്നു

ഖഗങ്ങൾ=പക്ഷികൾ. മൃഗങ്ങൾ=മൃഗജാതികൾ. വിശാലഭൂരുഹങ്ങൾ=പടൎന്നുനില്ക്കുന്ന മരങ്ങൾ. ദൃഗഞ്ചലേന മഞ്ജു നോക്കമേണശാബകങ്ങൾ=കണ്ണിന്റെ അഞ്ചലം (അഗ്രം)കൊണ്ടു മനോഹരമായി നോക്കുന്ന മാൻകുട്ടികൾ; മൃഗങ്ങൾ, പൎവ്വതങ്ങൾ, ഗജങ്ങൾ, (ആനകൾ), മനോഹരമായ വണ്ടിൻകൂട്ടങ്ങൾ. (എല്ലാററിന്റേയും സംബോധന.) സുഖേന=സുഖത്തോടുകൂടി. ഘനേ വനേ=തിങ്ങിയ കാട്ടിൽ. നളം നൃപം=നളരാജാവിനെ. കാട്ടിൽ ജീവിക്കുന്ന പക്ഷികൾ മൃഗങ്ങൾ വൃക്ഷങ്ങൾ മാൻകുഞ്ഞുങ്ങൾ, പൎവ്വതങ്ങൾ, ഗജങ്ങൾ, വണ്ടുകൾ എന്നീ വസ്തുക്കളെ! ഈ തിങ്ങിയ കാട്ടിൽ നിങ്ങൾ നളനെക്കണ്ടുവോ?

പ്രത്യബ്ജം പ്രതിഷട്പദം പ്രതിലതം
പ്രത്യുഗ്രപഞ്ചാനനം
പ്രത്യദ്രി പ്രതിസിന്ധുരം പ്രതിസരഃ
പ്രത്യാപഗം പ്രത്യഗം
പ്രത്യേണം പ്രതികോകിലം പ്രതിശിലം
ബാലാ വിയോഗാകുലാ
പ്രത്യേകം പ്രതിവസ്തു ഭീമതനയാ
പപ്രച്ഛ കാന്തം നളം. എന്ന

ഭീമതനയാ=ദമയന്തി. പ്രത്യബ്ജം=അബ്ജം (താമര) തോറും. പ്രതിഷട്പദം=വണ്ടുകൾതോറും. പ്രതിലതം=വള്ളികൾതോറും. പ്രത്യുഗ്രപഞ്ചാനനം=ഉഗ്രന്മാരായ പഞ്ചാനനന്മാർ (സിംഹത്താന്മാർ)തോറും. പ്രത്യദ്രി=പർവ്വതങ്ങൾതോറും. പ്രതിസിന്ധുരം=ഗജങ്ങൾതോറും. പ്രതിസരഃ=സരസ്സുകൾതോറും. പ്രത്യാപഗം=ആപഗകൾ (നദികൾ)തോറും. പ്രത്യഗം=അഗങ്ങൾ (വൃക്ഷങ്ങൾ)തോറും. പ്രത്യേണം=മാനുകൾതോറും. പ്രതികോകിലം=കുയിലുകൾതോറും. പ്രതിശിലം=കല്ലുകൾതോറും. പ്രത്യേകം പ്രതിവസ്തു=ഓരോരോന്നായി എല്ലാ വസ്തുക്കൾതോറും. കാന്തം നളം പപ്രച്ഛ=കാന്തനായ നളനെ ചോദിച്ചു. 'ബാലാ വിയോഗാകുലാ' എന്നിവ ഭീമതനയയുടെ വിശേഷണങ്ങൾ. സാരം സ്പഷ്ടം. ഉന്മാദത്തിന്റെ മൂർദ്ധന്യാവസ്ഥ ഈ ശ്ലോകത്തിൽ കാണിച്ചിരിക്കുന്നു.

ഏണാക്ഷീകുലമാലികയ്ക്കഥ തദാ
തൻമുമ്പിലൃഷ്യാശ്രമം
കാണായീ രമണീയമങ്ങൊരു നദീ-
കൂലേ മുനീന്ദ്രാവൃതം
നാനാരൂപവിഹംഗമാകുലലതാ-
ഗുല്മാന്തരാളം മുനി-
ശ്രേണീപോഷിതവേദഘോഷമതു ക-
ണ്ടേഷാ മുതോഷാധികം. സ്ര്വ

വനത്തിൽ ഭ്രമിക്കുന്നതിനിടയിൽ ദമയന്തി മഹർഷിമാരുടെ ഒരാശ്രമത്തെ കാണുന്നു:– ഏണാക്ഷീകുലമാലികയ്ക്ക്=സുന്ദരീകുലത്തിനു മാലയായവൾക്ക്. ഋഷ്യാശ്രമം=മഹർഷിമാരുടെ ആശ്രമം. രമണീയം=മനോഹരം. നദീകൂലേ=നദിയുടെ തീരത്തിൽ. മുനീന്ദ്രാവൃതം=മുനീന്ദ്രന്മാരാൽ ചുററപ്പെട്ടതു്. നാനാരൂപവിഹംഗമാകുലലതാഗുല്മാന്തരാളം=നാനാരൂപങ്ങളായ വിഹംഗമങ്ങളാൽ (പക്ഷികളാൽ) ആകുലങ്ങളായ ലതാഗുല്മങ്ങളുടെ (വള്ളിക്കുടിലുകളു

ളുടെ) അന്തർഭാഗങ്ങളോടുകൂടിയതു്. മുനിശ്രേണീപോഷിതവേദഘോഷം=മുനിസമൂഹങ്ങളാൽ പോഷിപ്പിക്കപ്പെട്ട വേദഘോഷങ്ങളോടുകൂടിയതു് (എല്ലാം ഋഷ്യാശ്രമത്തിന്റെ വിശേഷണം) ഏഷാ അധികം തുതോഷ=ഇവൾ ഏററവും സന്തോഷിച്ചു. ഈ സന്ദർഭത്തിൽ ദമയന്തിക്കു തന്റെ മുമ്പിലായിട്ടു മഹർഷിമാരുടെ ഒരാശ്രമം നദീതീരത്തിലായി കാണുമാറായി. അതു രമണീയവും, മുനീന്ദ്രന്മാരാൽ ചുററപ്പെട്ടതും പല രൂപത്തിലുള്ള പക്ഷികൾ നിറഞ്ഞ ലതാവലയങ്ങളോടുകൂടിയതും, മുനിമാർ ഓത്തു ചൊല്ലുന്നതിന്റെ ഘോഷത്തോടുകൂടിയതുമായിരുന്നു.

ആയാന്തീമിഹ കണ്ടു കാസി വിപിനേ
താനേ നടന്നീടുവാൻ
കോയം ഹേതുരിഹാരെ നീ വടിവിലാ-
രായുന്നിതസ്മിൻ വനേ
ജായാ കസ്യ മഹാത്മനോ ഭുവി സുതാ
കസ്യാസി നീയെന്നിമാം
ജ്യായാംസോ മുനിപുംഗവാഃ കുതുകിനഃ
പപ്രച്ഛുരത്യാദരാൽ. ൩൯

ആയാന്തീം താം=വരുന്ന അവളെ. തപം കാ അസി=നീ ആരാകുന്നു. വിപിനേ താനേ നടന്നീടുവാൻ കോയം ഹേതുഃ=കാട്ടിൽ തനിച്ചു നടക്കുവാൻ എന്താണു് കാരണം. ഇഹ അസ്മിൻ വനേ=ഇവിടെ ഈ കാട്ടിൽ. ആരെ നീ ആരായുന്നിതു്=ആരെയാണു് നീ തിരയുന്നതു്. ഭുവി കസ്യ മഹാത്മനഃ ജായാ കസ്യ സുതാ ച അസി=ഭൂമിയിൽ ഏതു മഹാത്മാവിന്റെ ഭാര്യയും ഏതാളുടെ മകളുമാണു് നീ. ജ്യായാംസഃ മുനിപുംഗവാഃ കുതുകിനഃ ഇതി അത്യാദരാൽ പപ്രച്ഛുഃ=ശ്രേഷ്ഠന്മാരായ മുനീന്ദ്രന്മാർ കൌതുകത്തോടുകൂടി ഇങ്ങിനെ ആദരവോടെ ചോദിച്ചു. സാരം സ്പഷ്ടം.

സാ മോദാത്താനവാദീ"നിഷധനരപതേഃ
പ്രേയസീ ഞാൻ പിതാ മേ
ഭീമോ രാജാ പ്രിയോ മേ വിഗളിതനിജരാ-
ജ്യോഭവൽ ദ്യൂതഹേതോഃ
ഭീമായാമേ വനാന്തേ ദയിതമനുസര-
ന്തീമിമാം തദ്വിഹീനാം
വ്യാമോഹാൽ സഞ്ചരന്തീമിഹ ബത ദമയ-
ന്തീം വിജാനീത യൂയം." ൧൦

സാ=അവരം മോദാൽ താൻ അവാദീൽ=സന്തോഷത്തോടു കൂടി അവരോടു പറഞ്ഞു. നിഷധനരപതേഃ പ്രേയസീ ഞാൻ= നിഷധരാജാവിന്റെ ഭാര്യയാണ് ഞാൻ. മേ പിതാ ഭീമഃ രാജാ= എന്റെ അച്ഛൻ ഭീമനെന്ന രാജാവാണ്. മേ പ്രിയഃ ദ്യൂതഹേതോഃ വിഗളിതരാജ്യഃ അഭവൽ=എന്റെ പ്രിയൻ ദ്യൂതം (ചൂതു്) ഹേതുവായിട്ടു രാജ്യം പോയവനായി ഭവിച്ചു. ഭീമായാമേ വനാന്തേ=ഭീമമായ ആയാമത്തോടു (ദീഘതയോടു) കൂടിയ വനമദ്ധ്യത്തിൽ. ദയിതം അനുസരന്തീം=പ്രിയനെ അനുസരിക്കുന്നവളും, തദ്വിഹീനാം വ്യാമോഹാൽ ഇഹ സഞ്ചരന്തീം ദമയന്തീം=അദ്ദേഹത്തോടു കൂടാത്തവളായി വ്യാമോഹം ഹേതുവായിട്ട് ഇവിടെ സഞ്ചരിക്കുന്നവളുമായ ദമയന്തിയെന്നു്. യൂയം വിജാനീത=നിങ്ങൾ അറിയുവിൻ. ഞാൻ നളനെ തിരഞ്ഞു നടക്കുന്ന ദമയന്തിയാണെന്നു മനസ്സിലാക്കുവിൻ.

"മംഗലം ഭവതു കാന്തനോടിനി-
സ്സംഗമോത്ര ഭവിതാ സുഖേന തേ"
അംഗനാമിതി വദന്ത ഏവ തേ
പുംഗവാ നിയമിനാം തിരോദധുഃ. ൧൧

മംഗലം ഭവതു=മംഗലം ഭവിക്കട്ടെ. ഇനി തേ അത്ര കാന്തനോടു സംഗമഃ ഭവിതാ=ഇനി നിനക്ക് ഇവിടെ കാന്തനോടുള്ള

സംഗമം ഭവിക്കും. അംഗനാം ഇതി വാദന്തഃ ഏവ=അംഗനയോടി ങ്ങനെ പറഞ്ഞുകൊണ്ടുതന്നെ. തേ നിയമിനാം പുംഗവാഃ=ആ നിയമികളുടെ (മഹർഷിമാരുടെ) ശ്രേഷ്ഠന്മാർ. തിരോദധുഃ=മറഞ്ഞു. സാരം സ്പഷ്ടം. [പുംഗവശബ്ദം ഉത്തരപദമായി വന്നാൽ ശ്രേഷ്ഠ വാചകമാണ് എന്നാകുന്നു വ്യവസ്ഥ. അപ്പോൾ "നിയമിപുംഗ വാഃ" എന്നല്ലാതെ 'നിയമിനാം പുംഗവാഃ' എന്ന പ്രയോഗം സാ ധുവാണെന്നു പറഞ്ഞുകൂടാ.]

കണ്ടീലാഞ്ഞളവമ്മുനീന്ദ്രപടലീം
പണ്ടേതിലൊട്ടേററമുൽ-
ക്കണ്ഠാ പോന്നു വിളഞ്ഞനേരമണയു-
ന്നോരം ത്രിയാമാഗമേ
തണ്ടാർബാണനണഞ്ഞു ഹന്ത വിശിഖാ-
നെയ്യുന്ന നേരത്തിലേ
കണ്ടാളധ്വനി ഘോരഭൂരുഹലതാ-
കീർണ്ണാമരണ്യാവലീം. വൈ

അമ്മുനീന്ദ്രപടലീം കണ്ടീലാഞ്ഞളവ്=ആ മുനീന്ദ്രസമൂഹ ത്തെ കാണാതായപ്പോൾ. പണ്ടേതിലൊട്ടേററമുൽക്കണ്ഠാ പോന്നു വിളഞ്ഞനേരമണയുന്നോരം=മുമ്പുണ്ടായിരുന്നതിലധികം ഉൽക്കണ്ഠ യുണ്ടായി വളർന്നുവന്ന സമയത്ത്. ത്രിയാമാഗമേ=രാത്രിയുടെ വര വിൽ. തണ്ടാർബാണനണഞ്ഞു വിശിഖാൻ എയ്യുന്ന നേരത്തിലേ =കാമൻ അടുത്തു് വിശിഖങ്ങളെ (ശരങ്ങളെ) പ്രയോഗിക്കുന്ന നേ രത്തു്. അധ്വനി ഘോരഭൂരുഹലതാകീർണ്ണാം അരണ്യാവലീം ക ണ്ടാൾ=അധ്വാവിൽ (വഴിയിൽ) ഭയങ്കരങ്ങളായ ഭൂരുഹങ്ങൾ (മര ങ്ങൾ) ലതകൾ എന്നിവ നിറഞ്ഞ അരണ്യസമൂഹത്തെ കണ്ടു. 'ഹന്ത' എന്നതു് അനുകമ്പാദ്യോതകം. ആശീർവ്വാദം ചെയ്ത ഉട നെ മഹർഷിമാരെ കാണാതെയായി. അപ്പോൾ മുമ്പിലത്തേക്കാള ധികം ഉൽക്കണ്ഠയുണ്ടായി. രാത്രി ആരംഭിച്ചു. കാമദേവൻ അണ

ഞ്ഞു് അമ്പുകളും എയ്തുതുടങ്ങി. ഇങ്ങനെയുള്ള സമയത്തു വഴിയിൽ വന്മരങ്ങളും വള്ളികളും നിറഞ്ഞു ഭയങ്കരമായി നില്ക്കുന്ന അടവിയെ ദമയന്തി കണ്ടു.

ഗദ്യം

അസ്തഗിരീശ്വരമസ്തകസീമനി ഭാസ്കരഭഗവാൻ മറയുന്നേരം— ഗതവതി സവിതരി ഗുഹകളിൽനിന്നിത്തിമിരകരീശ്വരരിളകുന്നേരം ദിക്ഷു വിദിക്ഷു ച മുഷ്കരമായ തരക്ഷുഗണങ്ങൾ തിമർക്കുന്നേരം— കാട്ടിൻനടുവിൽ കാട്ടാളാവലി കൂട്ടംകൂടിപ്പാടുന്നേരം— മല്ലീവല്ലീഫുല്ലാവലിരിഹ മെല്ലെ മെല്ലെ വിരിയുന്നേരം— (പക്ഷികൾ വൃക്ഷാവലിയിലടങ്ങിയിണങ്ങിമയങ്ങിയുറങ്ങുന്നേരം— കാമുകപടലികൾ കാമുകിമാർതൻ കോമളമുലകളിലണയുന്നേരം—) ക്രോഷ്ടൄണാം തതി കാട്ടിൻനടുവേ കൂട്ടംകൂടിക്കരയുന്നേരം— മയിലുകൾ പീലികൾ ചാല വിരിച്ചു നൃത്തമുമാടിയടങ്ങുന്നേരം— ഞെട്ടുഞെടയുടനടനടവികൾതോറും കരടികൾ കടുതരമലറുന്നേരം— ഭക്ഷ്യം തേടിന രാക്ഷസപടലീതീക്ഷ്ണനിനാദം കലരുന്നേരം— ശ്രോത്രാനന്ദം ചേർത്തീടാതെ ദാത്യൂഹാവലി കരയുന്നേരം— പിശിതാശനശതബഹുളപിശാചികളശിവനിനാദം കലരുന്നേരം— കുന്നുകൾപോലേ കുന്നിവരും ചില പന്നികളോടിച്ചാടുന്നേരം— കാനനനികരേ വിരഹിതവിവരേ ദീനതപൂണ്ടു നടന്നുമുഴന്നും സർപ്പാനുഗ്രാൻ ദർപ്പോദഗ്രാനഭ്യാശേ കണ്ടാശു വിറച്ചും ഗമനനിരാശാ കുഹചന ദേശേ നിഷസാദൈഷാ മഹിതാ യോഷാ.

അസ്തഗിരീശ്വരമസ്തകസീമനി=അസ്തമയപർവ്വതത്തിന്റെ ശിഖരത്തിൽ. ഭാസ്കരഭഗവാൻ=സൂര്യദേവൻ. സവിതരി ഗതവതി

സ്തി=സൂര്യൻ പോയപ്പോരം. തിമിരകരീശ്വരർ=ഇരുട്ടുകളാകുന്ന ആനത്തലവന്മാർ. ഭിക്ഷു വിഭിക്ഷു മാ=ദിക്കുകളിലും മുക്കുകളിലും. മുഷ്കരമായ തരക്ഷുഗണങ്ങരം=ക്രൂരമായ തരക്ഷുക്കളുടെ (കരടികളുടെ) ഗണങ്ങരം. കാട്ടാളാവലി=കാട്ടാളക്കൂട്ടം. കൂട്ടംകൂടി=സംഘംചേർന്ന്. മല്ലീവല്ലീഫുല്ലാവലി=മുല്ലവള്ളികളിലെ പുഷ്പസമൂഹം. വൃക്ഷാവലിയിൽ=വൃക്ഷജാലങ്ങളിൽ. ഇണങ്ങി=ഇണങ്ങിച്ചേർന്ന്. കാമുകപടലികരം=കാമുകന്മാരുടെ കൂട്ടങ്ങരം. ക്രോഷ്ടൃണാം തതി=കുറുക്കന്മാരുടെ കൂട്ടം. നൃത്തം=ആട്ടം. അടവികരം=കാടുകരം. കടുതരം=അതികഠിനമായി (ക്രി. വി) രൂക്ഷത=ക്രൂരത. രാക്ഷസപടലി=രാക്ഷസക്കൂട്ടം. തീക്ഷ്ണനിനാദം=തീക്ഷ്ണമായ ശബ്ദം. ശ്രോത്രാനന്ദം=കാതുകരംക്ക സന്തോഷം. ദാത്യൂഹാവലി=ദാത്യൂഹങ്ങളുടെ (നത്തുകളുടെ) കൂട്ടം. പിശിതാശനശതബഹുളപിശാചികരം=പിശിതാശനശതങ്ങളും വളരെ പിശാചികളും (പിശിതാശനശതങ്ങരം—പിശിതാശനന്മാരുടെ അതായത് പച്ചമാംസം തിന്നുന്നവരുടെ സമൂഹങ്ങരം). അശിവനിനാദം=അശുഭമായ ശബ്ദം. കന്നിവരും=പൊന്തിവരുന്നു. കാനനനികരേ=വനസമൂഹത്തിൽ. വിരഹിതവിവരേ=വിവരം (മാർഗ്ഗം) ഇല്ലാത്തതായ ('കാനനനികരേ' വിശേഷണം). ഉഗ്രാൻ ദർപ്പോദഗ്രാൻ സർപ്പാൻ=ഉഗ്രങ്ങളും ദർപ്പമേറിയവയുമായ സർപ്പങ്ങളെ. അഭ്യാശേ=സമീപത്തിൽ. ഗമനനിരാശാ=ഗമനത്തിങ്കൽ ആശയില്ലാത്തവളായി. കഹചന ദേശേ=ഒരു സ്ഥലത്ത്. ഏഷാ മഹിതാ യോഷാ=ഈ മാന്യയായ സ്ത്രീ (ദമയന്തി). നിഷസാദ=ഇരുന്നു. സൂര്യൻ അസ്തമിച്ചു. ഗുഹകളിൽനിന്നു ഇരുട്ടുകളാകുന്ന ആനത്തലവന്മാർ ഇളകിപ്പുറപ്പെട്ടു. ക്രൂരതയേറിയ കരടിക്കരടങ്ങന്മാർ സകലദിക്കിലും പുളച്ചുതുടങ്ങി. കാട്ടാളന്മാർ വനമദ്ധ്യത്തിൽ സംഘംചേർന്നു പാട്ടുകരം പാടി. മുല്ലപ്പൂക്കരം വിരിഞ്ഞു. കാമുകന്മാർ കാമിനിമാരിൽ അണഞ്ഞു. കുറുക്കന്മാർ കൂട്ടംകൂടി ഓരിയിട്ടുതുടങ്ങി. മയിലുകരം പീലി വിരുത്തി ആട്ടമാടി അടങ്ങി.

കരടികൾ കാട്ടുകളിൽ ഞെട്ടഞെട്ടെ അലറി. രാക്ഷസന്മാർ തീക്ഷ്ണമായി ഗർജ്ജിച്ചു. നത്തുകൾ ഉഗ്രമായി പുലമ്പിത്തുടങ്ങി. രക്ഷസ്സുകളും പിശാചികളും ഘോരമായി ശബ്ദിച്ചു. പന്നികൾ മാടിച്ചാട്ടുവാൻതുടങ്ങി. കാട്ടിലാണെങ്കിൽ വഴി തെളിഞ്ഞു കാണുന്നതുമില്ല. ദർപ്പമേറിയ സർപ്പങ്ങൾ അരികത്തു കാണപ്പെട്ടു—ഇങ്ങനെയുള്ള സമയത്തു തുടൎന്നു യാത്രചെയ്വാൻ ആശയില്ലാതായി ദമയന്തി ഒരു സ്ഥലത്തിരിപ്പായി.

കാൎശ്യം ചേൎത്തു കോകങ്ങളിലഖിലചകോ-
രാവലീപ്രാണരക്ഷാ-
ചാതുൎയ്യം കൈവളൎത്തിസ്സകലകമുദിനീ-
കാമിനീപുണ്യഭൂമാ
വൈധുൎയ്യാവേഗദായീ വിരഹിഷു സുഷമാ-
പൂരപീയൂഷധാരാ-
മാധുൎയ്യം പോഷയൻ ദേഹിഷു പുനരുദിയാ-
യൈഷ പീയൂഷധാമാ. ൩൯

ചന്ദ്രോദയവൎണ്ണനം:—കാൎശ്യം=ദൈൎഘ്യക്ഷയം. കോകങ്ങൾ=ചക്രവാകപ്പക്ഷികൾ. അഖിലചകോരാവലീപ്രാണരക്ഷാചാതുൎയ്യം=എല്ലാ ചകോരാവലികളുടേയും പ്രാണരക്ഷചെയ്യുന്നതിന്നുള്ള സാമൎത്ഥ്യം. സകലകമുദിനീകാമിനീപുണ്യഭൂമാ=എല്ലാ കമുദിനികൾ (ആമ്പലുകൾ) ആകുന്ന കാമിനിമാരുടെ സുകൃതാതിശയമായ. വിരഹിഷു വൈധുൎയ്യാവേഗദായീ=വിരഹികളിൽ വൈധുൎയ്യാവേഗത്തെ (അധികമായ പാരവശ്യത്തെ) ദാനംചെയ്യുന്ന. ദേഹിഷു സുഷമാപൂരപീയൂഷധാരാമാധുൎയ്യം പോഷയൻ=ശരീരികളിൽ സുഷമാപൂരം (പ്രഭാതിശയം) ആകുന്ന അമൃതധാരയുടെ മാധുൎയ്യത്തെ പോഷിപ്പിക്കുന്നവനായ. ഏഷഃ പീയൂഷധാമാ പുനഃ ഉദിയായ=ഈ ചന്ദ്രൻ പിന്നെ ഉദിച്ചു. ചക്രവാകങ്ങൾക്കു ദൈൎഘ്യക്ഷയവും ചകോരങ്ങൾക്കു പ്രാണരക്ഷയും ചെയ്യുന്നവനും, ആമ്പലുകളുടെ സുകൃതാ

തിശയമായവനും, വിരഹികൾക്ക വിവശത നല്കുന്നവനും, ശരീരികളിലെല്ലാം പ്രമോദപൂരമാകുന്ന അമൃതധാരയെ പൊഴിക്കുന്നവനുമായ ചന്ദ്രൻ ഉദിച്ചു.

കാണാഞ്ഞൊന്നും നടപ്പാനൊരു കുറി വശമ-
ല്ലാഞ്ഞുഴന്നദ്ധ്വഭാഗേ
പ്രാണാപായാതിഭീത്യാ ക്വചന ഭുവി നിഷ-
ണ്ണാ വിഷണ്ണാ നതാംഗീ
ഏണാങ്കൻ പോന്നുദിച്ചോരളവിലഖിലമൊ-
ട്ടൊട്ടു കണ്ടാശ്വസന്തീ
ദീനാ സാ കാനനേ കോമളപദയുഗളാ
ഹന്ത ചണ്ഡേ ജിഹിണ്ഡേ. ൭൪

കാണാഞ്ഞൊന്നും=ഒന്നും കാണായ്കയാൽ. ഒരു കുറി=ഒരു ലക്ഷ്യം. അദ്ധ്വഭാഗേ=വഴിയിൽ. പ്രാണാപായാതിഭീത്യാ=പ്രാണനാശം വരുമെന്നുള്ള അതിഭയത്താൽ. ക്വചന=ഒരിടത്തു്. ഭുവി നിഷണ്ണാ=നിലത്തു് ഇരുന്നവളും. വിഷണ്ണാ=വിഷാദിച്ചവളും ആയ. നതാംഗീ=സുന്ദരി. ഏണാങ്കൻ=ചന്ദ്രൻ. അഖിലം=എല്ലാം. ആശ്വസന്തീ=ആശ്വസിക്കുന്നവളായിട്ടു്. ദീനാ സാ=ദീനയായ ആ ദമയന്തി. കാനനേ=കാട്ടിൽ. കോമളപദയുഗളാ=മൃദുവായ കാലടികളുള്ളവൾ. (ദമയന്തീവിശേഷണം). ചണ്ഡേ=ക്രൂരമായ (കാനനത്തിന്റെ വിശേഷണം). ജിഹിണ്ഡേ=ഹിണ്ഡനംചെയ്തു (ചുററിത്തിരിഞ്ഞു). വഴിയിൽ ഒന്നും ഒരു ലക്ഷ്യവും കാണായ്കയാൽ നടപ്പാൻ വയ്യാതായതുകൊണ്ടു വല്ലേടത്തും വീണു പ്രാണൻ പോയേയ്ക്കുമെന്നുള്ള ഭയംനിമിത്തം ഒരു സ്ഥലത്തിരുന്നു വിഷാദിച്ചിരുന്ന ദമയന്തി ചന്ദ്രനുദിച്ചപ്പോഠം ചുററുമുള്ള വസ്തുക്കളെ അല്പാല്പം കണ്ടു് ആശ്വാസംപൂണ്ടു പ്രചണ്ഡമായ ആ കാട്ടിൽ ചുററിത്തിരിഞ്ഞു.

ചണ്ഡാകാരേ തമോമണ്ഡലവിപുലമഹാ-
സിന്ധുരേ ചന്ദ്രനാമം
പൂണ്ടീടുന്നോരു കണ്ഠീരവനെ വിയതി ക-
ണ്ടിട്ടു മന്ദം പ്രയാതേ

മിണ്ടാതേ രാത്രിയെല്ലാം സകലദിശി നട-
ന്നാകുലാ ഹന്ത കാല്യേ
കണ്ടാളേഷാ തദാ കഞ്ചന പൃഥുതരഘ-
ണ്ടാപഥം മംഗലാംഗീ. ൫൭

ചന്ദ്രനാമം പൂണ്ടീടുന്നോരു കണ്ഠീരവനെ=ചന്ദ്രൻ എന്ന പേരുള്ള സിംഹത്തെ. വിയതി കണ്ടിട്ട്=ആകാശത്തിൽ കണ്ടിട്ട്. ചണ്ഡാകാരേ തമോമണ്ഡലവിപുലമഹാസിന്ധുരേ മന്ദം പ്രയാതേ സതി=ക്രൂരാകൃതിയോടുകൂടിയ തമോമണ്ഡലം (ഇരുട്ടിൻ കൂട്ടം) ആകുന്ന വിപുലമായ മഹാസിന്ധുരം (വലിയ ആന) മന്ദമായി പോയ സമയത്തിങ്കൽ. സകലദിശി നടന്ന്=എല്ലാദിക്കിലും നടന്ന്. ആകുലാ മംഗലാംഗീ ഏഷാ=ആകുലയായ സുന്ദരാംഗിയായിരിക്കുന്ന ഈ ദമയന്തി. കാല്യേ=പ്രഭാതത്തിങ്കൽ. പൃഥുതരഘണ്ടാപഥം കണ്ടാൾ=പൃഥുതരമായ (വിസ്താരമുള്ള) ഒരു ഘണ്ടാപഥത്തെ (രാജമാർഗ്ഗത്തെ) കണ്ടു. ചന്ദ്രനാകുന്ന സിംഹത്തെ കണ്ടിട്ട് ഇരുട്ടിൻ കൂട്ടമാകുന്ന ആനത്തലവൻ പതുക്കെ ഒഴിഞ്ഞുമാറിയപ്പോൾ ദമയന്തി രാത്രി മുഴുവനും എല്ലാ ദിക്കിലും ചുററിനടന്നു ക്ഷീണയായിട്ടു പ്രഭാതത്തിങ്കൽ ഒരു വിസ്തൃതമായ രാജമാർഗ്ഗത്തെ കണ്ടു. ചന്ദ്രനെ സിംഹമായും ഇരുട്ടിനെ ആനയായും രൂപണംചെയ്തിരിക്കയാൽ അലങ്കാരം രൂപകം.

അന്നേരം കാളമേലേററിയുമഖിലപദാ-
ർത്ഥാനെടുത്തും ചുമന്നും
ഖിന്നാനാം യാത്ര കണ്ടും ഗജതുരഗരഥാ-
നീകിനീഷാസ്പു കണ്ടും
സന്നാഹം കണ്ടുമേഷാമരിയ പൃഴ കട-
ക്കംവിധൌ സാർത്ഥവാഹം
ധന്യാംശം കണ്ടുമേഷാ നിജഹൃദി പലനാൾ-
കൂടി മോദം പ്രപേദേ. ൫൮

അഖിലപദാൎത്ഥാൻ=എല്ലാ പദാൎത്ഥങ്ങളേയും. ഖിന്നാനാം=ഖേദിച്ചവരായ. ഗജതുരഗരഥാനീകിനീവാസ്സ്=ആനകളും കുതിരകളും തേരുകളുമുള്ള അനീകിനിയുടെ (സേനയുടെ) വാസ്സ്. സന്നാഹം=ഒരുക്കം. ഏഷാം=ഇവരുടെ. പുഴ കടക്കംവിധൌ=പുഴ കടക്കുന്ന കാൎയ്യത്തിൽ. ധന്യാംഗം സാൎത്ഥവാഹം=സൌമ്യശരീരനായ സാൎത്ഥവാഹനെ (കച്ചവടത്തലവനെ). ഏഷാ=ഈ ദമയന്തി. നിജഹൃദി=തന്റെ ഹൃദയത്തിൽ. പലനാൾകൂടി=വളരെ ദിവസമായിട്ട്. മോദം പ്രപേദേ=മോദത്തെ പ്രാപിച്ചു. ആ രാജമാൎഗ്ഗത്തൂടെ കച്ചവടച്ചരക്കുകൾ എല്ലാം കാളപ്പുറത്തു കയററിയും ചുമന്നും ക്ഷീണിച്ചു പോകുന്ന കച്ചവടക്കാരുടെ യാത്രയും, അവരുടെ കൂടെയുള്ള സേനയുടെ പെരുപ്പവും, വഴിയിൽ ഒരു പുഴ കടക്കുന്നതിൽ അവൎക്കുള്ള ഒരുക്കവും, ആ കച്ചവടക്കാരിൽ തലവനായവനേയും കണ്ടിട്ടു ദമയന്തി സന്തോഷിച്ചു. ആ സംഘത്തിൽ ആളുകൾ വളരെയുണ്ടു്; രക്ഷയ്ക്കു വേണ്ടുന്ന സൈന്യങ്ങളുമുണ്ടു്; സംഘത്തലവൻ കാഴ്ചയിൽ സൌമ്യനായ ഒരാളുമാണ്—ഈ കാരണങ്ങളാൽ തനിക്കു രക്ഷപ്പെടുവാൻ വഴിയുണ്ടെന്നു കരുതി ദമയന്തി സന്തോഷിച്ചുവെന്നു സാരം. ചൂതു തുടങ്ങിയതുമുതൽ ഇതേവരെയും ആ സാധ്വിക്കു സന്തോഷമെന്നൊന്നു് ഉണ്ടായിട്ടില്ലെന്നു 'പലനാൾകൂടി' എന്ന പ്രയോഗം വ്യക്തമാകുന്നു.

"ആരയ്യോ നീ വനേസ്മിൻ മരുവുമുരവെഴും
ദേവതാ വാ പിശാചീ
നാരീരൂപാ ചരന്തീ ധരണിമുപഗതാ
കാപി നാകാംഗനാ വാ"
ഓരോന്നിത്ഥം ജനൌഘേ വദതി വചനമേ-
ഷാ ബഭാഷേ "വിഹീനാ-
ധാരൈകാ മാനുഷീ ഞാൻ മമ ചരിതവുമാ-
കൎണ്ണ്യതാമധ്വനീനാഃ. ൭

വനേസ്സിൻ മരുവും=ഈ വനത്തിൽ പാക്കുന്ന. ദേവതാ വാ= വനദേവതയാണോ. നാരീരൂപാ ചരന്തീ പിശാചീ കിമു=സ്ത്രീരൂപത്തോടുകൂടി സഞ്ചരിക്കുന്ന ഒരു പിശാചിയാണോ. ധരണിം ഉപഗതാ കാപി നാകാംഗനാ വാ=ഭൂമിയെ പ്രാപിച്ച ഒരു സ്വർഗ്ഗസ്ത്രീയാണോ. ഓരോന്നിത്ഥം ജനൌഘേ വദതി സതി=ഓരോന്ന് ഇപ്രകാരം ജനസമൂഹം പറയുന്ന സമയത്ത്, ഏഷാ വചനം ബഭാഷേ=ഇവാം വചനത്തെ പറഞ്ഞു. ഹേ അധ്വനീനാഃ=അല്ലയോ വഴിയാത്രക്കാരേ. വിഹീനാധാരാ ഏകാ മാനുഷീ ഞാൻ= ആധാരം (ആശ്രയം) ഇല്ലാത്ത ഒരു മനുഷ്യസ്ത്രീയാണ് ഞാൻ. മമ ചരിതവും ആകർണ്ണ്യതാം=എന്റെ കഥയും കേൾക്കപ്പെടണം. അയ്യോ, നീ ആരാണ്? ഈ കാട്ടിൽ വസിക്കുന്ന വനദേവതയോ, അതോ സ്ത്രീരൂപംപൂണ്ടു സഞ്ചരിക്കുന്ന ഒരു പിശാചിയോ, അല്ലെങ്കിൽ ഭൂമിയിലിറങ്ങിവന്ന ഒരു ദിവ്യസ്ത്രീയോ? ഇങ്ങനെ സംശയത്തോടുകൂടി ജനങ്ങൾ ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ദമയന്തി പറഞ്ഞു. 'വിഹീനാധാരൈകാ' എന്നു മുതല്ക്കു ദമയന്തിയുടെ വചനം. ഞാൻ അശരണയായ ഒരു മനുഷ്യസ്ത്രീയാണ്. ഹേ അധ്വഗന്മാരേ, എന്റെ കഥയും കേട്ടുകൊൾവിൻ.

നളനെന്നിഹ കോപി ഭാതി രാജാ
ഗളിതോ ദൈവവശാദസൌ സ്വരാജ്യാൽ
ലളിതം ദയിതം വനേ വിനഷ്ടം
നളിനാക്ഷം വിചിനോമി കാനനേ ഞാൻ. വൃ

ഇഹ നളനെന്നു കോപി രാജാ ഭാതി=ഈ ഭൂമിയിൽ നളൻ എന്ന ഒരു രാജാവു ശോഭിക്കുന്നു. അസൌ ദൈവവശാൽ സ്വരാജ്യാൽ ഗളിതഃ=അദ്ദേഹം ദൈവവശാൽ തന്റെ രാജ്യത്തിൽനിന്നു ഗളിതനായി (ഭ്രഷ്ടനായി). വനേ വിനഷ്ടം നളിനാക്ഷം ലളിതം ദയിതം തം ഞാൻ കാനനേ വിചിനോമി=കാട്ടിൽവെച്ച് കാണാതായ(വിനഷ്ടൻ—കാണാതായവൻ)വനും സുന്ദരനും ലളിതസ്വഭാ

വനം എന്റെ ഭർത്താവുമായ അദ്ദേഹത്തെ ഞാൻ കാട്ടിൽ തിരയുകയാണ്. വൃത്തം വസന്തമാലിക.

പോകുന്നു പുനരെങ്ങു നിങ്ങളിഹ കാ
നിങ്ങൾക്കു ഗമ്യാ പുരീ
സാകം പോരുകിലോ" മുതിന്നിതി വദ-
ന്തീം താം വദന്തി സ്മ തേ
"വൈകേണ്ടാ സഹ പോക ചേദിനഗരീ
ഞങ്ങൾക്കു ഗന്തവ്യഭൂ-
രേതാം ത്വാമവിടെസ്സുബാഹുനൃവരോ-
പാന്തേ നയാമോ വയം." ൯൯

കാന്തി നിങ്ങൾക്കു ഗമ്യാ പുരീ=ഏതാണ്. നിങ്ങൾക്കു പോകേണ്ട പുരി. സാകം പോരുകിലോ=ഞാൻ നിങ്ങളോടുകൂടി പോരാമല്ലോ. ഇതി വദന്തീം താം=എന്നു പറയുന്ന അവളോട്. തേ വദന്തി സ്മ=അവർ പറഞ്ഞു. ഉത്തരാർദ്ധം സാർത്ഥവാഹവചനം. സഹ പോക=ഒരുമിച്ചു പോകാം. ചേദിനഗരീ ഞങ്ങൾക്കു ഗന്തവ്യഭൂഃ=ചേദിനഗരിയാണ് ഞങ്ങൾക്കു പോകേണ്ട ഭൂമി. ഏതാം ത്വാം=ഈ നിന്നെ. സുബാഹുനൃവരോപാന്തേ വയം നയാമഃ=സുബാഹുരാജാവിന്റെ സമീപത്തിങ്കൽ ഞങ്ങൾ കൊണ്ടുപോയാക്കാം. നിങ്ങൾ എവിടെനിന്നു വരുന്നു, എങ്ങോട്ടു പോകുന്നു, ഞാനും നിങ്ങളോടൊപ്പം പോന്നാലോ എന്നു ദമയന്തി ചോദിച്ചപ്പോൾ അവർ പറഞ്ഞു—"എന്നാൽ താമസിക്കേണ്ട, ഒരുമിച്ചു പോകാം. ചേദിരാജധാനിയിലേയ്ക്കാണ് ഞങ്ങൾ പോകുന്നതു്. അവിടെ നാടുവാഴുന്ന സുബാഹുരാജാവിന്റെ സമീപത്തിൽ ഞങ്ങൾ നിന്നെ കൊണ്ടുപോയാക്കാം."

എന്നു തന്നൊടു പറഞ്ഞു ഹന്ത പോ-
കുന്ന പാന്ഥജനമന്വിയായ സാ
ചെന്നു ചേദിനൃപസീമ്നി കണ്ടിത-
ത്യുന്നതം നൃപനികേതഗോപുരം. ൧൦൦

സാ പാനഥജനം അനപിയായ=അവരം പാനഥജനത്തെ അനുഗമിച്ചു. ചേദിനൃപസീമ്നി=ചേദിരാജാവിന്റെ സീമാവിൽ (നഗരത്തിന്റെ അതിൎത്തിയിൽ). നൃപനികേതഗോപുരം=രാജധാനിയുടെ ഗോപുരം. ദമയന്തി ആ വഴിപോക്കരുടെ പിന്നാലെ പോയി. ചേദിനഗരിയുടെ അടുത്തെത്തിയപ്പോരം ഉയരമേറിയ ഗോപുരം കാണുമാറായി.

നാനാഭൃതജനാകുലേ ജനപദേ
വസ്ത്രാൎദ്ധസംവേഷ്ടിത-
ശ്രോണീഭാരഭരാലസാ പൊടിപിര-
ണ്ടാലോലകേശാളകാ
ദീനാ സാ പരിഹാസലോലജനതാ-
കീൎണ്ണേ പുരേ ഭൂപതേഃ
ക്ഷീണാ ചെന്നളവത്ര രാജജനനീ
കണ്ടാളിമാമാകുലാം. വൃഷ

നാനാഭൃതജനാകുലേ ജനപദേ=നാനാഭൃതങ്ങളായ (പലവിധക്കാരായി ഭവിച്ച) ജനങ്ങളാൽ ആകുലം(പൂൎണ്ണം)ആയ ദേശത്തിൽ. വസ്ത്രാൎദ്ധസംവേഷ്ടിതശ്രോണീഭാരഭരാലസാ=പാതി വസ്ത്രംകൊണ്ടു ചുററപ്പെട്ട ശ്രോണീഭാരത്തിന്റെ (അരക്കെട്ടിന്റെ) കനത്താൽ അലസ(മന്ദഗമന)യായി. പൊടിപിരണ്ടാലോലകേശാളകാ=പൊടിപുരണ്ടു പാറിയ തലമുടിയോടും അളകങ്ങളോടും കൂടിയവളായി. ദീനാ സാ=ദീനയായിരിക്കുന്ന അവരം. പരിഹാസലോലജനതാകീൎണ്ണേ ഭൂപതേഃ പുരേ=പരിഹസിക്കുന്നതിൽ താൽപൎയ്യമുള്ള ജനസമൂഹങ്ങരം നിറഞ്ഞ രാജാവിന്റെ പുരത്തിൽ. ക്ഷീണാ=ക്ഷീണിച്ചവളായിട്ട്. രാജജനനീ ആകുലാം ഇമാം കണ്ടാരം=രാജമാതാവു ദുഃഖിതയായ അവളെ കണ്ടു. പലതരക്കാരായ നിരവധി ജനങ്ങരം നിറഞ്ഞ നഗരത്തിൽ, പാതി വസ്ത്രംകൊണ്ടര മറച്ച്, അരക്കെട്ടിന്റെ കനത്താൽ മന്ദഗമനയായി, പൊടിപുരണ്ടു പാറിയ

തലമുടിയോടും കവനിരയോടുംകൂടി, പരിഹാസപ്രിയരായ ജന ങ്ങൾ നിറഞ്ഞ രാജധാനിയിൽ മെയന്തി എത്തിയപ്പോൾ, രാജധാനിയിലെ അമ്മതമ്പുരാട്ടി അതിപരവശയായ അവളെ കണ്ടു.

താനിരിക്കുമണിസൌധധാമ്നി താ-
മാനിനായ ജനനീ ധരാപതേഃ
കാനനാന്തരനിതാന്തചംക്രമ-
ക്ഷീണപാദയുഗളാം ജഗാദ സാ. വൃവ

താനിരിക്കമണിസൌധധാമ്നി=താൻ ഇരിക്കുന്ന മനോഹരമായ മാളികയാകുന്ന ഗൃഹത്തിൽ. ധരാപതേഃ ജനനീ താം ആനിനായ=രാജാവിന്റെ അമ്മ അവളെ വരുത്തി. കാനനാന്തരനിതാന്തചംക്രമക്ഷീണപാദയുഗളാം താം=കാട്ടിനുള്ളിലെ കഠിനമായ സഞ്ചാരത്താൽ കാലുകൾ രണ്ടും തളൎന്ന അവളോട്. സാ ജഗാദ= ആ രാജമാതാവു പറഞ്ഞു. രാജമാതാവ് ആ സ്ത്രീയെ തന്റെ മാളികയിൽ വരുത്തി അവളോടു പറഞ്ഞു.

"കാസി ബാലേ പേലവാംഗീ
ഭാസി ഹീനാ ഭൂഷണൌഘൈ-
ൎധൂസരാംഗീ സഞ്ചരിക്ക-
ന്നൂ സദാ നീയെന്തിനുൎവ്യാം
ഭാസുരാം ത്വാം പ്രാപ്തുമാക്കോ
ഭാതമാസീൽ പുണ്യമെന്നും"
മാതുരേഷാ വാക്ക കേട്ടി-
ട്ടാധിഖിന്നാ വാചമൂചേ. വൃന്ദ

ഹേ ബാലേ പേലവാംഗീ ത്വം കാ അസി=ഹേ ബാലേ! സുകമാരാംഗിയായ നീ ആരാകുന്നു. ഭൂഷണൌഘൈഃ ഹീനാ ഭാസി= ആഭരണസമൂഹങ്ങളോടുകൂടാതെ നീ ശോഭിക്കുന്നു. ധൂസരാംഗീ സദാ ഉൎവ്യാം എന്തിനു സഞ്ചരിക്കന്നൂ=മുഷിഞ്ഞ ദേഹത്തോടുകൂടിയവളായി എപ്പോഴും ഭൂമിയിൽ എന്തിനു സഞ്ചരിക്കുന്നു. ഭാസു

ഭാം തപാം പ്രാപ്തും=ഭാസുരയായ നിന്നെ പ്രാപിക്കവോൻ. ആക്കോ പുണ്യം മാത്രം ആസീൽ=ആക്കാണ് പുണ്യം മാത്രമായതു് (തെളിഞ്ഞതു്). മാതുഃ വാക്ക കേട്ടിട്ട്=അമ്മയുടെ വാക്ക കേട്ടിട്ട്. ആധിഖിന്നാ ഏഷാ വാചം ഊചേ=ആധികൊണ്ടു ഖിന്നയായ അവാം വാക്ക പറഞ്ഞു. ആദ്യത്തെ മൂന്നു പാദം രാജമാതാവിന്റെ വചനം.

സൈരന്ധ്രീ ഞാൻ ധരാധീശപരജനനി സമാ-
കണ്ണ്യ്രതാം നേത്രരമ്യാ-
കാരം മേ നാഥമാരാഞ്ഞിഹ ഭുവി വിചരാ-
മ്യാതുരാ കാതരാംഗീ
സൈപരം കാന്തം വിനാ മററാരുവരെ നിയതം
കേഠം തൊടായെന്നു നിത്യാ-
ചാരം മേ കാന്തനെക്കാണ്മതിനിഹ പറയാം-
താനുമുർവീസുരൌഘാൻ. വൃർ

ഹേ ധരാധീശപരജനനി=അല്ലയോ രാജമാതാവേ. ഞാൻ സൈരന്ധ്രീ=ഞാൻ സൈരന്ധ്രിയാണ്. (സൈരന്ധ്രീ—മാന്യകുടുംബത്തിൽ പിറന്നവളും നേപഥ്യവിധാനം തുടങ്ങിയ പണികളം ചെയ്യു സപാതന്ത്ര്യത്തോടുകൂടി പരഗൃഹത്തിൽ പാക്കുന്നവളുമായ ശില്പകാരിക). സമാകണ്ണ്യ്രതാം=കേഠംക്കപ്പെട്ടാലും. നേത്രരമ്യാകാരം മേ നാഥം ആരാഞ്ഞു്=സുന്ദരാകാരനായ എന്റെ കാന്തനെ തിരഞ്ഞു്. ആതുരാ കാതരാംഗീ=ദുഃഖിതയും ദീനാംഗിയുമായിട്ട്. ഇഹ ഭുവി വിചരാമി=ഇവിടെ ഭൂമിയിൽ സഞ്ചരിക്കുന്നു. സൈപരം=സപച്ഛന്ദമായിട്ട്. കാന്തം വിനാ മററാരുവനെ=ഭത്താവിനെയല്ലാതെ മററാരു പുരുഷനെ. തൊടായെന്നു=തൊടുകയില്ലെന്നു്. നിത്യാചാരം മേ=നിത്യമായ ആചാരമുണ്ടെനിക്ക്. കാന്തനെക്കാണ്മതിനിഹ പറയാംതാനുമുർവീസുരൌഘാൻ = കാന്തനെക്കാണുന്നതിന്നു ബ്രാഹ്മണപ്പരിഷയോടു പറയുകയും ചെയ്യാം. രാജമാതാ

വോ! ഞാനൊരു സൈരന്ധ്രിയാണ്. സുന്ദരനായ ഭർത്താവിനെ തിരഞ്ഞു നടക്കുകയാണ്. ഭർത്താവിനെയല്ലാതെ മററാരു പുരുഷനെ തൊടുകയില്ലെന്ന് എനിക്കൊരാചാരം (വ്രതം) ഉണ്ട് [“തൊടാ” എന്നതു സംസാരിക്കയില്ല എന്നും ഉപലക്ഷണമായി കാണിക്കുന്നു. അതിനാൽ അന്യപുരുഷനോടു സംസാരിക്കയുമില്ലെന്നർത്ഥം] എന്നാൽ ഭർത്താവിനെ കാണുന്ന കാര്യത്തിന്നു ബ്രാഹ്മണരോടു സംസാരിപ്പാൻ വിരോധമില്ലതാനും.

മനോഹരം വിദർഭജാ-
 വചോ നിശമ്യ സാദരം
തനൂജയാ സുനന്ദയാ
 കലന്നിഹാസ്വ നീ സുഖം
തനോമി വാഞ്ഛിതങ്ങളെ-
 ന്നു രാജമാതുരാജ്ഞ കേ-
ട്ടനാകുലം തദാവസൽ
 സുഖേന ഭീമനന്ദനാ. വൃ൩

മനോഹരം വിദർഭജാവചഃ നിശമ്യ=മനോഹരമായ ദമയന്തിയുടെ വാക്കു കേട്ടിട്ട്. സാദരം=ആദരവോടെ (ക്രി. വി). തനൂജയാ സുനന്ദയാ കലൻ=മകളായ സുനന്ദയോടു ചേൎന്ന്. ഇഹ നീ സുഖം ആസ്വ=ഇവിടെ നീ സുഖമായിട്ടിരുന്നാലും. അഹം വാഞ്ഛിതങ്ങളെ തനോമി=ഞാൻ ഇഷ്ടങ്ങളെ ചെയ്യുന്നുണ്ട്. എന്നു രാജമാതുഃ ആജ്ഞ കേട്ട്=എന്നു രാജമാതാവിൻെറ കല്പന കേട്ട്. അനാകുലം=ശങ്കകൂടാതെ (ക്രി. വി). തദാ ഭീമനന്ദനാ സുഖേന അവസൽ=അപ്പോൾ ദമയന്തി സുഖത്തോടെ വസിച്ചു. ദമയന്തിയുടെ വാക്കു കേട്ടു രാജമാതാവു പറഞ്ഞു:—“എൻെറ മകളായ സുനന്ദയോടൊരുമിച്ച് ഇവിടെ സുഖമായി താമസിച്ചോളൂ. നിനക്കിഷ്ടമായതെല്ലാം ഞാൻ സാധിപ്പിക്കാം.” ഇതു കേട്ടു ദമയന്തി അവിടെ താമസിച്ചു.

അക്കാലം നളനാം ധരാപതികലാ-
കല്പം നിജപ്രേയസീം
മൌർഖ്യാദ്വൈഷ്ട്യമിയന്നു കാട്ടിലവശാ-
മിട്ടേച്ചു നിദ്രാകുലാം
ഉൾക്കാമ്പികലുറഞ്ഞ ഘോരകലിനാ-
ക്രാന്തസ്തതസ്സത്വരം
നിർഗ്ഗച്ഛന്നഥ സഞ്ചചാര വിപുലേ
കാന്താരദേശാന്തരേ. വൃന്ദ

ദമയന്തിയെ വേർപെട്ടുപോയതിനുശേഷമുള്ള നളന്റെ സ്ഥിതിയെ പറയുന്നു:—ധരാപതികലാകല്പം=രാജസമൂഹങ്ങൾക്ക ഭൂഷണം. മൌർഖ്യാൽ=മൂർഖതഹേതുവായിട്ട്. ദൌഷ്ട്യം=ദുഷ്ടത. അവശാം നിദ്രാകുലാം നിജപ്രേയസീം=അവശയായും നിദ്രകൊണ്ട് ആകുലയായുമിരിക്കുന്ന തന്റെ പ്രിയയെ. കാട്ടിൽ ഇട്ടേച്ച്=കാട്ടിൽ വിട്ടുകളഞ്ഞു. ഉൾക്കാമ്പികലുറഞ്ഞ ഘോരകലിനാക്രാന്തഃ=ഉള്ളിൽ തുള്ളിക്കളിച്ച ഭയങ്കരനായ കലിയാൽ ആക്രമിക്കപ്പെട്ടവനായിട്ട്. തതഃ സത്വരം നിർഗ്ഗച്ഛൻ=അവിടെനിന്നു വേഗം പോയ്ക്കൊണ്ട്. വിപുലേ കാന്താരദേശാന്തരേ സഞ്ചചാര =വിശാലമായ വനപ്രദേശത്തിന്റെ മദ്ധ്യത്തിൽ സഞ്ചരിച്ചു. നളൻ മൂർഖതനിമിത്തം ദുഷ്ടതപൂണ്ടു കാട്ടിൽ ഉറങ്ങിക്കിടക്കുന്ന തന്റെ പ്രിയയെ ഉപേക്ഷിച്ച്, ഘോരനായ കലിയാൽ ആക്രാന്തനായിട്ട്, വേഗം അവിടെനിന്നു പോയി കാട്ടിനുള്ളിൽ സഞ്ചരിച്ചു.

“പാഹി പാഹി നള ദഹ്യമാനമിഹ
പാവകേ മനസി ജാതസ-
മ്മോഹ ഏഷ ഭുജഗോഹമേഹി ദ്രുതമാഹ്വ-
യാമി സഹിയാഞ്ഞു ഞാൻ

ഹാ ഹതോസ്മി ന ഹി പാരയാമി വലി-
തും നൃസിംഹ വലയുന്നിനി-
യ്മാഹിതാ പുനരനീഹതാദ്യ മുനി-
ശാപതോ വപുഷി ഭൂപതേ.” വൃ൭

കാട്ടിൽ ഒരിടത്തുനിന്നു നളൻ ഒരു വിലാപം കേൾക്കുന്നു:— ഹേ നള ഇഹ പാവകേ ദഹ്യമാനം മാം പാഹി പാഹി=അല്ലയോ നള! ഇവിടെ തീയിൽ ദഹിച്ചുകൊണ്ടിരിക്കുന്ന എന്നെ രക്ഷിക്കണേ രക്ഷിക്കണേ. ഏഷഃ അഹം മനസി ജാതസമ്മോഹഃ ഭുജഗഃ= ഈ ഞാൻ മനസ്സിൽ സമ്മോഹമുണ്ടായവനായ സർപ്പമാകുന്നു. ത്വം ഏഹി=നീ വന്നാലും. ഞാൻ സഹിയാഞ്ഞു ദൃഢം ആഹ്വയാമി =ഞാൻ സഹിയ്ക്കാഞ്ഞിട്ടാണ് ദൃഢമായി വിളിക്കുന്നത്. ഹാ ഹതഃ അസ്മി=അയ്യോ ഞാൻ ഹതനായി. വലിതും നഹി പാരയാമി =വലനംചെയ്യാൻ (ഇഴഞ്ഞുപോകുവാൻ) ഞാൻ ശക്തനാകുന്നില്ല. ഹേ നൃസിംഹ ഭൂപതേ=അല്ലയോ നരശ്രേഷ്ഠനായ രാജാവേ. ഞാൻ വലയുന്നു. എനിക്കു മുനിശാപതഃ വപുഷി അനീഹതാ ആഹിതാ =എനിക്കു മുനിയുടെ ശാപത്താൽ വപുസ്സിങ്കൽ അനീഹത (ചേഷ്ടയില്ലായ്മ) ഉണ്ടാക്കപ്പെട്ടു. അല്ലയോ നളമഹാരാജാവേ! തീയിൽ വെന്തുപോകുന്ന എന്നെ രക്ഷിക്കണേ. മനസ്സിൽ സംഭ്രമമുളവായ ഒരു സർപ്പമാണ് ഞാൻ. സങ്കടം സഹിക്കാഞ്ഞിട്ടാണ് അങ്ങയെ വിളിക്കുന്നത്. അയ്യോ, ഞാൻ ഹതനായി. എനിക്ക് ഇഴഞ്ഞുപോകുവാൻ വയ്യ. ഒരു മുനിയുടെ ശാപംനിമിത്തം എന്റെ ദേഹം അനക്കാൻ വയ്യാതായിത്തീർന്നിരിക്കുന്നു.

ആടൽ കേട്ടിതി തഴയ്ക്കുമഗ്നിയിൽ
ചാടി മണ്ടിയണയും ദശാന്തരേ
കൂട്ടുകൊണ്ടു പിടയുന്ന ഘോരകാ-
ർക്കോടകം പുനരുദൈക്ഷതാത്മവാൻ. വൃ൮

ഇതി=ഇപ്രകാരം. ആടൽ കേട്ട്=സങ്കടം കേട്ട്. തഴയ്ക്കുമഗ്നിയിൽ=കത്തിജ്വലിക്കുന്ന തീയിൽ. ദശാന്തരേ=സമയത്തിങ്കൽ.

ഘോരകാൎക്കോടകം=ഘോരനായ കാൎക്കോടകൻ എന്ന നാഗത്തെ. ആത്മവാൻ സഃ=ദൃഢചിത്തനായ ആ നളൻ. ഉദൈക്ഷത=കണ്ടു. മേൽപ്രകാരമുള്ള സങ്കടം കേട്ട നളൻ കത്തിജ്വലിക്കുന്ന അഗ്നിയിൽ ചാടി മണ്ടിച്ചെന്നപ്പോൾ തിയ്യിന്റെ ചൂടുകൊണ്ടു പിടയുന്ന കാൎക്കോടകൻ എന്ന ഘോരസൎപ്പത്തെ കണ്ടു.

അന്നേരം നിജഗാദ ഭോഗിപടലീ-
ഭൂചക്രവൎത്തീ "വനാൽ
ഖിന്നോ നൈവ ചലാമി ഹന്ത മുനിവ-
ൎയ്യാവാപ്തശാപേന ഞാൻ
എന്നാൽ താരയ ഘോരദാവദഹനാൽ
കാൎക്കോടകം ദ്രുതശാ-
പന്നം പന്നഗമുദ്ധരാശു നയ മാം
ജായേ ഹ്രസീയാനഹം." വൃൻ

ഭോഗീപടലീഭൂചക്രവൎത്തീ നിജഗാദ=സൎപ്പസമൂഹത്തിന്റെ ചക്രവൎത്തി പറഞ്ഞു. ഖിന്നഃ ഞാൻ മുനിവൎയ്യാവാപ്തശാപേന വനാൽ ന ഏവ ചലാമി=ഖിന്നനായ ഞാൻ മുനിശ്രേഷ്ഠനിൽനിന്നു കിട്ടിയ ശാപത്താൽ കാട്ടിൽനിന്നു് ഇളകുന്നില്ല. ദ്രുതശാപന്നം കാൎക്കോടകം പന്നഗം ഘോരദാവദഹനാൽ താരയ ആശു ഉദ്ധര=ദുരവസ്ഥയിലകപ്പെട്ട കാൎക്കോടകനെന്ന നാഗത്തെ ഘോരമായ കാട്ടുതീയിൽനിന്നു തരണംചെയ്യിക്കയും ഉദ്ധരിക്കുകയും ചെയ്യേണമേ. ആശു മാം നയ=വേഗം എന്നെ കൊണ്ടുപോകണമേ. അഹം ഹ്രസീയാൻ ജായേ=ഞാൻ ഏററവും ഹ്രസ്വനായിത്തീരുന്നുണ്ടു്. സൎപ്പകുലചക്രവൎത്തിയായ അവൻ പറഞ്ഞു—"മഹാ മുനീന്ദ്രനിൽനിന്നു കിട്ടിയ ശാപംനിമിത്തം എനിക്കു വനത്തിൽനിന്നു് ഇളകുവാൻ വയ്യാതെയായി. അങ്ങു് എന്നെ ഈ കാട്ടുതീയിൽനിന്നു കടത്തണം. ആപത്തിലകപ്പെട്ട ഈ കാൎക്കോടകനാഗത്തെ അങ്ങു് അതിൽനിന്നു കരയേററണം. വേഗത്തിൽ എന്നെ കൊണ്ടുപോക

ണം. ഞാൻ കൃശശരീരനായി ഭവിക്കാം.'' കാർക്കോടകൻെറ ശരീരം അതിമഹത്താണ്. സ്വതേയുള്ള സ്ഥിതിയിലിരുന്നാൽ നളന്നു അവനെ എടുപ്പാൻ കഴികയില്ല. അതിനാലാണ് കൃശശരീരനാകാമെന്നു പറഞ്ഞതു്.

എന്നു ചൊന്നളവു പന്നഗം മുതി–
ന്നുന്നിനായ പുനരാനിനായ തം
പിന്നെ നിർഹുതഹുതാശനേ വനേ
ഖിന്നമേഷ വിസസർജ്ജ ഭൂപതിഃ. ൩൦

ഏഷഃ ഭൂപതിഃ=ഈ രാജാവു്. മുതിൎന്ന്=ഉത്സാഹിച്ച്. തം പന്നഗം=ആ സർപ്പത്തെ. ഉന്നിനായ=ഉന്നയിച്ചു (പൊക്കിയെടുത്തു). പുനഃ ആനിനായ=പിന്നെ കൊണ്ടുവന്നു. ഖിന്നം തം=ഖിന്നനായ അവനെ. നിർഹുതഹുതാശനേ വനേ=ഹുതാശനൻ (അഗ്നി) ഇല്ലാത്തതായ കാട്ടിൽ. വിസസർജ്ജ=വിട്ടു. ഇങ്ങനെ കാർക്കോടകൻ പറഞ്ഞപ്പോൾ നളൻ ചെന്നു് അവനെ പൊക്കിയെടുത്തു കൊണ്ടുവന്നു തീയില്ലാത്തതായ കാട്ടിൽ വിട്ടു.

തദാ ചൊന്നാൻ ഭോഗീ ''വിരഹിത–
വിഷാദം തവ മനോ
വിധാതും കാംക്ഷേഹം വ്രജ ദശ
പദാനീഹ ഗണയൻ
തദാ കുർവ്വേ ശ്രേയഃ പുന''രിതി
സമാഭാഷ്യ ദശമേ
പദന്യാസേ സർപ്പോ ഝടിതി സ
ദദംശാസ്യ ചരണേ. ൩൧

തദാ=അപ്പോൾ. ഭോഗീ=സർപ്പം. തവ മനഃ=അങ്ങയുടെ മനസ്സിനെ. വിരഹിതവിഷാദം വിധാതും=വിഷാദമകന്നതാക്കിച്ചെയ്യാൻ. അഹം കാംക്ഷേ=ഞാൻ ആഗ്രഹിക്കുന്നു. ഇഹ ഗണയൻ ദശ പദാനി വ്രജ=ഇവിടെ ഗണനംചെയ്തുകൊണ്ടു (എണ്ണിക്കൊ

ണ്ടു) പത്തടികാം നടന്നാലും. തഠാ പുനഃ ശ്രേയഃ കർത്തേ=അപ്പോ ഠാകട്ടെ ഞാൻ ശ്രേയസ്സിനെ ഉണ്ടാക്കുന്നുണ്ട്. ഇതി സമാഭാഷ്യ= ഇങ്ങനെ പറഞ്ഞിട്ട്. ദശമേ പദന്യാസേ=പത്താമത്തെ അടി വെപ്പിൽ. സഃ സപ്പഃ ഝടിതി അസ്യ ചരണേ ദദംശ=ആ സപ്പം വേഗം ഇവന്റെ കാലിന്മേൽ കൊത്തി. അപ്പോൾ കാക്കോടകൻ പറഞ്ഞു—"ഞാൻ അങ്ങയുടെ മനസ്സിനെ ഖിഷാദമകന്നതാക്കി ച്ചെയ്യാൻ ഇച്ഛിക്കുന്നു. അങ്ങ് ഏകം, ദ്വേ, ത്രീണി എന്നു തുടങ്ങി ദശ എന്നതുവരെ എണ്ണിക്കൊണ്ടു പത്തടി നടക്കണം. അപ്പോൾ ഞാൻ അങ്ങേക്കു നന്മ വരുത്തുന്നുണ്ട്." എന്നു പറഞ്ഞു പത്താമത്തെ കാൽവെപ്പിൽ ചെട്ടെന്നു കാക്കോടകൻ നളന്റെ കാലിന്മേൽ കൊത്തി. [ഉത്തമസപ്പങ്ങൾ കാരണംകൂടാതെ ആരേയും കടിക്കുകയില്ല. കാക്കോടകൻ ഉത്തമനാകയാൽ കാരണമുണ്ടാക്കിയിട്ടേ കടിപ്പാനൊരുങ്ങിയുള്ളു. ഏകം, ദ്വേ, ത്രീണി എന്നു തുടങ്ങി പത്തു സംഖ്യവരെ എണ്ണിയാൽ പത്താമത്തെ എണ്ണം 'ദശ' എന്നാകും. ദശ എന്നതിന്നു പത്ത് എന്നും കൊത്തിക്കൊള്ളു എന്നും അത്ഥം വരും. ദശ എന്നു കേട്ട ദംശിച്ചാൽ സത്യവിരോധം വരികയില്ലല്ലോ. അതാണ് എണ്ണിക്കൊണ്ടു നടപ്പാൻ പറഞ്ഞതിന്നു കാരണം.]

രൂപഭംഗിയുമമുഷ്യ തൽക്കലി-
പ്രാപിതവ്യസനവും തിരോദധേ
വേപിതാംഗിയെ നിനച്ചു തൻപ്രിയാം
താപമന്യമുദിയായ ഭൂപതേഃ. ൨൨

രൂപഭംഗി=ദേഹസൌന്ദയ്യം. അമുഷ്യ=ആ നളന്റെ. തൽക്കലിപ്രാപിതവ്യസനം=ആ കലിയാൽ ഉണ്ടാക്കപ്പെട്ട മനോദുഃഖം. തിരോദധേ=മറഞ്ഞു. വേപിതാംഗിയെ=വേപിതമായ (ഭയംകൊണ്ടു വിറച്ച) അംഗത്തോടുകൂടിയ. തൻപ്രിയാം=തന്റെ പ്രിയയെ. ഭൂപതേഃ അന്യം താപം ഉദിയായ=രാജാവിന്നു മറ്റൊരു സന്താപം

ഉണ്ടായി. കാൎക്കോടകൻ കടിച്ചതോടുകൂടി നളൻെറ ദേഹദൌൎബ്ബല്യവും കലികൃതമായ വ്യസനവും നീങ്ങി. അപ്പോഠം തൻെറ ചിത്തഭ്രമംകൊണ്ടു് ഉപേക്ഷിതയായി വ്യസനിച്ചുകൊണ്ടിരിക്കുന്ന പ്രിയയെക്കുറിച്ചുള്ള വേറെ ഒരു വ്യസനം അദ്ദേഹത്തിന്നുണ്ടായി. "കലിപ്രാപിതവ്യസനം" എന്നതിലെ വ്യസനശബ്ദത്തിന്നു് "വ്യസ്യത്യേനം ശ്രേയസഃ ഇതി വ്യസനം" എന്ന വിഗ്രഹപ്രകാരം ശ്രേയസ്സിൽനിന്നു ഭ്രംശിപ്പിക്കുന്ന ചിത്തവികാരം എന്നാണു് അൎത്ഥം.

ഭോഗീന്ദ്രൻ വികൃതാകൃതിം നളനൃപം
കണ്ടാബഭാഷേ "ധരാ-
പാകാരേ ഭവിതാ ഭവാനു ദമയ-
ന്ത്യാ കാന്തയാ സംഗമം
കാകോളം മമ പാരമേററു വിവശോ
നിൻഖേദമൂലം കലി-
ൎദ്ദേഹേ തിഷ്ഠതി താവകേക്ഷഹൃദയേ
ലബ്ധ്വേ പ്രയാസ്യത്യസൌ. ൻവ-

ഭോഗീന്ദ്രൻ=കാൎക്കോടകൻ. നളനൃപം വികൃതാകൃതിം കണ്ടു്=നളരാജാവിനെ വികൃതാകാരനായി കണ്ടിട്ടു്. ആബഭാഷേ=പറഞ്ഞു. "ധരാപാകാരേ" എന്നു മുതല്ക്കു കാൎക്കോടകവചനം. ഹേ ധരാപാകരേ=അല്ലയോ ഭൂമിക്കു് ഇന്ദ്രനായവനേ. ഭവാനു കാന്തയാ ദമയന്ത്യാ സംഗമം ഭവിതാ=അങ്ങേയ്ക്കു കാന്തയായ ദമയന്തിയോടുള്ള സമാഗമം സംഭവിക്കും. നിൻഖേദമൂലം കലിഃ=നിൻെറ ഖേദത്തിന്നു കാരണമായ കലി, മമ കാകോളം പാരം ഏററു വിവശഃ=എൻെറ കാകോളത്തെ (ഉഗ്രമായ വിഷത്തെ) ഏററവും ഏററു പരവശനായിട്ടു്. താവകേ ദേഹേ തിഷ്ഠതി=അങ്ങയുടെ ദേഹത്തിൽ സ്ഥിതിചെയ്യുന്നു. അക്ഷഹൃദയേ ലബ്ധേ സതി=അക്ഷഹൃദയം എന്ന വിദ്യ (മന്ത്രം) ലബ്ധമാകുന്ന സമയത്തു്.

അസൌ പ്രയാസ്യതി=അവൻ ഒഴിഞ്ഞുപോകും. നളൻ വികൃതസ്വരൂപനായ്ത്തീൎന്നതു കണ്ടിട്ടു കാൎക്കോടകൻ പറഞ്ഞു: മഹാരാജാവേ, അങ്ങെയ്ക്കു ദമയന്തിയോടു സമാഗമം സംഭവിക്കും. അങ്ങയുടെ ഖേദത്തിന്നു ഹേതുവായ കലി എന്റെ ഉഗ്രമായ വിഷമേററു എരിപൊരികൊണ്ടുകൊണ്ടാണു് അങ്ങയുടെ ദേഹത്തിൽ ഇരിക്കുന്നതു്. അക്ഷഹൃദയവിദ്യ ലബ്ധമാകുമ്പോൾ കലി അങ്ങയെ വിട്ടുപോകും.

വേത്തീഹ ക്ഷിതിജാനിരക്ഷഹൃദയം
ധീമാനയോദ്ധ്യാപതി-
ൎദ്ധാത്രീപന്നൃതുപൎണ്ണനെന്നു വിദിതം
നാമാസ്വ തത്സന്നിധൌ
പ്രീത്യാ ബാഹുകനെന്നു നാമ ഭുവി തേ
സ്യാത്ത്വം സ്വരൂപാപ്തയേ
ഗാത്രേ ധത്സ്വ മദീയവസ്ത്രമിദമെ-
ന്നുക്ത്വാ തിരോഭൂൽ ഫണീ.

അയോദ്ധ്യാപതിഃ ധീമാൻ ക്ഷിതിജാനിഃ ഇഹ അക്ഷഹൃദയം വേത്തി=അയോദ്ധ്യാപതിയും ബുദ്ധിമാനുമായ രാജാവു് ഇവിടെ അക്ഷഹൃദയത്തെ അറിയുന്നു. ധാത്രീപന്നൃതുപൎണ്ണനെന്നു നാമ വിദിതം=ആ രാജാവിന്നു് ഋതുപൎണ്ണനെന്നുള്ള പേർ പ്രസിദ്ധമാകുന്നു. തത്സന്നിധൌ ത്വം പ്രീത്യാ ആസ്വ=അദ്ദേഹത്തിന്റെ സന്നിധിയിൽ അങ്ങു പ്രീതിയോടെ ഇരുന്നുകൊൾക. ബാഹുകനെന്നു നാമ ഭുവി തേ സ്യാൽ=ബാഹുകനെന്നുള്ള പേരു ഭൂമിയിൽ അങ്ങെയ്ക്കു ഉണ്ടാവും. ത്വം സ്വരൂപാപ്തയേ ഇദം മദീയവസ്ത്രം ഗാത്രേ ധത്സ്വ=അങ്ങു സ്വന്തം രൂപം സിദ്ധിക്കുവാൻ എന്റെ ഈ വസ്ത്രത്തെ ദേഹത്തിൽ ധരിച്ചുകൊൾക. എന്നുക്ത്വാ ഫണീ തിരോഭൂൽ=എന്നു പറഞ്ഞു സൎപ്പം മറഞ്ഞു. അയോദ്ധ്യാരാജാവിന്നു് അക്ഷഹൃദയം അറിവുണ്ടു്. അദ്ദേഹത്തിന്നു് ഋതുപൎണ്ണനെന്നാണു്

പേർ. അങ്ങ് അദ്ദേഹത്തിൻെറ അടുക്കൽ പാർത്തുകൊൾക. ബാഹുകനെന്ന പേർ അങ്ങയ്ക്കു ഭൂമിയിൽ പ്രസിദ്ധമായി ഭവിക്കും. ഇപ്പോഴത്തെ ഈ വികൃതരൂപം പോയി സ്വാന്തരൂപം ലഭിക്കുന്നതിന്ന് എൻെറ ഈ വസ്ത്രം ദേഹത്തിൽ ധരിച്ചുകൊൾക—എന്നു പറഞ്ഞു കാർക്കോടകൻ മറഞ്ഞു.

ഗദ്യം

തദനന്തരം നിരന്തരതയാ സ്വാന്തസമിന്ധാനദമയന്തീവിരഹോദന്തചിന്താസന്താനഗന്ധവാഹസന്ധുക്ഷണസന്ധുക്ഷിതമന്മഥാവേശാതിതീക്ഷ്ണതരശോചിഷ്ഷ്ടശോവിഷ്ഷരണനിർദ്ദഹ്യമാനാന്തരാത്മാ ചണ്ഡതരശുണ്ഡാലഗണ്ഡപുടാവാന്തരവാന്തമേദുരമദധാരാ ധോരണീപാരണപാരീണരസാകലശിലീമുഖമുഖാരവമുഖരീകൃതദിഗന്തരേഷു— ഉപകണ്ഠഗതകക്കരശതഘർഘരതരനിർഘൃണാരുതപ്രസ്ഖലദുരുവ്യഗ്രപതച്ചല്ലീഗതപല്ലീജനേഷു— ബഹളതരകരാളകാകോളമേളനദുഷ്പ്രവൃത്തകടുതരകമ്പളനജാതാദരകാകോദരാനുധാവനമേദുരദരാതിഭാരപൂരിതനിജോദരഗഹ്വരദർദ്ദരഘർഘരനിസ്വനഭീതിപലായിതലുബ്ധകപോതകരോദനജാതവിഷാദനിഷാദിനീസംകുലേഷു— നിതാന്തഘോരേഷു കാന്താരാന്തരേഷു സഞ്ചരൻ പഞ്ചബാണപഞ്ചശരീസംഛിന്നശേമുഷീകോ മേദുരവിഷാദവാൻ നിഷധാധീശോ ഭൃംശം വിലലാപ—ഹാ ഹാ ദുർബ്ബുദ്ധേ പ്രാഗേവാരബ്ധൈതാവന്തം കാലം മാം പീഡയതാ ഭവതാ നിർഭാഗ്യാനാം ജനാനാമുത്തംസീകൃതോസ്മി—പൂർവ്വമേവ ദമയന്തീഗുണശ്രവണമയകരാളകാകോളപൂരം മയി കിരതാ പഞ്ചായുധാകാരേണ ഗർവ്വിതേന ദർവ്വീകരകുലസാർവ്വഭൌമേന കഷ്ടം കഷ്ടം ദഷ്ടോഭവം— തഥാ ഭവനാഹിണ്ഡമാനഃ

കോ വാ മമാഹിതുണ്ഡികീ ഭവിഷ്യതീത്യചിന്തയം_ തത്ര വിഷ്ലിരകലപരിഷ്ലരണമല്ലീമതല്ലീഫല്ലതുല്യാകൃതിർഭ്വരടാ ജീവാതുഃ കോപി മല്ലികാക്ഷോ ജാംഗലികീബലഭ്രവ_ സ തു പുനർദ്ദമയന്തീവൃത്താന്താകാരം ഭേഷജം സ്വാന്താകാരേണ കരാഗ്രേണ സമുദ്ധരന്നസ്മദീയകർണ്ണയുഗളീചുളുകമദ്ധ്യേ നിഷിഞ്ചൻ കഥഞ്ചിന്മാം നിർവ്വാന്തനിർവ്വേമേകാഷീൽ_തദനന്തരം ച ദമയന്തീസ്വയംവരഃ കദാ ന ഭവിതേതി വിചിന്ത്യ വർത്തമാനഃ സംജാതേ തസ്മിൻ കോലാഹലേ തദ്ദിദൃക്ഷുഃ ശ്ഛ്ലൻ മദ്ധ്യേമാർഗ്ഗം ചതുരാകാരാംശ്ചതുരോ വൃന്ദാരകവര്യ്യാനദ്രാക്ഷം_തേ പുനർദ്ദമയന്തീപാണിഗ്രഹണപര്യുത്സുകാശ്ചത്വാരോ വയമാഗതാ സ്മ ഇതി ദമയന്ത്യൈ നിവേദയിതുമസ്മൽകിങ്കരീഭവേതി മാമാജ്ഞാപയാമാസുഃ_ തദനുജ്ഞയാ നിരാകൃതനിരോധസ്തദന്തികമേവ ഗാഹമാനസ്തസ്യൈ മദിഷ്ടമേവ വിവക്ഷുരപി തദിഷ്ടമേവ വ്യജ്ഞാപയം_തദനന്തരമേവമവാദീൽ സ്വാമദീയസ്വയംവരകോലാഹലേ തിഷ്ഠന്തം ത്വാമഹമേത്യ വരയാമീതി_ തദുക്തമേവാനതിഷ്ഠംസ്തേഭ്യോ നിർജ്ജരേഭ്യസ്തദന്തമേവ വ്യാഹരൻ ഗത്വാ നിർജ്ജരകൃതനിരോധേ ബഹുലേ സതി തൽപാണിഗ്രഹണസൌഖ്യം ലഭേയ വാ ന വേതി_ സംജാതദ്വാപരഃ സംശയ്യ തസ്യാമേവ തിഷ്ഠേ സ്മ_തേ പുനർന്നിലിമ്പാ രോഷാന്മദീയാകാരധാരിണസ്തസ്മിന്നേവ സമാജേ ദമയന്ത്യൈ പുനരതിഷ്ഠന്ത_ പുനരേഷ പഞ്ച നളാൻ വിലോക്യ നിർജ്ജരകൃതോയം നിർബ്ബന്ധ ഇതി നിശ്ചിന്വാനാ സ്വകീയപാതിവ്രത്യഗൌരവാകരേണ കരേണ പേലവാം നിജമാലാം പുളകസന്തതിദന്തുരായാം മമ കന്ധരായാം പ്രക്ഷിപ്തവതീ_തത്താദൃശോ

ധുരകരുണാം മദ്ധ്യകാന്താരം നിദ്രാലസാമുൽസൃജ്യ ശാ
ഗ്രേസരഃ സമാഗതോസ്മി– ഇതഃ പരം കിം കരവൈ– കാ
ക്കോടകോദിതരീത്യായോദ്ധ്യാധിപതേ ഋതുപണ്ണസ്യാന്തി
കമേവ യാസ്യാമി– ഇതി സങ്കല്പ്യ ദശ ദിനാനി സ
ഞ്ചരന്നയോദ്ധ്യാധിപതിവിതീണ്ണവേതനസ്തന്നികേതനഗ
തോ ദമയന്ത്യാഃ സ്മരന്നവാത്സീൽ.

തദനന്തരം=അതിനുശേഷം. നിരന്തരതയാ=ഇടതടവില്ലാതെ.
സ്വാന്ത..........ന്തരാത്മാ=സ്വാന്തത്തിൽ സമിന്ധാനമായ (വദ്ധി
ച്ചുകൊണ്ടിരിക്കുന്ന) ദമയന്തീവിരഹോദന്തചിന്താസന്താനം (ദമയ
ന്തിയുടെ വിരഹവൃത്താന്തത്തെക്കുറിച്ചുള്ള വിചാരപരമ്പര) ആകു
ന്ന ഗന്ധവാഹന്റെ (കാററിന്റെ) സന്ധുക്ഷണം (ജ്വലിപ്പിക്കൽ)
കൊണ്ടു സന്ധുക്ഷിതമായ (കത്തിജ്വലിച്ച) മാന്മഥാവേശം (കാമ
പീഡ) ആകുന്ന തീക്ഷ്ണതരമായ ശോചിഷ്കേശന്റെ (അഗ്നിയുടെ)
ആവിഷ്കരണം(ആവിർഭാവം)കൊണ്ടു നിർദ്ദഹ്യമാനമായ (ദഹിക്കുന്ന)
അന്തരാത്മാവോടുകൂടിയ. നിഷധാധീശഃ=നിഷധരാജാവു്. കാ
കാന്താരേഷു സഞ്ചരൻ=കാടുകളിൽ സഞ്ചരിച്ചുകൊണ്ടു്: പഞ്ച
ബാണപഞ്ചശരീസംഛിന്നശേമുഷീകഃ=പഞ്ചബാണന്റെ പഞ്ച
ശരിയാൽ (അഞ്ചു ശരങ്ങളുടെ സമവായത്താൽ) നല്ലവണ്ണം ഛേ
ദിക്കപ്പെട്ട ശേമുഷിയോടു (മനസ്സിനോടു) കൂടിയവനായി. മേദു
രവിഷാദവാൻ=മേദുരമായ (വലുതായ) വിഷാദത്തോടുകൂടിയവനാ
യിട്ടു്. ഭൃശം വിലലാപ=ഏററവും വിലപിച്ചു. 'ചണ്ഡതര' എ
ന്നു തുടങ്ങിയ ദീഘസമാസപദങ്ങൾ 'കാന്താരേഷു' എന്നതിന്റെ
വിശേഷണങ്ങളാകുന്നു. ചണ്ഡതര........ദിഗന്തരേഷു=ചണ്ഡതര
ങ്ങളായ (അത്യുഗ്രങ്ങളായ) ശുണ്ഡാലങ്ങളുടെ (ഗജങ്ങളുടെ) ഗ
ണ്ഡപുടാവാന്തരങ്ങളിൽ(കവിൾത്തടങ്ങളുടെ ഉള്ളുകളിൽ)നിന്നു
വാന്തമായ (വമിച്ച) മേദുരമായിരിക്കുന്ന മദധാരയുടെ (ഒഴുകുന്ന മ
ദജലത്തിന്റെ) ധോരണിയുടെ പാരണത്തിന്റെ (ഭക്ഷണത്തിന്റെ)

പാരീണങ്ങളും (പാരംഗമിച്ചവ) ആയും രസാകുലങ്ങളായുമിരിക്കുന്ന ഝില്ലീമുഖങ്ങളുടെ (വണ്ടുകളുടെ) മുഖരവങ്ങളാൽ (മുഖങ്ങളിൽനിന്നുള്ള ശബ്ദങ്ങളാൽ) മുഖരീകൃതങ്ങളായ ദിഗന്തരങ്ങളോടുകൂടിയിരിക്കുന്ന [മത്തഗജങ്ങളുടെ മദജലം കുടിച്ചു രസപരവശങ്ങളായ വണ്ടുകളുടെ ഝംകാരങ്ങളെക്കൊണ്ടു ശബ്ദായമാനങ്ങളായ ദിക്കുകളോടുകൂടിയവയാണ് കാന്താരാന്തരങ്ങൾ.] ഉപകണ്ഠഗത....പല്ലീജനേഷു= ഉപകണ്ഠഗതങ്ങളായ (സമീപത്തു ചെന്ന) കുക്കുരശതങ്ങളുടെ (നായ്ക്കൂട്ടങ്ങളുടെ) ഘർഘരതരവും (അതിപരുഷവും) നിർഘൃണവും (നിർദ്ദയവുമായ) രുതം (കുര) കൊണ്ടു പ്രസ്ഖലത്തുകളായി (സ്ഥാനത്തുനിന്നു തെററിയവയായി) ഉരുവ്യഗ്രങ്ങളായി (ഏററവും പരിഭ്രമിച്ചവയായി) പതിക്കുന്ന (വന്നുചേരുന്ന) പല്ലീഗതന്മാരായ (അടുപ്പിന്റെ അടുത്തു ചെന്ന) പല്ലീജനങ്ങളോടു (കുഗ്രാമവാസികളോടു) കൂടിയവയായ [അടുത്തെത്തിയ നായ്ക്കളുടെ കുര കേട്ടു സംഭ്രമത്തോടുകൂടി അതേവരെ തീക്കാഞ്ഞുകൊണ്ടിരുന്ന ഗ്രാമവാസികൾ വന്നണഞ്ഞുകൊണ്ടിരിക്കുന്നവയാണ് കാന്താരാന്തരങ്ങൾ] ബഹുളതര.... ....നിഷാദിനീസങ്കുലേഷു=അതിബഹുളവും കരാളവുമായ കാകോളത്തിന്റെ (വിഷത്തിന്റെ) മേളനം (ചേർച്ച) കൊണ്ടു ദിഹ്യത്തുകളായി (ലേപംപൂണ്ടവയായി) കടുതരമാകുംവണ്ണമുള്ള കബളനത്തിങ്കൽ (കടിയിൽ) ജാതാദരങ്ങളായ (ആദരവുണ്ടായ) കാകോദരങ്ങളുടെ (സർപ്പങ്ങളുടെ) അനുധാവനം (പിന്നാലെ ഓടിയെത്തൽ) കൊണ്ടു മേദുരമായ (വർദ്ധിച്ച) ദരാതിഭാരം (ഭയാതിശയം) കൊണ്ടു പൂരിതമായ (നിറഞ്ഞ) നിജോദരം (തങ്ങളുടെ വയറ്) ആകുന്ന ഗഹ്വരങ്ങളോടു (ഗുഹകളോടു) കൂടിയവയും ദുർദ്ദർശങ്ങളും (കാണ്മാൻ വയ്യാത്തവയും) ആയ ദർദ്ദുരങ്ങളുടെ (തവളകളുടെ) ഘർഘരനിസ്വനം (നിഷ്ഠുരശബ്ദം) കൊണ്ടുണ്ടായ ഭീതിയാൽ പലായിതങ്ങളായ (ഓടിയ) ലുബ്ധകപോതകങ്ങളുടെ (കാട്ടാളക്കുട്ടികളുടെ) രോദനംകാരണം ജാതവിഷാദകളായ (വ്യസനിക്കുന്ന) നിഷാദിനികളെക്കൊണ്ടു (കാട്ടാളസ്ത്രീകളെക്കൊണ്ടു) സങ്കുലങ്ങളായ (നിറഞ്ഞ)

[കഠിനമായ വിഷം ധാരാളം ഉള്ളതുകൊണ്ടു ദർപ്പത്തോടുകൂടി വല്ലതും കടിക്കുവാൻ കൊതി പെരുകിയ സർപ്പങ്ങൾ പിന്നാലെ ഓടി വരുന്നതു കണ്ടുണ്ടായ കഠിനഭയത്താൽ ഗുഹപോലെ വയറുവീർത്തു കാണുവാൻ വയ്യാതായിത്തീർന്ന തവളകളുടെ പരുഷശബ്ദം കേട്ടു പേടിച്ചോടിയ കാട്ടാളക്കുട്ടികളുടെ കരച്ചിൽകൊണ്ടു വിഷാദം കലർന്ന കാട്ടാളസ്ത്രീകൾ നിറഞ്ഞവയാണു് ആ വനാന്തരങ്ങൾ] അപ്രകാരമിരിക്കുന്നവയും, നിതാന്തഘോരേഷു=ഏററവും ഭയങ്കരങ്ങളുമായ (കാന്താരാന്തരവിശേഷണം). കാമബാധകൊണ്ടു മനസ്സു പഴുത്ത നളൻ മേൽപ്രകാരം ഭയങ്കരങ്ങളായ കാടുകളിൽ ചുററിത്തിരിഞ്ഞു ബുദ്ധികെട്ടു് ഏററവും വിലപിച്ചു എന്നു സാരം. 'ഹാ ഹാ ദുർവ്വിധേ' എന്നു തുടങ്ങിയുള്ളതു നളൻെറ വിലാപമാകുന്നു. ഹാ ഹാ ദുർവ്വിധേ=അയ്യോ, അയ്യോ വിധിവൈപരീത്യമേ. പ്രാക് ഏവ ആരഭ്യ=ആദ്യം മുതല്ക്കേ തുടങ്ങി. ഏതാവന്തം കാലം=ഇത്ര കാലത്തോളം. മാം പീഡയതാ ഭവതാ=എന്നെ പീഡനംചെയ്തുകൊണ്ടിരിക്കുന്ന അങ്ങയാൽ. അഹം=ഞാൻ. നിർഭാഗ്യാനാം ജനാനാം =ഭാഗ്യമില്ലാത്ത ആളുകളുടെ. ഉത്തംസീകൃതഃ അസ്മി=ശിരോലങ്കാരമാക്കി ചെയ്യപ്പെട്ടിരിക്കുന്നു. പൂർവ്വം ഏവ=മുമ്പുതന്നെ. ദമയന്തീഗുണശ്രവണമയകരാളകാകോളപൂരം=ദമയന്തീഗുണശ്രവണമാകുന്ന ഉഗ്രമായ വിഷപ്രവാഹത്തെ. മയി കിരതാ=എന്നിൽ കിരണം ചെയ്യുന്ന (ചൊരിയുന്ന). പഞ്ചായുധാകാരേണ=അഞ്ചമ്പൻെറ ആകൃതിയോടുകൂടിയ (കാമദേവനാകുന്ന). ഗർവ്വിതേന ദർവ്വീകരകുലസാർവ്വഭൌമേന=ഗർവ്വോടുകൂടിയ സർപ്പകുലചക്രവർത്തിയാൽ കഷ്ടം കഷ്ടം=കഷ്ടമേ കഷ്ടം. അഹം ദഷ്ടഃ അഭൂവം=ഞാൻ കടിക്കപ്പെട്ടവനായി ഭവിച്ചു. [കാമദേവനാകുന്ന ഘോരസർപ്പം ദമയന്തീഗുണശ്രവണമാകുന്ന ക്രൂരവിഷം ഏല്പിച്ചു് എന്നെ ഖണ്ടുതന്നെ കടിച്ചു.] തഥാ ഭവൻ=അപ്രകാരമായി ഭവിച്ചുകൊണ്ടു്. ആഹിണ്ഡമാനഃ=ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന. അഹം=ഞാൻ. കഃ വാ മമ ആഹിണ്ഡികീ ഭവിഷ്യതി ഇതി=ആരാണു് എനിക്കു് ആഹിണ്ഡി

കൻ (പാമ്പിനെ പിടിക്കുന്നവൻ) ആയി ഭവിക്കുക എന്നു്. അചിന്തയം=ചിന്തിച്ചു. [കാമമാകുന്ന സൎപ്പത്താൽ കടിക്കപ്പെട്ടു ചുററിത്തിരിഞ്ഞുകൊണ്ടിരുന്ന ഞാൻ ആരാണു് ആ സൎപ്പത്തെ പിടിക്കുക—ആരാണെന്റെ മദനബാധയിൽ സഹായിക്കുക—എന്നു ചിന്തിച്ചു.] തത്ര=ആ അവസ്ഥയിൽ. വിഷ്കിരകലപരിഷ്കരണമല്ലീമതല്ലീഫുല്ലതുല്യാകൃതിഃ = വിഷ്കിരകലത്തിനു (പക്ഷികലത്തിനു്) പരിഷ്കരണം (ആഭരണം) ആയും മല്ലീമതല്ലിയുടെ (ശ്രേഷ്ഠമായ മല്ലിയുടെ) ഫുല്ലത്തോടു (പുഷ്പത്തോടു) തുല്യമായ ആകൃതിയുള്ളവനായും. വരടാജീവാതുഃ=വരടയ്ക്കു (ഹംസപ്പിടയ്ക്കു്) ജീവനൌഷധമായുമിരിക്കുന്ന. കോപി മല്ലികാക്ഷഃ=ഒരു രാജഹംസം. ജാംഗലികീബഭൂവ=ജാംഗലികൻ (വിഷവൈദ്യൻ) ആയി ഭവിച്ചു. [പക്ഷികലാലങ്കാരമായും മുല്ലപ്പൂപോലെ ധവളാകാരമായുമിരിക്കുന്ന ഒരു ഹംസം ആ കാമസൎപ്പബാധയിൽ എനിക്കു സഹായമായി ഭവിച്ചു.] സഃ തു പുനഃ=ആ സൎപ്പമാകട്ടെ പിന്നെ. ദമയന്തീവൃത്താന്താകാരം ഭേഷജം=ദമയന്തീവൃത്താന്തമാകുന്ന ഔഷധത്തെ. സ്വാന്താകാരേണ കരാന്തേന=സ്വാന്തം (മനസ്സു്) ആകുന്ന കരാഗ്രംകൊണ്ടു്. സമുദ്ധരൻ=എടുത്തുകൊണ്ടു്. അസ്മദീയകൎണ്ണയുഗളീചുളുകമദ്ധ്യേ=എന്റെ രണ്ടു കൎണ്ണങ്ങളാകുന്ന ചുളുകത്തിന്റെ (അഞ്ജലിയുടെ) നടുവിൽ. നിഷിഞ്ചൻ=സേചനംചെയ്തുകൊണ്ടു്. കഥഞ്ചിൽ=പണിപ്പെട്ടു്. മാം=എന്നെ. നിൎവ്വാന്തനിൎവ്വേദം=വ്യസനം ശമിച്ചവനാക്കി. അകാഷീൽ=ചെയ്തു. [ആ ഹംസം ദമയന്തീവൃത്താന്തമാകുന്ന ഔഷധം എന്റെ കൎണ്ണമദ്ധ്യത്തിൽ തളിച്ചു് എന്റെ നിൎവ്വേദം ശമിപ്പിച്ചു.] തദനന്തരം ച=അതിനുശേഷമാകട്ടെ. ദമയന്തീസ്വയംവരഃ കദാ നു ഭവിതാ ഇതി വിചിന്ത്യ വൎത്തമാനഃ=ദമയന്തീസ്വയംവരം എപ്പോഴുണ്ടാകും എന്നു വിചാരിച്ചു വൎത്തിച്ചുകൊണ്ടു്. തസ്മിൻ കോലാഹലേ സംജാതേ സതി=ആ കോലാഹലം ഉണ്ടായ സമയത്തിങ്കൽ. തദ്ദിദൃക്ഷുഃ ഗച്ഛൻ അഹം=അതു കാണ്മാൻ ആഗ്രഹമുള്ളവനായി പോയ്ക്കൊണ്ടിരിക്കുന്ന ഞാൻ. മദ്ധ്യേമാൎഗ്ഗം ചതുരം

കാരാൻ ചതുരഃ വൃന്ദാരകവര്യാൻ അദ്രാക്ഷം=മാർഗ്ഗമദ്ധ്യത്തിങ്കൽ ചതുരം (മനോഹരം) ആയ ആകൃതിയോടുകൂടിയ നാലു ദേവശ്രേഷ്ഠന്മാരെ കണ്ടു. [ദമയന്തിയുടെ വൃത്താന്തമറിഞ്ഞതിനുശേഷം എപ്പോഴാണു് സ്വയംവരം നടക്കുവാൻ പോകുന്നതെന്നു ചിന്തിച്ചുംകൊണ്ടിരുന്ന ഞാൻ സ്വയംവരകോലാഹലം സംജാതമായപ്പോൾ അതു കാണുവാനാഗ്രഹിച്ചു പോയി. മാർഗ്ഗമദ്ധ്യത്തിൽവെച്ചു നാലു ദേവശ്രേഷ്ഠന്മാരെ ഞാൻ കണ്ടു] തേ പുനഃ=അവരാകട്ടെ. വയം ചത്വാരഃ ദമയന്തീപാണിഗ്രഹണപര്യുത്സുകാഃ ആഗതാഃ സ്മ ഇതി=ഞങ്ങൾ നാലുപേരും ദമയന്തിയെ പാണിഗ്രഹണം ചെയ്യുന്നതിൽ ഔൽസുക്യമുള്ളവരായിട്ടാണു് വന്നിരിക്കുന്നതെന്നു്. ദമയന്ത്യൈ നിവേദയിതും=ദമയന്തിക്കു് അറിയിക്കുവാൻ. ത്വം അസ്മൽകിങ്കരീഭവ=നീ ഞങ്ങളുടെ കിങ്കരൻ (ദൂതൻ) ആയി ഭവിച്ചാലും. ഇതി മാം ആജ്ഞാപയാമാസുഃ=എന്നു് എന്നോടു കല്പിച്ചു. [ഞങ്ങൾ ദമയന്തിയുടെ പാണിഗ്രഹണത്തിൽ ഔത്സുക്യത്തോടുകൂടി വന്നിരിക്കയാണെന്നു ദമയന്തിയുടെ അടുക്കൽ ചെന്നു് അറിയിക്കുവാൻ അങ്ങു ഞങ്ങളുടെ ദൂതനായി ഭവിക്കണമെന്നു് അവർ എന്നോടു കല്പിച്ചു.] തദനുജ്ഞയാ നിരാകൃതനിരോധഃ അഹം=അവരുടെ അനുജ്ഞകൊണ്ടു നിരോധം (പ്രതിബന്ധം) നീങ്ങിയവനായ ഞാൻ. തദന്തികം ഏവ ഗാഹമാനഃ=ആ ദമയന്തിയുടെ സമീപത്തിങ്കൽ പ്രവേശിച്ചുകൊണ്ടു്. തസ്യൈ മദിഷ്ടം ഏവ വിവക്ഷുഃ അപി=അവളോടു് എന്റെ ഇഷ്ടത്തെത്തന്നെ പറയുവാൻ ഇച്ഛയുള്ളവനായിരുന്നിട്ടും. തദിഷ്ടം ഏവ വ്യജ്ഞാപയം=അവരുടെ ഇഷ്ടത്തെത്തന്നെ അറിയിച്ചു. [ദേവന്മാരുടെ അനുജ്ഞയാൽ യാതൊരു പ്രതിബന്ധവും കൂടാതെ ഞാൻ ദമയന്തിയുടെ അടുക്കൽ ചെന്നു് അവളോടു് എന്റെ ഇഷ്ടം പറയേണമെന്നു് ആഗ്രഹമുണ്ടായിരുന്നിട്ടുകൂടി ആ ദേവന്മാരുടെ ഇഷ്ടത്തെത്തന്നെ അറിയിച്ചു] തദനന്തരം സാ ഏവം അവാദീൽ=അതിനുശേഷം അവൾ ഇങ്ങനെ പറഞ്ഞു. മദീയസ്വയംവരകോലാഹലേ=എന്റെ സ്വയംവര

കോലാഹലത്തിൽ. തിഷ്ഠന്തം ത്വാം=സ്ഥിതിചെയ്യുന്ന അങ്ങയെ. അഹം ഏത്യ വരയാമി ഇതി=ഞാൻ വന്നു വരിക്കുന്നുണ്ട് എന്ന്. [സ്വയംവരസഭയിൽ അങ്ങു വന്നിരുന്നാൽ ഞാൻ അങ്ങയുടെ അടുക്കൽ വന്ന് അങ്ങയെ വരിക്കുന്നതാണ് എന്നു ദമയന്തി പറഞ്ഞു.] ഉക്തം ഏവ അനുതിഷ്ഠൻ=അവരാൽ പറയപ്പെട്ടതിനെത്തന്നെ അനുഷ്ഠിച്ചുകൊണ്ട്. തേഭ്യഃ നിർജ്ജരേഭ്യഃ=ആ ദേവന്മാരോട്. തദ്വൃത്താന്തം ഏവ വ്യാഹരൻ=ആ വൃത്താന്തത്തെത്തന്നെ പറഞ്ഞുകൊണ്ട്. ഗത്വാ=പോയിട്ട്. നിർജ്ജരകൃതനിരോധേ ബഹുലേ സതി=നിർജ്ജരന്മാരാൽ (ദേവന്മാരാൽ) ചെയ്യപ്പെട്ട നിരോധം വളരെ ഉണ്ടായിരിക്കുമ്പോൾ. തൽപാണിഗ്രഹണസൌഖ്യം ലഭേയ വാ ന വാ ഇതി=അവളുടെ പാണിഗ്രഹണമാകുന്ന സൌഖ്യത്തെ ഞാൻ ലഭിക്കുമോ ഇല്ലയോ എന്ന്. സംജാതദ്വാപരഃ=ദ്വാപരം (സംശയം) ഉണ്ടായവനായിട്ട്. സംശയ്യ=സംശയിച്ചിട്ട്. അഹം തസ്യാം ഏവ തിഷ്ഠേ സ്മ=ഞാൻ അവളിൽത്തന്നെ ഉറപ്പോടുകൂടി സ്ഥിതിചെയ്തു. [ദേവന്മാർ പറഞ്ഞ കാര്യം അനുഷ്ഠിക്കുകയും അതിന്നു ദമയന്തി പറഞ്ഞ വൃത്താന്തം അവരോടു ചെന്നു പറയുകയും ചെയ്തിട്ടു ഞാൻ സ്വയംവരത്തിന്നു പോകുമ്പോൾ ദേവന്മാരുടെ നിരോധം പ്രബലമായുള്ള സ്ഥിതിക്കു ദമയന്തീപാണിഗ്രഹണമെന്ന സൌഖ്യം എനിക്കു ലഭിക്കുമോ ഇല്ലയോ എന്നു സംശയിച്ചു ഞാൻ അവളെത്തന്നെ പ്രമാണമാക്കി, അതായത് അവൾ സഭയിൽവെച്ച് എന്നെ വരിക്കുമെന്നു പറഞ്ഞതിനെ ഉറപ്പായി വിശ്വസിച്ചുകൊണ്ടു സ്ഥിതിചെയ്തു.] തേ നിലിമ്പാഃ പുനഃ=ആ ദേവന്മാരാകട്ടെ. രോഷാൽ=കോപംഹേതുവായിട്ട്. മദീയാകാരധാരിണഃ=എന്റെ ആകൃതിയെ ധരിച്ചുകൊണ്ട്. തസ്മിൻ സമാജേ ഏവ=ആ സ്വയംവരസഭയിൽത്തന്നെ. ദമയന്ത്യഭിലിപ്സന്തഃ=ദമയന്തിയെ ലഭിപ്പാനായിക്കൊണ്ടു സ്ഥിതിചെയ്തു. [ആ ദേവന്മാരാകട്ടെ പിന്നെ എന്റെ പേരിൽ കോപം പൂണ്ട് എന്റെ ആകൃതിപോലുള്ള ആകൃതിയെ ധരിച്ചുകൊണ്ടു സ്വയംവര

സഭയിൽ ദമയന്തിയെ ലഭിക്കുവാൻവേണ്ടി സ്ഥിതിചെയ്തു.] പുനഃ ഏഷാ=പിന്നീട് ഇവാം. പഞ്ച നളാൻ വിലോക്യ=അഞ്ചു നളന്മാരെ കണ്ടിട്ട്. നിർജ്ജരകൃതഃ അയം നിബ്ബന്ധഃ ഇതി നിശ്ചിത്യ ധനാം=ദേവന്മാരാൽ ചെയ്യപ്പെട്ട നിബ്ബന്ധം (പ്രാർത്ഥനാവിശേഷം) ആണിത് എന്നു നിശ്ചയിച്ചുകൊണ്ട്. സ്വകീയപാതിവ്രത്യ ഗൌരവാകരേണ കരേണ=തന്റെ പാതിവ്രത്യത്തിന്റെ ഗൌരവത്തിന്ന് ആകരം (ഇരിപ്പിടം) ആയ കൈകൊണ്ട്. പേലവാം നിജമാലാം=മാർദ്ദവമുള്ളതായ തന്റെ മാലയെ. പുളകസന്തതിമന്ഥരം യാം=പുളകച്ചാർത്തുകൊണ്ടു വ്യാപ്തമായ. മമ കന്ധരായാം=എന്റെ കഴുത്തിൽ. പ്രക്ഷിപ്തവതീ=പ്രക്ഷേപിച്ചു. [സ്വയംവരസഭയിൽ അഞ്ചു നളന്മാരെ കണ്ടിട്ടു ദേവന്മാർ തന്നെ പ്രാർത്ഥിച്ചുകൊണ്ടു നിർമ്മിച്ച വിദ്യയാണിത് എന്നു നിശ്ചയിച്ചു തന്റെ പാതിവ്രത്യത്തിന്നിരിപ്പിടമായ കൈകൊണ്ടു മൃദുലമായ വരണമാലയെ പുളകച്ചാർത്തണിഞ്ഞ എന്റെ കഴുത്തിൽ ദമയന്തി സമർപ്പിച്ചു.] തത്താദൃശോദ്ധുരകരുണാം താം=അപ്രകാരം ഉദ്ധുരമായ (അത്യധികമായ) കരുണയോടുകൂടിയ അവളെ. മദ്ധ്യേകാന്താരം നിദ്രാലസാം=കാട്ടിൻനടുവിൽ ഉറങ്ങി മയങ്ങികിടക്കുന്നവളായിട്ട്. ഉൽസൃജ്യ=ഉപേക്ഷിച്ചിട്ട്. ശഠാഗ്രേസരഃ അഹം=ശഠന്മാരിൽ മുമ്പനായ ഞാൻ. സമാഗതഃ അസ്മി=വന്നിരിക്കുന്നു. [ഇത്രത്തോളം അധികം എന്നോടു ദയ കാണിച്ച ആ ദമയന്തിയെ കാട്ടിൻനടുവിൽ ഉറങ്ങി അലസയായി കിടക്കുന്ന സമയത്തു് ഉപേക്ഷിച്ചിട്ടാണ് കപടമേറിയ ഞാൻ പോന്നതു്.] ഇതഃ പരം കിം കരവൈ=ഇനിമേലിൽ ഞാൻ എന്തു ചെയ്യട്ടെ. കാർക്കോടകോദിതരീത്യാ=കാർക്കോടകനാൽ പറയപ്പെട്ട രീതി (മട്ട്) അനുസരിച്ച്. അയോദ്ധ്യാധിപതേഃ ഋതുപർണ്ണസ്യ അന്തികം ഏവ യാസ്യാമി=അയോദ്ധ്യാരാജാവായ ഋതുപർണ്ണന്റെ സമീപത്തിലേയ്ക്കുതന്നെ പോകുന്നുണ്ട്. [ഇത്രത്തോളം നളന്റെ വിലാപമാകുന്നു.] ഇതി സങ്കല്പയൻ ദശ ദിനാനി സഞ്ചരൻ=ഇങ്ങനെ സങ്കല്പിച്ചു പത്തു ദിവസം മുഴുവനും സഞ്ചരിച്ചു

കൊണ്ടു്. അയോദ്ധ്യാധിപതിവിതീൎണ്ണവേതനഃ=അയോദ്ധ്യാധിപതിയാൽ വിതീൎണ്ണമായ (നല്കപ്പെട്ട) വേതനത്തോടു (ശമ്പളത്തോടു) കൂടിയവനായിട്ടു്. തന്നികേതനഗതഃ=അദ്ദേഹത്തിന്റെ ഗൃഹത്തെ ഗമിച്ചവനായിട്ടു്. ദമയന്ത്യാഃ സ്മരൻ=ദമയന്തിയെ സ്മരിച്ചുകൊണ്ടു്. അവാത്സീൽ=വസിച്ചു. ["തൽകലിപ്രാഭവവ്യസനവ്യതിരോഭവേ" എന്നു പറഞ്ഞപ്രകാരം കലികൃതമായ ബുദ്ധിഭ്രമം നീങ്ങിയപ്പോഠം നളന്റെ മനസ്സിൽ മുമ്പു കഴിഞ്ഞ സംഭവങ്ങളെല്ലാമൊന്നും കരതലാമലകംപോലെ തെളിഞ്ഞു പ്രകാശിച്ചു. അദ്ദേഹം ദമയന്തിയുടെ ഗുണശ്രവണത്താൽ അവളിൽ അനുരാഗമുണ്ടായതുമുതല്ക്കു കാട്ടിൽവെച്ചു് അവളുമായി വേർപ്പെട്ടപോതുവരെ നടന്ന സകലസംഭവങ്ങളും ഓരോന്നോരോന്നായി സ്മരിച്ചു; ആ സ്മരണയോടുകൂടി ഋതുപൎണ്ണരാജധാനിയിൽ താമസം തുടങ്ങി എന്നു സാരം.]

"കാന്തേ കാന്താരഭാഗേ മമ മടിയിലുറ-
ങ്ങീടുമന്നിന്നെ മാൎഗ്ഗ-
ക്ലാന്താമിട്ടേച്ചു പോന്നീടിന ശഠമതി ഞാൻ
തന്വി കാണാഞ്ഞു ദൂയേ
എന്തിട്ടും മോഹവേഗോദയമവിരതമു-
ണ്ടായതിപ്പോളുടഞ്ഞീ
ഭ്രാന്താത്മാവിന്നിതെന്താവിതു നിഖിലമിനി-
ക്കിന്നു തോന്നിത്തുടങ്ങി. ൫൭

ദമയന്തിയെ സ്മരിച്ചുകൊണ്ടു നളൻ ദിവസംതോറും ചൊല്ലാറുള്ള രണ്ടു പദ്യങ്ങളാണ് ഇനി പറയുന്നതു്:—ഹേ കാന്തേ=അല്ലയോ കാന്തേ. കാന്താരഭാഗേ=കാട്ടുപ്രദേശത്തിങ്കൽ. മാൎഗ്ഗക്ലാന്താം=വഴി നടന്നു ക്ഷീണിച്ച. ശഠമതി=കപടബുദ്ധി. ഹേ തന്വി=അല്ലയോ സുന്ദരി. അഹം ദൂയേ=ഞാൻ ദുഃഖിക്കുന്നു. എന്തിട്ടും മോഹവേഗോദയം=വൎദ്ധിച്ചുവരുന്ന മോഹത്തിന്റെ (ബുദ്ധിഭ്രമത്തി

ന്റെ) ആവേശം. അവിരതം ഉണ്ടായതു്=ഇടവിടാതെ ഉണ്ടായ തു്. ശ്രാന്താത്മാവിന്നു് ഇനിഷ്ക്ക്=ശ്രാന്തമായ മനസ്സോടുകൂടിയ എനിക്കു്. തോന്നിത്തുടങ്ങി=ഓൎമ്മയുണ്ടായിത്തുടങ്ങി. എന്താവി തു=എന്തു ചെയ്യാം. ഹേ സുന്ദരിയായ കാന്തേ, വഴി നടന്നു ക്ഷീ ണിച്ച കാട്ടുപ്രദേശത്തിങ്കൽ എന്റെ മടിയിൽ കിടന്നുറങ്ങിയിരുന്ന നിന്നെ അവിടെ ഇട്ടേച്ചു പോന്ന ദുഷ്ടബുദ്ധിയായ ഞാൻ ഇപ്പോഠം നിന്നെ കാണാഞ്ഞു വ്യസനിക്കുന്നു. മനസ്സിൽ നിറഞ്ഞു കവി ഞ്ഞിരുന്ന ഭ്രമത്തിന്റെ വേഗം ഇടവിടാതെ ഉണ്ടായിരുന്നതു് ഇ പ്പോഠം അടങ്ങി. തളൎന്ന മനസ്സോടുകൂടിയ എനിക്കു് ഉണ്ടായ സംഭവങ്ങളോരോന്നും ഇപ്പോഠം ശരിക്കു തോന്നിത്തുടങ്ങി. ഇനി എ ന്തു ചെയ്യാം?

> നാഥേ കാണാഞ്ഞുമെന്നെബ്ഭയദവിപിനഭാ–
> ഗേ മൃഗൌഘാനനേകാൻ
> ഭീതാ കണ്ടും ക്ഷുധാ മാഴ്കിയുമണിനയനാൽ
> തൂകിയും ബാഷ്പധാരാം
> നീ താനേ നൈവ ജാനേ സതതമപി ചര–
> ന്തീ പ്രിയേ കാമവസ്ഥാം
> നീതാ ദൈവേന ഞാനിന്നകരുണഹൃദയഃ
> കിം കരോമ്യാകുലാത്മാ." ൻന്നു

നാഥേ=ഹേ പ്രാണനാഥേ. ഭയദവിപിനഭാഗേ=ഭയം നല്കു ന്ന വനഭാഗത്തിങ്കൽ. അനേകാൻ മൃഗൌഘാൻ=അനേകം മൃഗ ക്കൂട്ടങ്ങളെ. ഭീതാ=ഭയപ്പെട്ടവളായിട്ടു്. ക്ഷുധാ=വിശപ്പുകൊണ്ടു്. അണിനയനാൽ=ഭംഗിയുള്ള കണ്ണിൽനിന്നു്. ബാഷ്പധാരാം=കണ്ണീ രിന്റെ ധാരയെ. ന ഏവ ജാനേ=ഞാൻ അറിയുന്നില്ലതന്നെ. സ തതം അപി ചരന്തീ=എല്ലായ്പ്പോഴും സഞ്ചരിക്കുന്നവളായിട്ടു്. ദൈ വേന കാം അവസ്ഥാം നീതാ=ദൈവത്താൽ എന്തൊരവസ്ഥയെ പ്രാപിപ്പിക്കപ്പെട്ടു. അകരുണഹൃദയഃ=കരുണയില്ലാത്ത ഹൃദയ

ത്തോടുകൂടിയ. ആകലാത്മാ ഞാൻ കിം കരോമി=പരവശമാനസനായ ഞാൻ എന്തു ചെയ്യുന്നു. ഹേ പ്രാണനാഥേ, എന്നെ കാണാഞ്ഞും മൃഗക്കൂട്ടങ്ങളെ കണ്ടും ഭീതയായും വിശപ്പുകൊണ്ടു വലഞ്ഞും കണ്ണീർ തൂകിയും കാട്ടിൽ തനിയെ നടന്നുകൊണ്ടിരിക്കുന്ന നിന്നെ ദൈവം എന്തൊരവസ്ഥയിലെത്തിച്ചുവെന്നു ഞാനറിയുന്നില്ല. യിഷ്ടിംകർത്തവ്യതാമൂഢഹൃദയനായ ഞാൻ എന്തു ചെയ്യുന്നു?

ഇത്ഥം പദ്യദ്വയം ബാഹുകനഗതി കിട-
ക്കും വിധൌ ചൊല്ലുമന്നാ-
ന്ത്യാവേശേന കേട്ടിട്ടതിനെ രഹസി വാർ-
ഷ്ണേയനാമാ ബഭാഷേ
"വൃത്താന്തം കസ്യ നിന്നാലധിരജനി സദാ
ഗീയതേ" പേർത്തുമെന്നാ-
വൃത്ത്യാ ചോദിച്ച വാർഷ്ണേയനൊടഥ നളനാം
ബാഹുകോ വാചമൂചേ. ൩൭

ഇത്ഥം പദ്യദ്വയം=ഇങ്ങനെയുള്ള രണ്ടു പദ്യങ്ങളെ. അഗതി ബാഹുകൻ=അശരണനായ ബാഹുകൻ. കിടക്കും വിധൌ=കിടക്കുന്ന സമയത്ത്. അത്യാവേശേന=അതിയായ മനഃക്ഷോഭത്തോടുകൂടി. രഹസി=വിജനത്തിങ്കൽവെച്ച്. വാർഷ്ണേയനാമാ ബഭാഷേ=വാർഷ്ണേയനെന്നു പേരായവൻ പറഞ്ഞു. കസ്യ വൃത്താന്തം നിന്നാൽ അധിരജനി സദാ പേർത്തും ഗീയതേ=ആരുടെ വൃത്താന്തമാണ് നിന്നാൽ രാത്രിയിങ്കൽ എല്ലാപ്പോഴും പിന്നെയും പിന്നെയും ഗാനംചെയ്യപ്പെടുന്നത്. ആവൃത്ത്യാ=ആവൃത്തിയോടുകൂടി (വളരെ പ്രാവശ്യം). നളനാം ബാഹുകഃ=നളനാകുന്ന ബാഹുകൻ. വാചം ഊചേ=വാക്കിനെ പറഞ്ഞു. ഇപ്രകാരമുള്ള രണ്ടു പദ്യം രാത്രി കിടക്കുന്ന സമയത്തു ബാഹുകൻ പതിവായി ചൊല്ലും. അതു കേട്ടിട്ടു വാർഷ്ണേയൻ എന്ന സൂതൻ സ്വകാര്യമായി

ചോദിച്ചു—"ആരുടെ വൎത്തമാനമാണ് നീ രാത്രിതോറും പാടുന്നതു്?" ഇങ്ങനെ ചോദിച്ച വാർഷ്ണേയനോടു ബാഹുകൻ പറഞ്ഞു:

"ഏകോ നിജാം പ്രേയസീം കാട്ടിലിട്ടേ–
ച്ചേകാകിനീം യാതവാൻ ഭ്രാന്തചേതാഃ
മോഹേ ഗതേ തേന ശോകേന ഗീതൌ
ശ്ലോകാവിമൌ ഹന്ത ഗായാമ്യസൌ ഞാൻ." ൻവ

ഏകഃ=ഒരു പുരുഷൻ. നിജാം പ്രേയസീം ഏകാകിനീം കാട്ടിലിട്ടേച്ച്=തന്റെ പ്രിയയെ ഏകയായി കാട്ടിൽ വിട്ടു്. ഭ്രാന്തചേതാഃ യാതവാൻ=ഭ്രമിച്ച മനസ്സോടുകൂടിയവനായി യാനംചെയ്തു. മോഹേ ഗതേ സതി=മനസ്സിലെ ഭ്രമം നീങ്ങിയപ്പോൾ. ശോകേന തേന ഗീതൌ=ശോകത്തോടുകൂടി അവനാൽ പാടപ്പെട്ടു. ഇമൌ ശ്ലോകൌ=ഈ രണ്ടു ശ്ലോകങ്ങളെ. അസൌ ഞാൻ ഗായാമി=ഈ ഞാൻ ഗാനം ചെയ്യുന്നു. 'ഹന്ത' എന്നതു് അനുകമ്പാദ്യോതകം. ഒരു പുരുഷൻ തന്റെ പ്രിയതമയെ ആരും തുണയില്ലാതെ കാട്ടിൽ വിട്ടു ഭ്രാന്തുപിടിച്ചു പോയ്ക്കളഞ്ഞു. ആ ഭ്രാന്തു നീങ്ങിയപ്പോൾ അവൻ ശോകത്തോടുകൂടി പാടിയവയാണ് ഈ ശ്ലോകങ്ങൾ. അവയെ ഞാൻ അനുകമ്പനിമിത്തം പാടുകയാണ് ചെയ്യുന്നതു്.

വിദർഭരാജനന്ദന തൻ–
തനൂജയാ നളേ ഗതേ
മതിഭ്രമേണ കാനനേ
വിചിന്ത്യ താം ച തം നൃപം
മുഹുസ്സു ഖേദവാനിമാ–
വറിഞ്ഞിഹാഗതനു ഗോ–
സഹസ്രമപ്പയാമി ഞാ–
നിവണ്ണമാഹ ഭൂപതിഃ ൻൻ

വിദർഭരാജൻ=ഭീമരാജാവു്. നളേ തൻതനൂജയാ മതിഭ്രമേണ കാനനേ ഗതേ സതി=നളൻ തന്റെ മകളോടുകൂടി ബുദ്ധിഭ്രമത്താൽ

കാട്ടിൽ ഗതനായപ്പോൾ. ഭൂയഃ ഖേദവാൻ=പിന്നെയും പിന്നെയും ഖേദമുള്ളവനായിട്ട്. താം തം രൂപം ച ഇമൌ വിചിത്യ അറിഞ്ഞ് ഇഹ ആഗതന്ന്=അവളേയും ആ രാജാവിനേയും അന്വേഷിച്ചറിഞ്ഞിട്ട് ഇവിടെ വരുന്നവന്ന്. ഞാൻ ഗോസഹസ്രം അർപ്പയാമി=ഞാൻ ആയിരം പശുക്കളെ ദാനംചെയ്യുന്നുണ്ട്. ഇവണ്ണം ആഹ=എന്നിങ്ങനെ പറഞ്ഞു. വിദർഭരാജ്യം വാഴുന്ന ഭീമരാജാവു തന്റെ മകളോടുകൂടി നളൻ ബുദ്ധിഭ്രമിച്ചു കാട്ടിൽ പോയതായി കേട്ടിട്ടു വളരെ വ്യസനിച്ചു ദമയന്തിയേയും നളനേയും തിരഞ്ഞറിഞ്ഞ് ഇവിടെ വരുന്നവന്നു താൻ ആയിരം പശുക്കളെ ദാനം ചെയ്യുമെന്നു പറഞ്ഞു. [പശുക്കളെ ദാനം ചെയ്യുമെന്നു പറകയാൽ ഏതെങ്കിലും ഒരു ബ്രാഹ്മണൻ അന്വേഷിച്ചറിഞ്ഞു വരണമെന്നാണ് രാജാവിന്റെ ഉദ്ദേശമെന്നു വ്യക്തമാകുന്നു.]

ആരാഞ്ഞന്നിഷധേന്ദ്രനാം നളനെയും
ഭൈമീം ച തൽപ്രേയസീ-
മോരോരോ ദിശി ചേരുരന്നവനിമേൽ
വിശ്വംഭരാനിർജ്ജരാഃ
ആരാൽ വന്നു സുദേവനാം വസുമതീ-
ദേവോ വിദർഭോത്ഭവോ
നാരീം കാഞ്ചന ചേദിഭൂപനിലയേ
കണ്ടാനകാണ്ഡേ തദാ. ൧൦൦

ഓരോരോ ദിശി=ഓരോ ദിക്കിൽ. ചേരുഃ=സഞ്ചരിച്ചു. അവനിമേൽ=ഭൂമിയിൽ. വിശ്വംഭരാനിർജ്ജരാഃ=ബ്രാഹ്മണർ. ആരാൽ=അകലത്തിൽ. വിദർഭോത്ഭവഃ സുദേവനാം വസുമതീദേവഃ=വിദർഭനാട്ടിൽ പിറന്ന സുദേവനെന്ന ബ്രാഹ്മണൻ. കാഞ്ചന നാരീം=ഒരു സ്ത്രീയെ. ചേദിഭൂപനിലയേ=ചേദിരാജാവിന്റെ ഗൃഹത്തിൽ. അകാണ്ഡേ=അകാരണമായിട്ട്. നളനേയും ദമയന്തിയേയും അന്വേഷിച്ചുകൊണ്ടു ഭൂമിയിൽ ഓരോരോ ദിക്കിൽ ബ്രാം

ഷണർ സഞ്ചരിച്ചു. അവരിൽവെച്ചു വിദർഭരാജ്യക്കാരനായ സുദേവൻ എന്ന ബ്രാഹ്മണൻ ചേദിരാജാവിൻെറ ഗൃഹത്തിൽ താമസിക്കുന്ന ഒരു സ്ത്രീയെ യദൃച്ഛയാ കണ്ടു.

ഊഹിച്ചറിഞ്ഞാനിഹ പൂർവ്വദൃഷ്ടാം
ദേഹസ്ഥിതിം കണ്ടു വിദർഭകന്യാം
രാഹുഗ്രഹാക്രാന്തകലാമിവേന്ദോ-
ർവൈഹസ്ത്യഖിന്നാമഥ താം ബഭാഷേ. ൨൦൭

പൂർവ്വദൃഷ്ടാം ദേഹസ്ഥിതിം കണ്ട്=മുമ്പു കണ്ടു പരിചയമുള്ള ശരീരസ്ഥിതിയെ കണ്ടിട്ട്. വിദർഭകന്യാം ഊഹിച്ചറിഞ്ഞാൻ= വിദർഭരാജപുത്രിയെന്ന് ഊഹിച്ചറിഞ്ഞു. ഇന്ദോഃ രാഹുഗ്രഹാക്രാന്തകലാം ഇവ വൈഹസ്ത്യഖിന്നാം താം ബഭാഷേ ച=രാഹു എന്ന ഗ്രഹത്താൽ ആക്രമിക്കപ്പെട്ട ചന്ദ്രൻെറ കലപോലെ വൈഹസ്ത്യം(വ്യാകുലത)കൊണ്ടു ഖേദിച്ചിരിക്കുന്ന അവളോട് അദ്ദേഹം പറഞ്ഞു. ദമയന്തിയുടെ ദേഹസ്ഥിതി സുദേവനു മുമ്പു കണ്ടു പരിചയമുള്ളതാണ്. ചേദിരാജധാനിയിൽ പാക്കുന്ന ആ സ്ത്രീയെ കണ്ടപ്പോരം അതു വിദർഭരാജപുത്രിയായ ദമയന്തിയാണെന്ന് അദ്ദേഹം ഊഹിച്ചറിഞ്ഞു. എന്നിട്ട്, രാഹുവിനാൽ ആക്രമിക്കപ്പെട്ട ചന്ദ്രൻെറ കലപോലെ വ്യാകുലതയാൽ ഖേദിച്ചിരിക്കുന്ന അവളോടദ്ദേഹം പറഞ്ഞു. ഉപമ.

"ആയാതാ നീ കദാ ചേദിപനൃപസദനേ
ഹന്ത തേ സോദരൻതൻ
പ്രേയാനായോരു വിപ്രൻ കലയ ഹൃദി സുദേ-
വോസ്മി ഞാൻ പുണ്യശീലേ
ദായാദന്മാരെയും നിൻജനകനെയുമിമാം
മാതരം ചാപി കണ്ടേൻ
ഭൂയോ ഭൂയോപി ശോകാംബുധിയിൽ മുഴുകി മാ-
ഴ്കിപ്പെരുത്താർത്തിഖിന്നാൻ." ൨൦൮

നീ കദാ ചേദിപനൃപസദനേ ആയാതാ=നീ എപ്പോഴാണ് ചേദിരാജാവിന്റെ ഗൃഹത്തിൽ വന്നത്. ഹന്ത=കഷ്ടം. ഹേ പുണ്യശീലേ=അല്ലയോ പുണ്യശീലയായവളേ. ഞാൻ തേ സോദരേന്ദ്രൻ പ്രിയനായൊരു വിപ്രൻ=ഞാൻ നിന്റെ സോദരന്ന് അത്യന്തം ഇഷ്ടനായ ഒരു ബ്രാഹ്മണനാണ്. സുദേവഃ അസ്മി ഇതി ഹൃദി കലയ=ഞാൻ സുദേവനാണെന്ന് ഹൃദയത്തിൽ വിചാരിച്ചാലും. നിൻദായാദന്മാരെയും ജനകനെയും ഇമാം മാതരം ച അപി കണ്ടേൻ=നിന്റെ ജ്ഞാതികളേയും അച്ഛനേയും അമ്മയേയും ഞാൻ കണ്ടു. 'ഭൂയോ ഭൂയോഽപി' എന്നാദിയായ നാലാംപാദം ദായാദന്മാർ മുതലായവരുടെ വിശേഷണം. ഭൂയോ ഭൂയഃ അപി=പിന്നെയും പിന്നെയും. ശോകാംബുധിയിൽ മുഴുകി മാഴ്കിപ്പെരുത്തൊന്നിരിക്കുന്നോർ= ശോകമാകുന്ന സമുദ്രത്തിൽ മുങ്ങി വലഞ്ഞു മനോവേദനകൊണ്ടു സങ്കടപ്പെടുന്നവരായ. ഹേ പുണ്യശീലേ, നീ എപ്പോഴാണ് ചേദിരാജഗൃഹത്തിൽ വന്നത്? ഞാൻ നിന്റെ സോദരന്ന് അത്യന്തം ഇഷ്ടനായ സുദേവബ്രാഹ്മണനാണെന്നു ധരിച്ചുകൊൾക. നിന്റെ ബന്ധുക്കളെയും അച്ഛനെയും അമ്മയേയും ഞാൻ കണ്ടു. നിന്റെ ദുരവസ്ഥ കേട്ടു സങ്കടമാകുന്ന വൻകടലിൽ വീണ്ടും വീണ്ടും മുങ്ങി മനോവേദനയോടുകൂടിയാണ് അവരിരിക്കുന്നത്.

അക്ഷ്ണാസുപക്ഷ്മോക്തവാചാ പയോഭിഃ
പ്രക്ഷാളയാമാസ തസ്യാ നിടാലം
ലക്ഷ്മേവ ചന്ദ്രേ സ്ഫുരത്തത്ര ദൃഷ്ട്വാ
ചക്ഷൂംഷി താസാം ദധുർബാഷ്പധാരാഃ. ൧൦൫

അക്ഷ്ണാസുപക്ഷ്മോക്തവാചാ=ആ ക്ഷണാസുപക്ഷ്മാവിനാൽ (ബ്രാഹ്മണനാൽ) ഉക്തമായ വാക്കുഹേതുവായിട്ട്. തസ്യാഃ നിടാലം= ആ സൈരന്ധ്രിയുടെ നെററിയെ. പയോഭിഃ പ്രക്ഷാളയാമാസ= വെള്ളംകൊണ്ടു നല്ലവണ്ണം കഴുകിച്ചു. ചന്ദ്രേ ഇവ=ചന്ദ്രനിലെന്ന പോലെ. തത്ര=അതിൽ (നെററിയിൽ). സ്ഫുരൽ=തിളങ്ങുന്ന.

ലക്ഷ്മ=അടയാളത്തെ. ദൃഷ്ട്വാ=കണ്ടിട്ട്. താസാം ചക്ഷൂംഷി=ആ സ്ത്രീകളുടെ കണ്ണുകൾ. ബാഷ്പധാരാഃ ദധുഃ=കണ്ണീർധാരകളെ ധാനംചെയ്തു (ധരിച്ചു). ആ സുദേവബ്രാഹ്മണൻ പറഞ്ഞ വാക്കനുസരിച്ചു സൈരന്ധ്രിയുടെ നെററി വെള്ളംകൊണ്ടു വെടിപ്പായി കഴുകിച്ചു. അപ്പോൾ ചന്ദ്രനിൽ എന്നപോലെ നെററിയിൽ ഒരടയാളം തിളങ്ങുന്നതു കണ്ടു് അവിടെയുള്ള സ്ത്രീകളുടെ കണ്ണുകളിൽനിന്നു കണ്ണീരൊഴുകി [പ്രക്ഷാളയാമാസ എന്ന ക്രിയയ്ക്കു "രാജമാതാ" എന്ന കർത്തൃപദം അധ്യാഹരിക്കണം. "അക്ഷ്ണാസ്യപവ്യോക്തവാചാ" എന്നതിൽ സുദേവൻ വിസ്തരിച്ചു പറഞ്ഞ വാക്കുകളെ സൂചിപ്പിച്ചിരിക്കുന്നു. ഈ സുന്ദരി സൈരന്ധ്രിയല്ല; രാജ്യവ്യസനത്തിനു പാത്രമായ നിഷധരാജാവിന്റെ മഹിഷിയായ ദമയന്തിയാണ്. ദമയന്തിയുടെ നെററിയിൽ മഹാരാജ്ഞീപദപ്രാപ്തിയെ സൂചിപ്പിക്കുന്ന പിപ്ള അതായതു കാക്കപ്പുള്ളി എന്ന അടയാളമുണ്ടു്. അതിപ്പോൾ ചളിപുരണ്ടു മറഞ്ഞിരിക്കയാണ്. നെററി നന്നായൊന്നു കഴുകിയാൽ ആ അടയാളം തെളിഞ്ഞുകാണാം —എന്നാണ് സുദേവന്റെ വാക്ക്.]

അക്കാലം ഭൂപമാതാ പരവശഹൃദയാ
  പൂർണ്ണചന്ദ്രാനനാം താ-
മക്ഷ്ണാന്ത്യാ തൻകരാഭ്യാം മുറുകമുറുക മു-
  ന്നുറുവട്ടം പുണർന്നാൾ
മുഖ്യാംഗീമിത്രനാളും ഭവതിയെ മകളേ
  ഞാനറിഞ്ഞീലയല്ലോ
സൽക്കാര്യാമവതെന്തിന്നതിനുപകരമെ-
  ന്നാകുലാ സാ ബഭാഷേ. ൧൦൮

അക്കാലം=ആ സമയത്തു്. രാജമാതാ=രാജാവിന്റെ അമ്മ. പരവശഹൃദയാ=വിവശമാനസയായിട്ട്. പൂർണ്ണചന്ദ്രാനനാം താം=പൂർണ്ണചന്ദ്രമുഖിയായ ആ ദമയന്തിയെ. അക്ഷ്ണാന്ത്യാ=ക്ഷമകളോ

മൊ. തൻകരാഭ്യാം=തന്റെ കൈകൾകൊണ്ട്. മുഖ്യാംഗീം സൽ കായ്യാം ഭവതിയെ=സുന്ദരാംഗിയും സല്ക്കാരാർഹയുമായ ഭവതിയെ. ആകുലാ സാ ബഭാഷേ=ആകുലയായിട്ട് അവൾ പറഞ്ഞു. ആ സ്ത്രീ ദമയന്തിയാണെന്നറിഞ്ഞപ്പോൾ രാജമാതാവ് അവളെ ചല വുര മുറകെപ്പുണന്നു. എന്നിട്ടു പറഞ്ഞു—"മകളേ! സുന്ദരിയും സല്ക്കാരാർഹയുമായ ഭവതിയെ ഞാനിതേവരെ അറിഞ്ഞില്ലല്ലോ. അതിനു പകരമായി എന്താണിപ്പോൾ ചെയ്യേണ്ടത്?" [മകളേ എന്ന സംബോധനകൊണ്ടു സ്നേഹബന്ധംമാത്രം പ്രമാണിച്ചുള്ളു. ദമയന്തിയുടെ ഭർത്തൃമാതാവിന്റെ സോദരികൂടിയാണ് ചേദിരാജമാതാവ്; അവൾക്കു ദമയന്തി മകളെപ്പോലെയാണല്ലോ.]

തദാ ചൊന്നാളേഷാ "ഗുണവതി
തനൂജൌ ശിശുതരൌ
മുദാ കാണായിന്നു കതി ദിവ-
സമുണ്ടിങ്ങഗതി ഞാൻ
ഉദാരൌ കാണ്മാനായവരെ നി-
ലയേ പോവതിനു മേ
വിധീയന്താം ദൂതാഃ പുനരിദ-
മിനിക്കീപ്സിതതമം." ൧൦൭

ഏഷാ=ഈ ദമയന്തി. ഗുണവതി=ഹേ ഗുണശാലിനി. ശിശുതരൌ തനൂജൌ=ചെറുകുട്ടികളായ രണ്ടു പുത്രന്മാരെ. മുദാ=മോദത്തോടെ. കതി ദിവസമുണ്ടു കാണായിന്നു=എത്ര നാളായി കാണാതിരിക്കുന്നു. അഗതി=ഗതിയില്ലാത്തവൾ. ഉദാരൌ അവരെ=ഉദാരന്മാരായ അവരെ. നിലയേ=ഗൃഹത്തിൽ. മേ=എനിക്ക്. ദൂതാഃ വിധീയന്താം=ദൂതന്മാർ കല്പിക്കപ്പെട്ടാലും. ഇദം=ഇതു്. ഈപ്സിതതമം=ഏറ്റവുമധികം ഇഷ്ടമായതു്. അപ്പോൾ ദമയന്തി പറഞ്ഞു—"ഹേ ഗുണവതി! എത്ര നാളായി ഞാനെന്റെ രണ്ടു കുഞ്ഞു

ച്ചകുമാരന്മാരെ കാണാതിരിക്കുന്നു! അവരെ കാണുവാൻ ഗൃഹത്തിലേയ്ക്കു പോകേണ്ടതിന്നു ദൂതന്മാരെ ഏൎപ്പാടു ചെയ്തു തരികയാണു് എനിക്കിപ്പോൾ ഏററവുമധികം ഇഷ്ടം."

എന്നു കേട്ടു തദുദീരിതം തദാ
ചെന്നു പുത്രനു നിവേദ്യ താം കഥാം
അന്വിതാമഖിലസാധനൈരിമാ-
മന്നു ഭീമനിലയം നിനായ സാ. ൧൦൩

തദുദീരിതം=അവളുടെ വാക്കു്. നിവേദ്യ=അറിയിച്ചു്. താം കഥാം=ആ കഥയെ. ഇമാം=ഇവളെ. അഖിലസാധനൈഃ അന്വിതാം=എല്ലാ സാധനങ്ങളോടുംകൂടിയവളായിട്ടു്. സാ ഭീമനിലയം നിനായ=ആ രാജമാതാവു വിദൎഭനഗരത്തിലേയ്ക്കയച്ചു. രാജമാതാവു ദമയന്തിയുടെ കഥ പുത്രനെ അറിയിച്ചു വേണ്ടപ്പെട്ട സകലസാധനങ്ങളോടുംകൂടി അവളെ ഭീമന്റെ പുരിയിലേയ്ക്കയച്ചു.

ധന്യാംഗീ ദമയന്തിയുണ്ടിഹ വരു-
ന്നു തൻതനൂജേതി കേ-
ട്ടന്നേരം ജനനീ പിതാ ച സുഖരൂ-
പേ പേതതുൎവാരിധൌ
ചെന്നേഷാ തനയൌ പുണൎന്നു വിവശാ
മോദാശ്രുധാരാനദീ-
മന്യൂനാം വിതതാന രാജ്യമഖിലം
മുങ്ങീതു മോദാംബുധൌ. ൧൦൪

ധന്യാംഗീ=സുന്ദരാംഗിയായ. തൻതനൂജാ=തങ്ങളുടെ പുത്രി. ജനനീ പിതാ ച=അമ്മയും അച്ഛനും. സുഖരൂപേ വാരിധൌ=സുഖമാകുന്ന സമുദ്രത്തിൽ. പേതതുഃ=പതിച്ചു. ഏഷാ=ഈ ദമയന്തി. തനയൌ=പുത്രന്മാരെ രണ്ടുപേരെയും. വിവശാ=പരവശയായിട്ടു്. അന്യൂനാം=നിറഞ്ഞതായ. മോദാശ്രുധാരാനദീം=ആന

ന്ദബാഷ്പപ്രവാഹമാകുന്ന നദിയെ. ചിത്താനന്ദപൂരത്തി. രാജ്യമഖിലം=രാജ്യം മുഴുവൻ. മോദാംബുധൌ=സന്തോഷസമുദ്രത്തിൽ. തങ്ങളുടെ മകളായ ദമയന്തി വരുന്നുണ്ടെന്നു കേട്ടു. മാതാപിതാക്കന്മാർ സന്തോഷസാഗരത്തിൽ വീണു. ദമയന്തി ചെന്നു പുത്രന്മാരെപ്പുണർന്നു മോദവിവശയായി ആനന്ദബാഷ്പപ്രവാഹമാകുന്ന നിറപ്പുഴയൊഴുക്കി. വിദർഭരാജ്യംമുഴുവൻ ആനന്ദാബ്ധിയിൽ മുഴുകി. രൂപകമലങ്കാരം.

കാലേനസ്മിൻ നളനാംനരേന്ദ്രചരിതം
കേളാഞ്ഞു കാണാഞ്ഞമും
ബാലാ സാ കരയും വിധൌ ജനനി ചൊ-
ന്നൂചേ വിഷണ്ണാ പതിം
ഭൂലോകാധിപനന്നു ഭൂസുരവരാ-
നാരായുവാൻ നൈഷധം
നാലാശാസ്വപി സന്ദിദേശ തരസാ
ചേരുശ്ച തേ ഭൂതലേ. ഫാവ്യ

നളനാംനരേന്ദ്രചരിതം=നളമഹാരാജാവിന്റെ വൃത്താന്തം. അമും കാണാഞ്ഞ്=അദ്ദേഹത്തെക്കാണായ്കയാൽ. ബാലാ സാ=ബാലയായ അവൾ. ജനനി വിഷണ്ണാ പതിം ഊചേ=അമ്മ വ്യസനിച്ചു ഭർത്താവിനോടു പറഞ്ഞു. ഭൂലോകാധിപൻ=രാജാവ്. ഭൂസുരവരാൻ=ബ്രാഹ്മണോത്തമന്മാരെ. നാലാശാസ്വപി=നാലു ദിക്കുകളിലും. സന്ദിദേശ=നിയോഗിച്ചു. തേ ഭൂതലേ ചേരുഃ ച=അവർ ഭൂമിയിൽ സഞ്ചരിക്കയും ചെയ്തു. ആ കാലത്തു നളന്റെ വിവരം കേൾക്കുകയോ അദ്ദേഹത്തെ കാണുകയോ ചെയ്യായ്കയാൽ മകൾ കരയുന്നതു കണ്ടു ദമയന്തിയുടെ അമ്മ വിഷാദത്തോടുകൂടി ഭർത്താവിനെ വിവരമറിയിച്ചു. വിദർഭരാജാവു നളനെ തിരയുവാൻ നാലു ദിക്കുകളിലും ബ്രാഹ്മണശ്രേഷ്ഠന്മാരെ നിയോഗിച്ചയച്ചു. അവർ ഭൂമിയിൽ തിരഞ്ഞുനടക്കുകയും ചെയ്തു.

പൎണ്ണാദനെന്നായ് സമുൽഗീൎണ്ണനാമാ
വൎണ്ണേവതീൎണ്ണസ്തദാ ഭൂസുരാണാം
സപൎണ്ണാഭവൎണ്ണാംഗി വൈദൎഭിയോട-
ക്കൎണ്ണേ സുധാസാരിണീം വാചമൂചേ. ൧൦൯

സമുൽഗീൎണ്ണനാമാ=പ്രസിദ്ധമായ പേരോടുകൂടിയ. ഭൂസുരാണാം വൎണ്ണേ അവതീൎണ്ണഃ=ബ്രാഹ്മണരുടെ വൎണ്ണത്തിൽ അവതരിച്ച. സപൎണ്ണാഭവൎണ്ണാംഗി വൈദൎഭിയോട്=സപൎണ്ണത്തിന്റെ നിറംപോലുള്ള നിറമുള്ള ദമയന്തിയോട്. കൎണ്ണേ=ചെവിയിൽ. സുധാസാരിണീം=അമൃതു വൎഷിക്കുന്നതായ. വാചം ഊചേ=വാക്കിനെ പറഞ്ഞു. നളനെ തിരഞ്ഞുനടന്ന ബ്രാഹ്മണരിൽ പൎണ്ണാദനെന്നു പ്രസിദ്ധനായ ഒരാൾ മടങ്ങിവന്നു സുന്ദരിയായ ദമയന്തിയോടു ചെവിയിൽ അമൃതു പൊഴിയുന്നതായ വാക്കിനെ പറഞ്ഞു.

"ധന്യേ ചെന്നേനയോദ്ധ്യാനഗരിയിലൃതുപ-
ൎണ്ണാന്തികേ ഞാനൊരുനാൾ
പിന്നാലാഖ്യാതപദ്യങ്ങളെയുമവിടെ നി-
ന്നേഷ ചൊന്നേൻ മനോജ്ഞേ
അന്നേരത്താരുമൊന്നും പുനരതിനരിയാ-
ടീല പോരും വിധൌ മേ
പിന്നാലേ പോന്നുവന്നാനൊരുവനവനിമാം
വാചമൂചേ വിഷാദീ. ൧൧൦

'ധന്യേ' എന്നതു സംബോധന. ഋതുപൎണ്ണാന്തികേ=ഋതുപൎണ്ണനെന്ന രാജാവിന്റെ സമീപത്തിങ്കൽ. പിന്നാലാഖ്യാതപദ്യദ്വയം=പിന്നാലെ പറയപ്പെട്ട രണ്ടു പദ്യങ്ങൾ. ഏഷഃ ഞാൻ=ഈ ഞാൻ. 'മനോജ്ഞേ' എന്നതും സംബോധന. പോരും വിധൌ=പോരുന്ന സമയത്ത്. ഇമാം വാചം ഊചേ=ഈ വാക്കിനെ പറഞ്ഞു. വിഷാദീ=വിഷാദമുള്ളവനായിട്ട്. ഹേ ധന്യേ, ഞാനൊ

ിക്കൽ അയോദ്ധ്യാപുരിയിൽ ശ്രീരാമചന്ദ്രമഹാരാജാവിന്റെ അടുക്കൽ ചെന്നു. മേൽപ്പറഞ്ഞതന്ന രണ്ടു പദ്യങ്ങളും അവിടെ ചൊല്ലുകയും ചെയ്തു. അവ കേട്ടിട്ടു് ആരും ഒന്നും ഉരിയാടിയില്ല. ഞാൻ പോരുന്ന സമയത്ത് ഒരു പുരുഷൻ വിഷാദത്തോടുകൂടി എന്റെ പിന്നാലെ വന്നു മേൽചൊല്ലുംപ്രകാരമുള്ള ഒരു വാക്ക പറയുകയുണ്ടായി. ['പിന്നാലംഖ്യാതപദ്യദ്വയം' — നളാന്വേഷികളായ ബ്രാഹ്മണർ ചൊല്ലുന്ന സ്ഥലത്തുവെച്ചു രണ്ടു ശ്ലോകങ്ങളും ചൊല്ലുവാൻ ദമയന്തി ഏല്പിച്ചിട്ടുണ്ടായിരുന്നു. ആ പദ്യങ്ങളും ഇവിടെ വാക്കാൽ പറയപ്പെട്ടിട്ടില്ല. "എന്റെ വസ്ത്രത്തിൽ പാതി മുറിച്ചു് എന്നെ കാട്ടിലുറക്കിക്കിടത്തി അങ്ങു് എങ്ങോട്ടാണ് പോയതു്? ഭാര്യാപരിത്യാഗമെന്ന ദുഷ്കൃതം ചെയ്വാൻ ധർമ്മിഷ്ഠനായ അങ്ങേക്കു തോന്നിയതെങ്ങനെ?" എന്നിപ്രകാരമുള്ള ആശയമുള്ളവയാകുന്നു ആ പദ്യങ്ങൾ എന്നു ഗ്രഹിക്കേണ്ടതാണ്.]

കണ്ടാലത്യന്തനിന്ദ്യാകൃതിരയമവനെ-
ബ്ബാഹുകാഖ്യാനവാൻപോ-
ലുണ്ടയ്യോ ഹന്ത ചാടുന്നിതു നയനപുടാൽ
കണ്ണുനീർ നിന്ദ്യമൂർത്തേഃ
കൊണ്ടാടിക്കൊണ്ടു ചൊന്നാനയമിഹ 'ദമയ-
ന്തിയ്ക്കു വൈരാഗ്യമസ്മി-
ന്നുണ്ടാവാൻ ന്യായമില്ലെന്നവനൊരു മതിമോ-
ഹം പൊറാഞ്ഞേവമാസീൽ. ൧൧൧

അത്യന്തനിന്ദ്യാകൃതിഃ=ഏറ്റവും നിന്ദിക്കത്തക്ക ആകൃതിയോടുകൂടിയവൻ. അയം=ഈ മനുഷ്യൻ. ബാഹുകാഖ്യാനവാൻപോൽ=ബാഹുകൻ എന്നു പേരോടുകൂടിയവനാണത്രേ. നയനപുടാൽ=കണ്ണിൽനിന്നു്. നിന്ദ്യമൂർത്തേഃ=നിന്ദ്യമായ ദേഹത്തോടുകൂടിയ അവന്റെ: ദമയന്തിക്കു വൈരാഗ്യം അസ്മിൻ ഉണ്ടാവാൻ ന്യായമില്ല=ദമയന്തിക്കു വെറുപ്പ് ഇവനിൽ (പത്നാരെൻ ചൊല്ലിയ ശ്ലോ

കങ്ങളിൽ പറയുന്ന പുരുഷനിൽ) ഉണ്ടാകുവാൻ അവകാശമില്ല. അവനൊരു മതിമോഹം പൊറാഞ്ഞു് എവം ആസീൽ=ആ പുരുഷനു ബുദ്ധിയില്ലുണ്ടായ ഭ്രമം സഹിക്കായ്കയാലാണ് ഇങ്ങനെ 'സംഭവിച്ചതു്'. പോരുമ്പോൾ എന്റെ പിന്നാലെ പോന്ന ആ പുരുഷൻ കണ്ടാലറപ്പു തോന്നിക്കുന്ന ആകൃതിയുള്ളവനാണ്. ബാഹുകനെന്നാണപോൽ അവന്റെ പേർ. അവന്റെ കണ്ണിൽനിന്നു കണ്ണീർ ചാടുന്നുണ്ടായിരുന്നു. അവൻ ആ ശ്ലോകങ്ങൾ കേട്ടു് ഇങ്ങനെ പറഞ്ഞു:—"ദമയന്തിക്കു വൈരാഗ്യമസ്തിൻ" എന്നു തുടങ്ങിയതു ബാഹുകന്റെ വചനമാകുന്നു—"ദമയന്തിക്കു് ആ പുരുഷനിൽ വൈരാഗ്യമുണ്ടാകുവാൻ ന്യായമില്ല. അവൻ ചെയ്തതു് അറിഞ്ഞുകൊണ്ടല്ല. എന്തോ ഒരു ബുദ്ധിഭ്രമം പിടിപെടുകയാലാണ് അങ്ങനെ സംഭവിച്ചതു്."

ഇന്നിപ്പോൾ ചിത്തമോഹം നിഖിലമുടനടങ്ങീട്ടു കാണാഞ്ഞു കാന്താം
ഖിന്നാത്മാ കണ്ണുനീർവാർത്തയമഗതി വിചിന്ത്യാത്മദാരാനുപാസ്തേ'
എന്നെല്ലാം ബാഹുകോദീരിതവചനവുമാകർണ്ണ്യ ഞാനിങ്ങു പോന്നേനെന്നാൽ നീതാൻ പ്രമാണം പുനരിതിനു വിചാര്യാഖിലം ത്വം യഥേഷ്ടം." ൧൧൧

ചിത്തമോഹം=ബുദ്ധിഭ്രമം. നിഖിലം=മുഴുവൻ. കാന്താം=കാന്തയെ. ഖിന്നാത്മാ=ഖേദിക്കുന്ന മനസ്സോടുകൂടിയവൻ. അഗതി അയം=അശരണനായ ഇവൻ. ആത്മദാരാൻ വിചിന്ത്യ ഉപാസ്തേ=തന്റെ ഭാര്യയെ ചിന്തിച്ചുകൊണ്ടു് ഇരിക്കുന്നു. ബാഹുകോദീരിത വചനം=ബാഹുകനാൽ പറയപ്പെട്ട വചനം. ആകർണ്ണ്യ=കേട്ടിട്ടു്. നീതാൻ പ്രമാണം പുനരിതിന്=ഇനി ഈ കാര്യത്തിനു ഭവതിതന്നെ പ്രമാണം. അഖിലം വിചാര്യ ത്വം യഥേഷ്ടം=എല്ലാം

വിചാരിച്ചിട്ടു നീ യത്നം ചെയ്യണം. ഇപ്പോൾ ആ മനുഷ്യന്റെ ബുദ്ധിഭ്രമമെല്ലാം നീങ്ങി. ഭാര്യയെ കാണായ്കയാൽ സങ്കടപ്പെട്ടു കണ്ണീർ വാർത്തു് അവളെ ഓർത്തുംകൊണ്ടാണു് അവനിപ്പോൾ ഇരിക്കുന്നതു്. [ഇത്രത്തോളം ബാഹുകൻ പറഞ്ഞ വചനമാകുന്നു.] ബാഹുകന്റെ ഈ വാക്കു കേട്ടിട്ടു ഞാൻ മടങ്ങിപ്പോന്നു. ഇനി എന്താണു് ചെയ്യേണ്ടതെന്നു തീർച്ചപ്പെടുത്തേണ്ടതു ഭവതിതന്നെയാണു്. എല്ലാം നല്ലപോലെ ആലോചിച്ചു വേണ്ടപ്രകാരം യത്നം ചെയ്യണം.

ഗദ്യം

കർണ്ണാനന്ദം ചേരുംവണ്ണം പർണ്ണാദോദിതവാക്യങ്ങളൊക്കെക്കേട്ടു തദാനീമവനെസ്സമ്മാനിക്കാംവണ്ണം വടിവിനൊടൊക്കെസ്സമ്മാനിച്ചഴകിലയച്ചു- ജനനീനിലയേ ചെന്നു തദാനീം ജനനിയൊടൊക്കെച്ചൊന്നറിയിച്ചാൾ- എന്തൊരു കുശലിഹ ബാഹുകനാമാവവനേ നാം ചെന്നിവിടെ വരുത്തിക്കൊള്ളുക ജനകനറിഞ്ഞീടാതെ- ജനനി സുദേവനെ വടിവിനൊടിവിടെ വരുത്തിത്തദുചിതമായൊരുപായമവൻതൻ കർണ്ണേ ചൊല്ലിയയച്ചീടേണമിതെന്നു പറഞ്ഞു സുദേവനെ വടിവിനൊടവിടെ വരുത്തി നിതാന്തം ദമയന്തീ ചില കാര്യം ചൊല്ലീട്ടവനെയയച്ചാൾ തസ്മിൻ ദേശേ- ഗതഃ സ തു പുനരചിരമയോദ്ധ്യാമൃതുപർണ്ണനൊടന്നേരമവാദീൽ.

കർണ്ണാനന്ദം=കർണ്ണസുഖം. പർണ്ണാദോദിതവാക്യങ്ങൾ=പർണ്ണാദനാൽ പറയപ്പെട്ട വാക്യങ്ങൾ. തദാനീം=അപ്പോൾ. സമ്മാനിക്കാംവണ്ണം ഒക്കെ സമ്മാനിച്ചു്=സമ്മാനിക്കാവുന്നിടത്തോളമെല്ലാം സമ്മാനിച്ചു്. അഴകിലയച്ചു=ഭംഗിയായി പറഞ്ഞയച്ചു. ജനനീനിലയേ=അമ്മയുടെ മന്ദിരത്തിൽ. ചൊന്നറിയിച്ചാൾ=പ

ഞ്ഞറിയിച്ചു. കുശൽ=ഉപായം. ബാഹുകനാമാവ്=ബാഹുക നെന്ന പേരായവൻ. തദുചിതം=അതിന്നു പററിയതു്. തസ്മിൻ ദേശേ=ആ ദേശത്തിങ്കൽ. സഃ തു പുനഃ അചിരം അയോദ്ധ്യാം ഗത്വാ=അവനാകട്ടെ പിന്നെ താമസിക്കാതെ അയോദ്ധ്യയിൽ ചെന്നു്. ഋതുപൎണ്ണനൊട്ട് അവാദീൽ=ഋതുപൎണ്ണനോടു പറഞ്ഞു. പൎണ്ണാദൻ പറഞ്ഞ വാക്കുകൾ ദമയന്തിക്കു കൎണ്ണാനന്ദകരമായി തോന്നി. അതു കേട്ട പൎണ്ണാദനെ കഴിയുംവിധമൊക്കെ സമ്മാനിച്ചു പറഞ്ഞയച്ചതിന്നുശേഷം ദമയന്തി അമ്മയുടെ മന്ദിരത്തിൽച്ചെന്നു വിവരം ധരിപ്പിച്ചു—"എന്തൊരു കൌശലമാണ് വേണ്ടതു്. ബാഹുകനെ നാം അച്ഛനറിയാതെ ഇവിടേയ്ക്കു വരുത്തേണം അതു സുദേവനെ ഇവിടെ വരുത്തി ഉചിതമായ ഒരുപായം അദ്ദേഹത്തിന്റെ ചെവിയിൽ സ്വകാൎയ്യമായി പറഞ്ഞയയ്ക്കണം" എന്നു പറഞ്ഞു സുദേവനെ ആളയച്ചു വരുത്തി ഒരു കാൎയ്യം സ്വകാൎയ്യമായി പറഞ്ഞു ദമയന്തി അയോദ്ധ്യയിലേയ്ക്കു് അയച്ചു. സുദേവൻ ഉടനെ പുറപ്പെട്ടു് അയോദ്ധ്യയിൽ ചെന്നു് ഋതുപൎണ്ണനോടിങ്ങനെ പറഞ്ഞു.

"പുണ്യാബ്ധേ നൈഷധോൎവ്വീപതിമിഹ ഭുവി കാ-
ണാഞ്ഞു രണ്ടാംവിവാഹം
ധന്യാംഗിക്കുണ്ടുപോലെന്നൊരു കഥ ദമയ-
ന്ത്യാ മുതിൎന്നിതുൎവ്വ്യാം
ഖിന്നായാഃ പ്രാൎത്ഥ്യനാകുന്നതു നിയതമയോ-
ദ്ധ്യാപതേ കേൾ ഭവാൻപോ-
ലെന്നാൽ നീ നാളെയന്തിക്കുദിതരുചി വിദ-
ൎഭേഷു യാതും യതേഥാഃ." ൧൧൩

പുണ്യാബ്ധേ=സുകൃതസമുദ്രമേ. നൈഷധോൎവ്വീപതിം ഇഹ ഭുവി കാണാഞ്ഞു്=നിഷധരാജാവിനെ ഈ ഭൂമിയിൽ കാണായ്കയാൽ. ധന്യാംഗിക്കു ദമയന്ത്യാഃ=സുന്ദരാംഗിയായിരിക്കുന്ന ദമയന്തിക്കു്.

ണ്ടാംവിവാഹം ഉണ്ടപ്പോൾ എന്നൊരു കഥ ഉർവ്വ്യാം മുതിർന്നി ഉ=ണ്ടാംസ്വയംവരമുണ്ടത്രെ എന്നൊരു വൃത്താന്തം ഭൂമിയിൽ പരന്നിരിക്കുന്നു. ഖിന്നായാഃ=ഖേദിച്ചിരിക്കുന്ന ദമയന്തിക്ക്. പ്രാർത്ഥ്യൻ=പ്രാർത്ഥിക്കപ്പെടുവാൻ യോഗ്യൻ. ഭവാൻപോൽ=അങ്ങാണപോൽ. ഉദിതരുചി=ഉദിച്ച കാന്തിയോടുകൂടി (ക്രി. വി.) വിദർഭ്യ യാത്രം യതേഥാഃ=വിദർഭരാജ്യത്തിങ്കൽ പോകവാൻ യത്നിച്ചാലും. ഹേ സുകൃതസമുദ്രമായ അയോദ്ധ്യാരാജാവേ, നിഷധരാജാവായ നളനെ കാണാനുള്ള കാരണം സുന്ദരിയായ ദമയന്തിക്കു രണ്ടാംവിവാഹം നിശ്ചയിച്ചിട്ടുണ്ടപോൽ എന്നൊരു വാർത്ത ഭൂമിയിൽ പരന്നിരിക്കുന്നു. അയോദ്ധ്യാപതിയായ അങ്ങയാണത്രെ ദമയന്തിക്കു പ്രാർത്ഥനീയനായിരിക്കുന്നതു്. അതിനാൽ അങ്ങു നാളെ രാത്രിയിലേയ്ക്കു വിദർഭരാജ്യത്തേയ്ക്കു പോകവാൻ ശ്രമിച്ചുകൊള്ളുക. [ഋതുപർണ്ണനോടുള്ള സുദേവവചനമാണിതു്]

ഗദ്യം

എന്നക്ഷിതിസുരവചനം കേട്ടിട്ടുത്സുകചേതാ ബാഹുകമാഹൂയാഹ സ രാജാ– "നാളെസ്സന്ധ്യാസമയിന്നു മുമ്പേ ഝടിതി വിദർഭക്ഷിതിപതിസവിധേ ചെല്ലേണം പോലിഞ്ഞാനധുനാ മററന്നാളങ്ങുദയതി സവിതരി ദമയന്തിക്കിഹ രണ്ടാംപരിണയമുണ്ടെന്നുണ്ടിഹ സമ്പ്രതി കേട്ടു– തസ്യാഃ കാംക്ഷിതനായതുമിഞ്ഞാനെന്നൊരു വചനം കേട്ടേനിപ്പോഠം– എന്നാൽ നാളെത്തന്നേ യോജനശതമിതപഥമടനതിലംഘ്യാസ്മാൻ നേതും നിപുണത പാരിൽ നിനക്കേയുള്ളു– തസ്മാദസ്മൽസ്യന്ദനമാശേ താദൃശധുരിണം യോഗ്യാൻ ധുര്യാൻ വഴ്വ്യാനങ്ങാൻ യോജയ നീ"യെന്നുകഥാ യാത്രം പ്രാരഭതാസൌ മഹിതോ രാജാ.

അക്ഷിതിസുരവചനം=ആ ബ്രാഹ്മണന്റെ വാക്ക്. ഉത്സുകചേതാഃ=ഔത്സുക്യംപൂണ്ട മനസ്സോടുകൂടിയ, സഃ രാജാ=ആ രാ

ജാവ് (ഋതുപർണ്ണൻ). ബാഹുകം ആഹൂയ ആഹ=ബാഹുകനെ വിളിച്ചു പറഞ്ഞു. "നാളെസ്സന്ധ്യാം" എന്നു മുതല്ക്കു ഋതുപർണ്ണവചനം. നാളെസ്സന്ധ്യാംവരവിനു മുമ്പെ=നാളെ സന്ധ്യയാകുന്നതിനു മുമ്പ്. ഝടിതി=വേഗത്തിൽ. വിദർഭക്ഷിതിപതിസവിധേ=വിദർഭരാജാവിന്റെ സമീപത്തിങ്കൽ. ഇഞ്ഞാൻ അധുനാ ചെല്ലേണംപോൽ=ഈ ഞാൻ ഇപ്പോഴം ചെല്ലേണമത്രെ. മററന്നാഠം സവിതരി ഉദയതി സതി അങ്ങു=മററന്നാഠം സൂര്യൻ ഉദിക്കുന്ന സമയത്ത് ആ വിദർഭനഗരത്തിൽ. ഭൈമന്തിക്കു രണ്ടാംപരിണയം ഉണ്ടെന്നു സമ്പ്രതി കേട്ടു=ഭൈമന്തിക്കു രണ്ടാംസ്വയംവരം നടക്കുന്നുണ്ടെന്ന് ഇവിടെ ഇപ്പോഴം കേട്ടു. തസ്യാഃ കാംക്ഷിതനായതു=ആ ഭൈമന്തിക്കു കാംക്ഷിതൻ (ഇച്ഛിക്കപ്പെട്ടവൻ) ആയിട്ടുള്ളതു. ഇഞ്ഞാനെന്നൊരു വചനം ഇപ്പോഴം കേട്ടേൻ=ഈ ഞാനാണ് എന്നൊരു വാക്യം ഇപ്പോഴം ഞാൻ കേട്ടു. നാളെത്തന്നെ യോജനശതമിതപഥം അതിലംഘ്യ അസ്മാൻ നേതും=നാളെത്തന്നെ ഒരു നൂറു യോജന വഴി പിന്നിട്ടു നമ്മെ കൊണ്ടുപോകുവാൻ. പാരിൽ നിനക്കേ നിപുണതയുള്ളൂ=ഭൂമിയിൽ നിനക്കുമാത്രമേ നൈപുണ്യമുള്ളൂ. തസ്മാൽ=അതുഹേതുവായിട്ട്. അസ്മൽസ്യന്ദനമാഗേ=നമ്മുടെ രഥത്തിൽ. താദൃശധുരിന്നു യോഗ്യാൻ=അപ്രകാരമുള്ള ധുരിന് (ഭാരത്തിന്ന്) യോഗ്യതയുള്ളവയും. ധുര്യാൻ=ഭാരം ചുമക്കുന്നവയും. വര്യാൻ=ശ്രേഷ്ഠതയുള്ളവയുമായ. അശ്വാൻ=കുതിരകളെ. നീ യോജയ=നീ പൂട്ടിയാലും. [ഇത്രത്തോളം ഋതുപർണ്ണവചനം.] എന്നുകഥ്വാ=എന്നു പറഞ്ഞിട്ട്. മഹിതഃ അസൌ രാജാ=മാന്യനായ ആ ഋതുപർണ്ണരാജാവ്. യാതും പ്രാരഭത=പോകുവാൻ ആരംഭിച്ചു.

സാക്ഷാത്തൻപ്രേയസിക്കുണ്ടിനിയുമൊരു വിവാ-
ഹോദയാരംഭമെന്നും
കേഠംക്കുന്നേരത്തു ചിത്തം പൊരികനലിലെട്ട-
ത്തിട്ടപോലേ ചമഞ്ഞൂ

മൈക്കണ്ണാറാക്കെന്നെ നേതും നിജപുരിയിലുപാ-
യാന്തരം ചെററിതെന്നും
പാക്കംനേരത്തു തോന്നീ നിഷധനരപതി-
സ്സ്ഥാതുമേവോദ്യതോഭൂൽ. ൧൧൪

സാക്ഷാൽ=പ്രത്യക്ഷമായിട്ടു്. തൻപ്രേയസിക്കു്=തന്റെ പ്രിയതമക്കു്. വിവാഹോദയാരംഭം=വിവാഹോദയത്തിന്റെ (വിവാഹോത്സവത്തിന്റെ) ആരംഭം. ചിത്തം=മനസ്സു്. മൈക്കണ്ണാറാക്കു്=സുന്ദരിയായ ദമയന്തിക്കു്. എന്നെ നിജപുരിയിൽ നേതും=എന്നെ തന്റെ പുരിയിൽ കൊണ്ടുപോകുവാൻ. ഇതു ചെററു് ഉപായാന്തരം=ഇതു ചെറിയൊരുപായവിശേഷമാണു്. പാക്കുന്നേരത്തു്=ആലോചിച്ചു നോക്കുമ്പോറം. നിഷധനരപതിഃ=നളൻ. യാതും ഏവ ഉദ്യതഃ അഭൂൽ=പോകുവാൻതന്നെ ഉദ്യുക്തനായി ഭവിച്ചു. തന്റെ പ്രിയതമയായ ദമയന്തിക്കു രണ്ടാമതൊരു വിവാഹോത്സവത്തിന്റെ ആരംഭമുണ്ടെന്നു കേട്ടപ്പോറം നളന്റെ മനസ്സു പൊരികനലിൽ എടുത്തിട്ടപോലെ ആയിച്ചമഞ്ഞു. ആലോചിച്ചു നോക്കിയപ്പോറം ഇതു തന്നെ തന്റെ പുരിയിലേയ്ക്കു കൊണ്ടുപോകുവാനുള്ള ഒരുപായമായിരിക്കാമെന്നും തോന്നി. അതിനാൽ നളൻ പോകുവാൻതന്നെ ഒരുങ്ങി.

ഗദ്യം

ഉന്നതചേതാ ബാഹുകനാമാ തുംഗതുരംഗമമംഗലശാലാമധികവിശാലാം ഗത്വാ തസ്യാം നോക്കിക്കണ്ടിട്ടതികൃശദേഹാനതിശയവേഗാനശ്രമശിഥിലാനശ്വാൻ കൊണ്ടന്നിതവിയ മണിരഥസീമനി ചേൎത്തക്ഷിതിവരസവിധേ ഗത്വാ നത്വാ യാതു ഭവാനെന്നേവമവാദീൽ- സതു പുനരേതാനതികൃശരൂപാനശ്വാൻ ദൃഷ്ട്വാ ഹൃദി ധൃതരോഷോ ഹന്ത ബഭാഷേ- ശൈലംപോലേ വിപുലാകാരാനശ്വാനിട്ടേച്ചെന്തിനിവററെക്കൊണ്ടന്നൂ നീ- മാമക

ഗമനനിരോധം കത്തും കൌതുകമുണ്ടോ കിഞ്ചന ഹൃദയേ— ദൃഷ്ടം ദൃഷ്ട്വാ ഭൂപതിമേനം ബാഹുകനാമാ ധൃഷ്ടമ വാദീൽ ഖേദിക്കേണ്ടാ യോജനശതമിതപഥമതിലംഘ്യ ക്ഷിതിവര യാസ്യസി സായാഹ്നേ നീ കുണ്ഡിനനഗരീം— എന്നു പറഞ്ഞിഹ വാർഷ്ണേയനെയുംകൂടത്തേർമേൽ ചാരു കരേററി ത്വരിതം മാർഗ്ഗേ പോകുന്നേരം മദ്ധ്യേമാർഗ്ഗം ഭ്രഷ്ടം വസ്ത്രമെട്പ്പാനേററം കതുകിനി രാജനി ബാഹുകനാമാ ഹന്ത ബഭാഷേ— കാതം വഴിയിഹ ദൂരത്തായി പതിതം വസനമിതെന്നൊരു വിദ്യാം ബാഹുകനഴകൊടു കാട്ടുന്നേരം ഞാനൊരു വിദ്യാമെങ്കിലിദാനീം കാട്ടുന്നുണ്ടെന്നുള്ളിൽ നിനച്ചിട്ടമിതഫലാനാം വിതതികഠംകൊണ്ടേ വിനമിതശാഖം വിപുലവിഭീതകവൃക്ഷം കണ്ടിട്ടേതാവൽ ഫലമുണ്ടുടനതിനെന്നൃശാസ്താ ചൊല്ലുന്നേരത്തെങ്കിലിറങ്ങീട്ടെണ്ണിക്കണ്ടേ പോകാവൂ പുനരെന്നിഹ ചൊല്ലി കൂതൂഹലം ഗണനാം വിസ്മയശാലീ ബാഹുകനാമാ വിദ്യാമേതാം ക്ഷിതിവര തന്നീടശ്വഹൃദാഖ്യാം തരുവൻ പകരം ഞാനമിതെന്നിഹ ചൊല്ലുന്നോരത്തക്ഷോണാമിഹ ഹൃന്മയ വിദ്യാമുപദേശിച്ചു നളനാം ബാഹുകനിതമൊടു രാജാ.

ഉന്നതചേതാഃ=ഉന്നതാശയനായ. ബാഹുകനാമാ=ബാഹുകനെന്നു പേരായവൻ. അധികവിശാലം തുംഗതുരംഗമമംഗലശാലം ഗത്വാ=ഏററവും വിശാലമായിരിക്കുന്ന തുംഗങ്ങളായ (ഉയർന്ന) തുരംഗമങ്ങളുടെ (കുതിരകളുടെ) മംഗലശാലയെ (മംഗലമായ ലായത്തെ) ഗമിച്ചിട്ട്. തസ്യാം=അതിൽ. അതികൃശദേഹാൻ=ഏററവും ചടച്ച ദേഹത്തോടുകൂടിയവയും. അതിശയവേഗാൻ=അധികം വേഗമുള്ളവയും. അശ്രമശിഥിലാൻ=അശ്രമങ്ങളും (തളർച്ചയില്ലാത്തവ) ആയും അശിഥിലങ്ങളും (ദേഹബന്ധത്തിന്ന് അഴിവു

വരാത്തവ) ആയുമിരിക്കുന്ന. അശ്വാൻ=കുതിരകളെ. ഇതവിധ=ഹിതമായ. മണിരഥസീമനി=മണിത്തേരിൽ. ചേർത്ത്=പൂട്ടിയിട്ട്. അക്ഷിതിവരസവിധേ ഗത്വാ നത്വാ=ആ രാജാവിന്റെ അടുക്കൽ ചെന്നു നമസ്കരിച്ച്. ഭവാൻ യാത്ര എന്നേവം അവാദീൽ=അങ്ങു യാനംചെയ്യാലും എന്നിങ്ങനെ പറഞ്ഞു. [ഉന്നതാശയനായ ബാഹുകൻ വിശാലമായ കുതിരലായത്തിൽ ചെന്ന് എല്ലാ കുതിരകളെയും നോക്കി ദേഹം ചടച്ചും ഗതിവേഗം കൂടിയും എളുപ്പത്തിൽ തളച്ചയും ദേഹബന്ധത്തിന്നഴിവും വരാതെയുമുള്ള കുതിരകളെ കൊണ്ടുവന്നു തേരിൽ പൂട്ടി രാജാവിനെ ചെന്നു വണങ്ങി യാത്ര പുറപ്പെടാമെന്നു പറഞ്ഞു.] സഃ തു പുനഃ=അദ്ദേഹമാകട്ടെ. അതികൃശത്രപാൻ ഏതാൻ അശ്വാൻ ദൃഷ്ട്വാ=അധികം മെലിഞ്ഞ രൂപത്തോടുകൂടിയ ഈ കുതിരകളെ കണ്ട്. ഹൃദി ധൃതരോഷഃ=ഹൃദയത്തിൽ ധൃതരോഷൻ (കോപംപൂണ്ടവൻ) ആയിട്ട്. ബഭാഷേ=പറഞ്ഞു. ശൈലംപോലേ വിപുലാകാരാൻ അശ്വാൻ ഇട്ടേച്ച്=മലപോലെ മഹത്തായ ആകൃതിയോടുകൂടിയ കുതിരകളെ വിട്ട്. ഇവറെറ=ഇവയെ. മാമകഗമനവിരോധം കർത്തും=എന്റെ ഗമനത്തിന്നു തടസ്ഥം ചെയ്യാൻ. കൌതുകം=കൌതുഹലം. കിഞ്ചന=അല്പം. ഹൃദയേ=മനസ്സിൽ. [ഋതുപർണ്ണനാകട്ടെ ആ ചടച്ച കുതിരകളെ കണ്ടു മനസ്സിൽ രോഷംപൂണ്ടു പറഞ്ഞു—"മലപോലെ വലുതായ കുതിരകളെ വിട്ട് എന്തിനാണ് ഈ ചടച്ച കുതിരകളെ കൊണ്ടുവന്നതു്? എന്റെ യാത്ര തടസ്ഥപ്പെടുത്തുവാൻ നിനക്കു കൌതുകം തോന്നുന്നുണ്ടോ."] ഏനം ഭൂപതിം ദൃഷ്ട്വാ, രുഷ്ട്വാ=ഈ രാജാവിനെ കുപിതനായി കണ്ടിട്ട്. ബാഹുകനാമാ ധൃഷ്ടം അവാദീൽ=ബാഹുകൻ ധൈര്യത്തോടുകൂടി പറഞ്ഞു. ഖേദിക്കേണ്ട=വ്യസനിക്കേണ്ട. യോജനശതമിതപഥം അതിലംഘ്യ=നൂറു യോജന വഴി കടന്നു്. ഹേ ക്ഷിതിവര നീ സായാഹ്നേ കുണ്ഡിനനഗരീം യാസ്യസി=ഹേ രാജാവേ, നീ സന്ധ്യാസമയത്തു കുണ്ഡിനപുരിയിലെത്തും. വാർഷ്ണേയനെയുംകൂട=വാർഷ്ണേയനേയുംകൂടി. ചാരു

=ഭംഗിയായിട്ട് (ക്രി. വ). ത്വരിതം=വേഗത്തിൽ. മാൎഗ്ഗേ=വഴിയിൽ. മദ്ധ്യമാൎഗ്ഗം=വഴിമദ്ധ്യത്തിൽ. ഭ്രഷ്ടം വസ്ത്രം=ഭ്രഷ്ടമായ (വീണുപോയ) വസ്ത്രത്തെ. രാജനി ഏററം കുതുകിനി സതി=രാജാവ് ഏററവും കൌതുകമുള്ളവനായപ്പോൾ. ബാഹുകനാമാ ബഭാഷേ=ബാഹുകൻ പറഞ്ഞു. പതിതം വസനം കാതം വഴി ഇഹ ദൂരത്തായി=വീണുപോയ വസ്ത്രം ഒരു കാതം വഴി അകലെയായി. [രാജാവു കുപിതനായതു കണ്ടു ബാഹുകൻ ധൈൎയ്യത്തോടുകൂടി പറഞ്ഞു— "ഹേ രാജൻ, ഖേദിക്കേണ്ട. നൂറു യോജന വഴി ദൂരം കടന്നു വൈകുന്നേരം അങ്ങു കുണ്ഡിനപുരിയിലെത്തും." ഇങ്ങനെ പറഞ്ഞു വാൎഷ്ണേയനേയുംകൂടി തേരിൽ കയററി വേഗത്തിൽ പോകുമ്പോൾ മാൎഗ്ഗമദ്ധ്യത്തിൽ രാജാവിന്റെ വസ്ത്രം വീണുപോയി. അതെടുത്താൽ കൊള്ളാമെന്നു കൌതുകം തോന്നി രാജാവിന്നു്. എന്നാൽ വസ്ത്രം വീണ സ്ഥലത്തുനിന്നു് ഒരു യോജന ദൂരം പോന്നു കഴിഞ്ഞുവെന്നു ബാഹുകൻ പറഞ്ഞു.] എന്നൊരു വിദ്യാം ബാഹുകനഴകൊടു കാട്ടുംനേരം=എന്നിപ്രകാരമുള്ള ഒരു വിദ്യയെ അതായതു് അശ്വഹൃദയവിദ്യയെ ബാഹുകൻ കാണിക്കുന്ന സമയത്തു്. എങ്കിലിദാനീം ഞാനൊരു വിദ്യ കാട്ടുന്നുണ്ടു്=എന്നാലിപ്പോൾ ഞാനും ഒരു വിദ്യ കാണിക്കുന്നുണ്ടു്. അമിതഫലാനാം വിതതികൾകൊണ്ടു=അനല്പങ്ങളായ ഫലങ്ങളുടെ (കായ്കളുടെ) സമൂഹങ്ങൾകൊണ്ടു്. വിനമിതശാഖാം=താഴ്ന്ന കൊമ്പുകളോടുകൂടിയ. വിപുലവിഭീതകവൃക്ഷം=വിപുലമായ (പടൎന്ന) താന്നിമരം. എത്രാവൽ ഫലമുണ്ടെന്നതിന്നു് എന്നു്=ഇത്ര കായ്കളുണ്ടു് ആ മരത്തിന്മേൽ എന്നു്. ഉൎവ്വീശാസ്താവു്=രാജാവു്. എങ്കിലിറങ്ങീട്ടെണ്ണിക്കണ്ടേ പോകാവൂ പുനഃ=എന്നാൽ ഇറങ്ങി എണ്ണിനോക്കിയിട്ടേ ഇനി പോകാവൂ. ഗണനാം കൃത്വാ=ഗണനയെ ചെയ്തിട്ടു്. വിസ്മയശാലീ=വിസ്മയത്തോടുകൂടിയവനായിട്ടു്. ഹേ ക്ഷിതിവര ഏതാം വിദ്യാം തന്നീടു്=അല്ലയോ രാജാവേ ഈ വിദ്യയെ എനിക്കു തരിക. അശ്വഹൃദാഖ്യാം പകരം തരുവൻ=അശ്വഹൃദയവിദ്യയെ ഞാൻ പകരം തരാം. അ

ക്ഷാണാം ഹൃദയവിദ്യാം=അക്ഷങ്ങളുടെ ഹൃദയമാകുന്ന വിദ്യയെ (അക്ഷഹൃദയമാകുന്ന വിദ്യയെ). രാജാ നളനാം ബാഹുകന്ന് ഉപദേശിച്ചു=രാജാവു നളനാകുന്ന ബാഹുകന്നുപദേശിച്ചു. [ബാഹുകൻ അസാധാരണമായ ഈ അശ്വഹൃദയവിദ്യയെ കാണിച്ചപ്പോഴം ഋതുപർണ്ണന്നു താനും ഒരു വിദ്യയെ കാണിക്കണമെന്നു വിചാരമുണ്ടായി. വഴിയിലൊരിടത്തു ഫലഭാരംകൊണ്ടു കൊമ്പുകഴം തൂങ്ങിനില്ക്കുന്ന ഒരു വലിയ താന്നിമരം കണ്ടിട്ട് അതിൽ ഇത്ര കായ്കളുണ്ടെന്നു രാജാവു കണക്കാക്കി പറഞ്ഞു. എന്നാൽ അതൊന്ന് എണ്ണിനോക്കിയിട്ടേ ഇനി യാത്രയുള്ളൂ എന്നായി ബാഹുകൻ. എണ്ണിയപ്പോഴം കായ്കളുടെ സംഖ്യ കൃത്യമായി കണ്ടിട്ടു ബാഹുകൻ വിസ്മയിച്ചു. ഈ വിദ്യ തനിക്ക് ഉപദേശിക്കേണമെന്നും അതിന്നുപകരമായി അശ്വഹൃദയവിദ്യ താൻ രാജാവിന്ന് ഉപദേശിക്കാമെന്നും ബാഹുകൻ പറഞ്ഞു. അപ്പോഴം ഋതുപർണ്ണൻ അക്ഷഹൃദയവിദ്യയെ ബാഹുകന്ന് ഉപദേശിക്കയും ചെയ്തു.]

കാലേസ്മിൻ കലിരേഷ ബാഹുകതനോഃ
കാർക്കോടകൻതൻ വിഷ-
ജ്വാലാപാവകദഹ്യമാനനവനെ-
ക്കൈവിട്ടു നിന്നീടിനാൻ
ചാലേ ശാപമതേകുവാൻ നളനൊരു-
മ്പെട്ടു തദാനീം പുന-
ർവ്വേലാതീതഭയേന വിഹ്വലമനാ
ദീനോ ബഭാഷേ രുദൻ. ൧൧൭

ഏഷഃ കലിഃ=ഈ കലി. കാർക്കോടകൻതൻ വിഷജ്വാലാപാവകദഹ്യമാനൻ=കാർക്കോടകന്റെ വിഷജ്വാലയാകുന്ന പാവകനാൽ (അഗ്നിയാൽ) ദഹിപ്പിക്കപ്പെടുന്നവനായ (കലിവിശേഷണം). ബാഹുകതനോഃ=ബാഹുകന്റെ ദേഹത്തിൽനിന്ന്. ശാപം=ശാപവചനം. തദാനീം പുനഃ=അപ്പോളാകട്ടെ. വേലാതീ

തഭയേന=വേലാതീതമായ (അതിരില്ലാത്ത) ഭയംകൊണ്ട്. വിഹ്വലമനാഃ=വിവശമായ മനസ്സോടുകൂടിയവനായി. ദീനഃ=ദീനനായി. ക്രന്ദൻ=രോദനംചെയ്തുകൊണ്ട്. ബഭാഷേ=പറഞ്ഞു. നളൻ അക്ഷഹൃദയവിദ്യയെ ഗ്രഹിച്ചുകഴിഞ്ഞപ്പോൾ, അതേവരെ കാർക്കോടകന്റെ വിഷജ്വാലയാകുന്ന തീയിനാൽ ദഹിക്കപ്പെട്ടുകൊണ്ടു നളന്റെ ദേഹത്തിൽ പാർത്തിരുന്ന കലി ആ ദേഹത്തിൽ നിന്നു നിർഗ്ഗമിച്ച് അദ്ദേഹത്തെ വിട്ടു നിലകൊണ്ടു. അപ്പോൾ നളൻ അവനെ ശപിക്കുവാൻ ഒരുങ്ങി. തദവസരത്തിൽ ഭീതനും വിവശനും ദീനനുമായിട്ടു കരഞ്ഞുംകൊണ്ടു കലി പറഞ്ഞു.

"ഹേ രാജൻ നിഷധാധിനാഥ ശപിയാ-
യ്ക്കെന്നെത്താഴാമേഷ ഞാൻ
വൈരം തേ ശമയാമി യേ തവ കഥാം
ഗായന്തി ശൃണ്വന്തി വാ
വാരാ പേർത്തുമവർക്കു ഘോരകലിദോ-
ഷോൽഭൂതവൈഷമ്യ"മെ-
ന്നോരോന്നേ കഥയൻ വിഭീതകതരും
ഭേജേ കലിസ്തൽക്ഷണേ. ൧൧൩

ഹേ നിഷധാധിനാഥ രാജൻ=അല്ലയോ നിഷധരാജാവേ. എന്നെ ശപിയായ്ക=എന്നെ ശപിക്കരുത്. ഏഷഃ ഞാൻ തേ വൈരം ശമയാമി=ഈ ഞാൻ അങ്ങയുടെ വൈരത്തെ ശമിപ്പിക്കുന്നുണ്ട്. യേ തവ കഥാം ഗായന്തി ശൃണ്വന്തി വാ=ആർ അങ്ങയുടെ കഥയെ പാടുകയോ കേൾക്കുകയോ ചെയ്യുന്നുവോ. അവർക്കു ഘോരകലിദോഷോൽഭൂതവൈഷമ്യം വാരാ=അവർക്കു ഘോരനായ കലിയുടെ ദോഷത്താൽ ഉൽഭൂതമായ വൈഷമ്യം (തരക്കേട്) വരികയില്ല. എന്നോരോന്നേ കഥയൻ=എന്നിങ്ങനെ ഓരോന്നു പറഞ്ഞുകൊണ്ട്. കലിഃ തൽക്ഷണേ വിഭീതകതരും ഭേജേ=കലി ആ ക്ഷണത്തിങ്കൽ താന്നിമരത്തെ ആശ്രയിച്ചു. ഹേ നിഷധരാജാവേ,

എന്നെ ശപിക്കരുതു്. അങ്ങയെ ഞാൻ തൊഴാം. അങ്ങയുടെ വൈരത്തെ ഞാൻ തീക്കുന്നുണ്ടു്. ആർ അങ്ങയുടെ കഥ പാടുകയോ കേൾക്കുകയോ ചെയ്യുന്നുവോ അവക്കു കലികൃതമായ ദോഷംകൊണ്ടുള്ള വൈഷമ്യം വരികയില്ല — ഇങ്ങനെ ഓരോന്നു പറഞ്ഞുകൊണ്ടു് ഉടൻതന്നെ കലി താന്നിമരത്തിന്മേൽ കയറി നിലകൊണ്ടു. [കലി വസിക്കുന്ന മരമാകയാൽ താന്നിക്കു കലിദ്രുമം എന്നു പേരുണ്ടായി.]

ആരും കേളാതവണ്ണം കലിരഖിലവുമാ-
ഭാഷ്യ ചാടി സ്വദേഹാൽ
സ്വൈരം പോയോരുനേരം മതിതെളിവു തെളി-
ഞ്ഞാഹ തം ബാഹുകോസൌ
ഹേ രാജന്നശ്വവിദ്യാ മയി പകരമിയം
വത്തതാം കാലമേതും
പോരാ പോകെന്നു ചൊല്ലി ത്വരിതതരമമീ
ജഗ്മുരേവാദ്ധ്വഭാഗേ. ൧൧൦

ആഭാഷ്യ=പറഞ്ഞിട്ടു്. സ്വദേഹാൽ=തന്റെ ദേഹത്തിൽനിന്നു്. സ്വൈരം=യഥേഷ്ടം (ക്രി. വി.). മതിതെളിവു തെളിഞ്ഞു്=ബുദ്ധിക്കു സ്വതേയുള്ള തെളിവു പ്രകാശിച്ചിട്ടു്. അസൌ ബാഹുകഃ തം ആഹ=ആ ബാഹുകൻ അദ്ദേഹത്തോടു പറഞ്ഞു. ഹേ രാജൻ=അല്ലയോ രാജാവേ. പകരം ഇയം അശ്വവിദ്യാ മയി വത്തതാം=പകരമായ (അങ്ങുപദേശിച്ച അക്ഷഹൃദയവിദ്യയ്ക്കു പകരമായിട്ടുപദേശിക്കേണ്ട) അശ്വഹൃദയവിദ്യ എന്നിൽ വത്തിക്കട്ടെ. കാലമേതും പോരാ=ഇപ്പോൾ സമയം പോരാ. ത്വരിതതരം അമീ അദ്ധ്വഭാഗേ ജഗ്മുഃ ഏവ=അതിവേഗത്തിൽ ഇവർ അദ്ധ്വഭാഗത്തിൽ (വഴിയിൽ) ഗമിക്കുകതന്നെ ചെയ്തു. ആരും കേൾക്കാത്തവിധത്തിൽ കലി എല്ലാം പറഞ്ഞു. തന്റെ ദേഹത്തിൽനിന്നു സ്വച്ഛപ്രകാരം ചാടിപ്പോയപ്പോൾ ബാഹുകൻ തന്റെ ബുദ്ധി

ക സ്വാതേയുള്ള തെളിവു പ്രകാശിച്ച ഋതുപർണ്ണനോടു പറഞ്ഞു:—ഹേ രാജൻ, അങ്ങുപദേശിച്ച അക്ഷഹൃദയത്തിന്നു പകരമായി ഞാനുപദേശിക്കേണ്ടതായ അശ്വഹൃദയം ഇപ്പോഠം എന്നിൽത്തന്നെ ഇരിക്കട്ടെ. ഇപ്പോഠം അതുപദേശിപ്പാൻ സമയം പോരാ. ഇങ്ങനെ പറഞ്ഞു് അവരെല്ലാവരും യാത്ര തുടൎന്നു.

സൌധാരൂഢാ നതാംഗീ ദിനകൃതി ചരമാ-
ദ്രീശ്വരേ ലംബമാനേ
മോദം കൈക്കൊണ്ടയോദ്ധ്യാധിപവരവുമുടൻ
പാൎത്തുകൊണ്ടാസ്ഥിതാ സാ
വാർകോലും നൈഷധൻതൻ കരചലിതകശാ-
ഘാതസംപ്രേഷിതാനാം
പ്രീതാനാം വാജിയൂനാമതുലസരണി ശു-
ശ്രാവ ഹേഷാമശേഷാം. ൧൧൪

കണ്ഡിനരാജധാനിയിൽ ദമയന്തിയുടെ സ്ഥിതിയെപ്പറയുന്നു:—സൌധാരൂഢാ=സൌധത്തിൽ കയറിയവഠം. നതാംഗീ=സുന്ദരി. ദിനകൃതി ചരമാദ്രീശ്വരേ ലംബമാനേ സതി=സൂൎയ്യൻ പശ്ചിമപൎവ്വതത്തിൽ ചാഞ്ഞുകൊണ്ടിരിക്കുന്ന സമയത്തു്. അയോദ്ധ്യാധിപവരവു്=അയോദ്ധ്യാരാജാവിന്റെ വരവു്. ആസ്ഥിതാ=സ്ഥിതിചെയ്തു. സാ=ആ ദമയന്തി. വാർകോലും=ഭംഗിയുള്ള. നൈഷധൻതൻ കരചലിതകശാഘാതസംപ്രേഷിതാനാം=നളന്റെ കരംകൊണ്ടിളക്കപ്പെട്ട കശ(ചമ്മട്ടി)കൊണ്ടുള്ള അടികളാൽ പ്രേരണം ചെയ്യപ്പെട്ടവയായി. പ്രീതാനാം=പ്രീതിയുള്ളവയായിരിക്കുന്ന. വാജിയൂനാം=യൌവനദശയിലുള്ള കുതിരകളുടെ. അതുലസരണി=അതുലം (അതുല്യം) ആയ സരണിയോടു് (രീതിയോടു്) കൂടിയ. അശേഷാം ഹേഷാം=അശേഷമായ ഹേഷാരവത്തെ. ശുശ്രാവ=കേട്ടു. സൂൎയ്യൻ പശ്ചിമപൎവ്വതത്തിന്മേൽ ചാഞ്ഞുകൊണ്ടിരിക്കുന്ന സമയത്തു ദമയന്തി സന്തോഷത്തോടുകൂടി മാളികപ്പുറമേ

റി അയോദ്ധ്യാരാജാവായ ഋതുപർണ്ണന്റെ വരവും കാത്തുകൊണ്ടു സ്ഥിതിചെയ്തു. അപ്പോൾ നളൻ കൈകൊണ്ടിളക്കിയ ചമ്മട്ടി കൊണ്ടുള്ള അടികളാൽ പ്രേരിക്കപ്പെട്ടവയായി സന്തോഷത്തോടു കൂടിയ കുതിരകളുടെ അസാധാരണരീതിയിലുള്ള ഘോഷാരവം കേൾക്കുമാറായി.

കാണാമിപ്പോളെനിക്കെൻനിഷധനരപതിം
പേർത്തുമെന്നോർത്തു നോക്കി-
ക്കാണുന്നേരത്തു കണ്ടാളതിവികൃതവപു-
ർദ്ധാരിണം നീചമേകം
ക്ഷോണീന്ദ്രസ്യന്ദനേ വാജികളെ വടിവിലാ-
ധാവയന്തം തദാ സാ
വീണാൾ കേണാൾ കരഞ്ഞാളയമിഹ നളന-
ല്ലെന്നറിഞ്ഞാകുലാംഗീ. ൧൧൯

എൻനിഷധനരപതിം=എന്റെ നിഷധരാജാവിനെ. അതിവികൃതവപുർദ്ധാരിണം=ഏററവും വികൃതമായ ശരീരത്തെ ധരിക്കുന്നവനായി. ക്ഷോണീന്ദ്രസ്യന്ദനേ വാജികളെ ആധാവയന്തം=ക്ഷോണീന്ദ്രന്റെ (ഋതുപർണ്ണരാജാവിന്റെ) തേരിൽ കുതിരകളെ ഓടിച്ചുകൊണ്ടിരിക്കുന്നവനായ. നീചം ഏകം=നീചനായ ഒരു പുരുഷനെ. അയം നളനല്ലെന്നറിഞ്ഞാകുലാംഗീ=ഇദ്ദേഹം നളനല്ലാ എന്നറിഞ്ഞു് ആകുലമായ ശരീരത്തോടുകൂടിയവളായിട്ടു്. എനിക്കെന്റെ കാന്തനായ നിഷധരാജാവിനെ ഇപ്പോൾ കാണാം എന്നു വിചാരിച്ചുകൊണ്ടു വീണ്ടും വീണ്ടും നോക്കിയപ്പോൾ, ദമയന്തി രാജാവിന്റെ തേരിൽ കുതിരകളെ ഓടിച്ചുകൊണ്ടിരിക്കുന്ന വികൃതാകൃതിയായ ഒരു പുരുഷനെയാണു് കണ്ടതു്. ആ പുരുഷൻ നളനല്ലെന്നറിഞ്ഞു പരവശയായിട്ടു ദമയന്തി വീണുകേണു കരഞ്ഞു.

മുന്നം പണ്ണാദവാക്യങ്ങളെ മനസി നിരൂ-
 പിച്ചുമസ്യ പ്രതോദ-
ക്ഷുണ്ണാനാം വാജിനാമാശുഗഗതികളിലുമ-
 ക്കൊണ്ടുമുറാംപ്രീതികൊണ്ടും
മുന്നം തൻനൈഷധോയം പുനരിതി ഹൃദയേ
 പേത്തുമല്ലെന്നു തോന്നി-
യ്ക്കുന്നു ഹാ കഷ്ടമേതദ്വപുഷി വികൃതതാ
 ഹന്ത കാ വാ ഗതിർമ്മേ. ൧൨൦

പണ്ണാദവാക്യങ്ങളെ=പണ്ണാദൻെറ വചനങ്ങളെ. മനസി= മനസ്സിൽ. അസ്യ പ്രതോദക്ഷുണ്ണാനാം വാജിനാം=ഇദ്ദേഹത്തിൻെറ പ്രതോദത്താൽ (ചമ്മട്ടിയാൽ) ക്ഷുണ്ണങ്ങളായ (തെളിക്കപ്പെട്ട) കുതിരകളുടെ. ആശുഗഗതി=ആശുഗൻെറ (വായുവിൻെറ) ഗമനം പോലെയുള്ള ഗമനം. ഉറാംപ്രീതി=മനഃപ്രീതി. മുന്നം=മുമ്പിൽ. തൻനൈഷധോയം=തൻെറ നൈഷധനാണിദ്ദേഹം. ഹൃദയേ= ഹൃദയത്തിൽ. ഹാ കഷ്ടം=അയ്യോ കഷ്ടം. ഏതദ്വപുഷി വികൃതതാ=ഇദ്ദേഹത്തിൻെറ ശരീരത്തിലുള്ള വികൃതത്വം. ഹന്ത കാ വാ ഗതിഃ മേ=കഷ്ടമേ എനിക്ക് എന്താണാശ്രയം. പണ്ണാദൻ പറഞ്ഞ വാക്കുകളെ വിചാരിച്ചും ഈ സാരഥിയായ പുരുഷൻെറ കശാഘാതത്താൽ തെളിക്കപ്പെട്ട കുതിരകൾ കാററിനെപ്പോലെ വേഗത്തിൽ ഓടുന്ന ഓട്ടം കണ്ടു പ്രീതിതോന്നുകകൊണ്ടും ആദ്യം അദ്ദേഹം നളനാണെന്നു തോന്നി; എന്നാൽ ആ മനുഷ്യൻെറ ശരീരത്തിലുള്ള വികൃതത്വം കാണുമ്പോൾ നളനല്ലെന്നും തോന്നുന്നു. അയ്യോ എനിക്കെന്താണൊരു ഗതി. [ഇതു ദമയന്തിയുടെ വിചാരമാകുന്നു.]

ഋതുപണ്ണനണ്ടിഹ വരുന്നിതെന്നു കേ-
ട്ടതിമാന്യമേനമെതിരേററു ഭൂപതിഃ
അഥ കുണ്ഡിനേ വസതിമസ്യ കല്പയ-
ന്നിദമെന്തിനെന്നു വിചചാര ചേതസാ. ൧൨൧

അതിമാന്യം എന്നം=ഏററവും മാന്യനായ അദ്ദേഹത്തെ. ഭൂപതിഃ=വിദർഭരാജാവു്. കണ്ഡിനേ അസ്യ വസതിം കല്പയൻ=കണ്ഡിനപുരിയിൽ അദ്ദേഹത്തിന്നു വസിപ്പാനുള്ള സ്ഥാനത്തെ കല്പിച്ചുകൊണ്ടു്. ഇദമെന്തിന്ന്=ഇൗ വരവെന്തിനാകുന്നു. ചേതസാ വിചചാര=മനസ്സുകൊണ്ടു വിചാരിച്ചു. ഋതുപൎണ്ണരാജാവുണ്ടു വരുന്നു എന്നു കേട്ടു വിദർഭരാജാവു് അതിമാന്യനായ അദ്ദേഹത്തെ എതിരേററു. പിന്നെ കണ്ഡിനപുരിയിൽ അദ്ദേഹത്തിന്നു പാൎക്കുവാനുള്ള പ്രാസാദം ഏൎപ്പാടുചെയ്തിട്ടു് എന്തിനായിരിക്കും ഇദ്ദേഹത്തിന്റെ ഇൗ വരവു് എന്നു മനസ്സുകൊണ്ടു വിചാരിച്ചു.

വിദർഭരാജസ്യ സുതാ മനസ്വിനീ
വിദഗ്ദ്ധഭാവേന വിളിച്ചു കേശിനീം
അദഭ്രമോദാദിഹ ബാഹുകസ്യ നീ
മനഃസ്ഥിതിം ചെന്നറികെന്നചൂചുദൽ. ൧൨൨

മനസ്വിനീ=ബുദ്ധിശാലിനിയായ. വിദർഭരാജസ്യ സുതാ=വിദർഭരാജാവിന്റെ പുത്രി. വിദഗ്ദ്ധഭാവേന=വൈദഗ്ദ്ധ്യത്തോടുകൂടി. കേശിനീം=കേശിനി എന്ന സഖിയെ. അദഭ്രമോദാൽ=അനല്പമായ സന്തോഷത്തോടെ. ബാഹുകസ്യ മനഃസ്ഥിതിം=ബാഹുകന്റെ മനഃസ്ഥിതിയെ. അചൂചുദൽ=ചോദനം ചെയ്തു (പ്രേരിപ്പിച്ചു). വിദർഭരാജപുത്രിയും ബുദ്ധിമതിയുമായ ദമയന്തി കൌശലത്തോടുകൂടി കേശിനി എന്ന സഖിയെ വിളിച്ചു നീ ചെന്നു ബാഹുകന്റെ മനഃസ്ഥിതിയെ അറിഞ്ഞുവന്നാലും എന്നു പ്രേരിപ്പിച്ചയച്ചു. ജ. ത. ജ. ര. ഗണങ്ങൾ പാദംതോറും വരികയാൽ വൃത്തം വംശസ്ഥം.

അന്നേരം കേശിനീ ബാഹുകസവിധഗതാ
വാചമൂചേ "വരുന്നൂ
ഖിന്നാ വൈദർഭി ചൊല്ലിത്തവ മതമറിയാ-
ഞ്ഞിട്ടു ഖിന്നേ നതാംഗീ

അന്യാ തേ ഗാത്രശോഭാ നിഖിലവുമിദമ-
ന്യാദൃശം ത്വത്സ്വരൂപം
ധന്യാ കേളുള്ളവണ്ണം നരവര കഥയൻ
നീയിമാം പാലയേഥാഃ." ൧൨൩

ബാഹുകസവിധഗതാ=ബാഹുകന്റെ സമീപത്തു ചെന്ന വൾ. ഖിന്നാ വൈദർഭീ ചൊല്ലി=ഖിന്നയായ ദമയന്തി പറഞ്ഞിട്ട്. തവ മതം=അങ്ങയുടെ അഭിപ്രായം. ഖിന്തേ=ഖേദിക്കുന്നു. തേ ഗാത്രശോഭാ അന്യാ=അങ്ങയുടെ ദേഹത്തിന്റെ വർണ്ണം അന്യമാകുന്നു. ഇദം ത്വത്സ്വരൂപം നിഖിലവും അന്യാദൃശം=ഈ അങ്ങയുടെ സ്വരൂപം മുഴുവൻ മറെറാരുവിധമായിരിക്കുന്നു. ധന്യാ എന്നു സംബോധന. ഹേ നരവര ഉള്ളവണ്ണം കഥയൻ നീ ഇമാം പാലയേഥാഃ=അല്ലയോ രാജാവേ, ഉള്ള വാസ്തവം പറഞ്ഞു നീ ഇവളെ രക്ഷിക്കണം. കേശിനി ബാഹുകനോടു ചെന്നു പറഞ്ഞു— "ദമയന്തി പറഞ്ഞിട്ടാണ് ഞാൻ വന്നത്. അവൾ അങ്ങയുടെ അഭിപ്രായമറിയാഞ്ഞിട്ടു ഖേദിക്കുന്നു. ഹേ രാജാവേ! അങ്ങയുടെ ദേഹകാന്തിയും എന്നുവേണ്ടാ സ്വരൂപം മുഴുവനും മുമ്പത്തേതിൽ നിന്നു ഭിന്നമായിരിക്കുന്നു. പരമാർത്ഥം പറഞ്ഞു ദമയന്തിയെ രക്ഷിക്കണം. [ബാഹുകൻ നളൻതന്നെയാണെന്നു സങ്കല്പിച്ചുകൊണ്ടാണ് കേശിനി പറഞ്ഞത്.]

ഗദ്യം

ഇത്ഥം കേശിനി ചൊന്നളവതിനിഹ നളനാം ഭൂപതി ചൊന്നതു കേട്ടും, പോരും പോരുമിതധുനാ ബഹുനാ തദ്വൃത്താന്തവിചാരദശായാം പാകവിധാനേ ദഹനവിഹീനേ കല്പിതദേശേ ദഹനൻ കത്തീടുന്നതു കണ്ടും, കുംഭം ഝടിതി മലർത്തുന്നേരം കലശേ സലിലം വീണതു കേട്ടും, തന്റെ തനയന്മാരെക്കേശിനി കൊണ്ടിഹ ചെല്ലുന്നേരം

ബാഹുകനധികവിഷാദീ ബാഷ്പം ചേൎത്തു കരഞ്ഞതു ക
ണ്ടും, ബാഹുകപാകമനോഹരഭോജ്യം കേശിനി കൊണ്ടുവ
ന്നതു പുനരാസ്വാദ്യാധികരസപരിപൂൎണ്ണത കണ്ടും, ബ
ഹുവിധവസ്തുവിചാരംകൊണ്ടും, നളനെന്നേനം ഖിന്നാ
ധ്യാ നിശ്ചിന്വാനാ രൂപവിശേഷംകൊണ്ടു തിരിപ്പാൻ
പിന്നെയുമൊന്നും വശമല്ലാഞ്ഞിട്ടിഞ്ഞാൻ ചെന്നുബാ
ഹുകസവിധേ പറവാനെന്തൊരു കശലെന്നോൎത്തു ജന
നിയോടേവം നിഭൃതമവാദീൽ– "മാതരിദാനീം ബാഹുക
സവിധേ പോവാനെന്നെയയച്ചീടേണം– ജനകനൊടറി
യിച്ചിപ്പോൾ തന്മതമാശു ധരിച്ചു നിതാന്തം യാത്രാകാ
ങ്ക്ഷിൽ സങ്കടമത്രേ"– പേൎത്തുമിവണ്ണം ചെന്നറിയിച്ചിഹ
താഭ്യാം വടിവൊടു ലബ്ധാനുജ്ഞാ കേശിനിയെക്കൊണ്ടാ
ത്മനികേതേ ഝടിതി വരുത്തിത്തദ്രൂപം കണ്ടൊന്നും വ
ശമല്ലാഞ്ഞു വിഷണ്ണാ വിഹ്വലഗാത്രീ തസ്ഥൗ ദീനാ.

പോരും പോരുമിതധുനാ ബഹുനാ=ഇതധികം പറഞ്ഞിട്ടു കാൎയ്യമില്ല. തദ്വൃത്താന്തവിചാരദശായാം=ആ ബാഹുകന്റെ വൃത്താന്തം വിചാരിക്കുമ്പോൾ. പാകവിധാനേ=ഭക്ഷ്യപാകക്രിയയിൽ. ദഹനവിഹീനേ കല്പിതദേശേ=തീയില്ലാതെ കല്പിക്കപ്പെട്ട സ്ഥലത്ത്. (ദഹനൻ=തീയ്.) കുംഭം=കുടം. ഝടിതി=വേഗം. കലശേ=കുടത്തിൽ. സലിലം=ജലം. തനയന്മാരെ=മക്കളെ. അധികവിഷാദീ=അധികം വിഷാദമുള്ളവൻ. ബാഹുകപാകമനോഹരഭോജ്യം=ബാഹുകപാകമായ (ബാഹുകനാൽ വചിക്കപ്പെട്ട) മനോഹരമായിരിക്കുന്ന ഭക്ഷ്യസാധനം. ആസ്വാദ്യ=ആസ്വദിച്ചിട്ട്. അധികരസപരിപൂൎണ്ണത=അധികമായ രസത്തിന്റെ തികവ്. ബഹുവിധവസ്തുവിചാരം=പലവിധവസ്തുക്കളുടെ വിചാരം. ഏനം നളനെന്നു നിശ്ചിന്വാനാ=ഇവനെ നളനെന്നുറച്ചുകൊണ്ട്. രൂപ

വിശേഷം=രൂപത്തിന്റെ ഭേദം. തിരിപ്പാൻ=തിരിച്ചറിവാൻ. വശമല്ലാഞ്ഞിട്ട്=വയ്യാഞ്ഞിട്ട്. കുശൽ=ഉപായം. നിഭൃതം=സ്വകാര്യമായി (ക്രി. വി.) മാതഃ=അമ്മേ! തന്മതം=അദ്ദേഹത്തിന്റെ അഭിപ്രായം. യാത്രാകായ്കിൽ=യാത്രയാകാതിരുന്നാൽ. താഭ്യാം=അവരിൽനിന്നു്. ലബ്ധാനുജ്ഞാ=അനുവാദം ലഭിച്ചവൾ. ആത്മനികേതേ=തന്റെ പാർപ്പിടത്തിൽ. തദ്രൂപം=അവന്റെ രൂപം. വിഷണ്ണാ=വിഷാദിച്ചവൾ. തസ്ഥൌ=സ്ഥിതിചെയ്തു. ആ ബാഹുകന്റെ വൃത്താന്തം വിചാരിച്ചു നോക്കുമ്പോൾ ഇതിൽ അധികമൊന്നും പറയേണ്ട ആവശ്യമില്ല. കേശിനി ചെന്നു പറഞ്ഞതിനു നളൻ ഉത്തരം പറഞ്ഞതു കേട്ടും, പാചകക്രിയയിൽ തീയില്ലാത്തതായ സ്ഥലത്തു തനിയേ തീ കത്തുന്നതു കണ്ടും, കുടം മലർത്തുമ്പോൾ അതിൽ തനിയെ വെള്ളം വീണതു കണ്ടും, തന്റെ മക്കളെ കേശിനി കൊണ്ടുചെന്നു കാണിച്ചപ്പോൾ ബാഹുകൻ വിഷാദിച്ചു കരഞ്ഞതു കണ്ടും, ബാഹുകൻ പാകംചെയ്ത ഭോജ്യം കേശിനി കൊണ്ടുവന്നതു് ആസ്വദിച്ചപ്പോൾ അതു് അധികം രസമുള്ളതായി തോന്നിയതുകൊണ്ടും, ഇങ്ങനെ പല പ്രകാരമുള്ള വസ്തുക്കളുടെ വിചാരംകൊണ്ടും ഈ ബാഹുകൻ നളനാണെന്നു ദമയന്തി നിശ്ചയിച്ചു. എന്നാൽ സ്വരൂപവിശേഷംകൊണ്ടു തിരിച്ചറിയുവാൻ കഴിഞ്ഞതുമില്ല. അതിനാൽ അവൾ താൻതന്നെ ബാഹുകന്റെ അടുക്കൽ ചെന്നു സംസാരിക്കുന്നതിന്നു് എന്താണുപായമെന്നു് ആലോചിച്ചു സ്വകാര്യമായി അമ്മയോടു പറഞ്ഞു—"അമ്മേ! ബാഹുകന്റെ അടുക്കലൊന്നു പോകുവാൻ എന്നെ അയയ്ക്കണം. വിവരം അച്ഛനെ ധരിപ്പിച്ചു് അദ്ദേഹത്തിന്റെ അഭിപ്രായമറിഞ്ഞു് എന്നെ അയയ്ക്കാതിരുന്നാൽ വലിയ സങ്കടമാകും." ദമയന്തി അപ്രകാരം അച്ഛനമ്മമാരുടെ അനുവാദം വാങ്ങി കേശിനിമുഖാന്തരം ബാഹുകനെ തന്റെ വാസസ്ഥാനത്തേയ്ക്കു വരുത്തി. അദ്ദേഹത്തിന്റെ സ്വരൂപം കണ്ടിട്ടു് ഒന്നും ചെയ്യുവാൻ വയ്യാതെ പരവശയായി നിലകൊള്ളുകയും ചെയ്തു.

അന്നേരം നീചനീചാകൃതിമമുമരികേ
കണ്ടുമേതച്ചരിത്രം
കണ്ണാനന്ദേന കേട്ടും നളനിതി ഹൃദയേ
നിശ്ചയം ചേൎക്കൊണ്ടും
എന്നാൽ കൎത്തവ്യമെന്തെന്നതു പുനരറിയാ-
ഞ്ഞാകുലാ തൽപദാന്തേ
ഖിന്നാ വീണാഥ കരഞ്ഞാളവിതഥമഖിലം
ചൊല്ലുകഞ്ഞെന്നിരന്നാഥ. ൨൨൪

നീചനീചാകൃതിം അമും=നീചനീചം (അത്യന്തനീചം) ആയ ആകൃതിയോടുകൂടിയ ഇവനെ. ഏതച്ചരിത്രം=ഇവന്റെ ചരിത്രം. കണ്ണാനന്ദേന=കണ്ണാനന്ദത്തോടുകൂടി. നളനിതി=നളനാണെന്നു. കൎത്തവ്യം=ചെയ്യേണ്ടതു്. തൽപദാന്തേ=അദ്ദേഹത്തിന്റെ കാല്ക്കൽ. അഖിലം അവിതഥം ചൊല്ലുക=എല്ലാം സത്യമായി പറയുക. അതിനീചമായ ആകൃതിപൂണ്ട ബാഹുകനെ അടുത്തുകണ്ടും, അദ്ദേഹത്തിന്റെ ചരിത്രം കണ്ണാനന്ദത്തോടുകൂടി കേട്ടും, ദമയന്തിയ്ക്കു നളനാണദ്ദേഹമെന്നു മനസ്സിൽ ഉറപ്പു തോന്നി. എന്നാൽ ഇനി ചെയ്യേണ്ടതെന്താണെന്നു് അറിയായ്കയാൽ അവരം പരവശയായി അദ്ദേഹത്തിന്റെ കാല്ക്കൽ വീണു കരഞ്ഞുകൊണ്ടു് എല്ലാ സംഗതിയും സത്യമായി പറയേണമെന്നു് അപേക്ഷിച്ചു.

തേടുന്നീലേതുമുള്ളിൽ കപടമഗതിയെ
പ്രേയസീം തൊട്ടിതൊന്നും
മൂടുന്നില്ലെന്നു മത്വാ സ്വയമപി ച തദാ
പേൎത്തു മുഞ്ചാപ്യ ബാലാം
പ്രൌഢാത്മാ വാചമൂചേ "ഭവതിയെ വിപിനേ
ധൃഷ്ടമിട്ടേച്ചു ദൈന്യം-
കൂടാതേ ഹന്ത പോയ്യോണ്ടൊരു ശഠമകടീ-
രത്നഭൂഷാ നളോ ഞാൻ, ൨൨൫

തേടുന്നീല=കരുതുന്നില്ല. കപടം=കളവ്. അഗതിയെ പ്രേയസീം തൊട്ട്=അഗതിയായ പ്രേയസിയെ സംബന്ധിച്ച്. ഇതൊന്നും മൂടുന്നില്ല=ഇതൊന്നും മറച്ചുവെയ്ക്കുന്നില്ല. മത്വാ=വിചാരിച്ചിട്ട്. സ്വയം അപി ച രുദൻ=താനും രോദനംചെയ്തുകൊണ്ട്. ബാലാം ഉത്ഥാപ്യ=ബാലയെ എഴുന്നേല്പിച്ച്. പ്രൌഢാത്മാ=പ്രൌഢമായ മനസ്സോടുകൂടിയ. ഭവതിയെ........രത്നഭൂഷാനളോഽം ഞാൻ=ഭവതിയെ വിപിനത്തിൽ ധൃഷ്ടമാംവണ്ണം (ലജ്ജകൂടാതെ ഇട്ടേച്ച് ദൈന്യമെന്നിയേ പോരുന്നുള്ളഞ്ഞ ശംകിരീടമണിഭൂഷണമായ നളനാണ് ഞാൻ. അഗതിയായ പ്രിയയെ സംബന്ധിച്ച ഞാൻ കളവൊന്നും കരുതുന്നില്ല, ഒന്നും മറച്ചുവെയ്ക്കുവാൻ ഭാവമില്ല എന്നു വിചാരിച്ചു താനും കരഞ്ഞുകൊണ്ടു കാല്ക്കൽ വീണ ഭൈമയന്തിയെ എഴുന്നേല്പിച്ചു പ്രൌഢമാനസനായ നളൻ പറഞ്ഞു. "ഭവതിയെ വിപിനേ" എന്നുമുതൽ നളന്റെ വചനം.

വല്ലാതേ വെച്ചതും മാമഖിലധനവുമെ-
ന്നോടുമദ്ദ്യൂതഹേതോ-
രില്ലാതേ ചേർത്തതും കാനനഭുവി വിരഹോ-
ന്മാദവും ചേർത്തതും മേ
എല്ലാമേ നീയറിഞ്ഞീടുക കലിബലസം-
പാദിതാ രീതിരേഷാ
ചൊല്ലാമിന്നേഷ കാർക്കോടകകൃതകൃപയാ
ഹന്ത ഞാനായിതിഞ്ഞാൻ. ഹന്ത

മാം വല്ലാതെ വെച്ചതും=എന്നെ വല്ലാതെ ആക്കിവെച്ചതും. ദ്യൂതഹേതോഃ=ചൂതുകാരണമായിട്ട്. അഖിലധനവും എന്നോട് ഇല്ലാതെ ചേർത്തതും=ധനംമുഴുവൻ എനിക്കില്ലാതെയാക്കിച്ചേർത്തതും. കാനനഭുവി മേ വിരഹോന്മാദം ചേർത്തതും=കാട്ടിൽ എനിക്കു ഭ്രാന്തു പിടിപ്പിച്ചതും. കലിബലസംപാദിതാ ഏഷാ രീതിഃ=കലിയുടെ ബലത്താൽ ഉണ്ടാക്കപ്പെട്ട രീതിയാണിത്. കാർക്കോടകകൃ

തക്കൃപയാ=കാൎക്കോടകനാൽ ചെയ്യപ്പെട്ട കൃപയാൽ. ജ്ഞാനി ജ്ഞാനായിതൂ=ഈ ഞാൻ ജ്ഞാനായിച്ചമഞ്ഞു. ഹന്ത എന്നതു ഹൎഷ ദ്യോതകം. എനിക്ക വല്ലായ്മ പിണച്ചതും, ദ്യൂത കാരണമായി എ ന്റെ ധനമെല്ലാം എനിക്കില്ലാതെയാക്കിയതും, കാട്ടിൽ വിരഹോ ന്മാദം വരുത്തിയതുമെല്ലാം കലിയുടെ ബലത്താൽ ഉണ്ടാക്കപ്പെട്ട താണെന്നറിഞ്ഞാലും. കാൎക്കോടകന്റെ കൃപയാലാണ് ഞാൻ ഇന്നു ജ്ഞാനായിച്ചമഞ്ഞതു്.

വേണ്ടാ സന്താപമസ്മദ്വപുഷി വികൃതതാം
കണ്ടു വൈഷമ്യമുണ്ടാ-
കേണ്ടാ ചെററെ"ന്നു ചൊല്ലിപ്പഫണിവിരചിതവ-
സ്ത്രാവൃതോഭൂൽ സ രാജാ
ഉണ്ടായി ഗാത്രശോഭാ നൃവരനു തുഹിനാം-
ശോന്നിലാവെന്നപോലേ.
കണ്ടേഷാ തദ്ദശായാം തദുരസി നിപപാ-
താശ്രുധാരാം കിരന്തീ.

ഫല

അസ്മദ്വപുഷി വികൃതതാം കണ്ടു=എന്റെ ശരീരത്തിലുള്ള വി കൃതത്വം കണ്ടിട്ട്. വൈഷമ്യം=വിഷമാവസ്ഥ. ചെററ്=കുറച്ച്. സഃ രാജാ ഫണിവിരചിതവസ്ത്രാവൃതഃ അഭൂൽ=ആ രാജാവു ഫണി യാൽ (കാൎക്കോടകനാൽ) വിരചിതമായ വസ്ത്രംകൊണ്ടു് ആവ രണംചെയ്യപ്പെട്ടവനായി ഭവിച്ചു. ഗാത്രശോഭാ=ശരീരശോഭ. നൃവരനു=രാജാവിന്. തുഹിനാംശോഃ=ചന്ദ്രന്ന്. തദ്ദശായാം=ആ അവസ്ഥയിൽ. അശ്രുധാരാം കിരന്തീ തദുരസി നിപപാത=ബാ ഷ്പധാരയെ പൊഴിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ മാറിൽ വീണു. വ്യ സനം വേണ്ട; നമ്മുടെ ശരീരത്തിലുള്ള വികൃതത്വം കണ്ടിട്ട വൈ ഷമ്യമുണ്ടാകേണ്ട എന്നു പറഞ്ഞു നളൻ കാൎക്കോടകൻ കൊടുത്ത വസ്ത്രംകൊണ്ടു പുതച്ചു. അപ്പോഠം അദ്ദേഹത്തിന്നു്, ചന്ദ്രന്നു വെ ണ്ണിലാവെന്നപോലെ, അളവററ ശരീരശോഭ ഉളവായി. അതു

കണ്ടു ദമയന്തി കണ്ണീർ പൊഴിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മാറിടത്തിൽ വീണു.

"പുനർവ്വിവാഹമുണ്ടുപോൽ നി–
നക്കിതെന്നു കേൾക്കകൊ–
ണ്ടിനിക്കു വന്ന സങ്കടങ്ങ–
ളെന്തു ചൊൽവനേഷ ഞാൻ
അനർഗ്ഗളം പ്രസാരിതേഹ
കിംവദന്തിയെന്തുകൊ–
ണ്ടനുക്ഷണം വിവർദ്ധിതേതി
ചിന്തയുണ്ടു ഹന്ത മേ." ൧൦൮

അനർഗ്ഗളം=പ്രതിബന്ധംകൂടാതെ. പ്രസാരിതാ=പരത്തപ്പെട്ടു. കിംവദന്തി=ജനസംസാരം. അനുക്ഷണം വിവർദ്ധിതാ=ക്ഷണംതോറും വർദ്ധിപ്പിക്കപ്പെട്ടു. ചിന്താ=വിചാരം. നിനക്കു പുനർവിവാഹമുണ്ടത്രേ എന്നു കേൾക്കകൊണ്ട് എനിക്കുണ്ടായ സങ്കടങ്ങൾ, ഞാനെങ്ങനെ പറയട്ടെ? അങ്ങനെയൊരു ജനസംസാരമുണ്ടാക്കുകയും അതു പ്രതിബന്ധംകൂടാതെ ക്ഷണംതോറും വർദ്ധിപ്പിക്കുകയും ചെയ്തതെന്തുകൊണ്ടെന്ന് എനിക്കു ശങ്കയുണ്ട്. [ഒരു കാരണവും കൂടാതെ പുനർവിവാഹമുണ്ടെന്നുള്ള സംസാരം ഉണ്ടാകയില്ല. എങ്ങനെയാണ് ആ സംസാരം ഉണ്ടായതെന്ന് എനിക്കറിയണമെന്നു സാരം.]

അത്യുഗ്രമിത്ഥം വചനം നിശമ്യ
പ്രത്യഗ്രപഞ്ചായുധമാഹ ബാലാ
"ഇത്രേടമാക്കാമിഹ നിന്നെയെന്നി–
ട്ടത്രേ നിനച്ചു കുശലീദൃശം ഞാൻ. ൧൦൯

അത്യുഗ്രം ഇത്ഥം വചനം നിശമ്യ=അത്യുഗ്രമായ ഇപ്രകാരമുള്ള വചനത്തെ കേട്ടിട്ട്. പ്രത്യഗ്രപഞ്ചായുധം=പ്രത്യഗ്രനായ (പുതിയ) പഞ്ചബാണനോട്, അതായതു നളനോട്. ബാലാ ആഹ=

ബാലിക പറഞ്ഞു. ഇത്രേടമാക്ക്മിഹ നിന്നെയെന്നിട്ടത്രേ=അങ്ങയെ ഇത്രേടം (ഇത്രത്തോളം) കൊണ്ടുവരാനെന്നു വിചാരിച്ചിട്ടാണ്; ഞാൻ ഈദൃശം കുശൽ നിനച്ചു=ഞാൻ ഇപ്രകാരമുള്ള ഒരു കുശല് (കൌശലം, ഉപായം) വിചാരിച്ചതു്. അത്യുഗ്രമായ ഈ വാക്കു കേട്ടിട്ടു പുതിയ പഞ്ചബാണനെപ്പോലെയിരിക്കുന്ന നളനോടു ദമയന്തി പറഞ്ഞു—"അങ്ങയെ ഇവിടേക്കു കൊണ്ടുവരുന്നതിനുവേണ്ടി ഞാൻതന്നെയാണ് അങ്ങനെയൊരു കൌശലം ചെയ്യുവാൻ വിചാരിച്ചതു്. ["പ്രത്യഗ്രപഞ്ചായുധൻ" എന്നു നളനെ വിശേഷിപ്പിച്ചിരിക്കുന്നതുകൊണ്ടു കാർക്കോടകദത്തമായ വസ്ത്രം ധരിച്ചപ്പോഴും നളനുണ്ടായ അസാധാരണസൌന്ദര്യം സൂചിപ്പിക്കുന്നു]

നൃപ തവ ചരണാംബുജങ്ങളാണാ
ശുഭമതിയായൊരു ഭീമതാതനാണാ
അപരനെ ഹൃദി ഞാൻ നിനച്ചിതെങ്കിൽ
പ്രഭവതി ഹർത്തുമസൂൻ പ്രഭഞ്ജനോ മേ." എന്നു.

ഹേ നൃപ=അല്ലയോ രാജാവേ. തവ ചരണാംബുജങ്ങളാണാ=അങ്ങയുടെ പാദാരവിന്ദങ്ങൾതന്നെയാണ് സത്യം. ശുഭമതിയായ=ശുദ്ധബുദ്ധിയായ. ഭീമതാതനാണാ=ഭീമരാജാവാകുന്ന അച്ഛൻതന്നെയാണ് സത്യം. അപരനെ=മറ്റൊരു പുരുഷനെ. ഹൃദി=ഹൃദയത്തിൽ. പ്രഭഞ്ജനഃ മേ അസൂൻ ഹർത്തും പ്രഭവതി=പ്രഭഞ്ജനൻ (വായുദേവൻ) എന്റെ പ്രാണങ്ങളെ ഹരിക്കുവാൻ പ്രഭുവായി ഭവിക്കുന്നു. അല്ലയോ രാജാവേ, അങ്ങയുടെ പാദപത്മങ്ങളാണ്, എന്റെ പിതാവായ ഭീമരാജാവാണ്, സത്യം. അങ്ങയെ അല്ലാതെ അന്യപുരുഷനെ ഞാൻ മനസ്സിൽ സങ്കല്പിച്ചു എങ്കിൽ വായുഭഗവാൻ എന്റെ ജീവനെ അപഹരിക്കട്ടെ. [മനുഷ്യന്റെ സത്യപരീക്ഷയിൽ ആദിത്യചന്ദ്രാദികളായി പതിന്നാലു സാക്ഷികളുണ്ടു്. അവരിൽവെച്ച് അകത്തും പുറത്തും ഒരുപോലെ വർത്തിക്കുന്നവനും സർവ്വത്ര വ്യാപിച്ചിരിക്കുന്നവനുമായ വായുവിനു പ്രാധാന്യമുണ്ടു്. അതിനാലാണ് ദമയന്തി തന്റെ ചാരിത്രശുദ്ധിയിൽ

വായുദേവനെ പ്രമാണമാക്കിയതു്. പുനർവ്വിവാഹവാർത്തയെപ്പററി നളൻ [ശങ്കയോടുകൂടി സംസാരിച്ചതിനു സമാധാനമാണു്, ഇത എന്നായിടലെന്നു ഗ്രഹിക്കേണ്ടതാകുന്നു.]

കേൾക്കായി തദ്ദശായാം നളനു ഗഗനതോ
നിഃസൃതാ കാപി വാണീ
"ശ്ലാഘ്യേയം ബാലികാസ്യാഃ ശുഭചരിതവിചാ-
രേഷ്വസൌ ഞാൻ പ്രമാണം
മൌർഖ്യാൽ തന്നോടടുത്തിടിന ശബരനു ചാ-
രിത്രമാം ചിത്രഭാനൌ
സംസ്കാരം ചെയ്ത തന്വീം നൃവര പരിഗ്രഹാ-
ണേ"തി കേനാപി ഗീതാ. ൧൩൮

തദ്ദശായാം=ആ അവസരത്തിൽ. ഗഗനതഃ നിഃസൃതാ കാപി വാണീ=ആകാശത്തിൽനിന്നു പുറപ്പെട്ട ഒരു വാക്കു്. ഇയം ബാലികാ ശ്ലാഘ്യാ=ഈ ബാലിക ശ്ലാഘിക്കത്തക്കവളാകുന്നു. അസ്യാഃ ശുഭചരിതവിചാരേഷു=ഇവളുടെ ശുഭചരിതത്തിന്റെ=(ചാരിത്രത്തിന്റെ) വിചാരങ്ങളിൽ. അസൌ ഞാൻ പ്രമാണം=ഈ ഞാൻ പ്രമാണമാണു്. മൌർഖ്യാൽ=മൂർഖതഹേതുവായിട്ടു്. ശബരനു്=കാട്ടാളന്നു്. ചാരിത്രമാം ചിത്രഭാനൌ=പാതിവ്രത്യമാകുന്ന അഗ്നിയിൽ. സംസ്കാരം ചെയ്ത തന്വീം=ശുദ്ധിയുണ്ടാക്കിയ ഈ തന്വിയെ. ഹേ നൃവര പരിഗൃഹാണ=അല്ലയോ രാജാവേ പരിഗ്രഹിച്ചാലും. ഇതി കേനാപി ഗീതാ=എന്നിങ്ങനെ ആരോ ഒരുവനാൽ ഗാനം ചെയ്യപ്പെട്ട (വാണീവിശേഷണം). ആ അവസരത്തിൽ ആകാശത്തിൽനിന്നു പുറപ്പെട്ടതും ഏതോ ഒരുവനാൽ പറയപ്പെട്ടതുമായ ഒരു വാക്കു നളനു കേൾക്കമാറായി:—"ഈ സ്ത്രീ പരിശുദ്ധയാണു്, ഇവളുടെ ചാരിത്രശുദ്ധിയിൽ ഞാൻ പ്രമാണമാകുന്നു. മൂർഖതകാരണം തന്നോടണയുവാൻ വന്ന കാട്ടാളനെ പാതിവ്രത്യാഗ്നിയിൽ ദഹിപ്പിച്ചു ശുദ്ധീകരിച്ച ഇവളെ അങ്ങു പരിഗ്ര

റിച്ചാലും." [ഈ അശരീരിവാക്ക വായുഭഗവാനാൽത്തന്നെ പറയപ്പെട്ടതാണെന്നു വിചാരിക്കാം. ശബ്ദം ആകാശത്തിന്റെ ഗുണവും, ശബ്ദരൂപമായ വാക്കിനെ ആകാശത്തിലെ വായുതരംഗങ്ങളിലൂടെ പ്രവത്തിപ്പിക്കുന്നവൻ വായുഭഗവാനുമാണല്ലോ. വിശേഷിച്ച വായുവിനെയാണ് ദമയന്തി പ്രമാണമാക്കിയതും.]

തെളിഞ്ഞു തദാനീം മനോവല്ലഭം സാ
ഗളദ്ബാഷ്പധാരാ പുണന്നാം നതാംഗീ
കളഞ്ഞു വിഷാദാനിമൌ ഹന്ത താനേ
വിളങ്ങിത്തുടങ്ങി മുദാ നമ്മഭേദാഃ.

തെളിഞ്ഞു തദാനീം=അപ്പോൾ ദമയന്തി നിർദ്ദോഷയാണെന്നു തെളിഞ്ഞു. സാ നതാംഗീ ഗളദ്ബാഷ്പധാരാ മനോവല്ലഭം പുണന്നാം=ആ സുന്ദരി ഒഴുകുന്ന ബാഷ്പധാരയോടുകൂടിയവളായിട്ടു പ്രാണപ്രിയനെ ആലിംഗനം ചെയ്തു. ഇമൌ വിഷാദാൻ കളഞ്ഞു=ഇവർ (ദമയന്തിയും നളനും) വിഷാദങ്ങളെ ഉപേക്ഷിച്ചു. 'ഹന്ത' എന്നതു ഹർഷത്തെ ദ്യോതിപ്പിക്കുന്നു. മുദാ നമ്മഭേദാഃ=മോദത്തോടുകൂടിയ നമ്മഭേദങ്ങൾ (പലതരം വിനോദവചനങ്ങൾ) വിളങ്ങിത്തുടങ്ങി=പ്രകാശിച്ചുതുടങ്ങി. ദമയന്തിയുടെ ചാരിത്രശുദ്ധി തെളിഞ്ഞു; അവൾ കണ്ണീരൊഴുക്കിക്കൊണ്ടു പ്രിയനെ ആലിംഗനം ചെയ്തു. ദമയന്തീനളന്മാർ രണ്ടുപേരും സകലവിഷാദങ്ങളേയും ഉപേക്ഷിച്ചു; അവർ പലവിധമുള്ള കേളീവചനങ്ങളെ പറഞ്ഞുതുടങ്ങി. യ. യ. യ. യ. എന്ന ഗണങ്ങൾ വരികയാൽ വൃത്തം ഭുജംഗപ്രയാതം.

അനന്തരം വിദർഭജാ-
ഭുജങ്ങളും കുചങ്ങളും
മനോഹരാധരോഷ്ഠവും
തദംഗകങ്ങളൊക്കവെ
തനിച്ചു തങ്ങളൊട്ടനാൾ
കൊടാത്ത കാംക്ഷിതങ്ങളെ
ക്കണക്കുതീത്തു നല്കിനാൻ
നളന്നു പുണ്യവാരിധേഃ.

വിദർഭജാ=ദമയന്തി. ഭുജങ്ങൾ=കൈകൾ. കുചങ്ങൾ=സ്തനങ്ങൾ. മനോഹരാധരോഷ്ഠം=മനോഹരമായ അധരോഷ്ഠം. തദംഗകങ്ങൾ=അവളുടെ അവയവങ്ങൾ. തങ്ങളൊട്ടനാൾ കൊടാത്ത=ഒട്ടനാളായി തങ്ങൾ കൊടുക്കാത്ത. കാംക്ഷിതങ്ങളെ=അഭീഷ്ടങ്ങളെ. പുണ്യവാരിധേഃ നളന്ന്=പുണ്യസമുദ്രമായ നളന്ന്. അതിന്നുശേഷം ദമയന്തി, തന്റെ കൈകളും സ്തനങ്ങളും അധരവും എന്നുവേണ്ട എല്ലാ അവയവങ്ങളും കുറച്ചുകാലമായി നളന്നു കൊടുക്കാതിരുന്ന അഭീഷ്ടങ്ങളെ കണക്കുതീർത്തു കൊടുത്തു. [ആലിംഗനചുംബനാദികളായ മദനവ്യാപാരങ്ങൾ അതിധാരാളമായി പ്രയോഗിച്ചുവെന്നു സാരം.]

അന്നേരമന്യൂനമമോദേന ചൊന്നാൻ
തന്വംഗി തന്നോടസൌ പുണ്യചേതാഃ
"എന്നോമലേ നിന്നെ വേർവിട്ടനാൾ മേ
വന്നോരു വൈഷമ്യമെന്തേഷ ചൊൽവൂ. ഫന്ദര്

അന്യൂനമമോദേന=തികഞ്ഞ സന്തോഷത്തോടുകൂടി. പുണ്യചേതാഃ അസൌ=പുണ്യത്തിൽ മനസ്സുള്ളവനായ ഈ നളൻ. 'എന്നോമലേ' എന്നു സംബോധന. വൈഷമ്യം=വിഷമാവസ്ഥ. ഏഷഃ എന്തു ചൊൽവൂ=ഇൗയുള്ളവൻ എന്തു പറയുന്നു. ആ സമയത്തു പുണ്യശാലിയായ നളൻ സന്തോഷത്തോടുകൂടി ദമയന്തിയോടു പറഞ്ഞു:—"ഓമനേ, നിന്നെ വേർവിട്ട കാലത്തു് എനിക്കുണ്ടായ വൈഷമ്യം എങ്ങനെ പറയേണ്ടൂ."

ദണ്ഡകം

ആലോലനീലചടുലാലോകനേ മദനമാലേറി ഞാനലമുഴന്നേൻ— അവശത കലന്നേൻ— അനുദിനമുഴന്നേൻ— അടവികളിലയമഗതി തിരുവുരുവിലിയലുമൊരു കൊതി തടവി നതമുഖി നടന്നേൻ— പുന്തേൻ തൊഴുന്ന മൊഴി ചെന്താർശരൻ കൊടിയ സന്താപചെങ്കനൽ ചൊരിഞ്ഞാൻ— പഥി പഥി വലഞ്ഞേൻ— പലരൊടു കിഴിഞ്ഞേൻ— പരിമളപവനനൊടുമിളകിവരുമളികളൊടുമവരവരൊടഴലിതു പറഞ്ഞേൻ— ഹാലാഹലം പ

രഭൃതാലാപഘോരതരകോലാഹലം നിയതമെന്നോൻ—
അണികുഴലിതെന്നോൻ—മലർനിര മുകന്നോൻ—മലർവി
ശിഖ മതി പൊരുതതഗതിയൊടു വിവശനൊടു സതതമി
തി മദനനൊടിരന്നോൻ— എന്താപരീതികളിതെന്തേ
വദാമി ദമയന്തീ കരീന്ദ്രമൃദുയാതേ— എരിപൊരി പെ
റാതേ വരുമിതിഹ മീതേ ചടുലമിഴി ചലിതധൃതി ചപല
തയൊടഖിലദിശി വിവശമതിയശരണമുഴന്നോൻ".

ആലോലനീലചടുലാലോകനേ=ചഞ്ചലമായും നീലമായും മനോഹരമായുമിരിക്കുന്ന ആലോകനത്തോടു (നോട്ടത്തോടു) കൂടിയവളേ എന്നു സംബോധന. മദനമാൽ=കാമതാപം. ഏറി=വർദ്ധിച്ചു. ഞാൻ അലം ഉഴന്നേൻ=ഞാൻ ഏററവും കുഴങ്ങി. അവശത കലർന്നേൻ=പരവശത പൂണ്ടു. അനുദിനം ഉഴന്നേൻ=ദിവസംതോറും അലഞ്ഞു. അഗതി അയം=ഗതിയില്ലാത്തവനായ ഈ ഞാൻ. തിരുവുരുവിലിയലുമൊരു കൊതി തടവി=തിരുവുരുവിൽ (നിന്റെ പൂമേനിയിൽ) ഉള്ള കൊതി വിചാരിച്ചു. ഹേ നതമുഖി=അല്ലയോ നമ്രമുഖി (സംബോധന). അടവികളിൽ നടന്നേൻ=കാടുകളിൽ ചുററിനടന്നു. പൂന്തേൻ തൊഴുന്ന മൊഴി=പൂന്തേനിനെക്കാളധികം മധുരമായ മൊഴിയോടുകൂടിയവളേ (സം). ചെന്താർശരൻ=കാമൻ. കൊടിയ സന്താപചെങ്കനൽ=ക്രൂരമായ സന്താപമാകുന്ന ചുടുകനൽ. ചൊരിഞ്ഞാൻ=പൊഴിച്ചു. വഴിവഴി വലഞ്ഞേൻ=വഴിതോറും ഞാൻ വലഞ്ഞു. പലരൊടു കിഴിഞ്ഞേൻ=പലരോടും കെഞ്ചി. പരിമൃദുലപവനനൊടും=മാർദ്ദവമേറിയ തെന്നലിനോടും. ഇളകിവരുമളികളൊടും=ഇളകി വരുന്ന വണ്ടുകളോടും. അവരവരൊടു്=ഓരോരുത്തരോടു്. അഴലിതു പറഞ്ഞേൻ=ഈ സങ്കടം പറഞ്ഞു. പരഭൃതാലാപഘോരതരകോലാഹലം=പരഭൃതാലാപം (കുയിലുകളുടെ കൂജനം) ആകുന്ന അതിഘോരമായ കോലാഹലം. നിയതം ഹാലാഹലം എന്നോൻ=നിശ്ചയമായും ഹാലാഹലം (കാളകൂടവിഷം) ആണെന്നു ഞാൻ വിചാരിച്ചു. മലർനിര=പുഷ്പസമൂഹം. അണികുഴലിതെന്നോൻ=നിന്റെ ഭംഗിയുള്ള പുരികുഴലാണെന്നു ഞാൻ വിചാരിച്ചു. മുകന്നോൻ=ഞാൻ അതിനെ മണത്തു. മലർവിശിഖ അഗതിയൊടു വിവശ

നൊട്ട പൊറുത്തു മതി ഇതി സന്തതം മദനനൊട്ട് ഇരന്നേൻ=അല്ലയോ പൂവമ്പനായ കാമ, അഗതിയും വിവശനുമായ എന്നോട്ട പൊറുത്തു മതി എന്നു് ഇടവിടാതെ മദനനോട്ട ഞാൻ ഇരന്നു. എൻതാപരീതികം=എന്റെ സന്താപത്തിന്റെ മട്ടകം. ഹേ കരീന്ദ്രമന്ദയാതേ ദമയന്തീ എന്തേ വദാമി=അല്ലയോ ഗജഗാമിനിയായ ദമയന്തി ഞാനെന്തു പറയുന്നു. എരിപൊരി പൊറാതെ=എരിപൊരി പൊറുക്കാതെയായി. ഇതു് ഇഹ മീതെ വരും=ഇതു മേല്ലു മേലെ വർദ്ധിച്ചുവരും. ഹേ ചടുലമിഴി=അല്ലയോ ചഞ്ചലാക്ഷി. ചലിതധൃതി=ഇളകിയ ധൈര്യത്തോടുകൂടി (ക്രി. വി.). ചപലതയോടു്=ചാപല്യത്തോടെ. അഖിലദിശി=എല്ലാ ദിക്കിലും. ''വിവശമതി=പരവശമായ ബുദ്ധിയോടുകൂടിയവനായിട്ടു്. അശരണം ഉഴന്നേൻ=ശരണമില്ലാതെ ഞാൻ ഉഴന്നു. "തിരുവുര...........നടന്നേൻ"—[കാട്ടിൽ നടന്നു കഷ്ടപ്പെട്ടതു നിന്റെ പൂമേനിയിലുള്ള കൊതികൊണ്ടായിരുന്നു. തൽക്കാലമുണ്ടായ ആപത്തു ശമിക്കുമെന്നും നിന്നോട്ട പുനസ്സമാഗമം സംഭവിക്കുമെന്നുമുള്ള ആശയാൽ മാത്രമാണു് ഞാൻ ജീവിച്ചതു് എന്നു സാരം. ശേഷമെല്ലാം സ്പഷ്ടാർത്ഥമാകുന്നു.]

ഇത്രത്തോളംമാത്രമേ ഗ്രന്ഥത്തിൽ കാണുന്നുള്ളു. കഥാഗതികൊണ്ടു നോക്കുമ്പോൾ ഇവിടെവെച്ചു ഗ്രന്ഥം സമാപ്തമായി എന്നു തോന്നുന്നില്ല. നളൻ നിഷധരാജധാനിയിലേയ്ക്കു ഭാര്യാപുത്രന്മാരോടുകൂടി തിരിച്ചുപോകയും പുഷ്കരനെ ആട്ടിക്കളഞ്ഞു രാജ്യം വീണ്ടെടുത്തു സുഖിക്കുകയും ചെയ്തു എന്നുള്ളേടത്തോളമായാലേ നളചരിതം സമാപ്തമാകയുള്ളു. അതു നമുക്കു കണ്ടുകിട്ടിയ ഗ്രന്ഥത്തിൽ നഷ്ടമായിപ്പോയതോ, അതോ കവിതന്നെ ഉപേക്ഷ്യമായി വിട്ടുകളഞ്ഞതോ എന്നു നിർണ്ണയിക്കുക വിഷമമാണു്. ശൃംഗാരപ്രധാനമായ ഈ ചമ്പുകാവ്യം ദമയന്തീനളന്മാരുടെ പുനസ്സംഗമസുഖപ്രാപ്തിയോടുകൂടി കവി അവസാനിപ്പിച്ചു എന്നു വിചാരിക്കുന്നതിലും ന്യായമില്ലായ്കയില്ല. രസഭംഗത്തിൽമാത്രം ശ്രദ്ധിക്കുന്നതു രസികന്മാരായ കവികളുടെ ധർമ്മമാണല്ലോ.

ശുഭം.